[illegible] കരുനാഗപ്പള്ളി താലൂക്കിൽ [illegible] പകുതികളിൽ എഴുതിതീരുവയുള്ള ചില ദേവസ്വം [illegible], [illegible] മുതലായ വസ്തുക്കൾക്കു പുരയിടത്തിനു എട്ടിലൊന്നു രാജഭോഗവും നാ[illegible] ദേവസ്വം വകയ്ക്കു നിലത്തിനു മുപ്പറ രാജഭോഗവും വിത്തര ദേവസ്വംവകയ്ക്കും കരം [illegible]ട്ടിരിക്കുന്നതായി കണ്ടു അങ്ങിനെയുള്ള തിൽ നിലംവക ൯൯൭ാമാണ്ടത്തെ രണ്ടു വിളങ്ങിപ്പേരിലും [illegible] ൧൦൧൬ാമാണ്ടത്തെ ഒന്നും ൧൦൧൮ാമാണ്ടത്തെ രണ്ടും വിളങ്ങിപ്പേരുകൾക്കും പകുപ്പ് എഴുതിച്ചയച്ചും ദേവസ്വം സർക്കാരിൽ [illegible]ന്നതിനു മുമ്പു നിലത്തിനു വിത്താമാത്രം മിച്ചവാരമായി കൊണ്ടിരിക്കുന്നു എന്നും സർക്കാരിൽ ചേൎന്നതിന്റെ ശേഷമായി മുപ്പറ കൂടി കൊള്ളിച്ചിരിക്കുന്നതായിട്ടും ആണ് കാണപ്പെടുന്നതെന്നും കരം വ്യവസ്ഥയെപ്പറ്റി ൧൦൬൩ാമാണ്ടു കുംഭമാസം ൧൪൹ ൩൦ാമതു നമ്പ്രായി ഉണ്ടായിരിക്കുന്ന തിരുവെഴുത്തു വിളംബരത്തിന്റെ ൧൬ാമതു വകുപ്പു രണ്ടാം ഖണ്ഡത്തിൽ ഇങ്ങിനെയുള്ള വസ്തുക്കൾക്കു പാട്ടത്തിൽ എട്ടിലൊന്നു രാജഭോഗവും ഏതെങ്കിലും മിച്ചവാരം ഉണ്ടായിരുന്നാൽ ആയതുംകൂടി കരമായി നിശ്ചയിക്കപ്പെടുമെന്നു വിവരിച്ചിട്ടുണ്ടെന്നും മേൽ പറയപ്പെട്ട വസ്തുക്കൾക്കു മുൻകണ്ടെഴുത്തിൽ വിളങ്ങിയിരിക്കുന്ന തുകയെ തന്നെ ഇപ്പോഴും ദേവസ്വംവകക്കുള്ള

Since existing rent as in the previous settlement amounts the michavaram on lands of Devaswom [illegible], Aneeg[illegible] tenures in Karunagapally taluk is shown as a fixed amount in the case of wet lands and a definite proportion of the assessment, viz., ¼ in the case of garden lands, the same differential treatment be accorded at the present settlement also in the calculation of michavarom on the said lands.

മിച്ചവാരമായി കൊള്ളിക്കയൊ ഇപ്പഴത്തെ കണ്ടെഴുത്തുപ്രകാരം വരുന്ന പാട്ടത്തിന്റെ തുകയിൽ നാലിലൊന്നു പുരയിടത്തിനും നിലത്തിന്റെ വിസ്തീൎണ്ണത്തിൽ ഒന്നുപാതി നെല്ലു നിലത്തിനും മിച്ചവാരം കൊള്ളിക്കേണ്ടതൊ അതല്ലാ നിലത്തിനും പുരയിടത്തിനും ഒന്നുപോലെ പാട്ടത്തിൽ നാലിലൊന്നു മിച്ചവാരം വയ്ക്കേണ്ടതൊ എങ്ങിനെ എന്നു തീരുമാനം ഉണ്ടാകേണ്ടതായിരിക്കുന്നു എന്നും പുരയിടത്തിനു കഴിഞ്ഞ രണ്ടു കണ്ടെഴുത്തു കാലത്തും അതതു കണ്ടെഴുത്തുപടിയുള്ള പാട്ടത്തിന്റെ ഒരു അംശമായും നിലത്തിനു വിസ്തീൎണ്ണത്തിന്റെ ഒരു കണക്കുവച്ചും മുൻ മിച്ചവാരം കൊള്ളിച്ചിരിക്കുന്ന സ്ഥിതിക്കു മുൻതുകയെതന്നെ ഇപ്പോഴും മിച്ചവാരമായി കൊള്ളിക്കുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ലെന്നും പുരയിടത്തിന്റെ വിളങ്ങിപ്പേരു ൯൯൭ാമാണ്ടത്തെയും ൧൦൧൮ാമാണ്ടത്തെയും നോക്കിയതിൽ അതതു കണ്ടെഴുത്തുകാലങ്ങളിൽ കണ്ട പാട്ടത്തിന്റെ നാലിലൊന്നു ദേവസ്വത്തിലേക്കു മിച്ചവാരമായി കൊള്ളിച്ചിരിക്കുന്നു എന്നും കണ്ട ക്രമത്തിനു ഇപ്പഴും പുരയിടത്തിനു നാളതു പാട്ടത്തിന്റെ നാലിലൊന്നു ദേവസ്വംവകക്കുള്ള മിച്ചവാരമായി ചേൎക്കേണ്ടതെന്നു വിചാരിക്കുന്നു എന്നും നിലത്തിനു വിസ്തീൎണ്ണത്തിൽ പറ ൧ക്കു നെല്ലു മുൻകണ്ടെഴുത്തിൽ മിച്ചവാരമായി ഏൎപ്പെടുത്തിയിരിക്കുന്ന ക്രമംപോലെ ഇപ്പഴത്തെ കണ്ടെഴുത്തിലും നാളതു വിസ്തീൎണ്ണത്തിൽ ഒന്നുപാതി നെല്ലു മിച്ചവാരം കൊള്ളിക്കുന്നതു ഒരുപക്ഷത്തിൽ ന്യായമാണെന്നു വിചാരിക്കാമെന്നുവരികിലും വിളംബരത്തിൽ ൧൬ാമതു വകുപ്പിൽ വിവരിച്ചിരിക്കുന്ന താല്പൎയ്യം നോക്കുമ്പോൾ അതും അതുപരിഷ്കാരമായുള്ള ഏൎപ്പാടാണെന്നു പറവാൻ പാടില്ലാത്തതും പുരയിടത്തിനു പറഞ്ഞിരിക്കുന്ന രീതിപോലെ നിലത്തിനും നാലിലൊന്നു ദേവസ്വത്തിലേക്കു മിച്ചവാരം വയ്ക്കുന്നതു ഇപ്പഴത്തെ നിയമതാല്പൎയ്യത്തിനു അനുസരണമായിരിക്കുമെന്നു തോന്നുന്നതും ആകകൊണ്ടു ഇവിടേയും ആലോചിച്ചു വേണ്ട തീരുമാനം ഉണ്ടാകണമെന്നും സൂപ്പൎവൈസ്സർ ൨൩൮ാമതു നമ്പരിൽ മകരമാസം ൪൹ എഴുതിയ സാധനം വന്നിരിക്കകൊണ്ടു ആവക കണക്കു പകൎപ്പു മുതലായതു കടലാസ് എണ്ണം ൭-൦ ഇതുസഹിതം അയച്ചിരിക്കുന്നു.

നിലംവകയ്ക്കുള്ള വിളങ്ങിപ്പേരു നോക്കിയതിൽ മിച്ചവാരം ഇത്ര നെല്ലു എന്നു വ്യവസ്ഥപ്പെടുത്തി പറഞ്ഞുകാണുന്നു. ആ സ്ഥിതിക്കും തിരുവെഴുത്തു വിളംബരത്തിലെ താല്പൎയ്യത്തിനും നിലത്തിനു മുൻകണക്കുംപടി കൊണ്ടിരിക്കുന്ന തുകയെ തന്നെ ഇപ്പഴും മിച്ചവാരമായി എടു

ക്കേണ്ടതെന്നും പുരയിടംവകയ്ക്കുള്ള വിളക്കത്തിൽ കണ്ടപാട്ടത്തിന്റെ നാലിലൊന്നു ദേവസ്വത്തിലേക്ക ഇറപ്പുവരുത്തിയിരിക്കുന്നപ്രകാരം കാണുന്ന ക്രമത്തിനു ഇപ്പഴം പാട്ടത്തിൽ നാലിലൊന്നു മിച്ചവാരമായി എടുക്കുന്നതു വിഹിതമായിരിക്കുമെന്നും വിചാരിക്കുന്നതും ഇതിനെപ്പററി അവിടെയും ആലോചിച്ചു എഴുതിവരുന്നതുപോലെ നടത്തേണ്ടിയിരിക്കുന്നതുമാകയാൽ വേണ്ട ഉത്തരവുണ്ടാകുവാൻ വേണ്ടി വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ കാൎയ്യംവിചാരിക്കുന്ന ചീഫ് ജസ്റ്റീസ് അവർകളെ ബോധിപ്പിച്ചുകൊള്ളുകയുംവേണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പർ ൩൪൦.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെന്റു
൧൦൩൭ാമാണ്ടു കുംഭമാസം ൧൭നു-
൧൮൬൨ാംവൎഷം ഫെബ്രുവരിമാസം ൨൭നു-

ഇവിടത്തെ ചെയ്തി താഴിതു.

കാൎത്തികപ്പള്ളി താലൂക്കിൽ ചേൎന്ന പകുതികളിൽ എഴുതി തീരുവയുള്ള ചില ദേവസ്വം വക അടിമ, അനുഭോഗം, മുതലായ വസ്തുക്കൾക്ക പുരയിടത്തിനു എട്ടിലൊന്നു രാജഭോഗവും നാലിലൊന്നു ദേവസ്വംവകക്കും നിലത്തിനു മുപ്പറ രാജഭോഗവും വിത്തര ദേവസ്വംവകക്കും കരം ഏല്പെട്ടിരിക്കുന്നതായി കണ്ടു അങ്ങിനെയുള്ളതിൽ നിലംവക ൯൭൭ാമാണ്ടത്തെ രണ്ടു വിളങ്ങിപ്പേരിനും പുരയിടംവക ൯൮൨ാമാണ്ടത്തെ ഒന്നും ൧൦൧൨ാമാണ്ടത്തെ രണ്ടും വിളങ്ങിപ്പേരുകൾക്കും പകപ്പു എഴുതിച്ചയച്ചും ദേവസ്വം സൎക്കാരിൽ ചേരുന്നതിനുമുമ്പു നിലത്തിനു വിത്തര മാത്രം മിച്ചവാരമായി കൊണ്ടിരിക്കുന്നു എന്നും സൎക്കാരിൽ ചേൎന്നതിന്റെശേഷമായി മുപ്പറകൂടി കൊള്ളിച്ചിരിക്കുന്നതായിട്ടും ആണു കാണപ്പെടുന്നതെന്നും കരം വ്യവസ്ഥയെപ്പററി ൧൦൧൪ാമാണ്ടു കുംഭമാസം ൧൪നു-൩൨ാമതു നമ്പരായി ഉണ്ടായിരിക്കുന്ന തിരുവെഴുത്തു വിളംബരത്തിന്റെ ൨൪ാമതു വകുപ്പു രണ്ടാംഖണ്ഡത്തിൽ ഇങ്ങനെയുള്ള വസ്തുക്കൾക്ക പാട്ടത്തിൽ എട്ടിലൊന്നു രാജഭോഗവും ഏതെങ്കിലും മിച്ചവാരം ഉണ്ടായിരുന്നാൽ ആയതുംകൂടി കരമായി നിശ്ചയിക്കപ്പെടുമെന്നു വിവരിച്ചിട്ടുണ്ടെന്നും മേൽപറയപ്പെട്ട വസ്തുക്കൾക്ക മുൻ കണ്ടെഴുത്തിൽ വിളങ്ങിയിരിക്കുന്ന തുകയെതന്നെ ഇപ്പഴം ദേവസ്വം വകക്കുള്ള മിച്ചവാരമായി കൊള്ളിക്കയൊ ഇപ്പഴത്തെ കണ്ടെഴുത്തുംപ്രകാരം വരുന്ന പാട്ടത്തിന്റെ തുകയിൽ നാലിലൊന്നു പുരയിടത്തിനും നിലത്തിന്റെ വിസ്തീൎണ്ണത്തിൽ ഒന്നുപാതി നെല്ലു നിലത്തിനും മിച്ചവാരം കൊള്ളിക്കേണ്ടതൊ എങ്ങിനെ എന്നു തീരുമാനം ഉണ്ടാകേണ്ടതായിരിക്കുന്നു എന്നും പുരയിടത്തിനു കഴിഞ്ഞ രണ്ടു കണ്ടെഴുത്തുകാലത്തും അതതു കണ്ടെഴുത്തുംപടിയുള്ള പാട്ടത്തിന്റെ ൪ംശമായും നിലത്തിനു വിസ്തീൎണ്ണത്തിന്റെ ഒരു കണക്കുവച്ചും മുൻ മിച്ചവാരം കൊള്ളിച്ചിരിക്കുന്ന സ്ഥിതിക്ക മുൻതുകയെത്തന്നെ ഇപ്പോഴും മിച്ചവാരമായി കൊള്ളിക്കുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ലെന്നും പുരയിടത്തിന്റെ വിളങ്ങിപ്പേരു ൯൮൨ാമാണ്ടത്തേയും ൧൦൧൨ാമാണ്ടത്തേയും നോക്കിയതിൽ അതതു കണ്ടെഴുത്തുകാലങ്ങളിൽ കണ്ടപാട്ടത്തിന്റെ നാലിലൊന്നു ദേവസ്വത്തിലേക്ക മിച്ചവാരമായി കൊള്ളിച്ചിരിക്കുന്നു എന്നു കാണുന്നക്രമത്തിനു ഇപ്പഴം പുരയിടത്തിനു നാളതു പാട്ടത്തിന്റെ നാലിലൊന്നു ദേവസ്വംവകക്കുള്ള മിച്ചവാരമായി ചേൎക്കേണ്ടതെന്നു വിചാരിക്കുന്നു എന്നും നിലത്തിനു വിസ്തീൎണ്ണത്തിൽ പാതി നെല്ലു മുൻ കണ്ടെഴുത്തിൽ മിച്ചവാരമായി ഏല്പെടുത്തിയിരിക്കുന്ന ക്രമംപോലെ ഇപ്പഴത്തെ കണ്ടെഴുത്തിലും നാളതു വിസ്തീൎണ്ണത്തിൽ ഒന്നുപാതി നെല്ലു മിച്ചവാരം കൊള്ളിക്കുന്നതു ഒരുപക്ഷത്തിൽ ന്യായമാണെന്നു വിചാരിക്കാമെന്നുവരികിലും വിളംബരത്തിൽ ൧൪ാമതു വകുപ്പിൽ വിവരിച്ചിരിക്കുന്ന താല്പൎയ്യം നോക്കുംപോൾ അതും അത്ര പരിഷ്കാരമായിട്ടുള്ള ഏൎപ്പാടാണെന്നു പറവാൻ പാടില്ലാത്തതും പുരയിടത്തിനു പറഞ്ഞിരിക്കുന്ന രീതിപോലെ നിലത്തിനും നാലിലൊന്നു ദേവസ്വത്തിലേക്ക മിച്ചവാരം വെക്കുന്നതു ഇപ്പഴത്തെ നിയമതാല്പൎയ്യത്തിനു അനുസരണമായിരിക്കുമെന്നു തോന്നുന്നതും ആകകൊണ്ടു ആലോചിച്ചു വേണ്ട തീരുമാനം ഉണ്ടാകണമെന്നും സൂപ്പർവൈസ്സരിടെ റിപ്പോൎട്ടു വന്നിരിക്കുന്നതിനാൽ ആവക കണക്ക പകപ്പുമുതലായതു അയച്ചിരിക്കുന്നപ്രകാരവും നിലംവകക്കുള്ള വിളങ്ങിപ്പേരു നോക്കിയതിൽ മിച്ചവാരം ഇതു

That the michavarom on Devaswom vaga Adima, Anubhogam &c. tenures in Kartigapaly taluk be calculated at the fixed amount entered in the old accounts in the case of wet lands and ¼ of the pattom on garden lands.

ന്നെല്ലു എന്നു വ്യവസ്ഥപ്പെടുത്തി പറഞ്ഞുകാണുന്നു എന്നും ആ സ്ഥിതിക്കും തിരുവെഴുത്തു വിളംബരത്തിലെ താല്പൎയ്യത്തിനും നിലത്തിനു മുൻകണക്കുംപടി കൊണ്ടിരിക്കുന്ന തുകയെത്തന്നെ ഇപ്പഴും മിച്ചവാരമായി എടുക്കേണ്ടതെന്നും പുരയിടംവകകൾക്കുള്ള വിളക്കത്തിൽ കണ്ടപാട്ടത്തിന്റെ നാലിലൊന്നു ദേവസ്വംവകക്കു ഇറപ്പുവരുത്തിയിരിക്കുന്നപ്രകാരം കാണുന്ന ക്രമത്തിനു ഇപ്പഴും പാട്ടത്തിൽ നാലിലൊന്നു മിച്ചവാരമായി എടുക്കുന്നതു വിഹിതമായിരിക്കുമെന്നും വിചാരിക്കുന്നതും ഇതിനെപ്പററി ഇവിടേയും ആലോചിച്ചു എഴുതിവരുന്നതുപോലെ നടത്തിക്കേണ്ടിയിരിക്കുന്നതും ആകയാൽ വേണ്ട ഉത്തരവു ഉണ്ടാകണമെന്നും ൩൧൨൧/൧൧൭-ാമതു നമ്പരിൽ ൬൦-ാമാണ്ടു മകരമാസം ൨൪൹ എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

റിക്കാൎട്ടുകൾ പരിശോധിപ്പിച്ചതിൽ നിലംവക ആയക്കെട്ടിൽ മിച്ചവാരം ഇത്രയെന്നു വ്യവസ്ഥപ്പെടുത്തിയും പുരയിടംവക വിളക്കത്തിൽ കണ്ടപാട്ടത്തിൽ നാലിലൊന്നു ഇറപ്പു വരുത്തിയും ഇരിക്കുന്നപ്രകാരം കാണുന്നു. ആസ്ഥിതിക്കു വിളംബരത്തിലെ താല്പൎയ്യത്തിനും നിലംവകക്കു മുൻ കണക്കിൽകൊണ്ടിരിക്കുന്ന തുകയെയും പുരയിടങ്ങൾക്കു കണ്ടപാട്ടത്തിൽ നാലിലൊന്നു എടുത്തു ആ തുകയേയും മിച്ചവാരമായിട്ടു രാജഭോഗവുംചേൎത്തു കരം ഇറപ്പുവരുത്തികൊള്ളണം.

ഇച്ചെയ്തി എല്ലാം കൃഷ്ണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചുവൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ
ദിവാൻ രാമയ്യങ്കാർ

---

നമ്പർ ൩൨൧.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെണ്ടു.

൧൦൬൦-ാമാണ്ടു കുംഭമാസം ൧൭൹
൧൮൮൫-ാംവൎഷം ഫെബ്രുവരിമാസം ൨൭൹

ഇവിടത്തെച്ചെയ്തിആവിതു.

കണ്ടെഴുത്തു രജിസ്ത്രേഷൻ വിചാരണ സംബന്ധിച്ചുള്ള വക്കാലത്തുകൾക്കും നിലം പുരയിടങ്ങൾ കണ്ടെഴുത്തും സൎവ്വെയും സംബന്ധിച്ചു ആ വക ഉദ്യോഗസ്ഥന്മാരിടെ മുൻപാകെ ഹാജരാക്കുന്ന വക്കാലത്തുകൾക്കും പട്ടിക ൪൪-ാം വകുപ്പിൻപ്രകാരം ചുമത്തേണ്ടുന്ന മുദ്രവിലയെ കല്പിച്ചു മാപ്പു ചെയ്തിരിക്കുന്നതായി വിളംബരം ഉണ്ടായിട്ടുണ്ടെന്നും രജിസ്ത്രേഷൻ വിചാരണ സംബന്ധിച്ചുള്ള വക്കാലത്തുകൾ എന്നല്ലാതെ ആ വക കേസുകളിടെ പകൎപ്പു വാങ്ങിക്കുന്നതിനുള്ള വക്കാലത്തുകൾക്കു കൂടി മുദ്രവില ഒഴിച്ചിട്ടുണ്ടോ എന്നു മേൽപറഞ്ഞ വകുപ്പിനാൽ സംശയമായിരിക്കുന്നതായും ഓരോ കുടികളിടെ പേരിൽ തീൎച്ചയായിരിക്കുന്ന രജിസ്ത്രേഷൻ കേസുകളിടെ പകൎപ്പുകൾ കൊടുപ്പിക്കേണമെന്നു വെള്ളക്കടലാസിൽ ഹാജരാക്കുന്ന വക്കാലത്തു സ്വീകരിച്ചു പകൎപ്പു കൊടുപ്പിച്ചിരിക്കുന്നതായിട്ടും മേലുള്ളതിനു രജിസ്ത്രേഷൻ കേസുകളിടെയൊ മൊഴികളിടേയൊ അതു സംബന്ധമായി മററു വല്ല റിക്കാൎട്ടുകളിടേയൊ പകൎപ്പുകൾ വാങ്ങിക്കുന്നതിനു ഹാജരാക്കുന്ന വക്കാലത്തുകൾ വെള്ളക്കടലാസിൽ മതിയാകുമൊ മുദ്രപത്രത്തിൽ തന്നെ വേണമൊ എങ്ങനെ എന്നും മുദ്രപത്രത്തിൽ തന്നെ വേണ്ടതായിരുന്നാൽ സ്ടാമ്പാക്ടുംപ്രകാരം ഒരുരൂപാ പത്രത്തിൽ വേണ്ടതല്ലയൊ എന്നും തീൎച്ചയായ ഉത്തരവുണ്ടാകേണ്ടതിനെപ്പററിയും കൊല്ലം സൂപ്പർവൈസ്സരിടെ റിപ്പോൎട്ടു വന്നിരിക്കകൊണ്ടു ഇതിലേക്കു വേണ്ട ഉത്തരവുണ്ടാകണമെന്നും ൩൨൦൯/൧൨൨-ാമതു നമ്പരിൽ ഈ മാസം ൧൹ എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

ഇപ്പോൾ നടന്നുവരുന്ന കണ്ടെഴുത്തും സൎവ്വെയും പ്രമാണിച്ചു പല കാൎയ്യങ്ങൾക്കും ആ വക ഉദ്യോഗസ്ഥന്മാരിടെ അടുക്കൽ ഹാജരാക്കുന്ന വക്കാലത്തുകൾക്കു ചുമത്തേണ്ടുന്ന മുദ്രവില കുടികളിടെ ഗുണത്തിനായി കല്പനപ്രകാരം മാപ്പുചെയ്തു ൭൭ ാമതു നമ്പരിൽ ൧൦൫൯-ാമാണ്ടു കൎക്കടകമാസം ൧൨൹ വിളംബരം ഉണ്ടാകയും ആ വിളംബരം അയച്ചു ആയതു കീഴുദ്യോഗസ്ഥന്മാൎക്കു കൊടുത്തു അതിലെ താല്പൎയ്യപ്രകാരം നടത്തിക്കണമെന്നും ൭൬൨-ാമതു നമ്പരിൽ ആ മാസം ൧൩൹ എഴുതി അയക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു.

In re: cases to which the exemptions from stamp duty of Vakalaths produced before settlement officers sanctioned by Government notification dated 26th July 1884 will not apply.

ആ സ്ഥിതിക്കു ഈ സംശയം ഇപ്പോൾ ജനിച്ചതു എന്തുകൊണ്ടെന്നു അറിയുന്നില്ലാ. വക്കാലത്തുകൾ ആ ഡിപ്പാൎട്ടുമെന്റിൽ സ്വീകരിച്ചു വരുന്ന വകക്കു മുദ്രവില വാങ്ങിക്കുന്നില്ലെന്നു

വിവരിച്ചു കാണുന്നു. എന്നാൽ വിളംബരത്തിലെ താല്പൎയ്യം ഉപയോഗപ്പെടുത്തേണ്ട വിഷയത്തിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാവശ്യമാണു. കണ്ടെഴുത്തു സംബന്ധമായി ഉള്ള കാൎയ്യങ്ങൾക്കു കക്ഷികൾ ഹാജരാകേണ്ടി വരുന്നതിനു പകരം വക്കീലന്മാരു ഹാജരാകുന്നതായിരുന്നാൽ അങ്ങനെയുള്ള വക്കാലത്തുകൾക്കു മുദ്രപത്രം ആവശ്യമില്ലെന്നുള്ളതു സ്പഷ്ടമാകുന്നു. കണ്ടെഴുത്തു കച്ചേരിയിൽ പഴയ ഒഴുകു മുതലായ കണക്കുകൾ ഇരിപ്പുള്ളതിൽ നിന്നും എതെങ്കിലും വകക്കു പകൎപ്പു വേണമെന്നു വക്കീൽ മുഖാന്തിരം അപേക്ഷ ഉണ്ടാകാം. ആ പകൎപ്പു കോട്ടിൽ തെളിവിലേക്കു ഹാജരാക്കുന്നതിനാണു. അതുപോലെ സെറ്റിൽമെന്റ നടപടി റിക്കാൎട്ടിൽ നിന്നും എക്സ്ട്രാക്റ്റൊ പകൎപ്പൊ വേണമെന്നു അപേക്ഷിക്കുന്നു. അതും കോട്ടിൽ തെളിവിനു ഉദ്ദേശിച്ചാണു. ഇങ്ങനെ സെറ്റിൽമെന്റ വേലയെ സംബന്ധിക്കാത്ത വകക്കു സെറ്റിൽമെന്റ ഡിപ്പാൎട്ടുമെന്റിൽ നിന്നും പകൎപ്പുകൾ കൊടുപ്പാൻ വക്കാലത്തോടു കൂടി അപേക്ഷിക്കുന്നതിൽ അങ്ങനെയുള്ള വകക്കു മുദ്രപത്രം ആവശ്യമായിട്ടുള്ളതും അതിലേക്കു ഈ വിളംബരം സംബന്ധിക്കുന്നതല്ലാത്തതുമാകുന്നു. ഇപ്പോൾ ഈ വിധത്തിൽ തന്നെയൊ നടത്തി വരുന്നു എന്നും എഴുതിവരണം. അല്ലാത്ത പക്ഷം മേൽ വിവരിച്ച ക്രമത്തിനു നടത്തിപ്പാൻ എഴുത്തയച്ചു ചട്ടം കെട്ടേണ്ടതാകുന്നു.

ഇച്ചെയ്തിഎല്ലാം കൃഷ്ണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൩൭൭.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെന്റ.

൧൦൩൪-ാമാണ്ടു കുംഭമാസം ൨൩-

൧൮൫൯-ാ വൎഷം മാൎച്ച്മാസം ൭-

ഇവിടത്തെച്ചെയ്തി ആവിതു

ആററങ്ങൽ അധികാരത്തിൽ അവനവൻചേരി പകുതിയിൽ ചേൎന്ന വസ്തുക്കൾക്കു പട്ടയപകൎപ്പു ചേൎന്നതിൽ കുഡുംബ വിരുത്തി പതിഞ്ഞ വസ്തുക്കൾക്കു കൂടി പകൎപ്പു ഉള്ളതായി കാണുകയും ഇതു ഇറയിലിയായി വിട്ടു കൊടുത്തിട്ടുള്ളതും ഈ വസ്തുക്കൾ അനുഭവിക്കുന്നവരെകൊണ്ടു ഇപ്പഴും ഊഴിയം നടത്തിച്ചു വരുന്നതും ആയിരിക്കുന്ന സ്ഥിതിക്കു ഇറയിലിക്കു വ്യവസ്ഥ ചെയ്യുമ്പോൾ അല്ലാതെ മററു വസ്തുക്കളോടു ചേൎത്തു പട്ടയം കൊടുപ്പാൻ ഇടയുണ്ടെന്നു തോന്നുന്നില്ലാത്തതിനെപ്പററിയും കണ്ടെഴുത്തു സെൻട്രൽആപ്പീസിലേക്കു എഴുതി അയച്ചിരുന്നതിനു ചെന്നിട്ടുള്ള മറുപടി വിവരം കാണിച്ചും ശ്രീപാദം കാൎയ്യക്കാററു കൊട്ടാരത്തിലേക്കു എഴുതി അയച്ചിരുന്നതിനു ഇതിലേക്കു അഭിപ്രായം എഴുതി അയക്കണമെന്നു കല്പന വന്നിരിക്കുന്നതായി കൊട്ടാരം സൎവാധികാൎയ്യക്കാററുടെ സാധനം വരികയും ഈ വസ്തുക്കൾ പ്രവൃത്തിക്കായി വിട്ടുകൊടുത്തിട്ടുള്ള ഇനാം വസ്തുക്കൾ എന്നും അതുകൾക്കു പട്ടയം കൊടുത്തിട്ടുള്ളതു കണ്ടെഴുത്തു വകക്കു ഉണ്ടായിട്ടുള്ള തിരുവെഴുത്തു വിളംബരത്തിൽ ൨൭-ാമതു വകുപ്പ് അനുസരിച്ചു നടപടി എന്നു കാണുന്നു എന്നും പട്ടയം കൊടുക്കപ്പെട്ടിട്ടുള്ളതിനെ മാത്രം വിചാരിച്ചു ഈ വസ്തുക്കളെ എഴുതി കൊടുക്കയും വാങ്ങിക്കയും ചെയ്വാൻ പാടില്ലാത്തതും പ്രവൃത്തികൾക്കു വീഴ്ചവരുന്ന സമയം വസ്തുക്കളെ സൎക്കാരിലേക്കു എടുക്കാമെന്നുള്ളതും ഈ മാതിരി വസ്തുക്കൾക്കുള്ള പട്ടയങ്ങളിൽ ഇന്ന ഇന്ന പ്രവൃത്തി ചെയ്യണമെന്നുള്ള വിവരം കൂടി കണ്ടു എഴുതേണ്ടതെന്നു വിളംബരത്തിൽ പ്രസ്താപിച്ചിട്ടുള്ളതും അതുപോലെ ഈ വക പട്ടയങ്ങളിൽ എഴുതിയിട്ടില്ലെങ്കിൽ പട്ടയങ്ങൾ തിരികെ വരുത്തി വിവരം കണ്ടെഴുതി കൊടുക്കുന്നതിനു ചട്ടംകെട്ടി നടത്തിക്കാവുന്നതും ആകുന്നു എന്നും മറുപടി അയക്കയും ചെയ്തിരിക്കുന്നതിനാൽ മേൽ വിവരിച്ച താല്പൎയ്യപ്രകാരം പ്രവൃത്തിക്കായി കൊടുക്കപ്പെട്ട ഇനാം വസ്തുക്കൾക്കു അതതു പട്ടയങ്ങളിൽ ഇന്ന ഇന്ന പ്രവൃത്തി ചെയ്യണമെന്നുള്ള വിവരം കണ്ടെഴുതി കൊടുക്കുന്നതിനു ചട്ടംകെട്ടി നടത്തിക്കയും മേലുള്ളതിനു അപ്പഴപ്പോൾ വിവരം കണ്ടെഴുതി കൊടുപ്പിക്കയും ചെയ്തുകൊള്ളുകയും.

That in the case of service Inams the description of the service should be entered in the pattahs issued to the holders

ഇച്ചെയ്തി എല്ലാം കൃഷ്ണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പ്ര ൧൩൨൨,൧൦൦.

ക്യാമ്പ് വൎക്കല,
൧൦൬൮ാമാണ്ട മേടമാസം ൨൧നു-
൧൮൯൩ാം വൎഷം മെ മാസം ൨നു-

ഓൎഡർ.

ബ്രഹ്മസ്വംവകയും ഊരാണ്മ ദേവസ്വംവകയും ആയുള്ള വസ്തുക്കൾ നുതൽ എഴുതി ദൎഖാസ്സ പാട്ടമായി ഏല്പിച്ചിട്ടുള്ളതിൽ ചിലതിനു ജന്മിമാൎക്ക തിരിപ്പ കൊടുത്തിട്ടുള്ളതായി കണക്കിൽ കാണുന്നു എന്നും തിരിപ്പുവാരംകൂടി സൎക്കാരിലേക്കു ചേരേണ്ടതൊ ഇപ്പോൾ കൊടുത്തുവരുന്നതിനെ വകവെച്ച ഇനത്തിൽ ചേൎത്ത സ്റ്റേറ്റമെന്റ തയ്യാറാക്കുവാനുള്ളതൊ എങ്ങിനെയെന്നു അറിയേണ്ടിയിരിക്കുന്നു എന്നു ഡിപ്പ്യൂട്ടി സൂപ്പൎഇന്റെന്റരുടെ റിപ്പോൎട്ട വന്നിരിക്കുന്നു എന്നാൽ ഇക്കാലത്തു ദൎഖാസ്സ പതിഞ്ഞിട്ടുള്ള വസ്തുക്കളിൽ ജന്മിമാൎക്ക തിരിപ്പ കൊടുത്തിട്ടുള്ള വാരത്തെ സൎക്കാർപാട്ടത്തോട ചേൎത്ത സ്റ്റേറ്റമെന്റ തയ്യാറാക്കുവാനുള്ളതെന്നു തോന്നുന്നതിനാൽ അതിലേക്കവേണ്ട ഉത്തരവുണ്ടാകണമെന്നും മറവും നെട്ടങ്ങളോട ഉൾപ്പെട്ട സൂപ്പൎവൈസരുടെ റിപ്പോൎട്ടുവന്ന ൧൩൦൨ാം നമ്പരായി രജിസ്ടർ ചെയ്തതിന്മേൽ മറുപടി.

That no rights to Tirippuvaram need be newly recognised on mirthal lands when they are re-assigned by Government, but that in the case of mirthal lands held on Durkuast and on which Tirippuvaram had already been allowed, the Tirippu need not be discontinued at the settlement.

ഇതുവരെ തിരിപ്പ കൊടുത്തുവരുന്നതിനെ നിറുത്തുന്നതു ക്രമമല്ലാ, പരാധിക്ക ഇടയായി തീരുന്നതാണ. നുതൽ വസ്തുക്കൾക്ക മേലാൽ തിരിപ്പ കൊടുക്കേണ്ടതില്ലാ.

കണ്ടെഴുത്തു ദിവാൻപേഷ്കാർ
വി. നാഗമയ്യാ.

---

# PROCLAMATION

BY

## His Highness Sri Patmanabha Dasa Vanchi Bala Sir Rama Varma Kulasekhara Kiritapati Manney Sultan Maharaja Raja Ramaraja Bahadur Shamsher Jang, Knight Grand Commander of the Most Exalted Order of the Star of India, F. M. U., Maharaja of Travancore, *issued under date the 13th May 1893 corresponding with the 1st Edavom 1068.*

Whereas Inams attached to specific services of any description have, from their nature and immemorial usage, been recognised as inseparable from the services for which they are granted, and inalienable; and whereas doubts have arisen as to the effect of paras 6 and 7 of Section 24 of the Royal Proclamation dated $\frac{\text{24th February 1886}}{\text{11th Kumbhom 1061}}$, in respect of such Inams and whereas it is expedient in the interests of the services concerned to remove such doubts, we are pleased to declare as follows :—

1. The provisions of paras 6 and 7 of section 24 of the Royal Proclamation dated $\frac{\text{24th February 1886}}{\text{11th Kumbhom 1061}}$ shall not be taken to apply to service Inams described in para 1 of the same section.

2. All alienations of Inam lands attached to specific services of any description which have been or which may hereafter be made, contrary to past usage, shall be treated as null and void. And it shall be competent to Our Government to resume the lands so alienated and re-attach them to the services.

Provided that Our Government may, at its discretion, deal with the resumed lands and the services connected therewith in any other manner it may deem fit.

3. No civil suit shall lie against Our Government in respect of anything done under the last preceding section.

SIGN MANUAL.

---

# വിളംബരം.

സമ്മതാമത                                                                                    രായസം.

ശ്രീപത്മനാഭദാസ വഞ്ചിബാല സർ രാമവർമ്മകുലശേഖര കിരീടപതി
മന്നെ സുൽത്താൻ മഹാരാജ രാജെ രാമരാജാ ബഹാദർ ഷംഷെർ
ജംഗ് നൈററ് ഗ്രാൻഡ് കമാൻഡർ ആഫ് ദി മോസ്റ്റ് എക്സാൾ
ടെഡ് ആർഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ എഫ്.
എം. യു. മഹാരാജാ അവർകൾ സകലമാന പേക്കും
പ്രസിദ്ധപ്പെടുത്തുന്ന വിളം
ബരം എന്തെന്നാൽ

പ്രത്യേകം ഏതെങ്കിലും പ്രവൃത്തിക്കായി കൊടുക്കപ്പെട്ടിട്ടുള്ള ഇനാം ഭൂമികൾ അതുകളുടെ സ്വഭാവവും നെടുനാളത്തെ ആചാരവുംകൊണ്ടു ആ പ്രവൃത്തിയിൽനിന്നു വേർപെടുത്തത്തക്കതല്ലെന്ന ബോദ്ധ്യം ഉള്ളതിനാലും ൧൦൬൧ാമാണ്ടു കുംഭമാസം ൧൭-നു ഉണ്ടായിരിക്കുന്ന തിരുവെഴുത്തു വിളംബരം ൨൭-ാം വകുപ്പു ൩-ം ൭-ം ഖണ്ഡങ്ങളിലെ നിയമങ്ങൾ ഇങ്ങനെയുള്ള ഇനാം ഭൂമികൾക്കു സംബന്ധിക്കുന്നതിനെപ്പററി സംശയങ്ങൾക്കു ഇടയായിട്ടുള്ളതിനാലും ഒരു സംശയങ്ങളെ നിവൃത്തിക്കേണ്ടതു ആ വക പ്രവൃത്തികളുടെ രക്ഷക്കു ആവശ്യമായിരിക്കകൊണ്ടും നാം ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ.

൧. ൧൦൬൧ാമാണ്ടു കുംഭമാസം ൧൭-നു-ലെ തിരുവെഴുത്തു വിളംബരത്തിൽ ൨൭-ാം വകുപ്പു ൩-ം ൭-ം ഖണ്ഡങ്ങളിലെ നിയമങ്ങൾ ആ വകുപ്പു ൧-ാം ഖണ്ഡത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന ഇനാം വസ്തുക്കളെ സംബന്ധിക്കുന്നതായി വിചാരിക്കപ്പെടുന്നതല്ലാ.

൨. പ്രത്യേകം ഏതെങ്കിലും പ്രവൃത്തിക്കായി വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള ഇനാം ഭൂമികൾ പൂർവാചാരത്തിനു വിരോധമായി അന്യാധീനപ്പെടുത്തപ്പെട്ടിട്ടുള്ളതായൊ മേൽ അന്യാധീനപ്പെടുത്തപ്പെടുന്നതായൊ കാണപ്പെട്ടാൽ ആ അന്യാധീനപ്പെടുത്തലുകൾ എല്ലാം അസാധുവായി ഗണിക്കപ്പെടുന്നതാകുന്നു. അപ്രകാരം അന്യാധീനപ്പെടുത്തപ്പെട്ടിട്ടുള്ള വസ്തുക്കളെ ഒഴിപ്പിക്കുന്നതിനും അതതു പ്രവൃത്തികൾക്കായി തിരിയെ വിട്ടുകൊടുക്കുന്നതിനും നമ്മുടെ ഗവർമ്മെണ്ടിലെക്കു അധികാരം ഉള്ളതാകുന്നു. എന്നാൽ അങ്ങിനെ ഒഴിക്കപ്പെടുന്ന ഭൂമികളേയും അവകളെ ചേർന്ന പ്രവൃത്തികളെയുംപററി ഗവർമ്മെണ്ടിലെ യുക്തംപോലെ വേറെ ഏതെങ്കിലും വിധത്തിൽ വ്യവസ്ഥ ചെയ്യാവുന്നതാകുന്നു.

൩. അടുത്ത മേൽ വകുപ്പിലെ നിയമങ്ങൾ പ്രകാരം നമ്മുടെ ഗവർമ്മെണ്ടിൽ നിന്നും ചെയ്യപ്പെടുന്ന യാതൊരു സംഗതിയിന്മേലും സിവിൽ വ്യവഹാരം കൊണ്ടുവരത്തക്കതല്ലാ എന്നു

൧൦൬൪-ാമാണ്ടു ഇടവമാസം ൧൩-

---

നമ്പ്ര ൧൨൦/൬൪.

൧൦൬൪-ാമാണ്ടു ഇടവമാസം ൩൧-
൧൮൮൯-ാംവർഷം മേ മാസം ൧൨-

തോവാള, ഇരണിയൽ, കൽക്കുളം, നെടുമങ്ങാട്, കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, ഈ റെഞ്ചു സൂപ്പർവൈസ്സരന്മാർക്കു.

Directing the discontinuance of the practice of classifiers entering their opinions in registration cases.

രജിസ്ത്രേഷൻ കേസുകൾക്കു ക്ലാസിഫയരന്മാർ വിചാരണനടത്തി അവർ അഭിപ്രായം പതിച്ചുവരുന്നതായി കാണുന്നുണ്ടു. ഈ കേസുകൾ തീർച്ച ചെയ്യുന്നതിനു ചുമതലപ്പെടുത്തിട്ടുള്ള സൂപ്പർവൈസ്സർ ഉൾപ്പെട്ട ഉദ്യോഗസ്ഥന്മാർ വിചാരണ മുഴുവനും പരിശോധിച്ചു തീർച്ചക്കുള്ള ന്യായങ്ങളെ വിവരിച്ചു തീർച്ച പതിക്കണമെന്നു വ്യവസ്ഥപ്പെടുത്തി നടത്തിവരുന്ന സ്ഥിതിക്കു ക്ലാസിഫയരന്മാർ അഭിപ്രായം പതിക്കുന്നവകക്കായി മെനക്കെടണമെന്നു വിചാരിക്കുന്നില്ലാ. അതിനാൽ മേലാൽ ക്ലാസിഫയരന്മാർ വിചാരണമുഴുവനുംതീർന്നു അഭിപ്രായംകൂടാതെ ഉടനടൻ കേസുകളെ തീർച്ചക്കാററെ ഏല്പിക്കേണ്ടതാണ്. അവർ വിചാരണ ആദ്യന്തം നല്ലപോലെ പരിശോധിച്ചു മുൻപു അയച്ചിട്ടുള്ള ഉത്തരവുകളിലെ താല്പര്യപ്രകാരം തീർച്ച എഴുതേണ്ടതാകുന്നു.

കണ്ടെഴുത്തു ദിവാൻപേഷ്കാർ
വീ. നാഗമയ്യാ.

നമ്പർ ൩൯൦൯. ൧൮൯൦

ക്യാമ്പു കൊല്ലം.

൧൦൬൫-ാമാണ്ട ഇടവമാസം ൩൧-

൧൮൯൦-ാംവർഷം മെമാസം ൧൨-

ഇവിടത്തെ ച്ചെയ്തി ആവിതു

സർവെ തീൎന്നിട്ടുള്ള നെയ്യാററിങ്കര, നെടുമങ്ങാട്, ഈ താലൂക്കുകളിലെ പുതുവൽ, അന്യനിലംപു മുതലായ കേസുകൾ ഈ ഡിപ്പാൎട്ടുമെണ്ടിൽ ഏറ്റിക്കുന്നതിന തീൎച്ചമാനിച്ചു ഡിവിഷനിലേക്ക എഴുതി അയച്ചിരിക്കുന്നതിനെപ്പററി എഴുതി വന്ന എഴുതി അയച്ചിരുന്നതിലേക്ക നെടുമങ്ങാട്ട താലൂക്കിൽ നിന്നും ചെന്നിട്ടുള്ള ന ഹജി മുളകു കൃഷിക്ക നിരത്തമായി പുതുവൽ വസ്തുക്കൾ പതിച്ചു കൊടുക്കണമെന്നുള്ള അപേക്ഷയാണെന്നും മുളകു കൃഷിക്ക സ്ഥലം പതിച്ചു കൊടുക്കുന്നതിന വ്യവസ്ഥ ചെയ്തു ൩൯൦-ാമതു നമ്പരിൽ ൧൦൬൩-ാമാണ്ട മകരമാസം ൨൩-ാം ഉണ്ടായിട്ടുള്ള വിളംബരത്തിൽ ൧൦ വൎഷം കരം കൂടാതെ നിരത്തമായിട്ടും നിരത്തിന്റെ അവധികഴിഞ്ഞു കൂടുമ്പോൾ ആ സമയം നടപ്പുള്ള തറപ്പാട്ട കരത്തിനും പതിച്ചു കൊടുക്കേണ്ടതെന്നും പതിച്ചു കൊടുക്കുന്നതു മുതൽ രണ്ടുവൎഷത്തിനകം മുളകു കൃഷിക്ക വേലകൾ ചെയ്തിട്ടില്ലെന്നു വരികിൽ പതിച്ചകാലം മുതൽക്ക ക്രമപ്രകാരമുള്ള പയററ പാട്ടകരം ശരിയായി വസൂലാക്കുന്നതാണെന്നും മററും വിവരിച്ചു കാണുന്ന പ്രകാരവും ഈ താലൂക്കിലെ സർവെ തീൎന്ന സെററിൽമെന്റ തുടങ്ങീട്ടുള്ള ക്രമത്തിന നിരത്തമായി പതിച്ചു കൊടുക്കാമൊ എന്നു സംശയിക്കുന്നതായിട്ടും ഈ ഡിപ്പാൎട്ടുമെണ്ടിലെ സ്ഥിതിക്ക വിളംബരത്തിലെ താല്പൎയ്യ പ്രകാരമുള്ള നടപടികൾ നടത്തുന്നതും അതു അനുസരിച്ചു ഇവിടെ നിന്നും വസ്തുക്കൾ പതിച്ചു കൊടുക്കുന്നതും അസാദ്ധ്യവും ഈ വകക്ക ഏതുവിധം നടപടി നടത്തേണ്ടതെന്നു തീൎമാനം ഉണ്ടാകേണ്ടതുമാണെന്നും നെടുമങ്ങാട്ട സൂപ്പർവൈസ്സർ ൨൯൧ ാമതു നമ്പരിൽ കഴിഞ്ഞ മേടമാസം ൨൩-ന്നു എഴുതിയ റിപ്പോൎട്ടു വന്നിരിക്കുന്നു.

Requesting orders whether applications for the registry of lands for pepper cultivation in the Nedumangad taluk under the special terms conceded by Government notification of 1063 should be dealt with by the settlement department and suggesting the desirability of that department being relieved of the work. (Government notification attached).

നല്ലമുളകു കൃഷിക്ക സ്ഥലം പതിച്ചുകൊടുക്കേണ്ട ക്രമം പ്രത്യേകം വ്യവസ്ഥ അനുസരിച്ചായിരിക്കുന്നതുകൊണ്ട ആ വക നടപടികൾ താലൂക്ക മുഖാന്തിരം നടത്തിപ്പാനുള്ളതെന്നു വിചാരിക്കുന്നതിനാൽ അതിലേക്ക വേണ്ട ഉത്തരവുണ്ടാകുവാറാകണം.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവൎകളെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

ഇച്ചെയ്തി കുസാധനം എഴുതിയ,

കണ്ടെഴുത്തു ദിവാൻപേഷ്കാർ

വി, നാഗമയ്യാ.

# GOVERNMENT NOTIFICATION REFERRED TO IN THE SETTLEMENT DEWAN PEISHKAR'S SADHANOM NO. 4901/189 DATED 6-10-1068.

## NOTICE.

As it is the desire of His Highness' Government to encourage the cultivation of pepper in the taluk of Nedumangad where they understand waste lands adapted for this purpose are to be found, it is hereby notified under sanction of His Highness the Maharaja,

(1) That persons willing to undertake the cultivation of pepper in the said taluk may apply to the local Tahsildar or the Division Peishcar for any Sircar waste lands on the cart-road from Trivandrum to Shencottah and lying within one mile on either side of it.

(2) That after the usual enquiries and should the Government see no objection, steps will be taken to grant the lands applied for free of tax for the first ten years and thereafter on the Payattupattom tax then in force.

(3) That persons obtaining the grant of such lands shall not be at liberty to fell any timber of state monopoly or trees which pay seigniorage that may be growing thereon except such as is absolutely necessary to remove to admit of the grounds being opened up for cultivation, and the trees thus removed should be made over to the Forest Department. They should clear and cultivate pepper on the lands within two years from the date of obtaining the grant, failing which they will be bound to pay the Sircar the usual Payattupattom tax on the lands from the date of the grant.

Huzur Cutcherry, Trivandrum, 17th Jan. 1888. T. RAMA ROW, Dewan.

## പരസ്യം

നെടുമങ്ങാട്ടു മണ്ഡപത്തുംവാതുക്കൽ ചേൎന്ന സ്ഥലങ്ങളിൽ നല്ല മുളകു കൃഷിക്കു ഉപയൊഗപ്പെടുന്നതായ സൎക്കാർ തരിശു സ്ഥലങ്ങൾ അധികം കിടപ്പുള്ളതായും ആ സ്ഥലത്തു ഈ വക കൃഷി വൎദ്ധിപ്പിക്കേണ്ടതു ആവശ്യമെന്നും കാണുന്നതാകകൊണ്ടു കല്പന പ്രകാരം ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ,

നെടുമങ്ങാട്ടു മാൎഗ്ഗമായി ചെങ്കോട്ടക്കു പോകുന്നതിനുള്ള പബ്ലിക്കു റോട്ടിൽ നെടുമങ്ങാട്ടു മണ്ഡപത്തുംവാതുക്കൽ അതൃത്തിക്കകത്തു പബ്ലിക്കു റോട്ടിനു ഇരുവശവും ഒരു മയിലിനകം ഉള്ള സ്ഥലത്തു മുളകു കൃഷിക്കു അപേക്ഷിച്ചു ബോധിപ്പിക്കുന്ന ആളുകൾക്കു സ്ഥലം തിട്ടം വരുത്തി വിരോധം ഒന്നും കാണാത്ത പക്ഷം പത്തു വൎഷം കരം കൂടാതെ നിരന്തരമായും നിരത്തിന്റെ അവധി കഴിഞ്ഞു കൂടുമ്പോൾ ആ സമയം നടപ്പുള്ള തറപ്പാട്ട കരത്തിനും സ്ഥലം പതിച്ചു കൊടുക്കുന്നതാകകൊണ്ടു അങ്ങനെ അപേക്ഷയുള്ള ആളുകൾ ഡിവിഷൻ പേഷ്കാരുടെയൊ മണ്ഡപത്തുംവാതുക്കൽ തഹശിൽദാരിടെയൊ അടുക്കൽ ഹൎജിബോധിപ്പിച്ചാൽ മെലെഴുതിയ താല്പൎയ്യം അനുസരിച്ചു പതിച്ചു കൊടുക്കുന്നതും അങ്ങനെ പതിച്ചുകൊടുക്കുന്ന സ്ഥലത്തു നില്പുള്ളതിൽ സഞ്ചായം വകക്കു മുതലെടുപ്പുള്ളതും കുറിക്കാണം തീൎക്കേണ്ടതും ആയ തടികളെ മുറിപ്പിച്ചു കൂടാത്തതും കൃഷിക്കു ഉപയോഗമായി മരങ്ങൾ മുറിപ്പിക്കേണ്ടതായി കണ്ടാൽ ആയതിനു മാത്രം വേണ്ട തടികൾ മുറിപ്പിച്ചു കൊള്ളാവുന്നതും മുറിപ്പിക്കുന്ന തടികൾ സഞ്ചായം ഡിപ്പാൎട്ടുമെന്റിൽ ഏല്പിക്കേണ്ടതും ആകുന്നു.

മേൽപ്രകാരം പതിച്ചു വാങ്ങുന്നതു മുതൽ രണ്ടു വൎഷത്തിനകം മുളകു കൃഷിക്കു വേലകൾ ചെയ്യേണ്ടതും അങ്ങനെ ചെയ്യില്ലെന്നുവരികിൽ പതിച്ച കാലം മുതൽക്കു ക്രമപ്രകാരം ഉള്ള പയററു പാട്ടക്കരം ശരിയായി വസൂലാക്കുന്നതിനു ഇട വരുന്നതുമാകുന്നു എന്ന്

൧൦൬൩-ാമാണ്ടു മകരമാസം ൬൹—

ദിവാൻ രാമരായർ.

നമ്പർ ൧൦൭൯/൮൭.

൧൦൩൭-ാമാണ്ടു ഇടവ മാസം ൧൭നു-
൧൮൬൨-ാം വൎഷം മെമാസം ൨൭നു-

That lands of jenmies recorded as 'Waste' in the Ayacut and entered upon and cultivated by ryots should be registered at the settlement as Pandarapattom.

൩൭൧൯-ാം നമ്പർ ഉത്തരവിലെ താല്പൎയ്യപ്രകാരം തിട്ടംവരുത്തിച്ചതിൽ ആയ്യനാട് അധികാരത്തിൽ ൯൯൩-ാമാണ്ടുകഴകിൽ ജന്മംവക കാടുതരിശു എന്നു എഴുതി നീക്കിയിട്ടുള്ള ഒരുപുരയിടത്തിനെ ജന്മംവക ഒറ്റിയായി പതിക്കുന്നതിനു ൧൦൧൨-ാമാണ്ടു കണക്കുതയ്യാറാക്കി അയച്ച പിള്ളമാരെ ശിക്ഷിക്കയും ആ പുരയിടം പണ്ടാരവകപാട്ടമായി വിളങ്ങിപതിവുകൊടുക്കുകയും ചെയ്തിട്ടുള്ള പ്രകാരം കാണുകയാൽ ആ വിളങ്ങിപ്പെറിയെ പകൎപ്പെഴുതിച്ചു അയച്ചിരിക്കുന്നു എന്നു നെടുമങ്ങാട്ടു സൂപ്പർവൈസരുടെ റിപ്പോൎട്ടു വന്നു ൧൩൬൯൦-ാം നമ്പരായി രജിസ്റ്റർ ചെയ്തതിന്മെൽ

മറുപടി

ജന്മിമാരുടെ വകയായിമുൻപു പതിഞ്ഞു പിന്നീടു ആയക്കെട്ടിൽ തരിശു എഴുതിക്കിടപ്പുള്ള ഭൂമികൾ കുടികൾ തെളിച്ചു അനുഭവിച്ചു വരുന്നതിനെ കീഴ നടപ്പുപോലെ പണ്ടാരവക പാട്ടമായി തന്നെ പതിക്കേണ്ടതാകയാൽ അതിന്മണ്ണം നടപടി നടത്തിക്കേണ്ടതാകുന്നു.

ഡിപ്ടിപേഷ്കാർ, സൂൎയ്യനാരായണയ്യൻ.

---

നമ്പർ ൭൭൧.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെന്റ.
൧൦൩൭-ാമാണ്ടു ഇടവമാസം ൧൯നു-
൧൮൬൨-ാം വൎഷം മെമാസം ൩൧നു-
തിരുവനന്തപുരം.

ജുഡിഷ്യൽ ചെഷ്ടി ആവിതു.

That applications for puduvals for the cultivation of pepper in the Nedumangad taluk on nintham should be transferred to the revenue department.

സവ്വെ തീൎന്നിട്ടുള്ള നെയ്യാറ്റിൻകര, നെടുമങ്ങാടു, ൨൦ം താലൂക്കുകളിലെ പുതുവൽ അന്യം നിൽപ്പു, മുതലായ കേസുകൾ ആ ഡിപ്പാൎട്ടുമെണ്ടിൽ ഏല്പിക്കുന്നതിനു തീരുമാനം ഉണ്ടായിട്ടുള്ളതിന്മണ്ണം എഴുതി അയച്ചിരുന്നതിലെക്കു നെടുമങ്ങാട്ടു താലൂക്കിൽനിന്നും ചെന്നിട്ടുള്ളതിൽ ആറഹൎജി മുളകുകൃഷിക്കു നിന്തമായി പതിച്ചുകൊടുക്കണമെന്നുള്ള അപെക്ഷയാണെന്നും മുളകുകൃഷിക്കു സ്ഥലം പതിച്ചുകൊടുക്കുന്നതിനു വ്യവസ്ഥചെയ്തു ഉണ്ടായിട്ടുള്ള വിളംബരത്തിൽ പത്തു വൎഷം കരംകൂടാതെ നിന്തമായും നിന്തത്തിന്റെ അവധി കഴിഞ്ഞു കൂടുമ്പോൾ ആ സമയം നടപ്പുള്ള തറപ്പാട്ടക്കരത്തിനും പതിച്ചു കൊടുക്കേണ്ടതെന്നും മറ്റും വിവരിച്ചു കാണുന്ന പ്രകാരവും ൨൦ം താലൂക്കിലെ സവ്വെ തീൎന്ന സെറ്റിൽമെണ്ടു തുടങ്ങിയിട്ടുള്ള ക്രമത്തിനു നിന്തമായി പതിച്ചുകൊടുക്കാമൊ എന്നു സംശയിക്കുന്നതായിട്ടും ആ ഡിപ്പാൎട്ടുമെണ്ടിലെ സ്ഥിതിക്കു വിളംബരത്തിലെ താല്പൎയ്യപ്രകാരം ഉള്ള നടപടികൾ നടത്തുന്നതും വസ്തുക്കൾ പതിച്ചു കൊടുക്കുന്നതും അസാദ്ധ്യവും ഈ വകക്കു ഏതുവിധം നടത്തേണ്ടതെന്നു തീരുമാനം ഉണ്ടാകേണ്ടതും ആണെന്നും നെടുമങ്ങാട്ടു സൂപ്പർവൈസ്സരിടെ റിപ്പോൎട്ടു വന്നിരിക്കുന്ന പ്രകാരവും നല്ലമുളകു കൃഷിക്കു സ്ഥലം പതിച്ചു കൊടുക്കേണ്ട ക്രമം പ്രത്യേക വ്യവസ്ഥ അനുസരിച്ചു ആകകൊണ്ടു ആ വക നടപടികൾ താലൂക്കു മുഖാന്തിരം നടത്തിപ്പാനുള്ളതെന്നു വിചാരിക്കുന്നതിനാൽ അതിലേക്കു വേണ്ട ഉത്തരവുണ്ടാകണമെന്നും ൧൯൦൭/൮൭ -ാമതു നമ്പരിൽ ഈ മാസം ൩നു- എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

അതിന്മണ്ണം റവന്യൂ ഡിപ്പാൎട്ടുമെൻറ മുഖാന്തിരം നടപടി നടത്തുന്നതിലേക്കായി ഹൎജികളെ അവിടെ അയക്കേണ്ടതാകുന്നു.

ഇച്ചെഷ്ടി എല്ലാം കൃഷ്ണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വെക്കയും വേണം.

ഇഞ്ചെഷ്ടിക്കു സാധനം എഴുതിയ,
ദിവാൻ ശംകരസുബ്ബയ്യൻ.

---

നമ്പ്ര ൭൨൧.

റെസ്സൎ കണ്ടെഴുത്തു ഡിപ്പാൎട്ടമെൻറ.

൧൦൩൩ാമാണ്ട് ഇടവമാസം ൨൭നു-
൧൮൫൮ാംവൎഷം ജൂൺ മാസം ൭നു-

ഇവിടത്തെച്ചെയ്തി ആവിതു.

That a list of shops included in minor circuits &c, in each taluk showing the amount of cess levied on each should be submitted to Government on the completion of settlement work in each taluk as has been done in the case of the Trivandrum taluk.

സെററിൽമെൻറ നടക്കുന്നതിനോടു കൂടി അതതു താലൂക്കുകളിൽ ഉള്ള കടകൾ കണ്ടെഴുതി കടപ്പാട്ടം പിരിപ്പിക്കുന്നതിന ഒരു വ്യവസ്ഥ ചെയ്യേണ്ടതിലേക്കു മൈനർ സൎക്ക്യൂട്ടിലും മററും ഉള്ള എല്ലാ കടകളേയും പ്രത്യേകം തിരിച്ചു കണ്ടെഴുതി തിരുവനന്തപുരത്തേക്കു തയ്യാറാക്കീട്ടുള്ളതു പോലെ ഒരു രജിസ്റ്റർ വേണ്ടതാകയാൽ ഓരോ താലൂക്കിലും സെററിൽമെൻറ തീൎന്നു വരുന്ന സമയം മേൽപ്രകാരം രജിസ്റ്റർ തയ്യാറാക്കിച്ചു അതതു ഒരു പ്രതി ഹജൂൎക്കു അയച്ചുകയും ആ രജിസ്റ്ററിൽ മനു കടപ്പാട്ടംകൊണ്ടതിന്നു വരുന്നതുകളെ പ്രത്യേകം വിവരപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്ക്കാരെ കേൾപ്പിച്ചു വെക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

## CIRCULAR PRESCRIBING THE METHOD OF REGISTERING WASTE LANDS UNDER CERTAIN CIRCUMSTANCES.

നമ്പർ ൭൪൫.

൧൦൩൩ാമാണ്ട ആനിമാസം ൨൭നു-
൧൮൫൮ാംവൎഷം ജൂൺമാസം ൭നു-

ജമാബന്തി രായസം.
തിരുവനന്തപുരം.

നാലു ഡിവിഷനിലേക്കും കണ്ടെഴുത്തു ദിവാൻ പേഷ്ക്കാൎക്കും.

പുതുവൽ പതിച്ചു കൊടുക്കുന്നതിനു കുടികൾ അപേക്ഷിച്ചു വിചാരണ ചെയ്തു തീരുമാനിക്കുന്ന ചില കേസുകളിൽ ഒരു സ്ഥലത്തിനു ഒന്നിൽ അധികം അപേക്ഷക്കാരു ഉണ്ടാകയും സ്ഥലത്തിന്റെ കൈവശം അവരവൎക്കെന്നു വാദിക്കയും അതിലേക്കു ഓരോ ഭാഗക്കാരും സാക്ഷി തെളിവു കൊടുക്കയും ചെയ്യുന്നതിൽ ഒരു ഭാഗം വിശ്വസിച്ചു ഒരു തീൎപ്പു പറയുന്നതിനു അനേകം സംഗതികളിലും എളുപ്പമില്ലാതെ സംശയം നേരിടുന്നൊണ്ടെന്നും ഇതു കൂടാതെ ദേഹണ്ഡമൊ കൈവശമൊ ഇല്ലാതെ ഒരു സ്ഥലത്തിനു ഒന്നിലധികം അപേക്ഷക്കാരുണ്ടായി വരുന്നതിലും തൎക്കക്കാരരിൽ ഇന്നവന്റെ പേരിൽ പതിക്കാനുള്ളതെന്നു നിശ്ചയിക്കുന്നതിനു തൃപ്തിയായ ഒരു വ്യവസ്ഥ ഇല്ലാതെയിരിക്കുന്നു എന്നും കാണുകയും സ്ഥിരമായ കുടി പാൎപ്പൊ ദേഹണ്ഡമൊ ഒരു ഭാഗക്കാരനുണ്ടെന്നുള്ള നിൎണ്ണയം വരുന്ന സംഗതിയിൽ ഒഴികെ, ദേഹണ്ഡം ഒന്നും ഇല്ലാതേയും അല്പമായ ചില കൃഷികൾ ഉള്ളതായും ഒന്നിലധികം പേരു അതിലേക്കു കൈവശതൎക്കം ഉടക്കി തെളിവുകൾ കൊടുത്തും കാണപ്പെടുന്ന സംഗതികളിലും ദേഹണ്ഡവും കൈവശവും ഇല്ലാതെ ഒരു സ്ഥലത്തിനു ഒന്നിലധികം അപേക്ഷക്കാരു ഉണ്ടാകുന്നതിനും അവരുടെ തൎക്കങ്ങളെ ഗൌനിക്കാതെ ആ ഭൂമികളെ ലേലത്തിൽ വിളിച്ചു കൂടുതൽ തുകകു വിളിക്കുന്നവൎക്കു പതിച്ചു കൊടുക്കുന്നതിനു ഏൎപ്പാടു ചെയ്യുന്നതു ഈ സംഗതിയുടെ സ്വഭാവത്തിനു വിഹിതമായിരിക്കുമെന്നും ഇതിൽ വച്ചു അനാവശ്യമായ തൎക്കങ്ങൾക്കു പരിഹാരം ഉണ്ടാകുമെന്നും പുതുവൽ ഭൂമികൾ എല്ലാം സൎക്കാരു വക തന്നതായിരിക്കുന്നതല്ലാതെ കുടികൾക്കു യാതൊരു ബാദ്ധ്യതയും ഉള്ളതല്ലാഴികകൊണ്ടു അവകളെ ലേലം ചെയ്തു ആൎക്കെങ്കിലും പതിച്ചു കൊടുപ്പാൻ സൎക്കാരിലേക്കു അവകാശം ഉള്ള സ്ഥിതിക്കു അങ്ങനെ

യുക്ത ഭൂമിയിൽ അല്ല; വൃത്തി ഭോഗകാലം ചെയ്യു എന്ന അവകാശം പറഞ്ഞും ഒരു ദേഹണ്ഡവും ഇല്ലാതെയും സ്ഥലത്തിന പ്രിയപ്പെട്ട തമ്മിൽ മത്സരിച്ചു വരുന്നതിൽ കീഴ ജീവനക്കാരക്ക അനാവശ്യമായ ജോലികൾക്കും മേൽ സ്ഥലങ്ങളിൽ ഈ തക്കത്തിന്റെ വാസ്തവം അറിഞ്ഞു തിട്ടപ്പെടുത്തുവാൻ എളുപ്പമില്ലാതെ വൃഥാ ശ്രമത്തിനും കക്ഷികൾ ഇതിലേക്കായി കച്ചേരികൾ കാത്തു ബുദ്ധിമുട്ടുന്നതിനും സംഗതി വരുന്നതിനെ വിചാരിക്കുമ്പോൾ മേൽ കാണിച്ച പ്രകാരം സർക്കാരിലേക്കുള്ള അവകാശത്തെ മുൻ പറഞ്ഞതു പോലെ തക്കം വരുന്ന കേസുകളിൽ ഉപയോഗപ്പെടുത്തുന്നതുകൊണ്ട കക്ഷികൾക്ക ആവലാധി ഉണ്ടാവാൻ ന്യായമായ കാരണം ഇല്ലെന്നും തോന്നുകയും ചെയ്യു എഴുതി അയച്ചിരുന്ന വിവരം തിരുമനസ്സറിയിച്ചതിന്റെ ശേഷം അപ്രകാരം അനുവദിച്ച കല്പനയായിരിക്കുന്നതായി കൊട്ടാരം സർവാധികാര്യക്കാരരുടെ ൧൦൩൪-ാമാണ്ട ഇടവമാസം ൩൦-ാം൹ ൭൭൭ നമ്പരായി എഴുതിയ സാധനം വന്നിരിക്കകൊണ്ട മേലാൽ മേല്പറഞ്ഞ താല്പര്യം ഗ്രഹിച്ച അതിന്മണ്ണം ശരിയായി നടത്തിച്ചു കൊള്ളണം.

ദിവാൻ ശംകരസുബ്ബയ്യൻ.

---

നമ്പ്ര ൭൭൦/൨൨൭.

കൃാമ്പു നാഗരുകോവിൽ.

൧൦൩൪-ാമാണ്ട മിഥുന മാസം ൭-ാം,

൧൮൫൯-ാംവർഷം ജൂൺമാസം ൧൮-ാം.

ഇവിടത്തെ ചെയ്തിരുത്തിത്.

That *Kottilipattom* lands in the Kartikapalli taluk owned by Ezhavas should be converted into Pattom under sec. 24 of the Settlement Royal Proclamation as they were very probably granted for services which are not now performed by the holders.

കാർത്തികപ്പള്ളി താലൂക്കിൽ കൊട്ടിലിപ്പാട്ടം എന്ന ഇനത്തിൽ ഈഴവരുടെ പേരിൽ വിത്തു അനേകാൽ പാട്ടമായി ൧൧൯൧ പറ വിത്ത ഇടങ്ങഴി നിലം പതിഞ്ഞിരിക്കുന്ന പ്രകാരം കണ്ട എഴുതിയയച്ചിരുന്നതിന്മണ്ണം വിചാരണ നടത്തിയും ലിസ്റ്റും വിളങ്ങിപ്പേരു മുതലായതിന്റെ പകർപ്പും അയച്ചും ഈ വസ്തുക്കൾ കുറഞ്ഞ കരത്തിനു മുൻകാലങ്ങളിൽ പതിച്ചു കൊടുപ്പാനുള്ള കാരണം കണക്കുകൾകൊണ്ടും വിചാരണയാലും അറിവാൻ പാടും ഈ വസ്തുക്കൾ പാട്ട ഇനത്തിൽ ചേർത്തു ഇപ്പഴത്തെ സെററിൽമെന്റിൽ കരം പതിക്കാതെയിരിപ്പാൻ മതിയായ രേഖകൾ ഹാജരാക്കിട്ടും ഇല്ലായ്കയാൽ ഈ വകയിൽ ഉള്ള വസ്തുക്കൾ പാട്ടഇനത്തിൽ ചേർത്തു കരം പതിപ്പാനുള്ളതെന്നും നെല്ലെത്തു ചക്കി ഈച്ചി അന്ത്യം നിന്ന വക കൊട്ടിലിപ്പാട്ട വസ്തു കൈമുട്ടിൽ കുമാരൻ നാരായണൻ പേരിൽപാട്ടം കെട്ടിയിട്ടുള്ളപ്രകാരം കാണുന്നതായും സൂപ്പർവൈസ്സർ ൧൦൩൭-ം ൫൧൦-ം ൫൧൫-ം നമ്പരുകളിൽ എഴുതിയ റിപ്പോർട്ടുകൾ വന്നിരിക്കുന്നതിനാൽ റിക്കാർട്ടുകൾ കടലാസു എണ്ണം ൧൩ം ഇതോടുകൂടി അയച്ചിരിക്കുന്നു.

കണക്കും വിചാരണ മുതലായതും പരിശോധിച്ചതിലും കുറഞ്ഞ കരം വച്ചു പതിച്ചു കൊടുത്തിട്ടുള്ളതിന്റെ കാരണം വിളങ്ങിപ്പേരു മുതലായ കണക്കുകളാൽ വിവരപ്പെടുന്നില്ലാ. ഈ ഇനം വസ്തുക്കൾ ഈഴവരായ ഒരു ജാതിക്കാരുടെ പേരിൽ മാത്രമെ പതിഞ്ഞു കാണുന്നൊള്ളു. ശൂദ്രർ മുതലായ ആളുകൾക്ക അടിമ, അനുഭവം, എന്നിങ്ങനെ ഓരോ ഇനങ്ങളായി കുറഞ്ഞ കരത്തിനു വസ്തുക്കൾ പതിച്ചു കൊടുത്തിരിക്കുന്നതു പോലെ ഈഴവർക്ക കൊട്ടിലിപ്പാട്ടം എന്ന ഇനമായി ചുരുങ്ങിയ കരം വച്ചു പതിച്ചു കൊടുക്കപ്പെട്ടതെന്നും മുൻകാലത്തു ഈ ജാതിക്കാരെകൊണ്ട ഓരോ ഊഴിയ വേലകൾ ചെയ്യിച്ചു വന്നതായിട്ടും സൂപ്പർവൈസ്സരുടെ റിപ്പോർട്ടിൽ കാണുന്നൊണ്ട അതു ശരിയായിരിക്കാമെന്നു തോന്നുന്നു.

ഇപ്പോൾ ഇവർക്ക ഊഴിയങ്ങൾ ഒന്നും ഇല്ലാത്തെയും ഈ ഇനം വസ്തുക്കളെ പാട്ട ഇനത്തിൽ ചേർത്തു ആയക്കെട്ടിൽ കൊള്ളിച്ചിരിക്കുന്നെയും കണ്ടപാട്ടം മുഴവനും ഇറപ്പു കരത്തിൽ ചേർക്കാതെയിരിപ്പാൻ വിശ്വാസയോഗ്യമായ തെളിവുകൾ കക്ഷികൾ ഹാജരാക്കീട്ടില്ലാത്തെയും സ്ഥിതിക്ക സൂപ്പർവൈസ്സർ അഭിപ്രായപ്പെട്ടിരിക്കുന്നതു പോലെ പാട്ട ഇനത്തിൽ ചേർത്തു കരം പതിച്ചു പട്ടയം കൊടുപ്പാനുള്ളതെന്നു വിചാരിക്കുന്നതിനാൽ റിക്കാർട്ടുകൾ അവിടേയും പരിശോധിച്ച വേണ്ട ഉത്തരവുണ്ടാകുവാറാകണം.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ച രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ,

കണ്ടെഴുത്തു ദിവാൻപേഷ്കാർ,

വി. നാഗമയ്യാ.

# CIRCULAR PRESCRIBING THE PROCEDURE IN CASES OF REGISTRY OF LANDS WHICH THE DIVISION AUTHORITIES HAVE DISPOSED OF *exparte*.

നമ്പർ ൧൦൩൩.

൧൦൩൪ാമാണ്ടു മിഥുനമാസം ൨൨൹-
൧൮൫൯ാംവർഷം ജൂൺമാസം ൨൨൹-

ജമാബന്തി.

തിരുവനന്തപുരം.

നാലു ഡിവിഷനിലേക്കും കണ്ടെഴുത്തു ദിവാൻ പേഷ്കാർക്കും.

വസ്തുക്കൾ പതിച്ചു കൊടുക്കുന്നതിനെ സംബന്ധിച്ചും മററും ഡിവിഷനിൽ നിന്നും ഉണ്ടാകുന്ന തീർച്ചയിന്മേൽ ഇവിടെ അപ്പീൽ ബോധിപ്പിച്ചു വരുന്ന അനേക സംഗതികളിലും അപ്പീൽ കക്ഷിയുടെ വാദം കേൾക്കാൻ ഇടവരാതെ ഏക പക്ഷമായി തീരുമാനിക്കുന്നതായും ഈ വക സംഗതികളിൽ ഡിവിഷനിൽ നിന്നും ഒരിക്കൽ തീരുമാനപ്പെട്ടതു കൊണ്ടു വീണ്ടും പ്രവേശിക്കുന്നതിനും രണ്ടാമതു തീർച്ച ചെയ്യുന്നതിനും പാടുണ്ടോ എന്നുള്ള സംശയം നിമിത്തം മേൽ വിവരിച്ചതുപോലെ ഇവിടെ കക്ഷികൾ പരാധിപ്പെടുന്നതിനും വാദം കെട്ടു തീർച്ചപ്പെടുത്തുന്നതിനായി ഇവിടെനിന്നും എഴുതി അയപ്പാനും സംഗതിയാകുന്നതായിട്ടും കാണുന്നു. ഈ വക കാൎയ്യങ്ങളിൽ ആദ്യം ഒരു കേസ്സു ഏക പക്ഷമായി തീരുമാനിച്ചിരുന്നാലും പിന്നീടു അതിനെ സംബന്ധിച്ച മറ കക്ഷികൾ അവകാശ വാദം ഉടക്കുകയും അവരുടെ വാദം കെട്ടും തെളിവു വാങ്ങിയും തീരുമാനിപ്പാനുള്ളതെന്നു കാണുകയും ചെയ്താൽ അതിലേക്കു വീണ്ടും നടപടി നടത്തി വാദങ്ങളേയും തെളിവുകളേയും കുറിച്ചു നോക്കി ആദ്യ തീർച്ച ഭേദപ്പെടുത്തുവാൻ ഇടയില്ലെന്നു കാണുന്ന വകക്കു ആ വിവരം റിക്കാൎട്ടു ചെയ്തുംകൊണ്ടു കക്ഷിക്കു ഇണ്ടാസ്സു കൊടുക്കയും ഭേദപ്പെടുത്തേണ്ടതായി വന്നാൽ അങ്ങനെ ഭേദപ്പെടുത്തി തെളിവു അനുസരിച്ചു തീരുമാനിക്കയും ചെയ്യുന്നതു ന്യായാവസാനത്തിലേക്കും സങ്കട നിവൃത്തിക്കും പൂൎത്തിയായ ഒരു നടപടി എന്നും ഇതിൽ സങ്കടം ഉണ്ടാകുന്ന കക്ഷിക്കു അപ്പീൽ ചെയ്വാൻ ഇടയുണ്ടെന്നും വിചാരിക്കുന്നു. രണ്ടാമത്തെ തീർച്ച കൊണ്ടു കണക്കിൽ വല്ല ഭേദഗതിയും വേണ്ടി വരുന്ന വകക്കു ഇവിടത്തെ അനുവാദത്തിനു എഴുതി അയച്ചു മറുപടി വരുന്നതുപോലെ ചെയ്യാവുന്നതാണു. അതിനാൽ മേലുള്ളതിനു ഈ താല്പൎയ്യപ്രകാരം നടപ്പാനുള്ളതാകുന്നു.

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൧൭൮.

ഹജൂർകണ്ടെഴുത്തു ഡിപ്പാൎട്ടുമെൻറ.
൧൦൩൪ാമാണ്ടു മിഥുനമാസം ൨൯൹-
൧൮൫൯ാംവർഷം ജൂലായിമാസം ൧൧൹-

ഇവിടത്തെ ചെയ്തിയുവിതു.

Sanctioning the conversion into Pandarapattom of the Kottilipattom lands held by Ezhavas in the Kartigapalli talak.

കാൎത്തികപ്പള്ളി താലൂക്കിൽ കൊട്ടിലിപാട്ടം എന്ന ഒരിനത്തിൽ ഒരംഴവരിടെ പേരിൽ വിത്തു ഒന്നെകാൽ പാട്ടമായി ൧൧൮൫ പറ ൯ ഇടങ്ങഴി നിലം പതിഞ്ഞിരിക്കുന്ന പ്രകാരം കണ്ടെഴുതിയച്ചിരുന്നതിന്മണ്ണം വിചാരണ നടത്തിയും ലിസ്റ്റും വിളങ്ങിപ്പേരു മതലായതിനു പകൎപ്പും അയച്ചും ഒരം വസ്തുക്കൾ കുറഞ്ഞ കരത്തിനു മുൻകാലങ്ങളിൽ പതിച്ചു കൊടുപ്പാനുള്ള കാരണം കണക്കുകൾ കൊണ്ടും വിചാരണയാലും അറിവാൻ പാടം ഒരം വസ്തുക്കൾ പാട്ടജനത്തിൽ ചേൎത്തു ഇപ്പഴത്തെ സെററിൽമെൻറിൽ കരം പതിക്കാതെ ഇരിപ്പാൻ മതിയായ രേഖകൾ ഹാജരാക്കീട്ടും ഇല്ലാഴികയാൽ ഒരം വകയിൽ ഉള്ള വസ്തുകൾ പാട്ട ജനത്തിൽ ചേൎത്തു കരം പതിപ്പാനുള്ളതെന്നും നെല്ലെത്തു ചക്കി ഒരംച്ചി അന്യംനിന്നവക കൊട്ടിലിപാട്ടവസ്തു കൈമുട്ടിൽ കുമാരൻ നാരായണൻ പേരിൽ പാട്ടം കെട്ടിയിട്ടുള്ളപ്രകാരം കാണുന്നതായും സൂപ്രൎവൈസ്സിടെ റിപ്പോൎട്ടുകൾ വന്നിരിക്കുന്നതിനാൽ റിക്കാൎട്ടുകൾ അയച്ചിരിക്കുന്നപ്രകാരവും കണക്കും വിചാരണ മതലായതും പരിശോധിച്ചതിലും കുറഞ്ഞ കരം വച്ചു പതിച്ചുകൊടുത്തിട്ടുള്ളതിന്റെ കാരണം വിളങ്ങിപ്പേരു മതലായ കണക്കുകളാൽ വിവരപ്പെടുന്നില്ലെന്നും ഒരംഇനം വസ്തുക്കൾ

ദംശവരായ ഒരു ജാതിക്കാരുടെപേരിൽ മാത്രമെ പതിഞ്ഞുകാണുന്നൊള്ളൂ എന്നും ശൂദ്രർ മുതലായ ആളുകൾക്ക അടിമ, അനുഭവം, എന്നിങ്ങനെ ഓരോ ഇനങ്ങളിലായി കുറഞ്ഞ കരത്തിനു വസ്തുക്കൾ പതിച്ചുകൊടുത്തിരിക്കുന്നതു പോലെ ദംശവക്ക കൊട്ടിലിപാട്ടം എന്ന ഇനമായി ചുരുങ്ങിയ കരം വച്ചു പതിച്ചുകൊടുക്കപ്പെട്ടതും ആകുന്നു എന്നും മുൻകാലത്തു ൟ ജാതിക്കാരെകൊണ്ട ഓരോ ഊഴിയവേലകൾ ചെയ്യിച്ചുവന്നതായിട്ടും സൂപ്പർവൈസ്സരിടെ റിപ്പോർട്ടിൽ കാണുന്നതു ശരിയായിരിക്കാമെന്നു തോന്നുന്നു എന്നും ഇപ്പോൾ ഇവക്ക ഊഴിയങ്ങൾ ഒന്നും ഇല്ലാത്തെയും ൟ ഇനംവസ്തുക്കളെ പാട്ട ഇനത്തിൽ ചേൎത്തു ആയക്കെട്ടിൽ കൊള്ളിച്ചിരിക്കുന്നെയും കണ്ടപാട്ടം മുഴുവനും ഇറപ്പുകരത്തിൽ ചേൎക്കാതെ ഇരിപ്പാൻ വിശ്വാസയോഗ്യമായ തെളിവു കടികൾ ഹാജരാക്കീട്ടില്ലാത്തെയും സ്ഥിതിക്ക സൂപ്പർവൈസ്സർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ പാട്ടഇനത്തിൽ ചേൎത്തു കരം പതിച്ചു പട്ടയം കൊടുപ്പാനുള്ളതെന്നു വിചാരിക്കുന്നതിനാൽ റിക്കാർട്ടുകളെ പരിശോധിച്ചു വേണ്ട ഉത്തരവുണ്ടാകണമെന്നും മെടം ൨൨-ാമതു നമ്പരിൽ ൟ മാസം ൧൩-നു എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

റിക്കാർട്ടുകൾ പരിശോധിച്ചതിൽ ൟ ഇനംവസ്തുക്കളെ പേഷ്കാർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ മററ പാട്ടവസ്തുക്കളുടെ ക്രമത്തിനു കണ്ടപാട്ടം മുഴുവനും ഇറപ്പു വരുത്തേണ്ട ശേഖരത്തിൽ ചേൎക്കേണ്ടതായിട്ടുതന്നെ ഇവിടെയും വിചാരിക്കുന്നു. അതിന്മണ്ണം നടത്തിച്ചു കൊള്ളുകയും.

ഇച്ചെയ്തി എല്ലാം കുട്ടിയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ
ദിവാൻ ശംകരസുബ്ബയ്യൻ.

---

നമ്പർ ൩൯൨.

ജമാബന്തി

൧൦൩൪-ാമാണ്ട മിഥുനമാസം ൩൧-നു
൧൮൫൯-ാവൎഷം ജൂലായിമാസം ൧൩-നു

ഇവിടത്തെച്ചെയ്തി ആവിതു.

അഗസ്തീശ്വരം താലൂക്കിൽചേൎന്നതായ സൎക്കാർ നന്താവനങ്ങളെ ഓരോരുത്തർ പലവിധമായി അനുഭവിച്ചുവരുന്നപ്രകാരവും അതുനിമിത്തം മതിലകത്തു ഉത്സവങ്ങൾക്കും മററും വകവച്ചുചെയ്യുന്നതനുസരിച്ചു പുഷ്പങ്ങൾ അയപ്പാൻ ഇടവരാതെ വിഷ്ണുക്കൾ വിലകൊടുത്തു വാങ്ങിക്കുന്നതിൽവച്ചു സൎക്കാരിലേക്കും ശേഖരിച്ചു അയക്കുന്ന ചുമതലക്കാൎക്കും നഷ്ടത്തിനും സംഗതിയായിരിക്കുന്നതായിട്ടും കണ്ട നന്താവനങ്ങളെ പഴയ സ്ഥിതിയിൽ ഇടുവിക്കേണ്ടതിനെപ്പററി എഴുതിഅയച്ചിരുന്നതിനു മറുപടിയായി അഗസ്തീശ്വരം തഹശീൽദാരുടെ സാധനം ചെന്നു കണ്ടെഴുത്തു ആഫീസിലേക്ക അയച്ചിട്ടുള്ള സാധനത്തിനു പകൎപ്പു കൊടുത്തയച്ചു പത്മനാഭപുരം ഡിവിഷനിൽനിന്നും ൧൦൩൪-ാമാണ്ട മിഥുനമാസം ൩൧-൨൦൩-ാമതു നമ്പ്രായി എഴുതിയ സാധനം വന്നു പകൎപ്പു നോക്കിയതിൽ സൎക്കാർ നന്താവനമായി കണക്കിൽ കൊണ്ടിരിക്കുന്ന ഭൂമികളെ ആവകക്കായിതന്നെ ഒഴിപ്പിച്ചിടേണ്ടതെന്നു കാണുന്നതാകകൊണ്ട അതിനെപ്പററി ശൌനിച്ചു മറപോലെ നടപടിനടത്തേണ്ടതാകുന്നു.

That sites of Nandavanoms' should be recorded at the settlement as reserved for Nandavanoms.

ഇച്ചെയ്തി എല്ലാം &c.
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പ്ര ൩൧൭/൧൦.

സൎക്കുലർ

൧൦൩൪-ാമാണ്ട കൎക്കടകമാസം ൩-നു
൧൮൫൯-ാംവൎഷം ജൂലായിമാസം ൧൭-നു

രജിസ്ത്രേഷൻ

ആയക്കെട്ടു മുതൽക്ക വിചാരണ നടത്തിയും ശരിയായ ആധാരവും വസ്തുകൈവശവും ഉള്ളവകക്ക എഴുതികൊടുത്ത കക്ഷികളെ വരുത്തി ചോദിച്ചും അവകാശികൾക്ക സമതനോട്ടീസ്സ് കൊടുത്തു നടത്തിച്ചുവരുത്തി കേസോടുചേൎത്തും തീരുമാനിച്ചു വരുന്നതിൽ

Instructions for the simplification of registration inquiries.

വച്ചു അനാവശ്യമായ കാലതാമസവും വേലനടപ്പിന ബാധകവും നേരിട്ടിരിക്കുന്നു എന്നു കാണുകയും ഈവക വേല ലഘുവായും ശീഘ്രമായും കാൎയ്യസംബന്ധമായി ന്യൂനതകൾക്കു ഇടകൂടാതെയും ഒതുങ്ങേണ്ടതിലേക്കു തക്ക ഏൎപ്പാടു ചെയ്യേണ്ടതു ആവശ്യമായിരിക്കയും കൊണ്ടു അതിലേയ്ക്കു താഴെപറയുംപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു.

൫. മേലാൽ ആയക്കെട്ടുമുതൽക്കു വിചാരണ നടത്തുവാനാവശ്യമില്ലാ. തണ്ടപ്പേരുകാരൻ മുതൽക്കുള്ള കൈമാററത്തെപ്പററി വിചാരണ നടത്തണമെന്ന രൂൾസിൽ പറഞ്ഞിട്ടുള്ളതിനെ പ്രത്യേകം ഓൎമ്മിച്ചു അതുപോലെ നടത്തേണ്ടതാകുന്നു.

൬. ആയക്കെട്ടുപേരുകാരന അവകാശമുണ്ടോ ഇല്ലയോ എന്നുള്ളതു അപേക്ഷക്കാരനോടു ചോദിച്ചു മൊഴിയിൽ വിവരപ്പെടുത്തേണ്ട ആവശ്യമില്ലാ. എന്നാൽ ആഭാഗം റവന്യൂ വിചാരണകൾ, അന്യാധീനപ്പോക്കിൻവക പേരേടുകൾ, മററു കണക്കുകൾ, ഇതുകളെ പ്രവൃത്തിപ്പിള്ളമാർ നോക്കി വിവരം അറിഞ്ഞു സാക്ഷിപ്പെടുത്തിയാൽ മതിയാകുമെന്നുള്ളതാണ്. അങ്ങനെ സാക്ഷിപ്പെടുത്തുന്നതിൽ അന്യം നില്പെന്നു കാണുന്നവകയിലും ഇനംമാറി പതിക്കേണ്ടുന്ന ഇനാംവസ്തുക്കൾ അന്യകുഡുംബമായ തണ്ടപ്പേരു കുഡുംബത്തിൽ ഇനം മാററാതെ മുൻഇനമായി പോക്കുവരവു ചെയ്തിട്ടുണ്ടെന്ന തിട്ടം വരുത്തി ആവകയിൽ വെളിപ്പെടുന്ന വസ്തുക്കൾസംബന്ധിച്ചും ഉള്ളകേസുകളെ ഇപ്പോൾ നടന്നുവരുന്നതുപോലെ ൫൦ാമതു വകുപ്പിൻപ്രകാരം വിചാരണക്കായി അയപ്പാനുള്ളതാകുന്നു.

൭. അപേക്ഷമൊഴിയിൽ ഇടജന്മികളുടെ പേരുവിവരങ്ങളെ വിശദപ്പെടുത്തുകയും അതിൽ ആരെങ്കിലും അന്യാധീനവും പോക്കിയും വകയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു ക്ലാസിഫയരും പിള്ളയും നോക്കികൊള്ളുകയും അതിൽ അവകാശികളില്ലെന്നു കാണുന്ന കേസുകളേയും ൫൦ാമത് വകുപ്പു വിചാരണയ്ക്കു അയക്കയും ചെയ്യാനുള്ളതാകുന്നു.

൮. തണ്ടപ്പേരു കൊണ്ടിട്ടുള്ളതു ഒററി കൊടുത്തതിന്മേലാണെന്നും ജന്മബാദ്ധ്യതക്കു പട്ടയം കിട്ടണമെന്നും ആയക്കെട്ടുകാരൻെറ അവകാശികൾ വിചാരണകാലത്തു ഹാജരായി രേഖാമൂലത്തോടുകൂടി അപേക്ഷിക്കുന്ന വകയ്ക്കു മാത്രം അതിനെപ്പററി വിചാരണനടത്തി ആയക്കെട്ടു അവകാശികൾ തെളിവു കൊടുക്കുന്നപക്ഷം അതിനെ സ്വീകരിക്കാമെന്നുള്ളതാകുന്നു. അവർ അഞ്ചൽ മാൎഗ്ഗമായും തെളിവുകൾകൂടാതെയും ഓരോവിധം ബോധിപ്പിക്കുന്നതായാൽ അതിനെ പ്രമാണിച്ചു വിചാരണയെ വളൎത്തികൂടാത്തതാകുന്നു.

സമ്മതമൊഴികളെപ്പററി

൧. തണ്ടപ്പേരുകാരൻെറയൊ അവകാശികളുടെയൊ വിലയാധാരവഴി അപേക്ഷക്കാരന വസ്തു സിദ്ധിച്ചു അനുഭവിച്ചുവരുന്ന സംഗതികൾക്കു ആവക ആധാരം അച്ചടിമാലയൊ രജിസ്തർചെയ്തതൊ മുന്ന സൎക്കാർ സ്ഥലങ്ങളിൽ കാണിച്ചു കരണപ്പിഴ തീൎന്നിട്ടുള്ള വെള്ളോലയൊ ആയിരുന്നാൽ ആധാരം കൊടുത്തവരിടെയൊ അവകാശികളുടെയൊ സമ്മതമൊഴി വാങ്ങുന്നതിന ൩൭ാമതു വകുപ്പുപ്രകാരം നോട്ടിസ്സ് കൊടുക്കുന്നതിന ആവശ്യമില്ലാ ആധാരത്തെ ഹാജരാക്കി കാണിക്കയും അതിൻെറ വിവരംവിചാരണ ഫാറത്തിലെ ൫൦ാമതു കാളത്തിൽ പതിക്കയും ചെയ്യുന്നതുകൊണ്ടു മതിയാകുന്നതാണു.

൨. തണ്ടപ്പേരുകാരൻെറ പക്കൽ നിന്നും നേരിട്ടല്ലാതെ പല കൈമറിഞ്ഞു ഇപ്പോഴത്തെ അപേക്ഷക്കാരന വസ്തു സിദ്ധിച്ചിട്ടുള്ളതായിരുന്നാൽ ആവക ഇടജന്മികളുടെ മേൽ വിവരിച്ചതുപോലെയുള്ള ആധാരങ്ങൾ ഹാജരാക്കി കാണിക്കുന്ന പക്ഷം ആധാരം കൊടുത്തവരിടെയൊ അവകാശികളുടെയൊ സമ്മതമൊഴി വാങ്ങുകയും അവൎക്കു നോട്ടിസ്സ് കൊടുക്കയും ചെയ്യുണമെന്നില്ലാ.

ഈ താല്പൎയ്യപ്രകാരം സൂപ്പർവൈസ്സരന്മാർ പ്രത്യേകം ദൃഷ്ടിവച്ചു നടത്തികൊള്ളുവാനുള്ളതാകുന്നു.

കണ്ടെഴുത്തു ദിവാൻപേഷ്കാർ

വി. നാഗമയ്യാ.

നമ്പർ ൩൨൭൭/൨൯.

൧൦൩൪-ാമാണ്ടു കർക്കടകമാസം ൧൬-ാം-
൧൮൫൯-ാം വർഷം ജൂലായിമാസം ൨൮-ാം-

ഇവിടത്തെച്ചെയ്തി ആവിതു.

തോവാള, അഗസ്തീശ്വരം, ഈ രണ്ടു താലൂക്കിലേയും സെററിൽമെൻറ നടത്തേണ്ടതിനെ കുറിച്ചു ൧൮൫൮-ാംവർഷം ജനുവരിമാസം ൧൯-ാം- ൨൯൫-ാമതു നമ്പരായി ഗവമ്മെണ്ടിൽ നിന്നും ഉണ്ടായിട്ടുള്ള പ്രൊസിഡിംഗ്സിൽ തൊവാള പകുതിയിൽ ചൊക്കനാഥ ഭൂപാലസമുദ്രം പുഞ്ചക്കാട്ടിലുള്ള ഭൂമിയിന്മേൽ ചാതുർഭാഗക്കാറനുള്ള അവകാശത്തിനെ അയാൾക്കു കിട്ടിവരുന്ന പത്താണ്ടത്തെ വരവിന്റെ ശരാശരിനോക്കി ആണ്ടുതോറും ഗ്രാൻറപോലെ ഏപ്പാടുചെയ്തു വേർപെടുത്തുന്നതിലേക്കു വിവരം കാണിച്ചു റിപ്പോർട്ടു ചെയ്യണമെന്നു പറഞ്ഞിട്ടുള്ളതിലേക്കു ചാതുർഭാഗക്കാറനായ താഴക്കുടിയിൽ കണക്കു സൌന്ദരപാണ്ഡ്യൻ അമ്പലത്താട്ടുവാരോടു ചോദിച്ചതിൽ കഴിഞ്ഞ പത്തു വർഷത്തെ ആദായത്തിനുള്ള ശരാശരി തുകയെ ഗ്രാൻറായി പററി ഒഴിയുന്നതിനു സമ്മതമില്ലെന്നും സെററിൽമെൻറം പ്രകാരം ഉള്ള പാട്ടത്തിൽ ക്രമപ്രകാരം ചാതുർഭാഗ അവകാശത്തിനു വരുന്ന തുകയെ ആണ്ടുതോറും കൊടുക്കുന്നപക്ഷം അയാളുടെ അവകാശങ്ങളെ ഒഴിക്കുന്നതു സമ്മതമെന്നും ബോധിപ്പിച്ചു എഴുതി വയ്ക്കയാൽ ആ മൊഴിയും ൧൦൨൪-ാമാണ്ടു മുതൽ ൧൦൩൩-ാമാണ്ടു വരെ ചാതുർഭാഗം വകയിൽ ഉള്ള തുകക്കും സെററിൽമെൻറംപടി ആ വകക്കു വരുന്ന തുകക്കും എഴുതിച്ചിട്ടുള്ള ലിസ്റ്റുകളും അയച്ചു എഴുതി അയച്ചിരുന്നതിനു ഈ ഭൂമിയിന്മേൽ ചാതുർഭാഗക്കാറനു ഇപ്പോൾ കിട്ടിവരുന്ന പത്താണ്ടത്തെ വരവിന്റെ ശരാശരിതുക നോക്കി ഗ്രാൻറപോലെ ഒരു ഏപ്പാടു ചെയ്യണമെന്നാണു കല്പനപ്രകാരം അനുവദിച്ചിട്ടുള്ള പ്രൊസീഡിംഗ്സിൽ പ്രസ്താപിച്ചിട്ടുള്ളതെന്നും അതുപോലെ അല്ലാതെ മേൽ വരാൻ പോകുന്ന കാൎയ്യത്തെപ്പററി ഇപ്പോൾ ആലോചിച്ചു തീർച്ചപ്പെടുത്തണമെന്നു ചാതുർഭാഗക്കാറനായ സൌന്ദരപാണ്ഡ്യൻ അമ്പലത്താട്ടുവാർ പറയുന്ന ഭാഗം സ്വീകാരയോഗ്യമായിരിക്കുന്നില്ലെന്നും പ്രൊസിഡിംഗ്സിലെ താല്പൎയ്യത്തെ അയാളോടു നല്ലതിന്മണ്ണം മനസ്സിലാക്കി എഴുതി വെയ്പിച്ചു അഭിപ്രായത്തോടുകൂടി എഴുതി അയയ്ക്കണമെന്നും ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ വക ൨൦൭-ാമതു നമ്പരിൽ ൧൦൩൪-ാമാണ്ടു മീനമാസം ൧൮-ാം- എഴുതിയ സാധനം വന്നിരിക്കുന്നതിൽ,

അതിന്മണ്ണം ചാതുർഭാഗക്കാറനെ വരുത്തി സാധനത്തിലേയും പ്രൊസീഡിംഗ്സിലേയും താല്പൎയ്യങ്ങളെ വിശദമായി തെളിപ്പെടുത്തി ചോദിച്ചു. ഈ പുഞ്ചക്കാടു അയാൾക്കു ജന്മബാദ്ധ്യത ഉള്ള ഭൂമിയായിരിക്കുന്ന സ്ഥിതിക്കു അതിലേക്കു സെററിൽമെൻറംപടി വരുന്ന ചാതുർഭാഗ തുകയെപ്പററി ആലോചിപ്പാനില്ലെന്നു പറയുന്നതു സങ്കടമെന്നും കീഴക്കട പത്തു വർഷത്തെ വരുമാനത്തിന്റെ ശരാശരി തുകയെ ഗ്രാൻറായി പററുന്നതു സമ്മതമില്ലെന്നും ആണ്ടൊന്നുക്കു ൩൮൦ സക്കാർ രൂപാ വീതം കൊടുത്താൽ അയാളുടെ സകല ബാദ്ധ്യതയും ഒഴിയുന്നതു സമ്മതമെന്നും പല കാരണങ്ങളോടുകൂടി പറഞ്ഞു മൊഴി എഴുതി വച്ചിരിക്കുന്നു.

ഈ പുഞ്ചക്കാട്ടിൽ ചാതുർഭാഗം വകക്കും പണകുടി ശിവകാമി അമ്മൻ തിരുപ്പണി വകക്കും തിരിപ്പവകാശം ഉള്ളതായി കാണുന്നൊണ്ടു.

ആ രണ്ടിനത്തിലുമുള്ള മുതലിനും തനിക്കുതന്നെ അവകാശമെന്നും അതിനെ പററി വരുന്നതായും തിരുപ്പണി വകക്കുള്ള പണം സക്കാരിൽ നിന്നും പിരിക്കേണ്ടതെന്നു ഇടക്കാലത്തു ചോദ്യം ഉണ്ടായതിന്റെ ശേഷം അതിനെപ്പററി ഏറിയ വിചാരണകൾ നടന്നു ആ വക പണം മഹാജനം പിരിച്ചു കൊള്ളുന്നതിനും അക്കാൎയ്യത്തിൽ സക്കാരിൽ നിന്നും പ്രവേശിക്കാനിടയില്ലെന്നും ആ ഇനത്തിൽ കണക്കിൽ മുതൽവച്ചു കുടിശ്ശിഖ എഴുതിവന്ന പണത്തിനെ നത്തൽ എഴുതുന്നതിനും ഹജൂരിൽ നിന്നും ഉത്തരവുണ്ടായിട്ടുണ്ടെന്നും ചാതുർഭാഗക്കാറന്റെ മൊഴിയിൽ പറകയും കണക്കു വിട്ടും വരുത്തിച്ചതിൽ തിരുപ്പണി വക പണം കുടിശ്ശിഖ എഴുതി വന്നതിനെ ജമാബന്തി വക ൫൫൩-ാമതു നമ്പർ സാധനത്തുംപടി വിത്തൽ എഴുതിയിരിക്കുന്നതായി ൧൦൩൩-ാമാണ്ടത്തെ കണക്കിനാൽ കാണുകയും ആ വക സാധനത്തിനു പകപ്പു ഹാജരാക്കുകയും ചെയ്തിരിക്കുന്നു.

ഈ പുഞ്ചക്കാട്ടിൽ നിലമായി പതിച്ചുകൊടുക്കുന്ന വകക്കു തിരിപ്പു വക വച്ചു കൊടുക്കേണ്ടതെന്നു ൧൦൨൦-ാമാണ്ടു ആനിമാസം ൧൭-ാം- ജമാബന്തി വക ൩൫൦-ാം നമ്പർ ഉത്തരവിനാൽ തീരുമാനപ്പെട്ടു അങ്ങിനെ കൊടുത്തു വരുന്നതായി കാണപ്പെടുന്നു.

Recommending that the assignee of Chaturbhagam Punja lands in Thovalai be granted an annual lump payment of Rs 380 in determination of his rights, as agreed to by him, and that the lands be registered in the names of the occupants as Pandarapattom.

ചാതുർഭാഗക്കാറനുള്ള മുതലിൽ നിന്നും ആണ്ടൊന്നുക്കു ൨൦൦ പണം വീതം ദ്വാദശി ധർമ്മം വകക്കു പോകുന്നതായി ലിസ്റ്റിൽ കാണുന്നതിനെ കുറിച്ചു ചോദിച്ചതിൽ ചാതുർഭാഗക്കാറന്റെ വക പണ്ടാരം സത്രത്തിൽ വച്ചു അയാളുടെ കണക്കായിട്ടു നടത്തി വന്ന ഈ ധർമ്മം ശരിയായി നടക്കാഴികയാൽ അയാളുടെ അപേക്ഷയിന്മേൽ ആരുവാമൊഴി ക്ഷേത്രത്തിൽ വച്ചു ഉത്തരവുപ്രകാരം ൧൦൩൭ ാമാണ്ടു മുതൽ നടത്തി വരുന്നു എന്നും മേലാൽ സർക്കാർ സംബന്ധം കൂടാതെ ആ ധർമ്മം നടത്തി കൊള്ളാമെന്നും അമ്പലത്താട്ടുവാർ പിള്ള എഴുതി വച്ചിട്ടുള്ളതും വിചാരിച്ചതിലും അയാൾ പറയുന്ന ഭാഗം ശരിതന്നെ എന്നും ആ വിഷയത്തിൽ സർക്കാർ നിർബന്ധംമേൽ ആവശ്യപ്പെടത്തക്ക സ്ഥിതി ഇല്ലെന്നും അറികയും ചെയ്തിട്ടുണ്ടു.

൧൦൪൪ ാമാണ്ട് മുതൽ ൧൦൫൭-ാമാണ്ട് വരെ പത്തുവർഷത്തെ തുകപ്പടി ചാതുർഭാഗവും തിരുപ്പണിയും ഉൾപ്പടെ ശരാശരി ആണ്ടൊന്നുക്കു ൧൭൭ കാശാഹാണി പണം ചാതുർഭാഗക്കാറനു വരവുള്ളതായും സെറ്റിൽമെന്റുംപടി നിലം വകയിൽ ൻ൧ കോട്ട നെല്ലും പുരയിടം വകയിൽ ൧൭൨൧ പണവും ആ ഇനങ്ങൾക്കു തിരിച്ചു കൊടുക്കേണ്ടി വരുന്നതായിട്ടും കാണുന്നു.

അതിനേയും ഇവയ്ക്കു ഈ ഭൂമിയിലുള്ള ബാദ്ധ്യതയുടെ സ്ഥിതിയേയും ഈ സംഗതിയുടെ ആസകലാൽ ഉള്ള സ്വഭാവത്തേയും നോക്കുമ്പോൾ ചാതുർഭാഗക്കാറനായ കണക്കു സെയ്ന്തുപാണ്ഡ്യൻ അമ്പലത്താട്ടുവാർ ഇപ്പോൾ സമ്മതിച്ചിരിക്കുന്നതിന്മണ്ണം ആണ്ടൊന്നുക്കു ൩൫൦ സർക്കാർ രൂപാ.ാി.നം ഗ്രാന്റ ശാശ്വതമായി കൊടുത്തു പുഞ്ചക്കാട്ട ഭൂമിയിന്മേൽ അയാൾക്കുള്ള അവകാശങ്ങളെ ഒഴിപ്പിക്കുന്നതു തന്നെ കൊള്ളാമെന്നും അതു സർക്കാരിലേക്കു ലാഭമെന്നല്ലാതെ ഗ്രാന്റ സംഖ്യ അധികമെന്നു വിചാരിപ്പാനില്ലെന്നും തോന്നുന്നതും അങ്ങിനെ തീർച്ച ഉണ്ടാകുന്നപക്ഷം ഈ വക ഭൂമികളെ അനുഭവക്കാറരായ കുടികൾക്കു പണ്ടാരവക പാട്ടമായി പതിച്ചു കൊടുക്കേണ്ടതെന്നു വിചാരിക്കുന്നതും ആകയാൽ വസ്തുത ബോധിപ്പിച്ചു കൊള്ളുന്നു.

സമ്മതിച്ചു എഴുതി വച്ചതു നിർബന്ധത്തിൻ പേരിൽ എന്നും അതിനെ റദ്ദുചെയ്തു നാലിൽ ഒരു ഭാഗംമുതൽ കൊടുക്കണമെന്നും അമ്പലത്താട്ടുവാർ വീണ്ടും ഈമാസം ൩൩-ഹർജി ബോധിപ്പിച്ചതിനു സ്വീകരിപ്പാൻ കാരണം ഇല്ലെന്നു ഇണ്ടാസു കൊടുത്തിട്ടുള്ളതിനാൽ ആ വിവരവും ബോധിപ്പിച്ചു കൊള്ളുന്നു.

ചാതുർഭാഗക്കാറൻ എഴുതിവച്ച മൊഴിയും തിരുപ്പണി വക ഉൾപ്പടെ പത്തു വർഷത്തേക്കു ചാതുർഭാഗക്കാറനു കിട്ടിവരുന്ന മുതലിനും സെറ്റിൽമെന്റുംപടി ആ വകക്കു തിരിച്ചു കൊടുക്കേണ്ടതായി വരാവുന്ന തുകക്കും തിരുപ്പണിവക പണം നിർത്തൽ എഴുതിയിരിക്കുന്നതിലേക്കും എഴുതിച്ചിട്ടുള്ള ലിസ്റ്റുകളും മേൽ വിവരിക്കപ്പെട്ട ഉത്തരവിനും സാധനത്തിനും പകർപ്പുകളും ഉൾപ്പടെ കടലാസു എണ്ണം ൨൯-ം ഇതോടുകൂടി അയച്ചിരിക്കുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ,
കണ്ടെഴുത്തു ദിവാൻ പേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പർ ൩൨൧൨/൨൩൩.

൧൦൫൨-ാമാണ്ടു കർക്കടകമാസം ൧൭൩-
൧൮൭൭-ാംവർഷം ജൂലായിമാസം ൩൧൩-

ഇറിടത്തെച്ചെയ്തി ആവിതു

നെടുമങ്ങാട്ടു താലൂക്കിൽ ചേർന്ന വാമനപുരം പകുതിയിലെ നിലം പുരയിടങ്ങൾ ക്ലാക്കു തിരിച്ചു മൻകരത്തിനും മററം തയ്യാറാക്കിയിട്ടുള്ള സ്റ്റേറ്റമെൻറുകൾ ഇതു സഹിതം അയച്ചിരിക്കുന്നു. ഈ പകുതിയിൽ നിലത്തിനു ൭ മുതൽ ൧൯ വരേയും പുരയിടങ്ങളിൽ തെങ്ങിനു ൩ മുതൽ ൨ വരേയും തറയ്ക്കു൯ മുതൽ ൧൩ വരേയും തരങ്ങൾ നിശ്ചയിച്ചിട്ടുള്ളതും നിലത്തിനു ൧൯-ാം തരം നൂതനമായി ഇട്ടിട്ടുള്ളതു ഈ പകുതിയിൽ മൻപു വിത്തു അര,കാലെ അരയ്ക്കാൽ, കാൽ, അരയ്ക്കാൽ, വിതംപതിഞ്ഞിട്ടുള്ള അടവി മലകളിലും കോണം കുറിച്ചികളിലും ഉള്ളതില്പ്പം മൃഗശല്യവും മററം അധികവും ഉള്ള നിലങ്ങൾക്കും ആകുന്നു. ആ തരത്തിനു കുറവു നിക്കി ആണ്ടു ൧ ക്കു അഞ്ചു ഇടങ്ങഴി നെല്ലു പാട്ടം വച്ചിട്ടുള്ളതാകുന്നു.

Scheme Report of Vamanapuram village, Nedumangad taluk

വിരുത്തിയും തനതും ഒഴിച്ചു മുൻകണക്കിൻപടി ൩൭൧൨ പറ നിലത്തിനു നാളതു നിറത്തലും പുതുവലും വകയിൽ കൂടുതൽ ഉള്ള ൪൪൯൦ പറ നിലം ഉൾപ്പെടെ ൭൯൪൪ പറ നിലവും ൯൪൩൨ പറ നെല്ലു മുൻകരത്തിനു ൭൦൪൩ പറ നെല്ലു നാളതു കരവും ഉണ്ടു. പുതുവലും നിറത്തലും നീക്കി സൎവെ വിസ്തീൎണ്ണത്തിൽ ൪൦൦-നു ൪൪ വീതവും കരത്തിൽ ൰൦ വീതവും കൂടുതലുള്ളതാകുന്നു. പുരയിടം വകയിൽ ൬൩൨൭ പണം മുൻ പാട്ടത്തിനു നാളതു ൱൯൯൪ പണം പാട്ടം ഉണ്ടു. അതു ൪൦൦ നു ൪൯ വീതം കൂടുതലാകുന്നു. മുൻ തെങ്ങൊന്നിനു ശരാശരി ൪ ചക്രം പാട്ടം ഉള്ളതിനു ഇപ്പോൾ ൪ ചക്രം ൰ കാശു വീതം നിൽക്കുന്നുണ്ടു. സ്റ്റേറ്റുമെൻറുകൾ അവിടേയും പരിശോധിച്ചു തരങ്ങൾക്കു അനുവാദമുണ്ടാവാറാകണം.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവൎകളെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പർ ൪൯.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെൻറ

൪൦൩൯ാമാണ്ടു ചിങ്ങമാസം ൭നു-
൪൮൬൩ാം വൎഷം ആഗസ്റ്റ് മാസം ൨൪നു-
തിരുവനന്തപുരം.

ഇവിടത്തെച്ചെയ്തി ആവിതു.

Sanctioning the Scheme Report of Vamanapuram village, Nedumangad taluk.

നെടുമങ്ങാട്ടു താലൂക്കിൽ ചേൎന്ന വാമനപുരം പകുതിയിലെ നിലം പുരയിടങ്ങൾ ബ്ലാക്കു തിരിച്ചു മുൻകരത്തിനും മററും തയ്യാറാക്കിച്ചിട്ടുള്ള സ്റ്റേറ്റുമെൻറുകൾ അയച്ചിരിക്കുന്നതായും ഈ പകുതിയിൽ നിലത്തിനു ൩ മുതൽ ൪൯ വരെയും പുരയിടങ്ങളിൽ തെങ്ങിനു ൱ മുതൽ ൮ വരേയും തറയ്ക്കു൯ മുതൽ ൪൰ വരേയും തരങ്ങൾ നിശ്ചയിച്ചിട്ടുള്ളതായിട്ടും നിലത്തിനു ൪൯ാം തരം നൂതനമായി ഇട്ടിട്ടുള്ളതു ഈ പകുതിയിൽ മുൻ വിത്താര, കാലേഅരയ്ക്കാൽ, കാൽ, അരക്കാൽ, വീതം പതിഞ്ഞിട്ടുള്ള അടവി മലകളിലും കൊണംകുറിച്ചികളിലും ഉള്ള തില്ലും മൃഗശല്യവും മററും അധികവും ഉള്ള നിലങ്ങൾക്കും ആകുന്നു എന്നും ആ തരത്തിനു കുറവു നീക്കി ആണ്ടൊന്നുക്കു അഞ്ചിടങ്ങഴി നെല്ലു പാട്ടം വച്ചിട്ടുള്ള പ്രകാരവും വിരുത്തിയും തനതും ഒഴിച്ചു മുൻകണക്കിൻപടി ൩൭൧൨ പറ നിലത്തിനു നാളതു പുതുവലും നിറത്തലും വകയിൽ കൂടുതൽ ഉള്ള ൪൪൯൦ പറ നിലം ഉൾപ്പെടെ ൭൯൪൪ പറ നിലവും ൯൪൩൨ പറ നെല്ലു മുൻ കരത്തിനു ൭൦൪൩ പറ നെല്ലു നാളതു കരവും ഉണ്ടെന്നും പുതുവലും നിറത്തലും നീക്കി സൎവെ വിസ്തീൎണ്ണത്തിൽ നൂററിനു ൪൪ വീതവും കരത്തിൽ ൰൦ വീതവും പുരയിടംവകയിൽ ൬൩൨൭ പണം മുൻപാട്ടത്തിനു നാളതു ൱൯൯൪ പണം പാട്ടം ഉള്ളതും അതു നൂററിനു ൪൯ വീതവും കൂടുതൽ ആകുന്നു എന്നും മുൻ തെങ്ങൊന്നിനു ശരാശരി ഒരുചക്രം പാട്ടം ഉള്ളതിനു നാളതു ഒരു ചക്രം മൂന്നുകാശു വീതം നിൽക്കുന്നതിനാൽ സ്റ്റേറ്റുമെൻറുകളെ പരിശോധിച്ചു തരങ്ങൾക്കു വേണ്ട അനുവാദം ഉണ്ടാകണമെന്നും ൱൯൪൮/൨൱ ാമതു നമ്പരിൽ ൪൦൩൮ാമാണ്ടു കൎക്കടക മാസം ൪൭നു- എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

൮. ഈവക വിചാരണ പകുതികളിൽ ചെന്നു താമസിച്ചു നടത്തുന്നതു കാര്യനടപ്പിനു എളുപ്പമെന്നുകണ്ടാൽ അങ്ങനെഅയച്ചു നടത്തിക്കാം. കുടി ഉപദ്രവവും ആവലാധിയും നേരിടാതെ ഇരിപ്പാൻ സൂപ്പർവൈസർ കുടക്കൂടെ സ്ഥലങ്ങളിൽ സഞ്ചരിച്ചു പ്രത്യേകം അന്വെഷിച്ചു ശരിയായി നടത്തിക്കണം.

കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പ്ര ൫൫൨.

ഹജൂർ കണ്ടെഴുത്തു ഡിപ്പാട്ടുമെണ്ട.
൧൦൬൯-ാമാണ്ടു മേടമാസം ൧൭-നു
൧൮൯൪-ാം വർഷം ഏപ്രിൽമാസം ൨൮-നു

Sanctioning the transfer to the revenue department of the work of collecting data for levying Kadapattam on a uniform principle.

സെററിൽമെണ്ട നടക്കുന്നതിനോടുകൂടി ഓരോ താലൂക്കുകളിലുംഉള്ള കടകൾ കണ്ടെഴുതി കടപ്പാട്ടം പിരിപ്പിക്കുന്നതിനു ഒരു വ്യവസ്ഥ ചെയ്യേണ്ടതിലേക്കു മൈനർ സർക്യൂട്ടിലും മററും ഉള്ള എല്ലാ കടകളേയും പ്രത്യേകം തിരിച്ചു കണ്ടെഴുതി തിരുവനന്തപുരത്തേക്കു തയ്യാറാക്കിയിട്ടുള്ളതുപോലെ. ഒരു രജിസ്റ്റർ വേണ്ടതാകയാൽ ഓരോ താലൂക്കിലും സെററിൽമെണ്ട തീൎന്നുവരുന്ന സമയം മേൽപ്രകാരം രജിസ്റ്റർ തയ്യാറാക്കിച്ച് അതിനു ഒരു പ്രതി ഇവിടെ അയപ്പിക്കയും ആ രജിസ്റ്ററിൽ മുമ്പു കടപ്പാട്ടംകൊണ്ട തീൎന്നുവരുന്നതുകളെ പ്രത്യേകം വിവരപ്പെടുത്തുകയും ചെയ്യേണ്ടതിനെപ്പററി എഴുതി അയച്ചിരുന്നതിനു തിരുവനന്തപുരം താലൂക്കിലുള്ള കടകളുടെ വകക്കു അവിടെനിന്നും താലൂക്കിലേക്കു ലിസ്റ്റ് കൊടുത്തിട്ടില്ലെന്നും ഹജൂരിൽനിന്നും ആവശ്യപ്പെട്ടതിന്മണ്ണം ഡിവിഷൻ മുഖാന്തിരം ലിസ്റ്റ് വന്നിട്ടുള്ളതായും സെററിൽമെണ്ട തീൎന്നിട്ടുള്ള ചിറയിൻകീഴ് താലൂക്കിൽ കിഴിൽ കടപ്പാട്ടം മുതൽ കൂട്ടിയിട്ടില്ലെന്നും കാണുന്നതായും അവിടെയുള്ള കടകളുടെ വകക്കു റിക്കാർഡിൽ വിവരം വരുത്തിയിട്ടില്ലെന്നും ഈ താലൂക്കിലുള്ള മിക്ക ക്ലാസിഫയരന്മാരേയും അന്യ സ്ഥലങ്ങളിലേക്കു അയച്ചുപോയിട്ടുള്ളതും ഇപ്പൊൾഉള്ളവരെ തിട്ടം വരുത്തുവാൻ ഫീൽഡിൽ അയക്കുണപക്ഷം മററ ജോലികൾ മിനക്കെടുവാൻ ഇടവരുമെന്നുള്ളതും ആണെന്നും കടകൾ ആണ്ടുതോറും തിട്ടംവരുത്തി സഞ്ചായപ്പാട്ടമായി പാട്ടം മുതൽ കൂട്ടിക്കേണ്ടതാകയാൽ ചിറയിൻകീഴും മററ താലൂക്കുകളിലും ഈ ഇനം വേല തിരുവനന്തപുരത്തു നടന്നിരിക്കുന്നതുപോലെ റവന്യൂഡിപ്പാട്ടുമെണ്ട മുഖാന്തിരംതന്നെ നടത്തിക്കുന്നതായാൽ സൌകൎയ്യമായിരിക്കുമെന്നും ൭൧൦൧/൮൧൬ാമത് നമ്പരിൽ ഈ മാസം ൧൬-നു എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയുംചെയ്തു.

അതിന്മണ്ണം ഈ നടപടി റവന്യൂ ഡിപ്പാട്ടുമെണ്ട മുഖാന്തിരം നടത്തിക്കുന്നതിനു ഡിവിഷനിലേക്കു എഴുതി അയച്ചിരിക്കുന്നു.

ഇച്ചെയ്തി &c.
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പ്ര ൭൭൭/൮൦

തിരുവനന്തപുരം,

൧൦൭൪-ാമാണ്ടു മേടമാസം ൩൦-നു

൧൮൯൯-ാം വർഷം മേമാസം ൧൧-നു

Instructions for the simplification of registration inquiries.

രജിസ്ട്രേഷൻ സംബന്ധിച്ചു ലാൻറ രജിസ്റ്ററിൻ പ്രകാരമുള്ള അനുഭോഗക്കാരെക്കൂടി വരുത്തി മൊഴിവാങ്ങണമെന്നു വ്യവസ്ഥചെയ്തു നടന്നുവരുന്നുണ്ടു. ഈ നടപടിനിമിത്തം കേസ്സു തീരുന്ന വിഷയത്തിൽ അധികമായ കാലതാമസവും വൃഥാ ബുദ്ധിമുട്ടും ഉണ്ടാകുന്നതായും കണക്കിൽ പതിഞ്ഞിട്ടുള്ള വസ്തുക്കൾക്കു പ്രമാണം പരാതിയുമ്പോൾ ഇതുകളെ നിർണ്ണയിച്ചു വിചാരണ നടത്തിവരുന്ന സ്ഥിതിക്കു ലാൻറ രജിസ്റ്ററിലെ അനുഭോഗക്കാരോടു മൊഴി വാങ്ങാത്തതുകൊണ്ടു കാര്യഭാഗത്തിൽ ന്യൂനതകൾ ഇടയില്ലെന്നും രജിസ്ട്രേഷൻ വേല ചുരുക്കത്തിലും ശീഘ്രമായും കക്ഷികൾക്കു അനാവശ്യമായ ബുദ്ധിമുട്ടിനു സംഗതി ആകാതേയും തീരേണ്ടതിനു വേണ്ടപ്പോൾ മുതൽക്കു വിചാരണ നടത്തിയാൽ മതിയാകുമെന്നു ഏർപ്പാടുചെയ്തു നടന്നുവരുന്നതുപോലെ ഇതിലേക്കും ഒരു വ്യവസ്ഥചെയ്യേണ്ടതു ആവശ്യമെന്നും കാണുന്നു. ഏതാനും സ്ഥലങ്ങളിലെ ലാൻറ രജിസ്റ്റർ ക്ലാസിഫിക്കേഷൻ രജിസ്റ്റർ ഇതുകൾ തിട്ടപ്പെടുത്തിച്ചു ലിസ്റ്റ് വരുത്തിനോക്കിയതിൽ മിക്കവാറും വസ്തുക്കൾക്കു രണ്ടു രജിസ്റ്ററിലേയും പേരുകാരൻ ഒന്നുതന്നെ എന്നും അധികമായ വ്യത്യാസങ്ങൾ ഇല്ലെന്നും കാണപ്പെടുന്നു. അതിനാൽ പേരിൽപതിയാത്ത പുതുവൽ വസ്തുക്കൾക്കുമാത്രം രണ്ടു രജിസ്റ്ററിലേയും അനുഭോഗക്കാരേയും ഏർപ്പാടുപ്രകാരം വരുത്തി മൊഴിവാങ്ങിക്കേണ്ടതും മററു വസ്തുക്കൾസംബന്ധിച്ചു മേലാൽ ആ നടപടി ആവശ്യമില്ലാത്തതുമാകുന്നു. എന്നാൽ എല്ലാ കേസുകളിലും രജിസ്റ്ററുകളിലെ അനുഭവപ്പേരുകളെ പതിച്ചിരിക്കേണ്ടതും പതിഞ്ഞ വസ്തുക്കൾ സംബന്ധിച്ചു ലാൻറ രജിസ്റ്ററിലെ പേരുകാരനെ വരുത്താതെ തീരുമാനിക്കാൻ പാടില്ലെന്നും വരുത്തിയെതീരുഎന്നും കാണുന്ന സംഗതികൾക്കു അതിന്മണ്ണം ചെയ്യുന്നതിൽ വിരോധം ഇല്ലാത്തതുമാകയാൽ ഈ താല്പര്യപ്രകാരം നടത്തിക്കയും വേഗത്തിൽ കേസുകൾ തീരുന്നതിനു വേണ്ടപോലെ സൂപ്പർവൈസർ നിഷ്കർഷിക്കയും ചെയ്തുകൊള്ളണം.

കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പർ ൧൪൦൯/൯൮.

ക്യാമ്പ് കാർത്തികപ്പള്ളി,

൧൦൭൪-ാമാണ്ടു ഇടവമാസം ൧൫-നു

൧൮൯൯-ാം വർഷം മേമാസം ൨൭-നു

ഇവിടത്തെച്ചെയ്തിയാവിതു.

Treatment of trees standing on porambokes.

ഇടവഴി, തോട്ടിൻെറകര, ആററവരമ്പു, കളുവരമ്പു മുതലായ പുറമ്പോക്കുകളിൽ കുടികൾ പുതുവലായി തെങ്ങു മുതലായ വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ചു അനുഭവിച്ചു വരുന്നതായി കണ്ടെഴുത്തു വിചാരണയിൽ വെളിപ്പെടുന്ന വകകൾ ആതുകളെ പതിച്ചു പട്ടയം കൊടുക്കുന്നതിനിടയില്ലെന്നും കുത്തകപ്പാട്ടത്തിനു ഏല്പിക്കേണ്ടതിലേക്കു റവന്യൂ ഡിപ്പാർട്ടുമെണ്ടിലേക്കു ലിസ്റ്റയക്കണമെന്നും തീരുമാനിച്ചു ആ വിധം ലിസ്റ്റുകൾ അയച്ചുവരുന്നുണ്ടു. ആ വക വൃക്ഷങ്ങൾക്കു കുത്തകപ്പാട്ട ക്രമത്തിനു പാട്ടം കണ്ടു ദേഹണ്ഡക്കാരരായ അനുഭോഗക്കാരരെതന്നെ കാലസംഖ്യവച്ചു ഏല്പിക്കാതെ കുത്തകപ്പാട്ടത്തിനു ലേലംവിളിച്ചു കൂടുതൽ തുകകൾ ആളേറ്റപ്പെടുത്തി നടത്തിച്ചുവരുന്നതായിട്ടും പ്രയത്നം ചെയ്തു അനുഭവിച്ചുവന്നവരെ വിട്ടു മേൽപ്രകാരം വൃക്ഷങ്ങളെ അന്യന്മാരെ ഏല്പിക്കുന്നതു നിമിത്തം ആ കുടികൾക്കു ഏററവും സങ്കടത്തിനിടയായി തീർന്നിരിക്കുന്നതായും കാണുന്നു. കുത്തകപ്പാട്ടത്തിനു മനസ്സില്ലെന്നു ഒഴിയുന്നവരുടെ വകകൾമാത്രം ദേഹണ്ഡക്കാരരെ വിട്ടു എടുത്തു ലേലം വിളിപ്പിച്ചു അന്യന്മാരെ ഏല്പിക്കുന്നതു ന്യായമായിരിക്കുമെന്നുള്ളതാണു.

കുത്തകപ്പാട്ടക്രമത്തിനു ഏററ നടപ്പാൻ നാളതുവരെ അനുഭവിച്ചവൻ സമ്മതിക്കുന്ന സംഗതികളിൽ ആതതു അനുഭവക്കാരരുടെ പേരിൽതന്നെ കാലസംഖ്യവച്ചു ഏല്പിച്ചു കൊടുക്കുന്നതു വിഹിതവും പൊതുവെ ജനങ്ങളുടെ സമാധാനത്തിനു ആവശ്യവും ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അവിടേയും ആലോചിച്ചു വേണ്ടതുപോലെ സ്ഥലങ്ങളിലേക്കു ഉത്തരവു കൊടുക്കുന്ന വിവരത്തിനു മറുപടി കിട്ടുവാൻവേണ്ടി വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
കണ്ടെഴുത്തു ദിവാൻ പേഷ്കാർ
വി. നാഗമയ്യാ.

---

നംബർ ൧൨൭൯/൯൩൦.

തിരുവനന്തപുരം

൧൦൯൯-ാമാണ്ടു കക്കടകമാസം ൧൨-ാംനു-.
൧൯൨൪-ാം വർഷം ജൂലായി മാസം ൨൭-ാംനു-.

ഇവിടത്തെച്ചെയ്യിത്തുവിളു.

കാത്തികപ്പള്ളി മണ്ടപത്തുംവാതുക്കൽ ചേന്ന പള്ളിപ്പാട്ടു പ്രവൃത്തിയിൽ നീണ്ടൂർ മുറിയിൽ നീണ്ടൂർ കൊട്ടാരത്തിൽ പണ്ടാല ഇരവിവമ്മന്റെ വക നീണ്ടൂർ വിഷ്ണുക്ഷേത്രം പണ്ടാല അന്യംനിന്നുപോയതിന്റെ ശേഷം കരമേൽ പ്രധാനികളായ നീണ്ടൂർ മുറിയിൽ വേമ്പുവിള വീട്ടിൽ കമാരൻ നാരായണൻ മുതൽപേരുകൂടി ദേവസ്വംവക വസ്തുക്കളുടെ പാട്ടവും മിച്ചവാരവുംവാങ്ങി പൂജ അടിയന്തിരം മുതലായതു മുട്ടുകൂടാതെ നടത്തി വരുന്നതായും ദേവസ്വം കാര്യാദികൾ ഇതുപോലെ മേലും നടത്തുന്നതു പ്രയാസമായിരിക്കുന്നതിനാൽ ഈ വിഷ്ണുക്ഷേത്രവും ആവക വസ്തുക്കളും സക്കാരിൽ ചേത്തു നടത്തിപ്പാനുള്ളതെന്നും കരക്കാരരായ നാരായണൻ രാമൻ മുതൽപേരു എഴുതിവച്ചിട്ടുള്ള മൊഴിയും ദേവസ്വം വകയായി പണ്ടാലയുടെ പേരിൽ പതിഞ്ഞിരിക്കുന്ന വസ്തുക്കളിൽ നിന്നും മുതൽ എടുത്തു വരുന്ന നെല്ലിനും പണത്തിനും ക്ഷേത്രത്തിലെ നിത്യനിദാനം പൂജ അടിയന്തിരം മുതലായ വകക്കു ആണ്ടടക്കം ചിലവുള്ളതിനും കാര്യവിചാരക്കാറനായ വേമ്പുവിള വീട്ടിൽ നാരായണൻ രാമൻ എഴുതി ഏല്പിച്ചിട്ടുള്ള കണക്കും ഈ ക്ഷേത്രം വകയായി അന്യം നിന്ന പണ്ടാലയുടെ പേരിൽ പതിഞ്ഞിട്ടുള്ള നിലം പുരയിടങ്ങളുടെ വകക്കു നാളതു സെററിൽമെൻറം പ്രകാരം പാട്ടം തിട്ടം വരുത്തി എഴുതിയിട്ടുള്ള സ്റ്റേററമെൻറം ഈ വകയിൽ ൨൩ പറ നിലത്തിനു പണ്ടാലയുടെ ആധാരം ബോധപ്പെടുത്തി ഉത്തരവിൻപ്രകാരം മിച്ചവാരം മുതൽ കൂട്ടിയിട്ടുള്ളതിനു ൧൦൮൧-ാമാണ്ടത്തെ തവണമുടക്കത്തിനു പകപ്പെഴുതിച്ചു വരുത്തി ആയതും ഇതുസഹിതം അയച്ചിരിക്കുന്നു.

* Regarding the taking over of the lands of the escheated Neendur Vishnu temple in Pallipaad Proverthy, Karthigapalli Taluk, and the making of arrangements for the fixing of a scale of expenditure for and the management of the temple by the revenue department.

നീണ്ടൂർ പണ്ടാല അന്യം നിന്നതു ഇന്നപ്പോഴാണെന്നു കണക്കുകൊണ്ടും കരക്കാറരുടെ മൊഴിയിനാലും സ്ഥിരപ്പെടുത്തുവാൻ പാടില്ലെന്നു വരുകിലും ൧൦൦൧-ാമാണ്ടത്തേക്കു മുമ്പിലെന്നു ആയാണ്ടത്തെ കണക്കുകൊണ്ടു വെളിവാകുന്നുണ്ടു.

നീണ്ടൂർ ദേവസ്വം വകയായി പണ്ടാലയുടെ പേരിൽ ൧൧൧ പറ നിലവും നാലു ലക്കത്തിൽ ആയിട്ടു പത്തു മറി പുരയിടവും കരം ഒഴിവായിട്ടു പതിഞ്ഞിട്ടുള്ളതിൽ ൩൪ പറ ൧ ഇടങ്ങഴി നിലം ആയക്കെട്ടു കാലത്തും ഇടക്കാലത്തുമായി ഓരോരുത്തരുടെ പേരിൽ മിച്ചവാരം കരം പതിഞ്ഞും ശേഷം വസ്തുക്കൾ കരം കൂടാതെ പണ്ടാലയുടെ ആധാരപ്രകാരവും വെൺപാട്ട അവകാശത്തുമേലും കുടികൾ നടന്നുവരുന്നതായിട്ടാണു കാണുന്നതു.

നാളതു സെററിൽമെൻറംപ്രകാരം മിച്ചവാരം കരം കൊണ്ടിട്ടുള്ള വസ്തുക്കൾ ഉൾപ്പടെ ൧൧൦ പറ ൩ ഇടങ്ങഴി നിലവും അതിനു ൨൩൭ പറ ൧ ഇടങ്ങഴി നെല്ലും ൧൨ നംബർ പുരയിടത്തിനു ൧൧൩ മുക്കാലെ അരക്കാൽ കാമാഹാണിപ്പണവും പാട്ടം ഉള്ളതായി കാണപ്പെടുന്നു.

ദേവസ്വം നിത്യനിദാനം ചിലവു വകക്കു കരക്കാറരു ഇപ്പോൾ മുതലെടുത്തു വരുന്ന ക്രമത്തിനു എഴുതി ഏല്പിച്ചിട്ടുള്ള കണക്കു നോക്കിയതിൽ ൧൦൦ പറ ൨ ഇടങ്ങഴി നെല്ലും ൩൫ പണവും ആണ്ടടക്കം മുതൽ ചിലവുള്ളതായി കണ്ടിരിക്കുന്നു. ആ ചിലവു തള്ളിയാൽ ൧൩൩ പറ ൪ ഇടങ്ങഴി നെല്ലും ൩൭ മുക്കാലെഅരക്കാൽ കാമാഹാണി പണവും നാളതു പാട്ടക്കരത്തിൽ മിച്ചം ഉള്ളതാകുന്നു.

ക്ഷേത്രത്തിലെ ഉടമസ്ഥനായ പണ്ടാല അന്യംനിന്നു പോയസ്ഥിതിക്കു കരക്കാറരുടെ അപേക്ഷപോലെ ക്ഷേത്രം സക്കാരിൽ ചേത്തു വസ്തുക്കൾ പാട്ടം കെട്ടി മുതൽ വരുത്തുകയും ക്ഷേത്രത്തിലെ പൂജ അടിയന്തിരാദികൾക്കു മുതലിനു തക്കവണ്ണം ശരിയായ പതിവു ഏല്പെടുത്തി നടത്തിക്കയും ചെയ്യുന്നതു വിഹിതമായിട്ടുള്ളതും അതിൽവച്ചു സക്കാരിലേക്കു ആദായമുള്ളാതെ നഷ്ടത്തിനു കാരണമില്ലാത്തതുമാകുന്നു.

അന്ന്യം നിന്ന പണ്ടാലയുടെ പ്രമാണം ഇല്ലാതെ അനുഭവിച്ചു വരുന്ന വസ്തുക്കൾ ലേലത്തിൽ വില്പിക്കുന്നതിലും വിലയർത്ഥം തീർപ്പിക്കുന്നതിലുംമുതൽവരുന്നതുമാണ.

ഈ ക്ഷേത്രകാൎയ്യം കരക്കാരുടെ വിചാരത്തിൽ ഇരിക്കുന്നതു നിമിത്തം പൂജഅടിയന്തിരം മുതലായതു വേണ്ടപോലെ നടക്കുന്നില്ലെന്നും അന്ന്യം നിന്ന ഉടനെ സൎക്കാരിൽ ചേൎക്കേണ്ടതുപോലെ നടത്തിയിട്ടില്ലെന്നു വരുകിലും ദേവസ്വവും വസ്തുക്കളും സൎക്കാരിൽ ചേൎക്കുന്നതിനു കരക്കാർ ഇപ്പോൾ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നതായും കാണുന്നതുകൊണ്ടു അതിന്മണ്ണം ആ വക വസ്തുക്കളെപ്പററി പുള്ളിപ്പടി നടപടി നടത്തി അനുഭവക്കാരരുടെ പേരിൽ വലയൎത്ഥം തീൎപ്പിച്ചും മററും മറപോലെ പാട്ടംകെട്ടി മുതൽ വരുത്തുന്നതിനും ഈ ക്ഷേത്രത്തിനെ അരിപ്പാട്ടു ക്ഷേത്രം കീഴിടായി ചേൎത്തു മുതലിനു തക്കവണ്ണം പതിവു ഏൎപ്പെടുത്തി പൂജ അടിയന്തിരാദികൾ നടത്തിക്കുന്നതിലേക്കു ഡിവിഷൻ മുഖാന്തിരം ഏൎപ്പാടു ചെയ്‌വാനും നിദാനം വരുവാൻ വേണ്ട വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു. ഇതിലേക്കു മറുപടി വരുന്നതുപോലെ ഈ വസ്തുക്കൾ സംബന്ധിച്ചു രജിസ്ത്രേഷൻ കേസുകൾ തീൎച്ച ചെയ്‌വാനുള്ളതും ഈയിനത്തിൽ പതിനഞ്ചു കേസുവരെ കിടപ്പുള്ളതുമാകയാൽ ആ വിവരവും ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പ്ര ൩൯൦.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെണ്ടു.

൧൦൩൯-ാമാണ്ടു കൎക്കടകമാസം ൩൦-നു-
൧൮൬൪-ാം വൎഷം ആഗസ്റ്റുമാസം ൧൩-നു-

ഇവിടത്തെച്ചെയ്തി ആവിതു.

Stating that instructions have been issued to the revenue department for the Neendur Visnu temple being taken under Sircar maintenance from the date of introduction of the new rates of tax in the Kartigapalli Taluk and directing the temple lands being registered as Devaswam Pattom according to the rules.

കാൎത്തികപ്പള്ളി മണ്ടപത്തുംവാതുക്കൽചേൎന്ന പള്ളിപ്പാട്ടു പ്രവൃത്തിയിൽ നീണ്ടൂർ മുറിയിൽ നീണ്ടൂർ കൊട്ടാരത്തിൽ പണ്ടാല ഇരവിവൎമ്മന്റെ വക നീണ്ടൂർ വിഷ്ണു ക്ഷേത്രം പണ്ടാല അന്ന്യംനിന്നു പോയതിന്റെ ശേഷം കരമേൽ പ്രധാനികളായ വേമ്പുവിള വീട്ടിൽ കമാരൻ നാരായണൻ മുതൽപേരുകൂടി ദേവസ്വം വക വസ്തുക്കളുടെ പാട്ടവും മിച്ചവാരവും വാങ്ങി പൂജ മുതലായ അടിയന്ത്രം മുട്ടുകൂടാതെ നടത്തിച്ചു വരുന്നതായും ദേവസ്വം കാൎയ്യാദികൾ ഇതുപോലെ മേലും നടത്തുന്നതു പ്രയാസമായിരിക്കുന്നതിനാൽ ഈ വിഷ്ണുക്ഷേത്രവും ആ വസ്തുക്കളും സൎക്കാരിൽ ചേൎത്തു നടത്തിപ്പാനുള്ളതെന്നും കരക്കാറരായ നാരായണൻ രാമൻ മുതൽപേരു എഴുതിവച്ചിട്ടുള്ള മൊഴിയും ദേവസ്വം വകയായി പണ്ടാലപേരിൽ പതിഞ്ഞിരിക്കുന്ന വസ്തുക്കളിൽ നിന്നും മുതലെടുത്തുവരുന്ന നെല്ലിനും പണത്തിനും ക്ഷേത്രത്തിലെ നിത്യനിദാനം പൂജ അടിയന്ത്രം മുതലായവകക്കു ആണ്ടടക്കം ചിലവുള്ളതിനും കാൎയ്യവിചാരക്കാറനായ വേമ്പുവിള വീട്ടിൽ നാരായണൻ രാമൻ എഴുതി ഏല്പിച്ചിട്ടുള്ള കണക്കും ഈ ക്ഷേത്രം വകയായി പണ്ടാലയുടെ പേരിൽ പതിഞ്ഞിട്ടുള്ള നിലം പുരയിടങ്ങളുടെ വകക്കു നാളതു സെററിൽമെണ്ടുപ്രകാരം പാട്ടം തിട്ടംവരുത്തി എഴുതീട്ടുള്ള സ്റ്റേറമെൻറും ഈ വകയിൽ വന്ന പറ നിലത്തിനു പണ്ടാലയുടെ ആധാരം ബോധപ്പെടുത്തി മുപ്പറ മുതൽകൂട്ടിയിട്ടുള്ളതിനു ൧൦൩൧-ാമാണ്ടത്തെ തവണമുടക്കത്തിനു പകൎപ്പെഴുതിച്ചു വരുത്തി ആയതും അയച്ചിരിക്കുന്നപ്രകാരവും ഈ പണ്ടാലയുടെ വകയായി ൧൧൧ പറ നിലവും ൭ ലക്കത്തിലായിട്ടു പത്തു മുറിപുരയിടവും കരം ഒഴിവായി പതിഞ്ഞിട്ടുള്ളതിൽ ൩൭ പറ ൧ ഇടങ്ങഴി നിലം ആയക്കെട്ടുകാലത്തും ഇടക്കാലത്തുമായി ഓരോരുത്തരുടെ പേരിൽ മുപ്പറ കരം പതിഞ്ഞും ശേഷം വസ്തുക്കൾ പണ്ടാലയുടെ ആധാരപ്രകാരവും വെൺപാട്ട അവകാശത്തിന്മേലും കുടികൾ നടന്നുവരുന്നു എന്നും നാളതു സെററിൽമെൻറുപ്രകാരം മുപ്പറ കരം കൊണ്ടിട്ടുള്ള വസ്തുക്കൾ ഉൾപ്പടെ ൧൦൯ പറ ൩ ഇടങ്ങഴി നിലവും ൧൨ നമ്പ്ര പുരയിടവും ഉള്ളതിൽ നിലത്തിനു ൩൬൭ പറ ൧ ഇടങ്ങഴി നെല്ലും പുരയിടത്തിനു ൧൦൩ മക്കാലെ അരയ്ക്കാൽ കാമാഹാണി പണവും പാട്ടം ഉള്ളപ്രകാരവും ദേവസ്വം നിത്യനിദാ

ന്നം ചിലവു വകക്കു കരക്കാറരു ഇപ്പോഠം മുതലെടുത്തു നടത്തിവരുന്ന ക്രമത്തിനു എഴുതി എല്പിച്ചിട്ടുള്ള കണക്കു നോക്കിയതിൽ ൪൦൦ പറ ൯ ഇടങ്ങഴി നെല്ലും ൩൯ പണവും ആണ്ടടക്കം മുതൽചിലവുള്ളതായിട്ടും ആ ചിലവു തള്ളിയാൽ ൪൩൩ പറ ൨ ഇടങ്ങഴി നെല്ലും ൩൭ മുക്കാലെ അരക്കാൽ കാമാഹാണി പണവും നാളതു പാട്ടക്കരത്തിൽ മിച്ചം ഉണ്ടെന്നും പണ്ടാല അന്ന്യം നിന്നുപോയിരിക്കുന്ന സ്ഥിതിക്കു കരക്കാറരുടെ അപേക്ഷപ്രകാരം ക്ഷേത്രം സൎക്കാരിൽ ചേൎത്തു വസ്തുക്കഠം പാട്ടംകെട്ടി മുതൽ വരുത്തുകയും ക്ഷേത്രത്തിലെ പൂജ അടിയന്ത്രാദികഠംക്കു മുതലിനു തക്കവണ്ണം ശരിയായ പതിവു ഏൎപ്പെടുത്തി നടത്തിക്കയും ഈ ക്ഷേത്രത്തിനെ അരിപ്പാട്ടുദേവസ്വം കീഴിടായി ചേൎക്കയും ചെയ്യാനുള്ളതെന്നുംമററം പേഷ്കാരുടെ സാധനംവന്നു അതിനുണ്ണും ഈ ക്ഷേത്രത്തിനെ അരിപ്പാട്ടുദേവസ്വം കീഴിടായി ചേൎത്തു നിത്യനിദാനം പൂജ ഉഠപ്പെട്ട വകക്കുള്ള ചിലവു പതിവിൽ കൂട്ടികൊടുത്തു നടത്തിക്കയും ആ വകയായുള്ള വസ്തുക്കളെ സെററിൽമെൻറ പാട്ടത്തിനു മുറപോലെ പതിച്ചു കൊടുക്കയും ചെയ്യാനുള്ളതെന്നു തോന്നി എഴുതി അയച്ചിരുന്നതിനെ കല്പിച്ചു അനുവദിച്ചിരിക്കുന്നതായി കൊട്ടാരംസൎവാധികാൎയ്യക്കാറരു ൨൭൬൨-ാമത നമ്പരിൽ കൎക്കടകമാസം ൨൭-നു എഴുതിയ സാധനം വന്നിരിക്കകൊണ്ടു അപ്രകാരം ദേവസ്വം വകയായുള്ള വസ്തുക്കളെ സംബന്ധിച്ചു വേണ്ട നടപടി നടത്തി സെററിൽമെൻറ പാട്ടക്രമത്തിനു ദേവസ്വം പാട്ടമായി പതിച്ചു പട്ടയം കൊടുത്തുകൊള്ളണം, ദേവസ്വം സൎക്കാരിൽ ചേൎക്കയും പൂജ ഉഠംപ്പെട്ട വകക്കുള്ള ചിലവു പതിവിൽ കൂട്ടികൊടുത്തു നടത്തിക്കയും ചെയ്യേണ്ട വ്യവസ്ഥ സെററിൽമെൻറംപടി പുത്തൻകരപ്പിരിവു തുടങ്ങുന്ന ആണ്ടു മുതൽ നടപ്പുവരുത്തേണ്ടതാണെന്നുള്ളതിനെപ്പററി ഡിവിഷനിലേക്കു എഴുതി അയച്ചിട്ടും ഉണ്ടു.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേഠപ്പിച്ചു വെക്കയുംവേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പ്ര ൩൭൪൯.

ജമാബന്തിരായസം.

൧൦൩൯-ാമാണ്ടു കൎക്കടകമാസം ൩൧-നു

൧൮൬൪-ാം വൎഷം ആഗസ്തുമാസം ൧൫-നു

ഇവിടത്തെച്ചെയ്തി ആവിത്.

That escheated lands endowed for charitable and religious purposes should be recorded as Sircar Thanathu and that their disposal should be left to the revenue department.

കോതനല്ലൂർ അധികാരത്തിൽ കോതനല്ലൂർ പകുതിയിൽ കാട്ടാല ഉടയാൻ കൃഷ്ണൻ അന്ന്യം നിന്നവക വസ്തുക്കഠംക്കു പുള്ളിപ്പടി വിചാരണ നടത്തിയതിൽ രജിസ്ത്രേഷൻ ൧൦൭-ാമത നമ്പ്ര കേസിൽഉഠംപ്പെട്ട കടിപ്പുള്ളി സവെ ൬൦൩-ാം നമ്പരിൽകൊണ്ട ൭ാമതു ലക്കം ൬ കറണ്ടിനിലം അന്ന്യംനിന്നവൻപേരിൽ ആയക്കെട്ടിൽ പതിഞ്ഞു കാട്ടാല ശങ്കരൻ പലവേശമത്തുപടിന്നാൻപേരിൽ തണ്ടപ്പേരിൽ കൊണ്ടു അവകാശി താണാവൻ ചന്തിരൻ നടന്നുവരുന്നതായും ഠരം വസ്തു പന്നിഭാഗം അമ്പലത്തിൽ വെള്ളംകോരി കഴിക്കുന്നതിനും ,തീയും, ചണ്ണാമ്പും ഇടുന്നതിനും ആയി അന്ന്യം നിന്നവൻ വിട്ടുകൊടുത്തു അനുഭവിച്ചു കരംതീൎക്കയും ചെയ്തു വരുന്നതായിട്ടും അതിലേക്കു അന്ന്യം നിന്നവന്റെ പ്രമാണംഇല്ലെന്നും മേലും ധൎമ്മംനടത്തുന്നവകയ്ക്കായി വസ്തുവിട്ടുകൊടുക്കയൊ അതിനു ഇടയില്ലാത്തപക്ഷം വിലയത്ഥം തീൎപ്പിച്ചു പാട്ടം കെട്ടിപതിച്ചുകൊടുക്കയൊ ചെയ്യണമെന്നു നടപ്പുകാരനും അതിനനുസരണമായി അയൽക്കാറരും എഴുതിവെച്ചുയാൽ ആ മൊഴികളും ഈ വസ്തുവിന്റെ വിളങ്ങിപ്പേരിനു പകൎപ്പും അയച്ചിരിക്കുന്നതായും വിട്ടുക്കത്തിൽ ഈ വസ്തു പന്നിഭാഗത്തു അമ്പലത്തിനു വിട്ടവകയെന്നു പറഞ്ഞു കാണുന്ന സ്ഥിതിക്കു മേലും ധൎമ്മവകയ്ക്കായി വിട്ടുകൊടുക്കയൊ അന്ന്യം നിന്നവന്റെ പ്രമാണം ബോധപ്പെടുത്താത്തതുകൊണ്ടു സൎക്കാർ ആദായം തീൎപ്പിച്ചു പതിച്ചുകൊടുക്കയൊ ചെയ്യേണ്ടതെന്നു ഉത്തരവുണ്ടാകണമെന്നും കൽക്കുളം സൂപ്പർവൈസരുടെ റിപ്പോൎട്ടു വരികയാൽ റിക്കാട്ടുകഠം അയച്ചിരിക്കുന്നപ്രകാരവും ഇതിലേക്കു വേണ്ട ഉത്തരവുണ്ടാകണമെന്നും ൨൮൫൯/൫൮൭ ാമത നമ്പരിൽ ൩൯ ആടി ൪൨-നു എഴുതിയ സാധനം വന്നിരിക്കുന്നതിനു ഈ വസ്തുപേരിൽപതിവുകാറൻ അന്ന്യംനിഠംപ്പായും നടപ്പുകാറനു പ്രമാണം ഇല്ലാതയും ഇരിക്കുന്നുഎങ്കിലും ധൎമ്മവകയ്ക്കായി വിട്ടിട്ടുള്ളതെന്നു കാണുന്ന സ്ഥിതിക്കുപാട്ടം കെട്ടിപ

തിക്കുന്നതു വിഹിതമായിട്ടുള്ളതല്ലാ. വസ്തുവിനെ സൎക്കാർ തനതായി സെററിൽമെൻറിൽ റിക്കാൎഡ്ചെയ്യുകയും ധൎമ്മം മുടക്കംകൂടാതെ നടക്കേണ്ടതിലേയ്ക്കു റവന്യൂഡിപ്പാൎട്ടുമെൻറ മുഖാന്തിരം വേണ്ട നടപടി നടത്തി വ്യവസ്ഥവരുത്തുകയും ചെയ്യാനുള്ളതാണ. റിക്കാൎട്ടുകൾ തിരിച്ചു അയച്ചിരിക്കുന്നു. വിവരം കണ്ടു ഡിവിഷനിലേക്കു എഴുതി അയച്ചുകൊള്ളണം.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചുകണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ ശംകരസുബ്ബയ്യൻ.

---

നംബർ ൧൭൩൦/൮൯൦

തിരുവനന്തപുരം

൧൦൬൯-ാമാണ്ട കൎക്കടകമാസം ൩൧-
൧൮൯൪-ാവൎഷം ആഗസ്റ്റമാസം ൧൫-

ഇവിടത്തെച്ചെയ്തിആവിത്.

Recommending the abolition of the practice of levying tax on vegetables and other cereals than paddy raised on certain double crop lands in Thovala Pidagai during intervals of paddy cultivation.

തോവാളപിടാകകൾവിയിൽചെന്ന പുരവുകളിൽ രണ്ടുപൂവും കൃഷിചെയ്തു ആയക്കെട്ടിൻപടിയുള്ള കരം ശരിയായി തീൎക്കുന്നതിനു പുറമെ ചിലനിലങ്ങളിൽ കത്തരി, കുവരക, പാകൽ, എള്ളു, ഉള്ളി, മുതലായ ഓരൊ പുഞ്ചകൃഷികൾ കിടയാനവന്മാരു ഇട്ടു ഫലമെടുക്കുന്ന നടപ്പുണ്ടെന്നും ആവക കൃഷികളെയും സൎക്കാരിൽനിന്നും കണ്ടെഴുതി നെൽക്കരത്തിൽ ഒന്നുപാതിയും മുക്കാൽഭാഗവുംവീതവും കരം മുതൽക്കൂട്ടി പിരിപ്പിച്ചുവരുന്നതായും കാണുന്നു.

വെറെചിലസ്ഥലങ്ങളിൽ ഈവിധം കൃഷിചെയ്യാറുണ്ടെന്നും അതിലേക്കു കരംവാങ്ങിക്കപതിവില്ലെന്നും അറിയുന്നുണ്ടു. ഓരോനിലങ്ങൾക്കും ആയക്കെട്ടിൻപടിയുള്ള കരംമുഴുവനും പിരിവുവരുന്നഅവസ്ഥക്കു വിശേഷമായി അതുകളിൽ കുടിയാനവന്മാർ അസാധാരണമായി പ്രയത്നംചെയ്തു ഏതെങ്കിലും ഫലം എടുക്കുന്നവകയ്ക്കുകൂടി കൂടുതലായ ആദായം വാങ്ങുന്നതു കുടികളുടെ ക്ഷെമത്തിനും പരിശ്രമവൎദ്ധനക്കും അടുത്തതായിരിക്കുന്നില്ലാ.

കണക്കു തിട്ടംവരുത്തിയതിൽ ഈ വകയിൽ ആണ്ടൊന്നുക്കു ശരാശരി ൧൫ കോട്ടയിൽ അധികം സൎക്കാരിലെക്കു മുതൽവന്നിട്ടില്ലെന്നു കാണുന്നു. ഇതിൽവച്ചു ഗവൎമ്മെന്റിലേക്കുള്ള ആദായം ഏററവും ചുരുങ്ങിയ സംഖ്യആയിരിക്കുന്നെയും ഒരു ഭൂമിക്കു ആയക്കെട്ടുകരം ഇത്രയെന്നു വ്യവസ്ഥപ്പെട്ടിരിക്കുന്നെയും സ്ഥിതിക്കു അതിനുപുറമെ വെറെയും കരംവാങ്ങിക്കുന്നത് അത്ര വിഹിതമല്ലെന്നും ആ നടപ്പു നിറുത്തൽചെയ്യാനുള്ളതെന്നും തോന്നുന്നതിനാൽ വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചുകൊള്ളുകയുംവേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ
കണ്ടെഴുത്തു ദിവാൻപേഷ്കാർ വി. നാഗമയ്യാ.

---

നംബർ ൧൧൩൫/൩൯

തിരുവനന്തപുരം

൧൦൩൯-ാമാണ്ട കൎക്കടകമാസം ൩൧-ന്

൧൮൬൪-ാംവൎഷം ആഗസ്ത്മാസം ൧൫-ന്

ഇവിടത്തെ ചെയ്തിരുവിതു.

Recommending that in the case of paddy lands in certain villages of Nanjanad the prevailing practice of imposing numerous varying rates of assessment when cultivated with vegetables & other cereals than paddy in the place of paddy be abolished in favour of a uniform rate of one-half of the paddy tax for all tenures & all descriptions of crops.

നാഞ്ചിനാട്ടിൽചെന്ന പകുതികളിൽഉള്ള നിലങ്ങളിൽ നെൽകൃഷിക്കപകരം പുഞ്ചപ്പയിരുകൾചെയ്യുന്ന നടപ്പുള്ളതിലെക്ക കരംവാങ്ങിച്ചു വരുന്നക്രമം പലവിധമായിരിക്കുന്നതിനാൽ തൽക്കാലസ്ഥിതിക്ക അനുരൂപമായവിധത്തിൽ ഏൎപ്പാടചെയ്യെണ്ടതിലെക്ക ആലോചിച്ചു റിപ്പോൎട്ടചെയ്യണമെന്നു ൨൯൨ എസ് രാമത് നംബർ പ്രൊസീഡിംഗ്സിൽ വിവരിച്ചിരിക്കുന്നതിനു,

ഇതിനെപ്പറ്റി വിചാരിച്ചതിൽ തോവാള, ചെൺപകരാമൻപുതൂര താഴക്കുടി, കന്യാകുമാരി, അഗസ്തീശ്വരം, താമരകുളം, കലശെഖരപുരം, മരുങ്കൂർ, തേരൂർ, ഈ ൯ൻപതുപകുതികളിലും നെൽകൃഷിക്കപകരമായി പുഞ്ചപ്പയിരു ചെയ്യുന്ന നടപ്പുണ്ടെന്നും അതിൽ തോവാള, ചെമ്പകരാമൻ പുതൂര ഈ പകുതികളിൽ ഒററി, ജന്മം, കുഴവടി ഈ ഇനങ്ങളിലെ നിലങ്ങളിൽ കത്തിരി, കൂവരക, ഉള്ളി, പാകൽ, എള്ള, തിന, ചീനിഅമര, കൊല്ലമുളക ഇതുകൾ കൃഷി ചെയ്യാൽ കണക്കുംപടിയുള്ള നെൽക്കരം മുഴവനും വസൂൽചെയ്യുമെന്നും ആ പകുതികളിലും ശേഷംഏഴുപകുതികളിലും പണ്ടാരവകപാട്ടം, വെട്ടൊഴിവുപാട്ടം, പാട്ടഒററി ഈ ഇനംനിലങ്ങളിൽ മെല്പറഞ്ഞ കൃഷിചെയ്യാൽ നെൽക്കരത്തിൽ മുക്കാൽഭാഗവും, ചോളം, വരക, തിന, പയറ, ചാമപുല്ല, വെള്ളരി, പൂഷണി ഈ പയിരുകൾക്ക ഒന്നുപാതിയും തോവാളയും, ചെൺപകരാമൻ പുതൂരും പകുതികളിലെ ഒററി, ജന്മം, കുഴവടി ഈ ഇനം നിലങ്ങളിൽ പാട്ടംമുതലായ മററിനങ്ങൾക്ക ഒന്നുപാതിക്കരം വസൂൽചെയ്യുന്നതായ ചോളം, വരക, മുതലായകൃഷികൾ ചെയ്യാൽ, മുക്കാൽഭാഗവും കരം വാങ്ങിവരുന്നുഎന്നും കാണപ്പെടുന്നു.

ഈ വിഷയത്തിൽ വസ്തുക്കളുടെ ഇനത്തെയും പയിരുകളുടെ വൎഗ്ഗത്തെയും പ്രമാണിച്ചു കരത്തിന്റെ ഭേദഗതികൾ ഇരിക്കുന്നതിൽവച്ചു കുടികൾക്ക ഞെരുക്കവും കീഴ് ജീവനക്കാരുടെ അഴിമതികൾക്ക ഇടയുംഉണ്ടെന്നു സാധാരണയായി വിചാരിക്കത്തക്കതായിരിക്കുന്നു.

നെൽകൃഷിക്ക സൌകൎയ്യമുള്ള കാലത്തു കുടികൾ ആ കൃഷിചെയ്യാതെ വെറെവിധം പയിരുകൾചെയ്യുന്നത് സഹജമല്ലാ. നഞ്ചകൃഷിക്കുള്ള തരക്കെടനിമിത്തം കാലക്ഷെപംകഴിക്കെണ്ടതിനെ ഉദ്ദേശിച്ചു ഇങ്ങനെ പുഞ്ചപ്പയിരുകൾ ചെയ്തുവരുന്നതായി കാണുന്നസ്ഥിതിക്ക പയിരുകളുടെ ഇനഭേദത്താൽ അവൎക്ക സിദ്ധിക്കുന്ന ആദായത്തിൽ കൂടുതൽകുറവു ഇരിക്കാമെങ്കിലും അതിനെ ഗണിക്കാതെ ഈവകക്കു പൊതുവായ ഒരുക്രമം ഏൎപ്പെടുത്തെണ്ടത് ആവശ്യമെന്നുതന്നെ തൊന്നുന്നു.

അതിനെപ്പററി ആലോചിച്ചതിൽ ഏതിനം നിലങ്ങളിലും ഏതുമാതിരി പുഞ്ചപ്പയിർ ചെയ്താലും ഇനഭെദവും പുഞ്ചപ്പയിരിന്റെ താരതമ്യവും നൊക്കാതെ കണക്കുമ്പടി അതതു പൂവിലെക്കുള്ള നെൽക്കരത്തിന്റെ ഒന്നുപാതിവീതം തീൎപ്പിക്കുകയും ശെഷം കുറച്ചുകൊടുക്കുകയും ചെയ്യുന്നത് യുക്തമായിരിക്കുമെന്നും ഈ വിധംവ്യവസ്ഥപ്പെടുത്തുന്നതിൽവച്ചു സൎക്കാരിലെക്കുള്ള ആദായത്തിൽ ഏകദേശംകുറവുവരുവാനില്ലെന്നും വിചാരിക്കുന്നു.

പ്രവൃത്തിയിൽ ജീവനക്കാറർ നിലങ്ങളിൽചെന്നു നഞ്ചകൃഷിയൊ പുഞ്ചകൃഷിയൊഎന്നു മാത്രംനോക്കി റിക്കാഡ്ചെയ്താൽ മതിയാകുമെന്നുള്ളതിനാൽ വെറെ വിധമായ അഴിമതിയ്ക്കു ഇടയുണ്ടാകുന്നതുമല്ലാ. ഈ ഭാഗങ്ങളെ അവിടെയും ആലോചിച്ചു വേണ്ട ഉത്തരവുണ്ടാകുവാറാകണം.

ഇച്ചെയ്തിഎല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീദിവാൻജി അവൎകളെ ബോധിപ്പിച്ചുകൊള്ളുകയുംവേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ

കണ്ടെഴുത്തു ഡിവാൻപേഷ്കാർ വി. നാഗമയ്യാ.

നംബർ ൧൧൩൮/൬൯.

തിരുവനന്തപുരം,

൧൦൬൯ാമാണ്ടു കർക്കടകമാസം ൩൧നു-.

൧൮൯൪ാം വൎഷം ആഗസ്റ്റുമാസം ൧൫നു-.

ഇവിടത്തെച്ചെയ്തിരുവിതു-.

Recommending the abolition of the practice in force in the villages of Anantapuram, Alagiapandipuram and Eravipudur in Nanjanad of recovering along with the Kumbham crop kist a portion of the assessment due for the Kanni crop on lands on which remission is allowed for fallows in the Kanni crop, and *vice-versa* and the introduction of a uniform system of remission for fallows in all the villages where it prevails.

നാഞ്ചിനാട്ടിൽ അഴകിയപാണ്ടിപുരം, അനന്തപുരം രണ്ടു പകുതികളിലും തരിശെഴുത്തു പതിവുള്ളതായ മാനാമാരി പുരവുകളിലെ നിലങ്ങൾക്കും ഇരവിപുത്തൂർ പകുതിയിൽ പെരുങ്കലയാറു പാശാനത്തിൽ ഉൾപ്പെട്ട എട്ടു പുരവുകളിലെ ഒററിനിലങ്ങൾക്കും വിയൻ മുതൽക്കൂട്ടി പിരിപ്പിക്ക എന്നു ഒരു ക്രമം ഏൎപ്പെട്ടിട്ടുള്ളതായും തരിശെഴുത്തുള്ള മററു പുരവുകളിൽ ആ നടപ്പില്ലെന്നും കാണുന്നു.

അതിനെപ്പററി വിചാരിച്ചതിൽ അഴകിയപാണ്ടിപുരം, അനന്തപുരം രണ്ടു പകുതികളിലും ഉള്ള നിലങ്ങൾക്കു ആയക്കെട്ടുമ്പടിയുള്ള കരത്തിനെ കന്നിപ്പൂവിലേക്കു ഒരു പങ്കും കുംഭപ്പൂവിലേക്കു ഒരു പങ്കും ആയിട്ടു പട്ടയവീതം കൊണ്ടിരിക്കുന്നുഎന്നും കന്നിപ്പൂവിൽ തരിശിടുകയും കുംഭപ്പൂവിൽ കൃഷിചെയ്യുകയും ചെയ്താൽ കുംഭപ്പൂവിലേക്കു വീതമുള്ള കരം കൂടാതെ കന്നിപ്പു കരത്തിൽ നാലിൽമൂരു ഭാഗത്തെക്കൂടെ കുംഭപ്പൂവിൽക്കൂട്ടി കൂടുതൽ ഉള്ളതു അത്രയും നെല്ലായിട്ടു തീൎപ്പിക്കയും കുംഭപ്പൂ തരിശിട്ടു കന്നിപ്പൂ കൃഷിചെയ്താൽ കന്നിപ്പൂവിലേക്കു വീതം കൊണ്ടിരിക്കുന്ന കരത്തെതന്നെ പിരിപ്പിക്കയും ചെയ്തുവരുന്നതായും ഇരവിപുത്തൂർ പകുതിയിൽ ഉള്ള മേൽ വിവരിച്ച ഒററിനിലങ്ങൾക്കു കന്നിപ്പൂവിനുമാത്രം തരിശെഴുതികൊടുക്കുന്ന പതിവെന്നും കുംഭപ്പൂവിൽ കരം തീൎപ്പിക്കുമ്പോൾ ആ നിലങ്ങൾക്കു ആണ്ടൊട്ടുക്കുള്ള കരത്തിൽ പാതിയും കന്നിപ്പൂവിലെ കരത്തിൽ മൂന്നിൽ ഒരുഭാഗവും കൂട്ടിയും ആ കൂടുതൽ അത്രയും നെല്ലായിട്ടും തീൎപ്പിച്ചു വരുന്നുഎന്നും കാണപ്പെടുന്നു.

മുൻ പറഞ്ഞ മാനാമാരിപ്പുരവുകൾക്കു കുംഭപ്പൂക്കരം കുറവായനിമിത്തം കുടികൾക്കു ക്രമമല്ലാത്ത ആദായം ലഭിച്ചുപോകരുതെന്നു വിചാരിച്ചും പെരുങ്കലയാറു പുരവിലെ ഒററിനിലങ്ങൾക്കു തരിശെഴുത്തു ഇടക്കാലത്തു ഏൎപ്പെട്ടതുകൊണ്ടു ആ വകയിൽ സൎക്കാരിലേക്കു ഉണ്ടാകുന്ന നഷ്ടത്തിൽ ഒരു ഭാഗം പോകണമെന്നുദ്ദേശിച്ചും വിയൻ തീൎപ്പിക്കുന്ന ക്രമം നടപ്പുവരുത്തിയിരിക്കുന്നതായി അറിയുന്നു.

തരിശെഴുത്തു പതിവുള്ളതായ ശേഷം പകുതികളിൽ ഒരുസ്ഥലത്തും ഇങ്ങനെ വിയൻ തീൎപ്പിക്കുന്ന നടപ്പു ഇല്ലെന്നു കാണുന്നതും ഇപ്പോഴത്തെ സെററിൽമെൻറിൽ എല്ലാ സ്ഥലത്തേക്കും ഒരെ ക്രമമായി കന്നിയും കുംഭവും കരം സമമായിവരുന്ന സ്ഥിതിക്കു അഴകിയപാണ്ടിപുരം, അനന്തപുരം ഈ പകുതികളിൽ പട്ടയവീതത്തിന്റെ കൂടുതൽ കുറവിനാൽ വിയൻ വാങ്ങിക്കേണ്ടതിനു ആവശ്യം നേരിടുന്നതല്ലെന്നു വരുകിലും വിയൻ തീൎപ്പിക്ക എന്നുള്ള കീഴ് നടപ്പിനെമാത്രം വിചാരിച്ചു മേലും നടത്തണമൊ എന്നു സ്ഥലത്തു ജീവനക്കാറർ സംശയിക്കുന്നതിനിടയുണ്ടു. ഇരവിപുത്തൂർ പകുതിയിൽ ഒററിനിലങ്ങൾക്കു വിയൻ തീൎപ്പിക്കുന്നതു ഒരു ന്യായത്തേയും അനുസരിച്ച നടപടി എന്നു കാണുന്നില്ലാ. പല പുരവുകളിലും ഒററിനിലങ്ങൾക്കു തരിശെഴുത്തുള്ള സ്ഥിതിക്കു മറെറാരുസ്ഥലത്തും ഇല്ലാത്ത ഈ നടപ്പിനെ ഇരവിപുത്തൂർ പകുതിയിൽ മാത്രം നടത്തുന്നതു അവിടത്തെ കുടികൾക്കു ന്യായമായ സങ്കടത്തിനു കാരണമായി തീരുന്നതും തിട്ടം വരുത്തിച്ചതിൽ ഈ ഇനത്തിൽ ശരാശരി ആണ്ടൊന്നുക്കു ൧൫൦ കോട്ട നെല്ലിൽ അധികം മുതൽ വരുന്നില്ലെന്നു കാണുന്നതും നീതികേടായ നടപ്പിനെ നിറുത്തുന്നതിലേക്കായി ഈ സ്വല്പമായ ആദായത്തിനെ സൎക്കാരിൽനിന്നും ഉപേക്ഷിക്കുന്നതു യുക്തമായിട്ടുള്ളതുമാകയാൽ വിയൻ തീൎപ്പിക്കുന്ന ഈ ക്രമത്തെ മേലാൽ നിറുത്തൽചെയ്യുന്നതു വിഹിതമെന്നു തോന്നുന്നതാകകൊണ്ടു അതിന്മണ്ണം നിദാനം വരുവാൻവേണ്ടി വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജിഅവർകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സധനം എഴുതിയ,
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

നമ്പർ ൧൭൩൩/൪൯൩.

തിരുവനന്തപുരം

൧൦൩൯-ാമാണ്ടു കർക്കടകമാസം ൩൧-ാം൹
൧൮൬൪-ാം വർഷം ആഗസ്റ്റുമാസം ൧൫-ാം൹

ഇവിടത്തെച്ചെയ്തി ആവിതു.

തോവാള, അഗസ്തീശ്വരം രണ്ടു മണ്ടപത്തുംവാതുക്കൽ ചേർന്ന പുരവുകളിൽ കാലതരിശുകൂടാതെ ചിലസ്ഥലങ്ങളിൽ ഉള്ള നിലങ്ങൾ തരിശിടുന്ന കാലങ്ങളിൽ കണ്ടെഴുതി കരം കുറച്ചുവരുന്ന പതിവുള്ളതിനെ സംബന്ധിച്ചു ഇതുവരെ നടന്നുവരുന്ന ക്രമം പലവിധമായും രീതികേടായും ഇരിക്കുന്നതിനാൽ അതിലേയ്ക്കു ശരിയായ വ്യവസ്ഥ ചെയ്യേണ്ടതിനു വേണ്ടപോലെ ആലോചിച്ചു ഗവർമ്മെന്റനുവാദത്തിനു എഴുതിഅയയ്ക്കണമെന്നു നാഞ്ചിനാട്ടു സെററിൽമെൻറിനെപ്പററി ൧൮൬൩-ാംവർഷം ജനുവരിമാസം ൧൮൹ ഉണ്ടായിട്ടുള്ള ഗവർമ്മെൻറു പ്രൊസിഡിംഗ്സിൽ വിവരിച്ചിട്ടുള്ളതിനു

Suggesting that no changes need be made in the matter of allowing fallow remissions in Nanjanad and that all tenures and localities hitherto enjoying the concession may be granted the same after the settlement also.

തരിശെഴുത്തുസംബന്ധിച്ചു അനേകം കാലമായിനടന്നുവരുന്ന രീതിയെ ഭേദപ്പെടുത്തി നൂതനമായ ഒരു വ്യവസ്ഥചെയ്യണമെന്നും കൃഷിക്കു സൌകര്യമുള്ള കാലങ്ങളിൽ നിലങ്ങളെ കുടികൾ തരിശിടുമെന്നും തോന്നുന്നില്ലാ. നിവൃത്തിയുള്ളേടത്തോളം കൃഷി ചെയ്യുമെന്നുതന്നെ വിചാരിക്കുന്നു. സ്ഥലങ്ങൾ ചെന്നുനോക്കിയതിലും ആവിധത്തിൽതന്നെ കണ്ടിട്ടൊള്ളു. തരിശെഴുതികൊടുക്കുന്ന ആദായം വളരെക്കാലമായി കുടികൾക്കു ലഭിച്ചിരിക്കുന്നസ്ഥിതിക്കും സർക്കാരിലെക്കു ഇതിനാൽ ഒരു ആദായക്കുറവുള്ളതായി കാണുന്നില്ലാത്ത ക്രമത്തിനും രീതിഭേദമാണെന്നുള്ളതിനെമാത്രം വിചാരിച്ചു കീഴനടപ്പിനു വിരൊധമായി ഏർപ്പാടുചെയ്യേണ്ട ആവശ്യം ഉള്ളതായികാണുന്നില്ലാ. കഴിഞ്ഞസർക്യൂട്ടിൽ അനെകം കുടികളൊടു സംസാരിച്ചതിൽ നൂതനമായ വ്യവസ്ഥചെയ്യുന്നതുവളരെ സങ്കടമാണെന്നു പറഞ്ഞിട്ടുണ്ട്. അതിനാൽ തരിശെഴുത്തു നടന്നുവരുന്നതുപൊലെതന്നെ മേലും നടത്തിപ്പാനുള്ളതെന്നു ഞാൻ വിചാരിക്കുന്നു. അവിടെയും ആലൊചിച്ചു വേണ്ടഉത്തരവുണ്ടാകുവാറാകണം.

ഇച്ചെയ്തിഎല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബൊധിപ്പിച്ചുകൊള്ളുകയുംവേണം.

ഇച്ചെയ്തിക്കുസാധനം എഴുതിയ

കണ്ടെഴുത്തു ദിവാൻ പെഷ്കാർ വി. നാഗമയ്യാ.

---

നമ്പർ ൪൨൧/൩൩.

ക്യാമ്പു ആശ്രാമം

൧൦൪൦-ാമാണ്ടു ചിങ്ങമാസം ൧൯-ാം൹
൧൮൬൪-ാംവർഷം സെപ്തമ്പർമാസം ൩൦-ാം൹

ഇവിടത്തെച്ചെയ്തിആവിതു.

നാഞ്ചിനാട്ടിൽ ചേർന്ന തോവാള, അനന്തപുരം, അഴകിയപാണ്ടിപുരം, ദർശനംകോപ്പു, ഈശാന്തിമംഗലം, ധർമ്മപുരം, മരുങ്ങൂർ, ഈ പകുതികളിൽ ജന്മഇനത്തിൽ പതിഞ്ഞിരുന്ന ചില പുരയിടങ്ങളെ വെട്ടിക്കഴിച്ചു നിലമാക്കി അനുഭവിച്ചു വരുന്നതായി കാണുന്നു. അതുകൾക്കുകരം ഇന്നവിധത്തിൽ ഏൎപ്പെടുത്തണമെന്നു വ്യവസ്ഥപ്പെടുത്തിട്ടുള്ളതായി കാണുന്നില്ലാ. തിട്ടംവരുത്തിച്ചതിൽ രണ്ടുതാലൂക്കിലുംകൂടി ജന്മപുരയിടത്തെ നിലമാക്കിയ വകയിൽ ൨൪ മുക്കാൽ കൊട്ടനിലം ഉള്ളതായും അതുകൾക്കു ൧൮ പണം ൧ ചക്രം ൩ കാശു പുരയിടകരം മുൻകണക്കിൽ കൊണ്ടു തീൎന്നുവരുന്നതായും സെററിൽമെൻറംപടി ൭൨ കോട്ടയും ൭ മരക്കാലും നെല്ലു പാട്ടമുള്ള പ്രകാരവും കാണപ്പെടുന്നു. ജന്മഇനമായി പതിഞ്ഞിട്ടുള്ളവസ്തുക്കൾക്കു മുൻകരത്തെ സ്ഥിരപ്പെടുത്തി സെററിൽ ചെയ്യണമെന്നു തിരുമാനപ്പെട്ടിട്ടുണ്ടെന്നുവരുകിലും ആ ക്രമം മുമ്പു പുരയിടവും നാളതു നിലവും ആയിരിക്കുന്ന വകക്കു ചേരുമെന്നു വിചാരിപ്പാൻ പാടില്ലാ. ജന്മഇനമായി ഇനം മാറിപ്പതിക്കുന്നവസ്തുക്കൾക്കു കണ്ട പാട്ടത്തിൽ നാലിലൊന്നുകരം ഈടാപ്പുവരുത്തണമെന്നു ഈയ്യിടെയുണ്ടായിട്ടുള്ള വ്യവസ്ഥയനുസരിച്ചു ഈ വകക്കു

Recommending that wet lands converted from jenmom gardens in Nanjanad be assessed with one-fourth pattom.

നാലിലൊന്നുകരം ഏൎപ്പെടുത്തി പട്ടയംകൊടുക്കുന്നതു ന്യായമായിരിക്കുമെന്നു തോന്നുന്നതാകകൊണ്ടു ഇതിലേക്കു വേണ്ടഉത്തരവുണ്ടാവാൻ വേണ്ടി വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തിഎല്ലാം കൃഷ്ണപിള്ളവായിച്ചു രാജശ്രീ ദിവാൻജിഅവൎകളെ ബോധിപ്പിച്ചുകൊള്ളുകയുംവേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ,
കണ്ടെഴുത്തു ദിവാൻ പേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പർ ൩൨

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെൻറ
൧൦൭൦-ാമാണ്ടു കന്നിമാസം ൧-ാംനു-
൧൮൯൪-ാംവൎഷം സെപ്റ്റമ്പർമാസം ൧൬-നു-

ഇവിടത്തെച്ചെയ്തി ആവിതു.

Stating that the rule imposing one-fourth assessment on alienated jenmom lands will not apply to the jenmom lands of Nanjanad.

നാഞ്ചിനാട്ടിൽചേൎന്ന തോവാള, അനന്തപുരം, അഴകിയപാണ്ടിപുരം, ദൎശനംകോപ്പു, ഈശാന്തിമംഗലം, ധൎമ്മപുരം, മരുംങ്കൂർ ഈ പകുതികളിൽ ജന്മഇനത്തിൽ പതിഞ്ഞിരുന്ന ചില പുരയിടങ്ങളെ വെട്ടിക്കഴിച്ചു നിലമാക്കി അനുഭവിച്ചു വരുന്നതായും അതുകൾക്കു കരം ഇന്നവിധത്തിൽ ഏൎപ്പെടുത്തണമെന്നു വ്യവസ്ഥപ്പെടുത്തിട്ടുള്ളതായി കാണുന്നില്ലെന്നും തിട്ടംവരുത്തിച്ചതിൽ രണ്ടുതാലൂക്കിലും കൂടി ജന്മപുരയിടത്തെ നിലമാക്കിയവകയിൽ ൨൪ മക്കാൽ കോട്ടനിലംഉള്ളതായും അതുകൾക്കു ൧൪ പണം ൨ ചക്രം ൩ കാശു പുരയിടകരം മുൻകണക്കിൽ കൊണ്ടുതീൎന്നു വരുന്നതായിട്ടും സെററിൽമെൻറംപടി ൪൨ കോട്ടയും ൭ മരക്കാലും നെല്ലു പാട്ടമുള്ളപ്രകാരവും കാണുന്നുഎന്നും ജന്മഇനമായി പതിഞ്ഞിട്ടുള്ള വസ്തുക്കൾക്കു മുൻകരത്തെ സ്ഥിരപ്പെടുത്തി സെററിൽചെയ്യണമെന്നു തീരുമാനപ്പെട്ടിട്ടുണ്ടെന്നു വരികിലും ആ ക്രമം മുൻപു പുരയിടവും നാളതു നിലവും ആയിരിക്കുന്നവകക്കു ചേരുമെന്നറിച്ചാരിപ്പാൻ പാടില്ലെന്നും ജന്മഇനമായി ഇനംമാറി പതിക്കുന്ന വസ്തുക്കൾക്കു കണ്ടു പാട്ടത്തിൽ നാലിലൊന്നുകരം ഇറപ്പുവരുത്തണമെന്നു ഈയ്യിട ഉണ്ടായിട്ടുള്ള വ്യവസ്ഥഅനുസരിച്ചു ഈ വകക്കും നാലിലൊന്നു കരം ഏൎപ്പെടുത്തി പട്ടയം കൊടുക്കുന്നതു ന്യായമായിരിക്കുമെന്നും തോന്നുന്നതിനാൽ ഇതിലേക്കുഉത്തരവുണ്ടാകണമെന്നു ൪൨൭/൩൮-ാമതു നമ്പരിൽ ചിങ്ങമാസം ൧൯-നു എഴുതിയ സാധനംഎത്തി വസ്തുത മനസ്സിലാകയുംചെയ്തു.

നാലിലൊന്നുകരം ഇറപ്പു വരുത്തണമെന്നുള്ള വ്യവസ്ഥ ഇതിലേക്കു ഉപയോഗപ്പെടുന്നതല്ലാ. ഈ വകയിൽ ഉള്ള വസ്തുവിവരവും മററം അറിയുന്നതിലെക്കു പകുതി, സൎവെനമ്പർ മുൻവിസ്തീൎണ്ണം, മുൻപാട്ടം, കരം, സൎവെവിസ്തീൎണ്ണം, അതിനു സെററിൽമെൻറുംപടി പാട്ടം ഇതുകൾ കാണിച്ചു ഒരുസ്റ്റേറമെൻറു വരുത്തി താമസിയാതെ അയക്കേണ്ടതാകുന്നു.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തുദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കുകയും വേണം

ഇച്ചെയ്തിക്കു സാധനം എഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പ്ര ൩൯൩/൨൨.

ക്യാമ്പ് ഒഴുകിനശ്ശേരി.
൧൦൭൦ മാണ്ടു കന്നിമാസം ൩൰-
൧൮൯൪-ാം വൎഷം സെപ്റ്റമ്പർ മാസം ൧൬-നു-

സൎക്കുലർ.

പുതുവൽ വസ്തുക്കൾ പതിച്ചു കൊടുക്കുന്നവകക്കു ഏക്കർ ഒന്നിനു ഒരു രൂപാ വീതം വില

കുടുക്കിക്കണമെന്നു ഏൎപ്പാടുഉണ്ടായിട്ടുള്ളതിന്മണ്ണം പതിച്ചുകൊടുത്തു വില ൧൦൦ടാക്കിട്ടുള്ള വകക്കു സ്ഥലങ്ങളിൽ നിന്നും വന്നിട്ടുള്ള കണക്കുകൾ പരിശോധിച്ചതിൽ ചില സ്ഥലത്തു ഒരുകാശിനു പാതിയിൽ കുറഞ്ഞുവരുന്ന തുകയെ തള്ളിയും ചിലടത്തു ഒന്നുപാതിയും അതിനുമേലും ഉള്ളതിനെ മാത്രം ഒരുകാശായിട്ടും കണക്കാക്കിയിരിക്കുന്ന പ്രകാരം ബോധിപ്പിച്ചിരിക്കുന്നു.

Directing that fractions of a cash, however small, should be taken as one cash in calculating the amount of acreage value leviable on puduvals.

എല്ലാസ്ഥലത്തും മുതൽവരുന്നതു ഒരേരീതിയിൽ ഇരിക്കേണ്ടതു കണക്കിന്റെ സ്വച്ഛതക്കു ആവശ്യമാകയാൽ മേലാൽ ഒരുകാശിൽ കുറഞ്ഞു വരുന്ന സംഖ്യക്കും ഒരുകാശായിചേൎത്തു മുതൽവരുത്തികൊള്ളണം.

കണ്ടെഴുത്തു ദിവാൻപേഷ്കാർ,

വി. നാഗമയ്യാ.

---

നമ്പർ ൧൦൩൪.

ജമാബന്തിരായസം

തിരുവനന്തപുരം

൧൦൭൨ാമാണ്ടു തുലാമാസം ൧൦൹

൧൮൯൬ാംവൎഷം അക്ടോബർമാസം ൨൦൹

ഇവിടത്തെ ചെയ്തി ആവിതു.

മലസംബന്ധിച്ച സ്ഥലങ്ങൾ പുതുവതപതിച്ചു കൊടുക്കേണ്ടവിഷയത്തിൽ സൎവ്വേ ഡിപ്പാൎട്ടുമെണ്ടിലെ അഭിപ്രായം കൂടിഅറിഞ്ഞു വേണ്ടതാണെന്നുവ്യവസ്ഥ ചെയ്തു നടന്നുവരുന്നതു പോലെ നെടുമങ്ങാട്ടു കണ്ടെഴുത്താപ്പീസിൽ നിന്നും ൧൦൦ വകക്കു അഭിപ്രായം ചോദിക്കയും സ്ഥലത്തു നില്ക്കുന്ന തടികളെപ്പറ്റി വ്യവസ്ഥചെയ്യുകയും ചെയ്തുവരുന്നില്ലെന്നു നെടുമങ്ങാട്ടുൾപ്പെട്ട അമിനാദാരുടെ റിപ്പോൎട്ടു ചെന്നിരിക്കുന്നതായും കണ്ടെഴുത്തിൽ നിന്നും മലസംബന്ധിച്ചസ്ഥലങ്ങൾ പുതുവൽപതിക്കുന്ന സമയം സൎവ്വേ ഡിപ്പാൎട്ടുമെണ്ടിലെ അഭിപ്രായം കൂടിഅറിഞ്ഞുപതിച്ചു കൊടുക്കുന്നതിനു നിദാനംവരണമെന്നും മിസ്റ്റർ ബൊവ്ഡിലൺ സായ്പു ൭൧൨ മതു നമ്പരിൽ ൧൦൦ മാസം വന്നു എഴുതിയ സാധനം വന്നിരിക്കുന്നതിനു

Forwards copy of circular of 1066 to the Division Peishcars to the effect that puduvals containing reserved trees should not be registered without reference to and the concurrence of the Forest Department.

ഇതിലേക്കു മുമ്പു എഴുത്തുകുത്തു നടന്ന മലസംബന്ധിച്ച സ്ഥലങ്ങൾ പുതുവൽ പതിക്കുന്നതു കൺസൎവേററുടെ അഭിപ്രായം അറിഞ്ഞതിനുമേൽ വേണ്ടതാണെന്നു നാലു ഡിവിഷനിലെക്കും ൬൬ ആനിമാസം ൧൦൹ ൭൨൦൩ മതു നമ്പരായി എഴുതി അയച്ചിട്ടുള്ളതാകകൊണ്ടുആസാധനത്തിനു പകൎപ്പുഎഴുതിച്ചു ഇതോടൊന്നിച്ചയച്ചിരിക്കുന്നു. അതിലെ താല്പൎയ്യപ്രകാരം ആ ഡിപ്പാൎട്ടുമെണ്ടിൽ ചെന്നസ്ഥലങ്ങളിൽ നടത്തുന്നതിനു എഴുത്തയച്ചു ചട്ടംകെട്ടികൊള്ളണം.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചുവസ്തൂൎയ്യംവേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ,

ദിവാൻ ശംകരസുബ്ബയ്യൻ.

*ENCLOSURE.*

നംമ്പർ ൭൨൦൩

ജമാബന്തി

൧൦൬൬ാമാണ്ടു മിഥുനമാസം ൧൦൹

൧൮൯൧ാംവൎഷം ജൂൺമാസം ൨൩൹

നാലു ഡിവിഷനിലെക്കും

കരുത്തുപ്പുഴ ഡിപ്പോ അമിനാദാർ സക്കൂട്ടായി ഏറ്റുർറോഡിൽ കൂടിപോയസമയം

ചന്ദനക്കാവിനു സമീപം പാക്കുന്ന ഏത്തൂർക്കാരൻ മമ്മതു ഇസ്മാൽ റാവുത്തൻ എന്നവൻ ആ സ്ഥലത്തു ഒരു കരിക്കകംവെട്ടി അതിൽ നിൽപ്പുണ്ടായിരുന്ന തെമ്പാക, തമ്പകം മുതലായ അനേകം നല്ലതടികളെ മുറിച്ചു ചെതപ്പെടുത്തിയിരിക്കുന്നതായി കണ്ടു അവനോടുചോദിച്ചതിൽ മുൻകാലത്തു പതിഞ്ഞുനിറുത്തൽ എഴുതിയിരുന്നവകയിൽ കുറെ സ്ഥലം ഉണ്ടായിരുന്നതിനോടു കൂടി ഇപ്പോൾഏതാനും സ്ഥലം പുതുവലായിചേർത്തു സ്പെഷ്യൽ അസിസ്റ്റൻറ ആപ്പീസ മുഖാന്തരം പതിപ്പിച്ചിട്ടുണ്ടെന്നും അതിൽനിൽപ്പുള്ളവൃക്ഷങ്ങളെയാണ മുറിപ്പിച്ചിട്ടുള്ളതെന്നും പറകയും തിട്ടംവരുത്തിയതിൽ പുതുവലായിപതിപ്പിച്ചിട്ടുള്ളതു ഈയിടഎന്നും മുറിച്ചിട്ടുള്ള വൃക്ഷങ്ങൾ വളരെ കാലത്തിനുമുമ്പുള്ളതെന്നും കാണുകയും ചെയ്തിരിക്കുന്നതായും ഫാറസ്റ്റ് സംബന്ധമായ സ്ഥലങ്ങളെ പതിച്ചുകൊടുക്കണമെന്നുണ്ടായിരുന്നാൽ സഞ്ചായം മുഖാന്തിരം എഴുതിഅയച്ചു പതിച്ചുകൊടുക്കുന്നതിൽ വിരോധമില്ലയോഎന്നു അറിഞ്ഞതിനുമേൽ വേണ്ടതെന്നും അങ്ങനെഅല്ലാതെ ഈ വിധംചെയ്യുന്നതിനെപ്പറ്റി തക്കതായതീരുമാനംഉണ്ടാകാത്തപക്ഷം മേലും അഴിമതികളുടെ വർദ്ധനയും മററം ഇടവരുമെന്നും അമീനാദാരിടെ റിപ്പോർട്ടു ചെന്നിരിക്കുന്ന പ്രകാരവും അമീനാദാർപറയുന്നതുപോലെ പതിച്ചുകൊടുക്കുന്നതിനു മുമ്പായിട്ടു ആ നിലത്തിൽ നല്ലതുംവിലപിടിച്ചതും ആയ വൃക്ഷങ്ങൾ നിൽപ്പുണ്ടോഎന്നു തിട്ടംവരുത്തണമെന്നു വിചാരിക്കുന്നതിനാൽ ഈ ഭാഗങ്ങളെ ഹജൂരിലും ആലോചിച്ചു വേണ്ട ഉത്തരവുണ്ടാകണമെന്നും മിസ്റ്റർബൊാഡിലൺ സായ്പിന്റെ സാധനംവന്നു എഴുതിഅയച്ചിരുന്നതിനു എഴുതയച്ചിരുന്നതിലെയ്ക്കു മമ്മതുഇസ്മാൽറാവുത്തനെ ഹാജരാക്കി ചോദിച്ചതിൽ ഈസ്ഥലം മുമ്പിൽപുതുവൽ പതിഞ്ഞുനിറുത്തൽകിടന്നിരുന്നതു സ്പെഷ്യൽ അസിസ്റ്റൻറ ആപ്പീസുമുഖാന്തിരം ലേലംവിളിപ്പിച്ചതിനെ താൻ പിടിച്ചുപണം കെട്ടിവയ്ക്കുകയും വസ്തുവിൽ പ്രവേശിക്കയും ചെയ്തിട്ടുള്ളതാണെന്നും മുറിച്ചിട്ടുള്ള തടികൾ അവരതു ഉരുപ്പടിയാക്കി ഡിപ്പോവിൽ ഏല്പിപ്പാനാണെന്നും തമ്പകവും ആഞ്ഞിലിയുമായി ൯ തടിമുറിച്ചിട്ടുണ്ടെന്നും ആ തടികൾക്കു ൩൦ മുതൽ ൫൦ വരെ വണ്ണമുണ്ടെന്നും മററം ബോധിപ്പിച്ചു ഇസ്മാൽറാവുത്തനും ഈ സ്ഥലം പതിഞ്ഞു നിറുത്തൽ എഴുതിയിരുന്നതിനെ ലേലത്തിൽ കൊടുത്തിട്ടുള്ളതെന്നു സമ്പ്രതികാറനും എഴുതി വയ്ക്കയാൽ ആ മൊഴികളും ഈ സ്ഥലത്തിനു കരംതീർത്തരിലേക്കു കൊടുത്തിട്ടുള്ള ചിട്ടികൾക്കു പകർപ്പു ഇസ്മാൽ റാവുത്തൻ ഹാജരാക്കിയിട്ടുള്ളതും അയച്ചിരിക്കുന്നതായും മേൽഉള്ളതിനു കൺസർവേററരുടെ അഭിപ്രായം പോലെ ചെയ്യുന്നതിൽ വിരോധവും ഇതിനെപ്പററി കീഴക്കട എഴുത്തുകുത്തുകൾ നടക്കയും തീർച്ചപ്പെടുകയും ചെയ്തിട്ടുള്ളപ്രകാരം കാണുന്നും ഇല്ലെന്നും പത്തനാപുരം തഹശീൽദാരുടെ സാധനം വരികയാൽ മൊഴിമുതലായതു അയച്ചിരിക്കുന്നപ്രകാരവും ഈ തക്കപ്പെട്ട സ്ഥലത്തു മുറിക്കാതെ നിൽപ്പുള്ള തടികളുടെ നീളവും വണ്ണവും തിട്ടപ്പെടുത്തി ലീസ്റ്റു അയച്ചിട്ടില്ലെന്നു കണ്ടു അതിനെപ്പററി തഹശീൽദാക്കു എഴുതി അയച്ചിരിക്കുന്നതിനാൽ ലിസ്റ്റു വരുത്തിപിന്നാലെ അയച്ചുകൊള്ളാമെന്നും മേലാൽ മലയിൽ പുതുവൽ പതിക്കുന്ന കാര്യത്തിൽ കൺസർവെററർ ആപ്പീസിൽനിന്നും എഴുതിയിരിക്കുന്നതുപോലെ വ്യവസ്ഥ ചെയ്തു നടത്തിക്കുന്നതു കൊള്ളാമെന്നു പേഷ്കാരും വിചാരിക്കുന്നു എന്നും ൧൦൮൯ാമാണ്ടു ഇടവമാസം ൩൦ന- വരുന്ന൫ാമതു നമ്പ്രിൽ എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

അതിനുമണ്ണമായിരുന്നാൽ മുറിച്ച തടികൾ സഞ്ചായം വകയിൽ ഏല്പിക്കുന്നതിനും മററുള്ള തടികൾ മുറിക്കാതെയിരിക്കുന്നതിലേക്കും ചട്ടംകെട്ടുകയും മേലാൽ മല സംബന്ധിച്ച പുതുവൽ പതിക്കുന്നതായിരുന്നാൽ സഞ്ചായം വകയിൽ എഴുതിഅയച്ചു മറുപടിവരുത്തിതിരുമാനിക്കേണ്ടതെന്നു എല്ലാ തഹശീൽദാരന്മാൎക്കും സക്കുലരു അയച്ചു തെയ്യപ്പെടുത്തി നടത്തിക്കയും ചെയ്തുകൊള്ളുകയും വേണം. അങ്ങിനെ എഴുതി ചെല്ലുന്ന വകയ്ക്കു സഞ്ചായം വകയിൽനിന്നും സ്ഥലങ്ങൾ പരിശോധിച്ചു ഉടനടൻ മറുപടി അയപ്പാൻ മിസ്റ്റർ ബൊർഡിലൺ സായ്പിനു എഴുതി അയച്ചിട്ടും ഉണ്ടു.

---

നമ്പർ ൫൯൭.

ഹജൂർകണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ,

൧൦൯൦ ാമാണ്ടു തുലാമാസം ൩൧ന്-

൧൯൧൪ാംവർഷം നവമ്പർമാസം ൧൬൹-

തിരുവനന്തപുരം.

ഇവിടത്തെച്ചെയ്യ്തുവിതു.

നാഞ്ചിനാട്ടിൽചേന്ന തോവാള, അനന്തപുരം, അഴകിയപാണ്ടിപുരം, ദൾനംകൊപ്പു

*Stating that in the case of Jenmom garden lands converted into wet in Nanjanad, the settlement tax should bear the same proportion to the full assessment as the garden tax did to the old pattom.*

ഈശാന്തിമംഗലം, ധമ്മപുരം, മരുങ്കൂർ ഈ പകുതികളിൽ ജന്മജനത്തിൽ പതിഞ്ഞിരുന്ന ചില പുരയിടങ്ങളെ വെട്ടിക്കുഴിച്ചു നിലമാക്കി അനുഭവിച്ചുവരുന്നതായും അതുകൾക്കു കരം ഇന്നവിധത്തിൽ ഏൎപ്പെടുത്തണമെന്നു വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതായികാണുന്നില്ലെന്നും തിട്ടംവരുത്തിച്ചതിൽ രണ്ടുതാലൂക്കിലുംകൂടി ജന്മപുരയിടത്തെ നിലമാക്കിയവകയിൽ ൨൧൩൮ക്കാൽ കോട്ട നിലം ഉള്ളതായും അതുകൾക്കു ൧൨ പണം ൧ ചക്രം ൯ കാശു പുരയിടക്കരം മുൻകണക്കിൽ കൊണ്ടിരുന്നു വരുന്നതായിട്ടും സെററിൽമെന്റുപടി ൩൨ കോട്ടയും ൭ മരയ്ക്കാലും നെല്ലുപാട്ടമുള്ളപ്രകാരവുംകാണുന്നു. എന്നും ജന്മജനമായി പതിഞ്ഞിട്ടുള്ള വസ്തുക്കൾക്കു മുൻകരത്തെ സ്ഥിരപ്പെടുത്തി സെററിൽ ചെയ്യണമെന്നു തീരുമാനപ്പെട്ടിട്ടുണ്ടെന്നു വരുകിലും ആ ക്രമം മുൻപു പുരയിടവും നാളത് നിലവും ആയിരിക്കുന്നവകക്കു ചേരുമെന്നു വിചാരിപ്പാൻ പാടില്ലെന്നും ജന്മജനമായി ഇനംമാറി പതിക്കുന്ന വസ്തുക്കൾക്കു കണ്ടപാട്ടത്തിൽ നാലിലൊന്നു ഇറപ്പുവരുത്തണമെന്നു മുമ്പിടഉണ്ടായിട്ടുള്ള വ്യവസ്ഥ അനുസരിച്ചു ഈവകക്കും നാലിലൊന്നു കരം ഏൎപ്പെടുത്തി പട്ടയം കൊടുക്കുന്നതു ന്യായമായിരിക്കുമെന്നുള്ളതിനാൽ അതിലേക്കുവേണ്ട ഉത്തരവുണ്ടാകണമെന്നും പേഷ്കാരിടെ സാധനംവന്നു നാലിലൊന്നു കരം ഇറപ്പുവരുത്തണമെന്നുള്ള വ്യവസ്ഥ ഇതിലേക്കു ഉപയോഗപ്പെടുന്നതല്ലെന്നും ഈവക വസ്തുവിവരവും മററും അറിയുന്നതിനു ഒരു സ്റ്റേററുമെൻറു തയ്യാറാക്കിച്ചു വരുത്തി അയക്കണമെന്നും എഴുതിഅയച്ചിരുന്നതിനു അതിന്മണ്ണം സ്റ്റേററുമെൻറു തയ്യാറാക്കിച്ചു അയച്ചിരിക്കുന്നതായി ൧൮൦൯/൪൭ാമതു നമ്പരിൽ ഈ മാസം ൩൹ എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

സ്റ്റേററുമെൻറു നോക്കിയതിൽ എല്ലാപകുതികളിലും മുൻപാട്ടത്തിൽ കരം ഇറപ്പുവരുത്തിയിരിക്കുന്നതു ഒരേരീതിക്കല്ലെന്നുകാണുന്നു. ആ സ്ഥിതിക്കു ഇപ്പഴം ഈയിനംവസ്തുക്കൾക്കു ഒരുരീതിയിൽ കരം ഇറപ്പുവരുത്തുന്നതിനു ഇടകാണുന്നില്ല. മുൻപാട്ടത്തിൽ കരം ഇറപ്പുവരുത്തിയിരിക്കുന്നക്രമം അനുസരിച്ചു സെററിൽമെൻറുപടി കാണുന്ന പാട്ടത്തിലും വീതംപോലെ കരം ഇറപ്പുവരുത്തേണ്ടതെന്നു വിചാരിക്കുന്നതിനാൽ അപ്രകാരം നടത്തിച്ചുകൊള്ളണം.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കയും വേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ,

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൧൯൹.

ഹജൂർ കണ്ടെഴുത്തു ഡിപ്പാട്ടുമെൻറു,

൧൦൭൦ ാമാണ്ടു തുലാമാസം ൨൩൹

൧൮൯൪ ാംവഷം നവമ്പർമാസം ൭൹

തിരുവനന്തപുരം.

ഇവിടത്തെച്ചെയ്തി ആവിതു.

*Sanctioning the abolition of the practice of levying tax on vegetables and other cereals than paddy raised on certain double crop lands in Tovala Pidagai during intervals of paddy cultivation.*

തൊവാള പിടാക കേൾവിയിൽ ചെന്ന പുരവുകളിൽ രണ്ടു പൂവും കൃഷിചെയ്തു ആയക്കെട്ടിൻ പടിയുള്ള കരം ശരിയായി തീക്കുന്നതിനു പുറമെ ചില നിലങ്ങളിൽ കത്തരി, കൂവരക, പാകൽ, എള്ളു, ഉള്ളി, മുതലായ ഓരൊപുഞ്ച കൃഷികൾ കുടിയാനവന്മാർ ഇടുഫലമെടുക്കുന്ന നടപ്പുണ്ടെന്നും ആ വക കൃഷികളേയും സക്കാരിൽ നിന്നും കണ്ടെഴുതി നെൽക്കരത്തിൽ ഒന്നുപാതിയും മുക്കാൽ ഭാഗവും വീതംകരം മുതൽ കൂട്ടി പിരിപ്പിച്ചു വരുന്നതായുംവെറെ ചിലസ്ഥലങ്ങളിൽ ഈ വിധം കൃഷിചെയ്യാറുണ്ടെന്നും അതിലേക്കു കരം വാങ്ങിക്ക പതിവില്ലെന്നും അറിയുന്നതിനാൽ ഓരൊനിലങ്ങൾക്കും ആയക്കെട്ടിൻപടിയുള്ള കരംമുഴവനും പിരിവുവരുന്ന അവസ്ഥക്കു വിശേഷമായി അതു

കളിൽ കുടിയാനവന്മാർ അസാധാരണമായി പ്രയത്നം ചെയ്യെങ്കിലും ഫലംഎടുക്കുന്ന വകക്കു കുടിക്കൂട്ടതലായി ആദായം വാങ്ങുന്നതു കുടികളുടെ ക്ഷേമത്തിനും പരിശ്രമ വൎദ്ധനക്കും അടുത്തതായിരിക്കുന്നില്ലെന്നുംകണക്കു തിട്ടം വരുത്തിയതിൽഈ വകയിൽ ആണ്ടു ഒന്നുക്കുശരാശരി ൧൫ കോട്ടനെല്ലിൽ അധികം സൎക്കാരിലേക്കു മുതൽ വന്നിട്ടില്ലെന്നും ഇതിൽ വച്ചു ഗവൎമ്മെണ്ടിലേക്കുള്ള ആദായം എത്രയും ചുരുങ്ങിയ സംഖ്യയായിരിക്കുന്നെയും ഒരു ഭൂമിക്കു ആയക്കെട്ടു കരം ഇത്രയെന്നു വ്യവസ്ഥപ്പെട്ടിരിക്കുന്നെയുംസ്ഥിതിക്കു അതിനു പുറമെ വെറെയും കരംവാങ്ങിക്കുന്നതു അത്ര വിഹിതമല്ലെന്നും ആ നടപ്പു നിൎത്തൽ ചെയ്യാനുള്ളതെന്നു തോന്നുന്നതിനെപ്പററിയും ൧൧൩൦/൯൯൦ ാമതു നമ്പരിൽ ൧൦൬൯ ാമാണ്ടു കൎക്കടകമാസം ൩൧നു എഴുതിയ സാധനം എത്തി വസ്തുത മനസിലാകയുംചെയ്തു.

ഇവിടെ തിട്ടംവരുത്തിച്ചതിലും ആണ്ടുഒന്നുക്കു ശരാശരി ഈ ഇനത്തിൽ ൧൩ കോട്ട നെല്ലിൽ അധികം മുതൽ വന്നിട്ടില്ലെന്നുതന്നെ കാണുന്നു. ഈ ആദായം എത്രയും സ്വല്പമായിരിക്കുന്നെയും ആയക്കെട്ടു കരം ക്ളിപ്തപ്പെട്ടിരിക്കുന്നെയും സ്ഥിതിക്കു അതിനു പുറമെ വേറെയും കരംവാങ്ങിക്കുന്നതു വിഹിതമല്ലെന്നു തന്നെ നാമും വിചാരിക്കുന്നതിനാൽ തോവാള താലൂക്കിൽ സെററിൽമെൻറു പടിയുള്ള കരപ്പിരിവു തുടങ്ങുന്നകാലം മുതൽ ഈ ഏൎപ്പാടു നിൎത്തൽ ചെയ്യുന്നതിലേക്കു അനുവദിച്ചിരിക്കുന്നു. ഈ വിവരംകാണിച്ചു പത്മനാഭപുരം ഡിവിഷനിലേക്കു എഴുതിഅയച്ചിട്ടും ഉണ്ടു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വെക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പ്ര ൨൩൬.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെൻറ.

൧൦൭൦ ാമാണ്ടു് വൃശ്ചികമാസം ൭നു—
൧൮൯൪-ാംവൎഷം നവമ്പർ മാസം ൨൧നു—

തിരുവനന്തപുരം.

ഇവിടത്തെച്ചെയ്തിആവിതു.

That the site of the Swamyar Matom and compound at Mitaranandapuram, Fort, Trivandrum, should be recorded as tax-free.

തൃശ്ശിവപേരൂർ നടുവിലെമഠത്തിൽ പകരാവൂർ പെരിയ സ്വാമിയാരിടെ വകമിത്രാനന്ദപുരത്തു മഠംമുതാലയ്തു ഇരിക്കുന്ന പുരയിടത്തെ സൎക്കാർ തനതെന്നു ഇപ്പഴത്തെ കണ്ടെഴുത്തിൽ തീരുമാനിച്ചിരിക്കുന്നതിനെ ഭേദപ്പെടുത്തി കരംഒഴിവായി റിക്കാൎട്ടു ചെയ്യേണ്ടതെന്നു സ്വാമിയാരുടെ എഴുത്തുവന്നു എഴുതിഅയച്ചിരുന്നതിനു എഴുത്തിൽപറയുന്ന വഞ്ചിയൂർ പകുതിയിൽ സൎവ്വെ ൧൩൯ ാമതു നമ്പരിൽ ഉൾപ്പെട്ട മിത്രാനന്ദപുരത്തു ദേവസ്വംവക പാട്ടം ൧൭൪-൧൭൯-൧൩൦-൧൩൫ ഒരം ലക്കം വസ്തുക്കൾക്കുള്ള കരം മുൻപിനാലെ നിൎത്തൽ എഴുതിയിട്ടുള്ളതായും വിളങ്ങിപ്പേരു തിട്ടം വരുത്തിച്ചതിൽ കരം ഇറപ്പുവച്ചു ആരിടേയും പേരിൽ വിളങ്ങിട്ടില്ലെന്നുംഒഴികിൽസ്വാമിയാരിടെ ശിഷ്യന്റെ പേരിൽ നടപ്പുഎഴുതിയിരിക്കുന്നതായിട്ടും കാണുന്ന സ്ഥിതിക്കു സൎക്കാർ തനതെന്നും സ്വാമിയാരിടെ മഠംവെപ്പുഎന്നും റിക്കാൎട്ടുചെയ്യാൻ തീൎച്ചചെയ്തുഅതനുസരിച്ചുതാലൂക്കിലെക്കു ചിട്ടാഅയച്ചിട്ടുള്ളതാണെന്നും ഒരം വസ്തുക്കളുടെ കരം മുൻപിനാലെ തീൎത്തിട്ടില്ലാഴികയാൽ നാളതു തനതു ചിട്ടാപ്പടിയുള്ള കരത്തിനു ചോദ്യം കൂടാതെ ഇരിക്കേണ്ടതിലേക്കു തീരുമാനിപ്പാനുള്ളതെന്നും ൧൭൭൪/൯൯൦ ാമതു നമ്പരിൽ ചിങ്ങമാസം ൧൯നു എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

ഒരം വസ്തുക്കളിടെ കരം മുൻപിനാലെ നിൎത്തൽ എഴുതിയും ൧൦൧൫ ാമാണ്ടു കണ്ടെഴുത്തിൽ ആരിടേയും പേരിൽ കരത്തിനു വിളങ്ങാതേയും ഒഴികിൽ സ്വാമിയാരുടെ ശിഷ്യന്റെ പേരിൽ നടപ്പു എന്നു മാത്രം വിവരം പറഞ്ഞും കാണുന്ന സ്ഥിതിക്കു ഈ വസ്തുക്കളെ കരം ഒഴിവു ഇന

TRIVANDRUM PUBLIC LIBRARY

ത്തിൽ ചേൎക്കേണ്ടതല്ലാതെ സൎക്കാർ തനതു ചിററാവിൽ ചേൎപ്പാൻ ഇടകാണുന്നില്ലാ. മിത്രാനന്ദപുരത്തു ദേവസ്വം പാട്ടമാക ത്രിശ്ശിവപേരൂർ നടുവിലെ മഠത്തിൽ പകരാവൂർ പെരിയസ്വാമിയാരുടെ മഠംവയ്ക്കു കരം ഒഴിവു എന്നു റിക്കാൎട്ട ചെയ്യാൽ മതിയാകുമെന്നു വിചാരിക്കുന്നു. അതിന്മണ്ണം റിക്കാൎട്ടുകൾ ശരിപ്പെടുത്തി കൊള്ളണം.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വൈക്കയുംവേണം,

ഇച്ചെയ്തിക്കു സാധനംഎഴുതിയ,

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൩൭൧

ഹജ്ജൂർകണ്ടെഴുത്തുഡിപ്പാൎട്ടുമെണ്ടു

൧൦൭൦-ാമാണ്ടു വൃശ്ചികം മാസം ൯൹.

൧൮൯൪-ാംവൎഷം നവമ്പർ മാസം ൨൩൹.

ഇവിടത്തെച്ചെയ്തിആവിതു.

Treatment of trees standing on porambokes.

ഇടവഴി മുതലായ പുറമ്പോക്കുകളിൽ നിൽപ്പുള്ള വൃക്ഷങ്ങൾ അനുഭവക്കാൎക്കു തന്നെ കുത്തകപാട്ടം കൊടുക്കേണ്ടതിനെ പ്പററി ചിലകേസുകൾ അയച്ചു എഴുതി വന്നിട്ടുള്ളതിനു കേസുകൾ പരിശോധിച്ചു കുത്തക പാട്ടത്തിനു കാല സംഖ്യവച്ചു കൊടുക്കുന്നതു ക്രമപാട്ടംകണ്ടു ലേലംവിളിപ്പിച്ചു കൂടുതൽതുകയ്ക്കു ഏല്പിക്കുന്നതിന്റെ ക്രമംപോലെയാണു. അങ്ങിനെയല്ലാതെ കുത്തകപ്പാട്ടക്കരം ഇന്നതെന്നു ക്ലിപ്തപ്പെടുത്തുവാനും ഈവക വൃക്ഷങ്ങളെ കാലസംഖ്യവച്ചു നാളതുവരെ അനുഭവിച്ചുവന്നവനെതന്നെഏല്പിക്കുന്നതിലേക്കും ക്രമം കാണുന്നില്ലാ. വന്നിട്ടുള്ള മൂന്നു കേസുകളും തിരിച്ചയച്ചിരിക്കുന്നു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെകേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

ഹജ്ജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെന്റ

തിരുവനന്തപുരം.

നമ്പ്ര ൩൩൧

൧൦൭൦ാമാണ്ടു വൃശ്ചികമാസം ൨൨൹

൧൮൯൪ാം വൎഷം ഡിസംബർമാസം ൬൹

ഇവിടത്തെ ച്ചെയ്തി ആവിതു.

That puduvals cleared by Kanikars & planted upon by them in the Ponmudi & other hills should be brought under assessment in the same manner as other puduvals.

പൊൻമുടിയിൽ മീനാംകാണിയിലും കൊട്ടപ്പകാണിയിലും പുളിമ്പാറകാണിയിലും ഉള്ള ഭൂമികൾക്കു കരം പതിക്കണമെന്നു സൂപ്പർവൈസ്സർ നിബന്ധിച്ചു വരുന്നതായും മറവും കാണിക്കാററായ നാരായണൻ മാത്തൻ മുതൽപേരു ഇവിടെ ഹാജരായി ബോധിപ്പിച്ചു എഴുതിവെച്ച മൊഴികൾഅയച്ചും മൊഴിയിൽപ്പറയുന്ന സംഗതികൾ ഏതെല്ലാം പ്രകാരമെന്നു വെണ്ടവിചാരണകൾ നടത്തി എഴുതി അയക്കണമെന്നും ൧൨൩-ാം കാണിക്കാരായ നാരായണൻ വെള്ളൻ മുതൽപേരു കൊട്ടാരത്തിൽ സങ്കടം അറിയിച്ചു എഴുതി വന്നതിലേക്കു മേൻ സാധനത്തിലെ താല്പൎയ്യപ്രകാരം നടപടിനടത്തി എഴുതിഅയക്കണമെന്നു ൧൩൩-ം ൧൭൪ ം-൨൧൧-ം നമ്പരുകളായി എഴുതി അയച്ചിരുന്നതിലേക്കു എഴുത്തുകൾ അയച്ചിരുന്നതിന്മണ്ണം മെൽപറഞ്ഞ കാണിക്കാററു ദെഹണ്ഡിച്ചു അനുഭവിച്ചു വരുന്ന ഒട്ടുക്കുള്ള പുതുവൽ വസ്തു

ക്കളുടെ വിവരത്തിനു പ്ലാൻ തയാറാക്കിയും ടി കാണിക്കാറരിടെ അനുഭവത്തിൽ ഉള്ളതിൽ മുമ്പു വിചാരണ നടന്നു തീർച്ചയായതു പോകെയുള്ള പുതുവൽ വസ്തുക്കൾക്കു വിചാരണ നടന്നുവരുന്നതായി കണ്ട അതുകൾ എടുപ്പിച്ചും കാണിക്കാറരു ബോധപ്പെടുത്തീട്ടുള്ള ഇണ്ടാസിനു പകർപ്പെഴുതിച്ചും അയച്ചിരിക്കുന്നതായും സൂപ്പർവൈസരുടെ റിപ്പോർട്ടു വന്നിരിക്കുന്നതിനാൽ അതുകൾ അയച്ചിരിക്കുന്നതായും റിക്കാർട്ടുകൾ പരിശോധിച്ചതിൽ ടി സ്ഥലങ്ങളെ പതിനാറു നമ്പരുകളായി ഭാഗിച്ചു ഡിമാർക്കേഷൻ സർവെ മുതലായ്തു നടത്തുകയും അതനുസരിച്ചു അനുഭവക്കാറരായ കാണിക്കാറരിടെ പേരിൽ രജിസ്റ്റർ അനുഭവം എഴുതുകയും അതിൽ രണ്ടു നമ്പർ കേസ്സു ഒഴികെ ശേഷത്തിനു കേസ്സു ഫയലായി വിചാരണ നടന്ന പട്ടയത്തിനു തീർച്ച ചെയ്കയും ചെയ്തിട്ടുണ്ടെന്നും ഒട്ടുക്കുള്ള സർവെ നമ്പ്രിൽ നിലമായി തിരിച്ചിട്ടുള്ളതു ൫൨൧- ൦ാറ എട്ടര ഇടങ്ങഴി വിത്തു പാടു സ്ഥലം ആണെന്നും അതൊഴികെ പുരയിടമാക്കീട്ടുള്ള സ്ഥലങ്ങളിൽ വന്ന തെങ്ങും ൧൨൦ കമുകും ൧൨൨ പ്ലാവും ഇപ്പോൾ കായ്ഫലത്തിൽ നിൽപ്പുണ്ടെന്നും ഇതിൽ ചില വസ്തുക്കളെ അത്ഥബാദ്ധ്യതപ്പെടുത്തി കാണിക്കാറരു മറു കുടികൾക്കു ആധാരം കൊടുത്തിട്ടുള്ളതായിട്ടും കാണുന്ന പ്രകാരവും ടി എല്ലാ സംഗതികളാലും പതിമൂന്നു സംവത്സര കാലമായി വൃക്ഷാദികൾ നട്ടു പിടിപ്പിച്ചു അനുഭവിച്ചു വരുന്ന കാണിക്കാറരിടെ തർക്കം അംഗീകാരയോഗ്യമല്ലായ്കയാൽ മുറക്കു നടപടി നടത്തി പട്ടയം കൊടുക്കേണ്ടതാണെന്നു വിചാരിക്കുന്നതിനെപ്പറ്റിയും ൧൦൮൭/൧൨൩മതു നമ്പ്രിൽ വൃശ്ചികമാസം ൧൯൩൦- എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

റിക്കാർട്ടുകൾ ഇവിടെയും പരിശോധിച്ചതിൽ പേഷ്കാർ അഭിപ്രായപ്പെട്ടിട്ടുള്ളതിൻവണ്ണം നടപടി നടത്തി പട്ടയം കൊടുക്കേണ്ടതെന്നു തന്നെ വിചാരിക്കുന്നു. അപ്രകാരം തന്നെ നടത്തിച്ചു കൊള്ളണം. വന്നിട്ടുള്ള റിക്കാർട്ടുകൾ തിരികെ അയച്ചിട്ടും ഉണ്ടു.

ഇച്ചെയ്തി എല്ലാം മാതെവൻപിള്ള വായിച്ചു കണ്ടെഴുതു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ ശങ്കരസുബ്ബയ്യൻ.

നമ്പർ ൩൫൩.

തിരുവനന്തപുരം
൧൦൭൦ാമാണ്ടു കുംഭമാസം ൨൭നു-
൧൮൯൫ാം വർഷം മാർച്ചു മാസം ൯നു-

പണ്ടാര വക ഒററിവസ്തുക്കൾക്കു തെളിവുശീട്ടുകളിൽ പണ്ടാരവകഒററി ഇനാം എന്നും പണ്ടാരവകഒററി എന്നുമാത്രവും ഇങ്ങനെ രണ്ടുവിധത്തിൽ എഴുതിവരുന്നതായി കാണുന്നതി നാൽ ഇന്നവിധം എഴുതേണ്ടതെന്നു ഉത്തരവുണ്ടാകണമെന്നു ദോവാജ്ഞ രോഞ്ചിൽ നിന്നും ൨൭൬ാം നമ്പരിൽ കുംഭം ൨൨നു- എഴുതി വന്ന ൨൭൯൦ാം നമ്പ്രായി രജിസ്റ്റർചെയ്തതിന്മേൽ

That lands of Pandaravagai Otti tenure should be described in the pattahs as "Otti Inam" under the provisions the Settlement Royal Proclamation

ഉത്തരവു

തിരുവെഴുത്തുവിളംബരം അനുസരിച്ചു ഈവക വസ്തുക്കളെ ഒററി ഇനാമെന്നു പതിക്കുന്നതിനു ചട്ടം കെട്ടി നടത്തിച്ചുകൊള്ളണം.

കണ്ടെഴുത്തു ദിവാൻ പെഷ്കാർ,
വി. നാഗമയ്യാ.

---

നമ്പർ ൩൯൦.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ.
൧൦൭൦-ാമാണ്ടു മീനമാസം ൬നു-
൧൮൯൫-ാം വർഷം മാർച്ചുമാസം ൧൮നു-
തിരുവനന്തപുരം

ഇവിടത്തെച്ചെയ്തി ആവിതു.

ശുചീന്ദ്രം ഭഗതിപെരുമാൾ രാമനാഥൻ അന്ന്യം നിന്ന അവൻെറ ൭൦ മരയ്ക്കാൽ നിലത്തിന്മേൽ അത്ഥശിഷ്ടരൊക്കയിൽ ൯൦൦ പണം സക്കാരിലെക്കു ഈടാകെണ്ടതായികണ്ടു അതിലേക്കു ശുചീന്ദ്രം ദേവസ്വത്തിൽ പാൽകഞ്ഞിമുതലായ അടിയന്തിരങ്ങൾക്കു വകവിട്ടിരിക്കുന്ന ഉല്പത്തികളിൽ ഉൾപ്പെട്ടമനയിൽ അന്ന്യം നിന്നവൻ വീട്ടുകെട്ടിപാത്തുവന്നതിനെ ൯൭൫ പണം അത്ഥത്തിനു അച്ചുതാനന്ദൻ അണ്ണാവിയും അയാളോടു മിനാക്ഷിസുന്ദരം അണ്ണാവിമുതൽപേരും വെള്ളോലക്കുവിലവാങ്ങിനടന്നുവരുന്നതായിരിക്കുമ്പോൾ മന ശ്രീപാദംവകയെന്നും പറഞ്ഞുലേലംവിളിച്ചിരിക്കുന്നു സങ്കടമെന്നും മററും ആവലാധിബോധിപ്പിച്ചു എഴുതിച്ചതു ആവകയ്ക്കു നടത്തിട്ടുള്ള വിചാരണ മുതലായു അയച്ചും എഴുതിവന്നു എഴുതിഅയച്ചിരുന്നതിനു ശ്രീപാദം വകയായുള്ള പുരയിടങ്ങളും പാൽകഞ്ഞിനിവേദ്യം വകക്കുള്ള ശ്രീപാദംവക തന്നതാകകൊണ്ടു തനതിൽ ചേർത്തുതിരുമാനിക്കേണ്ടതിനെപ്പററി ശ്രീപാദത്തുകാര്യക്കാറരുടെ എഴുതുവന്നിട്ടുള്ളതായും തിട്ടംവരുത്തിയതിൽ ഡിവിഷൻ സാധനത്തിൽ പറയുന്ന ൭൦ മരയ്ക്കാൽ നിലത്തുംമേൽ അന്ന്യം നിന്ന ഭഗവതിപെരുമാൾ രാമനാഥനു ൯൦൦ പണം ഇടക്കലെത്ഥം ചെല്ലുവാനുള്ളതായും അതിനെ ഇപ്പഴത്തെ അനുഭവക്കാറനെകൊണ്ടു കെട്ടിവെപ്പിച്ചു കേസ്സ് തീൎന്നിരിക്കുന്നതായിട്ടും കാണുന്നു എന്നും അന്ന്യം നിന്ന ഭഗവതിപ്പെരുമാൾ രാമനാഥൻ വീട്ടുകെട്ടിപാത്തുവന്നമന ശുചീന്ദ്രംപകുതി മൈനർസക്ക്യൂട്ടു നമ്പർ ൧ൽ ൧൮൬൦-ാം ൧൮൬൨-ാം കീഴ്നമ്പ്രിൽ കൊണ്ടു ൧൮൬൮-ാമതു നമ്പ്രായി കേസ്സാക്കി വന്നിരിക്കുന്നതായും ആമന ആറാങ്കൽ മൂത്തതമ്പുരാൻമാൎവകക്കു ഭഗവതിപെരുമാൾ രാമനാഥൻ പേരിൽ ൧൦൧൨ാമാണ്ടു ഒഴകിൽ അനുഭവം പതിഞ്ഞിരിക്കുന്നതായിട്ടും അവൻ അന്ന്യംനിന്നതു ൧൦൨൩-ാമാണ്ടിലാണെന്നും കണ്ടുവിചാരണ നടത്തിയതിൽ അന്ന്യം നിന്നവൻ ൯൭൫ പണം അത്ഥംവാങ്ങിയുംകൊണ്ടു ഈ മനയെ അപേക്ഷക്കാരൻെറ പേരപ്പൻ വെങ്കിടസുബ്ബജ്യോത്സ്യർ അച്ചുതാനന്ദനു അണ്ണാവിയുടെ പേൾ ൧൦൨൩ാമാണ്ടു ചിത്തിരമാസം ൨൭നു- വെള്ളോലക്കു വിലഎഴുതികൊടുത്തു നടന്നുവരുമ്പോൾ അച്ചുതാനന്ദൻ അണ്ണാവിയുടെ വിലയാധാരംഴി കൈമറിഞ്ഞു മീനാക്ഷി സുബ്ബരാമയ്യനുകിട്ടി അയാളുടെ അവകാശം തനിക്കും തൻെറ അനുജൻ മീനാക്ഷി സുന്ദരം വെങ്കിടകൃഷ്ണയ്യനുംസിദ്ധിക്കയും താനും അനുജനുമായി രജിസ്റ്റർമാറ്റും ഭാഗിച്ചതിൽ ഈമന

Stating that the tax-free-lands endowed for Palpayasa Nivedyam in the Suchindram temple should be granted to the occupant on Pattom on levy of vilayattham

തൻെറഭാഗത്തിൽ തിരികയുംചെയ്തു അനുഭവിക്കുന്നതായുംഇതിനെ ശ്രീപാദംവകയെന്നു പറഞ്ഞു ലേലംവിളിപ്പിച്ചസമയം ഗൃഹം കെട്ടിപാക്കുന്നതിനാൽ മന ഒഴിയുന്നതിനിടയില്ലെന്നു മീനാക്ഷി സുബ്ബരാമയ്യൻ എഴുതിവച്ചിട്ടുണ്ടെന്നും പേരാൽ പതിച്ചുകൊടുക്കണമെന്നും പ്രമാണങ്ങൾ ബോധപ്പെടുത്തിയും ശുചീന്ദ്രം ഗ്രാമത്തിൽ മീനാക്ഷി സുന്ദരം വെങ്കിടസുബ്ബയ്യൻ എഴുതിവച്ചിരിക്കുന്നതായിട്ടും അപേക്ഷക്കാറൻ ബോധപ്പെടുത്തിയതും അന്യം നിന്ന ഭഗവതിപ്പെരുമാൾ രാമനാഥൻ അച്ചുതാനന്ദൻ അണ്ണാവിക്കു ൧൦൨൩-ാമാണ്ടു ചിത്തിരമാസം ൨൭-നു- എഴുതികൊടുത്തിരിക്കുന്നതും ആയ വിലയാധാരം നോക്കിയതിൽ ആ മനയെ ൯൭൫ പണത്തിനു അന്യം നിന്നവൻെറ പൂർവികിയായ ലക്ഷ്മി മകൾ പാർവതിപ്പിള്ളപേർക്കു ൯൩൩-ാമാണ്ടു ചിത്തിരമാസം ൯൩- ൨ൂകമുടയാൻ അണ്ണെഞ്ചുപെരുമാൾ കരുക്കൾമുതൽപേരോടു എഴുതിവാങ്ങിച്ചിരിക്കുന്നതായി അതിൽ പ്രസ്താവിച്ചു കാണുന്നതിനെകുറിച്ചും അന്യം നിന്നവൻ എഴുതികൊടുത്ത വിലയാധാരം വെള്ളോലയായിരുന്നാലും അതിനെ തുടർന്നു വേറെയും ആധാരങ്ങൾ ജനിച്ചിരിക്കുന്നതായും അതുകൾ കാലത്തിനുതക്കപഴക്കമുള്ളതായിട്ടും കാണുന്നതിനാൽ അന്യം നിൽപ്പിനെപ്പററിയുള്ള സക്കാർചോദ്യത്തിനു കാരണം കാണുന്നില്ലെന്നും ഡിവിഷൻ സാധനവും അതിലേക്കു ഹേതുവായവിചാരണയും പരിശോധിച്ചതിൽ ആററങ്ങൽ വകയിൽ നിന്നും പാൽകഞ്ഞി നിവേദ്യത്തിനു വിട്ടിരിക്കുന്നവകയെ ഉത്തരവുംപ്രകാരം തടസ്ഥർ കണ്ടപാട്ടത്തിനു പലരിടേയുംപേക്കു ഏല്പിക്കുന്നസമയം ഇതിൽ അന്യം നിന്നവൻ കുടിപാർത്തു വന്നതുകൊണ്ടു പാട്ടം കെട്ടുന്നതിനു ഇടവന്നിട്ടില്ലാഴികയാൽ മുൻപാട്ടത്തിനു ഏല്പിക്കേണ്ടുന്ന സംഗതി ഇടപെട്ടു എഴുതി ബോധിപ്പിച്ചിരുന്നതിനു സക്കുലർ അനുസരിച്ചു ലേലത്തിൽ വിളിക്കയും മുൻപാട്ടത്തിനു ൧൦൩൦-ാമാണ്ടുവരെ കുറവുനിക്കി ശേഷം കുടിജ്ജിഖ കെട്ടിവെപ്പിക്കയും ചെയ്യണമെന്നുംമററും ൧൦൩൩ ാമതു നമ്പ്രിൽ ൧൦൮൨-ാമാണ്ടു അല്പശിമാസം ൭നു- എഴുതിയ ഉത്തരവുംപ്രകാരം മന ലേലത്തിൽ വിളിച്ചു ൧൮൦൦- പണമായി വിളികേട്ടവകക്കു വയ്യോല മുതലായ്തു എഴുതി യിരിക്കുന്നതായും മനയിൽ ഗൃഹം കെട്ടി പാർത്തു വരുന്നതുകൊണ്ടു ഒഴിപ്പിച്ചു കൊടുത്താൽ പണം കെട്ടിവയ്ക്കാമെന്നു ലേലക്കാരനും ഭഗവതിപെരുമാൾ രാമനാഥനോടു അത്ഥം കൊടുത്തു എഴുതിവാങ്ങി ഗൃഹം കെട്ടിപാക്കുന്നതിനാൽ മന ഒഴിഞ്ഞുകൊടുക്കുന്നതിനു ഇടയില്ലെന്നും മററും അനുഭവക്കാരൻ മീനാക്ഷിസുബ്ബരാമയ്യനും കച്ചീട്ടു എഴുതി വച്ചിരിക്കുന്നതായിട്ടും ഇതിലേക്കു എങ്ങിനെ വേണ്ടതെന്നു ഡിവിഷനിൽ നിന്നും ഹജൂക്കു എഴുതിട്ടുള്ളതല്ലാതെ ഇന്ന പ്രകാരം ചെയ്വാനുള്ളതെന്നു അഭിപ്രായം ഒന്നും പറഞ്ഞിട്ടില്ലെന്നു കാണുന്നതിനാൽ ഡിവിഷൻ സാധനത്തിനും ലേലക്കാരനും വസ്തു കൈവശക്കാരനും ൧൦൮൬-ാമാണ്ടു എഴുതി വച്ചിട്ടുള്ള കച്ചീട്ടിനും ലേല വയ്യോലക്കും പകപ്പു എഴുതിച്ചു അയച്ചിരിക്കുന്നു എന്നും ആററങ്ങൽ വകയിൽ നിന്നും പാൽകഞ്ഞി നിവേദ്യത്തിനു വിട്ടിരിക്കുന്ന വസ്തുക്കളെ ഉത്തരവുംപ്രകാരം തടസ്ഥർ കണ്ടപാട്ടത്തിനു മറപേരിൽ ഏല്പിച്ചസമയം ഈ മനയിൽ അന്യം നിന്നവൻ കുടിപാർത്തു വന്നതുകൊണ്ടു പാട്ടം കെട്ടുന്നതിനു ഇടയായിട്ടില്ലെന്നും പിന്നിട ൧൦൮൨-ാമാണ്ടു ലേലത്തിൽ വിളിക്കാൻ ഉണ്ടായ ഉത്തരവുംപ്രകാരം ലേലം ചെയ്തതിൽ കൂടുതൽതുകക്കു വിളികേട്ടവൻ വസ്തു ഒഴിപ്പിച്ചുകൊടുത്താൽ പണം കെട്ടിവയ്ക്കാമെന്നും ഗൃഹം കെട്ടിപാക്കുന്നതിനാൽ ഒഴിഞ്ഞു കൊടുക്കാനിടയില്ലെന്നു മീനാക്ഷിസുബ്ബരാമയ്യനും തക്കപ്പെട്ടിരിക്കുന്നെയും ൯൩-ാമാണ്ടും ൧൦൧൨-ാമാണ്ടും ഒഴകിൽ ആററങ്ങൽ മൂത്തതമ്പുരാൻ മഠം വകക്കു ഭഗവതിപെരുമാൾ രാമനാഥൻ പേരിൽ അനുഭവം എഴുതിയും അവൻ എഴുതികൊടുത്ത ൧൦൨൩ ാമാണ്ടത്തെ ആധാരത്തിൽ അവൻെറ കുഡുംബത്തെയ്ക്കു ൯൩൩-ാമാണ്ടു വില സിദ്ധിച്ചിട്ടുള്ളതായി പ്രസ്താവിച്ചും കാണുന്നേയും സ്ഥിതിക്കു മുൻനടപടിയെ തുടന്നു ഇപ്പോൾ ലേലനടപടിനടത്തുന്നതു അത്രവിഹിതമായിരിക്കുന്നില്ലെന്നു മാത്രമല്ല വ്യവഹാരവദ്ധനക്കും കാരണമായി വരാമെന്നു വിചാരിക്കത്തക്കതായിരിക്കുന്നതിനെപ്പററിയും ൯൩-ം ൧൦൧൨-ം ആണ്ടുകളിൽ ഭഗവതിപെരുമാൾ രാമനാഥൻ പേരിൽ അനുഭവം എഴുതീട്ടുള്ളതിൽ ആററങ്ങൽ മൂത്തതമ്പുരാൻവകക്കു എന്നു വചനം പറഞ്ഞിരുന്നാലും അന്യംനിന്ന കുഡുംബത്തിൽ വസ്തുസിദ്ധിച്ചു ആ കുഡുംബക്കാർ ൧൭൦-ം വിലയാധാരവഴി മറ കുഡുംബത്തു നിന്നും ൮൮-ം ഇങ്ങിനെ ൧൧൮-സംവത്സരകാലമായിട്ടുള്ള അനുഭവത്തിൻെറ സ്ഥിതിക്കും ഇതുകരംഒഴിവു മനയാണെന്നു കാണുന്ന ക്രമത്തിനും ഇപ്പോൾ ശ്രീപാദംവകക്കു ഇതിൽ ഏതെങ്കിലും ബാദ്ധ്യതയുണ്ടെന്നു പറയത്തക്കവണ്ണംകാണുന്നില്ലെന്നും ഇപ്പൊഴത്തെസെററിൽമെൻറ വ്യവസ്ഥപ്രകാരംവിലയത്ഥം തീപ്പിച്ചു പണ്ടാരവക പാട്ടമായി പതിച്ചുകൊടുക്കുന്നതു ന്യായമായിരിക്കുമെന്നു തോന്നുന്നപ്രകാരവും ഈ സംഗതിയുടെ സ്ഥിതിക്കു ഇവിടത്തെ അനുവാദത്തിംമേൽ ആ വിധം നടത്തിക്കുന്നതു കൊള്ളാമെന്നു വിചാരിക്കുന്നതിനാൽ അതിനുമണ്ണം വിലയത്ഥം തീപ്പിച്ചു പതിച്ചു കൊടുക്കുന്നതിനുവേണ്ട ഉത്തരവുണ്ടാകണമെന്നും എഴുതിവന്നു കൂടുതലായി ചിലവിവരങ്ങൾ അറിയേണ്ടതിനെപ്പററി എഴുതിഅയച്ചിരുന്നതിനുമണ്ണം ൯൯൩-ം ൧൦൧൨-ം ആണ്ടുകളിലെ ഒഴുകിൻെറയും ൧൦൨൩-ം ൧൦൩൧-ം ആണ്ടുകളിലെ വിവരതിരട്ടിൻെറയും പകപ്പുകൾ അയച്ചിരിക്കുന്നതായി

൧൦൮൩/൯൭൦ മതു നമ്പ്രായി കുംഭമാസം ൨൩-നു എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

റിക്കാർട്ടുകൾ പരിശോധിച്ചു. ഇതിലേക്കു പേഷ്കാരു അഭിപ്രായപ്പെട്ടിട്ടുള്ളതിന്മണ്ണം സർവെ ൩൫൨-ൽ ൧൫൨-ം ൧൯൨-ം കിഴനമ്പ്ര വസ്തുക്കൾക്കു സെററിൽമെന്റപ്രകാരമുള്ള പാട്ടം കണക്കാക്കി അതിലേക്കു വിലയത്ഥം തീപ്പിച്ചു പണ്ടാരവകപാട്ടമായി പതിച്ചുകൊടക്കുന്നതു കൊള്ളാമെന്നുതന്നെ ഇവിടെയും വിചാരിക്കുന്നതിനാൽ അപ്രകാരം നടത്തിച്ചുകൊള്ളണം.

ഇച്ചെയ്തി എല്ലാം മാത്തെവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

ഹജൂർകണ്ടെഴുത്തു ഡിപ്പാർട്ടുമെന്റ

നംബർ ൪൯൯-ാമത.

തിരുവനന്തപുരം

൧൦൭൦-ാമാണ്ടു മിഥുനമാസം ൧൩-നു
൧൮൯൫-ാം വർഷം ജൂൺമാസം ൨൬-നു

ഇവിടത്തെച്ചെയ്തി ആവിതു.

Prohibiting the registry of reclamations from Vellayani lake.

വെള്ളായണിക്കായലിൽ ഹജൂർഖജാനാവിൽ ശ്രാപ്പു മുതൽപേർ പ്രവെശിച്ചു ദെഹണ്ഡങ്ങൾ ചെയ്തുവരുന്നതായും കായൽ പതിച്ചു കൊടുക്കുന്നപക്ഷം അടുത്തുള്ള നിലങ്ങളിൽ വെള്ളം നിറുത്തി കൃഷി ചെയ്യുന്നതിനും മനുഷ്യർ മുതലായ സർവ്വജന്തുക്കളുടെയും സ്നാനപാനാദികൾക്കും ദൊഷം നെരിടുമെന്നും മററും വെള്ളായണി പുഞ്ചനിലംകൃഷിക്കാററായ വിളയിൽ വീട്ടിൽ കണക്കു പത്മനാഭൻ ഗൊവിന്ദൻ മുതൽപെരിടെ ഹജിവനാ ൟ കായലിൽ ആരെങ്കിലും പ്രവെശിക്കയും പതിച്ചുകൊടുക്കുന്നതിലെക്കു നടപടിനടത്തുകയും ചെയ്തിരുന്നാൽ ആസ്ഥലത്തിന്റെ സർവെനമ്പരും ഭൂമിയുടെകിടപ്പും അറിയത്തക്കവണ്ണംഒരു സ്കെച്ചുഎടുപ്പിച്ചുവരുത്തി അയക്കണമെന്നു എഴുതിഅയച്ചിരുന്നതിനു അതിന്മണ്ണംനടത്തിച്ചു പ്ലാനും രജിസ്തരും അയച്ചിരിക്കുന്നതായി ൪൧൮൯/൯൭൪-ാം മതു നമ്പരിൽ മിഥുനമാസം ൧൩-നു എഴുതിയ സാധനംഎത്തി വസ്തുതമനസ്സിലാകയും ചെയ്തു.

വന്നിട്ടുള്ള റിക്കാർഡുകൾ പരിശൊധിച്ചു. ൟ കായൽ നെമംപകുതിയൽ സർവെ ൪൭൭-ാമത നമ്പരായി ഡിമാർക്കെഷൻ ചെയ്തിരിക്കുന്നതായും ഇതിൽഅനെകംപേർ പ്രവെശിച്ചുകാരൊരുത്തരുടെയുംപ്രവെശസ്ഥലത്തെപ്രത്യേകം കിഴനമ്പർ കൊടുത്തു എടുത്തു ചിലതു വിചാരണയിൽ ഇരിക്കുന്നതായിട്ടുംഇതിൽ ൧൨-൧൩-൧൪-൧൫-൨൦ ഈ ൟകെഴനമ്പർ സ്ഥലങ്ങൾ പതിഞ്ഞുകരംതീത്തു വരുന്നപ്രകാരവും കാണപ്പെടുന്നു. ൟ നമ്പർ സ്ഥലങ്ങൾ കായലിന്റെഅരുകാററിയതാകയാൽ അതിനെപ്പററി ഒന്നുംചെയ്യാനില്ലാ. ൟ കായൽ പതിച്ചുകൊടുക്കുന്നപക്ഷം അടുത്തുള്ളപുഞ്ചനിലങ്ങളുടെ കൃഷിക്കുംമനുഷ്യർമുതലായജീവജന്തുക്കളുടെ സ്നാനപാനാദികൾക്കും ദൊഷംനെരിടുമെന്നുള്ളതിൽ ആക്ഷെപമില്ല. ൟ സ്ഥലംതിരുവനന്തപുരം ടൌണിനു സമീപമായും ഇത്രയും അടുത്തുള്ള മററുസ്ഥലങ്ങളിൽ ഇതുപോലെ ശുദ്ധജലമില്ലാതെയും ഇരിക്കുന്ന സ്ഥിതിക്കു ൟ സ്ഥലത്തെ ആക്കും പതിച്ചുകൊടുപ്പാനിടയില്ലെന്നും കായൽ പുറമ്പൊക്കായി റിക്കാർഡു ചെയ്യേണ്ടതെന്നും തീരുമാനിച്ചിരിക്കുന്നു. അപ്രകാരം നടത്തിക്കയും ൟ വിവരം അപെക്ഷക്കാരെ നൊട്ടീസുമൂലം തെയ്യപ്പെടുത്തുകയും ചെയ്തുകൊള്ളണം.

ഇച്ചെയ്തിഎല്ലാം മാത്തെവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൬൧൮൪-ാമത്.

ഹജൂർകച്ചേരി എഴുത്തുഡിപ്പാർട്ടുമെൻറ.
തിരുവനന്തപുരം.

൧൦൯൦-ാമാണ്ട മിഥുനമാസം ൧൩ നു-
൧൯൧൫-ാം വർഷം ജൂൺമാസം ൨൭ നു-

ഇവിടത്തെച്ചെയ്തി ആവിതു.

Sanctioning the abolition of the practice in vogue in the villages of Anantapuram, Alagiapandiapuram and Eravipudur in Nanjanad of recovering along with the Kumbhom crop kist a portion of the assessment due for the Kanni crop on lands on which remission is allowed for fallows in the Kanni crop [illegible] and the introduction of a uniform system of remission in all the villages [illegible].

നാഞ്ചിനാട്ടിൽ അനന്തപുരം, അഴകിയപാണ്ടിപുരം രണ്ട പകുതികളിലും തരിശെഴുത്തു പതിവുള്ളതായ മാനാമാരിപുരവുകളിലെ നിലങ്ങൾക്കും ഇരവിപുത്തൂർ പകുതിയിൽ പെരുങ്കുളയാററ പാശാനത്തിൽ ഉൾപ്പെട്ട എട്ടു പുരവുകളിലെ ഒററിനിലങ്ങൾക്കും വിയൻ മുതൽക്കൂട്ടി പിരിപ്പിക്കാ എന്നു ഒരിനം ഏർപ്പെട്ടിട്ടുള്ളതായും തരിശെഴുത്തുള്ള മററപുരവുകളിൽ ആ നടപ്പില്ലെന്നാംകണ്ട അതിനെപ്പററിവിചാരിച്ചതിൽ അഴകിയപാണ്ടിപുരം, അനന്തപുരം രണ്ടുപകുതികളിലും ഉള്ള നിലങ്ങൾക്ക ആയക്കെട്ടുമ്പടിയുള്ള കരത്തിനെ കന്നിപ്പൂവിലെക്ക ഇരുപങ്കും കുംഭപ്പൂവിലെക്ക ഒരുപങ്കുമായിട്ട പട്ടയവീതം കൊണ്ടിരിക്കുന്നു എന്നും കന്നിപ്പൂവിൽ തരിശിടുകയും കുംഭപ്പൂവിൽ കൃഷി ചെയ്കയും ചെയ്യാൽ കുംഭപ്പൂവിലെക്ക വീതമുള്ള കരംകൂടാതെ കന്നിപ്പൂ കരത്തിൽ നാലിൽ ഒരുഭാഗത്തെക്കൂടെ കുംഭപ്പൂവിൽക്കൂട്ടി കൂടുതൽ ഉള്ളതുംയും നെല്ലായിട്ട തീർപ്പിക്കയും കുംഭപ്പൂ തരിശിട്ട കന്നിപ്പൂകൃഷി ചെയ്യാൽ കന്നിപ്പൂവിലെക്ക വീതം കൊണ്ടിരിക്കുന്ന കരത്തെ തന്നെ പിരിപ്പിക്കയും ചെയ്തുവരുന്നതായും ഇരവിപുത്തൂർ പകുതിയിൽ ഉള്ള മേൽ വിവരിച്ച ഒററി നിലങ്ങൾക്ക കന്നിപ്പൂ മാത്രം തരിശെഴുതികൊടുക്കുന്നപതിവെന്നും കുംഭപ്പൂവിൽ കരം തീർപ്പിക്കുമ്പൊൾ ആ നിലങ്ങൾക്ക ആണ്ടൊട്ടുക്കുള്ള കരത്തിൽപാതിയും കന്നിപ്പൂവിലെ കരത്തിൽ മൂന്നിൽ ഒരുഭാഗം കൂട്ടിയും ആ കൂടുതൽ അത്രയും നെല്ലായും തീർപ്പിച്ചുവരുന്നു എന്നും കാണുന്നതായിട്ടും മുൻപറഞ്ഞ മാനാമാരി പുരവുകൾക്ക കുംഭപ്പൂ കാലം കുറവായതുനിമിത്തം കുടികൾക്ക ക്രമമല്ലാത്ത ആദായം ലഭിച്ചുപൊകരുതെന്നു വിചാരിച്ചും പെരുങ്കുളയാററ പുരവിലെ ഒററി നിലങ്ങൾക്ക തരിശെഴുത്തു ഇടക്കാലത്തു ഏർപ്പെട്ടതുകൊണ്ട ആയതുകയിൽ സക്കാരിലെക്കുണ്ടാകുന്ന നഷ്ടത്തിൽ ഒരു ഭാഗം ഇല്ലാതാക്കണമെന്നുദ്ദേശിച്ചും വിയൻ തീർപ്പിക്കുന്ന ക്രമം നടപ്പാക്കിയിരിക്കുന്നതായി അറിയുന്നുവെന്നും തരിശെഴുത്തു പതിവുള്ളതായ ശേഷം പകുതികളിൽ ഒരു സ്ഥലത്തും ഇങ്ങനെ വിയൻ തീർപ്പിക്കുന്ന നടപ്പില്ലെന്നു കാണുന്നതും ഇപ്പോഴത്തെ സെററിൽമെൻറിൽ എല്ലാസ്ഥലത്തേക്കും ഒരേ ക്രമമായി കന്നിയും, കുംഭവും സമമായി വരുന്നസ്ഥിതിക്ക അഴകിയപാണ്ടിപുരം, അനന്തപുരം ഈ പകുതികളിൽ പട്ടയവീതത്തിന്റെ കൂടുതൽകുറവിനാൽ വിയൻ തീർപ്പിക്കേണ്ടതിനു ആവശ്യം നേരിടുന്നതല്ലെന്നു വരുകിലും വിയൻതീർപ്പിക്ക എന്നുള്ള കീഴ്നടപ്പിനെ മാത്രം വിചാരിച്ചു മേലുംനടത്തണമൊ എന്ന് സ്ഥലത്തു ജീവനക്കാർ സംശയിക്കുന്നതിനു ഇടയുള്ളതുംകൊണ്ട ഇരവിപുത്തൂർപകുതിയിൽ ഒററിനിലങ്ങൾക്ക വിയൻ തീർപ്പിക്കുന്നതു ഒരു ന്യായത്തെയും അനുസരിച്ചുനടപടി എന്നു കാണുന്നില്ലെന്നും പല പുരവുകളിലും ഒററിനിലങ്ങൾക്ക തരിശെഴുത്തുള്ളസ്ഥിതിക്ക മററൊരുസ്ഥലത്തും ഇല്ലാത്ത ഈ നടപ്പിനെ ഇരവിപുത്തൂർപകുതിയിൽ മാത്രം നടത്തുന്നതു അവിടത്തെ കുടികൾക്ക ന്യായമായ സങ്കടത്തിനു കാരണമായിത്തീരുന്നതും തിട്ടം വരുത്തിച്ചതിൽ ഈ ഇനത്തിൽ ശരാശരി ൧൫൦ കോട്ടനെല്ലിൽ അധികംമുതൽ വരുന്നില്ലെന്നുകാണുന്നതും രീതികേടായ നടപ്പിനെ നിറുത്തുന്നതിലെക്കായി സ്വല്പമായ ആദായത്തെ സക്കാരിൽനിന്നും ഉപെക്ഷിക്കുന്നതു യുക്തമായിട്ടുള്ളതുമാകയാൽ വിയൻതീർപ്പിക്കുന്ന ഈ ക്രമത്തെ നിറുത്തൽ ചെയ്യുന്നത് വിഹിതമെന്നു തൊന്നുന്നതാകകൊണ്ട അതിനെപ്പററി നിദാനം വരണമെന്നും എഴുതിവന്നു വിയൻമുതൽക്കൂട്ടി പിരിപ്പിക്കുന്ന പുരവുകളിലെ സർവെനമ്പരും അതിനു വസ്തുവിവരവും അതിലെക്കുള്ളകരവും വിയൻ മുതൽവന്നിരിക്കുന്നതിന്റെ തുകയും മററും കാണിച്ചു ഒരുസ്റ്റെറ്റുമെൻറ തയ്യാറാക്കിച്ചു എഴുതിവരണമെന്നു എഴുതിഅയച്ചിരുന്നതിലെക്ക അതിനെപ്പററി വിയൻ മുതൽക്കൂട്ടി പിരിപ്പിക്കുന്നതായികാണുന്ന അനന്തപുരം, അഴകിയപാണ്ടിപുരം, ദർശനംകൊപ്പ്, ഇരവിപുത്തൂർ ഈ പകുതികളിലെ വസ്തുക്കളുടെയും മററും വിവരത്തിനു തയ്യാറാക്കിട്ടുള്ള സ്റ്റെറ്റുമെൻറുകൾ അയച്ചിരിക്കുന്നതായി ൫൩൧൨/൧൫ നമ്പരിൽ ൯൦ാമാണ്ട വൃശ്ചികമാസം ൨൧നു- എഴുതിയ സാധനം എത്തിവസ്തുതമനസ്സിലാകയുംചെയ്തു.

വന്നിട്ടുള്ളലീസ്ററുകൾ നൊക്കി. അനന്തപുരം, അഴകിയപാണ്ടിപുരം, ദർശനംകൊപ്പ്, ഇരവിപുത്തൂർ ഈ പകുതികളിൽ വിയൻ മുതൽക്കൂട്ടി പിരിപ്പിച്ചുവരുന്നതായും വെറെ ഒരു സ്ഥല

ത്തും ഇങ്ങനെ കരം വാങ്ങിക്ക നടപ്പില്ലെന്നും ൟ വകയിൽ ശരാശരി ആണ്ടൊന്നുക്കു ൫൭൦ കോട്ട നെല്ലിൽ അധികംമുതൽ ഇല്ലാത്തപ്രകാരവും വിവരപ്പെടുന്നു. തിരിശെഴുത്തുപതിവുള്ള മററസ്ഥലങ്ങളിൽ ൟ നടപ്പുള്ളതായി കാണുന്നില്ലാ. സെററിൽമെൻറിൽ കന്നിയും കുംഭവും കരം സമമായിവിധിക്കുന്നസ്ഥിതിക്കും ഇങ്ങിനെയുള്ള ആദായങ്ങളെ കുറവു ചെയ്യെണ്ടതെന്നു നാഞ്ചിനാട്ടെവകയ്ക്കു ഉണ്ടായിട്ടുള്ള സെററിൽമെൻറ മെമ്മൊറാണ്ടത്തിൽ വിവരിച്ചിട്ടുള്ള ക്രമത്തിനും നാഞ്ചിനാട്ട സെററിൽമെൻറപ്പടിയുള്ള കരം പിരിവു തുടങ്ങുന്ന കാലംമുതൽ വിയൻ മുതൽക്കൂട്ടി പിരിപ്പിക്കാഎന്നുള്ള ഏർപ്പാടിനെ നിറുത്തൽചെയ്യുന്നതിലെയ്ക്കു അനുവദിച്ചിരിക്കുന്നു. വിവരംകാണിച്ചു ഡിവിഷനിലെക്കു എഴുതിഅയച്ചിട്ടുണ്ട്.

ഇച്ചെയ്തിഎല്ലാം മാതെവൻപിള്ള വായിച്ചുകണ്ടെഴുത്തു ദിവാൻപെഷ്കാരെകൊടുപ്പിച്ചുവയ്ക്കയുംവെണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

## PROCLAMATION

BY

**His Highness Sri Padmanabha Dasa Vanchi Pala Sir Rama Varma Kulasekhara Kiritapati Manney Sultan Maharaja Raja Ramaraja Bahadur Shamsher Jang, Knight Grand Commander of the Most Exalted Order of the Star of India, F. M. U., M. R. A. S., Maharaja of Travancore,** *issued under date the 25th July 1895, corresponding with the 11th Karkadagom 1070.*

Whereas it is found to be a source of hardship to keep up certain items of demand recognised in the accounts as loans advanced in remote times by the State and Devaswoms and to levy the interests thereon, known as Arthapalisa, Paduthalapalisa, Nerpalisa, Ubhayampalisa, Polikadapalisa, Muripalisa, Kudipalisa, Anapalisa, Acheetupalisa, Palkudapalisa, Mambattapalisa, Namaskarapalisa, Valivattupalisa, and Nallamulakupalisa, and whereas it is Our earnest desire to relieve the ryots of these burdens; We are pleased to declare

That from and after the 1st Chingom 1071 no demand shall be made in respect of the principals as well as the interests above mentioned and of all arrears of interests which may remain unpaid after the 32nd day of Karkadagom 1070 corresponding with the 15th August 1895; and all such principals, interests and arrears shall be written off the accounts.

That all sums already realised (but not yet credited in the accounts) on account of any such principals or interests or which may be realised till the 32nd day of Karkadagom 1070 (inclusive) shall be credited to Government.

SIGN MANUAL.

## ശ്രീ പത്മനാഭ ദാസ വഞ്ചി ബാല സർ രാമവൎമ്മ കുലശേഖര കിരീടപതി മന്നെ സുൽത്താൻ മഹാരാജ രാജെ രാമരാജാ ബഹാദർ ഷംഷെർ ജംഗ് നൈററ് ഗ്രാൻഡ് കമ്മാൻഡർ ആഫ് ദി മോസ്റ്റ് എക്സാൽട്ടെഡ് ആഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ എഫ്. എം. യു., എം. ആർ. എ. എസ്സ് മഹാരാജാ അവർകൾ സകല മാനപേക്ഷം പ്രസിദ്ധപ്പെടുത്തുന്ന

### വിളംബരം

ഈ സംസ്ഥാനത്തു പണ്ടാരവകയായും ദേവസ്വംവകയായും കണക്കിൽ പുരാതനമായി കൊണ്ടിട്ടുള്ള ചില ഇനം മുതലുകളെ സംബന്ധിച്ചു മേലും ചോദ്യപ്പെടുന്നതും അവകളിന്മേൽ ഉള്ള അത്ഥപലിശ- പട്ടതലപലിശ- നെർപലിശ- ഉഭയംപലിശ- പൊലിക്കടപലിശ- മറിപലിശ- കടിപലിശ- ആനപലിശ- അച്ചീട്ടപലിശ- പാൽകടപലിശ- മാമ്പറപലിശ- നമസ്കാരപലിശ- വഴിപാട്ടുപലിശ- നല്ലമുളകുപലിശ- ഈ വക പലിശകളെ പിരിപ്പിക്കുന്നതും ഞെരുക്കത്തിനു ഹേതുവെന്നു കാണുന്നതും ഈ ഭാരങ്ങളെ അവ സംബന്ധപ്പെട്ട കുടികളിൽ നിന്നും നീക്കേണ്ടതിനു നമുക്കു പ്രത്യേകം താല്പൎയ്യമുള്ളതും ആകയാൽ നാം ആജ്ഞാപിക്കുന്നതു എന്തെന്നാൽ,

മേൽപറഞ്ഞ മുതലുകളും അവകൾക്കു ൧൦൭൧ാമാണ്ടു മുതൽക്കുള്ള പലിശയും ൧൮൯൫ാം വൎഷം ആഗസ്റ്റ മാസം ൧൫നു-ക്കു ൧൦൭൦ാമാണ്ടു കൎക്കടകമാസം ൩൨നു- വരെ പിരിയുന്നതു നീക്കി പലിശയിൽ ബാക്കി വരുന്ന പക്ഷം ആയതും പിരിപ്പിക്കാൻ ആവശ്യമില്ലാത്തതും കണക്കിൽകുറവു എഴുതേണ്ടതും ആകുന്നു.

മേൽകാണിച്ച മുതലുകളൊ പലിശയൊ ഇതുവരെ ഈടാക്കി അനാമത്തു വച്ചിട്ടുള്ളതൊ ൧൦൭൦ാമാണ്ടു കൎക്കടകമാസം ൩൨നു- വരെ ഈടായിവരുന്നതൊ ആയ എല്ലാ തുകയും സൎക്കാരിലെക്കു മുതൽ കൂട്ടേണ്ടതാകുന്നു എന്നു

൧൦൭൦ാമാണ്ടു കൎക്കടകമാസം ൧൫നു-

---

## PROCLAMATION

BY

## His Highness Sri Padmanabha Dasa Vanchi Pala Sir Rama Varma Kulasekhara Kiritapati Manney Sultan MahaRaja Raja Ramaraja Bahadur Shamsher Jung, Knight Grand Commander of the Most Exalted Order of the Star of India, F. M. U., M. R. A. S., Maha Rajah of Travancore, *issued under date the 29th July 1895 corresponding with the 15th Karkadagom 1070.*

Whereas it is found to be a source of hardship to keep up the extra cess known as Rekshabhogam and whereas it is Our earnest desire to relieve the ryots concerned of this burden, We are pleased to declare

That from and after the 1st Chingom 1071 the cess known as Rekshabhogam is abolished, and no demand shall be made in respect thereof or of arrears on that account which may remain unpaid after the 32nd day of Karkadagom 1070 corresponding with the 15th August 1895 and that such cess and arrears shall be written off the accounts from the 1st day of Chingom 1071.

 TRIVANDRUM PUBLIC LIBRARY.

That all sums already realised (but not yet credited in the accounts) on account of such cess or which may be realised till the 32nd day of Karkadagom 1070 (inclusive) shall be credited to Government.

SIGN MANUAL.

ന൦ ൨൭൩ — രായസം

ശ്രീപത്മനാഭ ദാസ വഞ്ചിബാല സർ രാമവൎമ്മകുലശേഖര കിരീടപതി
മന്നെ സുൽത്താൻ മഹാരാജ രാജെ രാമരാജാ ബഹാദർ ഷംഷെർ
ജംഗ് നൈററ് ഗ്രാൻഡ് കമാൻഡർ ആഫ് ദി മോസ്റ്റ് എക്സാൽ
ടെഡ് ആർഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ എഫ്.
എം. യു., എം. ആർ. എ. എസ്സ്., മഹാരാജാ അവർകൾ
സകലമാനപെൎക്കും പ്രസിദ്ധപ്പെടുത്തുന്ന
വിളംബരം

൫ാം സംസ്ഥാനത്തു ചില കുടികളുടെ പേരിൽ രക്ഷാഭോഗം എന്ന ഇനത്തിൽ പിറവകയായി കണക്കിൽ കൊണ്ടിട്ടുള്ള ചില്ലറ കരം അതാതു സംബന്ധപ്പെട്ട കുടികളുടെ ക്ഷെമത്തിനുവേണ്ടി കുറവു ചെയ്യണമെന്നു നമുക്കു പ്രത്യേകം താല്പൎയ്യമായിരിക്കുന്നതുകൊണ്ടു ഇതിനാൽ ആജ്ഞാപിക്കുന്നതു എന്തെന്നാൽ

൧ാമതു. മേല്പറഞ്ഞ ഇനത്തിൽ കൊണ്ടിരിക്കുന്ന കരവും അതിൽ ൧൮൯൫ാം വൎഷം ആഗസ്റ്റുമാസം ൧൫൹-ക്കു ശരിയായ ൧൦൭൦ാമാണ്ടു കൎക്കടകമാസം ൩൨൹-വരെ പിരിയുന്നതു നീക്കി ബാക്കി വരുന്ന പക്ഷം ആയതും ൧൦൭൧ാമാണ്ടു ചിങ്ങമാസം ൧൹- മുതൽക്കു പിരിപ്പിപ്പാൻ ആവശ്യമില്ലാത്തതും കണക്കിൽ കുറവെഴുതേണ്ടതും ആകുന്നു

൨ാമതു. ഈ വകയിൽ ഇതുവരെ പിരിച്ചു അനാമത്തു വച്ചിട്ടുള്ളതൊ ൧൦൭൦ാമാണ്ടു കൎക്കടകമാസം ൩൨൹-വരെ ഉണ്ടായി വരുന്നതൊ ആയ എല്ലാ തുകയും സൎക്കാരിലെക്കു മുതൽക്കൂട്ടേണ്ടതാകുന്നു എന്നു

൧൦൭൦ാമാണ്ടു കൎക്കടകമാസം ൧൫൹-

---

നമ്പർ ൩൯൦൯.

ജമാബന്തി രായസം

൧൦൭൦-ാമാണ്ടു കൎക്കടകമാസം ൨൯൹-
൧൮൯൫-ാം വൎഷം ആഗസ്റ്റ്മാസം ൧൩൹-

ഇവിടത്തെച്ചെയ്തിയാവിതു.

Regarding the treatment of the lands included under "Vattaparmba Edavagai"

വട്ടപ്പറമ്പുവകയായി കുടികൾക്കു അനുഭവമുള്ള വസ്തുക്കൾക്കു ഇപ്പോൾ നടന്നുവരുന്ന കണ്ടെഴുത്തിൽ കുടികളുടെപേൎക്കു പട്ടയം കൊടുപ്പിക്കണമെന്നു അവരും മുൻകണ്ടെഴുത്തു നടന്നിരിക്കുന്നതു പൊലെ വലിയതാൻെറപേൎക്കു പട്ടയം കൊടുപ്പിക്കണമെന്നു വലിയതാനും തക്കപ്പെട്ടു അതിനെസംബന്ധിച്ചു നടത്തിവന്നിട്ടുള്ള വിചാരണകളും വട്ടപ്പറമ്പുഇടവകകാൎയ്യം പ്രമാണിച്ചു താലൂക്കിലും ഡിവിഷനിലും നിന്നയച്ചിട്ടുള്ള എഴുത്തുകുത്തുകളും പരിശൊധിച്ചതിൽ വട്ടപ്പറമ്പുവകയായും തനതുവകയായും രണ്ടുവിധത്തിൽ വസ്തുക്കളുള്ളതിൽ ഇടവകവസ്തുക്കൾ കുടികളുടെ അധീനത്തിലും തനതുവസ്തുക്കൾ വലിയതാൻെറ കൈവശത്തിലും ഇരിക്കുന്നു എന്നും വട്ടപ്പറമ്പിൽ അമ്മ എന്നു വിളിച്ചുവന്ന കുഞ്ഞി കൊച്ചുട്ടികാത്യായനിക്കു ശെഷക്കാരില്ലാഴികയാൽ തൊട്ടത്തിൽ വീട്ടിൽ രാമൻഅയ്യപ്പൻ മുതൽപെരെ ദത്തവകാശമാക്കി കൊടുക്കണമെന്നു അപേക്ഷിച്ചസമയം വീടിരിക്കുന്ന നാലുമറി പുരയിടങ്ങൾക്കും നാലുതറകൾക്കും പൊൻ, വെള്ളി, വെങ്കലപാത്രങ്ങൾക്കും സ്ഥാനമാനങ്ങൾക്കും മാത്രം അടിയറ തീൎപ്പിച്ചു ൧൦൪൦ാമാണ്ടു നീട്ടു കൊടുത്തു എന്നും അമ്മയുടെ കാലംകഴിഞ്ഞാൽ പണ്ടാരവകയിൽ ചേൎത്തു പാട്ടംകെട്ടുന്ന വസ്തുക്കളെ ദത്തുകാരരുടെപേൎക്കു പാട്ടമായി പതിക്കേണ്ടതെന്നു അപ്പോൾതന്നെ കല്പനപ്രകാരം തീൎച്ചപ്പെട്ടിട്ടുണ്ടെന്നും അതിൽപിന്നെ നിരത്തലിൽ ഉൾപ്പെടാത്ത വസ്തുക്കളെക്കൂടി അടിയറതീൎപ്പി

ച്ചു അവകാശപ്പെടുത്തി കൊടുക്കണമെന്നു വീണ്ടും അപേക്ഷിച്ചതിനു ഇടവക വസ്തുക്കളും മുമ്പു അടിയറ തീൎന്നിട്ടുള്ളതും നീക്കി ശേഷം തനതുവസ്തുക്കൾക്കു ഒന്നുപാതി അടിയറ തീൎപ്പിക്കാനും അമ്മയുടെ കാലം കഴിഞ്ഞാൽ ഇടവകവസ്തുവിന്മേൽ ദത്തുകാൎക്കു യാതൊരവകാശവും ഉണ്ടാകുന്നതല്ലെന്നും ആ വകവസ്തുക്കൾ സൎക്കാർ വകയാകകൊണ്ടു അപ്പോൾ സൎക്കാരിലെയുക്തംപോലെ വേണ്ടഏൎപ്പാടുചെയ്യുന്നതാണെന്നും ൧൦൨൭-ാമാണ്ടു കൎക്കടകമാസത്തിലും അമ്മ മരിച്ചുപോയതിന്റെ ശേഷം ദത്തുകാരരിടെ ആവലാധി പ്രമാണിച്ചു ഇടവകവസ്തുക്കൾ ദത്തുകാരരുടെ അധീനത്തിൽ വിടുകയും അടിയറവകപണം ൧൦൩൦-ാമാണ്ടുവരെ പത്തു തവണവെച്ചു തീൎപ്പിക്കയും ചെയ്വാൻ ൩൨-ാമാണ്ടു കൎക്കടകമാസത്തിലും കല്പനപ്രകാരം തീൎച്ചയാക്കിയതുപോലെ അടിയറവകപണം മുഴുവനും ഒടുക്കിതീൎന്നിട്ടില്ലെന്നും ഇടവകവസ്തുക്കൾക്കുള്ള കരം കുടികൾ നേരെ കൊടുക്കാതെയും അധികകരത്തിനു ചോദ്യപ്പെടുന്നു എന്നു കുടികൾ ആവലാധിപ്പെട്ടും അതുനിമിത്തം സൎക്കാർകരം പിരിയാതെ കുടിശ്ശികയാവാനും ൧൦൩൭-ാമാണ്ടു മുതൽ സൎക്കാരിൽ നിന്നും നേരിട്ടു കുടികളോടു കരംപിരിക്കുന്നതിനു ഉത്തരവുകൊടുത്തു പിരിപ്പിച്ചുവരുന്നതായിട്ടും ഇടവകവസ്തുക്കളിന്മേൽ കണക്കുമ്പടി കൊണ്ടു കരം കുടികളോടു വാങ്ങി സൎക്കാരിൽ ഒടുക്കുന്നതിനു മാത്രമല്ലാതെ വലിയതാൻ വേറെയാതൊരു ബാദ്ധ്യതകളും ആ വസ്തുവിന്മേൽ ഇല്ലെന്നു വിചാരണയാൽ വെളിപ്പെട്ടിട്ടുണ്ടെന്നും ഈ വസ്തുക്കൾ കുടികളുടെ സ്വന്തമാണെന്നും മററും അവർ തൎക്കിക്കുന്നഭാഗവും ആയക്കെട്ടുമുതലായ കണക്കുകൾ കൊണ്ടു സ്വീകരിക്കത്തക്കതല്ലെന്നും കാണുന്നുണ്ടെന്നും അറിനാൽ ഇടവകവസ്തുക്കളെ കുടികളുടെ പേരിൽ പാട്ടംകെട്ടി പതിച്ചു പട്ടയം കൊടുക്കുന്നതു ന്യായമായിരിക്കുമെന്നും തനതു വസ്തുക്കൾക്കു അടിയറതുക മുഴുവനും ഒടുങ്ങായിട്ടില്ലാത്തസ്ഥിതിക്കു അതു മുഴുവനും അടച്ചു അവകാശപ്പെട്ടതിൽ പിന്നെ ആ വകവസ്തുക്കൾക്കു ദത്തുകാരരിടെ പേൎക്കു പട്ടയം കൊടുക്കേണ്ടതല്ലാതെ വേറെവിധം ആലോചിപ്പാൻ ഇല്ലെന്നും ഇടവകവസ്തുക്കളുടെ വകയ്ക്കു ൧൫൦൦ കേസ്സു വരെ ഫയലായിട്ടുള്ളതിനു ഈ തീൎപ്പിന്റെ ഒതുക്കംവന്നതിനു മേൽ തീൎച്ചപ്പെടുത്തേണ്ടിയിരിക്കുന്നു എന്നും ഈ കാൎയ്യം സംബന്ധിച്ചു മുൻ ഹജൂരിൽ നടന്നിട്ടുള്ള എഴുത്തുകുത്തുകൾ തിട്ടംവരുത്തിക്കയും പേഷ്കാരിടെ റിപ്പോൎട്ടോടുകൂടി വന്നിട്ടുള്ള റിക്കാൎട്ടുകൾ നോക്കുകയും ചെയ്തതിൽ ൧൦൩൫-ാമാണ്ടു ദത്തുവകയ്ക്കു വിചാരണനടന്നസമയം എഴുതീട്ടുള്ള കണക്കുപ്രകാരം ഈ വകയായി ൭൦൪൫ പറ ൭ ഇടങ്ങഴി നിലവും, ൨൨൬ പുരയിടവും ൩൫൧ തറയും ൧൭ ചിറയും ഉള്ളതിലേയ്ക്കു ൧൧൩൭൭ ഉണ്ടാണിപ്പണം കരം ഇറപ്പും ഉണ്ടെന്നും തനതുവകയിൽ കീരിക്കാടു, മുതുകുളം, കാൎത്തികപ്പള്ളി, ചെപ്പാടു, പുതുപ്പള്ളി, കൃഷ്ണപുരം ഇങ്ങനെ ആറുപ്രവൃത്തികളിലായി പാട്ടത്തിൽ ൧൭൫ പറ ൩ ഇടങ്ങഴി നിലവും അത്ഥംരണ്ടു വകയിൽ ൧൦൫൬ പറ ൨ ഇടങ്ങഴി നിലവും ൨൧൦ പുരയിടവും ൧൭ തറയും ഉള്ളതായിട്ടും ഇതിൽ ൧൬ പുരയിടത്തിനും ൬ തറയ്ക്കും വീടു മുതലായതിനും മാത്രം വിലവെച്ചു ഒന്നുപാതിയും സ്ഥാനമാനത്തിനും അടിയറ ഒടുക്കിച്ചു ൩൩-ാമാണ്ടു നീട്ടുകൊടുക്കയും അമ്മയുടെ കാലംകഴിഞ്ഞാൽ പണ്ടാരവകയിൽ ചേൎത്തു പാട്ടംകെട്ടുന്ന വസ്തുക്കൾ ദത്തുകാരരുടെ പേരിൽ പാട്ടമായി പതിപ്പാനുള്ളതെന്നു തീൎച്ചപ്പെടുകയും ചെയ്തതിന്റെ ശേഷം എല്ലാവസ്തുക്കൾക്കും അവകാശപ്പെടുത്തി കൊടുക്കണമെന്നു വട്ടപ്പറമ്പിൽ അമ്മ വീണ്ടും ആവലാധിപ്പെട്ടു കല്പനപ്രകാരം എഴുത്തുകുത്തു നടന്നതിൽ ഇടവകയായുള്ള വസ്തുക്കളും തനതുവകയിൽ അടിയറ തീൎപ്പിച്ചിട്ടുള്ളതും പൊകെ ശേഷം തനതുവക സകലവസ്തുക്കൾക്കും ഒന്നുപാതി അടിയറ തീൎപ്പിച്ചു അവകാശപ്പെടുത്തുവാനുള്ളതെന്നും ഇടവകവസ്തുക്കൾ സൎക്കാർ വകയാകകൊണ്ടു അമ്മയുടെ കാലം കഴിഞ്ഞാൽ ആ വസ്തുക്കളിന്മേൽ ദത്തുകാൎക്കു യാതൊരവകാശവും ഉണ്ടാകുന്നതല്ലെന്നും സൎക്കാരിന്റെ യുക്തംപോലെ വേണ്ട ഏൎപ്പാടു ചെയ്യുന്നതാണെന്നും ഉള്ള വ്യവസ്ഥയോടുകൂടി തനതുവസ്തുക്കൾക്കു അടിയറ തീൎപ്പിക്കേണ്ടതെന്നും ൧൦൨൭-ാമാണ്ടു ഹജൂരിൽനിന്നും അഭിപ്രായപ്പെട്ടു എഴുതി അയച്ചതിനു അതിന്മണ്ണം ഒന്നുപാതി അടിയറ തീൎപ്പിച്ചു അവകാശപ്പെടുത്തുവാനും ഇടവകയായുള്ള സകല വസ്തുക്കളിന്മേലും അവകാശം ഒഴിഞ്ഞു രാജിനാമാവു എഴുതിവയ്പിപ്പാനും അനുവദിച്ചിരിക്കുന്ന പ്രകാരം കല്പന വന്നിരിക്കുന്നതായി ൧൧൭൯-ാമതു നമ്പരിൽ ൨൭-ാമാണ്ടു മിഥുനമാസം ൧൫-ാം൯ എഴുതിവന്നു തനതു വസ്തുക്കൾക്കു വിലവെച്ചു കണക്കുതയ്യാറാക്കിയതിൽ അടിയറ അടക്കുവതുകൂടെ ൧൨൪൫ രൂപാ പണം തീരേണ്ടതായി കാണുകയും അതു തവണവെച്ചു ഒടുക്കിക്കണമെന്നു അപേക്ഷിച്ചു അതുപോലെ തവണവെച്ചു കൊടുക്കയും ചെയ്തിട്ടുണ്ടെന്നും വട്ടപ്പറമ്പിൽ അമ്മ ൨൭-ാമാണ്ടു കൎക്കടകമാസത്തിൽ മരിച്ചതിൽ പിന്നിടു അതു മുതൽ ഇടവകവസ്തുക്കൾ സൎക്കാർ അധീനതയിൽ തന്നെ ഇരുന്നിരുന്നു എന്നും അടിയറതുക ഒടുക്കുന്നതിനു ആദ്യം അനുവദിച്ചിരുന്ന തവണ ക്രമത്തിനു ശരിയായി ഒടുക്കാഴികകൊണ്ടു ൧൦൩൧-ാമാണ്ടു ഒടുവിൽ തനതു വസ്തുക്കളും സൎക്കാരിൽനിന്നും മുതൽ എടുക്കുന്നതിനു ചട്ടംകെട്ടിയിരിക്കുന്നതായിട്ടും കാണുന്നതിനെപ്പററിയും ഇടവകവസ്തുക്കളെ സംബന്ധിച്ചു അടിയറതുക ഒടുക്കിക്കുന്നതിനെ പ്രമാണിച്ചും മററും വലിയതാൻ വക്കീൽ മഖാന്തിരം ൧൦൩൫-ാമാണ്ടു തിരുമുമ്പാകെ ആവലാധി അറിയിച്ചു കല്പനപ്രകാരം എഴുതിവന്നതിനു തിട്ടം വരുത്തിയതിൽ ഇടവകവസ്തു സൎക്കാർ വകയാകയാൽ സൎക്കാരിന്റെ യുക്തംപോലെ ചെയ്യുകയല്ലാതെ ദത്തുകാൎക്കു അതിന്മേൽ അവകാശം ഇല്ലെന്നും എന്നാൽ ഇവരുടെ തറവാട്ടിന്റെ അവസ്ഥയ്ക്കു ഇടവക

വസ്തു അവരിൽ നിന്നും വിടൎത്തുന്നപക്ഷം തറവാട്ടുകാൎയ്യങ്ങൾക്കു ദോഷംഉണ്ടെന്നു പറയുന്നതു ഗൌനിക്കത്തക്കതാകയാൽ അമ്മ മരിക്കുന്നതുവരെ ഏതുപ്രകാരം നടത്തിവന്നുവൊ അതുപൊലെ മെലും ദത്തുകാരിടെ അധിനത്തിൽ വെച്ചുനടത്തിക്കുന്നതിൽ വിരൊധമില്ലെന്നും ഇടവക വസ്തുക്കളിൽ തനതുവകയിൽ ചെൎത്തു അടിയറയിൽഉൾപ്പെടത്തക്കതായി ഏതെങ്കിലും വസ്തുക്കൾ ഉള്ളതായികാണപ്പെട്ടാൽ അതുകൾക്കുകൂടി അടിയറ തീൎപ്പിക്കെണ്ടതെന്നും അടിയറ പണത്തിനു ൯൯-ാമാണ്ടു വരെതവണവെച്ചു കൊടുക്കെണ്ടതെന്നും മററും മുൻപിലിരുന്ന ദിവാൻജി അവൎകൾ തിരുമനസ്സറിവാൻ എഴുതിഅയച്ചിരുന്നതിനു അതുപൊലെ ചെയ്വാൻ കല്പിച്ചു അനുവദിച്ചു ൯൭ മിഥുനം ൧൯-നു എഴുതി വന്നിട്ടുണ്ടെന്നും അതനുസരിച്ചു ഇടവക വസ്തുക്കൾ ൯൮ ചിങ്ങം മുതൽ വട്ടപ്പറമ്പിൽ നിന്നും മെറ്റുഏതു പ്രകാരത്തിൽ മുതൽ എടുത്തു സൎക്കാർകരം തീൎത്തുവന്നൊ അതുപൊലെ ഏല്പിച്ചു നടത്തിപ്പാൻ പട്ടംകെട്ടിയിട്ടുള്ളതുകൂടാതെ തനതുവകയിൽ ചേൎത്തു അടിയറയിൽ ഉൾപ്പെടുത്തേണ്ടതായ വസ്തുക്കൾക്കു വിലവെച്ചെഴുതിയ കണക്കു പ്രകാരം വരുന്നതു മുക്കാൽ പണം മുതൽ ഉണ്ടെന്നു കണ്ടു അതുകൂടിമുതൽ അടിയറ തുകയിൽകൂട്ടി ചെൎത്തു ഠാംടാക്കിക്കെണ്ടതിനെ പ്പററിയും ഡിവിഷനിലെയ്ക്കു എഴുതിഅയച്ചിട്ടുള്ളതായി കാണുന്നു എന്നും ഇടവക വസ്തുക്കളുടെ കരം കുടികൾ നേരെകൊടുക്കാതെ തടസ്ഥപ്പെടുകയും അധിക കരത്തിനു ചൊദ്യപ്പെടുന്നു എന്നു അവരിടെ പരാതിഉണ്ടാകയും അതുനിമിത്തം സൎക്കാർ കരം ഠാംടാകാതെ കുടിശ്ശികവരികയും കൊണ്ടു ൯൯-ാമാണ്ടു മുതൽ ഇടവക വസ്തുക്കളുടെ കരം സൎക്കാരിൽ നിന്നും നെരിട്ടുകുടികളൊടു പിരിക്കുന്നതിനു ഉത്തരവു കൊടുത്തു ഇപ്പൊൾ അങ്ങിനെ നടന്നുവരുന്നു എന്നും ഇടവകവസ്തുക്കൾ കുടികളുടെ പെരിൽ അടിമ, അനുഭോഗം, അനന്തിരപ്പാടു, കൊട്ടിൽ പാടു, ഇങ്ങനെ ഓരൊഇനങ്ങളിലായി മുൻകണക്കിൽ പതിഞ്ഞിരിക്കുന്നു എന്നും കരത്തിനു ബാദ്ധ്യതപ്പെട്ടിരിക്കുന്നതു കുടികളാണെന്നും വട്ടപ്പറമ്പിൽ നിന്നും ഒന്നായി പിരിപ്പിച്ചു സൎക്കാരിൽ ഒടുക്കി വരുന്നു എന്നുള്ള ഒരു നടപ്പു മാത്രമെ വട്ടപ്പറമ്പിനെ സംബന്ധിച്ചതായി കാണുന്നൊള്ളു എന്നും അതുകൊണ്ടു വട്ടപ്പറമ്പിലെക്കു ഒരു അവകാശവും സിദ്ധിക്കുന്നതല്ലെന്നും കരംപിരിപ്പാനുള്ള സൌകൎയ്യത്തിനു വേണ്ടി ഓരൊ സ്ഥലങ്ങളിൽ പൂൎവം ഉണ്ടായിരുന്ന ഓരൊ കാരണവശാൽ ഠാം വിധംഏൎപ്പാടു ഉത്ഭവിച്ചതായിരിക്കണമെന്നും ജന്മി മാരുടെ വസ്തുക്കൾക്കു കൂടിയും സൎക്കാർ കരത്തിനു കുടികൾക്കു പട്ടയം കൊടുത്തിരിക്കുന്നതു നിരാക്ഷേപമായ നടപ്പാകുന്നു എന്നും ആ അവസ്ഥയിലും കുറഞ്ഞസ്ഥിതിയിലാണു ഇതിൽ വിചാരിക്കെണ്ടതെന്നും മുമ്പിലത്തെ കണ്ടെഴുത്തിൽ തന്നെയും കുടികൾക്കു പുള്ളിപ്പടി വിളക്കം നടന്നിട്ടുള്ളതായി കാണുന്നുണ്ടെന്നും വിളക്കം കരത്തിന്റെ വകയ്ക്കാകുന്നു എന്നും വിളക്കം ആക്കൊ ആപുള്ളിയ്ക്കു തണ്ടപ്പെരുണ്ടാകെണ്ടതു സ്പഷ്ടമായഭാഗമാകുന്നു എന്നും ഇതുകൂടാതെ പട്ടയം കൊടുക്കുന്ന കാൎയ്യത്തിൽ രണ്ടുഭാഗക്കാൎക്കും തൎക്കം വന്നാൽ ആക്കരം തീൎപ്പാനുള്ള ബാദ്ധ്യത കരംതീൎക്കാഞ്ഞാൽ അതിലെക്കു ആരുടെപെരിൽ സൎക്കാരിൽ നിന്നും നടപടി നടത്താൻ അൎഹതയുണ്ടു കരംകൊണ്ടു വസ്തുവിന്മേൽ പ്രവേശിക്കുന്നതിൽ ആരുടെ ആവലാധിക്കു ന്യായമായഹേതു ഠാം ഭാഗങ്ങളാണു ആലോചിക്കേണ്ടതെന്നും വട്ടപ്പറമ്പിലെക്കു കരത്തിനു ബാദ്ധ്യതയില്ലെന്നും കുടികൾ വലിയതാന്റെപക്കൽ കൊടുത്തിട്ടില്ലെന്നും മാത്രം ആയാൾ സമാധാനം പറഞ്ഞു നിന്നുകൊള്ളുവാൻ ഇടയുള്ളതാകുന്നു എന്നും സൎക്കാരിൽ നിന്നും ഇതിലെക്കു അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കരംപിരിയുന്നില്ലെന്നു പറഞ്ഞാൽ ഏതു സ്ഥിതിയൊ അത്ര മാത്രമെ ഇതിലെക്കുള്ളതെന്നും അപ്പൊൾ കുടികളുടെ പെരിൽ നടപടി നടത്താനും അവരുടെ വസ്തുക്കളിന്മെൽ പ്രവെശിപ്പാനും ഇടവരുന്നതാണെന്നും ഠാം കുടികൾ വസ്തുക്കളെ സാധാരണയായി അത്ഥാറകാശത്തിന്മെൽ അന്യാധീനപ്പെടുത്തുന്നുണ്ടെന്നും വട്ടപ്പറമ്പിൽ നിന്നും ഒഴിപ്പിക്കാൻ അവകാശം ലെശം പൊലുമില്ലെന്നും ഇതുകളെകൊണ്ടു കുടികളുടെ പെക്കവസ്തുക്കളെ വിളങ്ങി ആ വിളക്കം അനുസരിച്ചു തണ്ടപ്പെരു പിടിക്കെണ്ടതു എന്നുള്ളതിൽ യാതൊരു സംശയവും തോന്നുന്നില്ലെന്നും ഇങ്ങനെ തണ്ടപ്പെരു അതതു വസ്തു ഉടമസ്ഥരുടെ പേരിൽ പിടിക്കുന്ന സ്ഥിതിക്കും ഗവൎമെന്റിൽ നിന്നും കരംപിരിക്കാൻ തക്കഏൎപ്പാടും നടപടി ക്രമവും പൂൎണ്ണമായുള്ളതിനാലും കുടികളുടെ തൎക്കത്തിന്മെൽ ഇപ്പൊൾ ആവിധം ഇടവക വസ്തുക്കൾക്കും നെരിട്ടു കരപ്പിരിവു നടത്തിച്ചു വരുന്നതു കൊണ്ടും ഇപ്പൊഴത്തെ നിയമങ്ങളുടെ സ്ഥിതിക്കും വട്ടപ്പറമ്പിലെ മദ്ധ്യസ്ഥത്തിനു ഇനി തീരെ ആവശ്യവും യൊജിപ്പും ഇല്ലാത്തതിനാൽ ആ സംബന്ധം ഒഴിക്കുന്നതു യുക്തമെന്നും എന്നാൽ ഇടയ്ക്കു ഇടവക വസ്തുക്കൾ വലിയതാന്റെ അധീനത്തിൽ വിട്ടു കൊടുക്കെണ്ടതെന്നു കല്പന പ്രകാരം പൊതുവചനമായി എഴുതിപ്പൊയിട്ടുള്ളതു കൊണ്ടു ഇതിലേക്കു കല്പനയിന്മെൽ തീരുമാനപ്പെടുത്തി മറുപടി കൊടുക്കുന്നതു കൊള്ളാമെന്നു വിചാരിക്കുന്നതിനെക്കുറിച്ചും തനതുവസ്തുക്കൾക്കു മാത്രം ദത്തുകാററെ കൊണ്ടു അടിയറ തീൎപ്പിച്ചു കൊടുപ്പാൻ തീൎച്ചപ്പെട്ടിട്ടുള്ള സ്ഥിതിയിൽ അതിനു പുറമെ ദത്തു ബാദ്ധ്യതയിൽ ചേൎന്നിട്ടില്ലാത്ത ഇടവക കാൎയ്യത്തിലുള്ള ബന്ധം വേൎപെട്ടിരിക്കുന്ന അവസ്ഥയ്ക്കു വസ്തുക്കളുടെ വിഷയത്തിൽ കുടികളും സൎക്കാരുമായുള്ള ബാദ്ധ്യതയെ നിൎണ്ണയപ്പെടുത്തി തീരുമാനം ചെയ്യേണ്ടഭാഗം മാത്രം ഇതിൽ ഉള്ളതിലേക്കു ഇപ്പോഴത്തെ കണ്ടെഴുത്തുമ്പടി പട്ടയവിചാരണനടത്തി വിളങ്ങികൊടുക്കുന്നതിൽ ഓരൊവസ്തുക്കൾക്കും അതതിനത്തിന്റെ സ്ഥിതിപോലെ വിചാരണയിൽ വെളിവാകു

ന്ന സംഗതികളെനോക്കി തീരുമാനിക്കേണ്ടതും അങ്ങനെനടത്തിച്ചുകൊള്ളാവുന്നതുമാകുന്നു എന്നും എഴുതിഅയച്ചിരുന്ന വിവരംതിരുമനസ്സറിയിച്ചതിന്റെശേഷം അതിൻവണ്ണം കല്പിച്ചുഅനുവദിച്ചിരിക്കുന്നു എന്നു പൌസദാറി കമ്മിഷണർ ൨൯൫-ാമത് നമ്പരിൽ ൧൦൭൦ാമാണ്ടുകർക്കടകമാസം ൨൯-ന എഴുതിയ സാധനംവന്നിരിക്കകൊണ്ടു മേൽവിവരിച്ചതാല്പൎയ്യങ്ങളെ ഗൌനിച്ചു ഇടവകവസ്തുക്കളുടെ വിഷയത്തിൽ കുടികളുടെ ബാദ്ധ്യതയെ നിൎണ്ണയപ്പെടുത്തി തീൎച്ച ചെയ്യേണ്ടതിലേക്കു അവരവരുടെ പക്കൽഉള്ള പ്രമാണം നോക്കിയും മുൻകണക്കുകളെ പരിശോധിച്ചും പ്രത്യേകം പ്രത്യേകം വിചാരണനടത്തിയും ഇനഭേദംചെയ്തു വസ്തുപതിച്ചു പട്ടയംകൊടുക്കേണ്ടതിനു വേണ്ടവിവരം റിക്കാട്ടിൽ വരുത്തിയും അനുവാദത്തിനു ഓരോകേസുംഅഭിപ്രായസഹിതം ഇവിടെ അയച്ചു എഴുതിവരണം. മറവടിവരുന്നതുപോലെപട്ടയത്തിനു തീരുമാനിക്കേണ്ടതാകുന്നു. ആദ്യംതന്നെ ഒരംശത്തിലുള്ള എല്ലാവസ്തുക്കൾക്കും ഒന്നടങ്കം വിവരമായിട്ടുകണക്കുണ്ടാക്കിച്ചുംകൊണ്ടു വിചാരണ ആരംഭിക്കേണ്ടതാണു. ഓരോരുത്തരുടെയും അനുഭവത്തിൽ ഇരിക്കുന്ന ഈ ഇനംവസ്തുക്കൾക്കു മാത്രം പ്രത്യേകം കേസായി വിചാരണനടത്തേണ്ടതാകുന്നു. അങ്ങനെനടത്തപ്പെടുന്നവിചാരണയിൽ വസ്തുക്കളുടെ ഇനം, കരം, പാട്ടം ഇതുകളും അനുഭവക്കാൎക്കുള്ള ബാദ്ധ്യതയുടെ സ്വഭാവം, അതിലേക്കു കാണിക്കുന്നപ്രമാണങ്ങളുടെ സ്ഥിതി, കണക്കിൽ പതിഞ്ഞിട്ടുള്ള ക്രമം ഇതുകളും വിവരങ്ങളുംഓരോകേസ്സിലും സൂക്ഷ്മമായിവരുത്തണം. പ്രമാണങ്ങളുടേയും, കണക്കുകളുടേയും ശരിപകൎപ്പുകേസിൽചേൎത്തിരിക്കണം. ഈവസ്തുക്കളുടെ വിചാരണ കഴിയുന്നതുംവേഗത്തിൽ ഒതുക്കി തീൎച്ചപ്പെടുത്തുവാനുള്ളതിനാൽ അതിനെപ്പററി പ്രത്യേകം വേണ്ടഏൎപ്പാടുചെയ്തു നടത്തിക്കുമെന്നു വിശ്വസിക്കുന്നു. തനതുവസ്തുക്കൾക്കു അടിയറമുഴുവനും തീൎന്നിട്ടില്ലാത്തതുകൊണ്ടു ആവസ്തുക്കൾക്കു പട്ടയവിചാരണനടത്തുന്നതിലും സംശയമുള്ളതായി പേഷ്കാരുടെ റിപ്പോൎട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു. അടിയറവകയിൽ ഒടുക്കിതീരേണ്ടതിൽഇതുവരെ എത്രപണം ഒടുക്കിയിട്ടുണ്ടെന്നും ഇനി തീരാനുള്ളതു എത്രയെന്നും നിശ്ചയപ്പെടുത്തി എഴുതി അയക്കുന്നതിനും ആവകയിലുള്ള പണം വസൂലാക്കിക്കേണ്ട ക്രമങ്ങളെക്കുറിച്ചും ഡിവിഷനിലേക്കു എഴുതിഅയക്കുന്നുണ്ടു. അടിയറഒടുക്കിതീൎത്തു അവകാശപ്പെടുന്നതുവരെ ആവസ്തുക്കൾസംബന്ധിച്ചുള്ള പട്ടയവിചാരണനിറുത്തി വയ്പാൻചട്ടംകെട്ടണം. റിക്കാൎഡുകൾ തിരികെ അയച്ചിട്ടും ഉണ്ടു.

ഇച്ചെയ്തിക്കു &c.

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൧൫൮.

ജമാബന്തി.

൧൦൭൧-ാമാണ്ടു ചിങ്ങമാസം ൭-ന

൧൮൯൫-ാംവൎഷം ആഗസ്റ്റുമാസം ൨൨-ന

ഇവിടത്തെച്ചെയ്തിആവിതു.

നാഗർകോവിൽ ടൌൺ അതൃത്തിക്കകത്തുള്ള മരുഭൂമി കുടിയാനവന്മാരുടെ പേരിൽ ഗവൎമ്മെന്റ അനുവാദം കൂടാതെ പതിച്ചു കൊടുത്തുകൂടാ എന്നും കമ്മിററിയിൽ ഉണ്ടായ ഒരു തീരുമാനത്തിനു പകൎപ്പയച്ചു പ്രസിഡണ്ടിന്റെ ലറാർ വന്നു ൧൦൬൭ാമാണ്ടത്തെ ൨-ാം റിഗ്ലേഷൻ നടപ്പിൽ വന്നിരിക്കുന്നതുകൊണ്ടു ഗവൎമ്മെന്റ അനുവാദം കൂടാതെ ടൌൺ അതൃത്തിക്കകത്തുള്ള സൎക്കാർ ഭൂമി പതിപ്പാനിടയില്ലെന്നുള്ള വിവരവും അങ്ങനെ അപേക്ഷിക്കുന്നസമയം കമ്മിററിക്കാരുടെ അഭിപ്രായം ചോദിക്കുന്നതാണെന്നും ൧൭൯-ാമതു നമ്പരിൽ ൧൮൯൫-ാം വൎഷം ജൂലായി മാസം ൨൯-ാം മറപടി അയച്ചിരിക്കകൊണ്ടു ടൌൺ അതൃത്തിക്കകത്തുള്ള മരുഭൂമി പതിച്ചു കൊടുക്കുന്നതിനു അപേക്ഷപ്രകാരം നടപടി നടത്തുന്നതിൽ കമ്മിററിക്കാരുടെ അഭിപ്രായം കൂടി ചോദിച്ചറിഞ്ഞു എഴുതി വരുത്തുവാനുള്ളതാകുന്നു.

That no puduvals should be registered within the Nagercoil town without consulting the local T. I. C. and obtaining the previous sanction of Government.

ഇച്ചെയ്തിക്കു &c.

ദിവാൻ ശങ്കരസുബ്ബയ്യൻ.

നമ്പർ ൧൩൩.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെന്റ,

൧൦൭൧-ാമാണ്ടു കന്നി മാസം ൨൭-

൧൮൯൫-ാം വൎഷം അക്ടോബർ മാസം ൧൨-

തിരുവനന്തപുരം

ഇറീടത്തെച്ചെയ്തി ആവിതു.

Abolishing the system of fallow remissions granted on punja wet lands of Pattom tenure in north Travancore and directing the lands being assessed with annual tax to be regularly recovered even during fallow years.

കൊല്ലം കോട്ടയം രണ്ടു ഡിവിഷനിലും പുഞ്ചകൃഷി ചെയ്തുവരുന്ന പാടങ്ങളിൽ പഴനിലം ഇട്ടുവരികയും അതിലേക്കു കരം കുറവുചെയ്കയും ചെയ്യുന്ന നടപ്പു മുൻപിനാലെ ഉള്ളതാകുന്നു എന്നും ആയക്കെട്ടുംപടി ആണ്ടുതോറുംകരം ഏല്പിച്ചിട്ടുണ്ടെങ്കിലുംആതിൽപിന്നീടു കുടികളുടെ അപേക്ഷപ്രകാരം കൃഷിചെയ്യാതെ ആണ്ടു വിട്ടൊ രണ്ടാണ്ടുയ്ക്കൊരിക്കലൊ മൂന്നാണ്ടുയ്ക്കൊരിക്കലൊ തരിശു ഇടുന്ന നിലങ്ങൾക്കു ആയക്കെട്ടുംപടിയുള്ള കരത്തിനെ കണ്ടെഴുതി നിവൃത്തൽ ചെയ്യുന്ന നടപ്പാകുന്നു എന്നും എന്നാൽ ഈ വ്യവസ്ഥ പാട്ടഇനങ്ങൾക്കു മാത്രമെ ഉള്ളതെന്നും ആ ഇനത്തിൽ എല്ലാ പാട്ട നിലങ്ങൾക്കും കരം കുറവു ചെയ്യുന്ന ക്രമം കാണുന്നില്ലെന്നും ഒററി മുതലായ ഇനം വസ്തുക്കൾക്കു പഴനിലം വ്യവസ്ഥ തീരെ ഇല്ലാത്തതാകുന്നു എന്നും ഒരു പുഞ്ചപാടത്തിൽ പല ഇനങ്ങൾ ഇരിക്കയും അതുകൾ എല്ലാം ഒരു പോലെ കൃഷി ചെയ്യാതെ ഒരാണ്ടു തരിശു ഇടുകയും ചെയ്യുന്നതായാൽ പാട്ട നിലങ്ങൾക്കു മാത്രം തരിശു വക വച്ചു കൊടുക്കുന്നതാണെന്നും അല്ലാതെ ഒററി, അടിമ, അനുഭോഗം മുതലായ വകകൾ ആണ്ടുതൊറും കരം തീൎപ്പാൻ നിബന്ധംഉള്ളതും അതുപൊലെ നടന്നുവരുന്നതുമാകുന്നു എന്നും ചിലപ്പോൾ കൃഷിക്കാരുടെ സൌകൎയ്യം ഉള്ളതുപോലെ കുടികൾ ഏതാനം ആണ്ടുകളിൽ ശേഖരമായി നിലങ്ങൾ നടക്കുന്നതായാൽ പ്രവൃത്തിയിൽ ഉള്ളവർ നിലങ്ങൾ ചെന്നു കണ്ടെഴുതി കരം മുതൽ കൂട്ടുന്നതാണെന്നും ഇങ്ങനെ കണ്ടെഴുതുന്നതിൽ വച്ചു അഴിമതിക്കു ഇടയുണ്ടെന്നുള്ളതും സംശയമില്ലെന്നും അനുഭവം കൊണ്ടു അതു ബൊദ്ധ്യപ്പെട്ടിട്ടുള്ളതുമാകുന്നു എന്നും പഴ നിലം ഇടേണ്ടി വരുന്നതിൽ വച്ചു കരം കുറവു ചെയ്യുന്നതായാൽ അതു ഇനഭേദം കൂടാതെ ന്യായമായി എല്ലാ വസ്തുക്കൾക്കും ഒരു പോലെ ഉപയൊഗപ്പെടേണ്ടതാണെന്നും പാട്ട നിലങ്ങൾക്കു പുഷ്ടികരം പതിക്കുന്നതിനെ വിചാരിച്ച് അതുകൾക്കു മാത്രം തരിശു വകവയ്ക്കയും ശേഷം ഇനങ്ങൾക്കു തരിശു ഇടേണ്ടിവന്നാലും കരം കുറവു ചെയ്യാതെ ഇരിക്കയും ചെയ്യുന്നസ്ഥിതിയിൽ ഇനഭേദത്താലുള്ള പ്രയോജനവും ഇല്ലാതെ ആയി തീരുന്നതാകുന്നു എന്നും ൟ ഭാഗങ്ങളെ ഒക്കെയും ചിന്തിച്ചു ൟ കണ്ടെഴുത്തിൽ ൟ പഴനിലം ഏൎപ്പാടിനെ ഭേദപ്പെടുത്തി എല്ലാ പുഞ്ചനിലങ്ങൾക്കും ആണ്ടു തൊറും കരം ഇറപ്പുവരുത്താനുള്ള വ്യവസ്ഥ ചെയ്യുന്നതു സൎക്കാരിലേക്കും കുടികൾക്കും ഒരു പൊലെ ഗുണവും ആവശ്യവുംഎന്നു കണ്ടു ഇപ്പൊൾ കാൎത്തികപ്പള്ളി മണ്ടപത്തുംവാതുക്കൽ കരം സംബന്ധിച്ച സെററിൽമെന്റ നടപടി നടത്തി വരുന്നതൊടു കൂടി പഴനിലം ഏൎപ്പാട്ടിൽ ഉൾപ്പെട്ടനിലങ്ങൾക്കു ആണ്ടുതൊറും കരം ഇറപ്പു വരുത്താൻ തക്കവണ്ണം ബ്ലാക്കുറെട്ടു നിശ്ചയിച്ചുറിപ്പോൎട്ടു ചെയ്യേണ്ടതിനെപ്പററി എഴുതി അയച്ചിരുന്നതിനു ചെറുതന, കരുവാററാ, കുമാരപുരം, വീയപുരം, കിഴക്കെക്കര, പള്ളിപ്പാടു ൟ പകുതികളിൽ ൟ വക നിലങ്ങൾ ഉള്ളതിലേക്കു അതിൻവണ്ണം റെട്ടുകൾ നിശ്ചയിച്ചു റിപ്പൊൎട്ടും നമ്പ്രവാർ സ്റ്റെററമെന്റുകളും വന്നിട്ടുള്ളവിവരം കണ്ടും മുൻ ആയക്കെട്ടിൻപടി കൊണ്ടിട്ടുള്ള കരത്തിനെയും അതതു നിലങ്ങൾക്കു കീഴിൽ പത്താണ്ടു കരം ഇറപ്പു വന്നിട്ടുള്ളതിന്റെ ശരാശരിയെയും പഴനിലം വകയിൽ കുറവു നീക്കി ഒന്നരവാടം രണ്ടുവാണ ഒരുകാലം മൂന്നുവാണ ൟ ക്രമത്തിനു മുതൽ വന്നിട്ടുള്ളതിനെ തരിശാണ്ടുകളിലേക്കു വീതിച്ചുവരുന്ന തുകയെയും ഭൂമിയുടെ ഗുണാഗുണങ്ങളെയും സപ്പെട്ടി കാണുന്ന കൂടുതൽ കുറവിനെയും കാലക്രമേണ പഴനിലം കൂടാതെ നടപ്പുവന്നിട്ടുള്ളതിന്റെ സ്ഥിതിയെയും ആലൊചിച്ചു റെറുകൾ ശരിപ്പെടുത്തിയിട്ടുള്ളതാകുന്നു എന്നും ഇതിൻവണ്ണം ഉള്ള ഭേദഗതി ചെയ്തു ആണ്ടുതൊറും കരം തീൎപ്പാൻ തക്കവണ്ണം തെളിവുശീട്ടു മുതലായതു തയ്യാറാക്കി കുടികൾക്കു കൊടുക്കേണ്ടതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു എന്നും കുടികൾക്കു ഇതിനെപ്പററി ന്യായമായ ആവലാധിക്കു ഇടയുണ്ടെന്നു തൊന്നുന്നില്ലെന്നും ഇറപ്പു കരത്തിനെ ക്രമമായി പതിച്ചു ആണ്ടുതോറും കരം ഏല്പിക്കുന്നതായാൽ അതുകൊണ്ടു സംകടമില്ലെന്നു കുടികൾ സമ്മതിച്ചിട്ടുള്ളതായും കാണുന്നു എന്നും ഇങ്ങനെ ചെയ്യുന്നതിൽ വച്ചു കുടികൾക്കു ബൊധിച്ചതുപൊലെ കൃഷി ആണ്ടുതൊറും നടത്തുകയൊ തരിശു ഇടുകയൊ ആവശ്യം

നെരിട്ടാൽ അതിന്മണ്ണം ചെയ്യുകയൊ അവരിടെ സൌകര്യത്തിനു തക്കപൊലെ നടത്താമെന്നുള്ളതും സക്കാർ ആളുകളുടെ പ്രവേശം അനാവശ്യമായി ഉണ്ടാകാതെയിരിക്കുമെന്നുള്ളതുമാകുന്നു എന്നും പഴനിലം ഏപ്പാടു പുരാതനമായി ഒള്ളതുകൊണ്ടു അതിനെ ഭേദപ്പെടുത്തുന്നതു കല്പനപ്രകാരം വേണ്ടതെന്നും കാർത്തികപ്പള്ളിക്കുള്ളവ്യവസ്ഥാഭേദം ശേഷംപഴനിലം വകവച്ചുകൊടുക്കുന്നതായ സ്ഥലങ്ങളിലേക്കും കണ്ടെഴുത്തോടുകൂടി ചെയ്യേണ്ടതായി വിചാരിക്കുന്നു എന്നും എഴുതി അയച്ചിരുന്ന അവസ്ഥ തിരുമനസ്സറിയിച്ചതിൻെറശേഷം അപ്രകാരം അനുവദിച്ചിരിക്കുന്നതായി കൊട്ടാരം സർവാധികാര്യക്കാറരു ൩൩൩-ാംനമ്പരിൽ ൧൦ാംമാസം ൨൦-ാംനു-എഴുതിയസാധനം വന്നിരിക്കകൊണ്ടു അതിന്മണ്ണം ഒക്കെയും നടത്തിക്കേണ്ടതാകുന്നു.൨ം ഇനം വസ്തുക്കാർക്കു കുടികൾക്കുകൊടുക്കുന്ന തെളിവുശീട്ടുകളിൽ പഴനിലം ഏപ്പാടു തീന്നിരിക്കുന്നതായും തെളിവുശീട്ടിൽകാണുന്ന കരത്തുക ആണ്ടുതോറും ശരിയായി തിപ്പാനുള്ളതെന്നും വിവരം എഴുതികൊടുക്കുന്നതിനു ചട്ടംകെട്ടേണ്ടതാണു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പെഷ്കാരെ കേൾപ്പിച്ചുവസ്തുയുംവേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ
ദിവാൻ ശങ്കരസുബ്ബയ്യർ.

---

നമ്പ്ര ൩൦൫

ഹജൂർ കണ്ടെഴുത്ത് ഡിപ്പാട്ടുമെൻറ്.

൧൦൮൬ാമാണ്ടു തുലാമാസം ൨൧നു-
൧൯൧൦ാംവഷം നവമ്പർമാസം ൬നു-

തിരുവനന്തപുരം

ഇവിടത്തെച്ചെയ്തിയാവിതു-

Directing the imposition after the settlement of a uniform rate of one-half the paddy tax on nanja lands cultivated with punja (dry) crops in nine villages of Nanjanad in substitution of the varying rates in force before the settlement, the punja tax being recoverable wholly in money at a commutation rate of four rupees per kottah of paddy. [Concession withdrawn from a major portion of the area after the completion of the Kodayar project. Vide G. O No. 11929 / L. R. dated 6th November 1910.]

നാഞ്ചിനാട്ടുചേന്ന പകുതികളിൽ ഒള്ള നിലങ്ങളിൽ നെൽകൃഷിക്കു പകരം പുഞ്ചപയിരുകൾ ചെയ്യുന്ന നടപ്പുള്ളതിലെക്കു കരം വാങ്ങിച്ചു വരുന്ന ക്രമം പലവിധമായിരിക്കുന്നതിനാൽ തൽക്കാലസ്ഥിതിക്കു അനുരൂപമായ വിധത്തിൽ ഏപ്പാടു ചെയ്യേണ്ടതിലേക്കു ആലോചിച്ചു റിപ്പോട്ടു ചെയ്യണമെന്നു പ്രൊസീഡിംഗ്സിൽ വിവരിച്ചിരിക്കുന്നതിനെപ്പററി വിചാരിച്ചതിൽ തോവാള, ചെൺപകരാമൻപുതൂർ, താഴക്കുടി, കന്യാകുമാരി, അഗസ്തീശ്വരം, താമരകുളം, കുലശേഖരപുരം, മരുങ്കൂർ, തേരൂർ ഈ ൯ പകുതികളിലും നെൽകൃഷിക്കു പകരമായി പുഞ്ചപയിരുചെയ്തു വരുന്നനടപ്പുണ്ടെന്നും അതിൽ തോവാള,ചെൺപകരാമൻപുതൂർ ൨ം പകുതികളിൽ ഒററി, ജന്മം, കുഴിപ്പാട്ടം, ൩ം ഇനങ്ങളിലെ നിലങ്ങളിൽ കത്തരി, കുവരക, ഉള്ളി, പാകൽ, എള്ളു, തിന, ചീനിഅവര,കൊല്ലമുളക, ഇതുകൾ കൃഷിചെയ്യാൽ കണക്കുംപടിയുള്ള നെൽക്കരംമുഴുവനും വസൂൽചെയ്യുമെന്നും ആ പകുതികളിലും ശെഷം പകുതികളിലും പണ്ടാരവകപാട്ടം, വെട്ടൊഴിവുപാട്ടം, പാട്ടഒററി ൩ം ഇനം നിലങ്ങളിൽ മേൽപറഞ്ഞ കൃഷിചെയ്യാൽ നെൽക്കരത്തിൽ മുക്കാൽ ഭാഗവും ചോളം, വരക, തിന, പയറ, ചാമ,പുല്ല, വെള്ളരി, പൂഷണി ൨ം പയിരുകൾക്കു ഒന്നുപാതിയും തൊവാളയും, ചെൺപകരാമൻപുതൂരും, പകുതികളിലെ ഒററി, ജന്മം, കുഴിപ്പാട്ടം, ൩ം ഇനം നിലങ്ങളിൽ പാട്ടം മുതലായ മററിനങ്ങൾക്കു ഒന്നുപാതിക്കരം വസൂൽചെയ്യുന്നതായ ചൊളം വരക മുതലായകൃഷികൾ ചെയ്യാൽ മുക്കാൽ ഭാഗവുംകരംവാങ്ങിവരുന്നു എന്നും കാണുന്നതായും ൨ം വിഷയത്തിൽ വസ്തുക്കളിടെ ഇനത്തേയും പയിരുകളിടെ വർഗ്ഗത്തേയും പ്രമാണിച്ചു കരത്തിൽ ഭേദഗതികൾ ഇരിക്കുന്നതിൽ വച്ചു കുടികൾക്കുതെരുക്കവും കീഴ്ജീവനക്കാറിടെ അഴിമതികൾക്കു ഇടയും ഉണ്ടെന്നു സാധാരണമായി വിചാരിക്കത്തക്കതായിരിക്കുന്നതായിട്ടും നെൽകൃഷിക്കു സൌകര്യംഒള്ളകാലത്തു കുടികൾ ആ കൃഷിചെയ്യാതെ വെറെവിധം പയിരുകൾ ചെയ്യുന്നതു സഹജമല്ലെന്നും നഞ്ചകൃഷിക്കുള്ള തരക്കെടു നിമിത്തം കാലക്ഷെപം കഴിക്കെണ്ടതിനെ ഉദ്ദെശിച്ചു ഇങ്ങനെ പുഞ്ചപയിരുകൾ ചെയ്തു വരുന്നതായി കാണുന്നസ്ഥിതിക്കു പയിരുകളിടെ ഇനഭേദത്താൽ അവക്കു സിദ്ധിക്കുന്ന ആദായത്തിൽ കൂടുതൽ കുറവു ഇരിക്കാമെങ്കിലും അതിനെ ഗണിക്കാതെ ഈ വകക്കു പൊതുവായ ഒരു

ക്രമം ഏൎപ്പെടുത്തേണ്ടതു ആവശ്യമെന്നു തൊന്നുന്ന പ്രകാരവും അതിനെപ്പററി ആലൊചിച്ചതിൽ ഏതു ഇനം നിലങ്ങളിലും ഏതുമാതിരി പുഞ്ചപയിരുചെയ്താലും ഇനഭേദവും പയിരിന്റെ താരതമ്യവും നൊക്കാതെ കണക്കംപടി അതതു പൂവിലെക്കുള്ള നെൽക്കരത്തിൽ ഒന്നുപാതിവിതം തീൎപ്പിക്കയും ശേഷം കുറച്ചു കൊടുക്കയും ചെയ്യുന്നതു യുക്തമായിരിക്കുമെന്നും ഈവിധം വ്യവസ്ഥപ്പെടുത്തുന്നതിൽ വച്ചു സൎക്കാരിലെക്കുള്ള ആദായത്തിൽ ഏകദേശംകുറവു വരാനിടയില്ലെന്നും വിചാരിക്കുന്നു എന്നുംപ്രവൃത്തിയിൽ ജീവനക്കാരർ നിലങ്ങളിൽ ചെന്നു നഞ്ചകൃഷിയൊ പുഞ്ചകൃഷിയൊ എന്നു മാത്രം നൊക്കി റിക്കാൎട്ടു ചെയ്താൽ മതിയാകുമെന്നുള്ളതിനാൽ വെറെ വിധമായ അഴിമതികൾക്കു ഇടയുണ്ടാകയില്ലെന്നും ഈ ഭാഗങ്ങളെ ആലൊചിച്ചു വെണ്ട ഉത്തരവുണ്ടാകെണ്ടതിനെക്കുറിച്ചും എഴുതിവന്ന ഈ സംഗതികൾ ഇങ്ങനെ മൊത്തമായി എഴുതുന്നതുകൊണ്ടു തീൎച്ചയ്ക്കു മതിയാകുന്നതല്ലെന്നും വിവരമായി സ്റ്റേററുമെൻറ് തയാറാക്കിച്ചു വരുത്തിഅയച്ചു ഇതിനെപ്പററി കുടികളൊടുചൊദിച്ചു അവർപറയുന്നവിവരത്തിനു റിക്കാൎട്ടു ചെയ്തു ആവിവരം കണ്ടും എഴുതി വരണമെന്നു എഴുതി അയച്ചിരുന്നതിനു അതിന്മണ്ണം കുടികളെ വരുത്തി ചൊദിച്ചു മൊഴിവാങ്ങിയും സ്റ്റേററുമെൻറു തയ്യാറാക്കിച്ചു വരുത്തിയും അയച്ചിരിക്കുന്നതായും അഗസ്തീശ്വരം താലൂക്കിൽ കന്യാകുമാരി മുതലായി ൯ പകുതികളിലും തോവാള താലൂക്കിൽ തോവാള മുതലായി മൂന്നുപകുതികളിലും പുഞ്ചപയിരുകൾ ചെയ്യുന്ന നിലങ്ങളുള്ളതായിട്ടും പത്താണ്ടത്തേക്കു ഒരു ഇനത്തിൽ വന്നിട്ടുള്ള മുതൽ നിൎണ്ണയിക്കുന്നതിനു സ്ഥലത്തുനിന്നും കണക്കു കിട്ടീട്ടില്ലെന്നും അഗസ്തീശ്വരത്തു രണ്ടാണ്ടിലും തോവാളയിൽ ൯ ആണ്ടിലും മുതൽവന്നിട്ടുള്ളതിനെ തിട്ടംവരുത്തി സ്റ്റേററുമെൻറു തയ്യാറാക്കിയിരിക്കുന്നതായിട്ടും കാണുന്നപ്രകാരവും അഗസ്തീശ്വരത്തു രണ്ടാണ്ടത്തെ ശരാശരിക്കു നൂററിഎഴുപത്തിഎട്ടിൽ ചില്വാനം കോട്ട നിലം പുഞ്ചപയിരു ചെയ്തിരുന്നതായും ആ നിലത്തിന്മേൽ ൨൦൭൮-ൽ ചില്വാനം കോട്ടനെല്ലു മുതൽ ഉള്ളതിനു നൂററിൽ ചില്വാനം കോട്ട നെല്ലു പുഞ്ചപയിരു വകയിൽ മുതൽ വന്നിട്ടുണ്ടെന്നും വെളിവാകുന്നു എന്നും തോവാളയിൽ ൧൨൦ -ൽ ചില്വാനം കോട്ടനിലത്തിൽ പുഞ്ചപയിരിടുകയും അതിൽ ൯ ആണ്ടത്തെ ശരാശരിക്കു ൯൩൦ -കോട്ടയിൽ ചില്വാനം നെല്ലുമുതൽ കൊണ്ടിട്ടുള്ളതിലേക്കു പുഞ്ചപയിരുവകയിൽ ൪൦൯ കോട്ടയിൽ ചില്വാനം നെല്ലുമുതൽ വരികയുംചെയ്തിട്ടുണ്ടെന്നും ഒന്നുപാതിക്കു വ്യവസ്ഥ ചെയ്യുന്നപക്ഷം ൨൯ കോട്ടനെല്ലു അഗസ്തീശ്വരത്തും ൯൭ കോട്ട നെല്ലു തോവാളയിലും ശരാശരി തുകയിൽ നിന്നും കുറവുള്ളതായികാണപ്പെടാമെന്നും എന്നാലും മുക്കാലും, അരയും ഭാഗം കുരംതീൎപ്പിച്ചുവരുന്നതിനെ ഭേദപ്പെടുത്തി എല്ലാത്തിനും അരഭാഗം തീൎപ്പിക്കുന്ന വിഷയത്തിൽ മേൽപറഞ്ഞ കുറവിനെപ്പററി അത്ര ചിന്തിപ്പാനില്ലെന്നും ഒന്നുപാതിക്കു ഏൎപ്പാടു ചെയ്യുന്നതായാൽ സൌകൎയ്യം ഒള്ളെടത്തൊളം അധികമായി.കൃഷിചെയ്തു അതിൽവച്ചു സൎക്കാരിലേക്കു കൂടുതലായി മുതൽ വരുമെന്നു കുടികൾ പറയുന്നതു ശരിയെന്നുകാണുന്നതിനാൽ അതിന്മണ്ണം നിദാനം വരണമെന്നും ൧൩൦൨/൩൨ ാമതു നമ്പരിൽ കന്നിമാസം ൨൯- എഴുതിയ സാധനം വന്നിട്ടുള്ളതിലേക്കു

റിക്കാൎഡുകൾ പരിശോധിച്ചു. ഈ വകക്കു പേഷ്കാരു അഭിപ്രായപ്പെട്ടിട്ടുള്ളതിന്മണ്ണം ഏതിനം നിലങ്ങളിലും ഇനഭേദവും പയിരിന്റെ താരതമ്യവും നോക്കാതെ നിലങ്ങളിൽ ചെന്നു നഞ്ചകൃഷിയൊ എന്നുമാത്രം നോക്കി റിക്കാൎട്ടു ചെയ്കയും അതതു പൂവിലേയ്ക്കുള്ള നെൽകരത്തിൽ ഒന്നുപാതിവിതം കരം തീൎപ്പിക്കയും ചെയ്യുന്നതു കൊള്ളാമെന്നു വിചാരിക്കുന്നു. എന്നാൽ നെൽ പയിർ ചെയ്തിട്ടില്ലാത്ത വസ്തുക്കൾക്കു നെല്ലായിട്ടു കരം വാങ്ങിക്കുന്നതിനെക്കാൾ പണമായിട്ടു തീൎപ്പിക്കുന്നതു കുടിയാനവന്മാൎക്കു അധികം സൌകൎയ്യമായിരിക്കുമെന്നുള്ളതിനാൽ കണക്കംപടികൊണ്ടു കരത്തിൽ ഒരുകോട്ട നെല്ലിനു മേൽ വിവരിച്ച ക്രമത്തിനു ഒന്നുപാതിക്കു രണ്ടു രൂപാവിതം തീൎപ്പിക്കുന്നതു വിഹിതമായിരിക്കുമെന്നു കണ്ടു അപ്രകാരം വ്യവസ്ഥ ചെയ്കയും സെററിൽമെൻറംപടി കരപ്പിരിവു തുടങ്ങുന്ന കാലം മുതൽ ഈ രീതിക്കു കരം വസൂൽ ചെയ്യുന്നതിലേക്കു ചട്ടം കെട്ടുവാൻ ഡിവിഷനിലേയ്ക്കു എഴുതിഅയക്കയും ചെയ്തിരിക്കുന്നു. ഈ വിവരം നഞ്ചവസ്തുവിൽ പുഞ്ചപയിരു ചെയ്തു വരുന്ന സ്ഥലത്തെ കുടികളെ പ്രത്യേകം തെര്യപ്പെടുത്തുന്നതിനു ചട്ടംകെട്ടികൊള്ളണം.

ഇച്ചെയ്തിഎല്ലാം മാത്തേവൻപിള്ള വായിച്ചു കണ്ടെഴുതു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വയ്ക്കുകയും വെണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,

ദിവാൻ ശംകരസുബ്ബയ്യൻ.

നമ്പർ ൩൭൯.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെണ്ട.

൧൦൭൧-ാമാണ്ട വൃശ്ചികമാസം ൩൹-

൧൮൯൫-ാംവഷം നവമ്പർ മാസം ൧൮൹-

തിരുവനന്തപുരം,

ഇവിടത്തെച്ചെയ്തി ആവിതു.

Directing the discontinuance of the system of allowing fallow remissions in the case of the wet lands of eight pravus in Nanjanad.

തോവാള, അഗസ്തീശ്വരം, രണ്ടു താലൂക്കുകളിൽ ചേന്ന പുരവുകളിൽ കാല തരിശു ള്ളാതെ ചില സ്ഥലങ്ങളിൽ ഉള്ള നിലങ്ങൾ തരിശു ഇടുന്ന കാലങ്ങളിൽ കണ്ടെഴുതി കരം കുറച്ചു കൊടുത്തുവരുന്ന പതിവുള്ളതിനെ സംബന്ധിച്ചു ഇതുവരെ നടന്നു വരുന്ന ക്രമം പലവിധമായും രീതികേടായും ഇരിക്കുന്നതിനാൽ അതിലേയ്ക്കു ശരിയായ വ്യവസ്ഥ ചെയ്യേണ്ടതിനു വേണ്ടപോലെ ആലോചിച്ചു ഗവമ്മെണ്ടു അനുവാദത്തിനു എഴുതി അയക്കേണമെന്നു നാഞ്ചിനാട്ടു സെററിൽമെണ്ടിനെപ്പററി ഉണ്ടായിട്ടുള്ള പ്രൊസീഡിംഗ്സിൽ വിവരിച്ചിട്ടുള്ള സംഗതിക്കു എഴുതിവന്നു എഴുതി അയച്ചിരുന്നതിലേക്കു മറുപടിയായി പേഷ്കാർ ൧൨൯൯/൭ മതു നമ്പരായി തുലാമാസം ൩൦- എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

ഈ വകക്കു ഇവിടെ നിന്നും എഴുതി അയച്ചിട്ടുള്ളതു ഏതെല്ലാം പുരവുകളിൽ തരിശെഴുത്തിൻെറ വ്യവസ്ഥ രീതികേടായിട്ടു കാണുന്നുവോ ആ വകക്കു ഒക്കെയും വിവരമായി സ്റ്റേററമെൻറ തയ്യാറാക്കിയും റിക്കാർട്ടുകളാൽ വെളിവാകുന്ന കാരണങ്ങളേയും മററും വിശദപ്പെടുത്തിയും റിപ്പോർട്ടു ചെയ്യണമെന്നാണു. ഇപ്പോൾ വന്നിട്ടുള്ള സ്റ്റേററമെൻറ നോക്കിയതിൽ ഈ വകയിൽ എട്ടു പുരവുകളെ സംബന്ധിച്ചു മാത്രമെ കാണുന്നൊള്ളു. അതുകൊണ്ടു തീച്ചയ്ക്കു മതിയാകുന്നതല്ലാ. അതിനാൽ പുരവു തിരിച്ചും രീതിഭേദത്തിൽ കുറഞ്ഞ നമ്പ്രകൾ വ്യത്യസ്തപ്പെട്ടിരിക്കുന്നതിനെ നമ്പ്രതിരിച്ചു കാണിച്ചും പേഷ്കാർ പറയുന്ന അഭിപ്രായത്തിനു കാരണത്തോടുകൂടിയും കുടികൾ പറയുന്ന വിവരത്തിനു റിക്കാർട്ടു ചെയ്തിരുന്നാൽ ആ വക റിക്കാർട്ടുകൾ അയച്ചും എഴുതി വരേണം. സ്റ്റേററമെണ്ടിൽ വിവരിച്ചിട്ടുള്ള വീരമാത്താണ്ഡപ്പനെരി, ഭഗവതിപ്പററ, പുതുപ്പററ, മേലിയാകുളം, മാർവാ, അഴകനെരി, പെന്നാണ്ടാരപുതുക്കുളം, ശിവവട്ടക്കുളം, ഈ എട്ടു പുരവുകളിടെ വകക്കും പേഷ്കാർ അഭിപ്രായപ്പെട്ടിട്ടുള്ളതിന്മണ്ണം തരിശു എഴുത്തിൻെറ അവകാശത്തെ നിറുത്തൽ ചെയ്തിരിക്കുന്നു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വയ്ക്കയും വേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൧൫൨.

൧൦൭൧ ാമാണ്ട വൃശ്ചികമാസം ൭൹-

൧൮൯൫ ാംവഷം നവമ്പർമാസം ൨൨൹-

ജമാബന്തി രായസം,

തിരുവനന്തപുരം,

ഇവിടത്തെച്ചെയ്തി ആവിതു.

In re: the treatment of Jenmom lands alienated on Attipera &c.

കാവാലം പ്രവൃത്തിയിൽ കണ്ണാടി വടക്കെ മുറിയിൽ തയ്യിൽ ചെന്നൻ ഇട്ടിരവി അന്ന്യംനിന്ന വക കുന്നത്തിടശ്ശേരി പോററി വക തേട്ടത്തിൽ ൨൩ പറ നിലം കണ്ണാടി പടിഞ്ഞാറെമുറിയിൽ മാമ്പറമ്പിൽ മത്തായി അവുസേപ്പു മുതൽപേരു നടന്നു വരുന്നതിലേക്കു നടത്തിയ വിചാരണ അയച്ചും ഈ വക നിലം അന്ന്യം നിന്നവൻ ജന്മിയിങ്കൽ ഒഴിഞ്ഞെഴുതിവച്ചു ൧൦൨൨-ാമാണ്ടു അച്ചടി ഓലയിൽ ജന്മി കാണപ്പാട്ടയാധാരം കൊടുത്തു ആയവകാശവഴി നടന്നു വരുന്നതായും അന്ന്യം നിന്നവൻെറ പ്രമാണം ഇല്ലെന്നും മത്തായി അവുസേപ്പു മുതൽപേരും അന്ന്യം നിന്നവൻെറ അവകാശം ഒഴിപ്പിച്ചതിലേക്കു പ്രമാണം ഒന്നും കാണുന്നില്ലെന്നും ഈ ജന്മിയിടെ വസ്തുക്കൾ അട്ടിപ്പേറ വാങ്ങിയിട്ടുള്ള വാരണക്കോട്ടു വിഷ്ണു കൃഷ്ണൻ നംപൂരിയും എഴുതി വച്ചിരിക്കുന്ന പ്രകാരവും-

വസ്തു അന്യം നിന്നപേരിൽ തന്നെ തണ്ടപ്പേരുകൊണ്ടു ൧൦൩൦-ാമാണ്ടു മുതൽ വകപ്പടി തീൎത്തു വരുന്നു എന്നും കാണുന്നതിനെപ്പററിയും എഴുതി വന്ന റിക്കാൎഡുകൾ പരിശോധിച്ചതിൽ അന്യം നിന്നവന്റെ പ്രമാണം കാണിക്കുന്നു. ആ പേരിൽ നിന്നും പോക്കുവരവും ൧൦൩൦ മാണ്ടുമുതൽ അല്ലാതെ അതിനു മുമ്പു വകപ്പടി കരം തീരുവയും ഇല്ലെന്നും ഈ പോററിയിടെ വക പുളിംകുന്നു, കാവാലം, രണ്ടു പ്രവൃത്തികളിലുള്ള സകല വസ്തുക്കളും കണ്ണാടി പടിഞ്ഞാറെ മുറിയിൽ പടിഞ്ഞാറെ മഠത്തിൽ ഇരിക്കും ചെറുതാഴത്തു വാരണക്കോട്ടു ഇല്ലത്തു വിഷ്ണു കൃഷ്ണൻ നംപൂരി ൩൩ ാമാണ്ടു അട്ടിപ്പേറു വാങ്ങി നടന്നു വരുന്നതായിട്ടും ജന്മിമാരുടെ വസ്തുക്കൾ അട്ടിപ്പേറായും മററും എഴുതി കൊടുക്കുന്നതിനെ കുടിജന്മ ഇനത്തിൽ ചേൎത്തു നാലിലൊന്നു കരത്തിനു പതിക്കേണ്ടതെന്നു കല്പനപ്രകാരം തീൎച്ചപ്പെട്ടു അപ്രകാരം നടന്നു വരുന്നു എന്നും കാണുകയാൽ ഇതിലേക്കു മുറയ്ക്കു വിലയൎത്ഥം തീൎപ്പിച്ചു കുടിജന്മ ഇനമായി നാലിലൊന്നു കരത്തിനു പതിക്കേണ്ടതിലേക്കു നടപടി നടത്തി അയപ്പാൻ എഴുത്തയച്ചിരുന്നതിനു കുന്നത്തു ഇടശ്ശേരി പോററിയുടെ വകയായി പുളിംകുന്നു, കാവാലം, രണ്ടു പ്രവൃത്തിയിലുള്ള സകല വസ്തുക്കളും കണ്ണാടി പടിഞ്ഞാറെ മുറിയിൽ പടിഞ്ഞാറെ മഠത്തിൽ ഇരിക്കും ചെറുതാഴത്തു വാരണക്കോട്ടു ഇല്ലത്തു വിഷ്ണു കൃഷ്ണൻ നംപൂരി ൧൦൩൩ ാമാണ്ടു അട്ടിപ്പേറുജന്മം വാങ്ങിച്ചവകയിൽ ഏതാനും വസ്തുക്കൾ കാവാലം പ്രവൃത്തിയിൽ കുന്നംമേൽ കിഴക്കെ മുറിയിൽ കക്കാട്ടുവീട്ടിൽ നാരായണൻ നീലകണ്ഠൻ ൩൩ ാമാണ്ടു വില എഴുതിവാങ്ങിച്ചതിലേക്കു നടത്തിയ വിചാരണകൾ നോക്കിയതിൽ ജന്മിമാരിടെ വക തനതു കരമൊഴിവു വസ്തുക്കൾ ജന്മബാദ്ധ്യത ഒഴിഞ്ഞു അട്ടിപ്പേറായും മററും കുടിയാനവന്മാരു എഴുതി വാങ്ങിച്ചിരിക്കുന്നതിനേയും കോട്ടീപ്പോ ലേലംസന്നതൊ അനുസരിച്ചു ജന്മാവകാശം സിദ്ധിച്ചിട്ടുള്ളതിനേയും കണ്ടപാട്ടത്തിൽ നാലിലൊന്നു കരംവച്ചു കുടിജന്മഇനത്തിൽ ചേൎത്തു പതിക്കേണ്ടതെന്നു കല്പനപ്രകാരം അനുവദിച്ചു ൩൩ ാമാണ്ടും ജന്മിമാരുവക വസ്തുകാൽകരം പതിഞ്ഞവസ്തുക്കൾ കുടികൾ വിലഎഴുതി വാങ്ങിച്ചാൽ അതുകളെ ഒററിവിളങ്ങേണ്ടതാണെന്നു ഹജൂരിൽനിന്നും ൩൭ ാമാണ്ടും എഴുതിയ സാധനങ്ങൾ ചെന്നിരിക്കുന്നതിനാൽ അതിലെ താല്പൎയ്യ പ്രകാരം നടപടിനടത്തി അയക്കണമെന്നു ഡിവിഷനിൽ നിന്നും എഴുത്തയച്ചിരിക്കുന്നതായികാണുന്നുഎന്നും ൦൦ കേസിൽപ്പെട്ടവസ്തുകുന്നത്തിടശ്ശേരിപ്പോററിവകയായ്വന്നുതാരകരം പതിഞ്ഞിരിക്കുന്നസ്ഥിതിക്കും ആ ഡിപ്പാൎട്ടുമെണ്ടിൽ ഒററിവിളങ്ങുക നടപ്പില്ലാത്ത ക്രമത്തിനും ഒററിഇനത്തിൽ ചേൎത്തു ഒന്നുപാതി കരം വച്ചു പതിക്കേണ്ടതല്ലയൊ എന്നു സംശയമായിരിക്കുന്നതിനാൽ വേണ്ട ഉത്തരവുണ്ടാകണമെന്നും സൂപ്പർവൈസ്സരിടെ റിപ്പോൎട്ടുവരികയാൽ റിക്കാൎട്ടുകൾ അയച്ചിരിക്കുന്ന പ്രകാരവും ദേവസ്വം ബ്രഹ്മസ്വം വക ജന്മവസ്തുക്കൾ ജന്മാവകാശമാക്കി നടന്നുവരുന്നതിലേക്കു പൊതുവെ ഒരു വ്യവസ്ഥ ഉണ്ടാകണമെന്നു എഴുത്തുകുത്തു നടന്നു അങ്ങനെയുള്ള വസ്തുക്കളെ കുടിജന്മഇനത്തിൽ ചേൎത്തു കണ്ടപാട്ടത്തിൽ നാലിലൊന്നു കരത്തിനു പതിപ്പാനുള്ളതെന്നു തീൎച്ചപ്പെട്ടതനുസരിച്ചു ചിറയിൻകീഴുതാലൂക്കിൽ ൦൦ ഇനത്തിൽ വെളിപ്പെട്ടതായ ദേവസ്വം, ബ്രഹ്മസ്വം വക കരംപതിഞ്ഞതും കരം പതിയാത്തതുമായിട്ടുള്ള വസ്തുക്കളെ കുടിജന്മഇനത്തിൽ ചേൎത്തു നാലിലൊന്നു കരത്തിനു പതിപ്പാൻ തീൎച്ചചെയ്തു നടന്നുവരുന്നതായി കാണുന്നുഎന്നും ൩൩ ാമാണ്ടു കല്പനപ്രകാരം ഉണ്ടായ തീൎച്ച കരം പതിയാത്ത വസ്തുവിനെ സംബന്ധിക്കയുള്ളു എന്നും കരം പതിഞ്ഞ വസ്തുക്കളെ ഒററി വിളങ്ങി പതിപ്പാനുള്ളതെന്നും ഹജൂരിൽ നിന്നും ഡിവിഷനിലേക്കു എഴുതി അയച്ചിട്ടുള്ള വിവരം അറിവാൻ പാടില്ലെന്നും അതനുസരിച്ചു നടത്തേണ്ടതായിരുന്നാൽ മുൻ ൩൩-ാമാണ്ടത്തെ ഉത്തരവിൻ പ്രകാരം കരം പതിഞ്ഞ വസ്തുക്കളെ കുടിജന്മ ഇനത്തിൽ ചേൎത്തു നാലിലൊന്നു കരത്തിനു പതിപ്പാൻ ചെയ്തിട്ടുള്ള തീൎച്ചയും പട്ടയവും അസ്ഥിരപ്പെടുത്തി ഒററി ഇനമായി ഒന്നുപാതി കരത്തിനു പതിക്കുന്നതിലേക്കു നിദാനം വരണമെന്നും ൩൩൭൧-ാമതു നമ്പരിൽ ൭൦ കൎക്കടകം ൧൦൩൩-എഴുതിയ സാധനം വന്നിട്ടുള്ളതിനു

ജന്മിവക വിത്തുഅര കരം പതിഞ്ഞു അട്ടിപ്പേറു കൊടുത്ത ഒരു വസ്തുവിന്റെ കരംപതിപ്പു കാൎയ്യത്തിൽ തക്കപ്പെട്ടു ഡിവിഷനിൽ നിന്നും എഴുതി വന്നതിനു കീഴ്നടപ്പിനെ ആലോചിച്ചു ഒററിയായി പതിക്കേണ്ടതെന്നും റിക്കാൎട്ടുകൾ തയ്യാറാക്കി അയക്കണമെന്നും എഴുതിപ്പോവാൻ ഇടവന്നതായി കാണുന്നുണ്ടെന്നുവരികിലും കരം പതിഞ്ഞതാകട്ടെ കരം പതിയാത്തതാകട്ടെ ഏതുവിധമായ വസ്തു ആയാലും അട്ടിപ്പേറ മുതലായി അവകാശം അടക്കി എഴുതി കൊടുക്കുന്നതു ഒക്കെയും കല്പനപ്രകാരം ഉണ്ടായിട്ടുള്ള വ്യവസ്ഥ അനുസരിച്ചു കുടിജന്മ ഇനത്തിൽ ചേൎത്തു നാലിൽഒന്നു കരത്തിനു പതിക്കേണ്ടതല്ലാതെ ഒററി ഇനത്തിൽ ചേൎത്തു പതിപ്പാൻ ക്രമമില്ലാത്തതാകുന്നു. അങ്ങനെ കുടിജന്മ ഇനത്തിൽ ചേൎത്തുപതിക്കുന്നതിൽ മുമ്പു വിത്തു അരമുതലായ രാജകരം കൊണ്ടിട്ടുള്ള തുകയിൽ കുറവായ സംഖ്യവരാൻ പാടില്ലാത്തതും പാട്ടം കാണുമാനുള്ളതിലേക്കു റിക്കാൎട്ടു തയാറാക്കുന്ന സമയം ഈ ഭാഗം പ്രത്യേകം ഷ്ടേവയ്പ്പാനുള്ളതുമാകുന്നു. കൊണ്ടിട്ടുള്ള രാജകരത്തിൽ കൂടുതലായി നാലിലൊന്നു കരംവരുന്നതിനു ആ കരം സ്ഥിരപ്പെടുത്താവുന്നതും അതു മുൻകൊണ്ടിട്ടുള്ളതുകപ്പടെയുള്ള തുക

യായിരിക്കേണ്ടതുമാണ. രാജകരം കൊണ്ടിരിക്കുന്നതിൽ കുറഞ്ഞു നാലിലൊന്നു കരത്തുക വന്നതിന മുൻനിശ്ചംക്കുന്ന കരം തന്നെ സ്ഥാപിച്ചാൽ മതിയാകുന്നതാകുന്നു. ഈ ക്രമത്തിന്റെ നടപടി നടത്തിപ്പാൻ എഴുതിയച്ചു ചട്ടം കെട്ടണം. റിക്കാട്ടുകൾ തിര്യെ അയച്ചിരിക്കുന്നു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു ഐക്യവും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ ശംകരസുബ്ബയ്യൻ.

---

നമ്പ്ര ൨൩൪൭

ജമാബന്തിരായസം

൧൦൭൭-ാമാണ്ട ധനുമാസം ൨൩-

൧൯൦൨-ാം വര്‍ഷം ജനവരിമാസം ൬-

തിരുവനന്തപുരം.

[ഇവിടത്തെച്ചെയ്തി ആവിതു.

Directing that lists of unauthorized occupations of porambokes discovered during settlement should be furnished to the Revenue department for action under the Land Conservancy Regulation II of 1067 and stating that the Revenue department has instructions to communicate the decision to the Settlement department to enable it to deal with applications for the registry of such porambokes.

ആ ഡിപ്പാൎട്ടുമെണ്ടിൽനിന്നും പ്രവേശിച്ച താലൂക്കുകളിൽ ൧൦൬൭-ലെ ൨-ാം റിഗുലേഷൻ അനുസരിച്ചുള്ള പുറമ്പോക്കു വസ്തുക്കൾ പതിച്ചുകൊടുപ്പാനും ആ റിഗുലേഷൻ ൭-ാം വകുപ്പും പ്രകാരം പുതുവൽ വസ്തുക്കളുടെ വകക്കും റിഗുലേഷൻ നടപ്പായതുമുതൽ ൧൦൭൬-ാമാണ്ട ആടിമാസംവരെ വന്ന അപേക്ഷകളുടെയും അതിൽ തീൎന്നതിന്റെയും കിടപ്പിന്റെയും സംഖ്യകൾ കാണിച്ച എഴുതി അയക്കേണ്ടതിനെക്കുറിച്ചു എഴുതിവരികയും ഇതിനെപ്പറ്റി മുമ്പ എഴുതിവന്നതിനു റിഗുലേഷൻ സെറ്റിൽമെന്റ നടക്കുന്ന താലൂക്കുകളിലേക്കു സംബന്ധപ്പെട്ടതല്ലെന്നു തോന്നുന്നു. ആ റിഗുലേഷൻ പ്രകാരം നടപടിക്രമം വ്യവസ്ഥപ്പെടുത്തിയിട്ടുംമറ്റും ഉണ്ടായിട്ടും ഇല്ലെന്നും റിഗുലേഷൻപ്രകാരം അധികാരം കൊടുത്തിരിക്കുന്നതു ഡിവിഷൻപേഷ്കാരന്മാൎക്കാണെന്നും കണ്ടെഴുത്തു നടക്കുന്ന സ്ഥലങ്ങളിലേക്കു റിഗുലേഷൻ ഉപയോഗപ്പെടുമെങ്കിൽ ആ വകക്കു പ്രത്യേകം എഴുതിഅയക്കണമെന്നും ൨൩൩൩-ാമത നമ്പരിൽ ൧൦൭൬-ാമാണ്ട വൃശ്ചികമാസം ൨൪-ാം എഴുതി അയക്കുകയും ചെയ്തിട്ടുണ്ടായിരുന്നു എന്നും അതിലേക്കു തീൎച്ചപ്പെട്ട മറുപടി വന്നിട്ടില്ലെന്നു കണ്ടു അതിനെപ്പറ്റി ഒടുവിൽ എഴുതിഅയച്ചതിനു റിഗുലേഷനു വിരോധമായി പ്രവൃത്തിക്കുന്ന സംഗതി തീൎച്ചചെയ്യുന്നതിനുള്ള അധികാരം ഡിവിഷൻ പേഷ്കാരന്മാൎക്കു ആയിരുന്നാലും ആ ഡിപ്പാൎട്ടുമെണ്ടിൽനിന്നും പ്രവേശിച്ച സ്ഥലങ്ങളിൽ പുതുവൽ പതിപ്പാനുള്ള അധികാരം അവൎക്കു ഇല്ലെന്നും റിഗുലേഷൻ ൭-ാം വകുപ്പിൽ റിഗുലേഷൻ നടപ്പാകുന്നതിനു മുമ്പിൽ കുടികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പുതുവൽ ഭൂമികളുടെ വകക്കു ഒരു കൊല്ലത്തിനകം അപേക്ഷ കൊടുക്കണമെന്നും ൩-ാം വകുപ്പിൽ പുറമ്പോക്കു വസ്തുക്കൾ ഗവൎമ്മെണ്ട അനുവാദംകൂടാതെ അനുഭവിച്ചുകൂടാ എന്നും വിധിച്ചിരിക്കുന്ന സ്ഥിതിക്കു സെറ്റിൽമെന്റ നടക്കുന്ന താലൂക്കുകളിൽ ൭-ാം വകുപ്പുപ്രകാരം കുടികൾ ബോധിപ്പിച്ച അപേക്ഷകളും പുറമ്പോക്കു വസ്തുക്കൾ പതിച്ചു കൊടുക്കണമെന്നുള്ള അപേക്ഷകളും ആ ഡിപ്പാൎട്ടുമെണ്ടിൽ തന്നെ വന്നിരിപ്പാൻ ഇടയുള്ളതുകൊണ്ട അതിലേക്കു കണക്കയക്കണ്ടെന്നും ൧൩൪൨-ാമത നമ്പരിൽ എഴുതിയ സാധനം വന്നിട്ടുണ്ടെന്നും കണ്ടെഴുത്തു നടക്കുന്ന സ്ഥലങ്ങളിൽ റിഗുലേഷൻ ഉപയോഗപ്പെടുത്തണമെങ്കിൽ അതിലേക്കു പ്രത്യേകം എഴുതിഅയക്കണമെന്നു പറഞ്ഞിട്ടുള്ളതിലേക്കു സാധനത്തിൽ ഒന്നും പ്രസ്താവിച്ചിട്ടില്ലെന്നും റിഗുലേഷൻ ൨-ാം വകുപ്പുപ്രകാരമുള്ള പുറമ്പോക്കുകൾ റിഗുലേഷൻ നടപ്പാകുന്നതു മുതൽക്കു അതിൽപിന്നെയും അനുവാദംകൂടാതെ അനുഭവിക്കുന്നതു ന്യായമായിരിക്കയില്ലെന്നു ആ റിഗുലേഷൻ ൩-ാമതു വകുപ്പിലും പുറമ്പോക്കല്ലാത്ത ഗവൎമ്മെണ്ടുവക ഭൂമിയെ അനുവാദംകൂടാതെ അനുഭവിക്കുന്നവരെ ശിക്ഷിപ്പാനുള്ളതെന്നു ൬-ാമതു വകുപ്പിലും മുമ്പിനാലെ ഗവൎമ്മെണ്ടു ഭൂമിയെ അനുഭവിക്കുന്ന വിവരം ഒരുകൊല്ലത്തിനകം തെര്യപ്പെടുത്തണമെന്നു ൭-ാമതു വകുപ്പിലും കല്പിച്ചിരിക്കുന്നതായി കാണുന്നതും പുറമ്പോക്കു ഭൂമികളും മുമ്പിൽകൂട്ടി അനുവാദം ഇല്ലാതെയും റിഗുലേഷൻ പ്രകാരം ഹൎജിബോധിപ്പിച്ച മൂന്നുമാസം കഴിയാതെയും ഉള്ള പുറമ്പോക്കല്ലാത്ത ഗവൎമ്മെണ്ടു ഭൂമികളും മുമ്പിനാലെ അനുഭവിച്ചുവരുന്നതും ൭-ാമതു വകുപ്പിന്മണ്ണം ഒരുകൊല്ലത്തിനകം അപേക്ഷ അയച്ചിട്ടില്ലാത്തതുമായ പുതുവലുകളും പതിച്ചു കൊടുക്കണമെന്നും പുറമ്പോക്കു ഭൂമികളിൽ പ്രവേശിച്ച ദേഹണ്ഡംചെയ്യാൻ അനുവാദംകിട്ടണമെന്നും കുടികൾ ഹൎജികൾ ബോധിപ്പിച്ചുവരുന്നതിലേക്കു നടപടിനടത്തേണ്ടവിഷയത്തിലും റിഗുലേഷനെ ഗണിക്കാതെ സെറ്റിൽമെന്റ നടക്കുന്നതാലൂക്കുകളിൽ മേൽപ്രകാരം ഉള്ള ഭൂമികളെ പതിച്ചു കൊടുത്തുപോകുന്നതായിരുന്നാൽ അതിനെക്കുറിച്ചു പിന്നീടുചോദ്യപ്പെടുവാൻ ഇടയാകയില്ലയൊ എന്നും സംശയപ്പെട്ടുചില സൂപ്പർവൈസരന്മാരുടെ റിപ്പോൎട്ടുകൾ വന്നിരിക്കുന്നതും റിഗുലേഷനെ കണ്ടെഴുത്തുതുടങ്ങിയസ്ഥലങ്ങളിൽ ഉപയോഗപ്പെടുത്താതെ തന്നെ സൎവെയും ക്ലാസിഫിക്കേഷനും ചെയ്തിട്ടുള്ള ഒരംവക ഭൂമികളെ അപേക്ഷ അനുസരിച്ചും മററും ഇവിടത്തെ രീതിപോലെ നടപടിനടത്തി പതിച്ചു കൊടുത്തു നടന്നുവരുന്നതായി കാണുന്നസ്ഥിതിക്കു റിഗുലേഷൻപ്രകാരംഉള്ള നടപടി കണ്ടെഴുത്തു ആരംഭിച്ചസ്ഥലങ്ങളിൽ ആവശ്യം ഇല്ലെന്നുതോന്നുന്നതിനാൽ അതിനെ ഒഴിച്ചു വ്യവസ്ഥ ഉണ്ടാകേണ്ടതു ആകുന്നു എന്നും ൨൪൭൩-ാം നമ്പരിൽ ൭൭ ധനു ൩൩-എഴുതിയസാധനംവന്നിരിക്കുന്നതിനു

പതിച്ചുകൊടുപ്പാൻ വിരോധമില്ലാത്ത ഭൂമികളെ പതിക്കുന്നതിനു റിഗുലേഷനാൽ ബാധകമില്ലാ. അനുവാദം കൂടാതെ പ്രവേശിപ്പാനും അനുഭവിപ്പാനും പാടില്ലെന്നു ചട്ടത്താൽ വിരോധിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലെ പ്രവേശനത്തെപ്പറ്റി ഡിവിഷൻമുഖാന്തിരം നടപടി നടത്തി ചട്ടപ്രകാരം തീർച്ചയുണ്ടാകേണ്ടതെ ഉള്ളൂ. ഈ ചട്ടം കണ്ടെഴുത്തുള്ള താലൂക്കുകളിലേക്കു സംബന്ധിക്കാനില്ലെന്നു പറവാൻ ക്രമം ഇല്ലാ. ഈ വക വസ്തുക്കളും പതിക്കുന്നതിനു ചട്ടപ്രകാരമുള്ള അപേക്ഷ കണ്ടെഴുത്തു നടക്കുന്ന സ്ഥിതിക്കു ആ ഡിപ്പാർട്ടുമെൻറിൽ വന്നിരിക്കാമെന്നുള്ളതിനെ ഉദ്ദേശിച്ചു അതിലേക്കു കണക്കുകിട്ടണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതിനാൽ കണക്കുവേഗത്തിൽ അയക്കണം. ഇപ്രകാരം കണക്കു അയക്കുന്നതും റിഗുലേഷൻപ്രകാരമുള്ള അധികാരം നടത്തലും തമ്മിൽ സംബന്ധമില്ലാത്തതാണ്. പുതുവൽ അപേക്ഷകൾ കണ്ടെഴുത്തു ജീവനക്കാർ നടപടി തുടങ്ങുന്നതിൽ ചട്ടപ്രകാരം വിരോധിക്കപ്പെട്ട ഭൂമിയിൽ കുടികളും അനുവാദം കൂടാതെ പ്രവേശിച്ചതായി കാണുന്നതിനു ഉടനുടൻ ഡിവിഷൻപേഷ്കാർക്കു എഴുതി അയച്ചാൽ അതിനെപ്പറ്റി നടപടി നടത്തി തീർച്ചചെയ്യാനിടയാകുന്നതും വസ്തുപതിക്കുകയൊ പതിക്കാതിരിക്കുകയൊ ചെയ്യേണ്ട കാര്യം കണ്ടെഴുത്തിൽ തീർച്ചപ്പെടുത്തുന്നതിനു ആ തീർച്ചവിവരം കണ്ടെഴുത്തു ജീവനക്കാർക്കു അറിവുതരേണ്ടതിനെപ്പറ്റി ഡിവിഷൻ പേഷ്കാർക്കു എഴുതി അയച്ചിട്ടുള്ളതിനാൽ അതിനെത്തുടർന്നു കണ്ടെഴുത്തുനടപടി ഒതുക്കാവുന്നതും ആകുന്നു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ ധരിപ്പിച്ചു, വെക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൩൯൨.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറു

൧൦൭൫ ാമാണ്ടു മകരമാസം ൧൬-നു

൧൯൦൦ ാംവർഷം ജനുവരി മാസം ൨൭-നു

തിരുവനന്തപുരം.

ഇവിടത്തെ ചെയ്തി ആവിതു,

Sanctioning the scheme of assessment for the lands within the Parur bund and the imposition of a chiravari of 2¼ fanams per parah of rice land therein.

പറവൂർ ചിറയ്ക്കകത്തുള്ള വസ്തുക്കളുടെ ബ്ലാക്കു തിരിച്ച് അതിലേക്കു സ്റ്റേറ്റുമെൻറു മുതലായതു തയ്യാറാക്കിച്ചയച്ചിരിക്കുന്നതായി പേഷ്കാരുടെ റിപ്പോർട്ടു വന്ന് അതുകളെ പരിശോധിക്കയും തരങ്ങൾ ശരിപ്പെടുത്തുകയും ചെയ്തു സെററിൽമെൻറു ക്രമത്തിനു കരത്തിൻെറ വ്യവസ്ഥ വരുത്താൻ തക്കവണ്ണം വിവരപ്പെടുത്തി സ്റ്റേറ്റുമെൻറു മാറി എഴുതിച്ചു പേഷ്കാർക്കു അയച്ചിട്ടുണ്ടെന്നും ചിറയെ സംബന്ധിക്കാത്തതായ ഏതാനും ഭൂമികളും ഏഴിക്കര പ്രവൃത്തിയിൽ നിന്നും കൂടി എടുത്തു സർവെ ചെയ്തിട്ടുള്ളതായി കാണുന്നു എന്നും ഒരു പകുതിയായി തിരിച്ചു തോടടക്കം സർവെ ചെയ്തു തീർന്നുപോയ സ്ഥിതിക്കും തുടർന്നു നമ്പരു കൊടുത്തിട്ടുള്ളതിനാലും ആ വക ഭൂമികളേയും കൂടി ഈ സെററിൽമെൻറിൽ ഉൾപ്പെടുത്തുന്നതു തന്നെ കൊള്ളാമെന്നു വിചാരിക്കുന്നതും ഈ സ്റ്റേറ്റുമെൻറും പ്രകാരം തെളിവുശിട്ടു മുതലായതു തയ്യാറാക്കി നടപടി നടത്തുവാൻ പേഷ്കാർക്കു മറുപടി എഴുതി അയച്ചു കൊള്ളാവുന്നതും ആകുന്നു എന്നും എന്നാൽ ഈ ചിറയ്ക്കു താഴെയുള്ള ഭൂമികളെ മുമ്പിൽ കൂട്ടി കണ്ടെഴുതി തീർപ്പാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻെറ ഉദ്ദേശം ചിറയ്ക്കു ചിലവായിട്ടുള്ള മുതലിനു ഏകദേശം ഒരാദായം സർക്കാരിലേക്കു ഉടനെ സിദ്ധിക്കേണ്ടതിനെ വിചാരിച്ചാണെന്നും ഏഴിക്കര പ്രവൃത്തിയിൽ ഉള്ള ഭൂമികളിൽ സ്വല്പമായും പറവൂർ പ്രവൃത്തിയിലും ഈ ചിറയെ സംബന്ധിക്കപ്പെട്ട നിലങ്ങൾ സർവ്വേപ്പടി ൯൦൩-ഏക്കർ ൧൭-സെൻറുള്ളതാകുന്നു എന്നും അതിൽ ആയക്കെട്ടിൽ മുതൽ കൊണ്ടിട്ടുള്ള വിസ്തീർണ്ണം ൧൦൬൭ പറ ൨ ഇടങ്ങഴി ഉള്ളതിനു നാളതു സർവ്വേപ്പടി ൩൩൭ ഏക്കർ ൨൭ സെൻറാകുന്നു

എന്നും അവിടെനിലങ്ങൾക്ക മുൻകൊണ്ടിട്ടുള്ള പറവീതം പെരുക്കം വളരെകുറവാണെന്നും കണ്ടെഴുത്തുംപടി ൩൫ പെരുക്കം കണക്കാക്കേണ്ടക്രമം ഉണ്ടെന്നും ആവീതംപറ ഒന്നിന രണ്ടര പണം ചിറവരി ഏൎപ്പെടുത്തേണ്ടതെന്ന വിചാരിക്കുന്നുഎന്നും ആയതു ഏക്കർ ഒന്നിന രണ്ടര രൂപാ വീതം വരുവാണ്ടെന്നും ആകസവെച്ചപടി ൧൭൩൨ ഏക്കർ ൧൯൭ സെൻറുകളതിന ഒരം ക്രമത്തിന ൨൪൦൭മക്കാൽ രൂപാ ഒരം ഇനത്തിൽ തീരുവമുതൽ ഉള്ളതാകുന്നു എന്നും നഞ്ചപ്പയ്യൻദിവാൻജി വകക്കാരുടെ നിലമായി ൩൩൨൦ ഏക്കർ ൧൭ സെൻറസ്ഥലം ഉണ്ടെന്നുംഅതു അസ്ഥിദാനങ്ങളായി പതിഞ്ഞിട്ടുള്ളതും കരമായി സർക്കാരിലേക്ക ഒന്നും തിരുവാൻ ഇല്ലാത്തതും ആകുന്നു എന്നാവരികിലും ചിറവരി അതിലേക്കും ചേരുന്നതാണെന്നും മേൽപറഞ്ഞതിൻവണ്ണം ചിറവരി വകയിൽ മൊത്തം ൨൪൦൭॥ രൂപാ മുതൽ ഉള്ളതു ചിറയ്ക്കു വന്നിട്ടുള്ള ചിലവു തുകക്ക നൂറിന രണ്ടര പലിശ വീതം വരുന്നു എന്നും അതു കുറവാണെങ്കിലും ഇതിൽ അധികമായ ൰൰ നിശ്ചയിക്കുന്നതായാൽ ഒരം നിലങ്ങളുടെ സ്വഭാവത്തിന അതു അധിക ഭാരമായി തീരുമെന്നുള്ളതാണെന്നും ഇപ്പോൾ നടപ്പുള്ള നിലങ്ങളുടെ കണക്ക നോക്കിയാൽ ൭൯൪ ഏക്കർ ൨൯ സെൻറ ൭ാ൩മെ വരുന്നൊള്ളു എന്നും ആ സ്ഥിതിക്കു തല്ക്കാലം ചിറവരിയിൽ വരാമെന്നുള്ളതുക ൧൯൭൭ രൂപാ ഒരുചക്രം തന്നെ ഉള്ളതെന്നും നിരത്തലായും പുതുവൽ പതിയാനുള്ളതായും കിടപ്പുള്ള ഭൂമികൾ ൩൩൨൦ ഏക്കർ ൭൭ സെൻറുകളിൽ ഒന്നു പാതി എങ്കിലും കാലക്രമം കൊണ്ട നടപ്പിൽ വരുന്നതായാൽ ആ വകയിൽ ചിറവരി ൧൯൭൧ രൂപാ ൧൦ ചക്രം കൂടി ഉണ്ടാകമെന്നുള്ളതാണെന്നും കരത്തിലും ഇപ്പോൾ ഇട്ടിട്ടുള്ള തരത്തിൻെറ രീതിക്ക കൂടുതൽ ആദായത്തിന ഇടയുണ്ടെന്നും അതിനാൽ ഒരം ചിറവരി ഏൎപ്പെടുത്തേണ്ടതിന അനുവാദം ഉണ്ടാകേണ്ടിയിരിക്കുന്നു എന്നും നിത്തൽ വകയിലും പുതുവൽ വകയിലും കിടപ്പുള്ള ൩൩൨൦ ഏക്കർ ൭൭ സെൻറ ഭൂമിക്ക ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള കരത്തുംപടി മുഴുവൻ കരം ഉടനെ തീൎപ്പിക്കയില്ലെന്നും വിത്തൊന്നായിട്ട അഞ്ചാണ്ട കാല സംഖ്യവച്ചു പതിച്ചു കൊടുക്കയും അതു കഴിഞ്ഞ ഉടനെ ഒന്നു പാതിയും പിന്നിട്ട അഞ്ചാണ്ട കഴിഞ്ഞു മുഴുവൻ കരവും വെക്കുന്നതാണെന്നും ഉള്ള വ്യവസ്ഥയിൻപേരിൽ നിലങ്ങളെ ലേലത്തിൽ വില്പിക്കയും ആളേല്പെടുത്തുന്നതു പോലെപതിക്കയും ചെയ്യുന്നതായാൽ അധികം നിലം താമസം കൂടാതെകൃഷിയാകുവാൻ ഇടയാകുമെന്നും ചിറവരി പതിച്ചുകൊടുക്കുന്നതു മുതൽ തീൎപ്പാനുള്ളതാകുന്നു എന്നും തോന്നുന്നുഎന്നും സെററിൽമെൻറ ആഫീസരുടെ ക്രമത്തിന പേഷ്കാർ പട്ടയവിചാരണക്ക പുള്ളിപ്പടി തീൎച്ചചെയ്കയും തെളിവുശീട്ടും പട്ടയവും നടപ്പ നിലങ്ങൾക്ക കൊടുക്കയും ചെയ്യണമെന്നും ലേലത്തിൽ ഇടാനുള്ള ഭൂമികൾക്ക നടപടി നടത്തുന്നവകക്ക ഒരം സെററിൽമെൻറിന നിയമിച്ചിട്ടുള്ള ഡിപ്പ്യൂട്ടിസൂപ്പർവൈസരെ വച്ചുംകൊണ്ടവേല നടത്തിപ്പാൻ പറവൂർ തഹശിൽദാരെ കൂടി ചുമതലപ്പെടുത്തുന്നതിന കോട്ടയം പേഷ്കാൎക്ക എഴുതി അയച്ചു ചട്ടം കെട്ടി കൊള്ളാവുന്നതായും ആ പേഷ്കാരും സ്ഥലത്തു ചെന്നു വേണ്ട പോലെ ജാഗ്രത ചെയ്യേണ്ടതിലേക്ക പ്രത്യേകം എഴുതി അയക്കാമെന്നുള്ളതാകുന്നു എന്നും എഴുതി അയച്ചിരുന്നതിനെ കല്പിച്ചനുവദിച്ചിരിക്കുന്നതായി കൊട്ടാരം സർവ്വാധികാൎയ്യക്കാരരു ൧൦൯൦ മതു നമ്പരിൽ മകര മാസം ൧൯൭൬— എഴുതിയ സാധനം വന്നിരിക്കകൊണ്ട അതിൻവണ്ണം ചിറയെ സംബന്ധിക്കപ്പെട്ട നിലങ്ങൾക്ക പറ ഒന്നിന രണ്ടര പണം വീതം ചിറവരി ഏൎപ്പെടുത്തി നടപ്പു നിലങ്ങൾക്ക തെളിവു ശീട്ടും പട്ടയവും കൊടുത്തു കൊള്ളണം. നിത്തൽ വകയിലും പുതുവൽ വകയിലും ലേലത്തിൽ വില്പിക്കാനുള്ള വസ്തുക്കളുടെ വകക്ക അവിടത്തെ ഡിപ്പ്യൂട്ടി സൂപ്പർവൈസരെ കൂടി വച്ചും കൊണ്ട നടപടി നടത്തുന്നതിലേക്ക ചട്ടം കെട്ടുവാൻ കോട്ടയം ഡിവിഷനിലേക്ക എഴുതി അയച്ചിരിക്കുന്നു. ചിറവരി ഏൎപ്പെടുത്തേണ്ടതായ നമ്പ്രുകൾക്ക നമ്പ്രുവാരി സ്റ്റേററമെൻറിൽ വിവരം പതിപ്പിച്ചിട്ടും ഉണ്ട.

ഇച്ചെയ്തി എല്ലാം വേലുപ്പിള്ള വായിച്ചു രാമരായരു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു. വൈക്കയും വേണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ

ദിവാൻ ശങ്കരസുബ്ബയ്യൻ.

നമ്പർ ൩൩൧൮.

൧൦൭൪ാമാണ്ട കുംഭമാസം ൩ാം—
൧൮൯൯ാംവർഷം ഫെബ്രുവരി മാസം ൧൪൹—
തിരുവനന്തപുരം.

വടക്കൻറേഞ്ചു അസിസ്റ്റൻറിന്റെ ൧൦൭- ാമതു നമ്പർ റിപ്പോർട്ടിനു

മറുപടി.

Regarding the treatment of Personal Inams falling under section 24 of the Settlement Royal Proclamation.

ഇനാംവസ്തുക്കളെ പേരിൽ പതിവു കുഡുംബത്തിൽ ഉള്ളവരിൽ ഒരു ശാഖക്കാറക്ക് ദാന ണാവൻ സകല സ്വാതന്ത്ര്യവും ഒഴിഞ്ഞും അത്ഥം സ്ഥാപിച്ചും എന്ന ന്നേയ്ക്കും അനുഭവിച്ചു പേരിൽകൂട്ടി കരം തീർത്തുകൊള്ളത്തക്കവണ്ണവും, അന്യകുഡുംബക്കാറക്ക് മാറികൊടുത്തിട്ടുള്ളതിനെ ഒഴിപ്പിച്ചു മേൽ വിവരിച്ച ബാദ്ധ്യതകളോടുകൂടി അനുഭവിച്ചുകൊള്ളുന്നതിനും,

ഒരു കുഡുംബക്കാറർ ശാഖയായിത്തിരിഞ്ഞു വസ്തുക്കളെ ഭാഗിച്ചു സകല സ്വാതന്ത്ര്യത്തോടുകൂടി അനുഭവിച്ചു പേരിൽകൂട്ടിക്കൊള്ളുന്നതിനും, എഴുതിക്കൊടുക്കുന്ന ഉടമ്പടിപ്രകാരം അനുസരിച്ചു ൨൪ം സെറ്റിൽമെൻറിൽ മാറിഇനമായി പതിക്കേണ്ടതൊ അല്ലയോ എന്നു സംശയിക്കുന്നതായി എഴുതിയിരിക്കുന്നതിനു,

ഇങ്ങനെയുള്ളതിനു കീഴിൽ മാറിഇനമായി പതിച്ചിട്ടുണ്ടൊ ഇല്ലയൊ എന്നു എഴുതിയിട്ടില്ലാ.

൧൦൬൮-കുംഭം ൧൪൹- ലെ ൩൨ ാം നമ്പർ തിരുവെഴുത്തു വിളംബരം ൨൪ാം വകുപ്പു രണ്ടാം ഖണ്ഡത്തിൽ പ്രവൃത്തിദാനക്കല്ലാതെ ഒരാളിനൊ കുഡുംബത്തിനൊ വിട്ടുകൊടുത്തിട്ടുള്ള ഇനാംവസ്തുക്കളെ ആ ആളൊ, കുഡുംബക്കാറരൊ, അവരുടെ സന്തതികളൊ അനുഭവിക്കുന്നതായിട്ടു കണ്ടാൽ ആവക വസ്തുക്കൾക്കു ഇപ്പോൾ കാണുന്നപാട്ടത്തിൽ എട്ടിൽ ഒന്നു ഭാഗമൊ അല്ലെങ്കിലും മിച്ചവാരം ഉണ്ടായിരുന്നാൽ ആയതും കൂടി കരമായി നിശ്ചയിക്കപ്പെടുമെന്നും മൂന്നാംഖണ്ഡത്തിൽ മുൻപറഞ്ഞിട്ടുള്ള ഇനാംവസ്തുക്കൾ ഇനാംദാരുകളുടെ അവകാശം വിട്ടു അന്യകുഡുംബക്കാറരുടെ അധീനത്തിൽ ഇരിക്കുന്നതായി കണ്ടാൽ അതുകൾക്കു ൨൪ം കണ്ടെഴുത്തിൽ നിശ്ചയിക്കുന്ന പാട്ടത്തിൽ ഒന്നുപാതി സക്കാരിലേക്കു ഇറുപ്പു വയ്ക്കുന്നതാണെന്നും വിവരിച്ചിരിക്കുന്നു.

ഉടമ്പടികളിൽ അത്ഥം സ്ഥാപിച്ചും സകലസ്വാതന്ത്ര്യപ്പെടുത്തിയും എഴുതിഇരുന്നാലും അതു ആ കുഡുംബക്കാററു തമ്മിൽ ആയിരിക്കുന്നു. അതിനെ മൂന്നാം ഖണ്ഡത്തിലെ താല്പര്യത്തിനു അന്യകുഡുംബക്കാറരെപ്പോലെ വിചാരിപ്പാൻ ഇടയില്ലാത്തതാണു.

അതിനാൽ തിരുവെഴുത്തു വിളംബരത്തിലെ താല്പര്യപ്രകാരം നടത്തിച്ചു കൊള്ളണം.

കണ്ടെഴുത്തു ദിവാൻ പെഷ്കാർ,
വീ. നാഗമയ്യാ.

---

നമ്പർ ൪൧൩൭൧൦.

൧൦൭൪-ാമാണ്ടു കുംഭമാസം ൨൦൹—
൧൮൯൯-ാം വർഷം മാർച്ചുമാസം ൪൹—

ഹജൂർക്ക്

ക്യാമ്പ് കൊല്ലം

ജമാബന്തി രായസം വക ൩൨൦ാംനമ്പർ സാധനത്തിനു

മറുപടി.

Recommending certain concessions to Kanikars settlement in the matter of Pudeval registry.

കണക്കു തിട്ടം വരുത്തിച്ചതിൽ കരം ഒഴിവായി വസ്തുക്കൾ പതിച്ചു കൊടുത്തിട്ടുള്ളതു ഇന്നവകക്കെന്നു വിവരപ്പെടുന്നില്ലാ. അതിലേക്കു പ്രവൃത്തിപിള്ളയെക്കൊണ്ടു ഒരു വിളങ്ങിപ്പേരിനു ൨കെപ്പു എഴുതിച്ചു വരുത്തി ഇതോടുചേർത്തിരിക്കുന്നു. കാണിക്കാറരുടെ പേരിൽ പതിഞ്ഞിട്ടുള്ള മൊത്തം വസ്തുക്കളുടെ വകയ്ക്കു ഒരു സ്റ്റേറ്റമെൻറു തയ്യാറാക്കിച്ചു ഹജൂർ കണ്ടെഴുത്തുവക ൧൨൩൩-ാമതു നമ്പ്ര സാധനത്തിനു എഴുതിട്ടുള്ള മറുപടിയോടുകൂടി അയയ്ക്കുന്നുണ്ട്.

നെല്ലും പണവും കരമായി ഏർപ്പെടുത്തിയാൽ തീർപ്പുനടപ്പാൻ പ്രയാസമെന്നു കാണിക്കാറുള്ള സങ്കടം പറയുന്നതു അവരുടെ സ്ഥിതിക്കു ശരിയായിരിക്കാമെന്നു വരുമെങ്കിലും ആ ഭൂമിയിൽ ഉണ്ടാകുന്ന ഫലമൂലാദികളെ സർക്കാരു കരമായി മാറ്റിക്കൊള്ളിച്ചു തീർപ്പിക്കണമെന്നു അപേക്ഷിച്ചിരിക്കുന്ന ഭാഗം ഒരു അസാധാരണ സംഗതിയും അതു കണക്കു കഴച്ചിലിനും നിരുപ്പുകേടിനും ഇടയുള്ള ഏർപ്പാടായും ഇരിക്കുന്നതുകൊണ്ടു ഈ അപേക്ഷ സ്വീകരിക്കത്തക്കതായി തോന്നുന്നില്ലാ. സാധുക്കളും അറിവില്ലാത്തവരും ആയിരിക്കുന്ന ഈ കാണിക്കാറരുടെ അനുഭവത്തിലുള്ള പുതുവൽ വസ്തുക്കൾക്കു ഇവരുടെയും കാട്ടുഭൂമിയുടെയും സ്ഥിതിക്കു തക്കവണ്ണം ഒരു തരം ഏർപ്പെടുത്തിയും തറവില കഴിച്ചു ഇവരെ ഒഴിച്ചും വ്യവസ്ഥ ചെയ്യുന്നതായാൽ ഇവരുടെ സങ്കടത്തിനു അടിക്കടി ഉണ്ടാകുന്ന ആവലാധികളും നിവൃത്തി ഉണ്ടാകുമെന്നു വിചാരിക്കുന്നതിനാൽ അവിടെയും ആലോചിച്ച് വേണ്ടതിച്ചുണ്ടാകുവാറാകണം.

കണ്ടെഴുത്തു ദിവാൻ പേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പർ ൧൨൩

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ

തിരുവനന്തപുരം

൧൦൮൪-ാമാണ്ടു കുംഭമാസം ൨൭നു-
൧൯൦൯-ാംവർഷം മാർച്ചുമാസം ൧൦നു-

ഇവിടത്തെച്ചെയ്തി ആവിതു-

Sanctioning the continuance of the system of allowing fallow remissions on 408 puravus in Nanjanad and the discontinuance thereof on 11 other puravus.
Concession mostly withdrawn after the completion of Kodayar Project vide G. O. No. 11410 L. R. dated 22nd August 1909.

തോവാള, അഗസ്തീശ്വരം, ഈ രണ്ടു താലൂക്കുകളിൽ ചേർന്ന പുരവുകളിൽ കാലതരിശുകൂടാതെ ചില സ്ഥലങ്ങളിൽ ഉള്ള നിലങ്ങൾ തരിശുകിടക്കുന്ന കാലങ്ങളിൽ കണ്ടെഴുതി കരം കുറച്ചുകൊടുത്തുവരുന്ന പതിവുള്ളതിനെ സംബന്ധിച്ചു ഇതുവരെ നടന്നുവരുന്ന ക്രമം പലവിധമായും രീതികേടായും ഇരിക്കുന്നതിനാൽ അതിലേക്കു ശരിയായ വ്യവസ്ഥചെയ്യേണ്ടതിനു വേണ്ടപോലെ ആലോചിച്ചു ഗവർമ്മെണ്ടു അനുവാദത്തിനു എഴുതിഅയക്കണമെന്നു എഴുതിഅയച്ചിരുന്നതിലേക്കു മടപടിവന്നു നോക്കിയതിൽ എട്ടു പുരവുകളിൽ തരിശെഴുത്തിൻെറ അവകാശത്തെ നിറുത്തൽ ചെയ്യേണ്ടതായികണ്ടു ആയതു നിറുത്തൽ ചെയ്യും ശേഷത്തിനു വിവരമായി ലിസ്തു മുതലായ്തു അയപ്പാനും എഴുതി അയച്ചിരുന്നതിനു, അതിന്മണ്ണം സ്റ്റേറവെൻറവരുത്തി ആയതും സ്ഥലം ചെന്നുനോക്കിയ സമയം കുടികളോടു ചോദിച്ചു അവർ പറഞ്ഞവിവരത്തിനു റിക്കാർട്ടുചെയ്യിട്ടുള്ള ബുക്കും മൊഴി മുതലായതും അയച്ചിരിക്കുന്നതായും നാഞ്ചിനാട്ടു വന്നപകുതി ഉള്ളതിൽ ഈശാന്തിമംഗലം, ഭൂതപ്പാണ്ടി ഈ പകുതികളിൽ തരിശെഴുത്ത് അവകാശം ഉള്ള വസ്തുക്കളില്ലെന്നും, തിരുപ്പതിസാരം, താഴക്കുടി ഈ പകുതികളിൽ ഒരേ ഇനത്തിൽ ഏതാനത്തിനു തരിശെഴുത്തുള്ളതായും ശേഷത്തിനു ഇല്ലെന്നും ശേഷം ൨൨ പകുതികളിൽ ൨൪൨ കുളങ്ങളിൽ മുഴവനും നിലങ്ങൾക്കും ൪൨൨ പുരവുകളിൽ ഓരോ ഇനത്തിലുള്ള എല്ലാ വസ്തുക്കൾക്കും തരിശെഴുത്തു ഉള്ളതായി കാണുന്നതിനാൽ മുഴവൻ കുളപ്പുരവുകൾക്കുള്ള ലിസ്തിനു എ-ം, ഇനംപ്രകാരമിച്ചുള്ളതിനു ബി-ം, രീതിഅനുസരിച്ചും രീതികേടായുംകാണുന്നതാഴക്കുടി, തിരുപ്പതിസാരം ഈ പകുതികളിലേക്കു സീ യും അടയാളം ഇട്ടും ഇരിക്കുന്നപ്രകാരവും തരിശെഴുത്തു അവകാശത്തെ കുറക്കുന്നതിൽ കുടികൾക്കു സമ്മതമില്ലെന്നും എ-ം ബി-ം ലിസ്തുംപ്രകാരമുള്ള ൪൦൮ പുരവുകളിലും സി-ലിസ്തിൽ ൧ മുതൽ ൯ വരെ നമ്പർ പുരവുകളിലും തരിശെഴുത്തു ഏർപ്പെട്ടിട്ടുള്ളത് ഒരേ രീതിഅനുസരിച്ചു ആയിരിക്കുന്ന സ്ഥിതിക്കു ആ വക വസ്തുക്കൾക്കു മേലും തരിശെഴുത്തവകാശം കൊടുപ്പാനുള്ളതെന്നും സി-ലിസ്തിൽ പത്തു മുതൽ പതിനഞ്ചുവരെ രീതി ഭേദമായി കാണുന്ന പുരവുകളിൽ നാകകുളം, മരുതംകുളം, മേലടപ്പു, അകത്ത്യംകുളം, ഇടക്കടമ്പു ഈ പുരവുകളിൽ ഉള്ള നിലങ്ങൾക്കു തരിശെഴുത്തവകാശം നിറുത്തൽ ചെയ്യാമെന്നും ശേഷം ദരതാണ്ടാൽ കുളത്തിലേയും വീരനാരായണമംഗലത്തിലേയും നിലങ്ങൾക്കു തരിശെഴുത്തു അവകാശംമേലും കൊടുപ്പാനുള്ളതെന്നും മററും ൧൦൮൪/൧൦൯൫ ാമതു നമ്പരിൽ കുംഭമാസം ൩൦നു എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

സാധനത്തോടു വന്നിട്ടുള്ള റിക്കാർട്ടുകളെ പരിശോധിക്കയുംനാം സർക്ക്യൂട്ടായി നാഞ്ചിനാട്ടു ചെന്നിരുന്നസമയം പരാതിപ്പെട്ടുള്ളമാരെ കണക്കുകൾ സഹിതം ഹാജരാക്കി വിവരങ്ങളെ കേൾക്കയും സാവ് പ്ലാൻ മുതലായതു വരുത്തി നോക്കുകയും ചെയ്തു പേഷ്കാർ അയച്ചിട്ടുള്ള സിപ്പ്സ്റ്റു പ്രകാരം ഒള്ളരിൽ നാകകുളം, മരുതംകുളം, തേലപ്പു്, അകത്തുംകുളം, ഇടക്കടമ്പു ഈ പുരവുകൾ കൂടാതെ താഴക്കുടി പിടാകയിൽ ചേർന്ന പെരുമാപ്പുറ, മണ്ണാന്തറ, കീഴടപ്പു്, തെൻറവേൽപുരവു, ശ്രീകണ്ഠമാരിയം, ഭരതാണ്ടാകുളം, വീരനാരായണമംഗലം ഈ പുരവുകളിലും ലീസ്റ്റിൽ കൊള്ളാത്തതായ കൊട്ടവിള പുറവിലും ഒള്ള നിലങ്ങൾ ആററുപാശാനത്തിൽ ഒള്ളതും അതുകളിൽ തരിശെഴുതികൊടുക്കുന്ന നിലങ്ങൾ സ്വല്പമായും രീതിഭേദമായും ഇരിക്കുന്നതും മിക്കകാലങ്ങളിലും തരിശു കൂടാതെ കൃഷി ചെയ്തു വരുന്നതായി പകുതിപിള്ളമാർ ബോധിപ്പിച്ചിരിക്കുന്നതുംകൊണ്ടു ഈ പതിനൊന്നു പുരവുകൾക്കും തരിശെഴുത്തു അവകാശം കൊടുക്കേണ്ട ആവശ്യം ഇല്ലാഴികയാൽ അതു നിറുത്തൽ ചെയ്തിരിക്കുന്നു. ശേഷം പുരവുകളിലേക്കു ഇപ്പോൾ നടന്നുവരുന്നതുപോലെ മേലും തരിശെഴുത്തവകാശം കൊടുക്കാമെന്നുള്ളതാണ്. പെരുമാപ്പുറ, വീരനാരായണമംഗലം, ഭരതാണ്ടാൻകുളം ഈ പുരവുകളിൽ ഒള്ള നിലങ്ങൾക്കു തരിശെഴുത്തു അവകാശം കുറക്കേണ്ടതെന്നു ആ വകക്കു മുമ്പു എഴുതിയിട്ടുള്ള ലീസ്റ്റിൽ ഡിപ്പിപേഷ്കാർ വിവരമായി റിക്കാർട്ടു ചെയ്തിരിക്കെ അതിനെ ഒന്നും പേഷ്കാർ ഗൌനിച്ചിട്ടുള്ളതായി കാണുന്നില്ലാ. കോട്ടവിള എന്ന പുരവു ലീസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ലാ. മേൽറിക്കാർട്ടുകളെ നല്ലവണ്ണം പരിശോധിച്ചിരുന്നാൽ ഈ വിധം ആക്ഷേപത്തിനു ഇടവരുന്നതല്ലായിരുന്നു. മേൽവിവരിച്ച ൧൧ പുരവുകളിലേയും തരിശെഴുത്തു നിറുത്തൽ ചെയ്തിട്ടുള്ള വിവരം കാണിച്ചു ഡിവിഷനിലേക്കു എഴുതി അയച്ചിട്ടുംഉണ്ടു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കയും വേണം,

ഇച്ചെയ്തിക്കുസാധനം എഴുതിയ,

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൯൭.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ.
൧൦൭൧-ാമാണ്ടു കുംഭമാസം ൨൭നു-
൧൮൯൬-ാംവർഷം മാർച്ചു മാസം ൯നു-

ഇവിടത്തെച്ചെയ്തി ആവിതു,

തോവാള, അഗസ്തീശ്വരം, നെടുമങ്ങാട്ടു, കാർത്തികപ്പള്ളി, ഈ താലൂക്കുകളിൽ ബ്ലാക്കുറേറുകൾ അനുവദിച്ചതിൽ പിന്നെ ഏതെങ്കിലും കാരണവശാൽ ആ തരങ്ങളെ ആ ഡിപ്പാർട്ടുമെണ്ടിൽ നിന്നും ഭേദഗതി ചെയ്തിട്ടുണ്ടോ എന്നറിയേണ്ടതിലേക്കു വിവരമായി ലിസ്റ്റു അയയ്ക്കേണ്ടതിനെപ്പററി എഴുതി അയച്ചിരുന്നതിനു അതിമണ്ണും ലീസ്റ്റുവരുത്തി അയച്ചിരിക്കുന്നതായും കരക്കൂട്ടലിനെപ്പററി നെടുമങ്ങാട്ടുചേർന്ന ചില പകുതികളിൽ തെളിവുശിട്ടിന്മേൽ ഹർജികൾ വന്നിട്ടുണ്ടെന്നും അതിൽ ഏതാനും നമ്പരുകൾക്കു് കരം കുറച്ചു കൊടുക്കേണ്ടതായിട്ടു കാണപ്പെടുന്നു എന്നും അതുകൾക്കു എല്ലാം ഇവിടെ എഴുതിഅയച്ചു തീരുമാനപ്പെടുന്നതു കാലതാമസത്തിനു സംഗതി വരുമെന്നുള്ളതും തെളിവുശിട്ടിന്മേൽ വരുന്ന ആവലാധികൾ എല്ലാം ആ ഡിപ്പാർട്ടുമെണ്ടിൽ നിന്നും കേട്ടു തീരുമാനിച്ചു വരുന്നതായും അതിൽ തരം ഭേദഗതി ചെയ്യേണ്ടിവരുന്ന സംഗതികളും ഉൾപ്പെട്ടിട്ടുണ്ടെന്നും ഈ അധികാരം ആ ഡിപ്പാർട്ടുമെണ്ടിൽ ഇരിയ്ക്കുന്നതു കാര്യനടപ്പിനു അനുകൂലമാണെന്നു ഇവിടെനിന്നും അഭിപ്രായപ്പെട്ടിട്ടുള്ളതായിട്ടും കാണുന്നതും ആകയാൽ മേലെഴുതിയ ഹർജികൾക്കു ആ ഡിപ്പാർട്ടുമെണ്ടിൽ നിന്നും തന്നെ ക്രമപ്രകാരം തീർച്ചചെയ്യുന്നതിനു നിദാനം വരേണ്ടതിനെപ്പററിയും ൩൦൯൧-ാംനമ്പരിൽ മകരമാസം ൨൯-ാംനു- എഴുതിയ സാധനം വന്നിട്ടുള്ളതിനു

That the sanction of Government should be previously obtained for reducing the assessment rate fixed on any property after the block statements are sanctioned. But that an enhancement may be made at the discretion of the Dewan Peishkar

ഗവർമ്മേണ്ടിൽനിന്നും അനുവദിയ്ക്കപ്പെട്ട റേറുകളിൽ ഏതെങ്കിലും ഭേദഗതി ചെയ്യുന്നതിനു വീണ്ടും ഗവർമ്മേണ്ടു അനുവാദം ചോദിക്കേണ്ടതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നതി

നാൽ അപ്രകാരം നടത്തിക്കൊള്ളണം. ടി നിബന്ധന റേററിൽ കൂടുതൽ ചെയ്യുന്നവൈകയ്ക്കു ഉപയോഗപ്പെടുത്തണമെന്നില്ലാ. അങ്ങനെയുള്ള സംഗതികളിൽ അനുസംബന്ധപ്പെട്ട കടികൾ ആവലാധിപ്പെടുന്നതായാൽ ഗവർമ്മേണ്ടിൽനിന്നും പ്രവേശിക്കുന്നതാണ.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വിസ്തരിയ്ക്കുകയുംവേണം.

ഇച്ചെയ്തിയ്ക്കു സാധനം എഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൯൨൦.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ട്മെൻറ

൧൦൭൧-ാമാണ്ടു കുംഭമാസം ൨൭ നു-

൧൮൯൬-ാം വർഷം മാർച്ചുമാസം ൯-നു-

ഇവിടത്തെച്ചെയ്തി ആവിതു.

That such of the tax-free Velarkani lands in the Nedumangad taluk as are in the hands of persons other than members of the original grantee's family should be converted into Pattom and that those in the enjoyment of the original grantees and their descendants should be left intact at the settlement.

നെടുമങ്ങാട്ടുതാലൂക്കിൽ വേലർകാണി പതിഞ്ഞിട്ടുള്ള നിലങ്ങൾ വിലയാക്കി നടന്നുവരുന്നതനുസരിച്ചു പതിച്ചു പട്ടയം കൊടുക്കേണ്ടതിനെപ്പററി ചില കക്ഷികൾ അപേക്ഷിച്ചിരിക്കുന്ന സംഗതിയെക്കുറിച്ചും ൩-ാം അസിസ്റ്റണ്ടിൻെറ റിപ്പോർട്ടു വന്നിരിക്കുന്ന സംഗതി ഇടപെട്ടു എഴുതിവന്നു എഴുതിഅയച്ചിരുന്നതിനു ഇതിലേയ്ക്കു കാണിക്കാററിൽ ഏതാനും ആളുകളെ വരുത്തി ചോദിക്കയും സാധനത്തിലെ താല്പര്യപ്രകാരം സ്റ്റേററമെൻറ തയ്യാറാക്കിച്ചും വിളങ്ങിപ്പേരിനെ വരുത്തിനോക്കുകയും ചെയ്തിട്ടുണ്ടെന്നും വിളങ്ങിപ്പേരിനാൽ കാണിവസ്തുക്കൾ ഇന്നവകയ്ക്കു പതിച്ചു കൊടുത്തിട്ടുള്ളതെന്നു വിവരപ്പെടുന്നില്ലാത്തതും മെഴുക, കുന്തിരിക്കം മുതലായ മലംചരക്കുകൾ ശേഖരിച്ചു ഏല്പിക്കുന്നതിനായി കരം ഒഴിവായി വസ്തുക്കൾ പതിച്ചു കൊടുത്തിട്ടുള്ളതാണെന്നു കാണിക്കാറരിടെ മൊഴിയിൽ പറഞ്ഞുകാണുന്നതും ആകുന്നുഎന്നും ആവക ജോലികൾ ഇപ്പോൾ ഇവർ നടത്തിവരുന്നില്ലെന്നും മലംചരക്കുകൾ പ്രത്യേക ഏല്പാട്ടിന്മേൽ എടുത്തുവരുന്നു എന്നും അറിയുന്നുണ്ടെന്നും അങ്ങിനെയായിരുന്നാൽ ൧൦൬൧-ാമാണ്ടു മകരമാസം ൧൮-നു-ലെ തിരുവെഴുത്തുവിളംബരം ൨൪-ാമതു വകുപ്പു ൧-ാം ഖണ്ഡപ്രകാരം ടി വസ്തുക്കൾ സക്കാരിൽ ചേർത്തു പാട്ടം കെട്ടത്തക്കതായിരിക്കുന്നു എന്നും എന്നാൽ കാണിക്കാറരു ഇപ്പോൾ ദേഹണ്ഡിച്ചിട്ടുള്ള പുതുവൽവസ്തുക്കൾകൂടി കരം ഒഴിവായി കൊടുക്കണമെന്നും അവർ സംകടം പറഞ്ഞുവരുന്ന ക്രമത്തിനും ഇവർ പാവപ്പെട്ടവരും വിവരമില്ലാത്തവരും എന്നു കാണുന്ന സ്ഥിതിയ്ക്കും അന്യാധീനപ്പെടുത്തിയിട്ടില്ലാത്ത വസ്തുക്കളെ മുൻകണ്ടെഴുത്തിൽ പതിച്ചുകൊടുത്തിട്ടുള്ളതുപൊലെ ഇപ്പോഴും കരം ഒഴിവായി കൊടുക്കയും അന്യജാതിക്കാൎക്കു കൊടുത്തിട്ടുള്ള വസ്തുക്കൾ വിളംബരത്തിലെ താല്പര്യം അനുസരിച്ചു പാട്ടം കെട്ടിപതിക്കയും ചെയ്‌വാനുള്ളതെന്നു വിചാരിക്കുന്നതിനാൽ ആലോചിച്ചു ഉത്തരവുണ്ടാകണമെന്നും സ്റ്റേററമെൻറ മുതലായതും അയച്ചും ൭൧൯൧/൧൯൬൧ ാമതു നമ്പരിൽ കുംഭമാസം ൨൦-നു- എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയുംചെയ്തു.

പേഷ്കാർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ പേരിൽ പതിവുകുഡുംബക്കാററു നടന്നുവരുന്ന ടി ഇനം വസ്തുക്കളെ മുൻഇനമായും കരം ഒഴിവായിട്ടും ആയതു ആളുകളിടെ പേരിലും അന്യജാതിക്കാൎക്കു ഇവരിടെ അവകാശം ഒഴിഞ്ഞുകൊടുത്തിട്ടുള്ള വസ്തുക്കളെ വിളംബരത്തിലെ താല്പര്യപ്രകാരം പാട്ടംകെട്ടിയും പതിച്ചുകൊടുത്തു നടത്തിച്ചുകൊള്ളണം.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വിസ്തരിയ്ക്കുകയുംവേണം.

ഇച്ചെയ്തിയ്ക്കു സാധനംഎഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൩൭൭൯

ജമാബന്തിരായസം

൧൦൭൧-ാമാണ്ട കുംഭമാസം ൨൮-നു
൧൮൯൬-ാ വർഷം മാർച്ച് മാസം ൧൦-നു

ക്യാമ്പ് നെയ്യാററിങ്കര

ഇവിടത്തെച്ചെയ്തിത്തുറിതു.

The applications for the registry of purambokes may be dealt with without awaiting the decision of the revenue department regarding their unauthorised occupation and that a order need be stayed only in cases where the revenue department considers registry inadvisable in the public interests.

വിളവംകോട്ടു താലൂക്കിൽ ചേൎന്നസ്ഥലങ്ങളിൽ കണ്ടെഴുത്തു ഡിപ്പാട്ടുമെൻറിൽ നിന്നും പുതുവൽപതിപ്പാൻ അനെകം അപെക്ഷകൾ വന്നിട്ടുള്ളതായും അതുകൾ ഒന്നും നടപടി നടത്താതെ സംശയത്തിന്മേൽ വെച്ചിരിക്കുന്നു എന്നും ആ സ്ഥലത്തു സൂപ്പർവൈസർ മുഖാന്തിരം വിവരം കിട്ടീട്ടുണ്ടു. ൧൦൬൭-ാമാണ്ടത്തെ ൨-ാം റിഗുലേഷൻ സംബന്ധിച്ചു പുതുവൽകാൎയ്യത്തിനു എഴുത്തുകുത്തുനടന്നു ഒടുവിൽ ആഡിപ്പാട്ടുമെണ്ടിലെക്കു ൨൩൨൭-ാമതു നമ്പരിൽ ൟയ്യാണ്ടു ധനുമാസം ൨൩-നു എഴുതിഅയച്ചിട്ടുള്ളതിൽ ചിലഭാഗം വ്യക്തമാകാതെ സംശയത്തിനിടവന്നിട്ടുള്ളപ്രകാരം കാണുന്നു. റിഗുലേഷൻ നടപ്പായതിൽപിന്നെ ആളുംപ്രകാരമുള്ള സ്ഥലങ്ങളിൽ അനുവാദം കൂടാതെ പ്രവേശിക്കപ്പെട്ടിട്ടുള്ള ഭൂമികളുടെ വകയ്ക്കു ചട്ടം ലംഘിച്ചതായ കാൎയ്യം ഡിവിഷൻപേഷ്കാരന്മാർ ശൌനിക്കത്തക്കതായിരിക്കുന്നതിനാൽ അങ്ങനെയുള്ള കെസുകൾ ഉടനുടൻ ആ പേഷ്കാരെ തെയ്യപ്പെടുത്തി അവിടത്തെ തീൎച്ചവിവരം അറിഞ്ഞു മേൽ നടപടി നടത്തിക്കാൻ എളുപ്പമുള്ളതായി വിചാരിച്ചു മുമ്പുഎഴുതി അയച്ചിട്ടുള്ളതാകുന്നു. എന്നാൽ അനവധി പുതുവൽ അപേക്ഷകൾ വരുന്നതുകൾക്കു ഡിവിഷനിലെ നടപടികൾ മെൽ സെററിൽമെൻറിനു ഒതുക്കം വരുത്തുകഎന്നുവച്ചാൽ കാലതാമസത്തിനും എഴുത്തുകുത്തുവൎദ്ധനക്കും ഇടയുള്ളതായി കാണുന്നു. അതിനാൽ പുതുവൽ അപെക്ഷകൾ വരുന്നതു പൊലെ കണ്ടെഴുത്തിൽ നിന്നും തിട്ടപ്പെടുത്തി പതിക്കുന്നതിൽ വിരോധമില്ലെന്നു വിചാരിക്കുന്നു. ആവകയിൽ റിഗുലെഷനു വിരൊധമായി പ്രവേശിക്കപ്പെട്ടതായിട്ടു കാണപ്പെടുന്ന ഭൂമികളുടെ വകകൾ പ്രത്യേകം ലീസ്റ്റു തയ്യാറാക്കി നിയമത്തെ ലംഘിച്ചസംഗതി തീൎച്ച ചെയ്യാനായി ഡിവിഷൻപേഷ്കാൎക്കു അയച്ചാൽ മതിയാകുന്നതാണ്. അവിടെ നിന്നും അനുഭവക്കാരരെ വരുത്തി നിയമപ്രകാരം തീരുമാനിച്ചു ലിസ്റ്റിൽ തന്നെ വിവരം പതിച്ചു മടങ്ങിഅയപ്പാൻ പെഷ്കാരന്മാൎക്കു എഴുതിഅയക്കുന്നുണ്ടു. മേൽപ്രകാരമുള്ള വ്യവസ്ഥകൊണ്ടു റിഗുലെഷനു വിരോധം ഇല്ലാതെയും കാൎയ്യനടപ്പിനു തടസ്ഥംകൂടാതെയും ഇരിക്കുമെന്നുള്ളതാകുന്നു. ലിസ്റ്റു തയ്യാറാക്കുന്നതിൽ കഴിയുന്നതും ഭൂമിയിൽ പ്രവേശിച്ചകാലം നിൎണ്ണയപ്പെടുത്തി എഴുതേണ്ടതാണ്. മേൽ പറഞ്ഞക്രമത്തിനു വിളവംകോട്ടും മററുസ്ഥലങ്ങളിലും പുതുവൽ അപേക്ഷകളെ ഒതുക്കാൻ ചട്ടംകെട്ടണം. നൂതനഅപേക്ഷകൾ ഉണ്ടാകുന്നതിലേക്കും നിയമപ്രകാരംപതിക്കുന്നതിനുള്ള നടപടിനടത്താമെന്നുള്ളതാകുന്നു. കണ്ടെഴുത്തുകാൎക്കുതന്നെ ഏതെങ്കിലും സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നകാൎയ്യത്തിൽ സംശയം തോന്നുന്നപക്ഷം അതിനു നടപടിനടത്താതെ പ്രത്യേകം വിവരംകണ്ടു ഡിവിഷനിൽ എഴുതി അയപ്പാനുള്ളതാകുന്നു.

ഡിവിഷൻപേഷ്കാർ ലീസ്റ്റു ചെല്ലുന്നതനുസരിച്ചു ചട്ടം ലംഘനസംഗതി ശൌനിച്ചു തീൎച്ചചെയ്യുമ്പോൾ ഏതെങ്കിലുംഭൂമികൾ മതിയായ കാരണവശാൽ പതിച്ചുകൊടുക്കത്തക്കതല്ലെന്നു വിചാരിക്കുന്നതായാൽ അതിലേക്കു ഡിവിഷനിൽനിന്നു എഴുതിവരുന്നതുപോലെ നടപടി നിറുത്തിവെയ്പാനുള്ളതാകുന്നു. അതിൻ പേരിൽ സംശയമുള്ളതിനു ഹജൂരിൽ എഴുതിഅയച്ചു തീൎച്ചവരുത്തി കൊള്ളണം.

പുതുവൽ അപെക്ഷക്കാരനൊടു അടപക്ഷമൊഴി വാങ്ങുന്നതിൽ അനുവാദം കൂടാതെ പ്രവെശിച്ചസ്ഥിതിയും മെൽപതിപ്പാൻ ആക്ഷെപംകളുള്ളതായിവന്നാൽ സ്ഥലം ഉപെക്ഷിക്കുന്നതാണെന്നുള്ളവചനവും കാണിക്കെണ്ടതാകുന്നു.

ഇച്ചെയ്തി എല്ലാം മാരാമവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപെഷ്കാരെ കേൾപ്പിച്ചുവയ്ക്കുയും വെണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ

ദിവാൻ ശങ്കരസുബ്ബയ്യൻ.

ഹജൂർ കച്ചെരിയിൽ ഡിപ്പാൎട്ടുമെന്റ.

൧൦൭൧-ാമാണ്ട മീനമാസം ൧൩-
൧൮൯൬-ാം വൎഷം മാൎച്ചമാസം ൨൫-

തിരുവനന്തപുരം

ഇവിടത്തെച്ചെയ്തിരുവിളംബരം.

That no concessions can be granted to Kanikars in the matter of registry of puduvals as they are liable to serious abuse in the hands of scheming persons.

നെടുമങ്ങാട്ടു ആയ്മനാട്ടു അധികാരത്തിൽ പൊൻമുടിയിൽ മീനാംകാണിയിൽ കാണിക്കാരു ദേഹണ്ണിച്ചിട്ടുള്ള സ്ഥലം കാണിയിൽ ഉൾപ്പെട്ടതല്ലെന്നു പറഞ്ഞു പുതുവൽപതിക്കയും തറവിലകൾ തെരുക്കം ചെയ്കയും ചെയ്യുന്നതു സങ്കടമെന്നും മററം മേലെഴുതിയ കാണിക്കാർ ആയ നാരായണൻ മല്ലൻമുതൽപെരിടെ ഹജൂരിൽ ബോധിപ്പിച്ചിരിക്കുന്ന വിവരം തിരുമനസ്സറിയിച്ചതിന്റെശേഷം ഇതിനുമുമ്പിലും ഇവരുടെ ആവലാധികൾ ഉണ്ടായി എഴുതിഅയച്ചിട്ടുള്ളതിലെക്കു തീൎച്ചവരാഴികനിമിത്തം ഹജിക്കാറൻ കൂടക്കൂടെ സവാരിഎഴുന്നള്ളുമ്പൊഴും മററം സങ്കടം അറിവിച്ചുവരുന്നതിനാൽ ഈ സംഗതി വിചാരിച്ചു ആവലാധിക്കിടവരാതെ തെവിധം തീൎച്ചചെയ്തുകൊടുക്കുന്നതിനു കല്പനയായിരിക്കുന്നതായും ഹജൂർ അയച്ചും കൊട്ടാരം സവാധികാൎയ്യക്കാറരിടെ സാധനംവന്നു എഴുതി അയച്ചിരുന്നതിനു ആവലാധിയിൽ പറയുന്നസ്ഥല കാണിയിൽഉൾപ്പെട്ടതല്ലെന്നും ഹജിക്കാറൻ ദേഹണ്ണംചെയ്തു നടന്നുവരുന്നതു പുതുവൽഭൂമികളാണെന്നും ഹജിക്കാറരിടേയോ അവരിടെ പൂൎവികന്മാരിടേയോ പേരിൽ കാണിജന്മത്തിൽ കരംഒഴിവായും അല്ലാതേയും വസ്തുക്കളും മലംപ്രദേശങ്ങളും പതിഞ്ഞിട്ടില്ലെന്നും കണ്ടു അതിലെക്കു ഹജിക്കാറരെ വിവരം ബോധപ്പെടുത്തി മൊഴി വാങ്ങിച്ചിട്ടുള്ള വിവരം കാണിച്ചും എഴുതിവന്നു കൂടതലായി ചില വിവരങ്ങൾകൂടി അറിയേണ്ടതിനെപ്പററി എഴുതിഅയച്ചിരുന്നതിനു വിവരം തിട്ടംവരുത്തി എഴുതിച്ചിട്ടുള്ള ലിസ്റ്റോടുകൂടി മുൻപു റിപ്പോൎട്ടു അയച്ചിട്ടുണ്ടെന്നും നെല്ലും പണവും കരമായി ഏൎപ്പെടുത്തിയാൽ തീൎത്തുനടപ്പാൻ പ്രയാസമെന്നു കാണിക്കാറരു സങ്കടം പറയുന്നതു അവരുടെസ്ഥിതിക്കു ശരിയായിരിക്കാമെന്നു വരികിലും ആ ഭൂമിയിലുണ്ടാകുന്ന ഫലമൂലാദികളെ സൎക്കാരമായി കൊള്ളിച്ചു തീൎപ്പിക്കണമെന്നു അപേക്ഷിച്ചിരിക്കുന്ന ഭാഗം ഒരു അസാധാരണ സംഗതിയും അതു കണക്കുകുഴച്ചിലിനും നിരപ്പുകേടിനും ഇടയുള്ള ഏൎപ്പാടായും ഇരിക്കുന്നതുകൊണ്ടു ഈ അപേക്ഷയെ സ്വീകരിക്കത്തക്കതായി തോന്നുന്നില്ലെന്നും സാധുക്കളും അറിവില്ലാത്തവരും ആയിരിക്കുന്ന ഈ കാണിക്കാറരിടെ അനുഭവത്തിൽ ഉള്ള പുതുവൽ വസ്തുക്കൾക്കു ഇവരിടേയും കാട്ടുഭൂമിയിടെയും സ്ഥിതിക്കുതക്കവണ്ണം ഒരുതരം ഏൎപ്പെടുത്തിയും തറവില കടിഞ്ഞിക ഇറക്കുകളെ ഒഴിച്ചും വ്യവസ്ഥ ചെയ്യുന്നതായാൽ ഇവരുടെ സങ്കടത്തിനും അടിക്കടി ഉണ്ടാകുന്ന ആവലാധിക്കും നിവൃത്തിഉണ്ടാകുമെന്നു വിചാരിക്കുന്നതിനാൽ ഇതിലെക്കു വെണ്ടതിച്ചുഉണ്ടാകണമെന്നും ൭൧൩൧/൨൧൨-ാമതു നമ്പരിൽ കുംഭമാസം ൨൦നു- എഴുതിയറിപ്പൊൎട്ടു എത്തിവസ്തുത മനസ്സിലാകയുംചെയ്തു.

പുതുവൽഭൂമികളെ സാധാരണമായി മററുള്ളവൎക്കു എങ്ങനെപതിച്ചുകൊടുക്കുമൊ ആക്രമം ഇവരുടെവകക്കും ഉപയൊഗപ്പെടുത്തെണ്ടതാണു. അല്ലാഞ്ഞാൽ ഇവൎമുഖാന്തിരം മററൊരുത്തർപുതുവൽ ഭൂമികളെ കൈവശപ്പെടുത്തുന്നതിനു ഉത്സാഹിക്കുമെന്നുള്ളതും അതിൽവച്ചു അഴിമതിക്കുംസൎക്കാരിലെക്കു ന്യായമായിവരെണ്ട മുതൽനഷ്ടത്തിനും ഇടവരുന്നതും ആകയാൽമെൽ വിവരിച്ച താല്പൎയ്യപ്രകാരം നടത്തിക്കയും ഒരു വകയിൽ തറവില ഈടാവാനുണ്ടായിരുന്നാൽ ആയതു ഉടനെ ഈടാക്കിക്കയും ചെയ്യെണ്ടതാകുന്നു.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കച്ചെരിയിൽ ദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കയും വേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ,

ദിവാൻ ശങ്കരസുബ്ബയ്യൻ.

നമ്പർ ൭൩൩൨/൩൩൧.

൧൦൭൧-ാമാണ്ട മേടമാസം ൩൩-
൧൮൯൬-ാംവർഷം ഏപ്രിൽമാസം ൧൬-
തിരുവനന്തപുരം

ഇവിടത്തെച്ചെയ്തി ആവ

Re passing orders as to whether jenmom lands conised on Att pere &c before the last Settlement and described at that Settlement as Pandaravaga Attpere & assessed with Rajabhogam should not now be charged with one-fourth pattom as per Huzur Jamabandy sadharom No. 1462 dated 7th Vrichigom 1071 and converted into Kudi Jenmom when alienated for money consideration.

ഊഴിമാറുവക ജന്മാവകാശം ഒഴിഞ്ഞു അട്ടിപ്പേറായി കൊടുത്തിട്ടുള്ള വസ്തുക്കളെ ൯൭൭-ൽ ൽന്ന-൧൦൧൧ ഈ കണ്ടെഴുത്തു കാലത്തു പണ്ടാരവക അട്ടിപ്പേറായി മുപ്പറവും എട്ടിലൊന്നും കരത്തിനു പതിച്ചുകൊടുത്തു നടന്നുവരുന്നതായി കാണുന്നുണ്ടെന്നും ഈ ഇനം വസ്തുക്കളെ ഹജൂർ ഉത്തരവിലെ താല്പര്യപ്രകാരം കുടിജന്മത്തിൽ ചേർത്തു നാലിലൊന്നു കരത്തിനൊ മുൻകണ്ടെഴുത്തിൽ വിളങ്ങിയിരിക്കുന്നതനുസരിച്ച് എട്ടിലൊന്നു കരത്തിനൊ പതിക്കേണ്ടതെന്നു സംശയിക്കുന്നതായിട്ടും അസിസ്റ്റാൻറിന്റെ റിപ്പോർട്ട് വന്നിരിക്കുന്നു.

ദേവസ്വം ബ്രഹ്മസ്വം വക തനതു കരം പതിഞ്ഞതാകട്ടെ കരംപതിയാത്തതാകട്ടെ ഏതു വിധമായ വസ്തുവായാലും അട്ടിപ്പേറ മുതലായി അവകാശമടക്കി എഴുതികൊടുക്കുന്നതൊക്കയും കല്പനപ്രകാരം ഉണ്ടായിട്ടുള്ള വ്യവസ്ഥയനുസരിച്ച് കുടിജന്മത്തിൽ ചേർത്തു നാലിലൊന്നു കരത്തിനു പതിക്കേണ്ടതാണെന്നു ജമാബന്തിരായസംവക ൧൪൬൨-ാമതു നമ്പരിൽ ൧൦൭൧ വൃശ്ചികം ൭-ാം- എഴുതിയ സാധനം വന്നിട്ടുണ്ട്.

ചേപ്പാട് പ്രവൃത്തിയിൽ കയ്യള്ളിൽ ബ്രഹ്മസ്വം വക തനതു വസ്തുക്കൾ വിലയായിട്ടും മററും എഴുതികൊടുത്തതിനെ പണ്ടാരവക അട്ടിപ്പേറായി വിളങ്ങി പതിച്ചിരിക്കുന്ന പ്രകാരം വിളങ്ങിപ്പേരിൽ കാണുന്നു. അങ്ങിനെ പതിഞ്ഞിരുന്നാലും കല്പനപ്രകാരം ഉണ്ടായ വ്യവസ്ഥയനുസരിച്ച് സെററിൽമെൻറിൽ കുടിജന്മത്തിൽ ചേർത്തു നാലിലൊന്നുകരത്തിനു പതിക്കേണ്ടതല്ലയൊ എന്നു വിചാരിക്കുന്നതിനാൽ വേണ്ട ഉത്തരവുണ്ടാകുവാൻ വേണ്ടി അസിസ്റ്റാണ്ടിന്റെ റിപ്പോർട്ടും രജിസ്ട്രേഷൻ കെസും വിളങ്ങിപ്പേരുകൾക്ക പകപ്പും ഇതോടയച്ചു വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ,

കണ്ടെഴുത്തു ദിവാൻപേഷ്കാർ,

വി. നാഗമയ്യാ,

---

നമ്പർ ൧൮൭൧.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ട്മെൻറ

൧൦൭൧-ാമാണ്ട മേടമാസം ൩൩-
൧൮൯൬-ാം വർഷം ഏപ്രിൽമാസം ൧൬-

തിരുവനന്തപുരം.

ഇവിടത്തെച്ചെയ്തിആവിതു.

നെടുമങ്ങാട്ടു റെയിഞ്ചിൽചേർന്ന പകുതികളിൽ റീസർവ്വിൽ കൊള്ളാതേയും വിളംബരപ്രകാരം കറവുചെയ്യേണ്ടതായും ഉള്ള പിററാക കരങ്ങളെ സംബന്ധിച്ച് സൂപ്പർവൈസർ മുഖാ

Sanctioning the abolition of Chandrachilavu and 18 other extra cesses* falling upon individuals and professions in the Nedumangad Taluk.

*List appended.

ന്തിരം തയ്യാറാക്കിച്ചു വരുത്തിയിട്ടുള്ള ലിസ്റ്റു അയച്ചിരിക്കുന്നതായും വസ്തുവിന്മേൽ കൊള്ളാതെ ആളിന്മേലും തൊഴിലിൻപേരിലും കൊണ്ടിട്ടുള്ള പിറവക കരങ്ങൾ കുറവുചെയ്യേണ്ടതെന്നു കണ്ടെഴുത്തുവകയ്ക്കു ൧൦൩൧-ാമാണ്ടു കുംഭമാസം ൧൮ ൹- ഒണ്ടായിട്ടുള്ള തിരുവെഴുത്തു വിളംബരത്തിന്റെ ൨൩-ാമതു വകുപ്പിൽ കല്പിച്ചിട്ടുള്ളതാകകൊണ്ടു അതിന്മണ്ണം കുറക്കെണ്ടതിലെക്കു അനുവാദമുണ്ടാകണമെന്നു പെഷ്കാരിടെ സാധനംവന്നൊരൊ പിറവകയും കൊണ്ടിട്ടുള്ള പെരു വിവരം തിരിച്ചും അതതുപെരിലെ വിളക്കവിവരം കാണിച്ചും ഒരുസ്റ്റെറ്റമെന്റ വരുത്തി അയപ്പാൻ എഴുതിഅയച്ചിരുന്നതിനു തിട്ടംവരുത്തിച്ചു വന്നിട്ടുള്ള ലിസ്റ്റു മുതലായ്തു അയച്ചിരിക്കുന്നതായി ൭൨൩൭/൨൨൧-ാമതു നമ്പരിൽ കുംഭമാസം ൨൨ ൹- എഴുതിയ സാധനം എത്തിവസ്തുത മനസ്സിലാകയും ചെയ്തു.

വന്നിട്ടുള്ള റിക്കാട്ടുകളെ പരിശോധിച്ചു, നെടുമങ്ങാട്ടു താലൂക്കിൽ ഒള്ള പ്ര അധികാരങ്ങളിലായി വസ്തുക്കളിൽ സ്ഥാപിക്കാതെ ആളിൻ പേരിലും തൊഴിലും പെരിലും ചന്ദ്രച്ചിലവു മുതലായി൧൯ ഇനങ്ങളിലായിട്ടു ൧൭൩൩ പറ ൭ അരയ്ക്കാൽ ഇടങ്ങഴി നെല്ലും ൧൧൦ അര പണവും ഒള്ളതായി കാണുന്നു. ഇതിൽ ൧൦൯൭ പറ നെല്ലു ചന്ദ്രചിലവുഎന്നൊരുഇനത്തിൽ ഉൾപ്പെട്ടതായിരിക്കുന്നു, തിരുവനന്തപുരം താലൂക്കിലുള്ള ചന്ദ്രചിലവു എന്നഇനം മുഴവൻ കുറച്ചിട്ടുള്ളതായിട്ടും റിക്കാട്ടുകളാൽവിവരപ്പെടുന്നുണ്ടു, ഈ സ്ഥിതിക്കും ശെഷംഇനങ്ങൾ ആളിൻപേരിലും തൊഴിലുംപേരിലും കൊണ്ടിട്ടുള്ളതെന്നുള്ളതിൽ സംശയമില്ലാത്ത ക്രമത്തിനും ഒരുഇനങ്ങളെ മേലും വച്ചുകൊള്ളത്തക്കതായിരിക്കുന്നില്ലാ. അതിനാൽ കണ്ടെഴുത്തു വകക്കുണ്ടായിട്ടുള്ള തിരുവെഴുത്തു വിളംബരം ൨൩ാം വകുപ്പിലെ താല്പൎയ്യംഅനുസരിച്ചു മേൽവിവരിച്ച ഇനങ്ങളിലുള്ള പിറവകകരങ്ങളെകുറവുചെയ്യുന്നതു യുക്തമായിരിക്കുമെന്നുകണ്ടു അപ്രകാരംചെയ്യുന്നതിനു അനുവദിച്ചിരിയ്ക്കുന്നു.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചുകണ്ടെഴുത്തു ദിവാൻപേഷ്കാരെ കെൾപ്പിച്ചുവസ്തുയുംവേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ

ദിവാൻ ശങ്കരസുബ്ബയ്യൻ.

സെററിൽമെൻറ സെൻട്രൊപ്പീസിൽ നിന്നും [illegible]ാം നമ്പരിൽ ൧൦൭൮ കുംഭം ൨൨-ാം-

ഹാജരാക്കി അയച്ച സാധനത്തൊടു കൂടിയുള്ള ലീസ്റ്റ.

| നമ്പർ | പടിവകയുടെ വിവരം | നെല്ലു | | പണവക | | | റിമാർക്ക |
|---|---|---|---|---|---|---|---|
| | | പറ | ഇട | പ | ച | കാ | |
| 1 | ചന്തിരചിലവു | 1037 | .. | 6 | ... | ... | |
| 2 | ഉഷപന്തിരഞ്ഞാഴി | 90 | ... | ... | ... | .. | |
| 3 | പതിമൂന്നാഴി | 8 | 9 | .. | ... | ... | |
| 4 | ഒൻപതിന്നാഴി | 9 | 3 | ... | ... | ... | |
| 5 | അൽപാറകെട്ടു | 10 | ... | .. | ... | ... | |
| 6 | നാട്ടുകാഴ്ച | 4 | 8 | ... | ... | ... | |
| 7 | കടിഅരിവകയിൽ | 60 | $3\frac{1}{2}$ | ... | . | ... | |
| 8 | പച്ചനെല്ലും പച്ചരിയും വകയിൽ | 36 | 5 | ... | ... | . | |
| 9 | അരിജീവിതം | 311 | ... | 12 | ... | ... | |
| 10 | കാട്ടഭോഗം | ... | ... | 1 | ... | .. | |
| 11 | മേൽനോട്ടവകയിൽ | 18 | $7\frac{1}{2}$ | 6 | .. | ... | |
| 12 | അത്താഴദാനം | 29 | 5 | 12 | ... | ... | |
| 13 | മേൽകുലിശ | ... | ... | 10 | 2 | ... | |
| 14 | കല്പനകെട്ടു | ... | ... | 5 | .. | ... | |
| 15 | പന്തവാരം വകയിൽ | ... | ... | 8 | ... | ... | |
| 16 | മനുഷ്യജീവിതം | 72 | ... | 12 | ... | . | |
| 17 | കുടിക്കടം വകയിൽ | 45 | 6 | ... | ... | .. | |
| 18 | നെയ്യി വകയിൽ | ... | .. | 2 | ... | .. | |
| 19 | വീരണകാവു ദേവസ്വം ശാന്തിക്കും | ... | ... | 36 | .. | ... | |
| | ആകെ | 1,728 | $7\frac{1}{8}$ | 110 | 2 | .. | |

നമ്പർ ൩൨൧൭.

ജമാബന്തിരായസം

ക്യാമ്പു വർക്കല

൧൦൭൧ാമാണ്ടു മേടമാസം ൩൧നു-
൧൮൯൬ാം വർഷം മെ മാസം ൧൨നു-

ഇവിടത്തെച്ചെയ്തി ആവിത്.

ജന്മിമാരുവക ജന്മാവകാശം ഒഴിഞ്ഞു അട്ടിപ്പേറായി കൊടുത്തിട്ടുള്ള വസ്തുക്കളെ ൯൭-ന്റെ ൧൦൧൨ാം കണ്ടെഴുത്തു കാലത്തു പണ്ടാരവക അട്ടിപ്പേറായി മുപ്പറയും എട്ടിലൊന്നും കരത്തിനു പതിച്ചുകൊടുത്തുനടന്നുവരുന്നതായികാണുന്നുണ്ടെന്നും ഠംഇനംവസ്തുക്കളെ ഹജൂർ ഉത്തരവിലെ താല്പര്യപ്രകാരം കുടിജന്മത്തിൽചെർത്തു നാലിലൊന്നുകരത്തിനൊ മുൻകണ്ടെഴുത്തിൽ വിളങ്ങിയിരിക്കുന്നതനുസരിച്ചു എട്ടിലൊന്നുകരത്തിനൊ പതിക്കേണ്ടതെന്നു സംശയിക്കുന്നതായിട്ടും അസിസ്റ്റൻറിന്റെ റിപ്പോർട്ടു വന്നിരിക്കുന്നതായും ദേവസ്വം ബ്രഹ്മസ്വംവക തനതുകരംപതിഞ്ഞതാകട്ടെ ഏതുവിധമായവസ്തുവായാലും അട്ടിപ്പേറ മുതലായി അവകാശംഅടക്കി എഴുതിക്കൊടുക്കുന്നതൊക്കയും കല്പനപ്രകാരമുണ്ടായിട്ടുള്ള വ്യവസ്ഥ അനുസരിച്ചു കുടിജന്മഇനത്തിൽ ചേർത്തു പതിക്കേണ്ടതാണെന്നു ഉത്തരവുണ്ടായിട്ടുണ്ടെന്നും ചെല്പാട്ടുപ്രവൃത്തിയിൽ കൈപ്പള്ളി ബ്രഹ്മസ്വംവക തനതു വസ്തുക്കൾ വിലയായിട്ടുംമററുംഎഴുതികൊടുത്തതിനെ പണ്ടാരവക അട്ടിപ്പേറായി വിളങ്ങി പതിച്ചിരിക്കുന്ന പ്രകാരം വിളങ്ങിപ്പേരിൽകാണുന്നു എന്നും അങ്ങിനെ പതിഞ്ഞിരുന്നാലും കല്പനപ്രകാരമുണ്ടായിരിക്കുന്ന വ്യവസ്ഥ അനുസരിച്ചു ഠംസെററിൽമെൻറിൽ കുടിജന്മത്തിൽ ചെർത്തു നാലിലൊന്നു കരത്തിനു പതിക്കെണ്ടതല്ലയൊ എന്നു വിചാരിക്കുന്നതിനാൽ വെണ്ട ഉത്തരവുണ്ടാകണമെന്നും അസിസ്റ്റൻറിന്റെ റിപ്പോർട്ടു മുതലായതുസഹിതം ൧൫ ഇടവം ൩൧നു ൫൮൬ാമതു നമ്പരായി എഴുതിയ സാധനം വന്നിരിക്കുന്നതിനു

> Stating that Jenmom lands demised on Attipere &c., before the last settlement and described at that settlement as Pandaravaga Attipere and assessed with Rajabhogam' are liable on alienation to be charged with one-half the pattom at the present settlement and that the rule of conversion into Kudi jenmom and liability to one-fourth assessment will apply only to those over which the Jenmi's right was extinguished subsequent to the last settlement, and not to Pandaravagai Attipere properties.

ദേവസ്വം ബ്രഹ്മസ്വംവക തനതുകരം പതിഞ്ഞതാകട്ടെ കരം പതിയാത്തതാകട്ടെ ഏതുവിധമായ വസ്തുവായാലും അട്ടിപ്പേറമുതലായി അവകാശം അടക്കി എഴുതികൊടുക്കുന്നതൊക്കയും കല്പനപ്രകാരമുണ്ടായിട്ടുള്ള വ്യവസ്ഥഅനുസരിച്ചുകുടിജന്മഇനത്തിൽചേർത്തു നാലിലൊന്നു കരത്തിനു പതിക്കേണ്ടതാണെന്നു ഹജൂരിൽനിന്നും എഴുതി അയച്ചിട്ടുള്ളതു മുൻകണ്ടെഴുത്തു കാലത്തിനിപ്പുറം എഴുതികൊടുക്കുന്ന വസ്തുക്കളെ സംബന്ധിച്ചുള്ളതാകുന്നു. ആ ന്യായം മുൻകണ്ടെഴുത്തുകാലത്തു അപ്പൊഴത്തെ വ്യവസ്ഥഅനുസരിച്ചു പണ്ടാരവക അട്ടിപ്പേറായും മററുംപതിഞ്ഞിരിക്കുന്ന വസ്തുക്കൾക്കു ഇപ്പോൾ മുപ്പറയും എട്ടിലൊന്നും മാത്രമെ കരംകൊണ്ടിട്ടുള്ള എന്നുവരികിലും ആ വസ്തുക്കൾ മറകൈമാറ്റം ഒഴിഞ്ഞെഴുതി കൊടുക്കുന്നസമയം ഇപ്പോഴത്തെ കണ്ടെഴുത്തു മൂലം സനുസരിച്ചു പാട്ടത്തിൽ ഒന്നുപാതികരം മുതൽവരുന്നതാണു. കരംപതിഞ്ഞവസ്തു എന്നുള്ള ഹജൂർ സാധനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു ജന്മിമാരുടെ പേരിൽതന്നെ ചിലവസ്തുക്കൾക്കു കരംപതിഞ്ഞതുകൂടി ഉണ്ടായിരിക്കുന്നതിനെ അട്ടിപ്പേറായി കൊടുക്കുന്നതായാൽ നടത്തേണ്ട നടപടിക്കുവേണ്ടിയാകുന്നു. അതിനാൽ മേൽപറഞ്ഞിരിക്കുന്ന വസ്തുക്കൾക്കു കണ്ടെഴുത്തുനിയമം അനുസരിച്ചു നടപടിനടത്തുന്നതിനു ചട്ടംകെട്ടികൊള്ളണം. റിക്കാർട്ടുകൾ തിരിച്ചയച്ചിട്ടുമുണ്ടു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വെക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,

ദിവാൻ ശങ്കരസുബ്ബയ്യൻ.

നമ്പർ ൧൨൭൯.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ

൧൦൭൬-ാമാണ്ടു ഇടവമാസം ൧ ൦-ാംനു-
൧൯൦൧-ാംവർഷം മേമാസം ൨൩-ാംനു-
ക്യാമ്പ വർക്കല

ഇവിടത്തെച്ചെയ്യി ആവിതു.

കരുനാഗപ്പള്ളി താലൂക്കിൽ ചില സ്ഥലങ്ങളിൽ അളവിൽകൊണ്ട ഭൂമികകത്തുള്ള ഏതാനും കാവുകളേയും അതുപോലെ തനിക്കുളങ്ങളേയും പുറമ്പോക്കിൽ ചേൎത്തു ഏടുത്തിരിക്കുന്നതായും ചില പഴയകുളങ്ങൾ നികത്തി തെങ്ങുവച്ചു കാഫലപ്പെട്ടിട്ടുള്ളതിനെ പുതുവലായി ഏടുക്കാതെ മുൻപതിവു പുരയിടത്തോടു ചേൎത്തിരിക്കുന്നതായിട്ടും അറിവുകിട്ടിയതിനെപ്പററി, സ്ഥലത്തു സൂപ്പർവൈസരോടുചോദിച്ചതിൽ ഇപ്രകാരം നടത്തീട്ടുണ്ടെന്നും ഇതിൽ കുളംനികത്തി തെങ്ങുവച്ചിട്ടുള്ളതു പുതുവലായും ശേഷം മുൻപതിവു ഭൂമികളോടുചേൎത്തും പതിച്ചു കൊടുക്കേണ്ടതെന്നും ബോധിപ്പിച്ചിട്ടുണ്ടു. ഇപ്രകാരമുള്ള പിശകായനടപടി സമ്മതിക്കത്തക്കതല്ല. അതിനാൽ അളവിൽകൊണ്ട ഭൂമിക്കകത്തുള്ള കാവുകളേയും തനിക്കുളങ്ങളേയും അതതു വസ്തുക്കളോടു ചേൎത്തും കുളം നികത്തി തെങ്ങുവച്ചുപിടിപ്പിക്കപ്പെട്ടിട്ടുള്ളതിനേയും നിലമാക്കി നടന്നു വരുന്നതുകളേയും മററും വിലായൎത്ഥം വാങ്ങിച്ചും പതിക്കേണ്ടതാകയാൽ ഈ വിഷയത്തിൽ പേഷ്കാർ പ്രത്യേകം ദൃഷ്ടിവെച്ചു അപ്രകാരം നടത്തിക്കേണ്ടതാകുന്നു.

That groves and private tanks situated within the ayacut boundaries of registered holdings should be treated as part of the holdings and not as porambokе and that gardens and wet lands converted from old tanks should be assigned on levy of vilayartham.

ഇച്ചെയ്യി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചുവയ്ക്കയും വേണം.

ഇച്ചെയ്യിക്കു സാധനം എഴുതിയ.

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൧൩൩൭.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ,

൧൦൭൬-ാമാണ്ടു മിഥുനമാസം ൨൨-ാംനു-
൧൯൦൧-ാം വർഷം ജൂലായി മാസം ൫-ാംനു-
തിരുവനന്തപുരം

ഇവിടത്തെച്ചെയ്യി ആവിതു

നിറപറ, മേലളവു, ഈവക കരങ്ങൾ പണ്ടാരവകപ്പാട്ടം, ദേവസ്വംവകപ്പാട്ടം, ഈവക വസ്തുക്കളിന്മേൽ കൊണ്ടിരിയ്ക്കുന്നതായും കണ്ടെഴുത്തുറപ്പിയ്ക്കുണ്ടായിട്ടുള്ള തിരുവെഴുത്തുവിളംബരത്തിൽ പാട്ട വസ്തുക്കളിന്മേൽ യാതൊരു പിറവകയും ചേൎത്തുകൂടായെന്നു കല്പിച്ചിട്ടുള്ളതും വസ്തുവിൽ കൊള്ളാത്ത ഉഭയം പലിശ മുതലായ പിറവക കരങ്ങൾ കൂടി കുറച്ചിരിയ്ക്കുന്നപ്രകാരം തിരുവെഴുത്തുവിളംബരത്തിൽ പ്രസ്താവിച്ചിരിയ്ക്കുന്ന സ്ഥിതിക്കു മേൽ വിവരിച്ച നിറപറയും, മേലളവും കരം കുറയ്ക്കത്തക്കതൊ അല്ലയൊ എന്നു സംശയമായിരിയ്ക്കുന്നതിനാൽ വേണ്ട ഉത്തരവുണ്ടാകണമെന്നും മററും കാൎത്തികപ്പള്ളി സൂപ്പർവൈസരുടെ റിപ്പോൎട്ടു വന്നിരിയ്ക്കുന്നതായും ഈ വകയിൽ ൩൪൦ പറ കൊല്ലമാകാണി ഇടങ്ങഴി നെല്ലു മുതൽ ഉള്ളതിനു ലിസ്റ്റും ഈവക കരംകൊണ്ടിട്ടുള്ള വസ്തുവിൻെറ ഏതാനും തണ്ടപ്പേരുകൾക്കു പകൎപ്പും അയച്ചിരിയ്ക്കുന്നപ്രകാരവും സൂപ്പർവൈസർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ ഈവക കരങ്ങൾ കുറയ്ക്കേണ്ടതാണെന്നു വിചാരിയ്ക്കുന്നതിനാൽ വേണ്ട ഉത്തരവുണ്ടാകണമെന്നും ൧൦൭൬/൧൯൦൧ ൨൭൨ നമ്പ്രിൽ ഇടവമാസം ൩൦-ാംനു- എഴുതിയ റിപ്പോൎട്ടു വന്നിട്ടുള്ളതിനു,

Sanctioning the abolition of Nirapara and Melalavu cesses charged on certain Pandarapattom and Sircar Devaswom pattom lands in the Karthigapally Taluk.

തണ്ടപ്പേരുമുതലായ്തു പരിശോധിച്ചു. പണ്ടാരപ്പാട്ടം, സർക്കാർദേവസ്വംപാട്ടം, ഈ വസ്തുക്കളിന്മേൽ നിറപറ എന്നും മേലളവു എന്നും ഇങ്ങിനെ രണ്ടിനത്തിലായി പിറവക കരംകൊള്ളിച്ചിരിയ്ക്കുന്നതായും ഈവകയിൽ ആ താലൂക്കുകളൊട്ടുക്ക ൩൪൦൧൯ കോട്ടമോകാണിയിടങ്ങഴി നെല്ലു മുതലുള്ളപ്രകാരവും കാണുന്നു. പാട്ടവസ്തുക്കളിന്മേൽ കണ്ടപാട്ടത്തിനു പുറമെ യാതൊരു പിറവക കരങ്ങളും കൊള്ളിച്ചു കൂടാഎന്നു വിളംബരത്താൽ ഒഴിച്ചിട്ടുള്ള സ്ഥിതിക്കും ഈവക നെല്ലു പാട്ടവസ്തുക്കളിന്മേൽ കൊണ്ടതെന്നു കാണുന്ന ക്രമത്തിനും പിറവക കരം കുറയ്ക്കേണ്ടതെന്നു വിചാരിയ്ക്കുന്നു. അപ്രകാരം കുറവിൽ ഉൾപ്പെടുത്തികൊള്ളണം.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കയും വേണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ

---

നമ്പർ ൧൭൭൯

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെന്റ
൧൦൭൧-ാമാണ്ടു കർക്കടകമാസം ൧൮-ാംനു-
൧൮൯൬-ാംവർഷം ജൂലായിമാസം ൩൧-ാം-
ക്യാമ്പു തിരുവട്ടാർ.
ഇവിടത്തെച്ചെയ്തി ആവിതു.

Stating that in respect of Nirthal lands registered by the Sircar in the Taluks of Tovala and Agastiswaram assignments due to and other claims originally exercised on the lands by Sripandaravagai may be allowed according to past usage.

പണ്ടാരവകയും, ശ്രീപണ്ടാരവകയും പാട്ടം, ഒററി, ജന്മം മുതലായ ഇനങ്ങളിൽ ഉള്ള വസ്തുക്കൾ നിരത്തൽ എഴുതിയിട്ടുള്ളതിനെ ഇപ്പോൾ പതിച്ചുകൊടുക്കുന്നസമയം അതിന്മേൽ ശ്രീപണ്ടാരവകയ്ക്കു കൊണ്ടിട്ടുള്ള കരവും തിരിപ്പും വകവച്ചുകൊടുക്കേണ്ടതല്ലയോഎന്നു സംശയപ്പെട്ട ആക്ടിംഗ് അസിസ്റ്റാണ്ടിന്റെ റിപ്പോർട്ടു വന്നിരിക്കുന്നതായും ഇങ്ങനെയുള്ള നിരത്തൽവസ്തുക്കൾക്ക മുൻകണക്ക അനുസരിച്ചു ശ്രീപണ്ടാരവകയ്ക്കുള്ള കരവും തിരിപ്പും വകവച്ചു പതിച്ചുകൊടുത്തുവരുന്നതായി തോവാളതാലൂക്കിൽ നിന്നും എഴുതിഅയച്ചിരിക്കുന്ന ലിസ്റ്റിലും അതനുസരിച്ചു തെളിവുശീട്ടും പട്ടയവും കൊടുത്തിട്ടുണ്ടെന്നു ആക്ടിംഗ് അസിസ്റ്റാണ്ടിന്റെ റിപ്പോർട്ടിലും വിവരിച്ചിരിക്കുന്നു എന്നും എപ്പോൾ സർക്കാരിൽനിന്നും കരം നിരത്തൽഎഴുതിയോ അന്നെ മുതൽക്ക ദേവസ്വം, ബ്രഹ്മസ്വംവകയ്ക്കും ശ്രീപണ്ടാരവകയ്ക്കും ഉള്ള ബാദ്ധ്യത നീങ്ങിപോകയും അന്നുമുതൽ വസ്തു സർക്കാർതരിശുകിഴപ്പിൽ ചേരുകയും അതിലേയ്ക്കുള്ള സകല സ്വാതന്ത്ര്യവും സർക്കാരിലെയ്ക്കു ഇരിയ്ക്കയും ചെയ്യുന്നതാണെന്നും ആ ക്രമത്തിനു മുൻകണക്കുപ്രകാരം ഉള്ള തിരിപ്പു മുതലായതു വകവച്ചുകൊടുപ്പാൻ ഇടയുണ്ടോഎന്നു സംശയിക്കുന്നതിനെപ്പററിയും എഴുതിവന്നു നാഞ്ചിനാട്ടു ൨൦ം വകയിൽ കരം നിരത്തൽഎഴുതിട്ടുള്ള വസ്തുക്കളിടെ വകയ്ക്കു വിവരമായി ലിസ്തു അയപ്പാൻ മറുപടി അയച്ചിരുന്നതിലേയ്ക്കു അപ്രകാരം ലിസ്തുവരുത്തി അയച്ചിരിക്കുന്നതായി ൧൦൭൧-ാമതു നമ്പരിൽ മിഥുനമാസം ൨൦-ാം- എഴുതിയ റിപ്പോർട്ടു വന്നിട്ടുള്ളതിനു,

കരം നിരത്തൽഎഴുതപ്പെടുന്ന വസ്തുക്കളിന്മേൽ ഉള്ള സകല അവകാശവും സർക്കാരിലെയ്ക്കു ആയിരിയ്ക്കുമെന്നുള്ളതിൽ സംശയിപ്പാനില്ലാ. എന്നാൽ തോവാളതാലൂക്കിൽ ഇങ്ങിനെയുള്ള വസ്തുക്കൾക്ക മുൻകണക്കനുസരിച്ചു ശ്രീപണ്ടാരവകയ്ക്കുള്ള കരവും തിരിപ്പും വകവച്ചു പതിച്ചുകൊടുത്തിരിക്കുന്നതായും ആ ക്രമത്തിനു തോവാള അഗസ്തീശ്വരം ഈ രണ്ടു താലൂക്കുകളിലും ഉള്ള വസ്തുക്കൾക്ക കരവും തിരിപ്പും വകവച്ചു തെളിവുശീട്ടും പട്ടയവും കൊടുത്തിരിക്കുന്നു എന്നും കാണുന്നസ്ഥിതിയ്ക്കു മേൽവിവരിച്ച രണ്ടുതാലൂക്കുകളിലെ വകയ്ക്കും ഇപ്പോൾ ചെയ്തിട്ടുള്ള വ്യവസ്ഥക്ക ഭേദഗതിയായി ഒന്നും ചെയ്യാനില്ലാ.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കയുംവേണം.

ഇച്ചെയ്തിയ്ക്കു സാധനംഎഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പ്ര ൩൭൧.

ജമാബന്തി രായസം

൧൦൩൭ാമാണ്ട് കർക്കടകമാസം ൨൭നു

൧൮൬൨-ാംവർഷം ആഗസ്റ്റമാസം ൯ാം

കന്യാകുമാരി.

ഇവിടത്തെച്ചെയ്തിആവിതു.

That Kandukrishi holdings should not be sub-divided according to possession and enjoyment, but that the lands granted to one lessee must be treated as one whole.

കൈനകരി നെൽപ്പുരവകയായി ആലപ്പുഴവാടയ്ക്കൽ മുറിയിൽ വല്ലയിൽവീട്ടിൽ കോമൻപേരിൽ വാടയ്ക്കൽ വാറലിൽ ൧൭ പറ ൮ അര ഇടങ്ങഴി നിലംപതിഞ്ഞിട്ടുള്ളതിൽ ചെല്ലാട്ടുചിറയ്ക്കു പടിഞ്ഞാറുവശം ഉള്ള ൭ പറ ൮ അര ഇടങ്ങഴിനിലം ആലപ്പുഴവാടയ്ക്കൽമുറിയിൽ പടിഞ്ഞാറെ വല്ലയിൽപാക്കം ഈഴം അയ്യപ്പൻശംകു അനുഭവിച്ചു വരുന്നതിനെ ഉറപ്പുവാങ്ങി പേരുമാറി പതിച്ചുകൊടുക്കണമെന്നു അപേക്ഷ ബോധിപ്പിക്കയും വല്ലയിൽവീട്ടിൽ കോമൻകേശവൻ മുതൽ പേരു തർക്കിക്കയും ചെയ്കയാൽ അതിലേക്കു എഴുതിവരുത്തിച്ച വിചാരണ മുതലായതും ഇരുഭാഗത്തുനിന്നും ഹാജരാക്കിയ പ്രമാണങ്ങളുടെ പകർപ്പും അയച്ചും വല്ലയിൽ കുടുംബംവക വസ്തുക്കൾ രണ്ടു ശാഖയ്ക്കായിഭാഗിച്ചു ൧൦൧൯ ാമാണ്ടു രജിസ്തർമൂലം ഉണ്ടായ ഉടമ്പടിപ്രകാരം വിവാദനിലം ൭ പറ ൮ അര ഇടങ്ങഴിയും കോമൻഗോവിന്ദന്റേയും ൧൦ പറ നിലം കോമൻകൃഷ്ണന്റേയും വീതത്തിൽ തിരിച്ചു അതതു ശാഖക്കാർ നടന്നുവരുമ്പോൾ ൭ പറ ൮ അര ഇടങ്ങഴിനിലം കോമൻഗോവിന്ദന്റെ പ്രമാണവഴക്കു ഓരോകൈമറിഞ്ഞു ഒടുവിൽ അപേക്ഷക്കാരൻ ഈഴം അയ്യപ്പൻശംകുവിനുകിട്ടി അവൻഅനുഭവിച്ചു വരുന്നതായും അവന്റെപേരിൽ പതിച്ചുകൊടുക്കുന്നതിനു കോമൻഗോവിന്ദനും ആ ശാഖയിൽഉള്ള അവകാശികളും ഇടക്കടിക്കാരും അതിനു അനുസരണമായി തടസ്ഥരും, ഭാഗം ചെയ്തിട്ടുള്ള വിവരം അറിഞ്ഞിട്ടില്ലെന്നും പതിച്ചുകൊടുക്കുന്നതു സമ്മതമല്ലെന്നും കോമൻകേശവൻ മുതൽ പേരും എഴുതിവച്ചിരിക്കുന്നതായും തർക്കക്കാരു കോമൻകൃഷ്ണന്റെ ശാഖയിൽ ഉള്ളവരെന്നു കാണുന്നു എന്നും ഉടമ്പടിഉണ്ടാവിക്കയും വസ്തുകൈവിടുകയും ചെയ്തിട്ടു ഇപ്പോൾ ൧൯ വർഷത്തോളം ആയിരിക്കുന്ന സ്ഥിതിക്കു ഭാഗംചെയ്തിട്ടുള്ളവിവരം,അറിവില്ലെന്നും മറ്റും പറയുന്ന തർക്കം സ്വീകരിക്കത്തക്കതും തർക്കവസ്തു പേരുമാറിപതിക്കുന്നതിനു എതൃകക്ഷികളുടെ സമ്മതം ആവശ്യമായിട്ടുള്ളതും ആണെന്നു വിചാരിക്കുന്നില്ലെന്നും തർക്കത്തിൽപ്പെട്ടതിൽ ഉൾപ്പെടെ ൧൭ പറ ൮ അര ഇടങ്ങഴി നിലം ഒരു പതിവിൽ ഉള്ളതാണെങ്കിലും വസ്തുക്കൾ രണ്ടു സ്ഥലത്തായിരിക്കുന്നേയും പ്രത്യേകം പ്രത്യേകം അനുഭവിച്ചു കരംതീർത്തു വരുന്നേയും സ്ഥിതിക്കു അപേക്ഷക്കാരന്റെ പേരിൽകൂട്ടി കരംതീർപ്പിക്കേണ്ടതാണെന്നും അമ്പലപ്പുഴ കണ്ടുകൃഷി തഹശീൽദാരുടെ സാധനം വന്നു ഇരുകക്ഷികളേയും ഡിവിഷനിൽ ഹാജരാക്കി അവരുടെ വാദങ്ങളെ കേൾക്കയും റിക്കാർട്ടുകൾ പരിശോധിക്കയും ചെയ്തുഎന്നും ഈ നിലം ൧൦൧൯ ാമാണ്ടുമുതൽക്കേ പ്രമാണമൂലം രണ്ടായി ഭാഗിച്ചു നടന്നുവരുന്നപ്രകാരം കാണുന്നതായും ആ സ്ഥിതിക്കു വേറെഒരു ശാഖക്കാരനായ കോമൻ കേശവൻ ഇപ്പോൾ പറയുന്നതർക്കം സ്വീകരിക്കത്തക്കതായിരിക്കുന്നില്ലെന്നും ൧൭ പറ ൮ അര ഇടങ്ങഴി നിലം ഒന്നായി പതിഞ്ഞിരിക്കുന്ന ക്രമത്തിനു ഈ ൭ പറ ൮ അര ഇടങ്ങഴിനിലം തിരിച്ചു പതിപ്പാൻ പാടുണ്ടോഎന്നാണു നോക്കേണ്ടതെന്നും അപേക്ഷഭാഗത്തിൽനിന്നും ഹാജരാക്കി ഈ കേസോടു ചേർത്തിരിക്കുന്ന ഉത്തരവു പകർപ്പിനാൽ തിരിച്ചുപതിക്കുന്നതിൽ ആക്ഷേപം ഇല്ലെന്നു കാണുന്നതും അതിനാൽ തഹശീൽദാർ അഭിപ്രായപ്പെട്ടിരിക്കുന്നപ്രകാരം ഉറപ്പുവാങ്ങി അപേക്ഷക്കാരന്റെപേർക്കു പതിച്ചുകൊടുപ്പാനുള്ളതെന്നു വിചാരിക്കുന്നതും ആകയാൽ റിക്കാർട്ടുകൾ അയച്ചിരിക്കുന്നു എന്നും ൧൦൩൭ ാമാണ്ടു കർക്കടകമാസം ൨ ാം- ൧൦൯൭ ാം നംപ്രിൽ എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

ഇതു കണ്ടുകൃഷിവസ്തു ആണ്. ഈ ഇനം വസ്തുക്കൾക്കു കുടികൾ തമ്മിൽ ചെയ്യുന്ന ഭാഗപത്രമാകട്ടെ വേറെ വിധം കൈമാററ പ്രമാണങ്ങൾ ആകട്ടെ സാധുവായി ഒരിക്കലും വരികയില്ലാ. കുടികൾ ചെയ്യുന്ന ഏർപ്പാടുകളെ സർക്കാരിൽ സമ്മതിച്ചു പതിച്ചുകൊടുക്കാൻ ക്രമം ഇല്ലാത്തതാകുന്നു. ഇതിൽ ഉൾപ്പെട്ട ൧൭ പറ ൮ അര ഇടങ്ങഴി നിലവും ഒരുപേരിൽ പതിഞ്ഞും പതിഞ്ഞ പേരിൽ തന്നെ ഇതേവരെ കരം തീരുവയും ഇരിക്കുന്നേയും അവർ ഭാഗിച്ചുപതിക്കുന്നതിലേക്കു വിസമ്മതിക്കുന്നേയും സ്ഥിതിക്കു കുടുംബത്തിൽ ഒരു ശാഖക്കാരനു അനു

ഭവത്തിനു മാത്രം വിട്ടിരിക്കുന്നു എന്നല്ലാതെ മറെറാരുപ്രകാരം സർക്കാർ വിചാരിക്കാൻ ഇല്ലാത്തതു കൊണ്ടു ഈ നിലത്തെ വിഭജിച്ചു പതിക്കുന്നതിലേക്കു അനുവദിക്കാൻ ഇടയില്ലാ.

ഇച്ചെയ്ത്തി എല്ലാം വേലുപ്പിള്ള വായിച്ചു രാജാരാമരായര് ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്ത്തിക്കു സാധനം എഴുതിയ
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൭൦

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ.

൧൦൭൨-ാമാണ്ടു ചിങ്ങമാസം ൧൩-നു
൧൮൯൬-ാം വർഷം ആഗസ്റ്റുമാസം ൨൭-നു

തിരുവനന്തപുരം

ഇവിടത്തെച്ചെയ്ത്തി ആവിതു.

Sanctioning the registry in the names of the occupants without levy of vilayarthain of certain Kuttakapattom lands belonging to the Kannlakumari Devaswom and comprised in lekhom 66 of Kannia-kumari village.

കന്യാകുമാരി പകുതിവക രജിസ്ട്രേഷൻ ൨൭൪൯-ം ൨൭൫൦-ം ൨൭൫൧-ം ൩൧൦൦-ം നമ്പർ കളിൽ കൊണ്ടു കന്യാകുമാരി ദേവസ്വംപാട്ടം ൬൬-ാമതുലക്കം വസ്തു ടി ദേവസ്വം ശ്രീകാര്യക്കാറൻ പിള്ളമാരിടെ കീഴ്പാട്ടമായി മഹാദാനപുരംഗ്രാമത്തിൽ കൃഷ്ണയ്യൻ താണുവയ്യനെ ഹജൂർഉത്തരവുപ്രകാരം ൧൦൬൬-ാമാണ്ടു ഏല്പിച്ചു അതിൽ അനേകം ദേഹണ്ഡങ്ങൾ ചെയ്തു അനുഭവിച്ചു വരുന്നതായും ദേഹണ്ഡത്തെ വിചാരിച്ചു ഒരുപണംപാട്ടത്തിനു ൨൦ പണം വീതം വിലയത്ഥം വാങ്ങിക്കേണ്ടതാണെങ്കിലും അതിൽ ഒന്നുപാതി ൧൦ പണംവീതം തീപ്പിക്കേണ്ടതാകുന്നു. ഇതുപോലെയുള്ള ൧൦൯-ാമതു ലക്കംവസ്തുവിനെ ആയക്കെട്ടുകരത്തിനു ജാമ്യത്തിൻ പേരിൽ പതിച്ചു കൊടുപ്പാൻ ൧൦൭൦-ാമാണ്ടു ഉത്തരവുണ്ടാകയും അതനുസരിച്ചു പതിച്ചുകൊടുക്കയും ചെയ്തിട്ടുള്ളതിനാൽ അതിലേയ്ക്കും ൬൬-ാമതു ലക്കംവസ്തുവിൻെറ ക്രമത്തിനു വിലയത്ഥം വാങ്ങിക്കേണ്ടതെന്നും ആറ്റിങ്ങൽ അസിസ്റ്റൻറിൻെറ റിപ്പോർട്ടു വന്നിരിക്കുന്നതിനു ആ വക റിക്കാർട്ടുകൾ അയച്ചിരിക്കുന്നതായും ഈ കേസ്സിലെ സ്വഭാവത്തിനു തക്കപ്പെട്ട വസ്തുക്കൾ അസിസ്റ്റൻറ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ ചട്ടപ്രകാരമുള്ള വിലയത്ഥം തീപ്പിച്ചു അനുഭവക്കാർക്കു പതിച്ചുകൊടുക്കേണ്ടതെന്നു വിചാരിക്കുന്നതായിട്ടും ഈ വസ്തുക്കളിൽ അധികമായ ദേഹണ്ഡങ്ങളും ഹജൂർ തീർച്ചപ്രകാരം നടപ്പും ഉള്ളതായി കാണുന്നസ്ഥിതിക്കു റിക്കാർട്ടുകൾ പരിശോധിച്ചു എഴുതി അയക്കുന്നതുപോലെ നടത്തിക്കേണ്ടിയിരിക്കുന്നു എന്നും ൩൧൮-ാമതു നമ്പരിൽ ൧൦൭൧-ാമാണ്ടു കർക്കടകമാസം ൨൫-നു എഴുതിയ റിപ്പോർട്ടു വന്നിട്ടുള്ളതിനു

റിക്കാർട്ടുകളെ പരിശോധിച്ചു. ഇതിൽ ൬൬-ാമതുലക്കം വസ്തു ദേവസ്വക്കാറരിടെ കീഴ്പാട്ടമായി പതിച്ചു കൊടുത്തിരുന്നാലും അതിൽ അനേകംപണം കക്ഷി ചിലവുചെയ്തു ദേഹണ്ഡങ്ങൾ നടത്തി ആയതുഫലപ്പെട്ടിരിക്കുന്നതായും ൧൦൯-ാമതുലക്കം വസ്തു ആയക്കെട്ടു കരത്തിനു ജാമ്യത്തിൻപേരിൽ പതിച്ചുകൊടുക്കുന്നതായിട്ടും കാണുന്നസ്ഥിതിക്കു ഈ സംഗതിയിൽ വിലയത്ഥത്തിനു ചോദ്യപ്പെടുന്നതു ഉചിതമായിരിക്കുമെന്നു വിചാരിക്കുന്നില്ലാ. അതിനാൽ സെററിൽമെൻറപാട്ടത്തിനു അതതു അപേക്ഷക്കാറരിടെപേരിൽ വസ്തുക്കളെ വിലയത്ഥംകൂടാതെ പതിച്ചു പട്ടയംകൊടുക്കേണ്ടതാകുന്നു. വന്നിട്ടുള്ള രജിസ്ട്രേഷൻ കേസു മുതലായ റിക്കാർട്ടുകൾ തിരിച്ചു അയച്ചിട്ടും ഉണ്ടു.

ഇച്ചെയ്ത്തി എല്ലാം മാതെവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്ത്തിക്കു സാധനം എഴുതിയ
ദിവാൻ ശംകരസുബ്ബയ്യൻ.

---

നമ്പർ [illegible].

ഹജൂർ കണക്കെഴുത്തു ഡിപ്പാർട്ടുമെന്റ്
൧൦൭൨-ാമാണ്ടു കന്നിമാസം [illegible]
[illegible] വർഷം സെപ്തംബർ മാസം [illegible]
തിരുവനന്തപുരം

ഇവിടത്തെ ചെയ്തി താഴെ എഴുതുന്ന [illegible]

പട്ടാഴി [illegible] വസ്തുക്കളെപ്പറ്റി [illegible] വിചാരണ സംബന്ധിച്ചും മറ്റും ഏതുവിധം നടപടി [illegible] ണ്ടെഴുത്തു നടന്ന വിവരം [illegible] ലായിട്ടയച്ചും കൊട്ടാരക്കര സൂപ്പർവൈസ്സരുടെ റിപ്പോർട്ട് [illegible] അയച്ചിരിക്കുന്നതായും ഒരു ദേശത്തിൽ ഉൾപ്പെട്ടതും ഒഴിവു വസ്തുക്കൾ മുമ്പു കണ്ടെഴുതിയിട്ടുള്ളതായും ഇപ്പോൾ ദേവസ്വം കാര്യങ്ങൾ സർക്കാരിൽനിന്നും നടത്തിച്ചുവരുന്നു എന്നും കാണുന്നസ്ഥിതിക്കു ഇതിലേക്കു കണ്ടെഴുത്തിൽ ഏതുവിധം നടപടി നടത്തേണ്ടതെന്നു ഉത്തരവുണ്ടാകണമെന്നും [illegible]-ാമതു നമ്പരിൽ കന്നിമാസം ൭-ാംനു എഴുതിയ സാധനം വന്നിട്ടുള്ളതിനു,

> Directing that the settlement of the lands belonging to Pattazhi Devaswom in Pattazhi Desom should be carried out on the same lines as that of other lands

മറ്റു വസ്തുക്കളോടൊപ്പം ഈ സ്ഥലത്തെ വസ്തുക്കൾക്കും രജിസ്ത്രേഷൻ വിചാരണ മുതലായതു നടത്തിച്ചു പട്ടയങ്ങൾ കൊടുക്കുകയും ആയതുകൊടുക്കുന്ന സമയം ഒരു പ്രവൃത്തിക്കും പ്രത്യേകമായി ആയ്ക്കുന്നിപ്പിക്കുകയും പട്ടയം കൊടുക്കുന്നതിനു മുമ്പു കണ്ടെഴുത്തു നടപടിയിൽ ഉണ്ടാകുന്ന മുതലുകളെ ആ പ്രവൃത്തിയിൽ അയച്ചു ഒടുക്കിക്കയും ചെയ്യേണ്ടതാകുന്നു.

ഈ ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ ധരിപ്പിച്ചുവയ്ക്കുകയും വേണം.

ഈ ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

No. 1395/P. W.

Huzur Cutcherry,
Trivandrum, 20th October 1896.

To

The Settlement Dewan Peishkar.

Sir,

I have the honour to forward herewith a tracing showing the line finally surveyed and approved for the section of the Tinnevelly—Quilon Railway, lying between Tenkasy and Quilon and request you will be good enough to arrange that no puthuval is granted for a distance of half a mile on either side of the line.

I have &c.,
(Sd) S. SHUNGRASOOBYER,
Dewan.

നമ്പർ ൩൧൮.

ഹജൂർകണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ.

൧൦൭൨-ാമാണ്ടു തുലാമാസം ൧൮-ാം-

൧൮൯൬-ാം വർഷം അക്ടോബർമാസം [illegible]

ഇവിടത്തെച്ചെയ്തു ആവിതു-

കാർത്തികപ്പള്ളി താലൂക്കിൽ വിയപുരം പകുതിയിൽ മൂന്നു പേരിലായിട്ടു വസ്തുവിന്മേൽ കൊള്ളാതെ കൊട്ടാരം പലിശ എന്ന ഒരു പിറവക കരം ആളിന്മേൽ കൊണ്ടു തീർത്തു [illegible] യി കാണുന്നതും ഈ പിറവക കരം കുറച്ചു തരേണമെന്നു [illegible] ഈ വക ഇനം തിരുവെഴുത്തു വിളംബരത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ആകയാൽ വേണ്ട ഉത്തരവുണ്ടാകേണമെന്നു റിക്കാട്ടുകൾ സഹിതം ൧൮൩൩/൧൦൭൦-ാമതു നമ്പ്രിൽ ഈ മാസം [illegible] എഴുതി [illegible] വന്നിട്ടുള്ളതിനു,

> Sanctioning the abolition of the extra cess known as Kottara-palisa charged on certain individuals in the Karthugapalli Taluk.

| Grand Total...... | 1,196 | ... | 10,667 | Annual cost 10,667 × 12 = Rs, 1,28,004. |

TRIVANDRUM PUBLIC LIBRARY.

For the current year (1073), the budget amount sanctioned for the Settlement Department is 2 lacs. It includes, as usual, the pay of village accountants and taluk Sumprethies detailed on duty in that Department. The proposed revision brings the cost* of establishment more or less to the same figure and this should on no account be exceeded. As fresh taluks come up (and there are only 9 such taluks remaining to be brought under operation) it is possible to draft men from those in progress as the work closes either wholly or partially. For instance, a village containing between 4,000 and 5,000 survey fields or even more, but under 8,000, will have two classifiers according to the standard now laid down. When the pressure of registration work is over and when all that remains is only a finishing process, one of the men may be sent away. True economy lies in distributing a given staff over as large a number of villages as possible for simultaneous operation. Supposing all the 9 remaining taluks had been surveyed and were ready to be entered upon for settlement to-morrow, I would distribute the 400 field operatives as per proposed scale so as to take them in all at once. Each classifier would then pursue his work compactly and without abnormal pressure. The work, when it closes, would close in all the new taluks more or less simultaneously. The nature of the work is such that while it expands on one side it narrows on the other. This year and in succeeding years some of the earlier commenced taluks must be finally settled or be very near the point of completion, so that a judicious re-distribution of hands from time to time according to the stages of progress and absolute requirements must afford full facility for extended operation. It is not the mere multiplicity of hands that can tell, but it is their distribution and vigilant checking of their work. They are prone to fudging and excuses for short out-turn may be too readily advanced. At every turn they require to be watched and kept at an even and steady pace.

* Rs. 1,61,256.

It is of the utmost importance that the controlling head should be where the work presses most. When a taluk is under assessing operation his presence and personal direction are of great value. The whole business of revision of rates should be in his hands. Again, where rough puttahs are being issued he should be on the spot to see to the prompt disposal of appeals, objection petitions &c. Occasional visits alone would be inadequate. He should place himself at the very scene of the operation with a portion of his own office establishment. The taluks requiring ordinary inspection may for the time be left to be managed by the assistants who, if they sufficiently realise their responsibility, ought to be able to afford considerable relief to the controlling authority in this direction.

Though the cost as per revised scale is considerable and with the allotment for the Survey Department comes to about 3 lacs, it is expected that as the taluks in progress are completed one after another, a decided turn would follow towards reduction of the annual outlay.

Huzur Cutcherry,<br>
Trivandrum,<br>
29th Nov:1897.

SHUNGRASOOBYER,<br>
Dewan.

നമ്പർ ൩൭൩

തിരുവനന്തപുരം.
ഹജൂർകണ്ടെഴുത്തുഡിപ്പാർട്ടുമെൻറ.
൧൦൭൩-ാമാണ്ട ധനുമാസം ൨൨ നു
൧൮൯൮-ാം വഷം ജനവരിമാസം ൪ നു

ഇവിടത്തെച്ചെയ്തി ആവിതു

കോതയാർ വെള്ളം കൃഷിക്കു ഉപയോഗപ്പെടുത്തുന്നതിനായി പേച്ചിപ്പാറയിൽ നിന്നും പൊന്മനഅണവരെ കാൽവെട്ടിച്ചു വരുന്നുണ്ടല്ലൊ. വേലദ്രുതമായി നടന്നുവരുന്ന സ്ഥിതിക്കു രണ്ടു സംവത്സരംകൊണ്ടു അതു പൂത്തിയാകാൻ ഇടയൊള്ളതാകുന്നു. ഇപ്പോൾ കല്ക്കുളംതാലൂക്കിൽ ചേന്ന സ്ഥലങ്ങളിൽ സെററിൽമെൻറവേല ഒതുങ്ങിവരുന്നസ്ഥിതിക്കു വേഗത്തിൽ പാട്ടംകാണുന്നതിനു നടപടി ആരംഭിക്കാൻ ഇടയുള്ളതാകുന്നു. കോതയാററ വേലയെസംബന്ധിച്ചു അതിലെ വെള്ളം കൃഷിക്കു ഉപയോഗപ്പെടുത്തത്തക്കസ്ഥിതയിൽകള്ള ഇപ്പോഴത്തെ നടപ്പുനിലങ്ങളും, ഇനി നടപ്പാകുമെന്നുള്ളനിലങ്ങളും, പുരയിടങ്ങളും, സക്കാർ വകഭൂമികളും ഇതിന്മണ്ണംഉള്ളസ്ഥലങ്ങളെ പാട്ടംകാണാതെ നിറുത്തിവച്ചു ആറ വെട്ടുതിന്നു അതിലെജലം ഉപയോഗപ്പെടുന്നസമയം സെററിൽചെയ്യുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു. അല്ലാഞ്ഞാൽ മുപ്പതുസംവത്സരത്തെക്കു ഇപ്പോൾനിശ്ചയപ്പെടുത്തപ്പെടുന്ന കരത്തിനെ ഭേദപ്പെടുത്തുവാൻ ഇടയില്ലാ. ഇപ്പോൾ മാനാമാരിയായിരിക്കുന്ന നിലങ്ങളും ആററപാശാനമായിതീന്നാൽ വിളവുമതിപ്പുകൂടുതലായിവരുന്നതും ആ ക്രമത്തിനു കരംകൂടുതൽ സക്കാരിലേക്കു സിദ്ധിക്കുന്നതുമാകുന്നു.

Directing that the fixing of assessment rates on the lands in the Kalkulam Taluk which are likely to be benefitted are the Kodayar Project should be postponed pending completion of the project.

പറമ്പുപാട്ടംകൊണ്ടിട്ടുള്ള ഭൂമികളുംനിലമായി തിരുത്തപ്പെടുത്തുന്നതായാൽ ആസ്ഥിതിഭേദംപോലെ കരഭേദവും വരേണ്ടതാണു. സക്കാർതനതിൽ കിടപ്പായുള്ള ഭൂമികളും ഈ ആററവെള്ളംകൊണ്ടു ഗുണപ്പെടുന്നസ്ഥിതിയിൽ സക്കാരിൽനിന്നും ലേലത്തിൽവിററ നിലകരത്തിനു പതിച്ചുകൊടുപ്പാൻ മാസ്സപ്പെടുന്നതാകുന്നു. അതിനാൽ ഈ ആററസംബന്ധിച്ചിടത്തോളവും സമീപംകിടപ്പുള്ള നിലം, പുരയിടം, സക്കാർതറ, ഇതുകളെനോക്കി വില്ലേജ് സവെമാപ്പിൽ നമ്പ്രവാരിയായി നിശ്ചയപ്പെടുത്തി പ്ലാനിൽ മാക്കചെയ്തു വിവരം ലിസ്റ്റോടുകൂടി എഴുതിവരേണ്ടതാകുന്നു.

അതുകളെ ഇപ്പോഴത്തെ ബ്ലാക്കവേലയിൽനിന്നും നിറുത്തിവയ്ക്കുന്നതിനു ശട്ടംകെട്ടിക്കൊള്ളണം. മേൽപറഞ്ഞസ്ഥലങ്ങളെതിരിച്ചു ഒരുപ്ലാനയക്കാൻ ചീഫ്ഇൻജിനീയക്കും ലട്ടർ അയച്ചിട്ടുണ്ടു.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു കൈവക്കയുംവേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ,
ദിവാൻ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൭൩൩

ഹജൂർ കണ്ടെഴുത്തുഡിപ്പാർട്ടുമെൻറ:
൧൦൭൩-ാമാണ്ട മകരമാസം ൧൩ നു
൧൮൯൮-ാം വഷം ജനവരിമാസം ൨൫ നു
തിരുവനന്തപുരം
ഇവിടത്തെച്ചെയ്തിയാവിതു.

കണ്ടെഴുത്തു നടക്കുന്ന ക്രമത്തിനു ഓരോ സ്ഥലങ്ങളിൽ പുതുവൽ ഭൂമികൾ സംബന്ധിച്ചു രജിസ്ട്രേഷൻ വിചാരണ നടത്തി കരം പതിച്ചു പട്ടയം കൊടുക്കുന്നതിൽ ഫീൽഡുവെലസ

That with a view to avoid the hardship to the ryots arising out of being called upon to pay arrears on puduvals in a lump sum for several years prior to the introduction of new rates of tax, arrangements should be made for puduvals being settled and pattahs issued therefor in advance of registered holdings

മയം ക്ലാസിഫിക്കേഷൻ രജിസ്റ്ററിൽ പതിച്ചിട്ടുള്ള പുതുവലുകൾക്കു ആ തീയ്യ
തിമുതൽക്കും അതിൽപിന്നീടു കുടിയാനവന്മാരു പ്രവേശിക്കപ്പെട്ടു അപേ
ക്ഷകൊടുക്കുന്നവകയ്ക്കു ആ തീയ്യതിമുതൽക്കും കുടിശ്ശിഖ പിരിപ്പിയ്ക്കേണ്ടതാ
ന്നു വ്യവസ്ഥചെയ്തു നടന്നുവരുന്നുണ്ടെന്നും സെററിൽമെൻറു നടക്കുന്ന
സ്ഥലത്തു പഴയ റവന്യൂ ക്രമം അനുസരിച്ചു പുതുവലുകൾ റവന്യൂക്കാരു
ചെന്നു അളക്കുകയും പാട്ടം കാണുകയും ചെയ്യുന്നതായാൽ അതു സെററിൽ
മെൻറു ഏർപ്പാടിനു വിരോധമെന്നും അതിൽവെച്ചു ഇരട്ടിപ്പു വേലയ്ക്കും കുടി
കൾക്കു അസൌകര്യത്തിനും ഭ്രമത്തിനും ഇടയുണ്ടെന്നു വിചാരിച്ചാണു ആ
വിധം നടന്നുവരുന്നതിനെ നിറുത്തി കണ്ടെഴുത്തിൽ നിന്നും തന്നെ പുതുവ
ലുകൾക്കു തിരുമാനപ്പെടുത്തുവാൻ മേൽപ്രകാരം ഏർപ്പാടുചെയ്തിട്ടുള്ളതെന്നും അനുഭവം തക്കം
കൂടാതെയുണ്ടായ തിയ്യതിമുതൽ സർക്കാരിലേക്കു ന്യായമായി ചെല്ലുവാനുള്ള ആദായം കൊടുക്കു
ന്നതിനു ഭൂമികൈവശക്കാറൻ ബാദ്ധ്യപ്പെട്ടിരിക്കുന്നു എന്നുള്ളതു സ്പഷ്ടമാണെന്നും ഫീൽഡുവേല
സമയമൊ അതിൽപിന്നീടൊ പുതുവലുകൾ രജിസ്റ്റർ പതിയുന്നതുപോലെ അതാതുതിയ്യതിമുതൽക്കു
കരക്കുടിശ്ശിഖ ഈടാക്കുന്നതു കുടിയാനവനു ഗുണവും ആകുന്നു എന്നും മുമ്പിലത്തെ ക്രമത്തി
നു ആയാൽ അനുഭവം ഇന്നപ്പോൾ ഉണ്ടായിഎന്നുള്ള വിചാരണ മണ്ടപത്തുംവാതുക്കൽക്കാറ
രു ചെയ്യുകയും വൃക്ഷങ്ങൾ കായ്ഫലം വന്നതിൻെറയും മററും കാലനിശ്ചയപ്പെടുത്തുവാൻ ശ്രമി
ക്കുകയും അതിൽവച്ചു കുടിയാനവനു ഓരോ വിധത്തിൽ തെരക്കം ഉണ്ടാകയും ചില്ലറ ജീവന
ക്കാരുടെ അഴിമതിയ്ക്കു സംഗതിയാകയും ചെയ്യുന്നതാകുന്നു എന്നും ആവിധമുള്ള സംഗതിക്കു
ഇപ്പൊഴത്തെ ഏർപ്പാടിനാൽ മാർഗ്ഗമില്ലെന്നും അതുകൊണ്ടു കുടിയാനവന്മാർക്കു വളരെ സഹായവുമാ
ണെന്നും എന്നാൽ കണ്ടെഴുത്തു അശേഷവും ഒതുങ്ങി പട്ടയം കൊടുക്കുന്നതിൽ കാലതാമസം വ
ളരെ വേണ്ടിവരുന്നുണ്ടെന്നും ദീർഘകാലത്തെ കുടിശ്ശിഖയ്ക്കു ഒന്നായിട്ടു ചോദ്യപ്പെടുമ്പോൾ കുടി
കൾക്കു അതിനെ ശരിയായി തീർപ്പാൻ പ്രയാസമുള്ളതായും അതുഹേതുവാൽ പരക്കെ സങ്കടത്തി
നു സംഗതിയുള്ള പ്രകാരവും കാണപ്പെടുന്നു എന്നും അതിൻെറ നിവൃത്തിക്കു മാർഗ്ഗം ആലോ
ചിച്ചതിൽ സർക്കാർ കരത്തിനു യാതൊരു നഷ്ടവും കൂടാതെ താഴെപ്പറയുന്ന പ്രകാരം വ്യവസ്ഥ
ചെയ്യാമെന്നു തോന്നുന്നു എന്നും ഫീൽഡു വേല ആരംഭിച്ചതു മുതൽ അവസാനിക്കുന്നതുവരെ
രജിസ്റ്ററിൽ പതിച്ചുപോകുന്ന പുതുവൽ ഭൂമികളെപ്പററി ഫീൽഡിൽവച്ചുതന്നെ അപേക്ഷമൊഴി
യും കഴിയുന്നതും ചുരുക്കമായി വേണ്ട വിചാരണയും ക്ലാസിഫയമ്മാരു നടത്തുകയും വൃക്ഷപ്പുര
യിടമായാൽ വൃക്ഷവും തിട്ടംവരുത്തുകയും ചെയ്യണമെന്നും പുതുവലുകൾ വകയ്ക്കു പ്രത്യേകം ബു
ക്കുവെപ്പാൻ ഏർപ്പാടുണ്ടെന്നും ആ ബുക്കിലും വിവരം പതിക്കുന്നതാണെന്നും ഫീൽഡുവേല തി
രുന്നതിനു ഒരു സംവത്സരത്തിലധികം വേണ്ടിവരികയില്ലെന്നും അതു തീരുന്നതുമ്പോൾ ഏതെങ്കി
ലും പുതുവലുകൾ വിചാരണ ഒതുങ്ങാതെ കിടപ്പുണ്ടെങ്കിൽ ഉടനെ ഒതുക്കണമെന്നും അങ്ങിനെ
ഒതുക്കിത്തീർന്നാൽ പുതുവൽ വകയ്ക്കു അതാതു പകർപ്പു തിരിച്ചു ലിസ്റ്റ് ഉണ്ടാക്കി സ്ഥലത്തു സൂപ്പർ
വൈസ്സരും കണ്ടെഴുത്തു പേഷ്ക്കാരു, അസിസ്റ്റൻറു പേഷ്ക്കാരു, ഇവരും ലിസ്റ്റുമ്പടിയുള്ള
പുതുവൽ ഭൂമികളെ കാര്യനടപ്പിനു സൌകര്യം പൊലെ വീതിച്ചു ചെന്നു നോക്കി ബ്ലാക്കു
തിരിക്കുന്ന ക്രമത്തിനു അതാതു ഭൂമികളുടെ സ്ഥിതിപൊലെ വൃക്ഷത്തിനും തറയ്ക്കും സ്ഥിര
മായ വിധത്തിൽ റേറവനിശ്ചയിച്ചു സ്റ്റേററമെൻറു തയ്യാറാക്കി ഗവർമ്മെൻറു അനുവാദത്തി
നു അയക്കയും അനുവദിച്ച ഉടനെ ആ വകയ്ക്കു ചിററാപിടിച്ചു തെളിവുശീട്ടു എഴുതി അതാതു പു
തുവൽ ഉടമസ്ഥന്മാർക്കു കൊടുത്തു ആക്ഷേപം തീർത്തു പേരുവിവരത്തിനു ലിസ്റ്റ് ഉണ്ടാക്കി കരം
പിരിക്കാൻ മണ്ടപത്തുംവാതുക്കൽ ഏല്പിക്കയും ആ വിവരത്തിനു അതാതു പുള്ളിക്കാർക്കു നോ
ട്ടീസു അയക്കയും ചെയ്യണമെന്നും ഇതിന്മണ്ണം നടത്തുന്നതായാൽ ഫീൽഡുവേല ആരംഭിച്ച
അടുത്തകൊല്ലം ഈ വകകരത്തിൻെറ കാര്യം നിർണ്ണയപ്പെടുന്നതാണെന്നും റവന്യൂക്കാർക്കു അതുമു
തൽ കരം ആണ്ടുതോറും പിരിപ്പിക്കാമെന്നും കുടിശ്ശിഖക്കു അതുനിമിത്തം കുടികൾക്കു ഭാരം
തോന്നുന്നതിനു ഇടവരുന്നതല്ലെന്നും ഫീൽഡുവേല തീർന്നതിൽ പിന്നീടുവരുന്ന പുതുവൽ അപേ
ക്ഷകൾ സ്വല്പമായെ ഇരിക്കു എന്നും അതുകൾ വരുന്ന ക്രമത്തിനു മേൽപ്രകാരം തീർച്ചചെയ്യു
ന്നതിൽ താമസം നേരിടുന്നതല്ലെന്നും ഇപ്പോൾ സെററിൽമെൻറുവേല തുടങ്ങി അധികകാലമാ
യ താലൂക്കുകളിലേക്കു മേൽപ്പറഞ്ഞ വ്യവസ്ഥ ഉപയോഗപ്പെടുകയില്ലെന്നും കഴിഞ്ഞ രണ്ടുമൂന്നു
സംവത്സരത്തിന്നിപ്പുറം വേലതുടങ്ങിയിട്ടുള്ള മണ്ടപത്തുംവാതുക്കളിലേയ്ക്കും മേലാൽ വേല ആ

രംഭിക്കപ്പെടുന്ന സ്ഥലങ്ങളിലേയ്ക്കും ഠാം ഏപ്പാടിനെ ഉപയോഗപ്പെടുത്താവുന്നതാകുന്നു എന്നും കല്പിച്ചു അനുവദിക്കുന്ന പക്ഷം ഇതിലേക്കു നടപടിക്രമത്തിനു അറിവോടുകൂടി എഴുതി അയച്ചു നടത്തിയ്ക്കാമെന്നും തോന്നി എഴുതി അയച്ചിരുന്നതിനെ കല്പിച്ചു അനുവദിച്ചിരിക്കുന്നതായി കൊട്ടാരം സർവ്വാധികാരം വിചാരിക്കുന്ന രജിസ്ട്രേഷൻ ഡയറക്ടർ ൧൦൩൭ മത നമ്പരിൽ ധനുമാസം ൨൭നു എഴുതിയ സാധനം വന്നു ഇതിലേക്കു നടപടി ക്രമത്തിനു അറിവെഴുതിച്ചു ഇതുസഹിതം അയച്ചിരിക്കുന്നതിനാൽ അതിലെ താല്പര്യപ്രകാരം ശരിയായി നടത്തിക്കയും വിവരം അസിസ്റ്റൻറന്മാരു, സൂപ്പർവൈസ്സരന്മാരു, ഇവരെ തെര്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

ഇച്ചെയ്തിഎല്ലാം മാതേവൻ പിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വയ്ക്കയുംവേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ,
ദിവാൻ ശംകരസുബ്ബയ്യൻ.

---

## അറിവു.

കണ്ടെഴുത്തു നടപടി പ്രകാരം പതിക്കപ്പെടുന്ന പുതുവല്പകൾക്കു കരക്കടിസ്ഥാപ അതു പുതുവല്പകൾ ഫീൽഡു റിക്കാഡിൽ പതിയപ്പെടുന്ന തീയതി മുതൽ കണക്കാക്കി അതതു താലൂക്കിൽ സെററിൽമെൻറു വേല തുടങ്ങി പട്ടയം കൊടുക്കുന്നതിൽ പിന്നീടു ഒന്നായിട്ടു ഇടയാകുവാൻ ഇപ്പോൾ ഏപ്പാടുള്ളതിനെ കല്പനപ്രകാരം ഭേദപ്പെടുത്തി ആ വകയ്ക്കു നടപടി വിവരത്തിനു എഴുതിട്ടുള്ള അറിവു.

൧. സർവ്വെ നമ്പരുംപടി ഭൂമി തിട്ടം വരുത്തി ക്ലാസിഫിക്കെഷൻ രജിസ്റ്ററിൽ പതിച്ചു പോകുമ്പോൾ പുതുവല്പകളായുള്ള സർവ്വെ നമ്പ്രകൾക്കു ആ രജിസ്റ്ററിൽ വിവരപ്പെടുത്തി എഴുതുന്നതിനെ അതതു സമയം പുതുവൽ ബുക്കിലും പതിക്കണം.

൨. അങ്ങിനെ ഓരോ നമ്പ്ര പതിച്ചയുടനെ അപെക്ഷ മൊഴിവാങ്ങി അയൽക്കാററൊടു വിചാരണയും നടത്തി റിക്കാട്ടുചെയ്യണം.

൩. ഏതെങ്കിലും പുതുവൽ ഭൂമി വകക്കു ഉടൻ വിചാരണ നടത്തുവാൻ പാടില്ലെന്നും മിനക്കെടു ഉണ്ടാകുമെന്നും കണ്ടാൽ അതിലേക്കുള്ള കാരണം കണ്ടു ക്ലാസിഫയർ റിക്കാഡു ചെയ്യണം. അതിനെ പിന്നീടു ഏതു തീയ്യതി മുതൽ വിചാരണ ചെയ്യാൻ എളുപ്പമുണ്ടോ ആ തീയ്യതിയിൽ നടത്താൻ തക്കവണ്ണം മുൻപിൽ കൂട്ടി നോട്ടീസ്സുമുതലായ്ത കൊടുത്തു വിചാരണ നടത്തേണ്ടതാണ. ഫീൽഡു വേലതീരുന്നതിനു മുൻപുതന്നെ പുതുവൽവിചാരണ എല്ലാവകയ്ക്കും തീരാൻ കഴിയുന്നതും നോക്കേണ്ടതാകുന്നു.

൪. ഫീൽഡുവേല പരിശോധനയ്ക്കു പോകുന്ന ഡിപ്പ്ടി സൂപ്പർവൈസ്സർമാർ, സൂപ്പർവൈസർ മുതലായവരു ഇതിങ്കൽ പ്രത്യേകം ദൃഷ്ടി വയ്ക്കയും വേലയെ ചെക്ക് ചെയ്കയും വീഴ്ചകൾ കാണുന്നതുകളെ ഉടനുടൻ നിവൃത്തിക്കുകയും ചെയ്യണം.

൫. പുതുവല്പകൾ, ആയക്കെട്ടു ഭൂമികൾ ഉടമസ്ഥന്മാൎക്കു ആയിരുന്നാലും ഈവിധം വിചാരണ പ്രത്യേകം ചെയ്യുന്നതുകൊണ്ടു വിരോധമില്ലാ. അതിനെ വിചാരിച്ചു ഈ വിചാരണയെ അകത്തി വച്ചുകൂടാത്തതുമാകുന്നു.

൬. പുതുവൽ വിചാരണക്കു ആധാര പ്രമാണങ്ങൾ സാധാരണമായി ബോധപ്പെടുവാൻ ഇല്ലാത്തതുകൊണ്ടു വിചാരണ കഴിയുന്നതും ചുരുക്കത്തിൽ ആയിരിക്കാൻ സംഗതിയുള്ളതാകുന്നു. തക്കങ്ങൾ ഇരുന്നാൽ ആ തക്കത്തിൻെറ സ്വഭാവം അറിവാൻ തക്ക വിചാരണ കൂടി ചെയ്യണം. ഇതിനുമുന്നും ഫീൽഡു വിചാരണയോടു കൂടി പുതുവല്പകൾ വകയ്ക്കു വിചാരണ തീൎന്നയുടനെ അതുകളുടെ തീർച്ചക്കു മേൽ സ്ഥലത്തു അയക്കണം. സൂപ്പർ വൈസ്സർ മുതൽപേരു ഫീൽഡു പരിശോധനക്കു പോകുമ്പോൾ സ്ഥലത്തുവെച്ചു തീർച്ച പതിക്കാ

മെന്നുള്ളതിനൊക്കയും അതിന്മണ്ണം ചെയ്യേണ്ടതാകുന്നു.

൭. തീർച്ചപ്പെടുന്നതുപോലെ ആ വകക്ക പേരൊട ഉടനെ പതിക്കണം.

൮. ഇതിന്മണ്ണം വിചാരണ ചെയ്തു തീർച്ചപ്പെട്ട തീർച്ചപോലെ തിരിച്ചു തീർന്നാൽ അതാതു പകുതിക്ക പതുവൽ നമ്പ്രാം മുതലായ്തു കാണിച്ചു ലിസ്തുണ്ടാക്കി പേഷ്കാർക്ക അയക്കയും പേഷ്കാർ അതുകളിലെ സ്ഥിതിപോലെ ബ്ലാക്ക തിരിച്ചു റേറ്റ ഏല്പെടുത്തുവാൻ വേണ്ട വ്യവസ്ഥചെയ്കയും ചെയ്യണം. സ്ഥലത്തു സൂപ്പർവൈസ്സർ, അസിസ്റ്റന്റ മുതലായവക്ക പകുതികൾ തിരിച്ചു കൊടുക്കയും പേഷ്കാരും ഏതാനും പകുതികൾ നോക്കുകയും ചെയ്യേണ്ടതാകുന്നു.

൯. നിലമൊ പുരയിടമൊ ഏതായിരുന്നാലും ആ പുതുവല്വകളുടെ സ്ഥിതിയും അതിന്റ പുറം കിടപ്പുള്ള ആയക്കെട്ട ഭൂമികളുടെ സ്ഥിതിയും നോക്കി തരവും റേറ്റും നിശ്ചയിക്കേണ്ടതാകുന്നു. അങ്ങനെ നിശ്ചയിക്കപ്പെടുന്ന റേറ്റ ആ ബ്ലാക്കിന മുഴുവനും ഉപയോഗപ്പെടുത്തത്തക്കതായിരിക്കണം. പുറം ആയക്കെട്ട ഭൂമി ഇല്ലാതെയിരുന്നാൽ മറ്റുള്ള സ്ഥിതികളെ യോജിച്ചു റേറ്റ ഏല്പെടുത്തുന്ന ക്രമംപോലെ ചെയ്യണം. ഈ റേറ്റ പിന്നീട ഭേദപ്പെടുത്തത്തക്കതല്ലെന്ന ഓൎമ്മിക്കണം. ബ്ലാക്ക റേറ്റ നിൎണ്ണയപ്പെടുത്തി തീൎന്നാൽ അതനുസരിച്ചു കരത്തിന്റെ വകക്ക നമ്പ്രവാരി സ്റ്റേറ്റമെന്റ തയ്യാറാക്കി പകുതി തിരിച്ചു തയ്യാറാക്കുന്നതുപോലെ അനുവാദത്തിന ഇവിടെ അയക്കേണ്ടതാകുന്നു. അതോടുകൂടി അയക്കപ്പെടുന്നസ്റ്റേറ്റ്മെന്റിൽ അതിൽ ഉൾപ്പെട്ട പുതുവൽ നമ്പ്രുകളെ ബ്ലാക്കമാക്ക ചെയ്തിരിക്കണം.

൧൦. സ്റ്റേറ്റമെന്റുകൾക്ക അനുവാദം ഉണ്ടായ ഉടനെ പകൎപ്പെടുത്തു തെളിവുശീട്ട തയ്യാറാക്കി പുതുവൽ വകയുള്ള തെളിവുശീട്ട എന്ന തലവാചകം എഴുതി അതാതു കുടികൾക്ക കൊടുക്കണം. ആക്ഷേപം ബോധിപ്പിക്കാനുള്ളതിനുള്ള അവധി കഴിയുന്നതും ചുരുങ്ങിയിരിക്കേണ്ടതാകുന്നു. ആക്ഷേപ ഹൎജികൾ വരുന്ന വകക്ക ഉടനടൻ തീരുമാനംചെയ്യണം.

൧൧. അതിന്മണ്ണമുള്ള നടപടി ഒതുങ്ങി തീൎന്നാൽ ഒന്നാംനമ്പ്രമായി ഒരു ലിസ്തു പകുതിതിരിച്ചു ഉണ്ടാക്കി മണ്ടപത്തുംവാതുക്കലേക്ക അയക്കേണ്ടതാകുന്നു. അതു ഇപ്പോഴത്തെ നടപ്പുപോലെ സൎവ്വെ നമ്പ്ര, പട്ടയവിവരം, വിസ്തീൎണ്ണം, പാട്ടം കുടിശ്ശിഖത്തുക, ഇതുകളും കാണിക്കണം. ഇങ്ങനെ ലിസ്തു എത്തിച്ച വിവരം ഹജൂരിലേക്ക റിപ്പോൎട്ടചെയ്യണം. ആ റിപ്പോൎട്ടുവന്നതിൽപിന്നെ പട്ടയം പതിപ്പിക്കുന്നതിന ഇവിടെ നിന്നും ഉത്തരവുകൊടുക്കുന്നതാകുന്നു.

൧൨. അസൽ പട്ടയം ഉടനടൻ കൊടുക്കാൻ ആവശ്യമില്ലാ. ആക്ഷേപ ഹൎജികൾ പ്രമാണിച്ചു ഏതെങ്കിലും വകക്ക തെളിവുശീട്ട ഭേദപ്പെട്ടിരുന്നാൽ അതനുസരിച്ചു രണ്ടാമത് ഒരു തെളിവുശീട്ട മാത്രം കൊടുത്താൽ മതി. ഫീൽഡു വേലസമയം ബുക്കിൽ വരുന്ന ഭൂമികൾ ഒക്കെയും ഇതിന്മണ്ണം ഒതുങ്ങി തീൎന്നാൽ നൂതന അപേക്ഷകൾ വരുന്നതിന വിശേഷനടപടി വേണമെന്നില്ലാ. ചട്ടപ്രകാരം അനുവാദംകൂടാതെ ആ ഭൂമികളിന്മേൽ പ്രവേശിക്കാൻ പാടില്ലാ. അപേക്ഷപ്പടി വിചാരണ കഴിച്ചു തീൎച്ചപ്പെടുന്നതുപോലെ പ്രവേശിക്കാവുന്നതുമുള്ളൂ. അതുകൾ ആയക്കെട്ട ഭൂമിയുടെ വകക്ക സെറ്റിൽമെന്റ ഒതുങ്ങുന്ന സമയം ഏതെങ്കിലും ആതുപോലെ തെളിവുശീട്ട കൊടുത്താൽമതിയാകും. എന്നാൽ രജിസ്ട്രേഷൻ വിചാരണയിൽ അപേക്ഷമൊഴി കൊടുക്കുമ്പോൾ ഇന്നപ്പോൾ മുതൽ കരം കൊടുക്കുന്നതാണെന്നുള്ള വിവരം ഇപ്പോഴത്തെ ക്രമംപോലെ വരുത്തി ഇരിക്കേണ്ടതും അതനുസരിച്ചു കുടിശ്ശിഖത്തുക തെളിവുശീട്ടിൽ കാണിക്കാനുള്ളതുമാകുന്നു.

൧൩. ഫീൽഡു വേലസമയം പതിയപ്പെട്ട ലിസ്തിൽ കൊള്ളിക്കപ്പെട്ടിട്ടുള്ള പുതുവലുകൾക്ക അവസാന സെറ്റിൽമെന്റിൽ മറവവസ്തുക്കൾക്കൊപ്പം പട്ടയം കൊടുപ്പാനുള്ളതാണ്.

൧൪. ഈ അറിവിൻപ്രകാരമുള്ള വ്യവസ്ഥ നൂതനമായി പ്രവേശിക്കപ്പെടുന്ന താലൂക്കുകൾക്ക ഉപയോഗപ്പെടുന്നതു കൂടാതെ കൊട്ടാരക്കര, പത്തനാപുരം, കുന്നത്തൂർ, ചെങ്കോട്ട, ചങ്ങനാശേരി, കോട്ടയം, ഈ താലൂക്കുകളിലേക്കും സംബന്ധിക്കുന്നതാകുന്നു. ഈ സ്ഥലങ്ങളിൽ ഫീൽഡു വേലയിന്റ അധികം പാറയായിട്ടില്ലെന്ന കാണുന്നതിനാൽ പുതുവൽ വിചാരണ ആദ്യമായി മേല്പറഞ്ഞ ക്രമത്തിന നടത്തി പ്രത്യേകം സെറ്റിൽ ചെയ്യേണ്ടതാകുന്നു.

൧൦൭൩ാമാണ്ടു }
മകരമാസം ൨൩-ാം }

നമ്പ്ര ൧൨ ൧൯

ഹജൂർ കണ്ടെഴുത്ത് ഡിപ്പാൎട്ടുമെൻറ്.

൧൦൭൩-ാമാണ്ട മീനമാസം ൨൭-
൧൮൯൮-ാംവൎഷം ഏപ്രിൽമാസം ൯-
തിരുവനന്തപുരം.

ഇവിടത്തെച്ചെയ്തിആവിതു.

കോട്ടയം താലൂക്കിൽ ഉള്ള പുതുവൽ കേസുകൾ എല്ലാം ഹജൂരിൽ നിന്നും എഴുതിചെന്ന അനുസരിച്ചു കണ്ടെഴുത്തിൽ ഏല്പിച്ചു കൊടുക്കുന്നതിനു തഹശീൽദാൎക്കു എഴുതയച്ചിട്ടുണ്ടെന്നും എന്നാൽ കോട്ടയം ടൌണിനകത്തു പതിയേണ്ടതായി കിടപ്പുള്ള മിക്ക സ്ഥലങ്ങളും സൎക്കാരിലേക്കും പൊതുവായും ഓരൊ ആവശ്യങ്ങൾക്കു വേണ്ടി വരുമെന്നുള്ളതും ആവക അവശ്യങ്ങൾ ഇന്നതെല്ലാമെന്നു ഇപ്പോൾ ക്ലിപ്തപ്പെടുത്തുന്നതിനു മാൎഗ്ഗം ഇല്ലാത്തതും ആകയാൽ ടി ടൌണിനകത്തുൾപ്പെട്ട സ്ഥലങ്ങൾ പതിച്ചു കിട്ടണമെന്നു ഓരോരുത്തൻ അപേക്ഷിച്ചുനടപടിയിൽ കിടപ്പുള്ളതും മേലാൽ അപേക്ഷവരുന്നതുമായ വകകൾ ഡിവിഷനിൽ എഴുതിഅയക്കയും അതിലെക്കു തിട്ടം വരുത്തിച്ചു അവിടെ നിന്നും മറപടിഅയക്കുന്നതുപൊലെ മേൽ നടപടിനടത്തി തീൎച്ചമാനിക്കയും ചെയ്യുന്നതിനു ഉത്തരവുണ്ടാകണമെന്നും കോട്ടയം ഡിവിഷനിൽനിന്നും ടി മാസം ൧൭-൨൭൮-ാംനമ്പ്രായി എഴുതിയ സാധനം വന്നിരിക്കുന്നു.

That no [illegible] should be registered within the limits of the Kottayam town without the sanction of Government.

കോട്ടയം ടൌണിനകത്തുപുതുവൽപതിച്ചു കൊടുക്കേണ്ടവകയായവരുന്ന അപേക്ഷകൾക്കു ക്രമപ്രകാരം നടപടിനടത്തി ആവക കേസുകളെ ഗവൎമ്മെന്റു അനുവാദത്തിനായി അയക്കയും അനുവാദം ഉണ്ടാകുന്നതുപൊലെ മേൽനടപടി നടത്തുകയും ചെയ്വാൻ ചട്ടംകെട്ടിക്കൊള്ളണം.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വെയ്ക്കയും വേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ,
ദിവാൻ ആണറബിൾ ശങ്കരസുബ്ബയ്യൻ.

---

നമ്പർ ൧൨൪൦.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെണ്ടു.

൧൦൭൩-ാമാണ്ട മെടമാസം ൪-
൧൮൯൮-ാംവൎഷം ഏപ്രിൽ മാസം൧൫-
തിരുവനന്തപുരം.

ഇവിടത്തെച്ചെയ്തി ആവിതു.

കിളികൊല്ലൂർ പ്രവൃത്തിയിൽ കന്നിമെൽചേരിയിൽ കാവുങ്ങൽ ടി ഗം മാതേവൻ നീലമ്പിപേരിൽ മുഖത്തല ദേവസ്വംവക സംകേതകാഴ്ചു എന്ന ഇനത്തിൽ പത്തുപണം പിറവകയായികൊണ്ടുതീൎന്നുവരുന്നതായും ടി പിറവക വസ്തുവിന്മേൽ കൊണ്ടതെന്നു വിചാരിപ്പാൻ മാൎഗ്ഗമില്ലാത്തതുകൊണ്ടു തിരുവെഴുത്തു വിളംബരപ്രകാരം കുറവിൽ ചേൎക്കുന്നതിനു നിദാനം വരണമെന്നും മൈ ൨൪/൩൦ ാമത നമ്പരിൽ മീനമാസം ൨൭-എഴുതിയ റിപ്പൊൎട്ടു വന്നിട്ടുള്ളതിനു,

Sanctions the abolition of the extra cess known as 'Mukathala Devaswam sanketakas.'

റിപ്പോൎട്ടോടുവന്ന അനുബന്ധകൂട്ടിനാൽ ടി പിറവക കരം വസ്തുവിന്മേൽ കൊണ്ടതായിവിചാരിപ്പാൻ ഇടയില്ലെന്നുതന്നെ ഇവിടെയും വിചാരിക്കുന്നു. ആളിൻപെരിലും തൊഴിലിൻപെരിലും കൊണ്ടിട്ടുള്ള പിറവക കരങ്ങൾ മേലാൽ പിരിപ്പിക്കാൻ ആവശ്യമില്ലെന്നു കണ്ടെഴുത്തുവിളംബരം ൧൩-ാംവകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്ന സ്ഥിതിക്കും ടി പിറവക ആളിൻപെരിൽ

കൊണ്ടതെന്നു കാണുന്നകൂട്ടത്തിനും ഒരം വക കരത്തെ കറവിൽ ഉൾപ്പെടുത്തുന്നതിനും അനുവദിച്ചിരിക്കുന്നു.

ഈച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വയ്ക്കയും വേണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ,
ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ.

---

നമ്പ്ര ൧൨൧൭

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെന്റ

൧൦൭൩-ാമാണ്ടു മേടമാസം ൨൩-
൧൮൯൮-ാം വർഷം ഏപ്രിൽ മാസം ൫-
തിരുവനന്തപുരം

ഇവിടത്തെച്ചെയ്തി ആവിതു

Sanctions the abolition of the extra cess known as 'kalpnarasi'.

കിളികൊല്ലൂർ പ്രവൃത്തിയിൽ ചേരിയിൽ മാണികാശത്തു മേത്തൻ മിതിയൻ പരദേശി പേരിൽ കല്പനരാശി എന്ന ഇനത്തിൽ രണ്ടര പണം പിറവകയായി കൊണ്ടു തീർന്നുവരുന്നതായും ഈ വകകരം വസ്തുവിൻമേൽകൊണ്ടതെന്നു വിചാരിപ്പാൻ തണ്ടപ്പേരിനാൽ വിവരം ഇല്ലാതേയും ഇതിലേക്കപിറവക വിളക്കം കാണ്മാനില്ലെന്നു പിള്ള സാക്ഷ്യപ്പെടുത്തിയും ഇരിക്കുന്നതിനാൽ ഈ പിറവക വിളംബരപ്രകാരം കറവുചെയ്യുന്നതിനു നിദാനംവരണമെന്നും ൧൦൭൩-ാമാണ്ടു നമ്പ്രിൽമീനമാസം ൨൩-എഴുതിയറിപ്പോർട്ടുവന്നിട്ടുള്ളതിനു

അതിനുണ്ണ്ടം ആയിരുന്നാൽ കണ്ടെഴുത്തുവിളംബരം ൨൩-ാം വകുപ്പിലെ താല്പര്യപ്രകാരം ഈ പിറവകകരം കറവുചെയ്യുന്നതിനു അനുവദിച്ചിരിക്കുന്നു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വെക്കയും വേണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ
ദിവാൻ കെ. കൃഷ്ണസ്വാമിരായർ.
ദിവാൻബഹദൂർ.

---

നമ്പർ ൭൨൩൪.

തിരുവനന്തപുരം.

ജമാബന്തിരായസം.

൧൦൭൩-ാമാണ്ടു മേടമാസം ൧൦-
൧൮൯൮-ാംവർഷം ഏപ്രിൽമാസം ൨൩-

ഇവിടത്തെച്ചെയ്തിആവിതു.

ആ ഡിവിഷനിൽ ചെന്ന ഇരണിയൽ, കൽക്കുളം, വിളവംകൊട്ട ഒരം താലൂക്കുകളിൽ

Sanctioning the Tengapattom levied in kind till 1073 M.E in the Taluks of Eraniel, Kalkulam and Vilavankod being realised in money at the rate of 16 fs. per 100 cocoanuts pending the general settlement of the Taluks.

തേങ്ങാപാട്ടം വകയിൽ അധികം മുതലുള്ളതായും ആയ്തു പിരിപ്പിക്കുന്നവിഷയത്തിൽ കുഴപ്പങ്ങൾ ഉള്ളതായിട്ടും കണ്ടു ഇതിലേക്കു ശരിയായ ഏർപ്പാടു ചെയ്യുന്നതിനു വേണ്ട ഭാഗങ്ങൾ നിശ്ചയപ്പെടുത്തി എഴുതിഅയപ്പാൻ എഴുതി അയച്ചിരുന്നതിനു സ്ഥലങ്ങളിൽ എഴുത്തയച്ചു തിട്ടംവരുത്തി തെങ്ങാപാട്ടം വകയിൽ മെൽപറഞ്ഞ മൂന്നു താലൂക്കുകളിലും ഉള്ള മുതലിനും തേങ്ങായായിട്ടും വെളിച്ചെണ്ണ ആയിട്ടും ചിലവുള്ളതിനു ൧൦൦-നു പത്തുപണം വീതം പിരിപ്പിക്കുന്നതിനു മുൻപു ഏർപ്പാടുണ്ടായിട്ടുള്ളതനുസരിച്ചു പിരിപ്പിച്ചു വരുന്ന തേങ്ങാക്കും മററും സ്റ്റെററുമെൻറുകൾ തയ്യാറാക്കിച്ചും തേങ്ങാതിപ്പാനുള്ളതിൽ ഏതാനും പേരെ കൊണ്ടു എഴുതിവയ്പിച്ചും അയച്ച പെഷ്കാരിടെ റിപ്പോർട്ട്‌വന്നു മെലെഴുതിയ മൂന്നുതാലൂക്കുകളിലുമായി ൩,൪൨,൭൩൯ തെങ്ങാമുതലുള്ളതിൽ മുമ്പു ഏർപ്പാടുണ്ടായതനുസരിച്ച് ൨,൨൨,൪൭൨ തേങ്ങാക്കു നൂററിനു പത്തുപണം വീതം പിരിപ്പിച്ച് വരുന്നതു കഴിച്ച് മതിലകം ഉൾപ്പെട്ട ദേവസ്വങ്ങൾക്കും ഊട്ടുകൾക്കും തേങ്ങായായിചിലവിനു ൩൧,൮൩൧ അരയും വെളിച്ചെണ്ണചിലവിനു ൩,൬൮,൩൮൬ അരയും ഇങ്ങനെ ൪,൨൦,൨൪൭ തേങ്ങാ തേങ്ങായായിപിരിപ്പിക്കാൻ ഏർപ്പാടുള്ളതെന്നു കാണുന്നു എന്നും ഇങ്ങനെ തേങ്ങായായി വകവച്ചിട്ടുള്ളതിനു ഇപ്പഴത്തെ സെററിൽമെൻറിൽ കരം ഏർപ്പെടുത്തുന്നതുവരെ നൂററിനു ൧൬-പണം വീതം തീർപ്പിക്കുന്നതായാൽ കുടികൾക്കു ലാഘവമായിരിക്കുമെന്നും ഏതാനും കുടിയാനവന്മാരു ബോധിപ്പിച്ചിരിക്കുന്നതായും തേങ്ങായായും വെളിച്ചെണ്ണയായും ചിലവുവരുന്നതിനു ൧൦-ആണ്ടത്തെ നിരക്കുംപ്രകാരം ശരാശരി മൂന്നുതാലൂക്കിലേക്കും കൂടി ആണ്ടുഒന്നുക്കു ൭൩,൬൯൧-കാലെ മുണ്ടാണി മുക്കാമാഹാണി പണം വരുന്നതിൽ കുടികൾ ബോധിപ്പിക്കുന്നതുപോലെ നൂററിനു ൧൬-പണം വീതം ൩൩,൦൩൭-മുക്കാമാഹാണി പണം ഉള്ളതു കഴിച്ചാൽ ൧൦,൬൫൪-കാലെമുണ്ടാണി പണം ഇപ്പഴത്തെസ്ഥിതിയിൽ വിലയിൽ കുറവുവരുമെന്നും അതിൽ മതിലകത്തു തിരുവോണം ചുററുവിളക്കുവകയ്ക്കു വെളിച്ചെണ്ണ അളക്കുന്നതിനു ആണ്ടു ഒന്നുക്കു ൧൪൪-പണം വീതം ഉടമ പതിവുള്ളതു പിടിത്തംവരുന്നതുനീക്കിയാൽ ൧൦,൩൯൦-കാലെമുണ്ടാണി പണം കുറവുവരുന്നുണ്ടെങ്കിലും കുടികളുടെ ക്ഷേമത്തിനേയും നിരക്കു ഓരൊസമയത്തു ഓരൊപ്രകാരത്തിൽ ഇരിയ്ക്കുമെന്നുള്ളതിനെയും ഒരെനിരക്കുവച്ചു പണമായി പിരിപ്പിക്കുന്നതിൽ ഉള്ള സ്വച്ശതയെയും നോക്കുംപൊൾ കുറവിനെപ്പററി അത്ര ഗൌനിപ്പാനില്ലെന്നും മേൽപ്രകാരം നൂററിനു ൧൬-പണം വീതം പിരിപ്പിക്കുന്നതിനു ഏർപ്പാടുചെയ്യുന്നതു കുടികൾക്കും സർക്കാരിലേയ്ക്കു കാര്യനടപ്പിനും അനുകൂലമായിരിക്കുമെന്നും പേഷ്കാരു അഭിപ്രായപ്പെട്ടിരിക്കുന്നു എന്നും തേങ്ങായായി വകവച്ചിട്ടുള്ളതു മുഴുവനും അതതാണ്ടു ശരിയായി പിരിയുന്നതിനു പ്രയാസമായും പിരിയുന്നതേങ്ങാ ഇട്ടുസൂക്ഷിക്കുന്നതിനു പ്രത്യേകസ്ഥലങ്ങൾ ഇല്ലാതെയും ഇരിക്കുന്നു എന്നുമാത്രമല്ലാ തേങ്ങാതരത്തിൻപടി തീർക്കുന്നതിനു കുടികൾക്കു എളുപ്പമില്ലാതെ വാശികൂട്ടി പിരിപ്പിക്കേണ്ടിവരുന്നതിൽവച്ചു അവർക്കു പലവിധമായ നഷ്ടത്തിനും സംകടത്തിനും കാരണമായിതീരുന്നു എന്നും തേങ്ങാ ഈടാക്കുന്നവിഷയത്തിൽ ചില്ലറ ജീവനക്കാരരിടെ അഴിമതിക്കും സർക്കാർ മുതൽനഷ്ടത്തിനും ഇടവരുന്നുണ്ടെന്നും പേഷ്കാർ എഴുതിയിരിക്കുന്നു എന്നും അതു ശരിയാണെന്നും കീഴ്ക്കട പരിഞ്ഞിട്ടുള്ളവകയിൽ അധികം തേങ്ങാ പ്രവൃത്തിയിൽ ജീവനക്കാരരുടെ പേരിൽ ഇരിപ്പു എഴുതി ആ വകയിൽ വളരെപണം ഒരംടാകേണ്ടതായിട്ടും അതുകൾ അപ്പഴപ്പോൾ ശരിയായി വസൂൽ ആകാതെ ആണ്ടുതോറും നിൽവ്‌വർദ്ധിച്ചു കണക്കിനു സുമാറില്ലാതെ കുഴപ്പമായി തീരുന്നപ്രകാരവും കാണപ്പെടുന്നുണ്ടെന്നും കുടികൾ അതതുസമയം തേങ്ങാ ശരിയായി ഏൾപ്പിക്കാത്തനിമിത്തം സർക്കാരിൽ നിന്നും മുമ്പേറായി പണം ചിലവുചെയ്തു തേങ്ങായും വെളിച്ചെണ്ണയും വരുത്തി അടിയന്തിരം നടത്തിക്കുന്നതിൽ വിലവാശി നഷ്ടം ഉണ്ടാകുന്നതു ഒരംടാക്കുന്നവിഷയത്തിലും പലപ്പഴം ഉപദ്രവവും അനാവശ്യച്ചിലവും നേരിട്ടുവരുന്നു എന്നും ഈ എല്ലാസംഗതികളെക്കുറിച്ചും യൊജിക്കുംപോൾ തേങ്ങാപ്പാട്ടം കൊണ്ടിട്ടുള്ള വസ്തുക്കൾക്കു സെററിൽമെൻറിൽ പാട്ടം നിർണ്ണയപ്പെടുത്തി കരത്തിനു ഏർപ്പാടുണ്ടാകുന്നതുവരെ പേഷ്കാർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ മുന ഏർപ്പാടനുസരിച്ചു ഇപ്പോൾ ൧൦-പണം വീതം പിരിപ്പിച്ചുവരുന്നതു കഴിച്ചു ശേഷംതേങ്ങായ്ക്കു നൂററിനു ൧൬-പണം വീതം വിലവച്ചു പിരിപ്പിക്കുന്നതുതന്നെ കൊള്ളാമെന്നു വിചാരിക്കുന്നു എന്നും ഇങ്ങനെ ചെയ്യുന്നതായാൽ മുൻ പ്രസ്താവിച്ചപ്രകാരമുള്ള പലവിധമായ ദോഷങ്ങൾക്കു നിവൃത്തിയായിരിക്കുമെന്നു മാത്രമല്ലാ സർക്കാരിലേയ്ക്കു അനാവശ്യമായ നഷ്ടങ്ങൾ ഉണ്ടാകാതെ ശരിയായി നടക്കുന്നതിനു ഇടയുള്ളതുമാ

കുന്നു എന്നും എന്നാൽ കീഴക്കട പത്താണ്ടത്തെ ശരാശരിക്രമത്തിനു നൂറു തേങ്ങായ്ക്കു ൧൭ പണത്തിലധികം വിലയുണ്ടെന്നും ആ വകയിൽ ആണ്ടു ഒന്നുക്കു ൧൦,൭൨൫-കാശെമുണ്ടാണിപ്പണം കുറവു വരുമെന്നും കാണുന്നു എന്നും ഇതിലെ സ്വഭാവത്തിനു കീഴ്ക്കട നിരക്കുവിലയിൽ വരുന്ന ൫൦ം കുറവിനെ ഗണിക്കത്തക്കതായിരിക്കുന്നില്ലെന്നും പണമായിട്ടു പിരിക്കുന്നതിനു വ്യവസ്ഥചെയ്തു സർക്കാരിലേയ്ക്കു ആവശ്യമുള്ള തേങ്ങായ്ക്കും വെളിച്ചെണ്ണയ്ക്കും മറെറ്റു കുത്തകയ്ക്കു ആളേൾപ്പെടുത്തി നടത്തിക്കുന്നതായാൽ ലാഭം ഉണ്ടാകുവാനും മാർഗ്ഗം ഉണ്ടെന്നും ഇതിനെ കല്പിച്ചു അനുവദിക്കുന്നപക്ഷം വേണ്ടവ്യവസ്ഥചെയ്തു നടത്തിച്ചുകൊള്ളാമെന്നും എഴുതിഅയച്ചിരുന്നവിവരം തിരുമനസ്സറിയിച്ചതിന്റെശേഷം അപ്രകാരം കല്പിച്ചു അനുവദിച്ചിരിക്കുന്നതായി കൊട്ടാരം സർവ്വാധികാര്യക്കാറരു ൧,൦൦൪ ാമതു നമ്പരിൽ ൨൩-മേടം ൭൬-എഴുതിയ സാധനം വന്നിരിക്കകൊണ്ടു,

അതിന്മണ്ണം ൬൦ം തേങ്ങാപാട്ടം കൊണ്ടിട്ടുള്ള വസ്തുക്കൾക്കു സെററിൽമെൻറിൽ കരം വ്യവസ്ഥപ്പെടുന്നതുവരെ മുൻഏർപ്പാടുംപ്രകാരംനൂററിനു ൧൦ പണം വീതം പിരിപ്പിച്ചു വരുന്നതു കഴിച്ചു ശേഷം തേങ്ങായ്ക്കു നൂററിനു ൧൭ പണം വീതംഉള്ള വില കണക്കിൽ ൧,൦൭൫-ാമാണ്ടു മുതൽക്കു മുറപോലെ മുതൽക്കൂട്ടി പിരിപ്പിക്കുന്നതിനു ശട്ടം കെട്ടുകയും അപ്രകാരം മുതൽക്കൂട്ടുന്ന പണത്തിന്റെ തുക അറിയുന്നതിനു താലൂക്കും അധികാരവും തിരിച്ചു വിവരമായി ഒരു ലിസ്തു എഴുതിച്ചു വരുത്തി കൊടുത്തയച്ചു എഴുതിഅയയ്ക്കയും ചെയ്തുകൊള്ളണം.

ഒരോദേവസ്വങ്ങൾക്കും ഊട്ടുകൾക്കും കീഴിലെ പതിവുപോലെ കൊടുപ്പാനുള്ള തേങ്ങായും വെളിച്ചെണ്ണയും അതതു സമയങ്ങളിൽ കൊടുക്കേണ്ടതിലേയ്ക്കു കണക്കു നിശ്ചയപ്പെടുത്തി ഒരു ലിസ്തുഎഴുതിച്ചു ആ ലിസ്തുംപ്രകാരമുള്ള തേങ്ങായും വെളിച്ചെണ്ണയും അതതുസമയങ്ങളിൽതന്നെ ഏല്പിക്കുന്നതിനു മുമ്പിൽക്കൂട്ടി ക്രമപ്രകാരം കുത്തകയ്ക്കു ആളെപ്പെടുത്തി നടത്തിക്കയും ആവകക്കു വേണ്ടിവരുന്ന പണം പിരിഞ്ഞവകയിൽ വിവരം എഴുതി കൊടുപ്പിക്കയും ആയതിനുള്ള കണക്കു, പററുശീട്ടി മുതലായതു അയച്ചു കൈമാറി വരുത്തി കണക്കിൽ ചിലവെഴുതിക്കയും ചെയ്യുന്നതിനും ശട്ടംകെട്ടുകയും മേൽപ്രകാരം എഴുതുന്ന ലിസ്തിനു ഒരു പ്രതിവരുത്തി അയച്ചു റിപ്പോർട്ടുചെയ്കയും ചെയ്യേണ്ടതാകുന്നു.

കുത്തകയ്ക്കു ആളേൾപ്പെടുന്നതിൽ മതിലകംവകയ്ക്കു വേണ്ടുന്ന വെളിച്ചെണ്ണ മുതലായതിനു പ്രത്യേകം കുത്തകയ്ക്കു വ്യവസ്ഥചെയ്യേണ്ടതാകകൊണ്ടു അവിടെ ഏല്പിപ്പാൻ ഉള്ള വെളിച്ചെണ്ണയുടെയും മററും തുകയ്ക്കും ഏല്പിപ്പാനുള്ള തവണയ്ക്കും പ്രത്യേകം ഒരു ലിസ്തു തയ്യാറാക്കിച്ചു അയച്ചു റിപ്പോർട്ടുചെയ്യണം. മതിലകം തിരുവോണം ചുററുവിളക്കു വകയ്ക്കു മാസം ഒന്നുക്കു ൧൪-പണം വീതം ഉടമ പതിവുള്ളതു ൧൦൭൬-ാമാണ്ടു ആവണിമാസം മുതൽ പിടിത്തം എഴുതക്കേണ്ടതുമാകുന്നു.

ഇച്ചെയ്തിഎല്ലാം സ്ഥാണുസുബ്രഹ്മണ്യയ്യൻ വായിച്ചു പത്മനാഭയ്യൻ ദിവാൻപേഷ്കാരെ കേൾപ്പിച്ചുവയ്ക്കയും വേണം.

ഇച്ചെയ്തിയ്ക്കു സാധനം എഴുതിയ,

ദിവാൻ കെ. കൃഷ്ണസ്വാമിരായർ

ദിവാൻബഹദൂർ.

പത്മനാഭപുരം ഡിവിഷനിലേക്കു

---

നമ്പർ ൮൨൭൫.

ജമാബന്തി രായസം

൧൦൭൯-ാമാണ്ടു മേടമാസം ൧൬-

൧൯൦൪-ാം വർഷം ഏപ്രിൽമാസം ൨൮-

തിരുവനന്തപുരം

ഇവിടത്തെച്ചെയ്ത്തു ആവിതു.

That changes of lessees of Ambalapuzha Kandukrishi Neipura Kuttakapattom lands may be brought to book from time to time by the Kandukrishi department during the progress of settlement, but that such changes will be communicated to the settlement department for the issue of pattahs for these lands.

അമ്പലപ്പുഴകണ്ടുകൃഷി നെല്പുരകുത്തകപ്പാട്ടവസ്തുക്കളെ സംബന്ധിച്ചു കണ്ടെഴുത്തിൽനിന്നും വിചാരണ നടന്നുവരുന്നതിനാൽ ടി ഇനം വസ്തുക്കളെ കണ്ടുകൃഷിയിൽനിന്നും പേരുമാറിപതിക്ക മുതലായ നടപടികൾ നിറുത്തവയ്ക്കണമെന്നു സൂപ്പർവൈസരുടെ റിപ്പോർട്ടു വന്നതിനെപ്പററി എഴുതി അയച്ചിരുന്നതിനു എഴുത്തയച്ചിരുന്നതിലേയ്ക്കു ഈ വസ്തുക്കൾ നടപ്പുകാററു ഒഴികയും കൈമാറുകയും ചെയ്യുന്നതിലേയ്ക്കു ഉടനടൻ ഉറപ്പുവാങ്ങിയും നടപ്പിനു വ്യവസ്ഥചെയ്തും നടത്തിക്കേണ്ടതു ആവശ്യമാകയാൽ നടപടി നിറുത്തിവയ്പാൻ പാടുള്ളതായി തോന്നുന്നില്ലെന്നു കണ്ടുകൃഷി തഹശിൽദാരുടെ റിപ്പോർട്ടു ചെന്നിരിക്കുന്നതിനെക്കുറിച്ചു കൊല്ലം ഡിവിഷനിൽനിന്നും ൭൯- മേടം ൩൨- ൧൩൭൪-ാം നമ്പരായി എഴുതിയ സാധനം വന്നിരിക്കുന്നു.

കണ്ടുകൃഷി വസ്തുക്കൾ മറുകടികൾ നടന്നുവരുന്നതിലെക്കു ഉടനടൻ വിചാരണനടത്തി അതിലേക്കു വേണ്ടഉറപ്പുവാങ്ങിക്ക മുതലായ നടപടികൾ അപ്പഴപ്പോൾ നടത്തേണ്ടതു ആവശ്യമെന്നും അങ്ങനെ ചെയ്യാത്തപക്ഷം മുതൽ നഷ്ടത്തിനു ഇടവന്നേയ്ക്കുമെന്നുംകണ്ടു കണ്ടുകൃഷി വക വസ്തുവിനെ സംബന്ധിച്ചിടത്തോളം പേരു മാറിപതിക്ക മുതലായതു കീഴിൽ നടത്തി വരുന്നതുപോലെ കണ്ടുകൃഷിതഹശിൽദാർ മുഖാന്തിരം വിചാരണ നടത്തുന്നതിനും അപ്രകാരം വിചാരണ നടത്തി തീർച്ചപ്പെടുന്ന സംഗതികൾക്കു ഉടനടൻ കണ്ടെഴുത്തിലെക്കു കൂടി എഴുതി അയയ്ക്കുവാനും ചട്ടംകെട്ടുവാൻ മറുപടി അയച്ചിരിക്കുന്നു.

ഇച്ചെയ്ത്തു എല്ലാം മാതേവൻ പിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു, വൈയ്ക്കയും വേണം.

ഇച്ചെയ്ത്തിക്കു സാധനം എഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമിരായരു

ദിവാൻ ബഹദൂർ.

---

നമ്പ്ര ൩൦൭൬/൭൨.

തിരുവനന്തപുരം,

൧൦൭൯-ാമാണ്ടു മേടമാസം ൧൬-

൧൯൦൪-ാം വർഷം ഏപ്രിൽമാസം ൨൮-

മൂന്നു അസിസ്റ്റൻറുമാർക്കും.

പുറമ്പോക്കു സ്ഥലങ്ങളെ സംബന്ധിച്ചു ഹജൂരിൽ നിന്നും ൧൯൦൩-ാം വർഷം ഏപ്രിൽമാസം ൧൯-വന്നിട്ടുള്ള ലെട്ടറിനു പകപ്പു എഴുതിച്ചു ഇതിനോടുകൂടി അയച്ചിരിക്കുന്നു. അ

*That porampokes reclaimed and improved at the expense of labour and money should be registered only on levy of vilayartham calculated at 25 times the assessment and not for acreage value.*

തിലെ താല്പൎയ്യത്തെ നല്ലപോലെ ഗൌനിച്ചും ഇങ്ങനെയുള്ള പുറമ്പോക്കു കൾ ഏതു റവന്യൂ ഉദ്യോഗസ്ഥന്റെ അധീനത്തിൽ ഇരിക്കുന്നുവൊ അവരോടു യോജിച്ചും പതിച്ചു കൊടുക്കാമെന്നു കാണുന്ന സംഗതികളിൽ മതിയായ ദേഹണ്ഡം ഉള്ള വകകൾ ൧-ന ൨൫ വീതം ഉള്ള വിലയർത്ഥം തീൎപ്പിച്ചും അല്ലാതെയുള്ളതിനെ ലേലം ചെയ്തും പതിച്ചു കൊടുപ്പാനുള്ളതാകുന്നു. ഇതിന്മണ്ണം അല്ലാതെ ഈ ഇനം വസ്തുക്കളെ കേവലം പുതുവൽ ഭൂമികളുടെ സ്ഥിതിയിൽ തറവില കെട്ടിവയ്പിച്ചു പതിക്കുന്നതിനു പാടില്ലാത്തതും പുറമ്പോക്കു സ്ഥലങ്ങളെ സംബന്ധിച്ച കേസുകൾ ചില സൂപ്പർവൈസ്സർമാർ തീൎച്ച ചെയ്തു വരുന്നതായി കണ്ടു മേൽ ആ നടപടി പാടില്ലെന്നും ൧൦-ാമതു വകുപ്പിൽ ചേൎത്തു അയക്കേണ്ടതാണെന്നും ഉത്തരവു കൊടുത്തിരിക്കുന്നതും ആകുന്നു.

കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

അടയാളം.

---

നമ്പർ ൩൭൩൪/൭൭.

തിരുവനന്തപുരം.

൧൦൭൩-ാമാണ്ടു ഇടവമാസം ൧൧-നു
൧൮൯൮-ാം വർഷം ൬ മാസം ൨൩-നു

മൂന്നു അസിസ്റ്റൻറുമാൎക്കും

ചങ്ങനാശേരി ഒഴിച്ചു എല്ലാ സൂപ്പർവൈസ്സർമാൎക്കും വിളവങ്കോടു ഡി. സ്സ. നാരായണപിള്ളക്കും.

*Directing that assessment rates for wet lands should be so fixed that the net demand does not exceed or fall short of the munkaram by more than 10 per cent.*

കരുനാഗപ്പള്ളി താലൂക്കിൽ ചേൎന്ന ഒരു പകുതിയിലെ നിലം വകബ്ലാക്കു നമ്പ്രുവാരി സ്റ്റേറ്റുമെൻറു പരിശോധിച്ചതിൽ വളരെ നമ്പ്രുകൾക്കു ബ്ലാക്കു യോജിപ്പും, മുൻകരവും അനുസരിച്ചു റേറ്റ ഇടാത്തതുകൊണ്ടു തരത്തിൽ കൂടുതൽ കുറവു ചെയ്യേണ്ടതായിട്ടും, ബ്ലാക്കു സ്റ്റേറ്റുമെൻറുമാറി എഴുതേണ്ടതായും, അതു നിമിത്തം അനാവശ്യമായ പ്രയത്നത്തിനും കാലതാമസത്തിനും ഇടവന്നിരിക്കുന്ന പ്രകാരവും കാണുന്നു. ഇതു സമ്മതിക്കത്തക്കതല്ലാ. അതുകൊണ്ടു തരം ഇടുന്നതിൽ താഴെ പറയുന്ന ഭാഗങ്ങളെ ശ്രദ്ധമായി ഓൎമ്മിച്ചുപോകണം. നാളതു വിസ്തീൎണ്ണക്കൂടുതൽ ഉണ്ടെന്നു വിചാരിച്ചു മുൻ കരത്തിൽ നിന്നും ക്രമത്തിലധികമായി ഇപ്പോൾ കരം വെപ്പാനും, അതുപോലെ വിസ്തീൎണ്ണകുറവുള്ളതിനു കരം കുറപ്പാനും പാടില്ലാത്തതാകുന്നു. മുൻകരത്തിൽ നിന്നും സാധാരണമായി പത്തിനൊന്നു വീതം കൂടുതലൊ കുറവൊ അല്ലാതെ അതിലധികം കൂടുതൽ വരുന്നപക്ഷം കുടികൾക്കു സങ്കടത്തിനും, കുറവു വരുന്നതായാൽ സക്കാരിലേക്കു നഷ്ടത്തിനും ഇടയുള്ളതാകുന്നു. കഴിയുന്നതും ആ അതിരുവിട്ടു പോകാതെ ആലോചിച്ചു നടത്തേണ്ടതാണു. മതിയായ കാരണത്തിൻപേരിൽ അല്ലാതെ ഇതിലധികം കൂടുതൽ കുറവുവരാൻ പാടില്ലാ.

കണ്ടെഴുത്തു ദിവാൻപേഷ്കാർ
വി. നാഗമയ്യാ.

---

നമ്പർ ൧൩൭൧.

ഹജൂർ കണ്ടെഴുത്തു ഡിപ്പാൎട്ടുമെണ്ടു,
തിരുവനന്തപുരം,

൧൦൭൩-ാമാണ്ടു ഇടവമാസം ൨൩-നു
൧൮൯൮-ാംവർഷം ജൂൺമാസം ൪-നു

ഇവിടത്തെച്ചെയ്തി ആവിതു.

ഇടവഴി, തോട്ടിന്റെകര, ആററുവരമ്പു, കുളവരമ്പു, മുതലായ പുറമ്പോക്കുകളിൽ കുടി

That trees standing on porambokes should only be leased out on Kuttakapattam in auction and not granted to the occupant on pattah for the settlement assessment.

കൾ പുതുവലായി തെങ്ങു മുതലായ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു അനുഭവിച്ചുവരുന്നതായി കണ്ടെഴുത്തു വിചാരണയിൽ വെളിപ്പെടുന്ന വകയ്ക്കു അതുകളെ പതിച്ചു പട്ടയം കൊടുക്കുന്നതിനിടയില്ലെന്നും കുത്തകപാട്ടത്തിനു ഏല്പിക്കേണ്ടതിലേക്കു റവന്യൂ ഡിപ്പാർട്ടുമെണ്ടിലേക്കു ലിസ്റ്റയക്കണമെന്നും തീരുമാനിച്ചു ആ വിധം ലിസ്റ്റുകൾ അയച്ചുവരുന്നുണ്ടെന്നും ആ വക വൃക്ഷങ്ങൾക്കു കുത്തകപ്പാട്ട ക്രമത്തിനു പാട്ടംകണ്ടു ദേഹണ്ഡക്കാരായ അനുഭവക്കാരെത്തന്നെ കാലസംഖ്യവച്ചു ഏല്പിക്കാതെ കുത്തകപാട്ടത്തിനു ലേലംവിളിച്ചു കൂടുതൽ തുകയ്ക്കു ആളെഏല്പെടുത്തി നടത്തിച്ചു വരുന്നതായിട്ടും പ്രയത്നംചെയ്തു അനുഭവിച്ചു വന്നവരെ വിട്ടു മേൽപ്രകാരം വൃക്ഷങ്ങളെ അന്യന്മാരെ ഏല്പിക്കുന്നതുനിമിത്തം ആ കുടികൾക്കു ഏറാവും സങ്കടത്തിനു ഇടയായി തീർന്നിരിക്കുന്നതായും കുത്തകപാട്ടത്തിനു മനസ്സില്ലെന്നു കഴിയുന്നവരുടെ വകയ്ക്കുമാത്രം ദേഹണ്ഡക്കാരെ വിട്ടു എടുത്തു അന്യന്മാരെ ഏല്പിക്കുന്നതു ന്യായമായിരിക്കുമെന്നും കുത്തകപാട്ടത്തിനു ഏറ്റുനടപ്പാൻ നാളതുവരെ അനുഭവിച്ചവർ സമ്മതിക്കുന്ന സംഗതികളിൽ അതതു അനുഭവക്കാരുടെ പേരിൽതന്നെ കാലസംഖ്യവച്ചു ഏല്പിച്ചുകൊടുക്കുന്നതു വിഹിതവും പൊതുജനങ്ങളുടെ സമാധാനത്തിനു ആവശ്യവും ആയിരിക്കുന്നതിനാൽ ആലോചിച്ചു വേണ്ടതുപോലെ സ്ഥലങ്ങളിലേക്കു ഉത്തരവുണ്ടാകണമെന്നും എഴുതിവന്നു പുറമ്പോക്കു വസ്തുക്കളെ സംബന്ധിച്ചു തീരുമാനിച്ചിട്ടുള്ളതിൽ ചില കേസുകൾ എടുപ്പിച്ചയപ്പാൻ എഴുതി അയച്ചതിന്മണ്ണം വന്നിട്ടുള്ള കേസുകൾ പരിശോധിച്ചതിൽ കുത്തകപാട്ടത്തിനു കാലസംഖ്യവച്ചു കൊടുക്കുന്നതു ക്രമപാട്ടംകണ്ടു ലേലം വിളിപ്പിച്ചു കൂടുതൽ തുകയ്ക്കു ഏല്പെടുന്നതിന്റെ സ്ഥിതിപോലെയാണെന്നും അങ്ങിനെ അല്ലാതെ കുത്തകപാട്ടക്കാരം ഇന്നതെന്നു ക്ലിപ്തപ്പെടുത്തുവാനും ഈ വക വൃക്ഷങ്ങളെ കാലസംഖ്യവച്ചു നാളതുവരെ അനുഭവിച്ചുവന്നവരെതന്നെ ഏല്പിക്കുന്നതിലേക്കും ക്രമംഇല്ലെന്നും കണ്ടു വന്നിട്ടുള്ള കേസുകൾ തിരിച്ചയച്ചു എഴുതി അയച്ചിരുന്നതിനു ഇതിനെപ്പറ്റി ഇവിടെനിന്നും ജമാബന്തി വക ൧൦൮-ാമതു നമ്പരിൽ ൧൦൩൩-ാമാണ്ടു ചിങ്ങമാസം ൩൧- അയച്ചിട്ടുള്ള സാധനം എടുപ്പിച്ചു നോക്കിയതിൽ പേരിൽ പതിയാതെ തരിശു കിടപ്പുള്ള ഭൂമികളിൽ ഓരോ ആവശ്യങ്ങൾക്കു ഉപയോഗപ്പെടുമെന്നു കാണുന്നതിനെ പുറമ്പോക്കായി കണ്ടെഴുതാമെന്നും ആ സ്ഥലങ്ങളിൽ കുടിയാനവന്മാരു യാതൊരു ദേഹണ്ഡവും ചെയ്തുകൂടാ എന്നും ആരെങ്കിലും മുമ്പു ദേഹണ്ഡിച്ചിരിക്കുന്നതായി കണ്ടാൽ ആ ഭൂമിയുടെ അവകാശം ഉണ്ടാകാതെയും ദേഹണ്ഡാവകാശം വിട്ടുപോകാതെയുമിരിക്കുന്നതിനു വേണ്ടി വൃക്ഷങ്ങൾക്കു കാണുന്നപാട്ടം കുത്തകപാട്ടമായി അവരുടെ പേൎക്കു പതിച്ചുകൊടുത്തു കരം തീർപ്പിക്കയും സൎക്കാർ ആവശ്യത്തിനുവേണ്ടി ഒഴിപ്പിക്കേണ്ടിവരുന്ന സമയം വൃക്ഷത്തിന്റെ വിലമാത്രം കൊടുത്തു ഒഴിപ്പിക്കയും ചെയ്യേണ്ടതാകയാൽ അതുകളെ കുത്തകപാട്ടയിനത്തിൽ ചേൎത്തും മേലാൽ ആ സ്ഥലത്തു വൃക്ഷങ്ങൾ വയ്പാൻ ആവശ്യമില്ലെന്നു ആ വകയ്ക്കു കൊടുക്കുന്ന പ്രമാണത്തിൽ കണ്ടെഴുതിയും പതിച്ചുകൊടുത്തു നടത്തിക്കേണ്ടതാണെന്നും മററും വിവരിച്ചിരിക്കുന്നതായും അനുഭവക്കാരെത്തന്നെ കുത്തകപാട്ടമായി ഏല്പിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതിനു വിരോധമായി ലേലംവിളിപ്പിച്ചു കൂടുതൽ തുകയ്ക്കു ഏല്പെടുന്നവരുടെപേൎക്കു പതിച്ചു കൊടുപ്പാൻ ഇടയുണ്ടോ എന്നു സംശയിക്കുന്നതിനാൽ ഒന്നുകൂടെ ആലോചിച്ചു ഉത്തരവുണ്ടാകണമെന്നും നമ്പർ ൭/൧൦൭ ാമതു നമ്പരിൽ ഈ മാസം ൧൩-൹ എഴുതിയ സാധനം വന്നിരിക്കുന്നതിനു,

പുറമ്പോക്കു ഭൂമികളിൽ കുടികൾക്കു യാതൊരു അവകാശവുമില്ലാത്ത സ്ഥിതിക്കു അതിൽ വൃക്ഷങ്ങൾവച്ചു പിടിപ്പിച്ചു എന്ന കാരണത്തിന്മേൽ അതിലേക്കു പ്രത്യേകമായി ഒരവകാശവും ഉണ്ടാകുന്നതല്ലാ. കുത്തകപാട്ടത്തിനു കാലസംഖ്യവച്ചു പതിക്കുന്നതു ക്രമപാട്ടംകണ്ടു ലേലംവിളിപ്പിച്ചു കൂടുതൽ തുകയ്ക്കു ആളേല്പെടുന്നതിന്റെ സ്ഥിതിപോലെയാണ്. അങ്ങിനെ അല്ലാതെ കുത്തകപാട്ടക്കാരം ഇന്നതെന്നു നിൎണ്ണയിപ്പാനും മാൎഗ്ഗമില്ലാ. ജമാബന്തി വക ൧൦൮-ാമതു നമ്പരിൽ ൧൦൩൩ ാമാണ്ടു ചിങ്ങമാസം ൩൧- അയച്ചിട്ടുള്ള സാധനത്തിൽ പുറമ്പോക്കിൽ യാതൊരു ദേഹണ്ഡങ്ങളും ചെയ്തുകൂടാ എന്നും ആരെങ്കിലും മുമ്പു ദേഹണ്ഡിച്ചിരിക്കുന്നതായി കണ്ടാൽ ഭൂമിയുടെ അവകാശം ഉണ്ടാകാതെയും ദേഹണ്ഡാവകാശം വിട്ടുപോകാതെയും ഇരിക്കുന്നതിനു വേണ്ടി വൃക്ഷങ്ങൾക്കു കാണുന്ന പാട്ടത്തെ കുത്തകപാട്ടമായി അവരുടെപേൎക്കു പതിച്ചുകൊടുത്തു കരം തീൎപ്പിക്കേണ്ടതെന്നും വിവരിച്ചിട്ടുണ്ടെങ്കിലും അതിനെ ഭേദപ്പെടുത്തി ൧൦൭൦-ാമാണ്ടു ഒരു തീൎച്ച ഇവിടെനിന്നും ഉണ്ടായിരിക്കുന്ന സ്ഥിതിക്കു ഒടുവിലത്തെ തീൎച്ചപ്രകാരം നടത്തിക്കേണ്ടതല്ലാതെ അതിനു ഭേദഗതിയായി ഒന്നും ചെയ്വാനിടയില്ലാ.

ഇച്ചെയ്തി എല്ലാം മാദ്ധവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വെക്കയും വേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ,
ദിവാൻ കെ. കൃഷ്ണസ്വാമിരായർ.
ദിവാൻ ബഹദൂർ.

---

നമ്പർ ൧൨൭൨/൮൭.

൧൦൬൨-ാമാണ്ടു മിഥുനമാസം ൧൩-
൧൮൮൭-ാംവർഷം ജൂൺ മാസം ൨൫-
തിരുവനന്തപുരം.

വടക്കൻഡിവിഷ്യൻ അസിസ്റ്റൻറിന്റെ ൧൧൬-ാമതു നമ്പർ റിപ്പോർട്ടിനു

മറുപടി.

റിക്കാർട്ടുകൾ പരിശോധിച്ചു. ജന്മിമാരുടെ തനതുവസ്തുക്കൾ അവകാശപ്പെടുത്തി എഴുതികൊടുത്തിട്ടുള്ള വകയിൽ ചിലതിനു വിത്തുകാൽവിത്തുമാത്രം കരംകൊണ്ടിരിക്കുന്നതായും അതിനെ രാജഭോഗമായി പിരിച്ചുകൊണ്ടെന്നു അസിസ്റ്റൻറു സൂപ്രവൈസരും അഭിപ്രായപ്പെട്ടിരിക്കുന്നതായിട്ടും കാണുന്നു. ചിലവസ്തുക്കൾക്കു വിത്തുകാൽ വിത്തു മുതലായതിനു പുറമെ കടമക്കൂടി പതിഞ്ഞിട്ടുള്ള പ്രകാരവും അങ്ങനെയുള്ള സംഗതികളിൽ വിത്തുകാൽ മുതലായതിനെ വാരമായും കടമയുടെപ്രകാരം എട്ടിലൊന്നു രാജഭോഗവും എടുക്കേണ്ടതാണെന്നും സൂപ്രവൈസർ പറയുന്നു. ഈ സംഗതിയിൽ ന്യായം ചെയ്യുന്നതു.

That Jenmam [illegible] Pandaravagai tenures assessable under the rules with Rajabhogam should be charged with the old tax in cases where the present pattom falls short of [illegible]

വിത്തുകാൽ വിത്തുമാത്രം കൊണ്ടിരിക്കുന്നവസ്തുക്കൾക്കു അതു വാരമൊ കടമയൊ എന്നാകണക്കിനാൽ നിശ്ചയിപ്പാൻ പാടില്ലാതെ ഇരിക്കുന്ന സ്ഥിതിയിൽ ആ വിത്തുകാൽ മുതലായതിനെ ഇപ്പോൾ വാരമായി കണക്കാക്കി അതിനുപുറമെ തിരുവെഴുത്തു വിളംബരപ്രകാരം എട്ടിൽഒന്നു രാജഭോഗംകൂട്ടി മുതൽകൂട്ടുന്നതു കുടിയാനവന്മാൎക്കു സംകടത്തിനു ഹേതുവായിത്തീരും. എന്നാൽ വിത്തുകാൽവിത്തു എന്നു കണക്കിൽ കാണുന്ന വാക്കിന്റെ സ്വഭാവംനോക്കുമ്പോൾ അതിനെകേവലം കടമയായി പിരിപ്പാൻപാടില്ല. അതിനാൽ ജന്മികളുടെയും പണ്ടാരവകയുടെയും വസ്തുക്കൾക്കു കടമ ഇല്ലാതെ വിത്തുകാൽ, വിത്തു, മുപ്പറ മുതലായ തനിപ്പാട്ടംകൊണ്ടിരിക്കുന്നവകക്കു നാട്ടുനടപ്പുപ്രകാരത്തിൽ എട്ടിലൊന്നു രാജഭോഗം ഉറപ്പുവരുത്തണം. എന്നാൽ മുൻകരം നാട്ടുനടപ്പു രാജഭോഗത്തിനെക്കാൾ കൂടുതലായിരിക്കുന്നപക്ഷം ആ കൂടുതൽ കണ്ടൊ അതിനെ വാരത്തിൽചേൎത്തു കൊള്ളണം.

അതായതു നാട്ടുനടപ്പു രാജഭോഗം ഒരുപറയുണ്ടു. മുൻകരം ൧ പറ ൨ ഇടങ്ങഴി ഇരുന്നാൽ ആ രണ്ടു ഇടങ്ങഴിയേയും വാരത്തിൽ ചേൎത്തു രാജഭോഗംഉൾപ്പെടെ ൧ പറ ൨ ഇടങ്ങഴി ഉറപ്പുവരുത്തേണ്ടതാകുന്നു. മുൻകരം കുറവായിരുന്നാൽ നാട്ടുനടപ്പു രാജഭോഗത്തിനെ കരമായി സ്ഥിരപ്പെടുത്തണം.

ഈ എഴുത്തുകുത്തിനു ഹേതുവായ കൊല്ലം പകുതിവക ൧൧൫-ാമതു നമ്പ്രു തെളിവുശീട്ടു ഈ ഉത്തരവിലെ താല്പൎയ്യപ്രകാരം തയ്യാറാക്കിയിട്ടുള്ളതെന്നു കാണുന്നതിനാൽ മറയുമുദ്രവെച്ചിരിക്കുന്നു. ഈ വിവരംകണ്ടു ആ ഡിവിഷനിൽചേൎന്ന എല്ലാസൂപ്രവൈസരന്മാൎക്കും എഴുതിഅയക്കേണ്ടതും ഈ തെളിവുശീട്ടിനെ കൊല്ലം സൂപ്രവൈസൎക്കു അയപ്പാനുള്ളതും ആകുന്നു.

കണ്ടെഴുത്തു ദിവാൻ പേഷ്കാർ,
വി. നാഗമയ്യാ.

നമ്പർ ൧൭൨൧.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ.
൧൦൯൬-ാമാണ്ടു മിഥുനമാസം ൧൬-
൧൯൨൧-ാംവർഷം ജൂൺ മാസം ൩൦-നു.

ഉവിടത്തെച്ചെയ്തി ആവിതു.

ഡിപ്പാർട്ടുമെൻറിൽ ൧൦൯൫-ാമാണ്ടു അപ്പീൽ ൧൭൪-ാം നമ്പരിലേയ്ക്കുണ്ടായിട്ടുള്ള തീർച്ചയിന്മേൽ തിരുവനന്തപുരത്തു കോട്ടയ്ക്കകത്തു ഡിപ്പുത്തെരുവിൽ ശങ്കരവാദ്ധ്യാർ രാമസ്വാമി അയ്യൻ അപ്പീൽ ബോധിപ്പിച്ചു എഴുതി അയച്ചിരുന്നതിന്മണ്ണം വന്നിട്ടുള്ള റിക്കാർഡുകളെ പരിശോധിക്കയും അപ്പീൽകക്ഷിയും ആയാളുടെ വക്കീലും ഹാജരുണ്ടായിരിക്കയാൽ അവരുടെ വാദങ്ങളെ കേൾക്കയും ചെയ്തു.

That lands granted tax free as Gurudekshina should be treated as Danom and should not be subjected to assessment on the ground of alienation.

അപ്പീലിനു വിഷയമായ ഇറച്ചകുളം പകുതിവക രജിസ്ട്രേഷൻ ൧൫-ാമതു കേസിൽ കൊണ്ടു ൨ മക്കാൽ കോട്ട നിലം വില്ലായിരമടയാർ ആറമുഖത്തേവർക്കു ഗുരുദക്ഷിണവകക്കു തിരുമുതലിറയിലിയായി പതിച്ചുകൊടുത്തിട്ടുള്ളതിനെ പേരിൽപതിവു കുടുംബത്തിൽനിന്നും വിലകൊടുത്തു കൈമറിഞ്ഞു അപ്പീൽകക്ഷിക്കു വിലസിദ്ധിച്ചു അനുഭവിച്ചു വരുന്നതായും ടി വസ്തുക്കൾക്കു നെൽക്കരം കൊണ്ടിട്ടില്ലെന്നും പയറുമുതലായ ഇനത്തിൽ മുന്നേചിലപാനം പണം പിറവകയായി കൊണ്ടു തീർത്തുവരുന്നപ്രകാരവും ടി വസ്തുക്കൾ ഇനാംശേഖരത്തിൽ ഉൾപ്പെട്ടതല്ലെന്നും മുൻകരം കൊണ്ടിട്ടില്ലാത്തസ്ഥിതിക്കു ദാനത്തിൻെറ സ്വഭാവം വഹിക്കാത്തതെന്നും ഇനാം വസ്തുക്കളുടെ ക്രമത്തിനു ഒററി ഇനമാക്കി പാട്ടത്തിൽ പാതി കരം വയ്പാനും ടി നിലങ്ങൾക്കു വെള്ളം പായുന്നതിനു ഉപയോഗമുള്ളതും ആധാരത്തിൽ കൊണ്ടു കൈവശം വച്ചു അനുഭവിച്ചു വരുന്നതുമായ തനിക്കുഴിയെ പുറമ്പോക്കായി റിക്കാർഡു ചെയ്യാനും പാട്ടുള്ളതല്ലെന്നും വച്ചിട്ടുള്ള കരത്തെ കുറച്ചും തനിക്കുഴിയെ കക്ഷിയുടെ പേരിൽ പതിച്ചും കൊടുക്കണമെന്നും മററും അപ്പീൽഭാഗത്തു വാദിക്കുന്നു.

ടി വസ്തു വില്ലായിരമടയാർ ആറമുഖത്തേവർ പേരിൽ പതിഞ്ഞതും വിലയാധാരവഴി അപ്പീൽകക്ഷിക്കു കിട്ടി അനുഭവിച്ചു വരുന്നതും ആകുന്നു എന്നും പേരിൽ പതിഞ്ഞ കുടുംബം വിട്ടു അന്യ കുടുംബത്തേക്കു വിലയാധാരവഴി കൈമറിഞ്ഞിരിക്കുന്നതു കൊണ്ടു പണ്ടാരവക ഒററി ഇനമായി പതിക്കേണ്ടതെന്നും ടി വസ്തുവോടു ചേർന്നു കിടപ്പുള്ള കുളത്തിനെ ചുററമുള്ള നിലങ്ങൾക്കു ൯൭൭-ാമാണ്ടത്തെ ആയക്കെട്ടിൽ ഏല്പക പറഞ്ഞിരിക്കുന്നതായി കാണുന്ന സ്ഥിതിക്കു ആ കുളം പുറമ്പോക്കായി റിക്കാർഡു ചെയ്തിട്ടുള്ളതിനെ ഭേദപ്പെടുത്തുവാൻ ക്രമം ഇല്ലെന്നും പേഷ്കാർ തീരുമാനിച്ചിരിക്കുന്ന പ്രകാരം കാണുന്നു.

തദ്വസ്തു ഗുരുദക്ഷിണവകക്കു കരംഒഴിവായി കൊടുത്തിരിക്കുന്ന സ്ഥിതിക്കു ദാനംപോലെ വിചാരിക്കണം. കുറഞ്ഞ കരം ഏല്പിട്ടിട്ടുള്ള ഇനാം വസ്തുക്കൾ എന്നു തിരുവെഴുത്തു വിളംബരത്തിൽ പ്രസ്താപിച്ചിട്ടുള്ള ശേഖരത്തിൽ ഇതിനെചേർക്കാൻ പാടില്ലാ. തദ്വസ്തുവെ ദാനമായി വിചാരിച്ചു കരംഒഴിവായും ആറവരി ഏല്പെടുത്തിയും പതിച്ചു കൊടുത്തു കൊള്ളണം. കുളത്തെ സംബന്ധിച്ചിടത്തോളം പേഷ്കാരുടെ തീർച്ചയിന്മേൽ പ്രവേശിക്കാൻ കാരണം കാണുന്നില്ലാ. വന്നിട്ടുള്ള റിക്കാർഡുകൾ തിരിയെ അയച്ചിരിക്കുന്നു.

ഇച്ചെയ്തി എല്ലാം മാത്തേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കയും വേണം.

ഇച്ചെയ്തിക്കുസാധനം എഴുതിയ,
ദിവാൻ ടി. കൃഷ്ണസ്വാമിരായർ,
ദിവാൻബഹദൂർ.

---

നമ്പർ ൧൪൭൫/൯൬ ൮.

തിരുവനന്തപുരം
൧൦൯൬-ാമാണ്ടു മിഥുനമാസം ൧൭-
൧൯൨൧-ാംവർഷം ജൂലായിമാസം ൧-നു-

That Mukatuala Devaswam vagai Onam Uthiradom Rekshabhogam cess should be abolished.

മുഖത്തല ദേവസ്വംവക ഓണ ഉത്രാടം രക്ഷാഭോഗം എന്ന പിറവക കരം തിരുവെഴുത്തു വിളംബരപ്രകാരം കുറവിൽ ഉൾപ്പെട്ടതല്ലയോ എന്നു സംശയമായിരിക്കുന്നതിനാൽ വേണ്ട ഉത്തരവുണ്ടാകണമെന്നു കൊല്ലം റേഞ്ചു സൂപ്പർവൈസ്സരിടെ ൧൪൯-ാം നമ്പർ റിപ്പോർട്ടു വന്നു ൧൩൪൩-ാം നമ്പരായി രജിസ്റ്റർ ചെയ്തതിന്മേൽ

ഉത്തരവു

തിരുവെഴുത്തു വിളംബര പ്രകാരം ഇതിൽപറയുന്ന പിറവകയും കുറവിൽ ഉൾപ്പെട്ടതെന്നുള്ളതാകുന്നു.

കണ്ടെഴുത്തു ദിവാൻപേഷ്കാർ
വി, നാഗമയ്യാ.

---

നമ്പർ ൬൯൨.

ജമാബന്തി രായസം,

തിരുവനന്തപുര

൧൦൭൩-ാമാണ്ട മിഥുനമാസം ൨൪-നു
൧൮൯൮-ാംവൎഷം ജൂലായിമാസം ൧൨-നു

ഇവിടത്തെച്ചെയ്തി ആവിള

പത്തിയൂർ പ്രവൃത്തിയിൽ തെക്കമ്മുറിയിൽ കളരിക്കൽ വീട്ടിൽ കൃഷ്ണൻശങ്കരൻെറ കാരണവൻ പേരിൽ ഏവൂർ ക്ഷേത്രത്തിലെ ശംഖവിളിക്കായി ൧൦ പറ ൭ ഇടങ്ങഴി നിലം അനുഭവം പതിഞ്ഞിട്ടുള്ളതിൽ ൨ പറ ൭ ഇടങ്ങഴി നിലം കളരിക്കൽ ഒരംഗം നാ

That service Inam lands may be resumed by Government and reassigned on the service tenure when alienated by the original holder.

രായണൻ ശങ്കരനും ൧ പറ ൨ ഇടങ്ങഴി നിലം കളത്തൂര വടക്കെ മഠത്തിൽ
രാമകൃഷ്ണയ്യനും അനുഭവിച്ചു വരുന്നതു തിരുവെഴുത്തു വിളംബരം അനു
സരിച്ചു ഒഴിപ്പിച്ചു കൊടുക്കണമെന്നു കൃഷ്ണൻ ശങ്കരൻ ഹർജി ബോധിപ്പിച്ചു
നടത്തിയവിചാരണ മുതലായതയച്ചും ൨ പറ ൭ ഇടങ്ങഴിനിലം കളരിക്കൽ
കൃഷ്ണൻ നാരായണനൊട ൧൦൪൪ രാശിക്കു ൭൨-ാമാണ്ട ഒററിയും ൨൭൦
പണം ജന്മാവകാശത്തിനു ൭൭-ാമാണ്ട കോട്ടിൽനിന്നും ലേലത്തിൽ പിടിച്ചു സന്നതുംവാങ്ങി നടന്നുവരുന്നതാകയാൽ ഒഴിഞ്ഞു കൊടപ്പാൻ പാടില്ലെന്നു പ്രതിയിൽ ഒരംഗം ശങ്കരൻ രാമനും ൧ പറ ൨ ഇടങ്ങഴി നിലം ൬൭-ാമാണ്ട ഹർജിക്കാരൻ ഒററികൊടുത്തു നടന്നുവരികയാണെന്നും വിട്ടുകൊടുക്കുന്നതിൽ വിരോധമില്ലെന്നും കളത്തൂർ വടക്കെതിൽ രാമകൃഷ്ണയ്യനും എഴുതിവെക്കയും ഒരു വസ്തു ദേവസ്വംവക അനുഭവം എന്നുമാത്രം കണക്കിൽ കാണുന്നതല്ലാതെ വേറെ വിവരങ്ങൾ ഒന്നും ഇല്ലാതിരിക്കയും ചെയ്തിരിക്കുന്നതിനെപ്പററിയും എഴുതി വന്നതിനെ സംബന്ധിച്ചു എഴുത്തുകുത്തുകൾ നടന്നു ഈ വസ്തുക്കൾക്കു കണ്ടെഴുത്തിലെ തീരുമാനങ്ങൾ അറിയേണ്ടതിനു എഴുതി അയച്ചിരുന്നതിന്മണ്ണം റിക്കാർഡുകളൊടുകൂടി കണ്ടെഴുത്തു ദിവാൻപേഷ്കാർ ൭൭൧ാമതു നമ്പരിൽ ൭൩-ാമാണ്ട മിഥുനമാസം ൨൩-നു എഴുതിയ സാധനം വന്നു റിക്കാർഡുകൾ പരിശോധിച്ചു.

മേല്പറഞ്ഞ വസ്തു ചേപ്പാട പകുതിവക ൭൭൧ ൧൭൩-ം സർവെ നമ്പരുകളിലും ൨൯-ാം നമ്പർ കേസിലും കൊണ്ടതിനെ ഒരംഗം നാരായണൻ ശങ്കരനു ജന്മാവകാശം കോട്ടലേലത്തിൽ സിദ്ധിച്ചതു പ്രമാണിച്ചു ഒററിവിളങ്ങണമെന്നു അപേക്ഷിച്ചതിനു വസ്തു പേരിൽപതിവുകാരൻ ക്ഷേത്രത്തിൽ പ്രവൃത്തിക്കാരനും പ്രവൃത്തി നടത്തിവരുന്നതുമാകയാൽ പ്രവൃത്തിക്കായി അനുഭവമായിട്ടു പതിച്ചതെന്നും സ്ഥാപിച്ചു അപേക്ഷയെതള്ളി സൂപ്പർവൈസ്സരും അതിനെ അപ്പീലിൽ സ്ഥിരപ്പെടുത്തി ഡിപ്പ്യൂട്ടിപേഷ്കാരും തീരുമാനിക്കയും കളരിക്കൽ വീട്ടുകാരനു പട്ടയം കൊടുക്കയും ചെയ്തിരിക്കുന്നതായി കാണുന്നു.

ഇപ്രകാരം പ്രവൃത്തിക്കുള്ളതെന്നു സ്ഥിരപ്പെട്ടിരിക്കുന്ന വസ്തു തിരുവെഴുത്തു വിളംബരപ്രകാരം പ്രവൃത്തിക്കാരൻെറ കൈവശം ഇരിപ്പാനുള്ളതാകയാൽ മുറപോലെ ഒഴിപ്പിച്ചു കൈവശപ്പെടുത്തികൊടുക്കയും മേലാൽ ഒരു വസ്തുക്കളെ അന്യാധീനപ്പെടുത്തുന്നപക്ഷം പ്രവൃത്തിക്കാരൻെറ കുഡുംബംവിട്ടു പോകുവാനിടയാകുമെന്നു പ്രത്യേകം തെര്യപ്പെടുത്തി നടത്തിക്കയും ചെയ്യണം. റിക്കാർഡുകൾ തിരിച്ചെ അയച്ചിരിക്കുന്നു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വയ്ക്കുകയുംവേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമിരായർ.

ദിവാൻ ബഹദൂർ.

No .S/188

Huzur Cutcherry,
Trivandrum, 15th July 1898.

From
The Dewan of Travancore.

To
The Dewan Peishkar,
Revenue Settlement.

Sir,

Adverting to my Vernacular communication No. 673 dated 23rd Dhanoo last, I have the honor to inform you that the revision of assessment ordered to be deferred on the areas, wet and dry, in the Kalkulam taluk expected to benefit by the Kodayar Left Bank Channel now in progress, may be proceeded with, along with the settlement work of the other villages of the taluk.

The ryots concerned should, however, be made distinctly to understand that if after the completion of the Kodayar Project the lands are brought under irrigation, it will be open to Government to impose a water-cess. It would be desirable to insert in the pattah a clause to this effect.

I have &c.,

Sd/. K. KRISHNASWAMY ROW

Dewan.

---

നമ്പർ ൫൭൨൭.

ഹജൂർകണ്ടെഴുത്തു ഡിപ്പാർട്ടുമെന്റു
൧൦൭൩-ാമാണ്ടു കർക്കടകമാസം ൧-
൧൮൯൮-ാംവർഷം ജൂലായിമാസം ൧൫-
തിരുവനന്തപുരം.

ഇവിടത്തെച്ചെയ്തി ആവിതു.

Directing the provision of a column for entering source of irrigation in the settlement register form for Nanjanad.

സെററിൽമെൻറ രജിസ്റ്റർ അച്ചടിപ്പിക്കേണ്ടതിനെപ്പററി എഴുത്തുകുത്തുനടന്നു എഴുതി അയച്ചിരുന്നതിനു ഇപ്പോൾ നടപ്പിലിരിക്കുന്ന സെററിൽമെൻറ രജിസ്റ്ററിലെ കാളങ്ങളിൽ ചില കൂടുതൽകുറവു ചെയ്യേണ്ടതായികണ്ടു അപ്രകാരം ഫാറം തയ്യാറാക്കിച്ചു അയച്ചിരിക്കുന്നുഎന്നും ആ ഫാറം അനുസരിച്ചു സെററിൽമെൻറ രജിസ്റ്റർ അച്ചടിപ്പിച്ചു പകുതിമൊത്തത്തിനു ഇനംതിരിച്ചും മററം പതിക്കുന്ന ആകത്തുക അതതു പകുതികളിലേയും അതുകളെക്കൂട്ടി എഴുതിവരുന്ന തുക താലൂക്കിലേയും ആയക്കെട്ടു തുകകളായി തിരുന്നതും നാഞ്ചിനാട്ടു സെററിൽമെൻറ രജിസ്റ്ററിൽ ജലാധാരത്തിൻെറ സ്ഥിതി പതിക്കുന്നതിനു കാളം ഇല്ലാവുന്നതുമാകയാൽ ഫാറം അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മിഥുനമാസം ൩൧-ാം൰ ൨൦൦൦/൩൦൧-ാം നമ്പരായി എഴുതിയ സാധനംഎത്തി പ്രസ്തുത മനസ്സിലാവുകയുംചെയ്തു.

സെററിൽമെൻറ രജിസ്റ്റരു ഫാറപ്രകാരം തയ്യാറാക്കി അച്ചടിപ്പിച്ചാൽ മതിയാകുമെന്നുള്ളതുകൊണ്ടു അതിന്മണ്ണം നടത്തുന്നതിനും പേഷ്കാരു അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെനാഞ്ചിനാട്ടു സെററിൽമെൻറ രജിസ്റ്ററിൽ ജലാധാരത്തിൻെറ സ്ഥിതിക്കു കാളം ഇടുന്നതിനും അനുവദിച്ചിരിക്കുന്നു. വന്നിട്ടുള്ള ഫാറവും തിരിച്ചു അയക്കുന്നു.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ളവായിച്ചു കണ്ടെഴുത്തുദിവാൻപേഷ്കാരെ ഗ്രഹിപ്പിച്ചുവയ്ക്കയുംവേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ കെ. കൃഷ്ണസ്വാമിരായരു,
ദിവാൻ ബഹദൂർ.

---

No. 4159/R. 729.

Huzur Cutcherry,

Trivandrum, 22nd July 1898.

From

The Dewan of Travancore.

To

The Dewan Peishcar,
Revenue Settlement.

Sir,

The superintendent, Travancore Survey, has forwarded to this office survey records of Periyar and Peermede villages and enquires whether copies of these should be furnished to you in connection with the settlement of the holdings in those villages held under coffee estate tenure and on Payattupattom. I believe coffee estates do not, as a rule, fall within the scope of settlement operations. But holdings registered on Payattupattom, however, have to be treated like other lands and assessed under the new settlement.

I shall be glad to be favoured with your views on the matter.

I have &c

(Signed) K. KRISHNASWAMY ROW,

DEWAN.

---

നമ്പർ ൪൩൭൪

ഹജൂർ കണക്കെഴുത്തു ഡിപ്പാർട്ടുമെൻറ,

തിരുവനന്തപുരം,

൧൦൭൩-ാമാണ്ടു കൎക്കടകമാസം ൭-നു-

൧൮൯൮-ാം വൎഷം ആഗസ്റ്റ് മാസം ൧൦-നു-

ഇവിടത്തെ ചെയ്തിട്ടുള്ളതു.

ആറ, തോട്, കുളം, കായൽ മുതലായി പുറമ്പോക്കായി കിടപ്പുള്ള സ്ഥലങ്ങളെ ആ ഡിപ്പാൎട്ടുമെൻറ മുഖാന്തിരം പുതുവൽപതിച്ചുകൊടുത്തുവരുന്നതായി ചില അപ്പീൽ കേസുകളാൽ വെളിപ്പെട്ടിരിക്കുന്നു. പുറമ്പോക്കുസ്ഥലങ്ങൾ ആൎക്കും പതിച്ചു കൊടുക്കത്തക്കതല്ലാത്തതും ഏതെങ്കിലും വിശേഷ കാരണവശാൽ പതിച്ചു കൊടുക്കേണ്ടതെന്നുബോദ്ധ്യപ്പെട്ടാൽ അങ്ങനെയുള്ള വകകൾക്കു റിക്കാൎട്ടുകൾ സഹിതം ഹജൂരിൽ എഴുതി അയച്ചു അനുവാദം വരുന്നതുപോലെ നടത്തുവാനുള്ളതും ആകയാൽ ഈ താൽപൎയ്യം ഗ്രഹിച്ചു നടത്തിക്കേണ്ടതാകുന്നു.

That porampokes should not be registered as puduvals without the previous sanction of Government.

ഇച്ചെയ്തിഎല്ലാം മാതേവൻ പിള്ള വായിച്ചു കണക്കെഴുത്തു ദിവാൻപേഷ്കാരെ ബോധിപ്പിച്ചു വെക്കയുംവേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമി രായർ,

ദിവാൻ ബഹദൂർ.

No. 219.

Settlement Central Office, on circuit,
Quilon, 26th August 1898.

To,

The Dewan of Travancore.

Sir.,

With reference to your letter No. 4159/R. 729 dated 22nd July last, I have the honour to inform you that lands held on Payattupattom tenure should be dealt with as other lands and assessed at the present settlement.

But there may be Payattupattom lands on which coffee, tea and cinchona are grown. I request therefore that a notification should be published in the Government Gazette calling upon the owners of such Payattupattom lands, who cultivate coffee, tea &c., to show cause why they should not be made to pay the *enhanced* rates applicable to coffee estates. In case they do not comply with the notification, our classifiers will note such lands as grow coffee, tea &c. and bring them to the notice of Government. I am issuing instructions accordingly.

I request you will be good enough to order the Survey Superintendent to forward to me the survey records of Peermede and Periyar villages.

I have &c.,
(Sd.) V. NAGAM AIYA,
Settlement Dewan Peishkar.

---

നമ്പർ ൨൩൯.

ജമാബന്തിരായസം.

൧൦൭൪-ാമാണ്ടു ചിങ്ങമാസം ൧൧-ൗ
൧൮൯൮-ാമാണ്ടു സെപ്തമ്പർമാസം ൩-ൗ.

തിരുവനന്തപുരം.

ഇവിടത്തെ ചെയ്തി ആവിതു

That reclamations from backwaters may be registered by the settlement department on Nintham, that is, free of tax for five years, on half para assessment for the next five years and on full assessment thereafter, provided that the local Division Peishkar is previously consulted in the matter and the sanction of Government obtained (with copies of the notifications dated 3rd September 1898 & 19th Mithunam 1064.)

വേമ്പനാട്ടു കായലിലും മററ ഓരോ കായലുകളിലും കരകുത്തിച്ചു നിലംതെളിച്ചു എടുക്കുന്നതിനു കല്പനപ്രകാരം ഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ൧൦൬൪-ാമാണ്ടു മിഥുനമാസം ൧൯-ലെ ൧൧൪൮-ാമതു നമ്പ്രപരസ്യത്തിൽ അഞ്ചു കൊല്ലം കരംകൂടാതെ നിന്തമായും പിന്നീടു വിത്തരപ്പാട്ടമായും പതിക്കയും കണ്ടെഴുത്തു സമയം മററവസ്തുക്കളെപ്പോലെ ഇതിനും കരംഏർപ്പെടുത്തുകയും പതിച്ചുകൊടുത്തകാലം മുതൽ ഒരുവർഷത്തിനകം നിലംതെളിക്കുന്നതിനു വേലകറം ചെയ്യാതെയിരുന്നാൽ പതിച്ചു കൊടുക്കുന്നതുമുതൽ വിത്തര കരം മുതൽകൂട്ടുകയും ചെയ്യുമെന്നു പ്രസ്താവിച്ചിട്ടുള്ളതിനെ നടപടി നടത്തിവരുന്നതിൽ അമ്പലപ്പുഴ താലൂക്കിൽ രണ്ടുകേസുകൾ ഡിവിഷനിൽ നിന്നും എഴുതിവന്നതിനു ആ സ്ഥലത്തു കണ്ടെഴുത്തു നടന്നു ബ്ലാക്കുവേല ആരംഭിക്കാറായതുകൊണ്ടു റവന്യുവായി പതിച്ചു കൊടുക്കേണ്ടതില്ല എന്നില്ലാഴികയാൽ കണ്ടെഴുത്തിൽ എഴുതിഅയച്ചു കൊള്ളണമെന്നു മറുപടിഅയച്ചതിന്റെശേഷം കണ്ടെഴുത്തിൽ നിന്തംവച്ചുപതിക്കുന്ന ഏർപ്പാടു ഇല്ലെന്നു കാണുന്നതിനേയും മുമ്പിലത്തെപ്പോലെ റവന്യൂഡിപ്പാർട്ടുമെന്റുകാർതന്നെ നടത്തേണ്ടതിനേയും കുറിച്ചും മററും രാജാരാമരായരു ദിവാൻപേഷ്കാരുടെ ലററർ വരികയും

വെട്ടിയാറദേശത്തിനകത്തു ദേവസ്വം ബ്രഹ്മസ്വം വകയും മാടമ്പിമാരുടെ വിരുത്തിയും പാട്ടവും നീക്കി ശേഷം വസ്തുക്കൾ എടുപ്പിച്ചപെട്ടതിനും നിലത്തിനു മേപ്പാട്ടും പുരയിടത്തിനു എട്ടിൽകന്നും രാജഭോഗം സർക്കാരിലേക്കു ഇടശ്ശേരിപിള്ള തീർവയും ശേഷം ആദായം അനുഭവിക്കയും ചെയ്യണമെന്നു വ്യവസ്ഥചെയ്തു നീട്ടുകൊടുത്തു നടന്നുവരുന്നതായി കാണുന്നു. നീട്ടിൽ പുതുവലിനെപ്പറ്റി പറഞ്ഞിട്ടില്ലെങ്കിലും അതിലെ വാചകത്തോടും ൧൦൫൦ മാണ്ടുവരെ സർക്കാരിൽനിന്നും പുതുവൽ കണ്ടെഴുതി കരം ഈടാക്കിയിട്ടില്ലാത്ത ക്രമത്തിനും ഈ വകയിൽ ഉൾപ്പെട്ട പുതുവൽവകകൾക്കും സർക്കാരിലേക്കു നിലത്തിനു മേപ്പാട്ടും പുരയിടത്തിനു എട്ടിൽകന്നും രാജഭോഗവും ശേഷം ഇടശ്ശേരിപിള്ളക്കും അവകാശപ്പെട്ടതെന്നു വിചാരിക്കാം.

അതിനാൽ നീട്ടുപ്രകാരമുള്ള വെട്ടിയാറ ദേശത്തിനകത്തുള്ളതിൽ നീട്ടിൽ ഒഴിച്ചിട്ടുള്ള ദേവസ്വം ബ്രഹ്മസ്വം വകയും മാടമ്പിമാരുടെ വിരുത്തി പാട്ടവും നീക്കി പുതുവൽ ഉൾപ്പെടെ സകല വസ്തുക്കൾക്കും സെറ്റിൽമെന്റിൽ നാട്ടു കാണുന്ന പാട്ടത്തിൽ നിലത്തിനും പുരയിടത്തിനും എട്ടിൽകന്നു രാജഭോഗം സർക്കാരിലേക്കു മുതൽകൂട്ടുകയും പാട്ടത്തിൽ ബാക്കിയുള്ളതു ഇടശ്ശേരിൽ കണക്കപിള്ളക്കു തിരിപ്പായി എഴുതുകയും ചെയ്തു അതതു വസ്തു അനുഭവക്കാർക്കു കണക്കപിള്ളയുടേയും കുടികളുടേയും സമ്മതം അനുസരിച്ചു പട്ടയം എഴുതി കൊടുക്കേണ്ടതെന്നും സർക്കാരിലേക്കുള്ള രാജഭോഗക്കരം മേലാൽ അതതു കുടികൾ തന്നെ നേരിട്ടു തീർക്കയും പട്ടയം അനുസരിച്ചു തണ്ടപ്പേരു അവരുടെ പേരിൽ കൊള്ളിക്കയും ചെയ്യാനുള്ളതെന്നും പട്ടയത്തിൽ തിരിപ്പായി കൊള്ളിച്ചിരിക്കുന്ന തുക മാത്രം കണക്കപിള്ള അതതു കുടികളോടു വാങ്ങിച്ചുകൊള്ളേണ്ടതെന്നും സർക്കാർകരം കണക്കപിള്ള തീർക്കാൻ ആവശ്യമില്ലെന്നും തീർച്ചചെയ്യേണ്ടതായി അസിസ്റ്റന്റ അഭിപ്രായപ്പെട്ടിരിക്കുന്നു.

അപ്രകാരം ചെയ്യാനുള്ളതാണെന്നു ഞാനും വിചാരിക്കുന്നു. റിക്കാർഡുകൾ അവിടെയും പരിശോധിച്ചു എഴുതിവരുന്നതുപോലെ നടത്തിപ്പാനുള്ളതാകയാൽ വേണ്ട ഉത്തരവുണ്ടാകുവാറാകണം.

ഇച്ചെയ്തിഎല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജിഅവർകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പ്ര ൧൩൯൨മത.

ഹജൂർ കണ്ടെഴുത്തു
തിരുവനന്തപുരം

൧൦൭൯-ാമാണ്ടു മിഥുനമാസം ൧൧൲-
൧൯൦൪-ാംവർഷം ജൂൺമാസം ൨൪൲-
ഇവിടത്തെച്ചെയ്തിത്തുവിതു.

Sanctioning the Settlement Dewan Peishkar's proposals for the treatment of the lands within the Vettiyattu Edavagai.

മാവേലിക്കര വെട്ടിയാറ ഇടവകയിൽ ഉൾപ്പെട്ട പുതുവൽ പതിയത്തക്ക വസ്തുക്കളിൽ സ്വമേധ കൃഷി ചെയ്തുവരുന്നതിനെ തിട്ടം വരുത്തി കരം ഈടാക്കിക്കാത്തതിൽവച്ചു സർക്കാരിലേക്കും ഇടവകക്കും നഷ്ടത്തിനു ഇടയായിരിക്കുന്നു എന്നും മററും ഇടശ്ശേരിൽ കണക്ക ഗോവിന്ദൻ ഗോവിന്ദൻ ഹജി ബോധിപ്പിച്ചു എഴുതയച്ചു തിട്ടംവരുത്തിയതിൽ ൧൦൭൫-ാമാണ്ടു കണ്ടെഴു

ന്നു കഴിഞ്ഞതിൽപിന്നീട ഇതേവരെ വെട്ടിയാറ ഇടവകയിൽചേൎന്ന സ്ഥലങ്ങളിൽ പുതുവൽ സ്വമേധകൃഷി, മലവാരം വിളമേലടി, ഇതുകൾ ഒന്നും കണ്ടെഴുതുകയും പണം ഈടാക്കുകയും, ചെയ്യുന്ന നടപ്പുള്ളതായി കാണുന്നില്ലെന്നും ഇടവക വസ്തുക്കളുടെ കരത്തിൽനിന്നും സൎക്കാരിലേക്കു എട്ടിലൊന്നും മേപ്പുറവും തിപ്പിച്ചുവരുന്നതിന്റെ വിവരംകാണിച്ചു എഴുതിയിട്ടുള്ളതായ ൧൦൭൨-ാമാണ്ടത്തെ താണെമടക്കാം ഏറാടവിന്റെ പകൎപ്പെഴുതിച്ചു അയച്ചും മാവേലിക്കര തഹശീൽദാരുടെ റിപ്പോൎട്ടുചെന്ന കൊല്ലം ഡിവിഷനിൽനിന്നും എഴുതിവന്ന എഴുതിഅയച്ചിരുന്നതിലേക്കു എഴുതഅയച്ചു വന്നിട്ടുള്ള മാവേലിക്കര സൂപ്രവൈസരുടെ റിപ്പോൎട്ടും റിക്കാൎട്ടുകളും അയച്ചിരിക്കുന്നതായും വെട്ടിയാറ ദേശത്തിനകത്തു ദേവസ്വം ബ്രഹ്മസ്വംവകയും മാടമ്പിമാരുടെ വിരുത്തിയും പാട്ടവും നീക്കി ശേഷം വസ്തുക്കൾ എല്ലാപ്പെട്ടതിനും നിലത്തിനു മേപ്പുറവും പുരയിടത്തിനു എട്ടിലൊന്നും രാജഭോഗം സൎക്കാരിലേക്കു ഇടപ്ലേറിപ്പിള്ള തീൎവയും ശേഷം അയാൾ അനുഭവിക്കയും, ചെയ്യുന്നമാതിരി വ്യവസ്ഥചെയ്തു നടന്നുകൊണ്ടിരുന്നതായി കാണുന്നതെന്നും നീട്ടിൽ പുതുവലിനെക്കുറിച്ചു പറഞ്ഞിട്ടില്ലെങ്കിലും അതിലെ വാചകത്താലും ൧൦൭൨-ാമാണ്ടുവരെ ഇതുവരെ സൎക്കാരിൽനിന്നും പുതുവൽ കണ്ടെഴുതി കരം ഈടാക്കിയിട്ടില്ലാത്തക്രമത്തിനും ഇടവകയിൽഉൾപ്പെട്ട പുതുവലുകൾക്കും സൎക്കാരിലേക്കു നിലത്തിനു മേപ്പുറവും പുരയിടത്തിനു എട്ടിലൊന്നും രാജഭോഗവും ശേഷം ഇടപ്ലേറിപ്പിള്ളക്കും അവകാശപ്പെട്ടതായി വിചാരിക്കാമെന്നും നീട്ടിൻപ്രകാരമുള്ള വെട്ടിയാറ ദേശത്തിനകത്തുള്ളതിൽ നീട്ടിൽ ഒഴിച്ചിട്ടുള്ള ദേവസ്വം ബ്രഹ്മസ്വംവകയും മാടമ്പിമാരുടെ വിരുത്തിയും പാട്ടവും നീക്കി പുതുവൽ ഉൾപ്പടെ സകലവസ്തുക്കൾക്കും സെററിൽമെൻറിൽ നടപ്പുകാണുന്ന പാട്ടത്തിൽ നിലത്തിനും പുരയിടത്തിനും എട്ടിലൊന്നു രാജഭോഗം സൎക്കാരിലേക്കു മുതൽക്കൂട്ടുകയും പാട്ടത്തിൽ ബാക്കിയുള്ളതു ഇടപ്ലേറി കണക്കപ്പിള്ളക്കു തിരിപ്പായി എഴുതുകയും ചെയ്തു അതതുവസ്തുഅനുഭവക്കാരും കണക്കപ്പിള്ളയിടെയും കുടികളുടെയും സമ്മതമനുസരിച്ചു പട്ടയം എഴുതികൊടുക്കേണ്ടതെന്നും സൎക്കാരിലേക്കുള്ള രാജഭോഗക്കരം മേലാൽ അതതു കുടികൾതന്നെ നേരിട്ടുതീൎക്കയും പട്ടയംഅനുസരിച്ചു തണ്ടപ്പേരു അവരവരുടെപേരിൽ കൊള്ളിക്കയും ചെയ്യാനുള്ളതെന്നും പട്ടയത്തിൽ തിരിപ്പായി കൊള്ളിച്ചിരിക്കുന്നതുകമാത്രം കണക്കപ്പിള്ള അതതു കുടികളോടു വാങ്ങിച്ചുകൊള്ളേണ്ടതെന്നും സൎക്കാർകരം കണക്കപ്പിള്ള തീൎക്കാനാവശ്യമില്ലെന്നും തിൎച്ചചെയ്യേണ്ടതായി അസിസ്റ്റൻറ അഭിപ്രായപ്പെട്ടിരിക്കുന്നപ്രകാരവും അതിന്മണ്ണം ചെയ്യാനുള്ളതെന്നു വിചാരിക്കുന്നതിനാൽ വേണ്ട ഉത്തരവുണ്ടാകണമെന്നും ഇടവമാസം ൨൩൬– ൭൩൩൦/൭൧൨-ാം നമ്പരായി എഴുതിയ സാധനംഎത്തി വസ്തുത മനസ്സിലാകയുംചെയ്തു.

റിക്കാൎട്ടുകൾ പരിശോധിച്ചു. ഈ സംഗതിയുടെ സ്വഭാവത്തിനു അസിസ്റ്റൻറും പേഷ്കാരും അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ നടത്തുവാനുള്ളതെന്നുതന്നെ നാമും വിചാരിക്കുന്നതിനാൽ അതിന്മണ്ണം നടത്തിച്ചുകൊള്ളണം.

റിക്കാൎട്ടുകൾ തിരിച്ചു അയച്ചിരിക്കുന്നു.

ഇച്ചെയ്തിഎല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുതു ദിവാൻപേഷ്കാരെ കേൾപ്പിച്ചു ചെയ്യുകയുംവേണം.

ഇച്ചെയ്തിയ്ക്കു സാധനം എഴുതിയ,

ദിവാൻ കെ. കൃഷ്ണസ്വാമിരായർ, ദിവാൻ ബഹദർ.

———

ഹജൂർ കച്ചേരി

തിരുവനന്തപുരം,

നമ്പ്ര ൧൪൦൫

൧൦൭൭-ാമാണ്ടു മിഥുനമാസം ൩൨-

൧൯൦൨-ാം വർഷം ജൂൺമാസം ൧൫-

ഇവിടത്തെച്ചെയ്തി ആവിതു,

Sanctioning the abolition of the cess known as Kettathengu charged on certain Pattom lands in Karunagapaly taluk and payable to Sri Kulangara Bhagavaty temple.

കരുനാഗപ്പള്ളി താലൂക്കിൽ കലശേഖരപുരം പകുതിയിൽ പണ്ടാരപ്പാട്ടവും നെല്ലും പതിഞ്ഞിട്ടുള്ള ചില പുരയിടങ്ങൾക്കു എഴുതി വരവയുള്ള ശ്രീകുളങ്ങര ഭഗവതി വകയ്ക്കു കെട്ടതെങ്ങു ൧ക്കു ദനൊരുണ്ടാണി പണം ഉള്ളതായി കാണുന്നതായും ൟ ഇനം പിറവക വസ്തുവിന്മേൽ കൊള്ളിച്ചു വിളങ്ങിയിട്ടില്ലെന്നും ഉത്തരവുകൾ ചെരുവഴിയുള്ളതല്ലാതെ അതിൽ വിശേഷവചനം ഒന്നും പറഞ്ഞിട്ടില്ലെന്നും ൟ ഇനം കലശേഖരപുരം പ്രവൃത്തിയിൽ മാത്രമെ ഉള്ളു എന്നും ൟ കരം കൊണ്ടിട്ടുള്ള ചേരുവിവരത്തിനു ലിസ്റ്റു വരുത്തി നോക്കിയതിൽ ൧൦൭ പേരിലായി ൧൩൩ പണം കൊണ്ടിട്ടുള്ളതായി കാണുന്നുണ്ടെന്നും ൟ ഇനം വസ്തുവിൽ കൊള്ളിച്ചു വിളങ്ങിയതായി കണക്കിൽ വിവരമില്ലെന്നും ൟ മാതിരിയിലുള്ള മററു പിറവകകളെ ഇതിനു മുമ്പു കുറവു ചെയ്തിട്ടുള്ള സ്ഥിതിക്കു ഇതിനേയും കുറപ്പാനുള്ളതെന്നും കരുനാഗപ്പള്ളി റെവന്യു അസിസ്റ്റന്റിന്റെ റിപ്പോർട്ടു വന്ന റിക്കാർട്ടുകൾ അയച്ചും വാളംബരം അനുസരിച്ചു ൟ പിറവകയും കുറയ്ക്കേണ്ടതെന്നു വിചാരിക്കുന്നു എന്നും എഴുതി വരവു എഴുതി അയച്ചിരുന്നതിന്മണ്ണം വിളങ്ങിപ്പെരു മുതലായതിനു പകർപ്പെഴുതിച്ചു വരുത്തി അയച്ചു മേടമാസം ൨൩൨- തൃശ്ശൂർ ൧൧൭൦ നമ്പരായി എഴുതി വന്നിട്ടുള്ള സാധനവും റിക്കാർട്ടുകളും വായിച്ചുകെട്ടു.

ൟ പിറവക വസ്തുവിൽ സ്ഥാപിച്ചും വസ്തു വിവരം ഇല്ലാതെ പിറവക മാത്രമായും വിളങ്ങി കാണുന്നു. വിളക്കത്താൽ ഇന്ന വസ്തുവിന്മേൽ കൊണ്ടതെന്നു അറിയുന്നതിനു മാർഗ്ഗവുമില്ലാ. അതിനാൽ പേഷ്കാർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ ൟ പിറവക കരം കണക്കിൽ കുറയ്ക്കുന്നതുതന്നെകൊള്ളാമെന്നു വിചാരിക്കുന്നു. അതിന്മണ്ണം നടത്തിച്ചുകൊള്ളണം.

ഇച്ചെയ്തി എല്ലാം മാതെവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,

ദിവാൻ ബഹദൂർ.

---

ഹജൂർ കച്ചേരി

തിരുവനന്തപുരം

നമ്പ്ര ൧൪൧൩

൧൯൦൨-ാം വർഷം ജൂൺമാസം ൧൪-

൧൦൭൭-ാമാണ്ടു മിഥുനമാസം ൨-

ഇവിടത്തെച്ചെയ്തി ആവിതു

That gardens converted from Kandukrishi wet lands without sanction should be assessed with the old wet tax in cases where the present garden assessment falls short of the Maukaram.

കോഴിമുക്കു പള്ളിയുടെ ഉപയോഗത്തിനായി അതിനു തെക്കും പടിഞ്ഞാറും വടക്കും വശങ്ങളിൽ കോഴിമുക്കു നെൽപ്പുര വകയിൽ പതിഞ്ഞിട്ടുള്ള നിലങ്ങളിൽ ൩൩ പറ ൭ ഇടങ്ങഴി നിലം പുരയിടമാക്കുന്നതിനു അനുവാദം കൊടുക്കണമെന്നു അപേക്ഷിച്ചു എഴുതിഅയച്ചതിനു അനുവദിപ്പാൻ ഇടയില്ലെന്നു ഇവിടെ നിന്നും ൧൪൩൬ മതു നമ്പരായി ൧൦൬൫-ാമാണ്ടു ആനിമാസം ൧൪൩- എഴുതി ചെന്നിട്ടുണ്ടെന്നും ഇപ്പോൾ തിട്ടം വരുത്തിയതിൽ മുമ്പു അപേക്ഷിച്ചിട്ടുള്ള നിലം മിക്കവാറും പുരയിടമാക്കിയിരിക്കുന്നു എന്നും ഏതാണ്ടും സ്ഥലം പള്ളിക്കാരുടെ ഉപയോഗത്തിനു തോട്ടാക്കിയിരിക്കുന്നപ്രകാരവും കാണുന്നതായും

ഇങ്ങനെയുള്ള സക്കാർ സ്വന്ത വസ്തു പാട്ടംവാങ്ങിയിരിക്കുന്ന കുടിയാനവന്മാർ അവരുടെ സ്വെകര്യത്തെ ഉദ്ദേശിച്ചു ഭേദപ്പെടുത്തുകയും നശിപ്പിക്കയും ചെയ്യുന്നതിനെ പററി ശ്രദ്ധിക്കേണ്ടതു ആവശ്യമാണെന്നും കഴിഞ്ഞ കണ്ടെഴുത്തിൽ ൦൦ ഇനം നിലം അനുവാദം കൂടാതെ വെട്ടി പുരയിടമാക്കിയ സംഗതിക്കു ശിക്ഷിച്ചിട്ടുള്ളതായി കാണുന്നുണ്ടെന്നും അമ്പലപ്പുഴ സൂപ്പ്രവൈസരുടെ സാധനം വരികയാൽ ആയതും റിക്കാർട്ടുകളും ഈ സംഗതിക്കു അസിസ്റ്റണ്ടിന്റെ അഭിപ്രായം അറിവാൻ എഴുതിഅയച്ചതിലേക്കു നിലമായി കിടക്കുന്നതിനെ പുരയിടമാക്കുന്നതു ജന്മാവകാശത്താൽ കിട്ടിയിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ അതിരു വിട്ടും കണ്ടകൃഷി ജനത്തിനു ദോഷകരമായും ഉള്ള പ്രവൃത്തി ആകയാൽ ഭേദപ്പെടുത്തിയിട്ടുള്ളതിനെ യഥാ സ്ഥിതിയിൽ നടപ്പുകാരനെ കൊണ്ടുതന്നെ നിലമാക്കിച്ചിടീക്കയൊ അല്ലെങ്കിൽ അതു സക്കാരിൽ നിന്നും നടത്തിച്ചു ചിലവാകുന്ന പണം പാട്ടക്കാരുടെ പക്കൽ നിന്നും ഈടാക്കി വസൂലാക്കുകയൊ ചെയ്യുന്നതുകൂടാതെ ഈ നിലങ്ങളും മേലും ഈ നടപ്പുകാരുടെ കൈവശം വച്ചുകൊണ്ടുയുകയായി വരുന്നതല്ലാകയാൽ പൂർവസ്ഥിതിയിൽ നിലമാക്കിയിട്ടതിന്റെ ശേഷം ആയതു മറപേരിൽ ഏല്പിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു സീനിയർ അസിസ്റ്റണ്ടു എഴുതിയിട്ടുള്ള റിപ്പോർട്ടും അയച്ചും അസിസ്റ്റണ്ടിന്റെ അഭിപ്രായപ്രകാരം നടത്തിപ്പാനുള്ളതെന്നു വിചാരിക്കുന്നു എന്നും ഇടവമാസം ൨൩-നു ൧൩൨൭ ൬൧൦-ാം നമ്പരായി എഴുതിയ സാധനം എത്തി വസ്തുതമനസിലാകയും ചെയ്തു.

പ്രസ്താവ വസ്തു ഇപ്പോൾ നിലമായി ഇടണമെന്നില്ലാ. അതിനാൽ ഇപ്പോൾ ഉള്ള കെട്ടിടങ്ങൾ മേലും ഇരിക്കുന്നതിൽ വിരോധം ഇല്ലാ. കണ്ടകൃഷി നിലം പുരയിടമാക്കുന്നതിനു അനുവാദം കിട്ടണമെന്നു മുമ്പു ബോധിപ്പിച്ചു എഴുത്തുകുത്തു നടന്നു അനുവദിപ്പാൻ ഇടയില്ലെന്നു ഹജൂരിൽ നിന്നും തീർച്ച ചെയ്തിട്ടുള്ള സ്ഥിതിക്കു അതിനു വിപരീതമായി പിന്നീടും പുരയിടമാക്കിയിട്ടുള്ളതു ക്രമമല്ലാ. നിലക്കരത്തെക്കാൾ പുരയിടക്കരം കൂടുതൽ വന്നെങ്കിൽ മാത്രമെ പുരയിടമായി പതിപ്പാൻ ഏർപ്പാടുള്ളു. ഈ സംഗതിയിൽ പുരയിടക്കരം കൂടുതൽ ഇല്ലെന്നു മാത്രമല്ലാ അങ്ങിനെ വരത്തക്കവണ്ണം ദേഹണ്ഡങ്ങളും ഒന്നും ചെയ്തു കാണുന്നില്ലാ. അതിനാൽ കരം ഇറപ്പുവരുത്തുന്നതിലേക്കായി ഈ വസ്തു നിലമായിത്തന്നെ ഗണിക്കേണ്ടതാണു. നിലത്തിനുള്ള കരം അനുഭവക്കാരർ ആണ്ടുതോറും സക്കാരിലേക്കു കൊടുക്കുന്നതു കൂടാതെ ഒരാണ്ടത്തെക്കരം മുമ്പോറായി കെട്ടിവെപ്പിക്കാനുള്ളതും ആകുന്നു. ഈ വ്യവസ്ഥ അനുസരിച്ചു നടക്കുന്നതിനു അനുഭവക്കാരർ വിസമ്മതിക്കുന്നതായാൽ അവരുടെ കൈവശത്തിൽ നിന്നും എടുത്തു മുൻപറഞ്ഞിട്ടുള്ള ഏർപ്പാടിൻപ്രകാരം വേറെ ആൾ ഏർപ്പെടുത്തി പതിച്ചുകൊടുത്തു നടത്തിച്ചുകൊള്ളണം. റിക്കാർട്ടുകൾ തിരിച്ചു അയച്ചിരിക്കുന്നു.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വൈക്കയും വേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ,

ദിവാൻ കെ. കൃഷ്ണസ്വാമി രായർ,

ദിവാൻ ബഹദൂർ.

നമ്പർ ൩൬൭൫. ജമാബന്തി രായസം

൧൦൭൭-ാമാണ്ടു മിഥുനമാസം ൧൩-
൧൯൦൨-ാം വർഷം ജൂൺമാസം ൨൬-

ഇവിടത്തെച്ചെയ്തിയാവിത്,

കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര പ്രവൃത്തിയിൽ സെറ്റിൽമെന്റിൽ അമ്പനാട്ടു പട്ടയത്തിൽ ദാസ്യം നിന്ന വക ചിറക്കര ദേവസ്വം കരം ഒഴിവുള്ള ൧൪ മറി പുരയിടം കുത്തകപ്പാട്ടത്തിനു ലേലം ചെയ്താൽ ആണ്ടൊന്നിനു ൨൩൦ പറ നെല്ലു പാട്ടമായിട്ടും ആറു വർഷത്തെകാലസംഖ്യയും ഏറ്റപ്പെട്ടു തുടങ്ങിയിൽ കൊള്ളുകയും ചെയ്ത വാദികളെ എന്നാണെ ഏല്പിച്ചു പാട്ടം പിരിക്കയും ആ ദേവസ്വം നിത്യനിദാനം വകക്കു വേണ്ട പണം പാട്ടപ്പണത്തിൽ നിന്നും കൊടുപ്പിച്ചു സർക്കാരിലെ പാർവത്യകാർ മുഖാന്തിരം നടത്തിക്കയും ചെയ്വാൻ ഹജൂരിൽ നിന്നും ൧൦൭൬-ാമാണ്ടു എഴുതിവന്ന ആ പ്രകാരം നടന്നുവരുന്നതായി കരുനാഗപ്പള്ളി സെറ്റിൽമെന്റ് അസിസ്റ്റാണ്ടിന്റെ റിപ്പോർട്ടിലേക്കായാൽ ആയതും റിക്കാർട്ടുകളും അയച്ചിരിക്കുന്ന പ്രകാരവും ഈ വസ്തുക്കൾക്കു ൪൬ കാമാഹാണിപ്പണം പാട്ടവും ൧൩൪ അര ൧ക്കാമാഹാണി പണം വിലയത്തവും ഉള്ളതായും ദേവസ്വം നിത്യനിദാനം മാസവിശേഷം ആട്ടവിശേഷം തൻ ചിലവും ഉൾപ്പെട്ട വകക്കു നെല്ലു വിലത്തരം പണവും ഉൾപ്പെടെ ആണ്ടൊന്നിനു ൩൦൭ ൨ക്കാൽ പണം ചിലവു വേണ്ടതായിട്ടും ലിസ്റ്റു എഴുതി അയച്ചിട്ടുണ്ടെന്നും ഇതുകൂടാതെ ശംഖുവിരുത്തി ഇനത്തിൽ ഒരു പുരയിടം ഉള്ളതിനെ മുണ്ടപ്പള്ളി മാരാരുടെ പേരിൽ പതിച്ചു ശംഖുവിളി മുതലായതു നടത്തിപ്പാനുള്ളതെന്നും ലിസ്റ്റിൽ വിവരിച്ചിരിക്കുന്നു എന്നും ഇതിൽ ശംഖുവിരുത്തി ഒഴികെ ശേഷംവസ്തുക്കൾ ലേലംചെയ്തു പാട്ടക്കാരത്തിനു പതിച്ചു കൊടുക്കയും ദേവസ്വം വകക്കു പതിവു ഏൎപ്പെടുത്തിയും ശംഖുവിരുത്തി പേരിൽ പതിഞ്ഞു നടന്നുവരുന്നതുപോലെയും നടത്തിക്കയും ചെയ്യാനുള്ളതെന്നു അസിസ്റ്റണ്ടു അഭിപ്രായപ്പെട്ടിരിക്കുന്നു എന്നും ആ അഭിപ്രായം ശരിയെന്നു വിചാരിക്കുന്നതായിട്ടും ൧൦൭൭-ാമാണ്ടു ഇടവമാസം ന്നാ- ൧൦൩൩-ാമതു നമ്പരിൽ എഴുതിയ സാധനം വന്നിരിക്കുന്നതിനു,

Stating that the lands belonging to Chirakara temple in Tiruvalla should be recorded as Devaswom Tanatam & leased out on Kuthakapattam and the pooja expenses met out of the lease amount under Sirkar management, but that the Sankhu viruthi land may be granted as such for future service in the temple as recommended by the Settlement Dewan Peishkar.

റിക്കാർട്ടുകൾ പരിശോധിച്ചു.

ചിറക്കര ദേവസ്വം കരം ഒഴിവുള്ള ൧൪ മറി പുരയിടം കുത്തകപ്പാട്ടത്തിനു ഏല്പിച്ചിട്ടുള്ളതിനെ സെററിൽമെന്റിൽ സർവെ ൩൪൭൯-ം ൩൪൮൦ മുതൽ ൩൪൮൮ വരെയും ൩൪൯൧-ം ൩൪൯൩-ം ൩൫൦൦-ം ഇങ്ങനെ ൧൦ നമ്പരായി ചെത്തും ഇതിൽ ൩൪൮൬-ം ൩൪൮൮-ം നമ്പർകൾക്കു ഏ യും ബിയും ലററർകൾ കൊടുത്തും കണ്ടെഴുതിയിരിക്കുന്നതായും ൩൪൮൬-ം ൩൪൮൮-ം നമ്പരുകളിൽ ബി ലററുകളിലുള്ള പുരയിടങ്ങളും ൩൪൮൭ാം നമ്പർ പുരയിടവും വെട്ടി താഴ്ത്തി ൩. പറ ൭ ഇടങ്ങഴി നിലം ആക്കിയിരിക്കുന്നു എന്നും ആ നിലത്തിനു ൨. പറ ൬ ഇടങ്ങഴി നെല്ലിനു വിലത്തരം ൩ അരമാഹാണി മുക്കാമാഹാണി പണവും പുരയിടങ്ങൾക്കു വൃക്ഷപാട്ടവും തറപ്പാട്ടവും ഉൾപ്പെടെ ൬൭ മുക്കാലെ അരക്കാൽ അരമാഹാണി പണവും ഇങ്ങനെ ൭൧ അര കാമാകാണി പണം സൎക്കാർ പാട്ടം ഉണ്ടെന്നും ദെവസ്വം പൂജ അടിയന്തിരം മുതലായ വകക്കു ആണ്ടൊന്നിനു ൧൬ പറ ൯ കാൽ ഇടങ്ങഴി നെല്ലും ൨൩൭ കാലെമാഹാണി പണവും വെണ്ടുന്നതായിട്ടും കാണുന്നു. ദെവസ്വം പൂജ അടിയന്തിരം മുതലായ വകക്കു വെണ്ടുന്ന നെല്ലും പണവും വസ്തുക്കളുടെ പാട്ടം വകയിൽ മുതൽ ഇല്ലാത്ത സ്ഥിതിക്കു ദെവസ്വം ഇപ്പൊൾ സൎക്കാർ വക എഴുതി തിരുവയിൽ ചെത്തു നടത്തിക്കുന്നതിനു ക്രമം ഇല്ലെന്നും ഇങ്ങനെയുള്ള ദെവസ്വങ്ങളുടെ വകക്കു പൊതുവിൽ ഒരു ഏൎപ്പാടു ചെയ്യുന്നതു വരെ ഇവിടെ നിന്നും ജമാബന്തി രായസംവക ൯൯൭ാമതു നമ്പരിൽ ൧൦൭൭ാമാണ്ടു കന്നി മാസം ൨൯-ാം- അയച്ചിട്ടുള്ള സാധനത്തിലെ താല്പൎയ്യപ്രകാരം ദെവസ്വം സൎക്കാർ ഭരണത്തിൽ വച്ചു വസ്തുക്കൾ കുത്തകപ്പാട്ടമായി ഏല്പിച്ചു പാട്ടം വകയിലുള്ള മുതൽകൊണ്ടു പൂജഅടിയന്തിരം മുതലായതു നടത്തിപ്പാനുള്ളതെന്നും വിചാരിക്കുന്നതിനാൽ സെററിൽമെന്റിൽ ഈ ദെവസ്വം വകയായി ഉള്ള വസ്തുക്കളിൽ കുത്തക പാട്ടത്തിനു ഏല്പിച്ചിരിക്കുന്ന വസ്തുക്കൾ ദെവസ്വം തനതായും ശംഖവിരുത്തി വസ്തു ആ ഇനമായിട്ടും തന്നെ ചെത്തു കണക്കുകൾ തീൎക്കുന്നതിനും താലൂക്കിലെക്കു വിവരം കാണിച്ചു ലിസ്റ്റു മുതലായതു അയക്കുന്നതിനും ചട്ടംകെട്ടി കൊള്ളണം. റിക്കാർട്ടുകൾ തിരിയെ ഇ-

തിനൊടുകൂടി അയച്ചിരിക്കുന്നു, ഈ സാധനത്തിന്റെ പകൎപ്പ അയച്ച ഡിവിഷനിലെക്കും എഴുതി അയച്ചിട്ടും ഉണ്ട.

ഇച്ചെയ്തി എല്ലാം മാതെവൻപിള്ള വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കെൾപ്പിച്ചു വെക്കയും വേണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ.

---

നമ്പർ ൧൭൭൪.

ഹജൂർ കണ്ടെഴുത്തു,

൧൦൭൫-ാമാണ്ട കൎക്കടകമാസം ൩൧-ന.
൧൯൦൦-ാം വൎഷം ജൂലായിമാസം ൧൬-ന.

ഇവിടത്തെച്ചെയ്തി ആവിതു.

Stating that the vilayattham leviable on the lands endowed for Payasanivedyum in the Suchindram temple may be recovered in three instalments and that credit should be allowed for the mortgage loan on Vettolivatenures.

ശുചീന്ദ്രം ക്ഷെത്രത്തിലെക്ക ശ്രീപാദം വകയിൽ നിന്നും പാൽപായസ നിവെദ്യം വകക്കായി വിട്ടുകൊടുത്തു അനുഭവിച്ചുവരുന്ന വസ്തുക്കൾക്കു വിലയത്ഥം തീൎക്കണമെന്നു തീരുമാനിച്ചു എഴുതി അയച്ചിരിക്കുന്നതിനെപ്പറ്റി ശുചീന്ദ്രം ഗ്രാമത്തിൽ രങ്കാരായർ ബാലാജിരായർ മുതൽപെരു ഹൎജി ബൊധിപ്പിച്ചു ആ വക റിക്കാൎട്ടുകൾ എടുപ്പിച്ചു അയപ്പാൻ എഴുതി അയച്ചിരുന്നതിൻവണ്ണം വന്നിട്ടുള്ള റിക്കാൎട്ടുകളെ വീണ്ടും പരിശൊധിക്കയും ഹൎജിക്കാരും അവരുടെ വക്കീലും ഹാജരുണ്ടായിരിക്കയാൽ വാദങ്ങൾ കെൾക്കയും ചെയ്തു.

ഈ സംഗതിയിൽ വിലയത്ഥം തീൎക്കണമെന്നുള്ള മുൻതീൎച്ചയെ ഭെദപ്പെടുത്തുന്നതിന്ന കാരണം കാണുന്നില്ലാ. വിലയത്ഥം ഒന്നായി കെട്ടിവെക്കുന്നതിൽ ഹൎജിക്കാൎക്ക ബുദ്ധിമുട്ടിനും സങ്കടത്തിനും ഇടയുണ്ടെന്നു കണ്ട വിലയത്ഥ തുകയെ മൂന്നായി ഭാഗിച്ചു ഒരു ഭാഗം ഈയാണ്ടിലും ശെഷം ൧൦൭൬-ം ൧൦൭൭-ം ആണ്ടുകളിലും ആയി റീതിപ്പൊലെ പലിശകൂടാതെ കെട്ടിവെപ്പിക്കുന്നതു കൊള്ളായമെന്നു വിചാരിക്കുന്നതിനാൽ അപ്രകാരം നടത്തിക്കയും ഈ ഇനത്തിൽ വെട്ടൊഴിവു അത്ഥം വകവച്ചു കൊടുത്തിട്ടുള്ള വസ്തുക്കൾക്ക ആ സംഖ്യയെ വിലയത്ഥ തുകയിൽ നിന്നും കുറച്ചു ശെഷം പണം മെൽ വിവരിച്ച ക്രമത്തിന്ന ഈടാക്കുകയും ചെയ്തുകൊള്ളണം. റിക്കാൎട്ടുകൾ തിരിച്ചു അയച്ചിട്ടും ഉണ്ട.

ഇച്ചെയ്തി എല്ലാം ലക്ഷ്മണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപെഷ്കാരെ കെൾപ്പിച്ചു വെക്കയും വെണം.

ഇച്ചെയ്തിക്ക സാധനം എഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമി രായർ,
ദിവാൻ ബഹദൂർ.

നമ്പ്ര ൩൭൩൦.

ജമാബന്തിരായസം.

തിരുവനന്തപുരം.

൧൦൭൯-ാമാണ്ടു കൎക്കടകമാസം ൧൨നു-
൧൯൦൪-ാം വൎഷം ജൂലായിമാസം ൨൭നു-

ഇവിടത്തെച്ചെയ്തിരുവിളു.

Settlement of lands belonging to the Kaviyur Devaswom incorporated with the State.

കവിയൂര ദേവസ്വംവകയായുള്ള സകല വസ്തുക്കളും സൎക്കാർ കണക്കിൽ ചേൎത്തു മുതൽ എടുപ്പിക്കയും ദേവസ്വം എഴുതിത്തള്ളുവയിൽ ചേൎത്തു നിത്യനിദാനം മുതലായ അടിയന്തിരങ്ങൾക്കു വേണ്ടുന്ന നെല്ലും പണവും പതിവുവച്ചു സൎക്കാരിൽനിന്നും കെട്ടിക്കൊടുക്കയും ചെയ്യാനുള്ളതെന്നുകണ്ടു എഴുതി അയച്ചിരുന്ന വിവരം തിരുമനസ്സറിയിച്ചതിന്റെ ശേഷം അതിന്മണ്ണം കല്പിച്ചനുവദിച്ചിരിക്കുന്നതായി കൊട്ടാരം സൎവ്വാധികാൎയ്യക്കാറരു ൨൦൩൧-ാമതു നമ്പറിൽ ഈ മാസം ൩നു എഴുതിയ സാധനംവന്നു ഡിവിഷനിലേക്കു എഴുതി അയച്ചിരിക്കുന്നു.

ഈ ദേവസ്വംവകയായി തിരുവല്ലാ, ചങ്ങനാശേരി രണ്ടു താലൂക്കിൽചേൎന്ന ഒൻപതു പ്രവൃത്തിയിലും ഇടപ്പള്ളിവക കല്ലൂപ്പാറ പ്രവൃത്തിയിലും ഉൾപ്പെട്ട സ്ഥലങ്ങളിലും കവിയൂരു, കല്ലൂപ്പാറ ഈ സ്ഥലങ്ങളിലുള്ള എട്ടു സംകേതത്തിലുമായി ദേവസ്വംവക വെറുമ്പാട്ടം, കാണപ്പാട്ടം, പെരുമ്പാട്ടം, അടിമ, അനുഭോഗം, തിരുവുള്ളം, കാരാണ്മ, ജന്മിമാരുവക തേട്ടം ഈ ഇനങ്ങളിലായി ൭൩൯ പറ ൧൧മാകാണി മുക്കാമാകാണി ഇടങ്ങഴി നിലവും ൧൫൪൨ പുരയിടവും ൩൭൭൧ പറ ചോറിക്കലും ൧൪ പറ ൪ ഇടങ്ങഴി മൺവിരിപ്പും കണക്കിൽ പതിഞ്ഞു ഓരോ കുടികൾ നടന്ന പാട്ട മിച്ചവാരം മുതലായതു തീൎത്തു വരുന്നതാകും കണക്കിൽ പതിയാതെ സങ്കേതസ്ഥലത്തും അതിന പുറമേയുള്ള ചില സ്ഥലങ്ങളിലുമായി ഏതാനും ഭൂമികൾ പുതുവൽ പാട്ടമായി പതിച്ചു കരം മുതൽ വരുത്തുവാനുണ്ടെന്നും കാണുന്നു. ഈ സ്ഥലങ്ങളിൽ ഇപ്പോൾ സെറ്റിൽമെന്റു ജോലി നടന്നുവരുന്നതുകൊണ്ടു ഈ ദേവസ്വംവകയായുള്ള എല്ലാ വസ്തുക്കളുടെയും അതിന്മേൽ വരുവാനുള്ള ആദായത്തിന്റേയും കുടികളുടെ അവകാശത്തിന്റേയും സ്ഥിതികൾ സെറ്റിൽമെന്റിൽ നിൎണ്ണയം വരേണ്ടതായിരിക്കുന്നതുകൊണ്ടു അതിന്മണ്ണം നിൎണ്ണയപ്പെടുത്തി കരംതിരുവയ്ക്കു പട്ടയം കൊടുപ്പിക്കയും സെറ്റിൽമെന്റു തീൎന്നതിൽപിന്നെ പട്ടയത്തുംപ്രകാരം മുതൽവരുന്ന സംഖ്യയ്ക്കു പ്രത്യേകം ഒരു സ്റ്റേറ്റുമെന്റു തയ്യാറാക്കിച്ചയയ്ക്കുകയും ചെയ്തുകൊള്ളണം.

ഇച്ചെയ്തി എല്ലാം മാതേവൻപിള്ള വായിച്ചു കണ്ടെഴുതു ദിവാൻപേഷ്കാരെ കേൾപ്പിച്ചയയ്ക്കുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻബഹദൂർ.

---

നമ്പ്ര ൪൦൩൭/൲൪.

തിരുവനന്തപുരം

൧൦൭൯-ാമാണ്ടു കൎക്കടകമാസം ൨൦നു-
൧൯൦൪-ാംവൎഷം ആഗസ്റ്റുമാസം ൪നു-

ഇവിടത്തെച്ചെയ്തിരുവിളു.

Requesting orders whether in preparing the abstract ayacut statements the numerous tenures may be grouped under (18) eighteen heads as per sample annexed.

തിരുവനന്തപുരം താലൂക്കിൽ സെറ്റിൽമെന്റു രജിസ്റ്റർ തയ്യാറാക്കുന്നതിനു അനുവദിച്ചിട്ടുള്ള ഫാറം അച്ചടിച്ചുവന്നു ആ വേല ദുരിശമായി തീൎപ്പിച്ചുവരുന്നു. ഈ സംഗതിയെപ്പറ്റി മുമ്പു എഴുതിഅയച്ചിട്ടുള്ള സാധനത്തിൽ ഒരു പകുതിയിലെ സെറ്റിൽമെന്റു രജിസ്റ്റർ എഴുതി തീൎന്നു അതിലേക്കു ഇനംതിരിച്ചു ടോട്ടൽ ആകതുക എടുക്കുന്നതു ആ പകുതിയിലെ ആയക്കെട്ടായിരിക്കുമെന്നു പ്രസ്താവിച്ചിട്ടുണ്ടു. എന്നാൽ ഏതു ഇനങ്ങളെ ഒന്നായി ചേൎത്തു തുക എടുക്കാമെന്നും പ്രത്യേകമായി തുക വരുത്തേണ്ട ഇനങ്ങൾ ഏ

തെല്ലാമെന്നും തിച്ചപ്പെടുത്തുകയൊ അവിടെനിന്നും എഴുതിവരികയൊ ചെയ്തിട്ടുള്ളതായി കാണുന്നില്ലാ. ഇനംതിരിപ്പിനെക്കുറിച്ച ഒരു വ്യവസ്ഥ ഉണ്ടായതിന്മേൽ അതനുസരിച്ച തുക തിരിച്ച എടുക്കേണ്ടതായിരിക്കുന്നു. അതേപ്പറ്റി ആലോചിച്ചതിൽ നിലം പുരയിടം മുതലായതുകളെ പല ഇനങ്ങളായി വിഭജിച്ച അതിൽ ഓരോന്നിലും ചേരുന്നതായ ഇനങ്ങളെ കൂട്ടിച്ചേർത്തു തുക കണ്ടാക്കുന്നതു മതിയാകുമെന്നു തോന്നി അങ്ങിനെ നിശ്ചയിച്ച ഒരു മാതൃക തയ്യാറാക്കിച്ചു ഇതോടുകൂടി അയച്ചിരിക്കുന്നു. അതിനെ അവിടെയും പരിശോധിച്ച എഴുതിവരുന്നതുപോലെ നടത്തിക്കേണ്ടതാകയാൽ അതിലേക്കു ഉത്തരവുണ്ടാകാനപേക്ഷ. ഇപ്പോഴും കൊല്ലം ഡി. പാർവത്യങ്ങളായ ചെട്ടിവിളാകം, ഉളൂർ, ചെറുവയ്ക്കൽ, മേനാംകുളം, [illegible], കീഴതോന്നയ്ക്കൽ, ഈ എട്ടു പകുതികളിലേയും സെറ്റിൽമെന്റ രജിസ്റ്റർ തീർന്നു അതാതുക വരുത്തി അച്ചടിപ്പിക്കുന്നതിനു അയച്ചിരിക്കുന്നതും ശേഷം പകുതികളിലേയും രജിസ്റ്റർ തീർപ്പിച്ച താമസിയാതെ അയച്ചുകൊള്ളാവുന്നതുമാകയാൽ ആ വിവരവും ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തിയെല്ലാം കുഞ്ഞുപിള്ളവായിച്ച രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

ഇച്ചെയ്തികൾ സാധനം എഴുതിയ
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

1 പണ്ടാരവകപ്പാട്ടം (സർക്കാർദേവസ്വം പാട്ടം ഉൾപ്പടെ)
2 പണ്ടാരവക ഒറ്റി (സർക്കാർദേവസ്വംഒറ്റി ഉൾപ്പടെ)
3 ഇനാം
4 ഊരാണ്മദേവസ്വംവക
5 ബ്രഹ്മസ്വംവക
6 ശ്രീപണ്ടാരവകപ്പാട്ടം
7 ശ്രീപണ്ടാരവകഒറ്റി
8 ശ്രീപണ്ടാരവക മററിനങ്ങൾ
9 ശ്രീപാദംവക (ടിവക ദേവസ്വം ഉൾപ്പടെ)
10 ശ്രീപാദംതനതു
11 കണ്ടുകൃഷിപ്പാട്ടം
12 കണ്ടുകൃഷിതനതു
13 ഇറയിലി
14 കരംഒഴിവു
15 ദാനം
16 സർക്കാർതനതു
17 തരിശു
18 പുറമ്പോക്ക

---

നമ്പ്ര ൨/൨

തിരുവനന്തപുരം

൧൦൭൩-ാമാണ്ട ചിങ്ങമാസം ൩൰
൧൮൯൭-ാം വൎഷം ആഗസ്റ്റ്മാസം ൨൦൹

ഇവിടത്തെച്ചെയ്തിരുവിതു.

Recommending that the remission made out of the assessment on 40 paras of land in Trikkovilvattom pakudi under husking charges of paddy &c for the rice to be supplied to the Mukhattala temple be discontinued and the service paid for, provision being made for the purpose in the scale of expenditure for the temple.

കൊല്ലം താലൂക്കിൽ തൃക്കോവിൽവട്ടം പകുതിയിൽ രജിസ്ത്രേഷൻ ൧൭൯൨, ൩൧൭, ൧൭൭൬, ൧൭൩൩, ൧൬൬൬, ൭൦ൻ നമ്പ്ര കേസുകളിൽ ഉൾപ്പെട്ടതിൽ സൎക്കാർ മുഖത്തലദേവസ്വം പിഴയാംപാട്ടം എന്ന ഇനത്തിൽ ൪൯൰ൽ ഇടങ്ങഴി നിലം പതിവുള്ളതായും ടി ദേവസ്വത്തിൽ നിത്യനിദാനം ഉഷപൂജവകക്കു തെക്കേടം വടക്കേടം മൂത്തതന്മാർ പേർ രണ്ടും കൂടി നാഴി ഒന്നുക്കു ഇടങ്ങഴി അരിവീതം കൊടുക്കുന്നതിനു കുത്തുകൂലി ഉൾപ്പടെ ആണ്ടൊന്നിനു ൧൦൦ പറ ൩ മുക്കാൽ നെല്ലു ൪൦ പറ നിലത്തിൽ വകവച്ചു കൊടുത്തിട്ടുള്ള പ്രകാരവും ൯൭൭-ാമാണ്ടത്തെ ആയക്കെട്ടു കണക്കിൽ കാണുന്നതായും ദേവസ്വംവകക്കു നാഴി ഒന്നുക്കു ൩ പറ ൩।മാഹാണി അരി സൎക്കാരിൽനിന്നും പതിവുള്ളതിനുള്ള നെല്ലു അധികാരത്തിൽ നിന്നും കെട്ടിവാങ്ങി അതും അതുകൂടാതെ ചിറവാസചതുപത്തിൽ നിന്നു ഒന്നും അകപൂജവകയിൽനിന്നും മുക്കാലും ഊരാണ്മക്കാരുടെ വഴിവാടായി രണ്ടും ഇങ്ങനെ മുന്നേമുക്കാൽ അരികൂടി പതിവുകണക്കിൽ കൊണ്ടിട്ടുള്ളതനുസരിച്ചു ആ അരി മൂത്തതന്മാരെക്കൊണ്ടു അളപ്പിച്ചും പൂജ നടത്തിവരുന്നതായിട്ടും കാണുന്നു എന്നും ദേവസ്വം സൎക്കാരിൽ ചേൎക്കുന്നതിനു മുമ്പു ഇത്രയും നെല്ലു സൎക്കാരിൽ നിന്നും കൊടുക്കുന്നതിനു ഏൎപ്പാടു ചെയ്തിട്ടുള്ളതു സൎക്കാരിൽ ചേൎത്തസമയം ഏൎപ്പെടുത്തപ്പെട്ട പതിവുകണക്കിൽ കൂടി ഉൾപ്പെട്ടിട്ടുണ്ടോ എന്നു തിട്ടംവരുത്തിച്ചു ഉൾപ്പെട്ടിട്ടില്ലെന്നു കാണുന്നതായാലും ഇത്രയും അരി പതിവിൽ കൂട്ടിനടത്തിക്കയും വസ്തു സൎക്കാരിൽചേൎത്തു പാട്ടമായി പതിക്കയും ചെയ്യാനുള്ളതെന്നും കണ്ടെഴുത്തു സ്പെഷ്യൽ അസിസ്റ്റൻറിൻെറ ൩൧-ാം നമ്പ്ര റിപ്പോൎട്ടു വന്നിരിക്കകൊണ്ടു ആയതും റിക്കാൎട്ടുകളും ഇതൊന്നിച്ചു അയച്ചിരിക്കുന്നു.

ഈ ദേവസ്വം പതിവുകണക്കു ഹജൂരിൽ ഇരിപ്പുള്ളതിനെ തിട്ടംവരുത്തിച്ചു ഇതിലേക്കു വേണ്ട ഉത്തരവുണ്ടാവാറാകണം.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവൎകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പ്ര ൨൩

ഹജൂർ കണ്ടെഴുത്തു,
തിരുവനന്തപുരം.

൧൦൭൩-ാമാണ്ട ചിങ്ങമാസം ൩൰
൧൮൯൭-ാം വൎഷം ആഗസ്റ്റുമാസം ൨൨൹

ഇവിടത്തെച്ചെയ്തി ആവിതു.

" That decisions passed in puduval registration cases should be comunicatd to the parties concernd in writing without delay.

പുതുവൽ സംബന്ധിച്ചു വിചാരണ നടത്തി പതിച്ചു കൊടുക്കേണ്ടതെന്നൊ അതിലേക്കു ഇടയില്ലന്നൊ തീരുമാനിച്ചാൽ ആ വിവരം കക്ഷികളെ തെര്യപ്പെടുത്താറില്ലെന്നു അറിയുന്നു. തീൎച്ചവിവരം കക്ഷികളെ തെര്യപ്പെടുത്തുന്നതായാൽ അവൎക്കു ആശ്വാസത്തിനും ആവശ്യമായ പരാതികൾ എഴുതുകുന്നതിനും ഇടവരുന്നതല്ലൊ. മേലാൽ ഒരം വകയിൽ തീൎച്ചചെയ്യുന്ന ഓരോ കേസുകൾക്കും നോട്ടീസുകൊടുത്തു കക്ഷികളെ

അപ്പഴപ്പോൾ തെറ്റപ്പെടുത്തുന്നതു കൊള്ളാമെന്നു വിചാരിക്കുന്നു. അപ്രകാരം ചട്ടംകെട്ടി നടത്തിച്ചുകൊള്ളണം.

ഇച്ചട്ടം എല്ലാം ലക്ഷ്മണയ്യൻവായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വശ്യമായും വേണം.

ഇച്ചട്ടങ്ങൾ സാധനം എഴുതിയ
ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ.

---

No. 2706/R. 1120

## NOTIFICATION.

It appears that the Government is frequently made a party to suits instituted in Civil Courts against the decisions of Settlement and Revenue Officers in connection with the transfer of registry. Government are in no way interested in these suits whose main object is the settlement of disputes between party and party, and are prepared to order transfer of registry in favour of parties who establish their title to the same by the final decision of Civil Courts. It is therefore unnecessary to make Government a party to such suits. It is accordingly notified for general information and the guidance of revenue officers, under sanction of His Highness the Maha Rajah, that on production of a duly certified copy of the decree of court, the necessary transfer shall be made and Puttas issued.

The public are warned against the risk they run in the matter of costs by unnecessarily making the Government a party to such suits.

Huzur Cutcherry,
Trivandrum,
25th August 1900.

K. KRISHNASWAMY ROW,
Dewan.

പരസ്യം.

പോക്കുവരവു ചെയ്യുന്നതിനെ സംബന്ധിച്ചു കണ്ടെഴുത്തു ഉദ്യോഗസ്ഥന്മാരും റവന്യൂ ഉദ്യോഗസ്ഥന്മാരും ചെയ്യുന്ന തീൎച്ചകളിന്മേൽ സിവിൽ കോട്ടുകളിൽ ചെയ്യുന്ന വ്യവഹാരങ്ങളിൽ ഗവൎമ്മെന്റിനെ പലപ്പോഴും ഒരു കക്ഷിയാക്കി വരുന്നതായി കാണുന്നു. ഈ വ്യവഹാരങ്ങളുടെ മുഖ്യമായ ഉദ്ദേശ്യം കക്ഷികൾ തമ്മിൽ ഉള്ള തക്കത്തെ തീൎച്ചപ്പെടുത്തുന്നതായിരിക്കുന്ന സ്ഥിതിക്കു ഈ വ്യവഹാരങ്ങളിൽ ഗവൎമ്മെന്റു യാതൊരു വിധത്തിലും ബാദ്ധ്യപ്പെട്ടവരല്ല. സിവിൽ കോട്ടുകളുടെ തീൎച്ചയായ തീൎപ്പിനാൽ ഏതു കക്ഷിയുടെ പേരിൽ പോക്കുവരവു ചെയ്യണമെന്നു സ്ഥിരപ്പെടുന്നുവൊ ആ കക്ഷിയുടെ പേരിൽ പോക്കുവരവു ചെയ്യാൻ ഗവൎമ്മെന്റിൽ നിന്നു ഉത്തരവുകൊടുക്കുന്നതാണു. ഈ സ്ഥിതിക്കു ഈ വിധം വ്യവഹാരങ്ങളിൽ ഗവൎമ്മെന്റിനെ ഒരു കക്ഷിയാക്കുന്നതു അനാവശ്യം ആകുന്നു.

അതുകൊണ്ടു സകലമാന ജനങ്ങളും അറിയുന്നതിന്നും റവന്യൂ ഉദ്യോഗസ്ഥന്മാർ അറിഞ്ഞു നടക്കുന്നതിന്നുമായി ഇതിനാൽ കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ കോട്ടിലെ ഡിക്രിയുടെ ക്രമപ്രകാരം സാക്ഷ്യപ്പെടുത്തപ്പെട്ട ഒരു പകൎപ്പു ഹാജരാക്കുമ്പോൾ ആവശ്യമുള്ള പോക്കുവരവു ചെയ്തു പട്ടാ കൊടുക്കുന്നതാകുന്നു. ഈ വിധം വ്യവഹാരങ്ങളിൽ ഗവൎമ്മെന്റിനെ ഒരു കക്ഷിയാക്കുന്നതുകൊണ്ടു കോൎട്ടുചിലവിന്റെ വിഷയത്തിൽ കക്ഷികൾക്കു അനാവശ്യമായ ചിലവുണ്ടാകുന്നതായ നഷ്ടം അവൎക്കു നേരിടാതെ ഇരിക്കാനായി അവർ സൂക്ഷിച്ചു കൊള്ളേണ്ടതുമാകുന്നു എന്നു

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൦-ാം വൎഷം ആഗസ്റ്റ് മാസം ൨൫നു-

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ.

## விளம்பரம்.

பட்டாமறுபேரால் மாற்றி வைத்துக் கொடுப்பதைக் குறித்து கண்டெழுதது (செட்டில்மெண்டு) உத்தியோகஸ்தர்களும், ரெவனியூ உத்தியோகஸ்தர்களும் செய்யும் தீருமானங்களின் பேரில் சிவில் கோட்டுகளில் வியாசியஞ் செய்கின்றவர்கள் கவர்ன்மேண்டையும் ஒரு கட்சியாகச் சேர்த்து வருகின்றதாய்க் காணப்படுகிறது. இவ்வித வியாச்சியங்களின் முக்கியமான உத்தேசம் கட்சிகள் தம்மிலுள்ள தாக்கங்களை தீர்மானிக்கும்படியாயிருப்பதால் இந்த வியாச்சியங்களுக்கு கவர்மெண்டு எவ்விதத்திலும் பாத்தியப்பெட்டவர்களல்லா. எவன் பேரில் பட்டா மாற்றிக்கொடுக்கவேண்டுமென்று சிவில் கோர்ட்டார்கடையான தீர்மானஞ் செய்கின்றார்களோ, அந்த கடசியின்பேரில் பட்டா மாற்றிக கொடுக்கும்படி கவர்ன்மெண்டிலிருந்து உத்தரவு கொடுக்கப்படும். ஆகையால் இவ்வித வியாச்சியங்களில் கவர்ன்மெண்டை கட்சியாகச் சேர்ப்பது அனவசியமே. ஆகயால் சகலமான ஜனங்களும் அறியும்பொருட்டும் ரேவனியூ உத்தியோகஸ்தர்கள் அறிந்து நடக்கும்பொருட்டும், கற்பனையின்படி, இதனால் பிரசித்தஞ் செய்கிறதென்னவென்றால், சிவில் கோர்ட்டின் டிக்கிறியின் கிரமமாய் உறுதிப்படுத்தப்பட்ட ஒர் நகல் கொண்டுவரும்பொழுது ஆவசியமான பட்டா மாற்றஞ்செய்து பட்டா கொடுக்கப்படும்.

இவ்வித வியாச்சியங்களில் கவர்ன்மெண்டை கட்சியாகச் சேர்ப்பதினால் கோர்ட்டு செலவு விஷயத்தில் ஜனங்களுக்கு அனாவசயமான நஷ்டம் நேரிடுமென்று முன்னறிவு கொடுக்கப்பட்டிருக்கின்றது.

| | |
|---|---|
| ஹஜூர் கச்சேரி, திருவனந்தபுரம்<br>1076 ஆவணி 10௳ | திவான் கெ. கிருஷ்ணசுவாமி ராவ்<br>திவான் பேஷ்கார். |

---

നമ്പ്ര ൧൦൪.

ഹജൂർ കണ്ടെഴുത്ത്
തിരുവനന്തപുരം

൧൦൭൬-ാമാണ്ടു ചിങ്ങമാസം ൧൦-നു-
൧൯൦൦-ാം വർഷം ആഗസ്റ്റ്മാസം ൨൫-നു-

ഇവിടത്തെ ചെയ്തിരുവിത്.

Stating that in the abstract ayacut statements all tenures should be separately shewn and that the grouping of the lands under 18 heads as suggested by the Settlement Dewan Peishcar need not be adopted.

തിരുവനന്തപുരം താലൂക്കിൽ സെററിൽമെൻറ രജിസ്റ്റർ തയ്യാറാക്കുന്നതിനു അനുവദിച്ചിട്ടുള്ള ഫാറം അച്ചടിച്ചുവന്നു ആ വേല ദുരിശമായി തീർപ്പിച്ചുവരുന്നതായും ഒരം സംഗതിയെപ്പററി മുമ്പുവന്നിട്ടുള്ള സാധനത്തിൽ ഒരു പകർതിയിലെ സെററിൽമെൻറ രജിസ്റ്റർഎഴുതിതന്നു അതിലേക്കു ഇനംതിരിച്ചു ഒടുവിൽ ആകത്തുക എടുക്കുന്നതു ആ പകർതിയിലെ ആയ ക്കെട്ടായിരിക്കുമെന്നു പ്രസ്താവിച്ചിട്ടുണ്ടെന്നും എന്നാൽ ഏതേതു ഇനങ്ങളെ ഒന്നായിചേർത്തു തുക എടുക്കാമെന്നും പ്രത്യേകമായി തുക വരുത്തേണ്ട ഇനങ്ങൾ ഏതെല്ലാംഎന്നും തീർച്ചപ്പെടുത്തുകയോ ഇവിടെനിന്നും എഴുതിഅയക്കയൊ ചെയ്തിട്ടുള്ളതായി കാണുന്നില്ലെന്നും ഇനംതിരിപ്പിനെക്കുറിച്ചു ഒരു വ്യവസ്ഥ ഉണ്ടായതിന്മേൽ അതനുസരിച്ചു തുകതിരിച്ചു എടുക്കേണ്ടതായിരിക്കുന്നുഎന്നും അതിനെപ്പററി ആലോചിച്ചതിൽ നിലം പുരയിടം മുതലായ്തുകളെ ൧൮ ഇനങ്ങളായി വിഭജിച്ചു അതിൽ ഓരോന്നിലും ചെരുന്നതായ ഇനങ്ങളെ കൂട്ടിചേർത്തു തുകയുണ്ടാക്കുന്നതു മതിയാകുമെന്നുതോന്നി അങ്ങനെ നിശ്ചയിച്ചു ഒരു മാതൃക തയ്യാറാക്കിച്ചു അയച്ചിരിക്കുന്നതിനാൽ അതിനെ പരിശോധിച്ചു ഇവിടെനിന്നും എഴുതിഅയക്കുന്നതുപോലെ നടത്തിക്കേണ്ടതാകയാൽ അതിലേക്കു ഉത്തരവുണ്ടാകണമെന്നുംമററം ൪൦൩൭ -ാമത് നമ്പരിൽ കഴിഞ്ഞആണ്ടു ആടിമാസം ൩൦-നു- എഴുതിയ സാധനം എത്തി വസ്തുത മനസിലാകയുംചെയ്തു.

വന്നിട്ടുള്ള മാതൃകനൊക്കി, നിലം പുരയിടംസംബന്ധിച്ച ഇപ്പോഴുള്ള എല്ലാ ഇനങ്ങളും മേലും ഇരിക്കേണ്ടതാണ. കാരോഇനങ്ങളുടെ ആകത്തുകയും പ്രത്യേകമായി സെററിൽമെൻറ രജിസ്ടരിൻെറ ഒടുവിൽകാണിച്ചിരിക്കേണ്ടതും പകുതി തിരിച്ചുഎടുക്കുന്ന തുകകളെക്കൂട്ടി എഴുതി താലൂക്ക മൊത്തം ആയക്കെട്ടുവിവരമായി തീൎപ്പിക്കേണ്ടതുമാകുന്നു.

ഇച്ചെയ്തിഎല്ലാം ലക്ഷ്മണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെകെൾപ്പിച്ചു വശ്യം വേണം.

ഇച്ചെയ്തിക്ക സാധനം എതിഴയ,
ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ.

---

നമ്പ്ര ൧൦൭൦/൩൨.

മരുതൂർകുളങ്ങര

൧൦൭൯-ാമാണ്ടു കന്നിമാസം ൭൯-
൧൯൦൩-ാംവൎഷം സെപ്തംബർമാസം ൨൨-

ഇവിടത്തെ ചെയ്തിആവിതു.

കൊല്ലം സൂപ്രവൈസ്സരിടെ റിപ്പോൎട്ടിന്മേൽ കരുനാഗപ്പള്ളി റെഞ്ച് അസിസ്റ്റൻറ ൩൨-ം ൨൩-ം നമ്പരുകളിലും തെക്കൻ റെഞ്ച് അസിസ്റ്റൻറ ൨൭൧൪/൩൨-ാം നമ്പരിലും എഴുതിവന്നിട്ടുള്ള റിപ്പോൎട്ടുകൾ ഇതൊന്നിച്ചയച്ചിരിക്കുന്നു.

*Regarding rules whether in view of the rules passed under section 16 of the Land Conservancy Regulation II of 1067 porampokes should be registered on recovery of acreage value as in the case of pnduvals or whether they may be granted on vilayartham calculated at 25 times the assessment or sold in auction as the case may be in accordance with the practice till then in vogue.*

പുറംപോക്ക ഭൂമികളിൽ പതിച്ചുകൊടുക്കാമെന്നു കാണുന്നതുകൾക്ക മതിയായ ദേഹണ്ഡമുള്ളതിനു ഒരു പണം പാട്ടത്തിനു ൨൫ പണംവീതം വിലയത്ഥം തിൎപ്പിച്ചും അല്ലാതെയുള്ളതിനെ ലെലംചെയ്തും പതിച്ചുകൊടുപ്പാനുള്ളതെന്നു ഇവിടെനിന്നും ൧൦൭൩-ാമാണ്ടു മേടമാസം ൧൫-ാം എഴുതിഅയച്ചിരുന്നതിന്മണ്ണം നടപടിനടത്തിവന്നു അപ്രകാരം വിലയത്ഥം തിൎപ്പിച്ചു പതിച്ചുകൊടുപ്പാൻ ഇവിടെനിന്നും തീൎച്ചചെയ്തു വന്നിരുന്നു. ഇങ്ങനെയുള്ള കെസുകൾ അനുവാദത്തിനു അവിടെ എഴുതി അയക്കണമെന്നു ൧൯൩൪-ാംനമ്പരിൽ ൧൦൭൩-ാമാണ്ടു കൎക്കടകമാസം ൨൭-ാം എഴുതിവന്നതനുസരിച്ചു മേൽപറഞ്ഞ രീതിയിൽ നടപടിനടത്തിവന്ന കേസുകളെ അവിടത്തെ അനുവാദത്തിനായി അയക്കയും അതിന്മണ്ണം അനുവദിച്ചുവരികയും ചെയ്തിട്ടുള്ളതാകുന്നു.

൨൫ പണം വിലയത്ഥം ടൌണിനകത്തുള്ള പുതുവലുകൾക്കല്ലാതെ മററ പുതുവൽകൾക്കും പുറംപോക്കകൾക്കും ഉള്ളതായി കാണുന്നില്ലെന്നും ആ സ്ഥിതിക്ക മേൽപ്രകാരം അഭിപ്രായപ്പെട്ട കാരണം എഴുതി അയക്കണമെന്നും എഴുതിവന്നു അതിൻെറ വിവരങ്ങൾ കാണിച്ചു ൩൪൩-ാംനമ്പ്രായി ൧൦൭൪ ഇടവം ൩൧-ാം അവിടെ എഴുതി അയച്ചതിനു തീൎച്ചപ്പെട്ടു ഒന്നുംഎഴുതിവന്നു കാണുന്നില്ലാ. ആ റിപ്പോൎട്ടോടു അയച്ചിരുന്ന കേസുകൾ അനുവദിച്ചു വന്നിട്ടുള്ളതായി കാണുന്നുണ്ടു. ൧൦൭൪ കൎക്കടകം ൨൭-ാം ഉണ്ടായിരിക്കുന്നചട്ടത്തിൽ അനുഭവിക്കുന്നതിനു അനുവാദം കൊടുത്തിട്ടുള്ള പുറംപോക്കകളെ ഗവർമെണ്ടിൽനിന്നും മററുവിധത്തിൽ ഉത്തരവുകൊടുക്കാത്തപക്ഷം സാധാരണ പുതുവൽ ഭൂമികളെപ്പോലെ ഗണിക്കേണ്ടതാണെന്നു വിവരിച്ചു കാണുന്നസ്ഥിതിക്ക ഏക്കർ വിലതിൎപ്പിച്ചു പതിച്ചുകൊടുക്കേണ്ടതാണെന്നു രണ്ടു അസിസ്റ്റൻറന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇവിടെനിന്നും എഴുതിഅയച്ചതിനു തീൎച്ചപ്പെട്ടു എഴുതിവരാതെയിരിക്കുന്നേയും അതിൽ പിന്നീടുണ്ടായിരിക്കുന്ന ചട്ടത്തിൽ സാധാരണ പുതുവൽ ഭൂമികളെപൊലെ ഗണിക്കേണ്ടതാണെന്നു വിവരിച്ചിരിക്കുന്നേയും സ്ഥിതിക്ക ചട്ടപ്രകാരം ഏക്കർവില തിൎപ്പിച്ചു പതിച്ചുകൊടുക്കേ

ണ്ടു എന്നുതന്നെ വിചാരിക്കുന്നു. മറുപടിവരുന്നതുപോലെ ചട്ടംകെട്ടുന്നതു കൊള്ളാമെന്നു തോന്നി ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചേൎത്തിഎല്ലാം കൃഷ്ണപിള്ളവായിച്ചു രാജശ്രീദിവാൻജിഅവൎകളെ ബോധിപ്പിച്ചുകൊള്ളുകയുംവേണം.

ഇച്ചെൎത്തിക്കു സാധനംഎഴുതിയ
കണ്ടെഴുത്തു ദിവാൻപേഷ്കാർ
വി. നാഗമയ്യാ

---

നമ്പ്ര ൩൧൨.

ഹജൂർ കണ്ടെഴുത്തു

൧൦൭൨-ാമാണ്ടു കന്നിമാസം ൧൩-നു
൧൮൯൬-ാംവൎഷം സെപ്തംബർമാസം ൨൮-നു

തിരുവനന്തപുരം

മറുപടി.

Stating that porambokes should be registered on levy of acreage value.

ഇതിലേക്ക് പേഷ്കാർ അഭിപ്രായപ്പെട്ടിരിക്കുന്നതുപൊലെ ഏക്കർവില തീൎപ്പിച്ചു പതിച്ചു കൊടുക്കുന്നതിനു അനുവദിച്ചിരിക്കുന്നു.

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻബഹദൂർ

---

നമ്പ്ര ൩൬൯-

ഹജൂർ കണ്ടെഴുത്തു
തിരുവനന്തപുരം

൧൦൭൨-ാമാണ്ടു തുലാമാസം ൨൨-നു
൧൮൯൬-ാംവൎഷം നവമ്പർമാസം ൬-നു

ഇവിടത്തെ ചെൎത്തിരുവിതു.

Stating that Vetchupati and Kayyorupathi lands in the Karunagapalli taluk may be assessed according to past usage as recommended by the Settlement Dewan Peishkar.

കരുനാഗപ്പള്ളി താലൂക്കിൽ ചേൎന്ന കരുനാഗപ്പള്ളി പകുതിയിൽവച്ചുപാതിപാട്ടമെന്നും കരുനാഗപ്പള്ളി, കുലശെഖരപുരം, കൃഷ്ണപുരം, തഴവാ, ഈ പകുതികളിൽ കയ്യൊരുപാതി പാട്ടമെന്നും ഇനംപതിഞ്ഞ വസ്തുക്കൾക്കു ഇപ്പൊഴത്തെ സെററിൽമെണ്ടിൽ എങ്ങിനെ കരം ഉറപ്പുവരുത്തണമെന്നും മുൻ വിളക്കത്തിന്റെ വിവരം അറിവാൻ രണ്ടു വിളങ്ങിച്ചേരിനു പകൎപ്പുഅയച്ചും ആ റെഞ്ചിൽ സൂപ്പർവൈസ്സരുടെ റിപ്പോൎട്ടുവന്നു ആയ്യും ഇതിനേകുറിച്ചു കരുനാഗപ്പള്ളി തെക്കൻ ഈ റെഞ്ചു അസിസ്റ്റണ്ടന്മാരു എഴുതിയ അഭിപ്രായങ്ങളും കീഴ്ക്കട നടത്തീട്ടുള്ള എഴുത്തുകുത്തുകളും നോക്കിയതിൽ വച്ചുപാതിപാട്ടമായും കയ്യൊരുപാതി പാട്ടമായും മുമ്പു പതിഞ്ഞവസ്തുക്കൾക്കു തിരുവനന്തപുരംതാലൂക്കിൽചേൎന്ന കടകംപള്ളിപകുതിയിൽ പാട്ടത്തിൽ പാതിയും കൊല്ലംതാലൂക്കിൽ ഇരവിപുരം അധികാരത്തിലും കരുനാഗപ്പള്ളിയിൽചേൎന്ന കരുനാഗപ്പള്ളി, കുലശെഖരപുരം, കൃഷ്ണപുരം, തഴവാ, ഈ പകുതികളിലും പാട്ടത്തിൽ പാതിയും അതോടുകൂടി എട്ടിലൊന്നുചെൎത്തും മുമ്പു കരം ഉറപ്പുവരുത്തിയിരിക്കുന്നതായും കടകംപള്ളിപകുതിയിലുള്ള വസ്തുക്കൾക്കു ഇപ്പൊഴത്തെ സെററിൽമെന്റിൽ ഒന്നുപാതികരംവയ്ക്കയും കൊല്ലംതാലൂക്കിൽ ഈ ഇനംസംബന്ധിച്ചുള്ള വസ്തുക്കൾക്കു കീഴ്

വിളംബം അനുസരിച്ചു നടത്തുന്നതിനു ഹജൂരിൽനിന്നും എഴുതിവരികയും ചെയ്തിട്ടുള്ളതായിട്ടും കണ്ടു റിക്കാട്ടുകൾ അയച്ചിരിക്കുന്നപ്രകാരവും കരുനാഗപ്പള്ളി സൂപ്പർവൈസരുടെ റിപ്പോർട്ടുസഹിതംവന്ന വിളങ്ങിപ്പേരിൽ നടവുള്ളവകക്കായി പാട്ടത്തിൽ ഒന്നുപാതി വകവച്ചുകൊടുത്തിരിക്കുന്നുഎന്നു റിവരിച്ചുകാണുകയും ഇപ്പഴത്തെ കണ്ടെഴുത്തിൽ നടവുള്ളവകവച്ചു കൊടുക്കുന്നാള്ളപ്പാട്ട നിർത്തൽചെയ്യപ്പോകയും ചെയ്തിട്ടുള്ളസ്ഥിതിക്കു പാട്ടക്കരംവെച്ചു പതിക്കേണ്ടതാണെങ്കിലും തിരുവനന്തപുരം മുതലായസ്ഥലത്തു ഒന്നുപാതികരംവച്ചു പട്ടയംകൊടുക്കയും കരുനാഗപ്പള്ളിയിലുള്ള വസ്തുക്കൾക്കും ൯൫൯ ാമാണ്ടു പാട്ടകരംവച്ചു വിളങ്ങിയിൽ കുടികൾ സങ്കടംപറഞ്ഞു പാട്ടത്തിൽ ഒന്നുപാതിയും എട്ടിലൊന്നും എടുക്കുന്നതിനു തീർച്ചപ്പെടുകയും ചെയ്തിരിക്കുന്നക്രമത്തിനു ഒന്നുപാതികരം വയ്ക്കണമെന്നു കരുനാഗപ്പള്ളി അസിസ്റ്റാണ്ടും മുമ്പുരാജഭോഗം എടുത്തിരിക്കുന്നതുകൊണ്ടു പാട്ടമായി ഗണിപ്പാൻ ഇടയില്ലെന്നും മററിവസ്തുക്കളുടെ രീതിഅനുസരിച്ചു കരം ഇറപ്പുവരുത്തണമെന്നും തെക്കൻ റെഞ്ചു അസിസ്റ്റാണ്ടും അഭിപ്രായപ്പെടുകയും ൯൦ ഇനം വസ്തുക്കൾക്കു ചിലസ്ഥലങ്ങളിൽ വിവരം ഒന്നുംപറയാതെയും ചിലടത്തു നടവുള്ളവകക്കെന്നു വിവരംപറഞ്ഞും ഒന്നുപാതി വകവച്ചുകൊടുത്തിരിക്കുന്നുഎന്നും ശേഷംപാതിയും ചിലസ്ഥലങ്ങളിൽ എട്ടിലൊന്നു കൂടിചേർത്തും കരം ഇറപ്പുവരുത്തിയിരിക്കുന്നതായിട്ടും കാണുകയും ചെയ്തിരിക്കുന്നതും വകവച്ചുകൊടുത്തതു എന്തു കാരണത്തിന്മേൽ ആയിരുന്നാലും അതു ഒരേരീതിയിൽ ആയിരിക്കുന്നസ്ഥിതിക്കു നടവുള്ള വകക്കെന്നു ചില കണക്കുകളിൽ വിവരം പറഞ്ഞിരിക്കുന്നുഎന്നുള്ള കാരണത്താൽ പാട്ടകരംവയ്പാൻ ഇടയുണ്ടെന്നു തോന്നുന്നില്ലാത്തതും അങ്ങനെ വയ്ക്കുന്നതായാൽ കുടികൾക്കു വളരെ സങ്കടത്തിനു ഇടയുള്ളതും ആകുന്നുഎന്നും മുൻ രീതിഅനുസരിച്ചു ഒന്നുപാതിമാത്രമുള്ളതിനു ഒന്നുപാതിയും എട്ടിലൊന്നുകൂടി എടുത്തിട്ടുള്ളതിനു ഇപ്പഴും എട്ടിലൊന്നുകൂടിചേർത്തും കരം ഇറപ്പുവരുത്തുന്നതിനു അനുവാദംഉണ്ടാകണമെന്നും ൯൦ മാസം ൧൫൹ ൧൫൬൪/൧൫൯൯-ാമതുനമ്പരിൽ എഴുതിയ സാധനം എത്തി വസ്തുത മനസിലാകയുംചെയ്തു:

ഇതിലേക്കു പേഷ്കാർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ നടത്തിക്കുന്നതുതന്നെ കൊള്ളാമെന്നു വിചാരിക്കുന്നതിനാൽ കീഴ്ക്കടവിളക്കംഅനുസരിച്ചു ൯൦ സെററിൽമെൻറിലും കരം ഇറപ്പുവരുത്തുന്നതിനു ചട്ടംകെട്ടി നടത്തിച്ചുകൊള്ളണം.

ഇച്ചെയ്തിഎല്ലാം ലക്ഷ്മണയ്യൻവായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെകേൾപ്പിച്ചു വയ്ക്കയുംവേണം.

ഇച്ചെയ്തിക്കു സാധനംഎഴുതിയ
ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ.

---

നമ്പർ ൬൩൪.

ഹജൂർകണ്ടെഴുത്തു
തിരുവനന്തപുരം
൧൦൭൯-ാമാണ്ടു തുലാമാസം ൩൦൹
൧൯൦൩-ാം വൎഷം നവംബർമാസം ൧൬൹
ഇവിടത്തെച്ചെയ്തിആവിതു.

*Stating that the Kuttakapattam lands granted for sugarcane cultivation in the Karunagapalli taluk may be registered in the names of the occupants on Pattom on recovery of vilayarthom.*

കരുനാഗപ്പള്ളി താലൂക്കിൽചേന്ന തൊടിയിൽ പകുതിയിൽ കരിമ്പുകൃഷി കുത്തകപ്പാട്ടം ഇനത്തിൽ ചെന്നമത്തു വേലിക്കകത്തു ൧ മുതൽ ൩൫ വരെ ലക്കങ്ങളിലായി ൩൩ പറ നിലം പതിവുള്ളതിലേക്കു ൧൨൨ തുലാം ശക്കരയും അതിനു ൭൬൦ പണം വിലവാശിയും കൊള്ളിച്ചു തീർത്തുവരുന്നതായും ഇപ്പോൾ ആ വസ്തുക്കളിൽ കരിമ്പുകൃഷി ചെയ്യുവാറില്ലെന്നും ഇതിലേക്കു സെററിൽമെൻറിൽ ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള ൧-ാം തരം അനുസരിച്ചു വയ്ക്കപ്പെടുന്ന കരവും മുൻ കരത്തിൽ നിന്നും കുറയുകയല്ലാതെ അതിനു ശരിയിട്ടുപോലും വരുന്നതിനു മാർഗ്ഗം ഇല്ലാത്തതിനാൽ പറ ഒന്നിനു ൩ പണംവീതം കരം ഏൎപ്പെടുത്തി പട്ടയം കൊടുക്കേണ്ടതെന്നു സൂപ്പർവൈസരും അസിസ്റ്റാണ്ടും അഭിപ്രായപ്പെട്ടിരിക്കുന്ന പ്രകാരവും എല്ലാ വസ്തുക്കൾക്കും അതുകളുടെ സ്ഥിതിപോലെ സെററിൽമെൻറിൽ പാട്ടം കാണുകയും അതനുസരിച്ചു കരം ചുമത്തുകയും ചെയ്യുന്ന

താണെന്നും അങ്ങനെ ഏല്പിച്ചതല്ലെങ്കിൽ കരം യാതൊരു കാരണവശാലും കണ്ടു പാട്ടത്തിൽ കൂടുതൽ ആയിരിപ്പാൻ പാടില്ലെന്നും കണ്ടെഴുത്തു തിരുവെഴുത്തു വിളംബരത്തിൽ പ്രത്യേകം വ്യവസ്ഥപ്പെട്ടിട്ടുള്ള സ്ഥിതിക്കു അതിനു വിരോധമായി പണകരം ചുമത്തണമെന്നു അസിസ്റ്റാണ്ടു പറയുന്ന അഭിപ്രായം സ്വീകരിക്കത്തക്കതല്ലെന്നും ഇപ്പോൾ കരിമ്പുകൃഷി ചെയ്യുന്ന നടപ്പില്ലാതെയിരിക്കുന്നതുകൊണ്ടു കണ്ടപാട്ടം മുഴുവനും കരമായി കൊള്ളിച്ചു വസ്തുക്കളെ പണ്ടാരവക പാട്ടഇനമായി പതിച്ചു പട്ടയം കൊടുക്കേണ്ടതെന്നു വിചാരിക്കുന്നതും ഈ വസ്തുക്കളുടെ ബാദ്ധ്യത ഗവർമ്മെണ്ടിലെക്കായിരിക്കുന്നേയും ഇപ്പോൾ ആയവകാശം സ്ഥിരപ്പെടുത്തി ഇനം മാറി പതിച്ചുകൊടുപ്പാൻ തീരുമാനിക്കുന്നേയും ക്രമത്തിനു അനുഭവദോഷം കൂടാതെ വിലയത്ഥം തിട്ടിച്ചും ചിലവസ്തുക്കൾ അന്യംനിന്നുപ്പു മുതലായതിൽ കൊണ്ടതെന്നു കാണുന്നതിലൊക്കു അതിന്റെ ക്രമംപൊലെ തീരുമാനിച്ചും പതിച്ചു കൊടുക്കേണ്ടതെന്നു തോന്നുന്നതുമാകയാൽ വേണ്ട ഉത്തരവുണ്ടാകണമെന്നും തുലാമാസം ൨൫-നു ൨൨൪൪/൧൭൩-മതു നമ്പരായി എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

ഇതിലേക്കു പെഷ്കാരു അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ നടപടി നടത്തി പതിച്ചു കൊടുക്കുന്നതിനു ചട്ടംകെട്ടി നടത്തിച്ചുകൊള്ളണം. റിക്കാട്ടുകൾ തിരിച്ചു അയച്ചിരിക്കുന്നു.

ഇച്ചെയ്തിഎല്ലാം ലക്ഷ്മണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപെഷ്കാരെ കേൾപ്പിച്ചു വൈക്കയുംവേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ.

---

നമ്പർ ൨൨൬.
൧൭൫.

൧൦൭൫-ാമാണ്ടു തുലാമാസം ൨൫-നു
൧൮൯൯-ാംവർഷം നവംബർമാസം ൧൦-നു

കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര പകുതിയിൽ ഊരാണ്മ പനയ്ക്കത്തൊടി ദേവസ്വംവക വസ്തുക്കൾക്കു ഇനം പതിക്കേണ്ടതിൽ സംശയപ്പെട്ടു റിപ്പോർട്ടുവന്നു എഴുതയച്ചിരുന്നതിന്മണ്ണം പനയ്ക്കത്തൊടി ദേവസ്വം ഊരാണ്മക്കാരരൊടും ദേവസ്വംപിള്ളയൊടും വാങ്ങിയിട്ടുള്ള മൊഴികളും വിളംബിപേരുകൾക്കു പകപ്പും അയച്ചും ഈ ദേവസ്വം കുടിതിരിച്ചു പാട്ടവും ദേവസ്വം പാട്ടവും വസ്തുക്കൾക്കു കണ്ടപാട്ടം മുഴുവനും ഇറപ്പു വരുത്തിയിരിക്കുന്നതായി കണക്കിൽ കാണുന്ന സ്ഥിതിക്കു ആ വസ്തുക്കളെ നാളതു പണ്ടാരപാട്ടമായി ഇനം പതിച്ചു തെളിവുശിട്ടും പട്ടയവും കൊടുപ്പാനുള്ളതെന്നും കരുനാഗപ്പള്ളി റെഞ്ച് അസിസ്റ്റന്റ ൨൩൪/൯൧൦-ാം നമ്പരിൽ എഴുതിയ റിപ്പോർട്ടു വന്നു ൧൦൯൯-ാം നമ്പരായി രജിസ്തർ ചെയ്തിന്മേൽ

That Panakathodi Ooranma Devasom Pattom and Kudithiricha Pattom lands be assessed as befor with full pattom to the Sirkar without the tenure being changed into Pandarapattom.

ഹുക്കുമ്

ഈ റിപ്പോർട്ടിൽ വിവരിച്ചിരിക്കുന്ന പനയ്ക്കത്തൊടി ദേവസ്വംവക പാട്ടവും കുടിതിരിച്ച പാട്ടവും ഇനം വസ്തുക്കളെ പണ്ടാരവകപാട്ട ഇനമായി പതിച്ചു പട്ടയം കൊടുക്കേണ്ടതെന്നു അസിസ്റ്റന്റ അഭിപ്രായപ്പെട്ടു കാണുന്നു.

ഈ ദേവസ്വം ഊരാണ്മയായും അതിലെ തനതു കിഴിപ്പു വസ്തുക്കൾ ഊരാണ്മക്കാരരുടെ കൈവശത്തിലും ഇരിക്കുന്ന ക്രമത്തിനു മുൻ കണ്ടെഴുത്തിൽ ഇനഭേദം ചെയ്യാതെ കണ്ടപാട്ടം മുഴുവനും ഇറപ്പു കൊള്ളിച്ചു നടന്നുവരുന്നതായി കാണുന്ന അവസ്ഥക്കു അസിസ്റ്റന്റിന്റെ അഭിപ്രായം അനുസരിച്ചു നാളതു പണ്ടാരവകപാട്ടമാക്കുന്നതു അത്ര വിഹിതമാണെന്നു തൊന്നുന്നില്ലാ.

അതിനാൽ മുൻ വിളക്കക്രമം അനുസരിച്ചു മേൽ വിവരിച്ച ഇനം വസ്തുക്കൾക്കു നാളതു കണ്ട പാട്ടം മുഴുവനും ഇറപ്പു വരുത്തി മുൻ ഇനമായി പട്ടയം കൊടുക്കുന്നതുകൊണ്ടു വിരൊ

ധം ഇല്ലാത്തപ്രകാരം കാണുന്നതിനാൽ അവിടെയും ആലോചിച്ചു വെണ്ട ഉത്തരവുണ്ടാകുവാറാകണം. അസിസ്റ്റൻറിൻെറ റിപ്പൊർട്ടോടു ഒന്നിച്ചു വന്നിട്ടുള്ള റിക്കാർട്ടുകൾ ഇതുസഹിതം അയച്ചുകൊള്ളുന്നു.

കണ്ടെഴുത്തു ദിവാൻപെഷ്കാർ,
വി. നാഗമയ്യാ.

നമ്പർ ൫൯൫.

ഹജൂർകണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ,
൧൦൯൩ാമാണ്ടു തുലാമാസം ൩൰൬—

൧൯൧൭ാം വഷം നവംബർമാസം ൧൩൹—
തിരുവനന്തപുരം.

മറുപടി.

റിക്കാർട്ടുകൾ പരിശൊധിച്ചു. ഇതിലെക്കു പെഷ്കാര് അഭിപ്രായപ്പെട്ടിരിക്കുന്നതുപൊലെ നടത്തിക്കുന്നതുതന്നെ കൊള്ളാമെന്നുകണ്ടു അനുവദിച്ചു റിക്കാർട്ടുകൾ തിരിയെ അയച്ചിരിക്കുന്നു.

ദിവാൻ കെ. കൃഷ്ണസ്വാമിരായർ.
ദിവാൻ ബഹദൂർ.

ഹജൂർകണ്ടെഴുത്തു ഡിപ്പാർട്ടുമെൻറ,
തിരുവനന്തപുരം.

൧൦൯൩-ാമാണ്ടു ധനുമാസം ൪൹—

൧൯൧൭-ാം വഷം ഡിസംബർമാസം ൧൮൹—

നമ്പർ ൭൯൯.

ഇവിടത്തെച്ചെയ്തി ആവിത്.

Stating that the light green & light red colours marked in the Kodayar Project maps indicate respectively the cultivated and culturable likely to be commanded by the Project works.

കൊതയാർ ചാനൽ സംബന്ധിച്ചു തീൎന്നിട്ടുള്ള മാപ്പു് അയച്ചും അതു നൊക്കി ആ സ്ഥലത്തുള്ള പുതുവൽ നടപടികൾ നിറുത്തിവച്ചു ശെഷത്തിനു നടപടി നടത്തെണ്ടതിനെ പററിയും എഴുതി അയച്ചിരുന്നതിനു പ്ലാനൽ ചാനലിൻെറ ലയിൻ മിക്ക പകുതികളിലും വ്യക്തമാകുന്നില്ലെന്നും ചില സ്ഥലങ്ങളിൽ അവിടവിടെ ഓരൊ കള്ളർ കൊടുത്തിട്ടുള്ളതു ഇന്നവകക്കാണെന്നു റഫറൻസ് എഴുതിയിട്ടില്ലെന്നും ഇതിനെപ്പററി വിളവംകൊടു, കൽക്കുളം, ഈ സൂപ്പർവൈസരന്മാരുടെ റിപ്പൊർട്ടും വിളവംകൊടു താലൂക്കിലെ പ്ലാനും വന്നിരിക്കുന്നു എന്നും പ്ലാനിൽ ലയിൻ ഇന്നതാണെന്നും ചാനൽ സംബന്ധപ്പെട്ട ഭൂമികൾ ഇന്നതെല്ലാമെന്നും തിരിച്ചറിയുന്നതിനു കൊടുത്തിട്ടുള്ള കള്ളർ അറിവാൻ തക്കവണ്ണം റഫറൻസ് എഴുതിച്ചും തിരിച്ചയച്ചു കൊടുക്കുന്നതിലെക്കും ഈ റഫറൻസ ചാനൽ സംബന്ധപ്പെട്ട മററു താലൂക്കിലെക്കും സംബന്ധപ്പെടുമൊ എന്നു അറിയെണ്ടിയിരിക്കുന്നതിനാൽ അതിലെക്കും ഉത്തരവുണ്ടാകണമെന്നു വൃശ്ചികമാസം ൨൭൹ ൫൦൬൭/൨൯൦-ാം നമ്പരിൽ എഴുതിയ സാധനം എത്തി വസ്തുത മനസിലാകയുംചെയ്തു.

ഇതു സംബന്ധിച്ചു കീഴ്ക്കട നടന്നിട്ടുള്ള എഴുത്തുകുത്തു എടുപ്പിച്ചു നൊക്കിയതിൽ മാപ്പിൽ ലൈററ്ഗ്രീൻ കള്ളർ കൊടുത്തിരിക്കുന്നതു കൊതയാർ ചാനലിൽ ഉൾപ്പെടുന്നതായ കൃഷിയിൽ ഇരിക്കുന്ന നിലങ്ങളും ലൈററ് റെഡ് കള്ളർ കൊടുത്തിരിക്കുന്നതു ചാനലിൽ ഉൾപ്പെടുമെന്നുള്ള മററു ഭൂമികളും ആണെന്നു കാണുന്നതും ഈ റഫറൻസ് മററു താലൂക്കുകളിലെക്കും ഉപയൊഗപ്പെടുമെന്നുള്ളതും ആകുന്നു.

ഇച്ചെയ്തി എല്ലാം ലക്ഷ്മണയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപെഷ്കാരെ കെൾപ്പിച്ചു വയ്ക്കയും വെണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ,
ദിവാൻ കെ. കൃഷ്ണസ്വാമിരായര്,
ദിവാൻ ബഹദൂർ.

നമ്പ്ര ൩൯൭൪/൩൬൦.

തിരുവനന്തപുരം.

൧൦൭൦-ാമാണ്ടു കുംഭമാസം ൨൧൹

൧൮൯൫-ാംവർഷം മാർച്ചുമാസം ൩൹

ഇവിടത്തെച്ചെയ്തിരുന്നതിരുവിതു.

ഹജൂരിൽനിന്നും ൧൮൯൪-ാംവർഷം ജൂലായിമാസം ൧൭൹ എഴുതിവന്ന ലെറ്ററിനെപ്പറ്റി എഴുതയച്ചിരുന്നതിന്റെ കോതയാറുപാശാനം സംബന്ധിച്ച ഏതെല്ലാം പുരയിടങ്ങൾ നിലമാക്കപ്പെടാമെന്നും അതിലേക്ക ഏതുവിധം പാട്ടം നിശ്ചയിക്കാമെന്നും അസിസ്റ്റൻറ പകുതിതിരിച്ചു ബ്ലാക്ക ഇട്ടിട്ടുള്ളതും ആ ലിസ്റ്റുകൾകണ്ടു ബ്ലാക്കവേല ക്ലോസ്ചെയ്തു നമ്പർവാരി തയ്യാറാക്കുന്നതു കൊള്ളാമെന്നുവിചാരിക്കുന്നതുമാകയാൽ ആവകലിസ്റ്റുകൾ വരുത്തി കൊടുക്കണമെന്നു കല്ലൂരു സൂപ്പർവൈസർ എഴുതിഅയച്ചതിനു തെക്കൻറെയിഞ്ച് അസിസ്റ്റൻറ കരുനാഗപ്പള്ളിഅസിസ്റ്റൻറവെങ്കിടേശ്വരയ്യർ എഴുതി അയച്ചിരുന്നതിൽ ചാനൽസംബന്ധപ്പെട്ട ഭൂമികൾക്കുതരം ഏർപ്പെടുത്തേണ്ടതു ഏതുപ്രകാരം വേണമെന്നു എഴുത്തുകുത്തും പേരിൽ ഗവർമെണ്ടിൽ നിന്നും വ്യവസ്ഥപ്പെട്ടതിന മേലല്ലാതെ ലിസ്റ്റുകൾ ഇപ്പോൾ നടന്നുവരുന്നബ്ലാക്കജോലിയിൽ ഉപയോഗപ്പെടുത്തുവാൻ പാടുണ്ടെന്നു തോന്നുന്നില്ലെന്നും റിക്കാർഡുകൾ ഹജൂരനുവാദത്തിന്മേലല്ലാതെ അയച്ചുകൊടുക്കുന്നതിനു ഇടയുണ്ടോഎന്നു സംശയിക്കുന്നതായും ആ അസിസ്റ്റൻറ കൊടുത്ത മറുപടി അയച്ചും വേണ്ട ഉത്തരവുണ്ടാകണമെന്നും തെക്കൻറെയിഞ്ച്അസിസ്റ്റൻറ ൧൦൬൯-ാമതു നമ്പരിൽ ധനുമാസം ൩൦൹ എഴുതിയസാധനം വന്നിരിക്കുന്നു.

Referring for orders certain questions and doubts connected with the settlement of the lands in the taluks falling within the influence of the Kodayar Project.

അസിസ്റ്റൻറിന്റെ റിപ്പോർട്ടിന പകർപ്പ് എഴുതിച്ച ഇതോടു അയച്ചിരിക്കുന്നു. അസിസ്റ്റൻറ അയച്ചലിസ്റ്റ ഞാൻ പരിശോധിച്ചിട്ടില്ലാ. അസിസ്റ്റൻറ നിലക്കരംവയ്ക്കാമെന്നു അഭിപ്രായപ്പെട്ടിട്ടുള്ള ഭൂമികൾക്കു ആപ്രകാരം നിലക്കരം വയ്ക്കാമോ എന്നു അസിസ്റ്റൻറ തയ്യാറാക്കപ്പെട്ടിട്ടുള്ള പ്ലാനും, റിക്കാർട്ടുകളും, സ്ഥലവും നോക്കാതെ നിശ്ചയപ്പെടുത്തുവാൻ പാടുള്ളു.

സെറ്റിൽമെൻറ സംബന്ധിച്ചുള്ള വസ്തുക്കൾക്ക പാട്ടംകണ്ടുപോകുന്നതിനോടുകൂടി ഒരു ആറുസംബന്ധിച്ച നിലം, പുരയിടം മുതലായ ഭൂമികൾക്കും പാട്ടംകാണുന്നതിൽ വിരോധമില്ലാത്തതിനാൽ അതിനെനിറുത്തിവയ്ക്കണമെന്നില്ലെന്നു മേൽപ്പറഞ്ഞ ലെറ്ററിനാൽ വ്യവസ്ഥപ്പെട്ടിട്ടുള്ളസ്ഥിതിക്കു സൂപ്പർവൈസരുടെ സംശയത്തിന വിഷയം കാണുന്നില്ലാ. എന്നാൽ ഇതുസംബന്ധിച്ച സ്വല്പം സംശയമുണ്ടു. അതായതു പ്ലാനിൽ പുരയിടമായി കൊള്ളിച്ചിരിക്കുന്നതിനെ ഇപ്പോഴത്തെ സെററിൽമെൻറിൽ പുരയിടക്കരം ഏർപ്പെടുത്തികഴിഞ്ഞാൽ ഇനിയത്തെ കണ്ടെഴുത്തിന മുമ്പായിട്ടു പുരയിടം നിലമാക്കിയിരിക്കുന്നു എന്നുള്ള കാരണത്തിന്മേൽ വെള്ളത്തിരുവ ഏർപ്പെടുത്താമോ, വെള്ളത്തിരുവയ്ക്കു ആസ്പദമായ നഞ്ചക്കരം ഏർപ്പെടുത്താതെ വെള്ളത്തിരുവമാത്രം ചുമത്തുവാൻ പാടുണ്ടോ എന്നുള്ളതാകുന്നു.

അങ്ങനെയായിരുന്നാൽ ആറുവരിപ്പുകൂടി ഏർപ്പെടുത്തുന്നതാണെന്നു പട്ടയത്തിൽ കണ്ടെഴുതികൊടുക്കുന്നതിനാൽ ഗുണമുണ്ടോ എന്നു സംശയിക്കുന്നു. പട്ടയത്തിൽ കണ്ടെഴുതികൊടുക്കണമെന്നു വിചാരിക്കുന്നപക്ഷം കണ്ടെഴുത്തുവക ൭൯൬-ാം നമ്പരിൽ ൭൩ ധനു ൩൦- എഴുതിവന്നിട്ടുള്ള സാധനത്തിൽ പറയുമ്പോലെ കോതയാറു ചാനൽ സംബന്ധിച്ച തീർന്നിട്ടുള്ള മാപ്പിൽ ബ്ലൂലൈനുകൾ കൊടുത്തിരിക്കുന്ന ചാനലിൽ ഉൾപ്പെടുന്നതായ കൃഷിയിലിരിക്കുന്ന നിലങ്ങളും, ചാനലിൽ ഉൾപ്പെടുമെന്നുള്ള മറുഭൂമികളും ഇവകളുടെ ഉടമസ്ഥരുടെപട്ടാകളിൽ മാത്രം എഴുതികൊടുത്താൽ മതിയോ അല്ലാ ചാനൽ പോകുന്ന പകുതികളിൽ ഉൾപ്പെട്ടതോ ചാനൽപായുന്ന ഇരണിയൽ, കൽക്കുളം, വിളവൻകോടു, നെയ്യാററിൻകര ഈ താലൂക്കുകളിൽചേർന്ന എല്ലാ കുടിയാനവന്മാരുടെ പട്ടാകളിലും വിവരം എഴുതികൊടുക്കേണ്ടതാണൊ എന്നു സംശയമായിരിക്കുന്നു.

ചാനൽകൊണ്ടു ഉപയോഗപ്പെടുമെന്നു ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഭൂമികളല്ലാതെ വേറെയും ഗുണമുണ്ടാകയും അങ്ങിനെ ഗുണപ്പെടുമെന്നുള്ളവരുടെ പട്ടാകളിൽ മേൽപ്രകാരം എഴുതികൊടുക്കപ്പെടാതെയിരിക്കയും ചെയ്താൽ പിന്നിട്ടു ഏർപ്പെടുത്തപ്പെടുന്ന വെള്ളത്തിരുവ അവരേയും കെട്ടപ്പെടുത്തുന്നതാണൊ എന്നുള്ള ഭാഗവും സംശയമായിരിക്കുന്നു.

എന്നാൽ പട്ടയത്തിൽ എഴുതികൊടുക്കുന്നതിനെക്കാൾ കോതയാറചാനൽ ഉപയോഗപ്പെടുമെന്നുള്ള എല്ലാഭൂമികൾക്കും സെറ്റിൽമെൻറകരത്തിൽ കൂടുതലായുള്ള വെള്ളത്തീരുവ ഏൾപ്പെടുത്താവുന്നതാണെന്ന ഗസെററുനോട്ടീസ്സിനാൽ നാലു താലൂക്കിലുമുള്ള കുടിയാനവന്മാരെയും അറിയപ്പെടുത്തുന്നതു കൊള്ളാമെന്നു വിചാരിക്കുന്നു.

൮. എല്ലാസംഗതികൾക്കും തീരുമാനം ഉണ്ടായതിന്റെശേഷം ചാനൽ സംബന്ധിക്കുന്ന താലൂക്കുകളിലെ ബ്ലാക്കുവേല അവസാനിപ്പിച്ചു തീൎക്കുന്നതിനു ചട്ടംകെട്ടേണ്ടിയിരിക്കുന്നതിനാൽ വേണ്ട ഉത്തരവുണ്ടാവാറാകണം.

ഇച്ചെയ്യ്വതെല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഇച്ചെയ്യുക്ക സാധനം എഴുതിയ
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

നമ്പർ ൧൨൬൨.

---

ഹജൂർ കണ്ടെഴുത്ത് ഡിപ്പാർട്ടുമെന്റ്.
തിരുവനന്തപുരം.
൧൦൬൫-ാമാണ്ടു മീനമാസം ൨൭-ാം
൧൮൯൦-ാമാണ്ട് ഏപ്രിൽ മാസം ൮-ാം

ഇവിടത്തെ ചെയ്തി ആവിതു.

൧൦൬൪-ാം വൎഷം തുലാമാസം ൨൫-ാംനു ഹജൂരിൽനിന്നും പേറവരുന്ന എഴുത്തയച്ചിരുന്നതിനു കോതയാറ ചാനൽ സംബന്ധിച്ചു ഏതെല്ലാം നിലങ്ങൾ നഞ്ചയാക്കപ്പെടുമെന്നും അതിലേക്കു ഏതുവിധം പാട്ടം നിശ്ചയിക്കാമെന്നും അസിസ്റ്റണ്ടു ... തരംതിരിച്ചു ബ്ലാക്കു ഇട്ടിട്ടുള്ളതിനാൽ ആ ലിസ്റ്റുപ്രകാരം ബ്ലാക്കുവേല ക്ലോസുചെയ്യുന്നതിനു തയ്യാറാക്കേണ്ടിയിരിക്കുന്നു എന്നും ആ ലിസ്റ്റുകൾ കൊടുപ്പിക്കണമെന്നും കൽക്കുളം സൂപ്രണ്ടു എഴുതി ചെന്നതിനെപ്പററി അസിസ്റ്റണ്ടിന്റെ റിപ്പോർട്ടു വന്നിരിക്കുന്ന പ്രകാരവും സെറ്റിൽമെൻറ സംബന്ധിച്ചു ലിസ്റ്റുകൾക്കു പാട്ടംകണ്ടു ... കൂടി ഈ ആറ സംബന്ധിച്ച നിലം, പുരയിടം മുതലായ ഭൂമികൾക്കും പാട്ടംകാണുന്നതിൽ വിരോധമില്ലെന്നു മേല്പറഞ്ഞ ലട്ടറിനാൽ വ്യവസ്ഥപ്പെട്ടിട്ടുണ്ടെന്നും പ്ലാനിൽ പുരയിടമായി ഉൾപ്പെടുത്തിയിരിക്കുന്നതിനെ ഉപ്പോഴത്തെ സെറ്റിൽമെണ്ടിൽ പുരയിടക്കരം ഏൾപ്പെടുത്തിക്കഴിഞ്ഞാൽ ഉടനെതന്നെ കണ്ടെഴുത്തായി പുരയിടം നിലമാക്കിയിരിക്കുന്നതു എന്നുള്ള കാരണത്തിന്മേൽ നഞ്ചക്കരം ഏൾപ്പെടുത്താമോ വെള്ളത്തീരുവമാത്രം ചുമത്താമോ; അങ്ങനെയായിരുന്നാൽ ആറവെച്ചിട്ടുള്ളതു ... കണ്ടെഴുതി കൊടുക്കുന്നതിനാൽ ... ഉണ്ടോ; അങ്ങനെ കണ്ടെഴുതി കൊടുക്കണമെന്നു വിചാരിക്കുന്നപക്ഷം മാപ്പിൽ ലൈറ്റ്ഗ്രീൻ കളർ കൊടുത്തിരിക്കുന്ന ചാനലിൽ ഉൾപ്പെടുന്നതായ കൃഷിയിലിരിക്കുന്ന നിലങ്ങൾ, ചാനലിൽ ഉൾപ്പെടുമെന്നുള്ള മററ ഭൂമികൾ മുതലായിടെ ഉടമസ്ഥരുടെ പട്ടയങ്ങളിൽ മാത്രം എഴുതികൊടുത്താൽ മതിയോ, ചാനൽ പോകുന്ന പകുതികളിലുൾപ്പെട്ടതൊ ചാനൽ പായുന്ന ഇരണിയൽ, കൽക്കുളം, വിളവങ്കോടു, നെയ്യാററങ്കര ഈ താലൂക്കുകളിൽ ചേൎന്ന ... ആയ എല്ലാ കുടിയാനവന്മാരുടെ പട്ടയങ്ങളിലും വിവരം എഴുതി കൊടുക്കേണ്ടതാണൊ എന്നു സംശയമായിരിക്കുന്നതിനാൽ അതിലേക്കു തീരുമാനം ഉണ്ടായതിന്റെശേഷം ചാനൽ സംബന്ധിക്കുന്ന താലൂക്കുകളിലെ ബ്ലാക്കുവേല അവസാനിപ്പിച്ചു തീൎക്കുന്നതിനു ചട്ടംകെട്ടേണ്ടിയിരിക്കുന്നു എന്നും മററും കണ്ടെഴുത്തു ദിവാൻപേഷ്കാർ ൧൦൬൫-ാമാണ്ടു കുംഭമാസം ൧൫-ാംനു എഴുതിയ സാധനം ഇതിനൊന്നിച്ചു മനസ്സിലാകയും ചെയ്തു.

Stating that an entry should be made in all the pattahs issued in the taluks of Kalkulam, Eraniel, Vilavankod and Neyyattinkara to the effect that when the Kodayar waters become available, the taxes imposed will be liable to revision and that the lands will also be chargeable with a water cess.

ഈ സംഗതിക്കുമുമ്പു അയച്ചിട്ടുള്ള ലററരിലെ താല്പൎയ്യപ്രകാരം ഇപ്പോഴത്തെ കിടക്കുന്നസ്ഥിതിയിൽ മുറയ്ക്കു ബ്ലാക്കുവേല തീൎക്കുന്നതിനു ചട്ടംകെട്ടി നടത്തിച്ചുകൊള്ളണം.

"കോതയാറവെള്ളം ഉപയോഗപ്പെടുത്തക്കസ്ഥിതിയിൽ വരുമ്പോൾ കരത്തിനെപ്പററിയും വെള്ളത്തീരുവ ഏൾപ്പെടുത്തുന്നതിനെക്കുറിച്ചും അപ്പോൾ പ്രത്യേകം ഒരു വ്യവസ്ഥ ചെയ്യുന്ന

താണു" എന്നുള്ള വചനം മേല്പറഞ്ഞ നാലു താലൂക്കുകളിലെ എല്ലാകുടിയാനവന്മാൎക്കും കൊടുക്കുന്ന പട്ടയങ്ങളിൽ കണ്ടെഴുത്തു കൊടുക്കേണ്ടതാകുന്നു.

ഈ ഉത്തരവു വിഷയമായി എല്ലാം സംബന്ധപ്പെട്ടവൎക്ക് ബോധിപ്പിക്കുന്നതിനു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ ഏല്പിച്ചു വയ്ക്കേണ്ടതുമാകുന്നു.

ഇച്ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ.

---

നമ്പർ ൬൬൪൭/ൻ.

ക്യാമ്പു കഴക്കൂട്ടം.
൧൦൭൫-ാമാണ്ടു മേടമാസം ൩൧-
൧൯൦൦-ാം വൎഷം ഏപ്രിൽമാസം ൧൨-

നാലു അസിസ്റ്റൻറന്മാൎക്കും സൎക്കുലർ.

That in regard to Koottupattayams the name of the senior member should be entered first in the pattah, and that the rough and fair pattahs should be delivered to him, the junior members interested in the pattah being directed to obtain at their cost copies of the Chittah if they so desire it.

കൂട്ടുപട്ടയത്തിനു തീരുമാനിക്കുന്ന കേസിലേക്കു തെളിവുശീട്ടും പട്ടയവും അതിൽ ആരുടെ പക്കൽ കൊടുക്കുന്നതിനെപ്പറ്റി ചില സംശയങ്ങൾ ബോധിപ്പിക്കുന്നതായി കാണപ്പെടുന്നു.

മേലാൽ കൂട്ടുപട്ടയത്തിനു തീരുമാനിക്കുന്നതിൽ മൂപ്പനും പ്രധാനിയും ആയ ആളിനെ ആദ്യാവകാശക്കാരനായി എഴുതുകയും ആ അവകാശക്കാരനെ തന്നെ തെളിവുശീട്ടും പട്ടയവും ഏല്പിക്കയും ചെയ്യുന്നതിനും അതിനെക്കുറിച്ചു ശേഷംപേരിൽ ആരെങ്കിലും പരാതി ബോധിപ്പിക്കുന്നതായാൽ അവൎക്ക് അവരുടെ ചിലവിന്മേൽ അച്ചടിഫാറത്തിൽ ചിട്ടാവിന്റെ പകൎപ്പ് എഴുതിച്ചു കൊടുക്കുന്നതിലേക്കും ചട്ടംകെട്ടി നടത്തിച്ചു കൊള്ളണം.

കണ്ടെഴുത്തു ദിവാൻ പേഷ്കാർ,
വി. നാഗമയ്യാ.

---

നമ്പർ ൧൫൫൧/൭൫.

തിരുവനന്തപുരം
൧൦൭൫-ാമാണ്ടു മിഥുനമാസം ൧൧-
൧൯൦൦-ാം വൎഷം ജൂൺമാസം ൨൪-

നാലു അസിസ്റ്റൻറന്മാൎക്കും.

Containing instructions in explanation of Hazur Settlement Sadhanam No 997 dated 23rd Meenam 1075 regarding the assessment of Inam lands

ഇനാം വസ്തുക്കൾ സംബന്ധിച്ചു ഓരോ സ്ഥലത്തു ഓരോവിധം കരം പതിഞ്ഞിരിക്കുന്നതായി കണ്ടു ഹജൂൎക്ക് എഴുതിഅയച്ചിരുന്നതിനു ഒരു ഇനം വസ്തുക്കൾക്കു മുൻകരം ഏതുപ്രകാരത്തിൽ കൊണ്ടിരുന്നാലും ആ തുകയെ കണക്കാക്കി ഇപ്പോൾ കാണുന്ന പാട്ടത്തിൽ എട്ടിലൊന്നു രാജഭോഗവും അതുപോലെ മുൻകരത്തിൽ എത്ര കുറവു വരുന്നുവൊ ആ തുകയെ മിച്ചവാരമായി കൊള്ളിച്ചും കരം ഏൎപ്പെടുത്തേണ്ടതെന്നു വ്യവസ്ഥപ്പെടുത്തി എഴുതിവന്ന ൯൯൭-ാമതു നമ്പർ ൧൦൭൫-ാമാണ്ടു മീനമാസം ൨൩-ന് ഉത്തരവയച്ചിട്ടുണ്ടു.

അതിൻപ്രകാരം നടപടി നടത്തുന്നതിൽ മുൻകരമാത്രവും മിച്ചവാരവും കടമയും ചേൎത്തും കരംകൊണ്ടിരിക്കുന്ന വസ്തുക്കൾക്കു നാലുതു കരം ഏൎപ്പെടുത്തുന്ന വിഷയത്തിൽ ചില സൂപ്പർവൈസരന്മാൎക്കു സംശയമുള്ളപ്രകാരം റിപ്പോൎട്ടു വരുന്നു.

൧. ഇനം വസ്തുക്കൾക്കു മുൻകണക്കിൽ കടമ മാത്രം കൊണ്ടിരിക്കുന്ന വകക്കു ഇപ്പോൾ കാണുന്ന പാട്ടത്തിൽ എട്ടിലൊന്നുമാത്രവും മിച്ചവാരവും കടമയും പതിഞ്ഞിട്ടുള്ളതിനു മുൻ

മിച്ചവാരത്തേയും നാമത്തു കാണുന്ന പാട്ടത്തിൽ എട്ടിലൊന്നിനേയുംചേർത്തും ഇറപ്പുവരുത്തേണ്ടതെന്നു തിരുവെഴുത്തു വിളംബരത്താൽ വ്യക്തപ്പെടുകയും വാരമെന്നൊ, കടമഎന്നൊ കണക്കിൽ വവരം ഇല്ലാതെ വിത്തൊന്നു, മുക്കാൽ, അര, കാൽ, മുപ്പറ ഇതിന്മണ്ണം തനിക്കരം കൊണ്ടിരിക്കുന്നവകയ്ക്കു നാമത്തു എട്ടിലൊന്നു കണക്കാക്കി വരുന്ന തുക മേൽ വിവരിച്ച മുൻകരത്തിൽ കൂട്ടലായൊ അതിനു ശരിയായിട്ടൊ കാണുന്നപക്ഷം ആ എട്ടിലൊന്നിനേയും മുൻകരത്തിൽ നിന്നും എട്ടിലൊന്നു തുക കുറവായി കാണുന്ന വകയ്ക്കു ആ തുകനീക്കി മുൻകരത്തിൽ കൂടുതൽ ഉള്ളതിനെ വാരമായിട്ടും കരം ഇറപ്പ് വരുത്തേണ്ടതെന്നു ഹജൂർ സാധനത്താൽ വ്യവസ്ഥ ചെയ്കയും ചെയ്തിരിക്കുന്ന സ്ഥിതിക്കു അതിന്മണ്ണം നടത്തിക്കേണ്ടതെന്നും ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം ആ റെഞ്ചിൽ ചേർന്ന എല്ലാ സൂപ്പർവൈസരന്മാരെയും തെര്യപ്പെടുത്തി ശരിയായി നടത്തിക്കേണ്ടതാകുന്നു.

കണ്ടെഴുത്തു ദിവാൻ പേഷ്കാർ.

വി. നാഗമയ്യാ.

---

നമ്പർ ൫൪൮.

തിരുവനന്തപുരം

ഹജൂർകണ്ടെഴുത്തു ഡിപ്പാർട്ടുമെൻറു,

൧൦൭൩-ാമാണ്ടു മിഥുനമാസം ൧൫-ാം

൧൮൯൮-ാം വർഷം ജൂലായിമാസം ൨൮-

ഇവിടത്തെച്ചെയ്തി ആവിതു.

That according to the terms of the Melola grant of 1003 M. E. of the Mekkara village to the Tiruvaduthurai Matt and the subsequent practice in regard to the village, it is not liable to be brought under settlement operations and that therefore the classification of the lands in the village ordered by the Settlement Dewan Peishkar need not be carried out.

തിരുവാവടുതുറ മഠത്തിലെയ്ക്കു ഏലുക അടക്കി കുടുക്കത്തകയായി കൊടുത്തിട്ടുള്ള മേക്കര ഗ്രാമത്തിനെ ക്ലാസിഫിക്കേഷൻചെയ്തു നഞ്ച, പുഞ്ച, പറമ്പാക്ക, തരിശു ഇവകൾ നിർണ്ണയപ്പെടുത്തണമെന്നു പേഷ്കാർ ചെയ്തിട്ടുള്ളതീർച്ചയിന്മേൽ ടി മഠത്തിലെ കാര്യസ്ഥൻ കാന്തിമതിനാഥപിള്ള അപ്പീൽ ബോധിപ്പിച്ചു എഴുതി അയച്ചിരുന്നതിന്മണ്ണം വന്നിട്ടുള്ള റിക്കാർഡുകളെ പരിശോധിക്കയും അപ്പീൽ വാദം കേൾക്കയും ചെയ്തു.

അപ്പീലിനുവിഷയമായ മേക്കരഗ്രാമത്തിനെ ഏലുക അടക്കി ഇതിനകത്തു കാടുതരിശു കിടക്കുന്നതുംകൂടി വെട്ടിത്തെളിച്ചു എന്നെന്നേയ്ക്കും ശാശ്വതമായി അനുഭവിച്ചു കൊള്ളത്തക്കവണ്ണവും ആയതു തിരുവുകരിവു കൂടാതെ തിക്കണമെന്നുള്ള വ്യവസ്ഥയോടു കൂടിയും നഞ്ച, പുഞ്ച, കാടുകുളിപ്പു കല്പിച്ചു കല്പിത്തിയും പിടിപാട്ടതന്നിട്ടുള്ളതനുസരിച്ചു ൧൦൦൩-ാമാണ്ടു മുതൽ അനുഭവിച്ചു കൊണ്ടുവരുന്നതായും പിടിപാടിലെ സ്വഭാവത്തിനു ഈ ഭൂമിയിന്മേൽവച്ചിട്ടുള്ള കരം വാങ്ങുവാനല്ലാതെ വേറെവിധം യാതൊരു നടപടിയ്ക്കും ഗവർമ്മെണ്ടിലേയ്ക്കു അവകാശം ഇല്ലെന്നും ൧൦൨൪-ാമാണ്ടു കണ്ടെഴുത്തിൽ ഒരു സ്ഥലത്തു കൂടുതലായി വച്ചിട്ടുള്ള വൃക്ഷങ്ങൾക്കു കരം പതിക്കയും ൧൦൩൩ൽ കുലച്ചു കൂടുതൽ കണ്ടെഴുതുകയും ചെയ്തതിനെപ്പററി അതതു കാലത്തു പരാതിപ്പെട്ടു പിടിപാടിലെ വ്യവസ്ഥപ്രകാരം ഉള്ള കരം വാങ്ങിപ്പാനല്ലാതെ അതിൽ യാതൊരു ഭേദഗതിയും ചെയ്‌വാനിടയില്ലെന്നു ഹജൂരിൽനിന്നും ഉത്തരവുണ്ടാകയും ഇതിൽ കുറച്ചുസ്ഥലം അച്ചൻകോവിൽ ഡിപ്പോവലേയ്ക്കു പൊന്നുംവില കൂടാതെ എടുക്കണമെന്നു കൊല്ലം ഡിവിഷനിൽ നിന്നും ഉണ്ടായ തീർച്ചയെപ്പററി ബോധിപ്പിച്ചതിൽ ഒരു ഭൂമിയിന്മേലുള്ള സകല അവകാശങ്ങളും മഠത്തിലെയ്ക്കാണെന്നും അതിനാൽ പൊന്നുംവിലകൊടുക്കേണ്ടതെന്നും കല്പനപ്രകാരം

ഹജൂരിൽനിന്നും തീൎച്ചചെയ്കയും ചെയ്തിട്ടുള്ളപ്രകാരവും ഇതേസംബന്ധത്തിൽ [illegible] ൨൦-ാംതിയതിയിലെ [illegible] ഈ വസ്തുക്കളെ സെറ്റിൽമെന്റ് [illegible] ഇപ്പോൾ [illegible] ഒരു പണം കരമായിട്ടു ചെയ്തിരിക്കുന്നതുമാകുന്നു. ഇതിലേക്കു [illegible] അതിനാൽ ക്ലാസിഫിക്കേഷൻ ചെയ്യണമെന്നു ഉണ്ടായിട്ടുള്ള തീൎച്ചയെ ഭേദിപ്പിക്കേണ്ടതാണെന്നും [illegible] അപ്പീൽക്കാരൻ വാദിക്കുന്നു.

ഈ വസ്തുക്കളെ അപ്പീൽഭാഗത്തേക്കു ഏതുവിധം കൊടുത്തിട്ടുണ്ടായിരുന്നാലും, [illegible] പുറമ്പോക്കുകളായ ഇനങ്ങളാക്കി ക്ലാസിഫിക്കേഷൻ ചെയ്യേണ്ടതാണെന്നു പേഷ്കാർ തീരുമാനിച്ചിരിക്കുന്നപ്രകാരം കാണപ്പെടുന്നു.

റിക്കാൎഡുകളാൽ ഈ ഭൂമികൾ [illegible] ൨൦-ാംതിയതിയിലേക്കു [illegible] [illegible] [illegible] ൧൦ വൎഷത്തിന്മേൽ [illegible] ൨൦ തിയതിലേക്കു [illegible] ഇല്ലെന്നും [illegible] മാനിച്ചിരിക്കുന്നപ്രകാരവും വിവരപ്പെടുന്നുണ്ട്.

സെറ്റിൽ ചെയ്യുന്നതിന്റെ ഉദ്ദേശം അവകാശങ്ങളെ നിൎണ്ണയിച്ച് റിക്കാൎഡ്ചെയ്യുന്നതിനും കരം ഭേദപ്പെടുത്തുന്നതിനുമായിട്ടാണ്. പ്രസ്തുതസംഗതിയിൽ ക്ലാസിഫിക്കേഷൻ മാറ്റുന്നതിൽവച്ചു മേൽപറഞ്ഞ ഉദ്ദേശം ഒന്നും നിറവേറുന്നതല്ലാ. ഈ വസ്തു ഏതുകാലത്തെങ്കിലുമൊ, ഏതെങ്കിലും സംഗതിവശാലൊ ഗവൎമ്മെണ്ടിലേക്കു വരുന്നപക്ഷം കരം ഭേദപ്പെടുത്തുന്നതിനെ ഉദ്ദേശിച്ചു ക്ലാസിഫിക്കേഷൻ നടത്താവുന്നതാകുന്നു. അങ്ങനെ ഈ വസ്തു ഗവൎമ്മെണ്ടിലേക്കു വരുമെന്നുള്ളതുതന്നെയും അസംഭവ്യമാണു. അതിനാൽ ഈ വസ്തുക്കളെ ക്ലാസിഫിക്കേഷൻ ചെയ്യേണ്ട ആവശ്യമില്ലെന്നുകണ്ടു പേഷ്കാരുടെ തീൎച്ചയെ ഭേദിപ്പിക്കേണ്ടതാണെന്നു തീരുമാനിച്ചു വന്നിട്ടുള്ള അസൽറിക്കാൎഡുകളും തിരിച്ചയച്ചിരിക്കുന്നു.

ഇച്ചെയ്തിഎല്ലാം സുബ്രഹ്മണ്യയ്യൻവായിച്ചു കണ്ടെഴുത്തുദിവാൻപേഷ്കാരെ കേൾപ്പിച്ചുവയ്ക്കയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
ദിവാൻ കെ. കൃഷ്ണസ്വാമിരായര,
ദിവാൻ ബഹദൂർ.

---

No .S/102.

Huzur Cutcherry,
Trivandrum, 3rd July 1901.

To

The Dewan Peishkar,
Revenue Settlement.

Sir,

With reference to your letter No. 147 dated 25th Ultimo, I have the honor to inform you that under section 7 of the Royal Proclamation dated 14th Kumbhom

1061 M. E., His Highness the Majah Rajah has been pleased to sanction the exemption from assessment at the present settlement of palmyra trees in the 16 villages of the Neyyattinkaray taluk noted at foot.

I have &c.,

Sd/. K. KRISHNASWAMY ROW,

Dewan.

| | | | |
|---|---|---|---|
| 1. | Chenkal | 9. | Kottukal |
| 2. | Kolla | 10. | Thiruvallam |
| 6. | Ottasekaramangalam | 11. | Nemom |
| 4. | Perunkadavila | 12. | Pallichal |
| 5. | Neyyattinkara | 13. | Vilappu |
| 6. | Athiannoor | 14. | Marukil |
| 7. | Thirupuram | 15. | Maranalloor |
| 8. | Karungulam | 16. | Kunnathukal |

---

നമ്പർ ൨൦൯.

ക്യാമ്പ്, കൊല്ലം.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെന്റ

൧൦൬൩ാമാണ്ടു കർക്കടകമാസം ൩൧-

൧൮൮൮ാംവർഷം ജൂലായി മാസം ൨൮-

ഇവിടത്തെ ചെയ്തി ആവിതു.

That lands acquired for the Kodayar Project works and lying unused, as well as lands likely to fall within the commanded area of the Project should not be registered until the completion of Project works.

കോതയാർ പ്രാജക്ട് സംബന്ധമായി പൊന്നുംവില കൊടുത്തു സർക്കാരിലേക്കു എടുത്തിട്ടുള്ള സ്ഥലങ്ങളിൽ ആ പ്രാജക്ട് വേലകൾക്കു ഇപ്പോൾ ഉപയോഗപ്പെടുത്തിയിട്ടുള്ളതു പോകെ ബാക്കി കിടപ്പുള്ള സ്ഥലങ്ങൾ ആ വേലക്കു മേലാൽ എപ്പോഴെങ്കിലും ആവശ്യപ്പെടാവുന്നതിനാൽ അതുകളെ ലേലത്തിൽ വിളിച്ചു കൂടെന്നു കോതയാർ ഡിവിഷൻ എക്സിക്യൂട്ടിവു ഇൻജിനിയർ കല്പിച്ചു തഹശീൽദാർക്കു അയച്ച ലട്ടറിന്റെ പകർപ്പു സഹിതം പ്രാജക്ട് സംബന്ധമായ സർക്കാരിലേക്കു എടുത്തിട്ടുള്ള സ്ഥലങ്ങൾ ലേലത്താൽ വിളിക്കയൊ പേരിൽ പതിച്ചു കൊടുക്കയൊ ചെയ്യാതെയിരിക്കേണമെന്നും പ്രാജക്ട് വേലകൾ തീർന്നതിന്റെ ശേഷം ഏതെങ്കിലും സ്ഥലങ്ങൾ മേലാൽ ഉപയോഗമില്ലെന്നു കാണുന്നതായാൽ അപ്പോൾ വില്ക്കുന്നതിൽ വിരോധമില്ലെന്നും ഇപ്പോൾ സ്വല്പവിലയെ ഈടാകു എന്നും കോതയാറ വെള്ളം പാഞ്ഞു കൃഷി ചെയ്യാവുന്നതായ സ്ഥലങ്ങൾ യാതൊന്നും ലേലത്തിൽ വില്ക്കയൊ പേരിൽ പതിച്ചു കൊടുക്കയൊ ചെയ്യുക്കൂടാ എന്നു ഇതിനുമുമ്പിൽതന്നെ ഇവിടെ നിന്നും തീരുമാനിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടിവ് ഇഞ്ചിനീയരുടെ ലട്ടർ ചെന്നതിനും തഹശീൽദാർക്കു അയച്ച ലട്ടറിനും പകർപ്പുകൾ അനുബന്ധിച്ചിരിക്കുന്നതായും കോതയാറ ലെഫ്റ്റ്ബാങ്ക് ചാനലും റൈറ്റ്ബാങ്ക് ചാനലും സംബന്ധമായി സർക്കാർ വകയായുള്ള യാതൊരു സ്ഥലവും ഇപ്പോൾ ലേലത്തിൽ വിളിക്കയൊ പേരിൽ പതിച്ചു കൊടുക്കയൊ ചെയ്യാതെയിരിപ്പാൻ നിഷ്കർഷയായി ഉത്തരവുണ്ടാകണമെന്നും ചീഫ് ഇഞ്ചിനീയർ ജൂലായി മാസം ൨൩- എഴുതിയ ലട്ടർ വന്നിരിക്കുന്നു.

കോതയാർ പ്രാജക്ട് സംബന്ധമായുള്ള ചാനലുകൾക്കും മററും എടുത്തിട്ടുള്ള സ്ഥലങ്ങളാകട്ടെ ഇപ്പോൾ പുറമ്പോക്കായൊ മററു സർക്കാരുവകയായി പാഴ ഭൂമിയായി കിടക്കുന്നതും ചാനലുകളിൽ നിന്നും വെള്ളം പാഞ്ഞു കൃഷിക്കു ഉപയോഗപ്പെടാവുന്നതും ആയ സ്ഥലങ്ങളാകട്ടെ ലേലത്തിൽ വില്ക്കയൊ പേരിൽ പതിച്ചു കൊടുക്കയൊ ചെയ്വാൻ പാടില്ലാത്തതും ആ വക സ്ഥലങ്ങൾ പതിച്ചു കിട്ടണമെന്നു വരുന്ന അപേക്ഷകൾക്കു മേലെഴുതിയ വിവരം കാണിച്ചു ഉടനെ ഇണ്ടാസു കൊടുപ്പാനുള്ളതും ആകയാൽ അതിനെല്ലാം നിഷ്കർഷയായി ചട്ടംകെട്ടി നടത്തിച്ചുകൊള്ളണം.

ഈ ചെയ്ത്തി എല്ലാം സുബ്രഹ്മണ്യയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചു വെക്കയും വേണം.

ഇച്ചെയ്ത്തിക്കു സാധനമെഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,

ദിവാൻ ബഹദൂർ.

---

## Notification.

It is hereby notified under sanction of His Highness the Maha Rajah, that, in view to remove the hardship and inconvenience now felt by the ryots in the matter of presenting their complaints on rough puttahs, the period for the presentation of such petitions is extended from 7 days to 30 days after the receipt of the rough puttahs by the ryots. The Settlement Department has instructions to specify this period in every rough puttah issued.

Huzur Cutcherry,
Trivandrum,
4th September 1901.

K. KRISHNASWAMY ROW,

Dewan.

---

നമ്പർ ൨൭൨.

തിരുവനന്തപുരം,
ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെണ്ടു.
൧൦൭൭-മാണ്ടു കന്നിമാസം ൨൦-
൧൯൦൧-ാംവൎഷം സെപ്തംബർമാസം ൪-നു-

ഇവിടത്തെ ചെയ്ത്തി ആവിതു

ഇരണിയൽ, കൽക്കുളം, വിളവംകോടു ൩ താലൂക്കുകളിൽ നിലങ്ങൾക്കു കലൻ കറണി, നാഴി എന്നു മുൻകണക്കുകളിൽ വിസ്തീൎണ്ണവും കരവും പതിച്ചിരിക്കുന്നതായി കണ്ടു സർവെ പ്രകാരം ഏക്കർ കണക്കാക്കിനോക്കിയതിൽ ശരാശരി കലൻ ഒന്നിനു ഇരണിയലിൽ ൭൩-ം, കൽ

Stating that the question of the adoption of the kottah as the local wet land measure in Eraniel and Kalkulam may be deferred for decision till the assessment results are known.
* vide note below.

കുളത്തു ൭൩-ം, വിളവംകോടു ൧൨൩-ം, സെൻറവീതം നില്ക്കുന്നതായും ൧൨ സെൻറു ഒരു പറ വിത്തിന്നു മുൻകണക്കിൻപ്രകാരം ഉള്ള വിസ്തീൎണ്ണത്തിൽനിന്നും വിളവംകോട്ടുനിലം കൂടുതലായും, കൽക്കുളത്തും ഇരണിയലും കുറവായിട്ടും കാണപ്പെട്ടു വിളവംകോട്ടു കലൻ ഒന്നിനു, ശരാശരി ൧൨൩ സെൻറുവീതം നിലവിസ്തീൎണ്ണമുള്ള വിളംബരം അനുസരിച്ചു പറപ്പടിക്കു കരംപതിക്കുന്നതിൽ വിരോധമില്ലെന്നു കണ്ടു അതിനെല്ലാം നടത്തിച്ചു വരുന്നു എന്നും കൽക്കുളത്തും, ഇരണിയലും പറപ്പടി ആക്കുന്നപക്ഷം മുൻകരത്തിൽനിന്നും ന്യായമായ കരം കുറയുന്നതിനു സംഗതിവരുമെന്നുള്ളതിനാൽ ആ രണ്ടു താലൂക്കുകളിലും മുൻകണക്കനുസരിച്ചുതന്നെ സെററിൽമെൻറിലും കലൻ, കറണി നാഴി എന്ന തുകകൾ പതിക്കുന്നതു ആ താലൂക്കുകളിലെ നടപ്പിനു അനുകൂലമായും സർക്കാരു ആദായത്തിനു ദോഷംകൂടാതെയും ഇരിക്കുമെന്നു വിചാരിക്കുന്നതായും ആലോചിച്ചു ഉത്തരവുണ്ടാകണമെന്നും കർക്കടകമാസം ൩൧-നു ൧൬൪൭/൧൯൦൧-ാംനമ്പരായി എഴുതിയ സാധനംഎത്തി വസ്തുത മനസിലാകയും ചെയ്തു.

മേലെഴുതിയ രണ്ടുതാലൂക്കുകളിലും കഴിയുന്നതും മുൻകരുത്തെ യോജിച്ച തരംഇട്ടു പാപ്പ ട്ടിരുകവയലിൽ കാണുന്നവിവരത്തിനു സ്റ്റേറ്റമെൻറസഹിതം റിപ്പോർട്ടുവന്നാലുടനെ ഇതിലേക്കു തീരുമാനിക്കുന്നതു കൊള്ളാമെന്നു വിചാരിക്കുന്നു. അപ്രകാരം നടത്തിച്ചുകൊള്ളണം. റിക്കാർഡുകളും അയക്കുന്നു.

ഉപ്പെയ്യ്ഷ്യ്എല്ലാം സുബ്രഹ്മണ്യയ്യൻ വായിച്ചുകണ്ടെഴുതു ദിവാൻപേഷ്കാരെ കേൾപ്പിച്ച ഒപ്പു വേണം.

ഇച്ചെയ്യിക്ക സാധനം എഴുതിയ
ദിവാൻ കെ. കൃഷ്ണസ്വാമിറായർ,
ദിവാൻ ബഹദൂർ.

## Note.

### ERANIEL TALUK.

Average extent in cents per kottah of wet land in each village according to the ayacut

| | | | | | | |
|---|---|---|---|---|---|---|
| 1. | Neendakara | ... | ... | ... | 75 | Cents |
| 2. | Aloor | ... | ... | ... | 81 | „ |
| 3. | Eraniel | ... | ... | ... | 59 | „ |
| 4. | Thalakulam | ... | ... | ... | 70 | „ |
| 5. | Katiyapattanom | ... | .. | ... | 82 | „ |
| 6. | Manavala curichy | ... | ... | ... | 75 | „ |
| 7. | Kulachel | ... | ... | ... | 76 | „ |
| 8. | Killiyoor | ... | ... | ... | 82 | „ |
| 9. | Kilkulem | ... | ... | ... | 75 | „ |
| 10. | Midalem | ... | ... | ... | 75 | „ |
| 11. | Kilmidalem | ... | ... | ... | 69 | „ |
| 12. | Nattalem | ... | ... | ... | 79 | „ |
| 13. | Thiruvithankode | ... | ... | ... | 87 | „ |
| | Average extent per kottah for the taluk | | | ... | 76 | „ |

### KALKULAM TALUK.

| | | | | | | |
|---|---|---|---|---|---|---|
| 1. | Kalculam | ... | ... | ... | 76 | Cents. |
| 2. | Kothanallor | ... | ... | ... | 84 | „ |

| | | | | | | |
|---|---|---|---|---|---|---|
| 3. | Thripparappoo | ... | ... | ... | 94 | Cents |
| 4. | Thackala | ... | ... | ... | 75 | ,, |
| 5. | Attoor | ... | ... | ... | 97 | ,, |
| 6. | Ponmanay | ... | ... | ... | 90 | ,, |
| 7. | Thiruvettar | ... | ... | ... | 92 | ,, |
| 8. | Kappiyara | ... | ... | ... | 75 | ,, |
| 9. | Aruvikara | ... | ... | ... | 115 | ,, |
| 10. | Mekode | ... | ... | ... | 91 | ,, |
| 11. | Valvotchagoshtom | ... | ... | ... | 75 | ,, |
| | Average extent per kottah for the taluk | | | ... | 85 | ,, |

## VILAVANKOD TALUK

| | | | | | | |
|---|---|---|---|---|---|---|
| 1. | Kollankode | ... | ... | ... | 88 | Cents |
| 2. | Eludesapattoo | ... | ... | ... | 1·27 | Acres |
| 3. | Pynkulam | ... | ... | ... | 77 | Cents |
| 4. | Arudesapattoo | ... | ... | ... | 1·34 | Acres |
| 5. | Methukummel | ... | ... | ... | 79 | Cents |
| 6. | Kunnathoor | ... | ... | ... | 1·24 | Acres |
| 7. | Nalloor | ... | ... | ... | 97 | Cents |
| 8. | Pakode | ... | ... | ... | 86 | ,, |
| 9. | Vilavenkod | ... | ... | ... | 1·69 | Acres |
| 10. | Palukal | ... | ... | ... | 84 | Cents |
| 11. | Edakode | ... | ... | ... | 1·02 | Acres |
| 12. | Arumana | ... | ... | ... | 88 | Cents |
| 13. | Kaliyal | ... | ... | ... | 69 | ,, |
| | Average extent per kottah for the taluk. | ... | | ... | 103 | Cents. |

നമ്പർ ൨൦൦൧/൧൭൭.

ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെന്റ,

൧൦൭൭ാമാണ്ടു തുലാമാസം ൨൦നു-
൧൯൦൧ാംവർഷം നവംബർമാസം ൭നു-

ഇവിടത്തെച്ചെയ്തി ആവിതു,

ചെങ്കോട്ട താലൂക്കിൽ മേക്കര പകുതിയിൽ അച്ചൻകോവിൽ ദേവസ്വം വക വെൺപാട്ടം തിരുവാട്ടൂറ പണ്ടാരത്തിനു ൧൦൦൩-ാമാണ്ടിടക്കു കട്ടക്ഷത്തക കൊടുത്തതിൽ എത്ര ഏക്കർസ്ഥലം പതിഞ്ഞിട്ടുണ്ടെന്നും അതിലേക്കു എന്തു ആദായം സർക്കാരിലേക്കു കിട്ടിവരുന്നു എന്നും ഇനി ഇപ്പഴത്തെ സർവെപ്രകാരം എന്തുവിസ്തീർണ്ണം ഉണ്ടെന്നും നിശ്ചയംവരുത്തിയും പതിഞ്ഞതു നീക്കി ബാക്കി ഉണ്ടായിരുന്നാൽ അതിനെ ഒരം കണ്ടെഴുത്തിൽ എന്തു ഏർപ്പാടു ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു എന്നും ഉള്ളവിവരം കാണിച്ചു എഴുതി അയപ്പാൻ കല്പന വന്നിരിക്കുന്ന പ്രകാരം കൊട്ടാരം സർവാധികാര്യക്കാരു കർക്കടകമാസം ൨൯നു-൨൨൦൯ാമതു നമ്പരിൽ എഴുതിയസാധനം വന്നിരിക്കകൊണ്ടു കല്പന വാചകത്തിലെ രാജ്യപ്രകാരം നടത്തി ഇതുസംബന്ധിച്ച സകലറിക്കാർഡുകളുംഎടുപ്പിച്ചു അയച്ചു വേഗത്തിൽ എഴുതി അയക്കണമെന്നു ഹജൂർ കണ്ടെഴുത്തുവക ൨൭ ാമതുനമ്പരിൽ ൧൦൭൭ ാമാണ്ടു ചിങ്ങമാസം ൩൩നു- അതിനെപ്പററി ൧൭൯ ാമതു നമ്പരിൽ ൩൦നു- എഴുതിയ സാധനങ്ങളും വന്നിട്ടുള്ളതിനു തിട്ടംവരുത്തിച്ചതിൽ മുൻകണക്കുപടി നഞ്ചയിൽ ഉദ്ദേശം ൧൮൪ ഏക്കർ ൭൦ സെൻറും പുഞ്ചയിൽ ൧൪൭ ഏക്കർ ൭൩ സെൻറും ഇതിന്മണ്ണം ൨൭൭ ഏക്കർ ൪൩ സെൻറ വിസ്തീർണ്ണവും അതിന്മേൽ ആണ്ടൊന്നുക്കു ൧൪൪൦ അരമൂണ്ടാണി അരമാഹാണി വെള്ളപ്പണത്തിനു ൨൪൨൪അരമാഹാണി കാമാഹാണി കലിപണം സർക്കാരിലേക്കു കരംവകയിൽ മുതലും ഉണ്ടെന്നും സർവേയിൽ ഒരു പകുതിയായും അതിനെ ൨ നമ്പരായിട്ടും എടുത്തിരിക്കുന്നതായും അതിനു ൨൧൩ ഏക്കർ ൭൩ സെൻറ വിസ്തീർണ്ണം ഉള്ളതായിട്ടും കാണുന്നു.

ഒരം പകുതിയിൽ ഉൾപ്പെട്ട നഞ്ച, പുഞ്ച, പുറമ്പോക്കു ഇതുകളും തിരിച്ചു ക്ലാസിഫിക്കേഷൻ ചെയ്യുന്നതിനു ഇവിടെനിന്നും തീരുമാനിച്ചതിനു മേൽ... മേലെഴുതിയ മഠത്തിലെ കാര്യസ്ഥൻ അപ്പീൽ ബോധിപ്പിച്ചു എഴുതിവന്നു റിക്കാർഡുകളും അയച്ചു എഴുതി അയച്ചിരുന്നതിനു സെററിൽ ചെയ്യുന്നതിന്റെ ഉദ്ദേശം അവകാശങ്ങളെ നിർണ്ണയിച്ചു റിക്കാർഡുചെയ്യുന്നതിനും കരം ഭേദപ്പെടുത്തുന്നതിനും ആയിട്ടാണെന്നും പ്രസ്താവ സംഗതിയിൽ ക്ലാസിഫിക്കേഷൻ നടത്തുന്നതിൽ വച്ചു മേൽപറഞ്ഞ ഉദ്ദേശം ഒന്നും നിറവേറുന്നതല്ലാഴികയാൽ ഇവിടത്തെ തീർച്ചയെ അസ്ഥിരപ്പെടുത്തി ക്ലാസിഫിക്കേഷൻ ചെയ്യേണ്ട ആവശ്യമില്ലെന്നു തീരുമാനിച്ചിരിക്കുന്നതായിട്ടും ഹജൂർ കണ്ടെഴുത്തുവക ൧൭൨൧-ാമതു നമ്പരിൽ ൧൦൭൩ ാമാണ്ടു മിഥുനമാസം ൧൯നു- എഴുതി വന്നിരിക്കുന്നതായി കാണുന്നതിനാൽ ഇതു സംബന്ധിച്ച റിക്കാർഡുകളും കരം വകയിൽ വരുന്ന മുതലിനു പകുതി പിള്ളയേകൊണ്ടു എഴുതിവാങ്ങിയലിസ്റ്റും ഇതോടുകൂടി അയച്ചു വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ളവായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
കണ്ടെഴുത്തു ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

---

Trivandrum,
7th November 1901.

My dear Sir,

It is observed that when a taluk is taken up for block-dividing work, particular villages are entrusted to your Assistants, Supervisors and first class Deputy

Supervisors while one or two are reserved to be assessed by yourself. It seems desirable that instead of confining his attention to a particular village and doing the same kind of work like the subordinate officers, the head of the department should really supervise their work by inspecting all the villages in a taluk and testing at least 5 per cent of the work done by his subordinates in this important branch. This will on the one hand enable you to satisfy yourself about the quality of the work done by the subordinate officers in the several villages and on the other give the ryots an opportunity to represent to you on the spot any grievances they may have regarding the assessment of individual holdings and get them promptly redressed. Please let me know your views on this suggestion at an early date.

I am &c.,

Sd/. K. KRISHNASWAMY ROW.

M. R. Ry

V. Nagam Aiya Avergal,

Dewan Peishkar,

Revenue Settlement.

---

Neyyattinkara,

On Circuit,

8th November 1901.

My dear Sir,

In reply to your D. O. dated the 7th Instant, I beg to inform you that in future I shall, as far as possible, supervise the block-dividing work done by my subordinates instead of taking a village myself for block work. I have already personally reported to you that this new system will be carried out from this year 1077 M. E.

I have &c.

Sd/. V. NAGAM AIYA.

M. R. Ry.

K. KRISHNASWAMY ROW, Pantalu Garu,

F. M. U.

Dewan Bahadur,

DEWAN.

---

No. S/325.

Huzur Cutcherry.
Trivandrum, 15th November 1901.

To

The Dewan Peishkar,
Revenue Settlement.

Sir,

Adverting to your D.O. of the 8th Instant, I have the honor to inform you

that in future when a taluk is taken up for block-dividing work you need not assess any particular village yourself but should inspect all the villages one after another and test at least 5 per cent of the work done in each village by your subordinate officers in this important branch.

I have &c.,
Sd/. K. KRISHNASWAMY ROW
Dewan.

---

നമ്പർ ൧൩൧.

തിരുവനന്തപുരം.

ഹജൂർ കച്ചേരി എഴുത്തു ഡിപ്പാർട്ടുമെൻറ,
൧൦൭൭-ാമാണ്ടു വൃശ്ചികമാസം ൨൭നു-
൧൯൦൧-ാംവർഷം ഡിസംബർമാസം ൧൨നു-
ഇവിടത്തെച്ചെയ്തിരുവിത്തു.

Stating that the Pizhayattom wet lands of the Mukathala Devaswom in Trikovilvattam Pakudi may be registered as Pattom on levy of vilayartham and that provision may be made in the scale of expenditure for the temple for the services rendered and supplies made by the holders out of the assessment on the lands.

കൊല്ലംതാലൂക്കിൽ തൃക്കോവിൽവട്ടംപകുതിയിൽ രജിസ്ട്രേഷൻ ൧൭൯൨, ൩൧൭, ൧൭൭൪, ൧൭൩൩, ൧൪൨൪, ൧൦൯ ഈ നമ്പർകേസുകളിലുൾപ്പെട്ടതിൽ സർക്കാർ മുഖത്തല ദേവസ്വം പിഴയാപാട്ടം ഇനത്തിൽ ൭൯പറ ൯ഇടങ്ങഴി നിലം പതിവുണ്ടെന്നും ഈ ദേവസ്വത്തിൽ നിത്യനിദാനം ഉഷഃപൂജവകയ്ക്കു തെക്കേടം, വടക്കേടം മൂത്തതന്മാർ പേരു രണ്ടുംകൂടി നാളൊന്നിനു ഇടങ്ങഴി അരിവീതം കൊടുക്കുന്നതിനു കുത്തകുളി ഉൾപ്പെടെ ആണ്ടൊന്നിനു ൧൦൦-പറ ൩-മുക്കാൽ ഇടങ്ങഴി നെല്ലു ൭൦ പറ നിലത്തിൽ വകവച്ചുകൊടുത്തിട്ടുള്ളതായി ൯൭൧-ാമാണ്ടത്തെ ആയക്കെട്ടിൽ കാണുന്നതായും ദേവസ്വംവകയ്ക്കു നാളൊന്നിനു ൩ പറ ൩-കാലെമാഹാണി അരി സർക്കാരിൽ നിന്നും പതിവുള്ളതിനുള്ള നെല്ലു അധികാരത്തിൽനിന്നും കെട്ടിവാങ്ങി അതും അതുകൂടാതെ ചിറവാസ്വരൂപത്തിൽ നിന്നും ഒന്നും, അകപ്പൂരുവകയിൽനിന്നും മുക്കാലും, ഊരാണ്മക്കാരിടെ വഴിപാടായി രണ്ടും ഇങ്ങനെ ൩ മുക്കാൽ അരികൂടി പതിവുകണക്കിൽ കൊണ്ടിട്ടുള്ളതനുസരിച്ചു ആ അരി മൂത്തതിന്മാരെക്കൊണ്ടു അളപ്പിച്ചും പൂജ നടത്തിവരുന്നതായും ദേവസ്വം സർക്കാരിൽ ചേർക്കുന്നതിനുമുമ്പു ഇത്രയും നെല്ലു സർക്കാരിൽ നിന്നും കൊടുക്കുന്നതിനു ഏർപ്പാടു ചെയ്തിട്ടുള്ളതെന്നും സർക്കാരിൽചേർത്തസമയം ഏൾപ്പെടുത്തപ്പെട്ട പതിവുകണക്കിൽകൂടി ഉൾപ്പെട്ടിട്ടുണ്ടോഎന്നു തിട്ടംവരുത്തിച്ചു ഇല്ലെന്നു കാണുന്നതായാലും ഇത്രയും അരി പതിവിൽകൂട്ടി നടത്തിക്കയും വസ്തു സർക്കാരിൽചേർത്തു പാട്ടമായി പതിക്കയും ചെയ്യാനുള്ളതെന്നും എഴുതിവന്നു പതിവുകണക്കിനു പകർപ്പു അയച്ചും മററും എഴുതി അയച്ചിരുന്നതിലേക്കു പതിവുകണക്കിൻെറ പകർപ്പു നോക്കിയതിൽ ദേവസ്വത്തിൽ പൂജവകയ്ക്കു നാളൊന്നിനു ൩ പറ കാലെമാഹാണി അരി പതിവുവച്ചു അതിൽ ഒരിടങ്ങഴി അരി ചിറവാസ്വരൂപത്തിലേയും ൨ മുക്കാൽ അരി ഊരാണ്മക്കാരിടെയും പേരിൽ പിറവക വരവായി പറഞ്ഞു അതുപൊകെ ൩ പറ ൩ കാലെ മാഹാണി അരിപതിവുള്ള പ്രകാരം കാണുന്നു എന്നും പ്രസ്താവസംഗതിയിൽ പൂജവകയ്ക്കായി പറയുന്നഅരിയിടെ വിവരം യാതൊന്നും കണക്കപകർപ്പിൽ വിവരിച്ചിട്ടില്ലെന്നുവരികിലും പൂജയ്ക്കു ഇപ്പഴും അരികൊടുത്തു വരുന്നതായികാണുന്ന സ്ഥിതിക്കു പൂജക്കുവകവച്ചതായി പറയുന്ന നെല്ലു മേലും ആവകയ്ക്കു ഉപയോഗപ്പെടേണ്ടതായിരിക്കുന്നതും വസ്തുക്കൾ പാട്ടം കെട്ടി പതിക്കുന്ന ക്രമത്തിനു പൂജവകയ്ക്കു വേറെവിധം ഏർപ്പാടു ചെയ്‌വാൻ മാർഗ്ഗം ഇല്ലാത്തതുംകൊണ്ടു ആവകനെല്ലുമുഴുവനും സർക്കാരിലേക്കു മുതൽ വരാനുള്ളതെന്നും ആസ്ഥിതിയിൽ പൂജക്കുവകവച്ചതായി പറയുന്നനെല്ലിനെ ഈ വസ്തുക്കളിടെകരത്തോടുകൂടി തീർപ്പിക്കേണ്ടതായി തോന്നുന്നതും അങ്ങിനെതീർപ്പിക്കുന്നതിലും അതതു സ്ഥലത്തെ പട്ടയവീതംപോലെ അല്ലാതെ പൂജക്കുവകവച്ചതാണെന്നുള്ളതിനെ കാരണമാക്കി മുഴുവൻതുക

യും നെല്ലായിട്ടു തന്നെ തീൎപ്പിക്കാൻ ക്രമം ഇല്ലാത്തതും ആകുന്നു എന്നും കരത്തോടുകൂടി തിൎപ്പിക്കുന്നതായാൽ പൂജവകക്കു വകവച്ചതും ഈ വസ്തുക്കളിടെകരവും ഉൾപ്പടെ ൧൩൯ പറ ൧കാൽ ഇടങ്ങഴി നെല്ലു ആണ്ടൊന്നിനു സൎക്കാരിലെക്കു ഇറപ്പുവരേണ്ടതായിരിക്കുന്ന പ്രകാരവും ഈവസ്തുക്കൾക്കു ഇപ്പോൾ വച്ചിരിക്കുന്ന തരംഅനുസരിച്ചു ൭൩ പറ ൭ ഇടങ്ങഴി നെല്ലെപാട്ടക്കരം വരുന്നൊള്ളു എന്നും ആ തരത്തെ ഭേദപ്പെടുത്തികൂടുതൽ തരം ഏൎപ്പെടുത്തെണ്ടതിലെക്കു സ്റ്റേറ്റമെൻറ അയച്ചും ആ സ്റ്റേറ്റമെൻറഅനുസരിച്ചു തരംവയ്ക്കുന്നതായാൽ മുൻകൊണ്ടിട്ടുള്ളതുകക്കു ശരിയിട്ടു കരംവരുമെന്നും ഈവസ്തുക്കൾ പൂജവകക്കു വിട്ടിട്ടുള്ളതാണെന്നു ൯൭൭-ാമാണ്ടത്തെ വിളമ്പരത്തിനാൽ വ്യക്തപ്പെടുന്നേയും, പൂജക്കുവകവച്ചതായി പറയുന്നമുതൽ എല്ലാംകൊണ്ട ദേവസ്വം സൎക്കാർവകയായും ആ മുതലിന്റെ ഹേതുവായവസ്തു സൎക്കാരിൽ നിന്നും വിട്ടിട്ടുള്ളതായും കാണുന്നേയും, സ്ഥിതിക്കു ഇപ്പഴത്തെസെററിൽമെൻറിൽ ഈവസ്തുക്കളെ മുൻജനമായിട്ടും പൂജക്കു വകവച്ചിട്ടുള്ളനെല്ലിനെ തിരിപ്പായിപറഞ്ഞും പട്ടയംകൊടുപ്പാൻ ക്രമം ഉള്ളതായി തൊന്നുന്നില്ലെന്നും ഇതിൽ ൨൦ പറ നിലം മാത്രം പതിവു കുഡുംബത്തിൽ അനുഭവിക്കുന്നതു പോകെ ശേഷംവസ്തുക്കൾ കോട്ടുതീൎപ്പനുസരിച്ചും മററും അന്യകൈവശം പോയിനടന്നു വരുന്നതായികാണപ്പെടുന്നു എന്നും സൎക്കാരിൽ നിന്നും പൂജക്കായിവിട്ടവസ്തുക്കളെ പേരിൽ പതിഞ്ഞു എന്നുള്ളതിനെ പ്രമാണിച്ചുപതിവുകാറന്റെ കടത്തിനായി ലേലംചെയ്യിട്ടുള്ളതു സൎക്കാരിനെ ബദ്ധപ്പെടുത്തുന്നതല്ലെന്നുവരികിലും ആ വിധം അന്യാധീനത്തിൽ പൊയിട്ടുള്ള സ്ഥിതിക്കു ക്രമവ്യവഹാരത്താലെല്ലാതെ വസ്തുക്കൾ നടപ്പുകാററിൽ നിന്നും തിരച്ചു ഒഴിപ്പിക്കാൻ ന്യായം ഇല്ലാത്തതും പൂജക്കുവകവച്ചഅരി നടപ്പുകാററുമുഖേനതന്നെ മേലും കൊടുപ്പിക്കാമെന്നു വിചാരിക്കുന്നതിൽ ആ നടപ്പു എന്നേക്കും ശരിയായി നടന്നുപോകുമെന്നു തോന്നുന്നില്ലാത്തതും ആകുന്നു എന്നും ൟ എല്ലാഭാഗങ്ങളെക്കൊണ്ടും ൟ വസ്തുക്കൾക്കുവച്ചിട്ടുള്ളതരം ഭേദപ്പെടുത്തി സ്റ്റേറ്റമെൻറപ്രകാരം ഉള്ള തരം ഏൎപ്പെടുത്തുകയും വസ്തു നടപ്പുകാററിടെപേരിൽ അത്ഥാവകാശത്തിന്മേൽ പാട്ടംകെട്ടി പതിച്ചു പാട്ടക്കരം അവരിൽനിന്നും ഈടാക്കുകയും പൂജക്കു വകവച്ചതായിപറയുന്ന നെല്ലിനെ പതിവിൽചേൎത്തു പ്രവൃത്തിയിൽനിന്നും രൊക്കംകൊടുത്തു നടത്തിക്കയും ചെയ്യുന്നതുതന്നെ വിഹിതമെന്നും റിക്കാട്ടുകൾ അയച്ചും മറുപടിയും ഇതിനെപ്പററി ഡിവിഷനിലേക്കു എഴുതിഅയച്ചിരുന്നതിനു വന്നിട്ടുള്ള റിപ്പോട്ടും വന്നു

റിക്കാഡു പരിശോധിച്ചതിൽ മുഖത്തല ദെവസ്വം പിഴയാപാട്ടം എന്നജനത്തിൽ ൭൯ പറൻ ഇടങ്ങഴി നിലം പതിവുണ്ടെന്നും ൟ ദെവസ്വത്തിൽ നിത്യനിദാനം ഉഷപൂജ വകക്കു തെക്കെടം വടക്കെടം മുത്തതന്മാർ രണ്ടുപേരുംകൂടി നാഴിക്കു ഇടങ്ങഴി അരി വീതംകൊടുക്കുന്നതിനകുത്തുകൂലിമുതലായവകക്കു ആണ്ടൊന്നിനു ൧൦൦ പറ ൩ മുക്കാൽ ഇടങ്ങഴി നെല്ലു ൭൦ പറ നിലത്തിൽ വകവച്ചു കൊടുത്തിട്ടുള്ളതായും ആയക്കെട്ടിൽ വിവരിച്ചും ൟ വകഅരിമേൽവിവരിച്ച മൂത്തതന്മാരെ കൊണ്ടു അളപ്പിച്ചു പൂജവകക്കു ഉപയൊഗപ്പെടുത്തി വരുന്നു എന്നും ൟ വസ്തുക്കൾക്കു സ്റ്റേറ്റമെൻറപ്രകാരം തരംവയ്ക്കുന്നതായാൽ ൧൩൯ പറ ൭ിടങ്ങഴി നെല്ലു പാട്ടം വരുമെന്നും കാണുന്നതായുംൟവസ്തുക്കൾക്കു പാട്ടത്തിൽ ദേവസ്വം പൂജക്കുള്ളനെല്ലു മുഴുവനും നെല്ലായിട്ടുചുമത്തി വിവരം പട്ടയത്തിൽ കാണിച്ചെഴുതി കൊടുക്കണമെന്നുഒരുഭാഗം കൂടി ഡിവിഷൻ പേഷ്കാർ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും അതതു സ്ഥലത്തെ പട്ടയരീതംപൊലെ അല്ലാതെ പൂജക്കു വകവച്ചതാണെന്നുള്ളകാരണത്തിന്മേൽ മുഴുവൻതുകയും നെല്ലായിട്ടുതന്നെ തീൎപ്പിക്കണമെന്നു പറയുന്നതു തിരുവെഴുത്തുവിളംബരത്തിലെ താല്പൎയ്യത്തിനു വിരൊധമായകയാൽ അങ്ങനെ ചെയ്യാൻപാടില്ലെന്നും ൟ വസ്തുക്കൾക്കുള്ള പാട്ടത്തിൽ പട്ടയവീതപ്രകാരം നെല്ലായിട്ടു മുതൽവരുന്നതുകയിൽ നിന്നും ഇതിലെക്കു കൂടുതൽ നെല്ലു വെണ്ടിവരുമെങ്കിലും ൟ വസ്തുക്കളെ അത്ഥാവകാശപ്പെടുത്തി പതിച്ചുകൊടുക്കുന്നതു കൊണ്ടു വിലയത്ഥം വകയിൽ അധികം പണം മുതൽ വരുമെന്നുള്ളതും ആ മുതലിനു പലിശകണക്കാക്കുന്നതായാൽ ൟ കൂടുതലിനെപ്പററി അത്ര സാരമായിവിചാരിപ്പാൻ ഇല്ലാത്തതും ആകുന്നുഎന്നും പൂജവകക്കു ഇപ്പോൾ കൊടുത്തുവരുന്നതുപൊലെ നാഴിക്കുന്നിനു ഇടങ്ങഴി അരിവീതം വെണ്ടതിലെക്കു ഇരട്ടിയും അതിനുപാതിനു രണ്ടുവീതം കുത്തുകൂലി

യും ഉൾപ്പെടെ ആണ്ടൊന്നിനു ൨൭ പറ ൩ ഇടങ്ങഴി നെല്ലു വെണ്ടതായിരിക്കുന്നതിനാൽ പേഷ്കാരും ഡിവിഷൻപെഷ്കാരും അഭിപ്രായപ്പെട്ടിരിക്കുന്നതു പൊലെ അത്രയും നെല്ലു ദെവസ്വം പതിവിൽ കൂട്ടി പ്രവൃത്തിയിൽനിന്നും ഓരോക്കം കൊടുത്തു നടത്തിക്കയും ഈ വകവസ്തുക്കളെ നടപ്പുകാരുടെ പെരിൽ അത്ഥാവകാശത്തിന്മെൽ പാട്ടംകെട്ടി പതിച്ചുകൊടുത്തു പാട്ടഫലം മുതൽവരുത്തുകയും ചെയ്യുന്നതുകൊള്ളാമെന്നും കണ്ട് എഴുതിഅയച്ചിരുന്നതിനെ അനുവദിച്ചു കല്പന വന്നിരിക്കുന്നതായി കൊട്ടാരംസർവാധികാര്യക്കാരരു വൃശ്ചികമാസം ൨൬-നു ൧൫൦-ാം നമ്പ്രായി എഴുതിയ സാധനം വന്നതിനാലും ദെവസ്വം വൃശ്ചി വകക്കു ആണ്ടൊന്നിനു ൨൭ പറ ൩ ഇടങ്ങഴി നെല്ലു വെണ്ടതു ദെവസ്വംപതിവിൽ ചെൎത്തു പ്രവൃത്തിയിൽ നിന്നും ഓരോക്കം കൊടുത്തു നടത്തിക്കുന്നതിനു ഡിവിഷൻപെഷ്കാർ എഴുതി അയച്ചിരിക്കുന്നതിനാൽ വസ്തുക്കളെ മറ്റു നടപ്പുകാരരുടെ പേരിൽ അത്ഥാവകാശത്തിന്മെൽ പാട്ടം കെട്ടിപതിച്ചു പട്ടയം കൊടുക്കുകയും അങ്ങനെ പതിച്ചു കൊടുക്കുന്ന വസ്തുക്കളെ പട്ടയപകൎപ്പും തണ്ടപ്പേരും താലൂക്കിലേക്കു അയക്കയും ചെയ്യുന്നതിനു ചട്ടംകെട്ടിനടത്തിച്ചുകൊള്ളണം. വിക്കാൎയ്യം മഠം തിരുവെഴുത്തയച്ചിരിക്കുന്നു.

ഇച്ചെഴുത്തുഎല്ലാം സുബ്രഹ്മണ്യയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചുവായ്ക്കയുംതാനം.

ഇച്ചെഴുത്തിക്കുസാധനംഎഴുതിയ
ദിവാൻ കെ കൃഷ്ണസ്വാമിരായർ,
ദിവാൻബഹദൂർ.

, നമ്പർ ൩൩൯൦/൭൯൦.

൧൦൭൭-ാമാണ്ടു കുംഭമാസം ൨൭-നു-
൧൯൦൨-ാംവർഷം മാർച്ച് മാസം ൯-നു-

ഇവിടത്തെച്ചെയ്തി ആവിതു

അമ്പലപ്പുഴതാലൂക്കിൽ കുടിയിരിപ്പു എന്നഇനത്തിലുള്ള വസ്തുക്കളുടെമേൽക്കു ഇപ്പോഴത്തെ സെററിൽമെൻറിൽ കരം ഇറപ്പുവരുത്തേണ്ടതിലേക്കു ഒരു വ്യവസ്ഥ ഉണ്ടാകേണ്ടതിനെപ്പററി സൂപ്പർവൈസരുടെ റിപ്പോർട്ടുവന്ന എഴുതയച്ചിരുന്നതിനെ ഹജൂരിൽ നിന്നു വരുത്തിച്ചും ഒരു ഇനം വസ്തുക്കൾ സംബന്ധിച്ചു മുമ്പും ഇപ്പോഴും ഉള്ള വ്യവസ്ഥ എന്നിവകളിനെയും മുൻപത്തിൻെറയും വകക്കുപകരി തിരിച്ചു സ്റ്റേറ്റുമെൻറ തയ്യാറാക്കിച്ചയച്ചു കോട്ടയം ഡിവിഷൻ അസിസ്റ്റൻറിൻെറ ൧൯൦൧-മാണ്ട് ൨൭൮ നമ്പർ റിപ്പോർട്ടുവരികയാൽ ആയതും റിക്കാർട്ടുകളും ഇതുസഹിതം അയച്ചിരിക്കുന്നു.

That the Kudiyirippu gardens in the Ambalapuzha Taluk should be assessed with 2/3 of the settlement pattam.

ഈ ഇനം വസ്തുക്കൾക്കും കുടിജന്മംമുതലായ വസ്തുക്കൾക്കും കരത്തെസംബന്ധിച്ചു മററ ഇനം വസ്തുക്കളെപ്പോലെ അല്ലാതെനടത്തേണ്ടതായിരുന്നാൽ അതിനെക്കുറിച്ചു വേണ്ടവിചാരണകഴിച്ചു എഴുതിഅയക്കണമെന്നാണ കണ്ടെഴുത്തു സംബന്ധിച്ചുണ്ടായിട്ടുള്ള തിരുവെഴുത്തു വിളംബരത്തിൽ ൨൫ാമത് വകുപ്പിൽ കല്പിച്ചിരിക്കുന്നതു.

മേൽപ്രകാരമുള്ളതിൽ കുടിജന്മം മുതലായവസ്തുക്കളിടെ സംഗതിക്കു ഇതിനുമുമ്പുതീർച്ചപ്പെട്ടിട്ടുള്ളതുപോലെ കുടിയിരിപ്പുവസ്തുക്കൾക്കു കരം ഇറപ്പുവരുത്തേണ്ടഭാഗത്തിനു ഇനിതീർച്ചഉണ്ടാകേണ്ടതായിരിക്കുന്നതും ഒരു ഇനം വസ്തുക്കളെ മററ ഇനം വസ്തുക്കളെപ്പോലെ ഗണിക്കത്തക്കതല്ലെന്നു കാണുന്നതും ആകുന്നു.

കുടിയിരിപ്പു ഇനത്തിൽ ഒരു താലൂക്കിൽ പുളിംകുന്നു, കാവാലം ഈ രണ്ടുപ്രവൃത്തികൾ ഒഴിച്ചശേഷം ൧൦ പ്രവൃത്തികളിൽമാത്രം പുരയിടം പതിഞ്ഞിട്ടുള്ളതും നിലംപതിഞ്ഞിട്ടില്ലാത്തതും ആകുന്നു.

പുരയിടംമാത്രം കുറഞ്ഞകരത്തിനു കുടിയിരിപ്പായി പതിച്ചുകൊടുത്തതിൻെറ സംഗതി കണക്കുകളാൽ വ്യക്തമാകുന്നില്ലെങ്കിലും ഇതിൻെറ ആകപ്പാടെയുള്ള സ്ഥിതികൊണ്ടു ചെമ്പകശ്ശേരി രാജാവു അവർകളിടെകാലത്തു വെള്ളംകെട്ടായുള്ള ഈ സ്ഥലത്തു ജനങ്ങളുടെവരവും കുടിപാപ്പും അഭിവൃദ്ധിയാകണമെന്നുള്ളതിനേയും പുരയിടംവെട്ടിക്കണമെന്നുള്ളഭാഗത്തേയും അതിലേക്കു കുടികൾക്കു ഉത്സാഹം ജനിക്കേണ്ടതിനെയും ഉദ്ദേശിച്ചു അവരാൽ ദേഹണ്ഡിച്ചു കുടിപാർത്തുവന്ന പുരയിടങ്ങളെമാത്രം കുടിയിരിപ്പുഎന്നഇനം പതിച്ചുലഘുവായകരം ഏർപ്പെടുത്തി കൊടുത്തിട്ടുള്ളതാണെന്നു വിചാരിക്കത്തക്കതായിരിക്കുന്നു.

ഒരു ഇനംവസ്തുക്കളെ കുടിക്കുകുടിഎഴുതികൊടുക്കുന്നതായാൽ പേരുമാററിഎഴുതിപതിക്കമാത്രമല്ലാതെ മററഇനാം വസ്തുക്കളെപ്പോലെ ഇനംമാററംചെയ്തു കരത്തിൽ കൂടുതൽവരുത്തുക എന്നിങ്ങനെയുള്ള നടപടികൾ യാതൊന്നും ചെയ്തുവരുന്നതായി കാണുന്നില്ലാത്തതാകുന്നു.

൯൯൩,൧൦൧൩,ഈ ആണ്ടുകളിൽ നടന്നകണ്ടെഴുത്തിൽ ഈഇനം വസ്തുക്കളിൽ ഒരുതെങ്ങുള്ള പുരയിടത്തിനു അരപ്പണവും രണ്ടുമുതൽ൫വരെ മാഹാണി പണവും രണ്ടുതെങ്ങുള്ള പുരയിടത്തിനു തെങ്ങു ൧ക്കു കാൽപ്പണംവീതം അരപ്പണവും രണ്ടുമുതൽ൫വരെ ൧നു നാലുമുതൽ൫വരെ മാഹാണിപണവും മൂന്നാംആതിലധികവും തെങ്ങുള്ളപുരയിടങ്ങൾക്കു തെങ്ങു ൧ക്കു മൂന്നുമാഹാണിപണവും രണ്ടുമുതൽ ൫വരെ വരുന്ന ഓലമടലിനു ആറിനു ഒന്നുഅരയ്ക്കാൽ പണക്രമത്തിനു വരുന്നവിലയും വൃക്ഷങ്ങൾഇല്ലാതെ വെളിതറയായുള്ള പുരയിടങ്ങൾക്കു പയറപാട്ടംകണ്ടു ഇടങ്ങഴിപയറ വിതക്കുന്ന സ്ഥലത്തിനു കാൽപണംവീതവും കരംഏർപ്പെടുത്തി പതിച്ചുകൊടുത്തിരിക്കുന്നതായി കാണപ്പെടുന്നുണ്ടു.

ഈ താലൂക്കിൽ കുടിയിരിപ്പുഇനത്തിൽ ൧൦ പ്രവൃത്തികളിലുമായി മുൻകണക്കുപ്രകാരം ൧,൩൯,൪൧൧ തെങ്ങും ൭,൧൭൧ കമുകും ൩,൨൪൧ പ്ലാവും ഇങ്ങിനെ ൨,൭,൬൩൩ വൃക്ഷവും തറപ്പാട്ടം ഓലവില ഉൾപ്പടെ ൧,൪൧,൧൦൪ പണം പാട്ടത്തിനു ൪൪,൭൭൯ പണം ഇറവ്വുകരവും ഉള്ളതിനു ഇപ്പോൾ ൩,൧൦,൨൪൧ തെങ്ങും ൭൨,൩൭൩ കമുകും ൩,൨൩൩ പ്ലാവും ഇതിന്മണ്ണം ൩,൯൪,൨൨൭ വൃക്ഷവും അതിനു തറപ്പാട്ടം ഉൾപ്പടെ ൨,൦൩,൬൩൨ പണം പാട്ടവും ഉള്ളതായിട്ടും മുൻവൃക്ഷത്തിൽനിന്നും നാളതു ൧,൩൯,൭൪൪ വൃക്ഷം കൂടുതലായും കാണപ്പെടുന്നു. ഈ കൂടുതൽ നൂററിനു ൫൯ വീതവും മൊത്തമുള്ള മുൻകരം മുൻപാട്ടത്തിൽ മൂന്നിലൊന്നിൽ കൂടുതലായും ഇരിക്കുന്നുണ്ടു. ഈ വസ്തുക്കൾക്കു കുടിജന്മം ഇനത്തെപ്പോലെ കണ്ടപാട്ടത്തിൽ നാലിൽ ഒന്നുകരം ഏൾപ്പെടുത്തണമെന്നു മുമ്പിലിരുന്ന സൂപ്പർവൈസരും അസിസ്റ്റൻറും മൂന്നിലൊന്നുകരം വയ്ക്കേണ്ടതെന്നു ഇപ്പഴത്തെ സൂപ്പർവൈസരും അസിസ്റ്റൻറും അഭിപ്രായപ്പെട്ടിരിക്കുന്നതു കൂടാതെ ഇപ്പോഴത്തെ വൃക്ഷക്കൂടുതലിനു തക്കവണ്ണം കരത്തിലും കൂടുതൽ വരേണ്ടതിനെ ഉദ്ദേശിച്ചു കണ്ടപാട്ടത്തിൽ അഞ്ചിൽ രണ്ടുഭാഗം കരമായി ഏൾപ്പെടുത്തുന്നതു ന്യായമായിരിക്കുമെന്നു അസിസ്റ്റൻറു ഒടുവിലും റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ഈ വസ്തുക്കളുടെ മുൻകരം മുൻപാട്ടത്തിൻെറ മൂന്നിലൊന്നിൽ കൂടുതലായിരിക്കുന്ന സ്ഥിതിക്കു മുമ്പിലത്തെ സൂപ്പർവൈസരും അസിസ്റ്റൻറും അഭിപ്രായപ്പെട്ടിരിക്കുന്നതിന്മണ്ണം നാലിലൊന്നുകരം ഇപ്പോൾ ഏൾപ്പെടുത്തുന്നതായാൽ മുൻകരത്തിൽനിന്നും കുറവു വരുമെന്നുള്ളതു സംശയമില്ലാത്ത സംഗതിയാണു. ഇപ്പഴത്തെ സൂപ്പർവൈസരും അസിസ്റ്റൻറും പറയുന്നതുപോലെ കണ്ടപാട്ടത്തിൽ മൂന്നിലൊന്നുഭാഗം കരമായി ഏൾപ്പെടുത്തുന്നതായാൽ നാളതു വൃക്ഷക്കൂടുതലിനു തക്കവണ്ണം കരത്തിലും കൂടുതൽ വരുന്നതിനു മാർഗ്ഗമില്ലെന്നു മാത്രമല്ലാ, മുൻകരം കൊണ്ടിരിക്കുന്ന രീതിക്കു സർക്കാരിലെക്കു വരേണ്ട ആദായത്തിനു കുറവു വരുന്നതിനും സംഗതിയാകുമെന്നുള്ളതുമാണു. അതുകൊണ്ടു മേൽവിവരിച്ചപ്രകാരം ചെയ്യുന്നതു യോജിപ്പായിരിക്കുമെന്നു തോന്നുന്നില്ലാ.

അസിസ്റ്റൻറു ഒടുവിൽ അയച്ചിട്ടുള്ള റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളതിന്മണ്ണം കണ്ടപാട്ടത്തിൽ അഞ്ചിൽ രണ്ടുഭാഗം കരമായി ഏൾപ്പെടുത്തുന്നതായാൽ മുൻകരത്തിൽനിന്നും ൨൩൯ പണം കൂടുതൽ വരുമെന്നുള്ളതും അതു നൂററിനു ൪ വീതം നിൽക്കുന്നതും ആകുന്നു. മുൻവൃക്ഷത്തിൽനിന്നും നാളതു വൃക്ഷം നൂററിനു ൫൯ വീതം കൂടുതൽ കാണുന്ന സ്ഥിതിക്കു ൪ വീതം കരത്തിൽ കൂടുതൽ വരുന്നതു അത്ര കൂടുതലെന്നു വിചാരിക്കാനില്ലാത്തതാകുന്നു. ഈ കൂടുതൽ വൃക്ഷക്കൂടുതലിനു തക്കവണ്ണം ആകുന്നില്ലെന്നുവരികിലും സർക്കാർ ആദായത്തിനു അത്ര കുറവാണെന്നു വിചാരിപ്പാനില്ലാത്തതാകുന്നു.

അതിനാൽ ഈ ഇനം വസ്തുക്കൾക്കു കണ്ടപാട്ടത്തിൽ അഞ്ചിൽ രണ്ടുഭാഗം ഇപ്പോൾ കരമായി ഏൾപ്പെടുത്തുന്നതു വിഹിതമായിരിക്കുമെന്നു തോന്നുന്നു. റിക്കാർട്ടുകളെ അവിടെയും പരിശോധിച്ചു വേണ്ട ഉത്തരവുണ്ടാകുവാറാകണം.

ആലപ്പുഴ പകുതിയിൽ ബ്ലാക്കുതിരിപ്പു വേലമുഴുവനും ആയിട്ടില്ലാത്തതുകൊണ്ടു ആ പകുതി സംബന്ധിച്ചു നാളതുപാട്ടം അടുത്ത അമ്പലപ്പുഴ പകുതിയിലുള്ള വൃക്ഷങ്ങളിടെ ശരാശരിതുകയെ യോജിച്ചു ഉദ്ദേശമായി കണക്കാക്കി മൊത്തം പാട്ടം സ്റ്റേറ്റുമെൻറിൽ പതിച്ചിട്ടുള്ളതായി കാണുന്നതിനാൽ ആ വിവരവും ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
കണ്ടെഴുത്തു ദിവാൻ പേഷ്കാർ,
വി. നാഗമയ്യാ.

No.S/78

Huzur Cutcherry,
Trivandrum, 26th March 1902.

To

The Dewan Peishkar,

Revenue Settlement.

Sir,

In reply to a reference from this office, the Dewan Peishkar, Quilon, has brought to the notice of Government the difficulties experienced by the revenue department in dealing with puthuval and poramboke cases in the settled taluks of Quilon and Karunagapalli owing to the absence of necessary information and records. In regard to puthuval cases, it is urged that unless the following records are supplied by the settlement department, it is not possible for the taluk officials to deal with them promptly or satisfactorily.

(a) Tharisu list or statement of waste lands,

(b) Poramboke statement,

(c) Thanathu Chittah or statement of Government lands occupied, and

(d) Rates of assessment.

The heavy arrears of pokkuvaravu cases in the above taluks are attributed to the large influx of such cases from the settlement department where the copies of documents received from the Registration offices were left undisposed of for a period of two years prior to the introduction of new tax. It is also stated that among this bundle of cases are to be found duplicates and triplicates of the same application, that for several numbers pattahs have been issued in the correct names though the corresponding pokkuvaravu applications have not been struck off, and that a good number of the applications relate to properties for which pattahs have yet to be issued by the settlement department. It is necessary. the Peishkar points out, to eliminate all applications falling under these heads before a correct estimate can be formed of the actual quantity of work that devolves on the revenue department.

2. The points urged are, in the opinion of Government, deserving of careful consideration, more especially as they are of a general nature, applicable to all the taluks that have to be settled hereafter. At present, there appears to be no definite rules as to the nature of the records which the settlement department should furnish to the revenue department when a taluk is made over for the collection of the new tax or as to the period within which the records should be forwarded; nor is there any limit fixed as to the period up to which the settlement department should deal with pokkuvaravu applications. In these respects, the practice does not appear to have been uniform in the taluks hitherto settled. In view to secure uniformity and speedy disposal of cases transferred to the revenue department, His Highness' Government would prescribe the following rules for future guidance.

(i.) When orders are passed by Government for the collection of the tax according to the new settlement in any taluk, it shall be the duty of the settlement department to furnish the following records to the taluk authorities within three months from the date fixed for the commencement of the collection of the new tax. (a) Tharisu list or statement of waste lands, (b) Poramboke statement, (c) Thanathu Chittah or statement of lands occupied by Government, and (d) Rates of assessment of the areas assessed.

(ii). In taluks under settlement operations, it shall be the duty of the settlement department to take note of and deal with all poramboke applications except those that are received during the space of one year immediately preceding the collection of the new tax.

I have the honor to request you will be good enough to issue the necessary instructions to your subordinates and see that these rules are *invariably* followed.

3. As regards the Quilon and Karunagapalli taluks where the heavy arrears under puthuval and pokkuvaravu cases have devolved on the revenue department, it is essential that the necessary facilities should be provided for their prompt disposal. It is observed that the records referred to in para I have not yet been fully furnished. I request you will arrange for all the records being sent up within one month in the case of Quilon and within 3 months in the case of Karunagapalli.

4. The file of pokkuvaravu cases in Karunagapalli being exceptionally heavy and mixed up with several cases which have to be either struck off or sent back to the settlement department, the Peishkar recommends either that the Supervisor be directed to take back all the cases and eliminate therefrom those that have been or are to be disposed of in the settlement department and return the rest with the necessary information, or that an officer with a Supervisor's qualifications and 4 experienced accountants be placed at his disposal for a period of six months for the work. As the cases have already gone to the revenue department and as the settlement subordinates at Karunagapalli have yet to clear the balance of their own work there, Government are of opinion that the latter alternative may be adopted. I request you will depute the staff above mentioned for duty under the orders of the Division Peishkar for a period of six months. Their pay may continue to be disbursed in your department.

I have &c.,

(Sd.) K. KRISHNASWAMY ROW,

Dewan.

---

നമ്പർ ൧൩൩൯

തിരുവനന്തപുരം.

ഹജൂർകച്ചെരിയെഴുത്തുഡിപ്പാർട്ടുമെൻറ.

൧൦൭൭ ാമാണ്ട മേടമാസം ൧൨ നു-

൧൯൦൨-ാം വർഷം ഏപ്രിൽമാസം ൨൪ നു-

ഇവിടത്തെച്ചെയ്തി ആവിതു.

അമ്പലപ്പുഴ താലൂക്കിൽ കുടിയിരിപ്പു എന്ന ഇനത്തിലുള്ള വസ്തുക്കളുടെ വകകു ഇപ്പൊഴത്തെ സെററിൽമെൻറിൽ കരം ഇറപ്പു വരുത്തേണ്ടതിലേക്ക് ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതിനെപ്പററി സൂപ്പർവൈസരുടെ റിപ്പോർട്ടു വന്നു എഴുതയച്ചിരുന്നതിനു കണക്കു തിട്ടംവരുത്തിച്ചും ഈ ഇനം വസ്തുക്കൾ സംബന്ധിച്ചു മുമ്പും ഇപ്പൊഴും ഉള്ള വൃക്ഷം പാട്ടം ഇതുകളുടേയും മുൻകരത്തിന്റേയും വകക്ക് ഒരു കുറി തിരിച്ചു സ്റ്റേറ്റുമെൻറ് തയ്യാറാക്കിച്ചയച്ചു കോട്ടയം ഡിവിഷ്യൻ അസിസ്റ്റണ്ടിൻെറ റിപ്പോർട്ടു വരികയാൽ ആയതും റിക്കാർഡുകളും അയച്ചിരിക്കുന്നതും ഈ ഇനം വസ്തുക്കൾക്കും കുടിയിരുപ്പു മുതലായ വസ്തുക്കൾക്കും കരത്തെ സംബന്ധിച്ച് മററു ഇനം വസ്തുക്കളെ പൊലെ

Sanctioning the recommendation of the Settlement Dewan Peishkar that the Kudiyirupu gardens in the Ambalapuzha taluk be assessed with $\frac{2}{3}$ of the pattom.

അല്ലാതെ നടത്തേണ്ടതായിരുന്നാൽ അതിനെക്കുറിച്ച് വേണ്ട വിചാരണകഴിച്ചു എഴുതി അയക്കണമെന്നാണ് കണ്ടെഴുത്തു സംബന്ധിച്ചുണ്ടായിട്ടുള്ള തിരുവെഴുത്തു വിളംബരത്തിൽ ൻ-ാമതു വകുപ്പിൽ കല്പിച്ചിരിക്കുന്നതെന്നും മേൽപ്രകാരം ഉള്ളതിൽ കുടിജന്മം മുതലായ വസ്തുക്കളുടെ വകകൾ ഇതിനുമുമ്പ് തീച്ചപ്പെട്ടിട്ടുള്ളതുപോലെ കുടിയിരിപ്പു വസ്തുക്കൾക്ക് കരം ഇളപ്പവരുത്തേണ്ട ഭാഗത്തിനു ഇനിതിട്ടപ്പെടുത്തേണ്ടതായിരിക്കുന്നതും ഒരു ഇനം വസ്തുക്കളെ മറ്റു ഇനാം വസ്തുക്കളെപ്പോലെ ഗണിക്കത്തക്കതല്ലെന്നു കാണുന്നതും കുടിയിരിപ്പു ഇനത്തിൽ ഒരു താലൂക്കിൽ പുരയിടങ്ങ, കാവാലം, ഒരു രണ്ടു പ്രവൃത്തികൾ ഒഴിച്ചു ശേഷം പത്തു പ്രവൃത്തികളിൽ മാത്രം പുരയിടം പതിഞ്ഞിട്ടുള്ളതും നിലം പതിഞ്ഞിട്ടില്ലാത്തതും ആകുന്നു എന്നും, പുരയിടം മാത്രം കരഒഴിവായിട്ടും കുടിയിരിപ്പായി പതിച്ചു കൊടുത്തതിന്റെ സംഗതി കണക്കുകളാൽ വ്യക്തമാകുന്നില്ലെങ്കിലും ഇതിന്റെ ആകപ്പാടെ ഉള്ള സ്ഥിതികൊണ്ടു ചെമ്പകശ്ശേരി രാജാവു അവർകളുടെ കാലത്തു വെള്ളക്കെട്ടായുള്ള ഒരു സ്ഥലത്തു ജനങ്ങളുടെ വരവും കുടിപാർപ്പും അഭിവൃദ്ധിയാകണമെന്നുള്ളതിനേയും പുരയിടം വർദ്ധിക്കണമെന്നുള്ള ഭാഗത്തേയും ആയിലേക്ക് കുടികൾക്ക ഉത്സാഹം ജനിക്കേണ്ടതിനേയും ഉദ്ദേശിച്ചു അവരവർ ദേഹണ്ഡിച്ചു കുടിപാർത്തു വന്ന പുരയിടങ്ങളെ മാത്രം കുടിയിരിപ്പ് എന്ന ഇനം പതിച്ചു ലഘുവായ കരം ഏർപ്പെടുത്തി കൊടുത്തിട്ടുള്ളതാണെന്ന് വിചാരിക്കത്തക്കതായിരിക്കുന്നു എന്നും ഒരു ഇനം വസ്തുക്കളെ കുടിക്കുടി എഴുതിക്കൊടുക്കുന്നതായാൽ പേരുമാറി പതിക്ക മാത്രമല്ലാതെ മറ്റു ഇനാം വസ്തുക്കളെപ്പോലെ ഇനം മാററം ചെയ്തു കരത്തിൽ കൂടുതൽ വരുത്തുക എന്നിങ്ങനെയുള്ള നടപടികൾ യാതൊന്നും ചെയ്തു വരുന്നതായികാണുന്നില്ലെന്നും ൯൯൰ ൰൭൰൪ -ാം ആണ്ടുകളിൽ നടന്ന കണ്ടെഴുത്തിൽ ഒരു ഇനം വസ്തുക്കളിൽ ഒരു തെങ്ങുള്ള പുരയിടത്തിനു അര പണവും, രണ്ടു മുതൽ ഒമ്പതുകൾ മാഹാണിപണവും രണ്ടു തെങ്ങുള്ള പുരയിടത്തിനു തെങ്ങൊന്നിനു കാൽപണം വീതം അരപ്പണവും രണ്ടു മടൽ ഓല വീതം നാലുമടൽ ഓലക്കു മാഹാണിപ്പണവും മൂന്നും അതിലധികവും തെങ്ങുള്ള പുരയിടങ്ങൾക്ക തെങ്ങൊന്നുക്കു മുണ്ടാണിപ്പണവും രണ്ടു മടൽ ഓല വീതം വരുന്ന ഓലമടലിനു ൧൦൦-ന ഒന്നേമുക്കാൽ പണ ക്രമത്തിനു വരുന്ന വിലയും വൃക്ഷങ്ങളില്ലാതെ വെളിത്തറയായുള്ള പുരയിടങ്ങൾക്ക പയററ പാട്ടം കണ്ടു ഇടങ്ങഴി പയറ വിതക്കുന്ന സ്ഥലത്തിനു കാൽപണം വീതവും കരം ഏർപ്പെടുത്തി പതിച്ചു കൊടുത്തിരിക്കുന്നതായി കാണപ്പെടുന്നതായിട്ടും ഒരു താലൂക്കിൽ കുടിയിരിപ്പു ഇനത്തിൽ പത്തു പ്രവൃത്തികളിലും ആയി മുൻകണക്കു പ്രകാരം ൧൯൩൬൮ —തെങ്ങും ൭,൫൭൧-കമുകും ൩൪൭൧—പ്ലാവും ഇങ്ങനെ ൨൭൭൬൩—വൃക്ഷവും തറപ്പാട്ടം ഓലവിലയുൾപ്പെടെ ൧,൭൭,൧൦൪ പണം പാട്ടത്തിനു ൭൯൯൯ൻപണം ഇറപ്പു കരവും ഉള്ളതിനു ഇപ്പോൾ ൩,൧൦,൨൭൧ തെങ്ങും, ൭൪,൩൭൩ കമുകും ൩,൨൩൩പ്ലാവും ഇതിന്മണ്ണം ൩,ൻ൪,൪൪൭ വൃക്ഷവും അതിനു തറപ്പാട്ടം ഉൾപ്പെടെ ൨,൦൩,൭൩൪പണം പാട്ടവും ഉള്ളതായിട്ടും മുൻവൃക്ഷത്തിൽ നിന്നും നാലത് ൧,൩൭,൭൭൪ വൃക്ഷം കൂടുതലായി കാണപ്പെടുന്നു എന്നും ഒരു കൂടുതൽ നൂററിനു ൭൨ വീതവും മൊത്തമുള്ള മുൻകരം മുൻപാട്ടത്തിൽ മൂന്നിലൊന്നിൽ കൂടുതലായും ഇരിക്കുന്നുണ്ടെന്നും ഒരു വസ്തുക്കൾക്ക് കുടിജന്മം ഇനത്തെപ്പോലെ കണ്ടപാട്ടത്തിൽ നാലിലൊന്നു കരം ഏർപ്പെടുത്തണമെന്നു മുമ്പിരുന്ന സൂപ്പർവൈസരും, അസിസ്റ്റണ്ടും മൂന്നിലൊന്നു കരം വയ്ക്കേണ്ടതെന്ന് ഇപ്പഴത്തെ സൂപ്പർവൈസരും, അസിസ്റ്റന്റും അഭിപ്രായപ്പെട്ടിരിക്കുന്നതു കൂടാതെ ഇപ്പഴത്തെ വൃക്ഷക്കൂടുതലിനു തക്കവണ്ണം കരത്തിലും കൂടുതൽ വരേണ്ടതിനെ ഉദ്ദേശിച്ചു കണ്ടപാട്ടത്തിൽ അഞ്ചിൽ രണ്ടു ഭാഗം കരമായി ഏർപ്പെടുത്തുന്നതു ന്യായമായിരിക്കുമെന്നു അസിസ്റ്റന്റു ഒടുവിലും റിപ്പോർട്ടു ചെയ്തിരിക്കുന്ന പ്രകാരവും ഒരു വസ്തുക്കളുടെ മുൻകരം മുൻപാട്ടത്തിന്റെ മൂന്നിലൊന്നിൽ കൂടുതലായിരിക്കുന്ന സ്ഥിതിക്കു മുമ്പിലത്തെ സൂപ്പർവൈസരും, അസിസ്റ്റന്റും അഭിപ്രായപ്പെട്ടിരിക്കുന്നതിന്മണ്ണം നാലിൽ ഒന്നു കരം ഇപ്പോൾ ഏർപ്പെടുത്തുന്നതായാൽ മുൻ കരത്തിൽ നിന്നും കുറവു വരുമെന്നുള്ളത് സംശയമില്ലാത്ത സംഗതിയാണെന്നും ഇപ്പഴത്തെ സൂപ്പർവൈസരും, അസിസ്റ്റന്റും പറയുന്നതുപോലെ കണ്ടപാട്ടത്തിൽ മൂന്നിലൊന്നു ഭാഗം കരമായി ഏർപ്പെടുത്തുന്നതായാൽ നാളതു വൃക്ഷക്കൂടുതലിനു തക്കവണ്ണം കരത്തിലും കൂടുതൽ വരുന്നതിനു മാർഗ്ഗമില്ലെന്നു മാത്രമല്ലാ മുൻ കരം കൊണ്ടിരിക്കുന്ന രീതിക്ക സർക്കാരിലേക്ക വരേണ്ട ആദായത്തിനു കുറവു വരുന്നതിനും സംഗതിയാകുമെന്നുള്ളതുമാണെന്നും അതുകൊണ്ടു മേൽ വിവരിച്ച പ്രകാരം ചെയ്യുന്നതു യോജിപ്പായിരിക്കുമെന്നു തോന്നുന്നില്ലെന്നും അസിസ്റ്റണ്ടു ഒടുവിൽ അയച്ചിട്ടുള്ള റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളതിന്മണ്ണം കണ്ടപാട്ടത്തിൽ അഞ്ചിൽ രണ്ടു ഭാഗം കരമായി ഏർപ്പെടുത്തു

ന്നായാൽ മുൻകരത്തിൽ നിന്നും വന്ന ൧൯൭ പണം കൂടുതൽ വരുമെന്നുള്ളതും അതു നൂററിന്നു നാല്പത്തി എട്ടു വീതം നിൽക്കുന്നതും ആകുന്നു എന്നും മുൻ വൃക്ഷത്തിൽ നിന്നും നാട്ടു വൃക്ഷം നൂററിന്നു ൩൬ വീതം കൂടുതൽ കാണുന്ന സ്ഥിതിക്കു ൪൮ വീതം കരത്തിൽ കൂടുതൽ വരുന്നതു അത്ര കൂടുതലെന്നു വിചാരിപ്പാനില്ലാത്തതായിട്ടും ഒരു കൂടുതൽ വൃക്ഷക്കൂട്ടത്തിന്നു തക്കവണ്ണം ആകുന്നില്ലെന്നു വരികിലും സക്കാർ ആദായത്തിന്നു അത്ര കുറവാണെന്നു വിചാരിപ്പാനില്ലാത്തതിനാൽ ഒരു ഇനം വസ്തുക്കൾക്കു കണ്ടപാട്ടത്തിൽ അഞ്ചിൽ രണ്ടു ഭാഗം ഇപ്പോഴ് കരമായി ഏപ്പെടുത്തുന്നതു വിഹിതമായിരിക്കുമെന്നു തോന്നുന്നു എന്നും റിക്കാഡുകളെ പരിശോധിച്ചു വേണ്ട ഉത്തരവു ണ്ടാകണമെന്നും നമ്പർ ൦/൧൪൦-ാമതു നമ്പരിൽ കുംഭമാസം ൨൫-നു എഴുതിയ സാധനം എത്തി വസ്തുത മനസ്സിലാകയും ചെയ്തു.

വന്നിട്ടുള്ള റിക്കാഡുകളെ പരിശോധിച്ചു. പേഷ്കാരിടെ അഭിപ്രായം ശരിയെന്നു വിചാരിക്കുന്നതിനാൽ ഒരു ഇനം വസ്തുക്കൾക്കു പാട്ടത്തിൽ അഞ്ചിൽ രണ്ടുഭാഗം കരമായി ഏപ്പെടുത്തി തെളിവുശീട്ടു മുതലായതു കൊടുക്കുന്നതിന്നു അനുവദിച്ചു റിക്കാഡുകൾ തിരികെ അയച്ചിരിക്കുന്നു.

ഇച്ചെയ്തി എല്ലാം സുബ്രഹ്മണ്യയ്യൻ വായിച്ചു കണ്ടെഴുത്തു ദിവാൻ പേഷ്കാരെ കേൾപ്പിച്ചു വയ്ക്കുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ

ദിവാൻ കെ. കൃഷ്ണസ്വാമി രായർ,

ദിവാൻ ബഹദൂർ.

---

നമ്പ്ര ൧൯൩൨/ബൈ.

൧൦൭൭-ാമാണ്ടു മേടമാസം-൨൭-നു-
൧൯൦൨-ാം വർഷം മെ മാസം-൯-നു-

ഇവിടത്തെച്ചെയ്തി ആവിതു

ശ്രീപണ്ടാരവക ഒററി, പാട്ടം, ജന്മം ഒരു ഇനങ്ങളിൽ കൊണ്ട വസ്തുക്കളും ശ്രീപണ്ടാരവകക്കു തിരിച്ചു കൊണ്ടിട്ടുള്ള മററു ഇനം വസ്തുക്കളും സക്കാർ കണക്കിൽ നിൎത്തൽ എഴുതിട്ടുള്ളതിന്മേൽ ശ്രീപണ്ടാരവകക്കുള്ള തൻകരം തിരിച്ചു മുതലായതു കുറവുചെയ്യാതെ കുടിശ്ശിക എഴുതിവരുന്നതിനെ കെട്ടിവെപ്പിച്ചു പ്രമാണം ബോധപ്പെട്ടതിയതിന്റെ ശേഷം നിൎത്തൽ ക്രമത്തിന്നു വിരോധം തീൎപ്പിച്ചു പതിച്ചു കൊടുപ്പാൻ വ്യവസ്ഥ ഉണ്ടാകേണ്ടതിനെപ്പററി മേൽപ്പടി താലൂക്കു തഹശിൽദാരുടെ റിപ്പോട്ടിന്മേൽ ഡിവിഷനിൽ നിന്നും എഴുതിയിരിക്കുന്നതായും വിവരം കാണിച്ചും അഭിപ്രായത്തോടു കൂടിയും എഴുതി അയക്കണമെന്നും ജമാബന്തിരായസംവക ൩൧൯൭-ാമതു നമ്പരിൽ ൧൦൭൭-ാമാണ്ടു മകരമാസം ൨൦-നു എഴുതിയ സാധനം വന്നിരിക്കുന്നു.

That in the case of nirthal lands of Sripandaravagai tenures and Sirkar tenures on which assignments were charged in favour of Sripandaravagai, the claims of Sripandaravaga should be taken to have been extinguished when the lands were entered in the accounts as nirthal and that no such claims can be revived or recognised when such nirthal lands are re-assigned by Govt.

ഇതിനെപ്പററി എഴുതിയച്ചിരുന്നതിന്നു മറുപടിയായി തെക്കൻഡിവിഷൻ അസിസ്റ്റന്റ അയച്ചിട്ടുള്ള ൩൩൪-ാമതു നമ്പർ റിപ്പോട്ടു മുതലായതു ലിസ്റ്റു സഹിതം ഇതോടൊന്നിച്ചു അയച്ചിരിക്കുന്നു.

ശ്രീപണ്ടാരവക ഇനമായും അതു കൂടാതെ പണ്ടാരവക മുതലായി മററ ഇനങ്ങളിലും പതിഞ്ഞു നിത്തൽ എഴുതീട്ടുള്ള വസ്തുക്കളിന്മേൽ ശ്രീ പണ്ടാരവകക്കും മററും ഉള്ള തൻകരം തിരിപ്പു മുതലായ്ത്തു നിത്തൽ എഴുതാതെ കുടിശ്ശിഖ എഴുതി വരുന്നതിനെ വിചാരിച്ചു ആയ്തു മേലും തെളിവുശിട്ടിൽ ചേൎത്തു കൊടുക്കുന്ന നടപ്പില്ലെന്നും കണ്ടപാട്ടം മുഴുവനും സൎക്കാരിലേക്കു ഇറപ്പുവെച്ചു പണ്ടാരവകപാട്ടമായി പതിച്ചുകൊടുത്തു തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ സെററിൽമെൻറ തീൎന്നിട്ടുള്ളതായും ആ സമയം ഈ ഇനം വസ്തുക്കളിന്മേൽ ഉണ്ടായിരുന്ന കുടിശ്ശിഖ ൟ ഡിപ്പാൎട്ടുമെൻറിൽ നിന്നും ഈടാക്കി കൊടുത്തിട്ടില്ലാത്തതും ആ വേല ഇവിടെ ചേൎന്നതല്ലാത്തതും ആകുന്നു എന്നും അസിസ്റ്റൻറിൻെറ റിപ്പോൎട്ടിൽ വിവരിച്ചിരിക്കുന്നു.

മുൻ കണക്കുംപടി ഏതു ഇനത്തിൽകൊണ്ട വസ്തുവായിരുന്നാലും ആയ്തു നടപ്പില്ലെന്നു കണ്ടു ക്രമമായ നടപടി നടന്നു ഉണ്ടാകുന്ന തിൎച്ചപ്രകാരം സൎക്കാരിലേക്കുള്ള കരം എപ്പോഴും നിത്തൽ എഴുതപ്പെടുന്നുവൊ അതുമുതൽ ആ വസ്തു സൎക്കാർ തനതു തരിശിൽ ചേരുകയും അതിന്മേൽ മററ ഏതു സ്ഥലത്തേക്കു ബാദ്ധ്യത ഉണ്ടായിരുന്നാലും അതൊക്കെയും നീങ്ങിപോകയും ചെയ്യുന്നതും അങ്ങിനെയുള്ള വസ്തുവിൻെറ സകല സ്വാതന്ത്ര്യവും സൎക്കാരിലേക്കു ഇരിക്കുന്നതും ആകുന്നു. അല്ലാതെ സൎക്കാർ കരം നിത്തൽ എഴുതിയതിൽ പിന്നിട്ട മററ സ്ഥലത്തേക്കുള്ള കരം നിത്തൽ എഴുതാതെ ഇരിക്കുന്നതും അതിനെ കാരണമാക്കി ആ സ്ഥലത്തെ കരത്തിനു മാത്രം പിന്നിട്ട ചോദ്യപ്പെടുന്നതും ന്യായമായ നടപടിയെന്നു വിചാരിക്കാൻ പാടില്ലാ. മാത്രമല്ലാ നാഞ്ചിനാട്ടു സെററിൽമെൻറ നടന്ന സമയം ഇതുപോലെ ഉള്ള നിത്തൽ വസ്തുക്കളിന്മേൽ മുൻ കണക്കുംപടി ഉള്ള തിരിപ്പു മുതലായവ വകവെച്ചു കൊടുക്കേണ്ടതാണൊ എന്നു സംശയിച്ചു എഴുതി അയച്ചു ഉണ്ടായ ൧൦൭൪ ലെ-൧൭ൻ ൨മതു നമ്പർ ഹജൂർ സാധനത്തിൽ നിത്തൽ എഴുതപ്പെട്ട വസ്തുവിന്മേലുള്ള സകല സ്വാതന്ത്ര്യവും സൎക്കാരിലേക്കാണെന്നു വ്യക്തമായി പറഞ്ഞു കാണുന്നു. ആ സ്ഥിതിക്കും കീഴ്നടപടി ക്രമത്തിനും മേൽ കണ്ടാന്നം തഹശീൽദാർ ആവശ്യപ്പെട്ടിരിക്കുന്ന ഭാഗം ന്യായാനുസരണമെന്നും ഗൌനിക്കത്തക്കതെന്നും തോന്നുന്നില്ലാ.

എന്നാൽ ഇതേ സ്വഭാവത്തിൽ നെയ്യാററുങ്കര താലൂക്കിൽ ചേൎന്ന കുളത്തൂരധികാരത്തിൽ ഉള്ള ഒരു വസ്തുവിനെ വിലയരുക്കം തീൎപ്പിച്ചു പാട്ടമായി പതിച്ചു കൊടുത്തതിൽ തിരിപ്പു കൊടുക്കാതെ കണ്ടപാട്ടം മുഴുവനും സൎക്കാരിലേക്കു ഇറപ്പുകരമായി പതിച്ചതിനെപ്പററി എഴുത്തുകുത്തു നടന്നതിൽ ശ്രീ പണ്ടാരവകക്കു മുമ്പു കൊടുത്തുവന്ന തിരിപ്പു മേലും കൊടുക്കണമെന്നു ഹജൂരിൽ നിന്നും തീൎച്ചപ്പെട്ടിട്ടുള്ളതുകൊണ്ടു ആ വ്യവസ്ഥ ഇതുപോലെ ഉള്ള എല്ലാവസ്തുക്കളുടെ വിഷയത്തിലും പൊതുവെ ഉപയോഗപ്പെടുമൊ എന്നും ഉപയോഗപ്പെടുമെന്നിരുന്നാൽ ആ വസ്തുക്കളെ ഏതു ഇനമായി പതിച്ചു കൊടുക്കണമെന്നും സംശയമുള്ളപ്രകാരം അസിസ്റ്റൻറിൻെറ റിപ്പോൎട്ടിൽ പറകയും അതിന്മണ്ണം തിരിപ്പു വകവച്ചു പട്ടികമാറി എഴുതി അയക്കണമെന്നു ൧൦൭൩ മാണ്ടു ൨൮-ാംനം ൧൨൦൬ മേൽ നമ്പ്ര ഹജൂർ സാധനം വന്നിട്ടുള്ളതായി കാണുകയും ചെയ്തിരിക്കുന്നതുകൊണ്ടു അതിനെ കുറിച്ചു ഒരു വ്യവസ്ഥ ഉണ്ടാകേണ്ടതു ഈ ഡിപ്പാൎട്ടുമെൻറിലെ ജോലിനടപ്പിനു ആവശ്യമെന്നു വിചാരിക്കുന്നു.

നാഞ്ചിനാട്ടു സെററിൽമെൻറ നടന്ന സമയത്തു ഉണ്ടായതായി മുൻ പ്രസ്താവിച്ച ഹജൂർ ഉണ്ടെഴുത്തു വക ൧൦൭൪ ലെ-൧൭ൻ-൨മതു നമ്പ്ര സാധനത്തിൽ താലൂക്കു ആഗസ്ത്രശ്വരം ഈ താലൂക്കുകളിൽ ഈ സ്വഭാവത്തിലുള്ള വസ്തുക്കളിന്മേൽ മുൻ കണക്കനുസരിച്ചു തിരിപ്പിനെ തെളിവുശിട്ടിലും പട്ടയത്തിലും ചേൎത്തു കൊടുത്തുപോയതുകൊണ്ടു ആ രണ്ടു താലൂക്കു സംബന്ധിച്ചും ആ വ്യവസ്ഥയെ ഭേദപ്പെടുത്തണമെന്നില്ലെന്നു പറഞ്ഞിട്ടുള്ളതല്ലാതെ ഇതുപോലെ മററ താലൂക്കുകളിലെ വസ്തുക്കളെ സംബന്ധിച്ചും ആ വിധം നടത്തണമെന്നും പറകയൊ വാചകത്താൽ അങ്ങിനെ അൎത്ഥം ജനിക്കയൊ ചെയ്തിട്ടില്ലാ.

സെററിൽ തീൎന്ന തിരുവനന്തപുരം താലൂക്കിൽ ൟ വിധം ഉള്ള വസ്തുക്കളെ പണ്ടാരവകപ്പാട്ടമായി പതിച്ചു കണ്ടപാട്ടം മുഴുവനും സൎക്കാരിലേക്കു ഇറപ്പു വരുത്തിട്ടുള്ളപ്രകാരം

അസിസ്റ്റൻറിന്റെ റിപ്പോൎട്ടിനാൽ കാണപ്പെടുന്നുണ്ടു. ആ സ്ഥിതിക്കും നിൎത്തൽ എഴുതിയ വസ്തുവിന്മേലുള്ള സകല സ്വാതന്ത്ര്യവും സൎക്കാരിലേക്കു ആണെന്നു മേൽ വിവരിച്ച ഹജൂർ സാധനത്താൽ വ്യക്തപ്പെട്ടിരിക്കുന്ന ക്രമത്തിനും അസിസ്റ്റൻറിന്റെ അഭിപ്രായവും കീഴ്നടപ്പും അനുസരിച്ചു ടി ഇനം വസ്തുക്കളെ പണ്ടാരവകപാട്ടമായി പതിച്ചു കണ്ടപാട്ടം മുഴുവനും സൎക്കാരിലേക്കു ഇറപ്പു വരുത്തേണ്ടതു തന്നെ ന്യായമെന്നു വിചാരിക്കുന്നു. അവിടെയും ആലോചിച്ചു വേണ്ട ഉത്തരവുണ്ടാകുവാറാകണം.

ഇച്ചെയ്തിഎല്ലാം കൃഷ്ണപിള്ള വായിച്ചു രാജശ്രീ ദിവാൻജി അവൎകളെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

ഇച്ചാൎത്തിക്കു സാധനം എഴുതിയ

കണ്ടെഴുത്തു ദിവാൻ പേഷ്കാർ,

വി നാഗമയ്യാ.

---

ജമാബന്തിരായസം.

നമ്പർ ൧൦൨൯

൧൦൭൭-ാമാണ്ടു ഇടവമാസം ൭ നു
൧൯൦൨-ാം വൎഷം മെ മാസം ൨൦ നു

ഇവിടത്തെച്ചാൎത്തി ആവിതു

That in the case of nirthal lands of Sri-Pandaravagai tenures as well as Sirkar tenures on which assignments were charged in favour of Sri Pandaravagai, the claims of Sri Pandaravagai should be allowed for when the lands are re-assigned by Government as appears to have been the practice in the past though on principle it is only right to consider such claims to have been extinguished by Nirthal proceedings.

ശ്രീപാദംവക ഒററി, പാട്ടം, ജന്മം ടി ഇനങ്ങളിൽ കൊണ്ട വസ്തുക്കളും ശ്രീപണ്ടാരവകക്കു തിരിപ്പുകൊണ്ടിട്ടുള്ള മററു ഇനംവസ്തുക്കളും സൎക്കാർ കണക്കിൽ നിൎത്തൽ എഴുതീട്ടുള്ളതിന്മേൽ ശ്രീപണ്ടാരവകക്കുള്ള തൻകരം തിരിപ്പു മുതലായതു കുറവുചെയ്യാതെ കുടിശ്ശിഖ എഴുതി വരുന്നതിനെ കെട്ടിവെപ്പിച്ചു പ്രമാണം ബോധപ്പെടുത്തിയതിന്റെശേഷം നിൎത്തൽ ക്രമത്തിനു വിലയൎത്ഥം തീൎപ്പിച്ചു പതിച്ചുകൊടുപ്പാനു വ്യവസ്ഥ ഉണ്ടാകുംകണ്ടതിനെപ്പററി മേൽകങ്കാണം തഹശീൽദാരുടെ റിപ്പോൎട്ടു ചെന്നിരിക്കുന്നതിനെ കുറിച്ചു തിരുവനന്തപുരം ഡിവിഷനിൽ നിന്നും എഴുതിവന്നു എഴുതി അയച്ചിരുന്നതിനു എഴുത്തയച്ചിരുന്നതിലേക്കു മറുപടിയായി വന്നിട്ടുള്ള തെക്കൻ റെവന്യൂഅസിസ്റ്റൻറിന്റെ റിപ്പോൎട്ടു മുതലായതു നോക്കിയതിൽ ശ്രീപണ്ടാരഇനമായും മററും പതിഞ്ഞു നിൎത്തൽ എഴുതീട്ടുള്ള വസ്തുക്കളിന്മേൽ ശ്രീപണ്ടാരവകക്കും മററുമുള്ള തൻകരം തിരിപ്പു മുതലായതു നിൎത്തൽ എഴുതാതെ കുടിശ്ശിഖ എഴുതിവരുന്നതിനെ വിചാരിച്ചു ആയതു മേലും തെളിവുശിട്ടിൽ ചേൎത്തുകൊടുക്കുന്ന നടപ്പില്ലെന്നും മററും വിവരിച്ചു കാണുന്നു എന്നും മുൻ കണക്കുംപടി ഏതു ഇനത്തിൽകൊണ്ട വസ്തുവായിരുന്നാലും ആയതു ക്രമമായ നടപടിയിന്മേൽ സൎക്കാർ കരംനിൎത്തൽ എഴുതിയാൽ ആ വസ്തുവിന്റെ സകല സ്വാതന്ത്ര്യവും സൎക്കാരിലേക്കു ഇരിക്കുന്നതാണെന്നും സൎക്കാർകരം നിൎത്തൽ എഴുതിയതിൽ പിന്നെ മററു ബലത്തേക്കുള്ള കരം നിൎത്തൽ എഴുതാതെ ഇട്ടിരുന്നു അതിലേക്കു ഇപ്പോഴും ചോദ്യപ്പെടുന്നതു ന്യായമായ നടപടി എന്നു വിചാരിക്കാൻ പാടില്ലെന്നും നാഞ്ചിനാട്ടു സെററിൽമെന്റു നടന്ന സമയം ഇതുപോലെയുള്ള നിൎത്തൽ വസ്തുക്കളിന്മേൽ മുൻകണക്കുംപടിയുള്ള തിരിപ്പു മുതലായതു വകവച്ചു കൊടുക്കേണ്ടതാണൊ എന്നു സംശയപ്പെട്ടു എഴുതി ബോധിപ്പിച്ചതിനു നിൎത്തൽ എഴുതപ്പെട്ട വസ്തുവിന്മേലുള്ള സകല സ്വാതന്ത്ര്യവും സൎക്കാരിലേക്കാണെന്നു ഹജൂരിൽ നിന്നും തീൎച്ചഉണ്ടായിട്ടുണ്ടെന്നും എന്നാൽ ഇതെസ്വഭാവത്തിൽ നെയ്യാററം

കര താലൂക്കിൽ കുളത്തൂർ അധികാരത്തിലുള്ള ഒരു വസ്തുവിനെ വിലയത്഻ം തീൎപ്പിച്ചു പാട്ടമായി പതിച്ചുകൊടുത്തതിൽ തിരിപ്പുകൊടുക്കാതെ കണ്ടപാട്ടം മുഴുവനും സൎക്കാരിലേക്കു ഇറപ്പുകമായി പതിച്ചതിനെപ്പററി എഴുത്തുകുത്തു നടന്നു ഒടുവിൽ ശ്രീപണ്ടാരവകക്കു മുൻപു കൊടുത്തുവന്ന തിരിപ്പു മേലും കൊടുക്കേണമെന്നു ഹജൂരിൽ നിന്നും തീൎച്ചപ്പെട്ടിട്ടുള്ളതുകൊണ്ടു ആ വ്യവസ്ഥ ഇതുപോലെയുള്ള എല്ലാവസ്തുക്കളുടെ വിഷയത്തിലും പൊതുവെ ഉപയോഗപ്പെടുമൊ എന്നു സംശയിക്കുന്നു എന്നും നിറത്തൽ എഴുതിയ വസ്തുവിന്മേൽ ഉള്ള സകല സ്വാതന്ത്ര്യവും സൎക്കാരിലെക്കാണെന്നു മുമ്പു തീൎച്ചപ്പെട്ടിട്ടുള്ള സ്ഥിതിക്കു ഈ ഇനം വസ്തുക്കളെ പണ്ടാരവകപ്പാട്ടമായി പതിച്ചു കണ്ടപാട്ടം മുഴുവനും സൎക്കാരിലെക്കു ഇറപ്പുറപ്പെടുത്തേണ്ടതുതന്നെ ന്യായമെന്നു വിചാരിക്കുന്നതിനാൽ ഹജൂരിലും ആലൊചിച്ചു വെണ്ട ഉത്തരവുണ്ടാകണമെന്നും മേടമാസം ൨൭-ാംനു ൭൫൮-ാമതു നമ്പരിൽ എഴുതിയ സാധനം വന്നിരിക്കുന്നതിനു,

നിറത്തൽ എഴുതിയ വസ്തുവിന്മേലുള്ള സകല സ്വാതന്ത്ര്യവും സൎക്കാരിലേക്കാണെന്നുള്ളതു സ്പഷ്ടമാണു. എന്നാൽ ശ്രീപണ്ടാരവകക്കു തിരിപ്പോ കരമൊ കൊണ്ടിട്ടുള്ള വസ്തുക്കൾ നിറത്തൽ എഴുതി പിന്നിട്ടു പാട്ടമായി പതിച്ചുകൊടുക്കുന്ന വകക്കു മുൻകണക്കു അനുസരിച്ചു ശ്രീപണ്ടാരവകക്കുള്ള തിരിപ്പു വകവച്ചുകൊടുക്കുന്നതു കീഴ് നടപ്പാണെന്നുകണ്ടു അതിന്മണ്ണം നടത്തിപ്പാൻ മുമ്പു ഇവിടെനിന്നും തീരുമാനിച്ചിട്ടുള്ളതും അതനുസരിച്ചു മേലും ആ ഇനം വസ്തുക്കളെ സംബന്ധിച്ചു നടപടി നടത്തേണ്ടതും ആകുന്നു.

ഈ വകയിൽ മൊത്തം മുൻകരം ൪൭ കോട്ട ൧൭ മരയ്ക്കാൽ ൭ പടിക്കു നാളത്തെ സ്റ്റേറമെൻറുപടി ൭൭ കോട്ട ൨ മരയ്ക്കാൽ നെല്ലു കരം വന്നിരിക്കുന്നതു മുൻകരത്തിൽ നിന്നും ൨൯ കോട്ട ൭ മരയ്ക്കാൽ ൩ പടി അല്ലെങ്കിൽ ൬൧ പെൎസെൻറു കൂടുതലായിരിക്കുന്നു.

ഒട്ടുക്കു മുൻ കരത്തിൽ നിന്നും നാളത്തെ കരം കൂടുതൽ വന്നിട്ടുള്ളതിനു തുകവിവരം താഴെ ചേൎത്തിട്ടുണ്ട്.

| ഇനം | മുൻകരംനെല്ല് | | | നാളതുകരം | | | മുൻകരത്തിൽ കൂടുതൽ | | |
|---|---|---|---|---|---|---|---|---|---|
| | കോ | മ | പ | കോ | മ | പ | കോ | മ | പ |
| പെരുമ്പാറയും കണ്ടകൃഷിയും ഇനത്തിൽ ഒരു പൂ ഇരുപ്പൂവാക്കിയ വകയിൽ | 862 | 7 | 4 | 1,172 | 16 | 5 | 310 | 9 | 1 |
| പെരുമ്പാററിനത്തിൽ മുൻ ഇരുപ്പൂനാളതും ഒരുപ്പൂവകയിൽ | 51 | 4 | 5 | 68 | 17 | 8 | 17 | 12 | 6 |
| ഭൂവിമത്തി ഇനഭേദംവകയിൽ | 45 | 17 | 5 | 57 | 2 | ... | 11 | 5 | 3 |
| വിതിപ്പിൽ ചേരാത്തതു | ... | ... | ... | 8 | 7 | 7 | 8 | 7 | 7 |
| പുതുവൽ | ... | ... | ... | 6 | 18 | 1 | 6 | 18 | 1 |
| ആകെ | 959 | 8 | 6 | 1,313 | 20 | ... | 354 | 11 | 2 |

കണ്ടകൃഷി ഇനം വസ്തുക്കൾ കൂടുതൽ കരംകൊണ്ടതെന്നുള്ള വിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. അതുകൾ ശേഖരമായിട്ടല്ലാതെ മററിനം വസ്തുക്കളോടു ഇടകലന്നു കിടക്കുന്ന നിമിത്തം അതതു താക്കുകളിൽ ചേത്തു തരംവച്ചിട്ടുള്ളതനുസരിച്ചു ആ ഇനത്തിലും പെരുമ്പാറവകയിൽ സ്വല്പനിലത്തിനും മുൻ ഇരുപ്പൂ കരത്തിലും മററിനങ്ങളിൽ സ്വല്പനമ്പ്രകൾക്കും നാളതു പാട്ടം കുറവായതിന്മേൽ മുൻകരത്തിൽ കുറവു വന്നിട്ടുള്ളതിനു വിവരം ഇതിനടിയിൽ ചേത്തിരിക്കുന്നു.

| ഇനം | മുൻകരം | | | നാളതുകരം | | | മുൻകരത്തിൽ കുറവു | | |
|---|---|---|---|---|---|---|---|---|---|
| | കോ | മ | പ | കോ | മ | പ | കോ | മ | പ |
| കണ്ടകൃഷി | 116 | 18 | 4 | 92 | 17 | 6 | 24 | ... | 6 |
| പെരുമ്പാറ | 196 | 4 | 5 | 189 | 20 | 1 | 6 | 5 | 4 |
| മററിനങ്ങൾ | 1,348 | 7 | .. | 1,334 | 13 | 5 | 13 | 14 | 3 |
| ആകെ | 1,661 | 9 | 1 | 1,617 | 9 | 4 | 43 | 20 | 5 |

മുൻകരത്തിൽ കുറവുവന്നിരിക്കുന്ന ൪൩ കോട്ട ൨൦ മരയ്ക്കാൽ ൫ പടി നെല്ലിനെ മുൻ പ്രസ്താവിച്ച വിവരത്തിൻപടി കൂടുതലുള്ള ൩൫൪ കോട്ട ൧൧ മരയ്ക്കാൽ ൨ പടി നെല്ലിൽ കഴിച്ചാൽ ഒട്ടുക്കു നിലംവകയിൽ നാളതു സ്റ്റേറ്റുമെൻറുപടി ൩൧൦ കോട്ട ൧൧ മരയ്ക്കാൽ ൫ പടി നെല്ലു കൂടുതലുള്ളതാകുന്നു.

..൦രം പകുതിയിൽ എഴുതിതീരുവയില്ലാത്ത സന്നദരാജപ്പേരുമാറ്റം, ക്ഷേത്രംവക, ദേവദായം ഇനത്തിൽ ൧൧ കോട്ട ൯ പടി നിലവും ൪ മരക്കാൽ ൫ പടി പുഞ്ചയും മുൻകണക്കുംപടി ഉണ്ട്. ഈ വസ്തുക്കളെ സക്കാർ മാനേജ്മെൻറിൽവച്ചു കുത്തകപാട്ടം കൊടുത്തു മുതൽ വരുത്തുകയും പാട്ടംവക മുതലിൽനിന്നും സക്കാർ കരം വകക്കു ൧൧ മരക്കാൽ കോട്ടനെല്ലും ൯൩൦ പ

ണം ൧ ചക്രം ൫ കാശും ദേവസ്വത്തിൽ പൂജഉൾപ്പെട്ട വകക്ക ആണ്ടൊന്നിന ൯൭ അര കോട്ട് ൧ പടി നെല്ലും ൮൧൦ പണം ൨ ചക്രം ൨ കാശും ചിലവുപോകെയുള്ളതിനെ ദേവസ്വംവക മുതലായി പ്രത്യേകംവച്ച വിശേഷാലായി ആവശ്യപ്പെടുന്ന മരാമത്തു മുതലായവകക്ക ഉപയോഗപ്പെടുത്തി വരുന്നപ്രകാരവും കാണുന്നു.

ഈ ക്ഷേത്രം ഇലത്തൂർ ഗ്രാമംവകയാണെന്നും ഇടക്കാലത്തു സക്കാർ അധീനത്തിൽ വന്നതു ഗ്രാമത്തിൽ തക്ക ആളില്ലാതിരുന്നതുകൊണ്ടാണെന്നും സക്കാർ അധീനതയിലാണെങ്കിലും ഗ്രാമക്കാരെ സ്ഥാനികളായി ഉപയോഗപ്പെടുത്തിവരുന്ന പ്രകാരവും പൂർവസ്ഥിതിപോലെ ക്ഷേത്രം ഗ്രാമഅധീനത്തിലാവട്ടും വസ്തുക്കൾ ക്ഷേത്രംപേക്കായി പട്ടയവും കൊടുക്കണമെന്നും ഗ്രാമക്കാരു ഇവിടെ ഹജി ബോധിപ്പിക്കയും സെൻട്രലാപ്പീസിൽ ബോധിപ്പിച്ചു എഴുതിവരികയും ചെയ്തിട്ടുണ്ട്.

ക്ഷേത്രവും വസ്തുക്കളും സക്കാർ മാനേജ്മെൻറിൽ വന്നു അധികംനാളായിട്ടും വസ്തുക്കളെ സക്കാരിൽ ചേക്കയും പൂജവകക്ക പ്രത്യേകം പതിവു ഏൎപ്പെടുത്തുകയും ചെയ്യാതെ മേൽ പ്രസ്താവിച്ചതുപോലെ നടന്നുവരുന്ന സ്ഥിതിയെയും ഗ്രാമക്കാരരിടെ അപേക്ഷയേയും നോക്കുമ്പോൾ ആയ്യൂടി സുബ്രഹ്മണ്യസ്വാമിക്ഷേത്രം വകവസ്തുക്കൾ സംബന്ധിച്ച ൨൦൩ ൽനമ്പർ റിപ്പോട്ടിൽ അഭിപ്രായപ്പെട്ടിരിക്കുന്നതിന്മണ്ണം ഈവസ്തുക്കളെ ദേവസ്വംവക തന്നതായി ദേവസ്വം പേക്ക പട്ടയമെഴുതിയും സക്കാരിലേക്ക ഇപ്പോൾ തീൎന്നുവരുന്ന കരത്തെ ഇറപ്പായി കൊള്ളിച്ചും കൊടുക്കയും ഇപ്പോൾ നടന്നുവരുന്നതുപോലെ കുത്തകപാട്ടം കൊടുത്തു വരുന്ന മുതലിൽ നിന്നും കരത്തനും പതിവുചിലവുവകക്കും വേണ്ടതു ചിലവുചെയ്തു ബാക്കിവരുന്നതിനെ പ്രത്യേകംഫണ്ടായിവച്ച മരാമത്തു മുതലായി വിശേഷാലായിട്ട ആവശ്യപ്പെടുന്ന വകകാ ഉപയോഗിക്കയുംചെയ്യുന്നതു കൊള്ളാമെന്നും ക്ഷേത്രം ഗ്രാമക്കാരുടെ വിചാരണത്തിൽ വിട്ടുകൊടുക്കണമെന്നുള്ള അപേക്ഷയെ സംബന്ധിച്ച റവന്യൂ ഡിപ്പാട്ടുമെൻറ മുഖാന്തിരം തീൎച്ചയുണ്ടാകേണ്ടതല്ലാതെ ഇവിടെനിന്നും ഗൌനിക്കത്തക്കതല്ലെന്നും തോന്നുന്നതിനാൽ മേലാവിലും ആലോചിച്ച വ്യവസ്ഥയുണ്ടാകവാറാകണം.

ഈ പകുതിയിൽ പുരയിടംകഴിച്ചുനിലം വകയിൽ ൫ ഏക്കർ ൧൮ സെൻറ ഭൂമിയുണ്ട അതിലേക്ക മുൻകരം ൮ കോട്ട ൫ മരയ്ക്കാൽ ൭ പടിക്ക നാളതു തരത്തുംപടി ൧൦ കോട്ട ൨ പടി നെല്ലു കരംഉള്ളതു മുൻകരത്തിൽ നിന്നും ൫ കോട്ട ൧൫ മരയ്ക്കാൽ ൩ പടി നെല്ലു കൂടുതലുള്ളതാകുന്നു.

ഈ മണിയത്തിൽ ഇപ്പോൾ നിലത്തിന കരം തീൎപ്പിച്ചുവരുന്ന ക്രമം പേരമ്പററിന ദേവാദായത്തിനും നൂറ പണത്തിന ൨ കാൽ കോട്ടയും കണ്ടുകൃഷിക്ക ൩ കാൽ കോട്ടയും ബ്രഹ്മദായം മുതലായ മററിനങ്ങൾക്ക കാലെഅരയ്ക്കാൽ കോട്ടയും വീതം നെല്ലായിട്ടും ശേഷം പണമായിട്ടും ആണെന്നും അതു കോട്ട ഒന്നുക്ക പെരുമ്പററിന കാലേമാഹാണിയും കണ്ടുകൃഷിക്ക അരയും മററ ഇനങ്ങൾക്ക മാഹാണിയും കോട്ട വീതം ആകുന്നപ്രകാരവും കാണുന്നു. ശിവനല്ലൂർനിന്നും ചേൎക്കപ്പെട്ടതിന നൂറക്ക ൧ അര വീതം നെല്ലായിട്ടും ശേഷം പണമായും ആണെന്നു കാണുന്നതു കോട്ട ഒന്നുക്ക കാൽ കോട്ടാരെ ആകുന്നുണ്ട്.

ഈ മണിയത്തിൽ വൃക്ഷങ്ങൾ ചുരുക്കമായിട്ടേഉള്ളുഎന്നു കാണുന്നു. ആയക്കെട്ടിലുൾപ്പെട്ട തെങ്ങിന ൧ ചക്രം ൧൦ കാശും പുളി, മാവു, പ്ലാവു ഇതുകൾക്ക ൩ ചക്രം ൧൮ കാശും കമുകിന ൧൨ കാശും പനക്ക ൩ കാശും ജപ്തിയിലുൾപ്പെട്ട പുളിക്ക ൧ പണം ൩ ചക്രം ൫ കാശും വീതം മുൻറേട്ടുകൾ ഏൎപ്പെട്ടിരിക്കുന്നു. ശിവനല്ലൂർനിന്നും ചേൎത്തിട്ടുള്ളതിൽ ജപ്തി തെങ്ങിനു ൧ അരപ്പണം ഒരു കാശും ശേഷത്തിന എല്ലാം മുൻവിവരിച്ചതിന്മണ്ണവും റേട്ടുകൾ ഏൎപ്പെട്ടിട്ടുണ്ട്. ക്ലാസിഫിക്കേഷൻപടി ൨,൨൭൧ തെങ്ങും ൩ കമുകും ൭ പ്ലാവും ൨,൩൯൪ പനയും ൮൮൦ പുളിയും ൫൮ മാവും ഉള്ളതായും തെങ്ങുകൾക്ക ൮ മുതൽ ൪ വരെ തരങ്ങൾവച്ചിട്ടുള്ളതായിട്ടും കാണുന്നു.

തരംതിരിച്ച തുകവിവരം

| | |
|---|---|
| ര-ാംതരം | ഫ,൭൦,വ |
| ൈ | ഫൻവ |
| ന്ദ | വൻ൦ |
| ൭ | വ൦ |
| വ | ഫ |
| ആക- | വ,വ൭ഫ |

നിലംനികത്തി പുഞ്ചയായിട്ടു ൻഫ ഏക്കർ ൩ൻ സെൻറ ഭൂമിയുണ്ടു. അതിലേക്കു മൻകരം പൻൻപണം ൩ ചക്രം ഫ൦ കാശിനു നാളതു സ്റ്റേറമെൻറംപടി ഫ൦വൻപണം ഫവ കാശു കരംവന്നിരിക്കുന്നതു മൻകരത്തിൽ നിന്നും ഫവൻ പണം ഫ ചക്രം വ കാശുകൂടുതലുള്ളതാകുന്നു.

ഠരം മണിയത്തിൽ ഇലത്തൂർ ഊരിടയും ൩ പറച്ചേരികളും ശിവനല്ലൂരനിന്നുംവരവുള്ള ശിവനല്ലൂർ ഊരിടയും ഉണ്ടു. എഴുതാ തീരുവയുള്ളതായ മധ്യനാഥസ്വാമി ക്ഷേത്രവും എഴുതിത്തീരുവയില്ലാത്ത സുന്ദരരാജപ്പെരുമാൾ ക്ഷേത്രവും ഉള്ളതാകുന്നു. ഊരിട തിരിച്ചു ഏരിയാവും സെൻസസ്സും പടിയുള്ളവിവരവും താഴെചേർത്തിരിക്കുന്നു.

| നമ്പർ | ഊരിടയിടെപേര | ഏരിയാ ഏക്കർ | ഏരിയാ സെൻറ | ൧൯൦൧-ലെ സെൻസസ്സുംപടി വീട | ൧൯൦൧-ലെ സെൻസസ്സുംപടി ജനസംഖ്യ |
|---|---|---|---|---|---|
| 1 | ശിവനല്ലൂര | 12 | 62 | 274 | 895 |
| 2 | ഇലത്തൂർ | 49 | 4 | 628 | 2,144 |
| 3 | ആറങ്കരപ്പറച്ചേരി, നടരാജപുരം, ടി കീഴ്പറച്ചേരി | 7 | 35 | 128 | 507 |
| | ആക | 69 | 1 | 1,030 | 3,546 |

ഠരം മണിയത്തിൽ മനവരി തൊഴവരി ഏൎപ്പെട്ടിരിക്കുന്നതു ആൺമനക്കു ഫഅര പണം ഫ കാശും പെൺമനക്കും തൊഴവിനും ൩ചക്രം വീതവുമാണെന്നും ശിവനല്ലൂര ഊരിടക്കും ഠരം ക്രമംതന്നെ എന്നുംകാണുന്നുണ്ടു. ഊർമനകളെ സംബന്ധിച്ചുള്ള പ്രത്യേകവ്യവസ്ഥപ്പടി തരം വച്ചിട്ടുള്ളതനുസരിച്ചു നാളതു സ്റ്റേറമെൻറംപടി ഫ൭൦വ പണം ഫഫകാശു കരം വന്നിട്ടുണ്ടു. മനവരി തൊഴവരിവകയിൽ ഇലത്തൂര രവ൦ പണം ൩ ചക്രം ഫരകാശും, ശിവനല്ലൂര വന്ദൻപണം വ കാശുംകൂടെ ൭൯൦ ം മനത്താറകളിലെ വൃക്ഷപ്പാട്ടംവകയിൽ ൯൦ന്ദ പണം ഫ ചക്രം ര കാശും ആകഫ,വ൯ന്ദപണംഫ ചക്രം രകാശുള്ളതിൽനിന്നും നാളതുകരം ര൯ഫ പണം ൩ ചക്രം ൭ കാശു കൂടുതലുള്ളതാകുന്നു.

ഇലത്തൂർ ഗ്രാമത്തിനും മേലഗ്രാമത്തിനും കിഴത്തെരുവു, ശംകരത്തെരുവു, ഇതുകൾക്കും മാത്രം ൻൻ൩ ാമാണ്ടത്തെ മുഴകിൽ ബ്രഹ്മദായം എന്നാ ഇനം കൊണ്ടിരിക്കുന്നതനുസരിച്ച് അതിലെക്ക ആജ്ഞനവും ശെഷത്തിനു പെരുമ്പററിനവും പതിപ്പിച്ചിട്ടുള്ളതാകുന്നു. ഏതാനത്തിനു ബ്രഹ്മദായംഎന്നു ഇനംകൊണ്ടിരുന്നാലും ബ്രാഹ്മണരുൾപ്പടെയുള്ള എല്ലാജാതിക്കാൎക്കും മനവരി തൊഴവരി ഏപ്പെട്ടും വൃക്ഷങ്ങൾക്കും പെരുമ്പററിന്റെനിലയിൽ കരംഇറപ്പൊവരുത്തിയും ഇരിക്കുന്നതുകൊണ്ടു നാമതു മുഴവൻകരവും ഇറപ്പൊവരുത്തിട്ടുള്ളതാകുന്നു.

ഊറിടയും നിലംനികത്തിയും നീക്കി സാധാരണ പുഞ്ചയായി ൧,൨൨൮ ഏക്കർ ൬൫ സെൻറഉണ്ടു. ഒരം താലൂക്കിലെ പുഞ്ചകളിൽ മൺപാടിനു വിശെഷഗുണംഉള്ളതു ഇലത്തൂര, ശിവനല്ലൂര, ചെങ്കൊട്ട ഒരം മണിയങ്ങളിലാണു,

പുഞ്ചകൾക്കുള്ള ഇനവിവരം.

| നമ്പർ | ഇനം | ഏരിയാ | |
|---|---|---|---|
| | | ഏക്കർ | സെൻറ |
| 1 | പെരുമ്പററ | 339 | 16 |
| 2 | ജപ്തി | 19 | 70 |
| 3 | അയനം | 8 | 25 |
| 4 | അയൻമാനിഭം | 1 | 85 |
| 5 | ഇറയിലി | 2 | 8 |
| 6 | ബ്രഹ്മദായം | 803 | 3 |
| 7 | ദേവദായം | 9 | 14 |
| 8 | മടപ്രം | 35 | 75 |
| 9 | വിതിപ്പിൽചേരാത്തതു | 7 | 62 |
| 10 | പുതുവൽ | 2 | 7 |
| | ആകെ | 1228 | 65 |

പുഞ്ചകളിൽ ബ്രഹ്മദായഇനമാണ് അധികമുള്ളതെന്നു കാണപ്പെടാം.

ജപ്തിയും, അയനം, അയൻമാനിഭവും ഒഴിച്ചുള്ള ആയക്കെട്ടു പുഞ്ചകൾക്കു ആയക്കെട്ടിൽ കോട്ടഒന്നുക്കു ൨.൦ വെള്ളപ്പണംവിതം തൻകരവും പിറവകയായി കാറൽ കൂലി അരകോട്ടനെല്ലും വട്ടം നൂററിനു ൨. വെള്ളപ്പണവും ഏപ്പെട്ടിട്ടുണ്ടു. അതു ഏക്കർ ഒന്നിനു ൭ കാൽകലിപണംവിതം നിൽക്കുന്നു. വിതിപ്പിൽ കോട്ട ഒന്നുക്കു ൭മാഹാണി വെള്ളപ്പണം റി.ത

ഏല്പിക്കത്തായിരിക്കുന്നതുഏക്കർകനക്കു കാൽക്രപാവിതമെന്നുകന്നൊള്ളു. ശിവനല്ലൂരനിന്നുംചേക്കപ്പെട്ടിട്ടുള്ള പെരുമ്പാറപ്പുഞ്ചക്കു ആയക്കെട്ടിൽ തൻകരം കൊടുക്കന്നക്കു ൩൨ വെള്ളപ്പണവും കാവൽക്കൂലി അരകോട്ടനെല്ലും വട്ടം അരെഅരയ്ക്കാൽ വെള്ളപ്പണവും കൊണ്ടിരിക്കന്നതുഏക്കർഒന്നിനു ൯ കാൽ കലിപണവും വിതിപ്പിൽ പറഞ്ഞുവെള്ളപ്പണം വീതം ഏല്പിത്തിട്ടുള്ളതു ഏക്കർഒന്നിനു ൨അരമൊഹാണി കലിപണവുംവീതം വരുന്നതായികാണുന്നു.

വിതിപ്പിൽ ഏല്പിട്ടിരിക്കുന്നകരം തുലൊം കറവെന്നും ഭൂമിയിടെസ്ഥിതിക്കു അടുത്തതല്ലെന്നും വിവരപ്പെട്ടനാണ്ട.

തിരുവെഴുത്തു വിളംബരത്തിലെ താല്പര്യപ്രകാരം ഭൂമിയുടെകിടപ്പ, മൺപാടിന്റെ ക്രമം, ഉല്പത്തിയുടെസ്ഥിതി മുതലായ്തുകളെ യോജിച്ചു താക്കകളായി തിരിച്ചു തരം വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാകന്നു.

തരത്തുംപടിതുകവിവരം

| തരം | ഏക്കർ | സെൻറ |
|---|---|---|
| ൧ | ൨൮ | ൨൧ |
| ൨ | ൦.൭ | ൧൭ |
| ൩ | ൪൭ | ൮൨ |
| ൭ | ൩൩൩ | ൯൦ |
| ൮ | ൧൯൮ | ൭൮ |
| ൯ | ൨൩൯ | ൯൨ |
| ൧൦ | ൩൨൦ | ൧൪ |
| ആകെ | ൧,൨൨൮ | ൩൪ |

തറയ്ക്കുംപാം തരം വച്ചിട്ടുള്ളതു തോപ്പുകൾക്കാണ്, ൪ാം തരം ജപ്തി വകപുഞ്ചക്കും ശിവനല്ലൂരനിന്നും ചേക്കപ്പെട്ടതും ജപ്തിപുഞ്ചയോട തൊട്ടുകിടക്കുന്നതുമായ പെരുമ്പാറിൽ സ്വല്പം ഭൂമിക്കും വച്ചിട്ടുള്ളതാകന്നു. ൩ാം തരത്തിലും സ്വല്പമെയുള്ളു. ബഹുശായി ഉപയോഗപ്പെടുത്തിയിട്ടുള്ളതു ൭മുതൽ തരങ്ങളാണ.

ജപ്തിവകയിലുള്ള ൧൯ ഏക്കർ ൭൦ സെൻറ ഭൂമിക്കു ജമാബന്തി കണക്കുംപടി ൧൫൮ പണം ൧ ചക്രം ൧൧ കാശുള്ളതായും പത്താണ്ടത്തെ പയിർ കണ്ടെഴുതിയ കണക്കുംപടിയുള്ള ശരാശരിതുക ൧൩൦ പണം ൭കാശാണെന്നും കാണുന്നു. ജമാബന്തി കണക്കുംപടി ഏക്കർ ഒന്നിനു ൩ അര പണവും പയിർ ശരാശരി തുക ഏക്കർഒന്നുക്കു ൮ അരയ്ക്കാൽപണവും നിൽക്കുന്നുണ്ട. ഇപ്പോൾവച്ചിട്ടുള്ള ൪ാം തരത്തിനു ഏക്കരഒന്നുക്കു ൮അര പണം പാട്ടംഉള്ളതു ജമാബന്തി തുകയ്ക്കു കറവും പയിർ ശരാശരിതുകയ്ക്കു യോജിപ്പും ആയിരിക്കുന്നു.

അയൻ വകയിൽ ൮ ഏക്കർ ൨൪ സെൻറ ഭൂമിക്കു മുൻകരം ൨൦൧ കാൽ പണം ൪ കാശിനു സ്റ്റേറ്റമെൻറം പ്രകാരം ൭൦ പണം ൩ കാശു വന്നിരിക്കുന്നതു മുൻകരത്തിൽനിന്നും ൧൩൧ കാൽപണം ൨ കാശു കറവുണ്ട. എന്നാൽ ൧ം വസ്തുക്കളിൽഉള്ള ഇലപ്പ വൃക്ഷങ്ങൾക്കു മുൻപു കരം പതിഞ്ഞിട്ടുള്ളതു കൊണ്ടു മുൻകരം കൂടുതൽ കാണ്മാനിടയായും വിളംബരത്താൽ ഇലപ്പവൃക്ഷത്തിനു കരംഇല്ലാത്തതുകൊണ്ടു മുൻകരത്തിൽ കറവിനു സംഗതിയായിട്ടുള്ളതും ആകുന്നു.

പാട്ടക്കരം ഇറപ്പുവരുത്താവുന്ന പെരുമ്പാറ ജാഗ്രിമുതലായ ഇനങ്ങൾക്കു അതതനുസരിച്ചും ബ്രഹ്മദായം മുതലായ ഇനങ്ങൾക്കു മുൻകരവും നമ്പർവാരി സ്റ്റേറ്റുമെൻറിൽ ഇറപ്പുപതിച്ചിട്ടുണ്ട്.

അയൻ മാനിഭജനത്തിൽ ൧൪ഏക്കർ ൨൭സെൻറു ഭൂമിയുള്ളതിനു മുൻകരം കൊണ്ടിട്ടില്ലാ. ഈ വസ്തു ബിട്ട്രീഷിലുള്ള കത്തുക്കൽ വലശ അഴകിയനാച്ചിഅമ്മൻ വകയെന്നും ചെങ്കോട്ട താലൂക്കു മുഖാന്തിരം കത്തകപ്പാട്ടം കൊടുത്തു മുതൽ എടുത്തുവരുന്ന പ്രകാരവുംകാണുന്നുണ്ടു. ഈ വസ്തുസംബന്ധിച്ച ഇനത്തിന്റെയും പാട്ടയം കൊടുക്കേണ്ടതിന്റെയും സംഗതി വിചാരണയിന്മേൽ തീർച്ചവരുത്തേണ്ടതാണു. കുത്തകപ്പാട്ടം കൊടുത്തു മുതൽ എടുത്തുവരുന്നതിനെ ആശ്രയിച്ചു പാട്ടക്കരം ഇറപ്പുവരുത്തിട്ടുള്ളതാകുന്നു.

മൊത്തംപുഞ്ചവകയിൽ മുൻകണക്കുപടി കരം ൩,൦൩൭പണം ൧ചക്രം ൧൨കാശിനു നാളത്തെ സ്റ്റേറ്റുമെൻറുപ്രകാരം ൪൧൦൬പണം ൧ചക്രം ൧൪കാശുവന്നിട്ടുള്ളതു മുൻകരത്തിൽ നിന്നും ൧,൦൬൩പണം ൨കാശു കൂടുതലുള്ളതാകുന്നു.

| | പണം | ചക്രം | കാശു |
|---|---|---|---|
| ൧൦൯൯-ാമാണ്ടു തവണ മുടക്കം കണക്കുപടി ഇലത്തൂർമണിയത്തിൽ നഞ്ചപുഞ്ച വകയിൽ മുതൽ | ൪൭,൨൧൮—൧ | — | ൨ |
| ശിവനല്ലൂർ നിന്നും ചേർക്കപ്പെട്ട വസ്തുക്കൾക്കു. | ൧൪,൦൨൧—൨ | — | ൧൮ |
| ആക ———————— | ൩൧,൨൬൭—... | — | ൧ |
| നാളത്തെ സ്റ്റേറ്റുമെൻറു പടി മുൻകരം | ൩൧,൪൧൨ | — | ൬ |

ഈ തുക തവണ മുടക്കം കണക്കുപ്രകാരമുള്ളതിൽ നിന്നും ൪൨൪പണം ൨കാശു കുറവാണ്. എന്നാൽ വിതിപ്പിൽചേരാത്ത വസ്തുക്കൾക്കു സ്വമേധകൃഷിയിൽ തവണ മുടക്കം കണക്കിൽ കൊണ്ടിരിക്കുന്ന ൪൨൩പണം ൧൩കാശു നാളത്തെ നമ്പർ വാരിസ്റ്റേറ്റുമെൻറിൽ കൊള്ളിച്ചിട്ടില്ലാത്തതും ആ തുകയെ കഴിച്ചാൽ ൩പണം ൩ചക്രം ൧൧കാശിന്റെ വ്യത്യാസമേ ഉള്ളൂ എന്നു കാണുന്നതും ആകുന്നു. നമ്പർവാരിയായും ചില്ലറയായിട്ടും തുക പതിച്ചുവന്നതിൽ ഈ സ്വല്പവ്യത്യാസം സംഭവിച്ചിരിക്കാമെന്നല്ലാതെ തവണ മുടക്കം തുകക്കും ഒഴുകുപ്രകാരത്തുംപടി തുകക്കും തമ്മിൽ സാരമായ ഏറ്റക്കുറച്ചൽ ഉള്ളതായി വിചാരിപ്പാനില്ലാ.

നിവത്തലിൽ കൊണ്ടുകിടക്കുന്ന മനവരി തൊഴവരി വകയിൽ ൭൬൨പണം ൩ചക്രം ൬കാശിനെ കൂടി തവണ മുടക്കം തുകയിൽ ചേർത്തുനോക്കുമ്പോൾ ൩൨,൩൬൮ പണം ൩ചക്രം ൪കാശു ആയിരിക്കുന്നു.

നാളത്തെ സ്റ്റേറ്റുമെൻറുപ്രകാരം നിലവും പുരയിടംകഴിച്ചുനിലവും വകയിൽ ൨,൬൪൧കോട്ട ൨മരയ്ക്കാൽ ൩പടി നെല്ലിനു സെററിൽമെൻറു വിലത്തരപ്രകാരം ൭൩,൨൨൦പണം ൨ചക്രം ൮കാശും പുരയിടം വകയിൽ ൩,൨൪൩പണം ൩ചക്രം ൫കാശും ഉൾപ്പെടെ ൨൦,.,൨൭പണം ൧ചക്രം ൧൦കാശു കരം വന്നിരിക്കുന്നതിൽ വിലത്തരക്കൂടുതലിൽ ഉള്ളതായ ൧൦,൭൩൮പണം ൭കാശിനെ കഴിച്ചാൽ തവണമുടക്കം തുകയിൽ നിന്നും ൩,൬൩൩പണം ൧ചക്രം ൧൮കാശു അല്ലെങ്കിൽ ൧൧പെർസെൻറു കൂടുതലൊള്ളു എന്നു കാണാവുന്നതാകുന്നു.

ബ്രഹ്മദായം വകയിൽ ഈ പകുതിയിൽ ൩൩൪കോട്ട ൧൨മരയ്ക്കാൽ ൩പടി നിലവും ൨൦൩ഏക്കർ ൩സെൻറു പുഞ്ചയും ഉണ്ടു. ബ്രഹ്മദായവസ്തുക്കളെപ്പററി ഗവമ്മേണ്ടു പ്രൊസീഡിംഗ്സിലും സെൻലോപ്പ്മെൻറ മെമ്മൊവിലും വിവരിച്ചിട്ടുള്ള ഭാഗത്തേയും ഈ ഇനം സംബന്ധിച്ചുള്ള വിവരങ്ങളേയും കുറിച്ചു ആയക്കുടിപകുതിയിലേയ്ക്കു അയക്കപ്പെട്ട ൨൦൩/൩൭-ാം നമ്പർ റിപ്പോർട്ടിൽ വിശദമായി പ്രസ്താവിച്ചിട്ടുള്ളതാകുന്നു.

ഈ പകുതിയിൽ നടന്ന വിചാരണയിൽ, ൯൦൦ ാമാണ്ട് ചിത്തിരമാസം ൧൩-ാം പന്തളം രാജാവാൽ ഇലത്തൂർഗ്രാമത്തിൽ അശേഷവിദ്വന്മഹാജനങ്ങൾക്കു കൊടുത്ത ദാനശാസനത്തിന്റെ പകർപ്പ് ഗ്രാമജനങ്ങൾ ബോധപ്പെടുത്തിയിരിക്കുന്നതു നോക്കിയതിൽ ഇലത്തൂർ മണിയത്തിൽ ആയക്കെട്ടുംപടിയുള്ളതിൽ മധുനാഥസ്വാമിദേവദായവും കോവിൽപ്പുര നിലവും ക്ഷേത്രത്തിലേക്കു നടന്നുവരുന്ന കുടിവിടയും തോപ്പും നടരാജപുരം ദേവദായവും തിരുവെഴുത്തുംപടിയുള്ള പുഞ്ചയും പഴയ ബ്രഹ്മദായവും തള്ളിയും പെരുമ്പാറ കണ്ടളവുപണ്ടാര കൊച്ചുതമ്പുരാക്കൾ വക പണ്ടാര നിലങ്ങൾ ഉൾപ്പെടെ എല്ലുകപറഞ്ഞും അതിലുൾപ്പെട്ട നഞ്ചപുഞ്ചപലപട്ടറൈ തോപ്പുഉൾപ്പെടുത്തുകളെ ഉദകപൂർവ്വദാനമായി കൊടുത്തിരിക്കുന്നു എന്നും നിലങ്ങളിൽ പഴയ ബ്രഹ്മദായത്തിനു കോട്ടയ്ക്കു ൧൪ ൦ സന്നിധിഗ്രാമം നിലത്തിനു ൧൧-കാലെ അരക്കാലും പുതുബ്രഹ്മദായത്തിനു ൧൦-ാം പുനക്കൊളുങ്ങൾക്കു ൧൦-ാം വെള്ളപ്പണം വീതം കരം തീർക്കണമെന്നും നിലങ്ങൾ ഇരുപ്പുവായി കൃഷി ഇടുന്നപക്ഷം കരത്തിൽ മുക്കാൽ ഭാഗം വീതം കൂട്ടി തീർക്കേണ്ടതാണെന്നും വിവരിച്ചിരിക്കുന്നു. ഇലത്തൂർമണിയം ഒട്ടുക്കു എല്ലുകപറഞ്ഞും ഈ മണിയത്തിലെ ബ്രഹ്മദായവസ്തുക്കൾ മുഴുവനും അതിൽഅടങ്ങിയും ഇരിക്കുന്നതായിട്ടു കാണുന്നതും ആ പകർപ്പ് ഇതോടുചേർത്തിരിക്കുന്നതും ആകുന്നു.

ഇതിന്റെ അസൽ ആയക്കെട്ടുകാലത്തു ഹാജരാക്കിയതിൽ തിരിച്ചു കിട്ടിയിട്ടില്ലെന്നും പ്രമാണത്തിൽ ഒഴിച്ചിട്ടുള്ള വസ്തുക്കളുടെ വിവരംപറഞ്ഞും ദാന ഇനമായി പതിച്ചുകൊടുക്കണമെന്നും ഗ്രാമജനങ്ങളായ സുന്ദരയ്യൻ ശേഷയ്യൻ മുതൽപേരു മൊഴി കൊടുത്തിരിക്കുന്നു.

അസൽകാണ്മാനില്ലെങ്കിലും ഇതുപോലെഒരു പകർപ്പു താലൂക്കറിക്കാഡിൽനിന്നും വന്നിട്ടുള്ള നീട്ടുപകർപ്പുകളുടെ ശേഖരത്തിലുള്ളതായും താലൂക്കറിക്കാഡിലുള്ള വരലാറിലും ഇലത്തൂർ ഗ്രാമത്തിൽ പന്തളംരാജാ ഉദക പൂർവ്വദാനം കൊടുത്തിട്ടുണ്ടെന്നു പ്രസ്താവിച്ചും കാണുന്നസ്ഥിതിക്കു അസൽ ഇല്ലെന്നുള്ളകാരണത്തിന്മേൽ ഇതിനെ അവിശ്വസിപ്പാനിടയുണ്ടെന്നു തോന്നുന്നില്ലാ.

പ്രമാണത്തിലെ വചനങ്ങളാൽ ഉദക പൂർവ്വദാനമായി കൊടുക്കപ്പെട്ടതെന്നു വിവരപ്പെടുന്നതുകൊണ്ടു ഗവർമ്മെണ്ടു പ്രൊസിഡിംഗ്സിൽ പറയുന്നതനുസരിച്ചുള്ള ശരിയായദാനത്തിന്റെനിലയിൽ വിചാരിക്കയും ദാനഇനമായിട്ടുതന്നെ സ്ഥിരപ്പെടുത്തുകയും ചെയ്യാനുള്ളതെന്നു തോന്നുന്നു.

ഈ താലൂക്കിൽ ബ്രഹ്മദായമെന്നു പൊതുഇനം കണക്കിൽകൊണ്ടിട്ടുള്ള വസ്തുക്കളിൽ ശരിയായദാനം എന്നുസ്ഥിരപ്പെടുത്താവുന്ന വസ്തുക്കളും സാധാരണ ഇനാം ശേഖരത്തിൽ ഗണിച്ചുനടപടിനടത്തേണ്ടതായ വസ്തുക്കളും ഉള്ളതായി വെളിവാകുന്നസ്ഥിതിയിൽ ഈ സെററിൽമെന്റിൽ ശരിയായദാനവസ്തുക്കളെ ബ്രഹ്മദാനമെന്നും അല്ലാത്തതിനെ ബ്രഹ്മദായമെന്നും ഇനംപതിക്കുന്നതു കൊള്ളാമെന്നും അങ്ങനെചെയ്യുന്നപക്ഷം മേൽഇനം സംബന്ധിച്ചു കുഴപ്പത്തിനിടയാകാതെയിരിക്കുമെന്നും കൂടിഅഭിപ്രായമായിരിക്കുന്നു.

പ്രസ്താവവസ്തുക്കളിന്മേൽ കരത്തെ സംബന്ധിച്ചേടത്തോളം വല്ലഭേദഗതിയും ചെയ്യത്തക്കതുണ്ടോ എന്നാണ് ഇനിആലോചിപ്പാനുള്ളത്. ആയക്കെട്ടിൽ ബ്രഹ്മദായനിലത്തിനു കോട്ടയ്ക്കു ൧൧൨-ാം വെള്ളപ്പണംവീതം രണ്ടുറേട്ടും നെല്ലായിട്ടു ൧ കോട്ടയും മുക്കാലെഅരക്കാൽകോട്ടയും വീതംരണ്ടുറേട്ടും ഇങ്ങനെനാലുറെട്ടുകൾ ഏൾപ്പെട്ടിരിക്കുന്നതായിക്കാണുന്നു. ദാനശാസനത്തിൽ കോട്ടയ്ക്കു ൧൪-ാം ൧൧കാലെഅരക്കാലും ൧൦-ാം ൧൦ വെള്ളപ്പണംവീതമാണ് കരം വച്ചിരിക്കുന്നത്. പ്രത്യേകംതുക വിവരിച്ചുപറഞ്ഞിട്ടുള്ള സന്നിധിഗ്രാമം നിലത്തിനു ൧൧കാലെഅരക്കാൽപണമെന്നു ദാനശാസനത്തിൽ കാണുന്നതിലേക്കു ആയക്കെട്ടിൽ ൯ പണം ഏൾപ്പെട്ടിരിക്കുന്നു. ഇതുകളാൽ ദാനശാസനത്തിലെ തുകയെആശ്രയിക്കാതെ ആയക്കെട്ടിൽ കൂടുതൽ റേട്ടുഏൾപ്പെട്ടിരിക്കുന്നപ്രകാരം വെളിവാകുന്നു.

വിതിപ്പിൽ ഇരുപ്പൂനിലത്തിനു പൂവുമുക്കാൽമുക്കാമാഹാണിയും ൭൭ മുണ്ടാണി അരമാഹാണിയും ഒരുപ്പൂവിലെക്കു അരമുക്കാലും മൂവുമുക്കാൽമുണ്ടാണി അരമാഹാണിയും വെള്ളപ്പണംവിതവും ഏറ്റപ്പെട്ടിരിക്കുന്ന റേട്ടുകളും ദാനശാസനത്തിലെ തുകയെയോജിച്ചിരിക്കുന്നില്ലാ.

ശരിയായ ദാനത്തിനു കരത്തിൽ ഭേദഗതിചെയ്യത്തക്കതല്ലെന്നു ഗവമ്മെണ്ടു പ്രൊസീഡിംഗ്സിലും സെൻട്രലാപ്പീസ്മെമ്മോവിലും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും മേൽകാണിച്ചവിവരങ്ങളാൽ ദാനശാസനത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്നതിൽ കൂടുതൽകരവായി ആയക്കെട്ടിലും വിതിപ്പിലും കരംഏറ്റപ്പെടുത്തിയിരിക്കുന്നതായിട്ടും ഒരുപ്പൂവായി കൊള്ളിച്ചുകൊടുക്കപ്പെട്ട ദാനശാസനത്തിൽതന്നെ ഒരുപ്പൂ ഇരുപ്പൂവാകുന്നതായാൽ ഒരുപ്പൂക്കരത്തിൽ മുക്കാൽഭാഗംവീതം കൂടിതീർക്കണമെന്നു പ്രത്യേകം വിവരിച്ചിരിക്കുന്നുഎന്നും കാണുന്നെന്നും ദാനശാസനത്തിനു പിന്നീടുള്ള ആയക്കെട്ടിൽ ഇരുപ്പൂവായും കൂടുതൽകരംചുമത്തിയും കാണുന്നനിലങ്ങളിൽ മിക്കവാറുംനിലങ്ങളെ റീതിപ്പുകാലത്തു ഒരുപ്പൂകരത്തിൽകൊള്ളിച്ചും അതിൽ ഇപ്പോഴത്തെപരിശോധനപ്പടി ഇരുപ്പൂവായിട്ടുള്ള നിലങ്ങളുംഉള്ളതായി വിവരപ്പെടും ഇരിക്കുന്നെന്നും സ്ഥിതിക്കു ഒരുപ്പൂ ഇരുപ്പൂവായിട്ടുള്ള നിലങ്ങൾക്കെങ്കിലും കരംകൂട്ടുന്നതിനുള്ള അവകാശംസർക്കാരിലെക്കു ഇല്ലെന്നാവിചാരിക്കത്തക്കതല്ലാ. ആ ക്രമത്തിനു ഒരുപ്പൂ ഇരുപ്പൂവായിട്ടുള്ള നിലങ്ങൾക്കു ആയക്കൂട്ടിപകുതി സംബന്ധിച്ച അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ റീതിപ്പുംപടിയുള്ളകരത്തിൽ ൨൦ പെഴ്സൻറവീതംകൂട്ടി ആ തുകയെ ഇരുപ്പൂക്കരമായി സ്ഥിരപ്പെടുത്തി പട്ടയംകൊടുക്കേണ്ടതല്ലയൊ എന്നുള്ളഭാഗം മേലാവിലെപ്രത്യേക ആലോചനക്കു വിഷയമായിരിക്കുന്നതും ഒരുപ്പൂ ഇരുപ്പൂവായ നിലങ്ങൾക്കു മേൽവിവരിച്ചതനുസരിച്ചു ൨൦ പെഴ്സൻറവീതം കൂട്ടിതുകനോക്കിയതിൽ മുൻകരത്തിൽനിന്നും ൫൭൬ കോട്ട ൩ മരക്കാൽ ൭ പടിനെല്ലു കൂടുതലുള്ളതായിക്കാണുന്നു അതിലെക്കു നമ്പർവാരിയായിതയ്യാറാക്കിച്ച ലിസ്റ്റുഇതോടുചേർച്ചിരിക്കുന്നതും ആകുന്നു.

ബ്രഹ്മദായപുഞ്ചകൾക്കു ദാനശാസനത്തിൽ കരം വ്യവസ്ഥപ്പെടുത്തി പറഞ്ഞിട്ടില്ലാ. ആയക്കെട്ടിൽ ൨ാം മണിയത്തിലുള്ള എല്ലാഇനംപുഞ്ചകൾക്കും ഏക്കർഒന്നിനു ൧കാൽപണം വീതവും വിതിപ്പിൽ ൫മുക്കാൽ പണംവീതവും കരം ഏറ്റപ്പെട്ടിരിക്കുന്നതായികാണുന്നു.

ചെറുമ്പററിനും ബ്രഹ്മദായത്തിനും ഭേദമില്ലാത്തവിധത്തിൽ ആയക്കെട്ടിലും വിതിപ്പിലും കരംഏറ്റപ്പെടുത്തിയിട്ടുള്ളസ്ഥിതിക്കു ൨ാം സെററിൽമെൻറിലും ആ രീതിയെതുടർന്നു ഇറപ്പുകരം വ്യവസ്ഥപ്പെടുത്തേണ്ടതൊ എങ്ങനെഎന്നുള്ളതിലും ആലോചനക്കിടയുണ്ട്. പെരുമ്പററിനൊപ്പം കണ്ടപാട്ടംമുഴുവനുമൊ അല്ലാകിൽ ഇനാംവസ്തുക്കളിടെക്രമം അനുസരിച്ചു ഒന്നുപാതിയൊ കരമായിട്ടു ഇറപ്പുവരുത്തേണ്ടതല്ലയൊഎന്നുള്ള ഭാഗവുംആലോചിച്ചു വ്യവസ്ഥയുണ്ടാകേണ്ടതായിരിക്കുന്ന വസ്തുതയും ബോധിപ്പിച്ചുകൊള്ളുന്നു.

കണ്ടെഴുത്ത് അസിസ്റ്റൻറ

വെംകിടേശ്വരയ്യൻ

നംബർ ൩൭൨

തിരുവനന്തപുരം.

ഹജൂർ കച്ചേരിയെഴുത്തുഡിപ്പാർട്ടുമെന്റ.

൧൦൭൯-ാമാണ്ടു വൃശ്ചികമാസം ൨൨-
൧൯൦൩-ാംവർഷം ഡിസെമ്പർമാസം ൭-

ഇവിടത്തെചെയ്തിരുവിളമ്പരം.

Treatment of Keelkoor and Melkoor in the taluks of Kalkulam and Eraniel.

കൽക്കുളം, ഇരണിയൽ ഈ രണ്ടു മണ്ടപത്തുംവാതുക്കൽചേർന്ന സ്ഥലങ്ങളിൽ പുരയിടങ്ങൾക്കു മേൽക്കൂറ, കീഴ്ക്കൂറ പ്രത്യേകംതിരിഞ്ഞു മന്യ കണ്ടെഴുത്തിൽ വിളങ്ങിക്കരം ഏറ്റപ്പെടുത്തിട്ടുണ്ടെന്നും അതു ഓരോവിധം നടപ്പുള്ളതായി അറിഞ്ഞു സർക്കാരിൽ ചില കണക്കുകളെവരുത്തി പരിശോധിച്ചതിൽ ൧൦൧൮ ാമാണ്ടത്തെ വിളക്കത്തിൽ ചിലവിവരങ്ങൾ കിട്ടുകയാൽ അതുകളെ പകർപ്പെഴുതിച്ചു അയച്ചിരിക്കുന്നുഎന്നും ഈ രണ്ടുമണ്ടപത്തുംവാതുക്കൽഅല്ലാതെ തറയും വൃക്ഷങ്ങൾക്കും ഒരേപുരയിടത്തിൽ വേറെവേറെ ഇനമായി പതിഞ്ഞു പ്രത്യേകംപേർക്കു വിളങ്ങികൊടുത്തിട്ടുള്ളതായ രീതി ഇതുബലമായിട്ടുള്ളപ്രകാരം കാണുന്നില്ലെന്നും ഇപ്പഴത്തെകണ്ടെഴുത്തിൽ ഈ രണ്ടുസ്ഥലങ്ങളിലും ആയക്കെട്ടനുസരിച്ചു ഇനത്തുംപടി മേൽക്കൂറും, കീഴ്ക്കൂറും അവകാശങ്ങളെ സ്വീകരിച്ചു നടപടി നടത്തേണ്ടതാണെങ്കിലും അതുനിമിത്തം സെറ്റിൽമെന്റ വിചാരണയ്ക്കും പട്ടയങ്ങൾ കൊടുക്കുന്നതിനും ആവശ്യത്തിലധികം താമസവും കുഴപ്പവും നേരിടുവാനും ഇടയാകുമെന്നുള്ളതിനാൽ അങ്ങനെവരാതിരിപ്പാൻ തക്കവണ്ണം രീതിപ്പെടുത്തേണ്ടതു ആവശ്യമാണെന്നും ആയക്കെട്ടിൽ മേൽപ്രകാരം മേൽക്കൂറും കീഴ്ക്കൂറുംവകയ്ക്കു പ്രത്യേകം വിളക്കം ഉണ്ടായിട്ടുള്ളതിനെക്കൊണ്ടു അതിൽനിന്ന ഓരോഅവകാശങ്ങൾ വൃക്ഷത്തിന്മേൽ പ്രത്യേകം നിശ്ചയിച്ചതിലേക്കു സെറ്റിൽമെന്റവിചാരണയിൽ ഓരോനടപടികൾ ആരംഭിച്ചു നടന്നുവരുന്നപ്രകാരം അറിയുന്നുഎന്നും അതിന്റെസ്ഥിതി വ്യക്തമാക്കേണ്ടതാണെന്നും വസ്തുഉടമസ്ഥന്മാർ ഓരോസമയം ഓരോപ്രകാരത്തിലും അവരുടെ അവകാശങ്ങളെ ചില്ലറപ്പെടുത്തി ചെയ്യുന്ന ഇടപാടുകൾക്കു ഒക്കെയും കണക്കുകളിൽ വഴിപ്പെടുത്തികൊടുപ്പാൻ സാദ്ധ്യമാകുന്നതല്ലെന്നും അങ്ങനെആയാൽ അസംഖ്യമായി വിചാരണ വളർത്തേണ്ടിവരുമെന്നും കണക്കിന്റെ കുഴപ്പവും വർദ്ധിക്കുന്നതാണെന്നും ഇരണിയൽ, കൽക്കുളം ഈ സ്ഥലങ്ങളിൽ കീഴിൽ ഏൾപ്പെട്ടിട്ടുള്ള രീതികൊണ്ടു താഴെപ്പറയുന്നപ്രകാരമുള്ള സ്ഥിതികൾ കാണുന്നുഎന്നും (൧) തറകൾക്കു ഒരിനമായി പ്രത്യേകം പതിഞ്ഞിട്ടുണ്ടു. (൨) അതിൽനില്പുള്ള വൃക്ഷങ്ങൾ വേറെഒരുത്തന്റെ വേറെ ഒരിനമായി പ്രത്യേകം വിളങ്ങിട്ടുണ്ടു. ഒരാൾക്കു തറയും അതിൽനില്പുള്ള വൃക്ഷങ്ങളും പതിഞ്ഞിരിക്കാം എന്നിട്ടും രണ്ടും രണ്ടിനമായിട്ടും ശേഷംവൃക്ഷങ്ങൾ വേറെഒരുവന്റെ പ്രത്യേക ഇനമായും പതിഞ്ഞിരിക്കുന്നു. (൩) ഒരേവൃക്ഷംതന്നെ ഒരാൾക്കു ഒന്നുപാതി ഒരിനമായും ശേഷം ഒന്നുപാതി വേറെഒരിനമായും പതിഞ്ഞിരിക്കുന്നു. (൪) ചിലസ്ഥലത്തു തറയ്ക്കും വൃക്ഷത്തിനും പാട്ടം കണ്ടു അതതുപാട്ടത്തിൽനിന്നും ഇനത്തുംപടി അതതുഭാഗത്തിനു ഇറപ്പുവരുത്തീട്ടുള്ളതായിട്ടു കാണുന്നു. (൫) ചിലസ്ഥലത്തു ചിലപുരയിടങ്ങൾക്കും തറയ്ക്കും വൃക്ഷത്തിനും ഒരു പാട്ടത്തിനെ ഒന്നായിചേർത്തു സമഭാഗമാക്കി അതിൽനിന്നും ഇനത്തുംപടി ഇറപ്പുകരം വരുത്തീട്ടുണ്ടു. ചിലതിനു വൃക്ഷപ്പാട്ടത്തിനെമാത്രം ഒന്നിച്ചുകൂട്ടി ഒന്നുപാതിവീതം ഏതെങ്കിലും വൃക്ഷത്തിനു ഇറപ്പുകരംവരുത്തയും ശേഷം ഒന്നുപാതിയെ തറപ്പാട്ടത്തിനോടുചേർത്തു തറഉടമസ്ഥന്റെ കരം വ്യവസ്ഥപ്പെടുത്തയും കാണുന്നുഎന്നും വൃക്ഷത്തിനു മേൽക്കൂറായി പ്രത്യേകം വിളങ്ങിട്ടുള്ളതു എങ്ങനെആയിരുന്നാലും ആ വൃക്ഷം ഉടമസ്ഥന്റെ തറയ്ക്കു ബാദ്ധ്യതയില്ലെന്നും കരംകൊടുക്കുന്ന അവന്റെവൃക്ഷങ്ങൾ ഏതാനുമൊ മുഴുവനുമൊ നശിച്ചുപോയാലും അവനു വൃക്ഷം വീണ്ടും വച്ചുപിടിപ്പിക്കാൻ അവകാശമില്ലെന്നും എന്നിട്ടും കരംതീർക്കുന്നതിനുള്ള ബാദ്ധ്യത അയാൾക്കാണെന്നും അടുത്ത കണ്ടെഴുത്തുവരെ ആ ബാദ്ധ്യത നീങ്ങുന്നതല്ലെന്നും പരക്കെ ബോദ്ധ്യമുള്ളപ്രകാരം അറിയുന്നുണ്ടെന്നും ഇതിനെപ്പററി ആലോചിക്കയും പലരോടും സംസാരിക്കയും ചെയ്തതിൽ ഇപ്പോഴത്തെ കണ്ടെഴുത്തിൽ പട്ടയംകൊടുക്കേണ്ടതു (൧) ആയക്കെട്ടിൽ കൊണ്ടിട്ടതൊട്ടവും മേൽക്കൂറുവകയ്ക്കുള്ള കരത്തിനെ ഇനത്തുംപടി ഇറപ്പുവരുത്തി കീഴ്ക്കൂറുകാരന്റെ

പട്ടയത്തിൽ വിവരംകാണിച്ച കീഴ്ക്കൂറും മേൽക്കൂറും ഉൾപ്പെടെയുള്ള പാട്ടത്തുകയും ഇറപ്പുകയും അതിൽ ഒന്നടങ്കംപതിച്ച ഭൂമിഉടമസ്ഥനു പട്ടയംകൊടുക്കുക, ആ പട്ടയത്തിനു പകർപ്പ് മേൽക്കൂറുകാർക്കു കൊടുപ്പിക്ക, (൨) ൧൦൭൫-ാമാണ്ട കണ്ടെഴുത്തിനുപിന്നീട പുരയിടംഉടമസ്ഥന്മാരു ഏതെങ്കിലും വൃക്ഷങ്ങളെമാത്രം അന്യാധീനപ്പെടുത്തി ആധാരംചെയ്തിട്ടുള്ളവകയ്ക്കു വൃക്ഷഉടമസ്ഥൻ പ്രത്യേകം പട്ടയവിചാരണക്കു അപേക്ഷിക്കുന്നതായാൽ അതുപോലെ നടത്തുന്നതല്ലെന്നും പുരയിടഉടമസ്ഥനുമായി ചെയ്തിട്ടുള്ള ഉടമ്പടിപ്പടി അവരു നടക്കേണ്ടതല്ലാതെ അതിലെക്കായി സൎക്കാർകണക്കിൽ അതിനെ പോക്കുവരവുചെയ്യാനിടയില്ലെന്നും അവരെ തെര്യപ്പെടുത്തുകയും ചെയ്യു, ഇങ്ങനെവേണ്ടതാണെന്നും ആയക്കെട്ടിൽകൊണ്ടിട്ടുള്ളവകകൾ രജിസ്ത്രേഷൻവിചാരണയും പട്ടയത്തിൽ വിവരംകാണിക്കയും ചെയ്യുന്നതു മേൽക്കൂറുകാറനു വേറെപ്രമാണം ഇല്ലാതെവന്നേയ്ക്കാമെന്നുള്ളതിനെ വിചാരിച്ചാണെന്നും ഇടക്കാലത്തു ആധാരംപിടിച്ചിട്ടുള്ളതിനു ആകാരണം സംബന്ധിക്കയില്ലെന്നും ഇനി ഒരുഭാഗം ആലോചിക്കാനുണ്ടെന്നും മേൽക്കൂറ പാട്ടമായിട്ടല്ലാതെ ഒററിയിന്മേൽ ഇങ്ങനെ ഇനാംവകയായി പതിഞ്ഞിരുന്നാൽ ആവക വൃക്ഷങ്ങൾ ഇപ്പോൾ നില്പുള്ളപ്രകാരം സാധിക്കാൻ പാടില്ലെന്നും മേൽക്കൂറുകാറനു നൂതനമായി വൃക്ഷം വച്ചുപിടിപ്പിപ്പാനുള്ള അവകാശം ഇല്ലാതെ ഇരുന്നാൽ ഇപ്പോൾ കാണുന്ന വൃക്ഷങ്ങൾക്കു മുൻവിളകം സംബന്ധിക്കുന്നതായി വരുന്നതല്ലെന്നും അതിനാൽ ആയക്കെട്ടുംപടി മേൽക്കൂറ, കീഴ്ക്കൂറ തിരിച്ചു വിചാരണനടത്തിപ്പോരുന്നതിൽ വൃക്ഷത്തിന്റെവകകൾ പാട്ടഇനമല്ലാതെ വേറെവിധം അവകാശപ്പെടുന്നതിനു പ്രമാണങ്ങളും മറ്റും നോക്കി പ്രത്യേകം സൂക്ഷിക്കേണ്ടതു വളരെ ആവശ്യമെന്നും ഒരുവൃക്ഷം മൂന്നുആൾക്കു രണ്ടിനമായി പതിഞ്ഞിട്ടുള്ളസ്ഥിതിയും മേൽ ആചരിക്കേണ്ടതുതന്നെയോ എന്നു നിശ്ചയപ്പെടേണ്ടതാണെന്നും ബലമായ കാരണത്തിൻപേരിൽഅല്ലാതെ ഇങ്ങനെയുള്ള അവകാശങ്ങളെ എളുപ്പമായി സ്വീകരിച്ചുകൂടാ എന്നും മേൽപ്രകാരം സംഗതികൾ കിടപ്പുള്ളതിനെക്കുറിച്ചും ആലോചിച്ചും കണക്കുകളെവരുത്തി പരിശോധിച്ചും ഇനിയും തീർപ്പിനേക്കുള്ളതായി വിശേഷമായ നടപ്പുകൾ ഉണ്ടായിരുന്നാൽ അതുകളെ ഗണിച്ചും പട്ടയംകൊടുക്കേണ്ടതിനെപ്പററി മേല്പറഞ്ഞക്രമത്തിനു ഏതെങ്കിലും ഭേദഗതിയായി ചെയ്യേണ്ടിയിരുന്നാൽ അതിനെകാണിച്ചും വിവരമായി എഴുതിഅയയ്ക്കേണമെന്നും ഏതുസ്ഥിതിയിലും ൧൦൭൫-ാമാണ്ട വിളക്കവും ആയക്കെട്ടും അനുസരിച്ചല്ലാതെ ഇടക്കാലത്തു നടന്നിട്ടുള്ള ഇടപാടുകളെ പ്രമാണിച്ചു വൃക്ഷങ്ങളുടെവകകൾമാത്രം ആ വൃക്ഷങ്ങൾ നില്പുള്ള പുരയിടഉടമസ്ഥനെവിട്ട പട്ടയവിചാരണക്കു അപേക്ഷവരുന്നവകകൾ ആ അപേക്ഷകളെ കയ്യേല്ക്കുണ്ട ഒന്നും ചെയ്യാൻ ഇടയില്ലെന്നു വേഗത്തിൽ വ്യവസ്ഥപ്പെടുത്തി നടത്തേണ്ടതു അനാവശ്യമായും താമസഗതിയായുമുള്ള ശ്രമത്തിന്റെ നിവൃത്തിക്കും നേരെയുള്ളവേല ശരിയായി തീൎന്നുപോകുന്നതിനും ആവശ്യമാകയാൽ ആവക ഉടനെ ചട്ടംകെട്ടി ആവിവരവും റിപ്പോർട്ടിൽ പ്രസ്താവിക്കണമെന്നും മേൽവിവരിച്ച രണ്ട താലൂക്കുകളിലല്ലാതെ വേറെതാലൂക്കുകളിൽ ഈവിധം നടപ്പുണ്ടായിരുന്നാൽ അതിലേയ്ക്കും ഈ വ്യവസ്ഥ സംബന്ധിക്കുന്നതാണെന്നും എഴുതിഅയച്ചിരുന്നതു ൧൦൭൫-ാമാണ്ടിനു ഇപ്പുറം വൃക്ഷങ്ങളുടെവകകൾമാത്രം നടന്നിട്ടുള്ള ഇടപാടുകൾ പ്രമാണിച്ചു തറയുടമസ്ഥനെവിട്ട പട്ടയവിചാരണക്കു വരുന്ന അപേക്ഷകളെ സംബന്ധിച്ചു യാതൊരുനടപടിയും നടത്തേണ്ടതല്ലെന്നു എഴുത്തുകൾഅയച്ചു ചട്ടംകെട്ടിയിരിക്കുന്ന വിവരത്തിനു ൭൨-ാം നമ്പർ ൯൨-ാം വൃശ്ചികം വന്നു എഴുതിഅയച്ചിട്ടുണ്ടെന്നും ൧൦൭൫-ാമാണ്ടിനു പിന്നീട വൃക്ഷവും തറയും ഭിന്നപ്പെടുത്തി എഴുത്തുകുത്തുചെയ്തു പ്രമാണിച്ചുള്ള കൈമാറ്റങ്ങളെ ഗണിച്ചു സൎക്കാർകണക്കിൽ പോക്കുവരവുചെയ്തു കൊടുത്തുകൂടെന്നു ഉണ്ടായിട്ടുള്ള മേല്പറഞ്ഞ തീരുമാനത്തേയും ഇനി തീർച്ചപ്പെടേണ്ടതായ താഴെപ്പറയുന്ന സംഗതികളേയും പററി അസിസ്റ്റന്റന്മാർ ഉൾപ്പെട്ടവൎക്കു എഴുത്തുകൾ അയച്ചതിനു വന്നിട്ടുള്ള മറുപടികളും രജിസ്ത്രേഷൻകേസ്സ് മുതലായ റിക്കാർട്ടുകളും പരിശോധിക്കയും വേണ്ടപോലെ ആലോചിക്കയും ചെയ്യുന്നതിൽ (൧) തറ ഒരാൾക്കു ഒരിനമായും വൃക്ഷം മററൊരാൾക്കു വേറെ ഒരിനമായും പതിഞ്ഞിട്ടുള്ളവ. (൨) തറയും വൃക്ഷവും രണ്ടിനമായി ഒരുപേരിൽതന്നെ പതിഞ്ഞിട്ടുള്ളവ. (൩) ഒരുവൃക്ഷം ഒന്നിലധികം ഇനങ്ങളായിട്ടും ഒരുഇനമായിട്ടുതന്നെയും പലരുടെപേരിലും പതിഞ്ഞിട്ടുള്ളവ. ഇങ്ങനെ മൂന്നുവിധങ്ങളായി കാണുന്നുഎന്നും ആയക്കെട്ടിൽ കൊണ്ടിരിക്കുന്നതാളവും മേൽക്കൂറുവകകളുള്ള കരത്തിനെ ഇനത്തുംപടി ഉറപ്പുവരുത്തി കീഴ്ക്കൂറുകാറന്റെ പട്ടയത്തിൽ വിവരംകാണിച്ചു കീഴ്ക്കൂ

റ മേൽക്കുറ ഉൾപ്പെടെയുള്ള പാട്ടത്തുകയും ഇറപ്പുകരവും അതിൽ ഒന്നടങ്കം പതിച്ചു ഭൂമിഉടമസ്ഥനു പട്ടയംകൊടുക്കാമെന്നും ആ പട്ടയത്തിന്റെ പകർപ്പ് മേൽക്കുറക്കാർക്കു കൊടുപ്പിക്കാമെന്നും മെയിമാസ് ഹജൂർസാധനത്തിൽ വിവരിച്ചിരിക്കുന്നതെന്നും എന്നാൽ തറ ഒരു ഇനമായും വൃക്ഷം മറ്റൊരിനമായിട്ടും കരത്തിന്റെസ്ഥിതി ഏറക്കുറെ വ്യത്യാസമായിവരുന്നസംഗതികളിൽ ഒന്നടങ്കം രണ്ടിനത്തിനും ഇനത്തുംപടി കരംവയ്ക്കുന്നതും ഭൂമിഉടമസ്ഥനുമാത്രം പാട്ടയംകൊടുക്കുന്നതുംകൊണ്ടു സർക്കാർകണക്കിൽ ഇപ്പോഴുള്ള കുഴപ്പത്തെ അശേഷം ഇല്ലാതാക്കുന്നതിനു മതിയാകുമോഎന്നും ഇതുകൂടി ആവലാധിക്കു ഇടയാക്കുന്നതല്ലയോഎന്നും ബലമായ സംശയമുണ്ടെന്നും തറയ്ക്കും വൃക്ഷത്തിനും പ്രത്യേകം പ്രത്യേകം ഇനം ഏർപ്പെട്ടിട്ടുള്ളതു എപ്പോൾമുതല്ക്കായിരിക്കുമെന്നും അതിന്റെ കാരണം എന്താണെന്നും നിശ്ചയിക്കുന്നതിനു മതിയായ റിക്കാർട്ടുകൾ യാതൊന്നും കാണുന്നില്ലാഎന്നും വൃക്ഷങ്ങളെമാത്രം കൈമാററംചെയ്യുന്നതിനെ തുടർന്നു അന്യദേശം മുതലായതിൽ ഉൾപ്പെട്ടും പേരിൽപതിവു കുഡുംബവും ഇനവും മാറുന്നതിനു ഇടയായതാണെന്നു ഇരണിയൽ സൂപ്പർവൈസർ ആയിരുന്ന അഡിഷനൽ അസിസ്റ്റന്റു രാമസ്വാമിഅയ്യനും വൃക്ഷങ്ങൾവച്ചു അഭിവൃദ്ധിയാക്കുന്നതിനുവേണ്ടി കുറഞ്ഞകരത്തിനു ഭൂമി പതിച്ചുകൊടുക്കയും പിന്നീടു വൃക്ഷം ഫലത്തിൽവന്നപ്പോൾ അതിലേക്കു കൂടുതൽ കരം വരാവുന്നഇനംകൊള്ളിച്ചു വിളങ്ങുകയും ചെയ്തിട്ടുള്ളതായിരിക്കാമെന്നും മററം അസിസ്റ്റന്റു ശിവരാമകൃഷ്ണയ്യനും അഭിപ്രായം പറഞ്ഞിട്ടുണ്ടെന്നും ൧൦൮൭-ാമാണ്ടിനു മുമ്പുള്ള കണ്ടെഴുത്തിൽ തറയും, വൃക്ഷവും ഒരാൾക്കായിരുന്നതിനെ അയാൾ ചെയ്യപ്പെട്ട കൈമാററത്തെ സ്ഥാപിച്ചു ൧൦൮൭-ാമാണ്ടു മറ്റൊരാൾക്കു വൃക്ഷംമാത്രം വിളങ്ങി പതിവുകൊടുത്തിട്ടുള്ളതായി കാണുന്നുണ്ടെന്നും ഈ തെളിവുകൊണ്ടു വൃക്ഷവും, തറയും രണ്ടു കുഡുംബക്കാർക്കു അവകാശപ്പെടാനിടയായതു വൃക്ഷംമാത്രം കൈമാററം ചെയ്യപ്പെട്ടതിനാലാണെന്നു അനുമാനിക്കാവുന്നതായിരിക്കുന്നുഎന്നും തറയും, വൃക്ഷവും ഇനം ഭേദപ്പെടുന്നതിനുള്ള സംഗതിസംബന്ധിച്ചു അസിസ്റ്റന്റന്മാർ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ഊഹമാത്രങ്ങളാകുന്നുഎന്നും വൃക്ഷം പ്രത്യേകം ഒരിനത്തിൽ പതിഞ്ഞതായിരുന്നാലും അതു ഇടയ്ക്കുതന്നെ നശിക്കയും ഭൂമിക്കു പതിഞ്ഞിട്ടുള്ള ഇനം നിലനിൽക്കയും ഭൂമിഉടമസ്ഥനാൽ പിന്നീടു വച്ചു ഉണ്ടാക്കപ്പെടുന്ന വൃക്ഷങ്ങൾക്കു ഭൂമിയുടെ ഇനവും, കരവുംതന്നെ ഏർപ്പെടുത്തേണ്ടതായിവരികയും ചെയ്യുന്നക്രമത്തിനു ഭൂമിക്കു കൊണ്ടിരിക്കുന്ന ഇനംതന്നെയാണു അതിലുണ്ടാകുന്ന എല്ലാവൃക്ഷങ്ങൾക്കും സംബന്ധിക്കുന്നതെന്നുള്ളതിൽ സംശയിക്കാനില്ലാത്തതാകുന്നുഎന്നും കണ്ടെഴുത്തിന്റെ ഉദ്ദേശ്യം സർക്കാർകണക്കിൽ ഇപ്പോൾ ഉള്ള ന്യൂനതകളെ പരിഹരിച്ചു ക്രമപ്പെടുത്തുകയും കണക്കുകുഴപ്പംനിമിത്തം കരംതീർക്കുന്നവിഷയത്തിലും മററം കുടിയാനവന്മാർക്കു സംഭവിച്ചിട്ടുള്ള കഷ്ടതകളെ തീർക്കുകയും മററം ചെയ്യുന്നതാണെന്നു വ്യക്തമായിരിക്കുന്നസ്ഥിതിക്കു ഈ കണ്ടെഴുത്തിലും മുൻരീതിഅനുസരിച്ചു ഒരേഭൂമിക്കും അതിലുള്ള വൃക്ഷങ്ങൾക്കും എന്നുവേണ്ട ഒരുവൃക്ഷത്തിനുതന്നെയും ഭിന്നമായഇനവും കരവും ഏർപ്പെടുത്തുന്നതിനെക്കാൾ അവകൾക്കു ഐകരൂപ്യംവരുത്തി ഒരേഇനമായിത്തന്നെ റിക്കാർട്ടുചെയ്തു കരം ഇറപ്പുവരുത്തുന്നതു മേൽപ്പറഞ്ഞ ഉദ്ദേശ്യത്തിനു ഏറ്റവും അനുകൂലമായിരിക്കുമെന്നു വിചാരിക്കുന്നുഎന്നും ഇങ്ങനെചെയ്യുന്നതിൽവച്ചു കുടികളുടെ സങ്കടത്തിനും സർക്കാർകണക്കുകളുടെ കുഴപ്പത്തിനും നിവൃത്തിയും രക്ഷയും ഉള്ളതാകുന്നുഎന്നും ൧൦൮൭-ാമാണ്ടിനിപ്പുറം വൃക്ഷംമാത്രമായുള്ള കൈമാററത്തിനേയും കോർട്ടുവിധി മുതലായതിനേയും തുടർന്നു വൃക്ഷങ്ങൾക്കുമാത്രമായി തണ്ടപ്പേരുകൊള്ളുകയും അതിനെ ആസ്പദമാക്കി രജിസ്ട്രേഷൻവിചാരണതുടങ്ങി മിക്കവാറം ജോലികളുണ്ടാകയും ചെയ്തിട്ടുണ്ടെന്നും കക്ഷികളുടെ പരസ്പരസമ്മതത്താലും കോർട്ടുവിധികളാലും ഉടമസ്ഥാവകാശം ഒരാൾക്കു ലഭിച്ചിരിക്കുന്ന വൃക്ഷത്തിന്റെ സർക്കാർകരം വൃക്ഷത്തിനു ബാദ്ധ്യതയൊന്നുമില്ലാത്ത തറഉടമസ്ഥനിൽ ചുമത്തുന്നതും വൃക്ഷഉടമസ്ഥന്റെ അവകാശത്തെ കണക്കിൽ വിളങ്ങികൊടുക്കുന്നതല്ലെന്നു പൊതുവെ വ്യവസ്ഥചെയ്യുന്നതും ശരിയാണോഎന്നു ആലോചിക്കേണ്ടിയിരിക്കുന്നുഎന്നും മേൽക്കുറ, കീഴ്ക്കുറ ഇനം പ്രത്യേകം തിരിഞ്ഞിട്ടുള്ളതായി അധികം വസ്തുക്കൾഉള്ളതു ഇരണിയൽതാലൂക്കിലാകുന്നുഎന്നും ആ താലൂക്കിൽമാത്രം ൭൭,൨൯൧-നമ്പർ വസ്തുക്കൾ ഉള്ള

തിൽ ൧൨൧൪൦-നമ്പർ വൃക്ഷവും തറയും ഒരേഇനം പതിഞ്ഞതെന്നും ൩൩൭-നമ്പർ കിഴ്ക്കൂറുകരക്കുറവും മേൽക്കൂറുകരക്കൂടുതലും ഉള്ള ഇനവും പതിഞ്ഞിട്ടുള്ളതെന്നും കാണുന്നുണ്ടെന്നും ൧൦൪൨-ാമാണ്ടു വിളങ്ങിപതിഞ്ഞു ഇപ്പഴം കരംവസ്തുത്തക്രസ്ഥിതിയിൽ നിൽക്കാവുന്ന വൃക്ഷങ്ങൾ തുല്യാംകുറവായിരിപ്പാൻ ഇടയുള്ളതിനേയും ഇരണിയൽ, കല്ക്കുളം ഈ താലൂക്കുകളിലെ ഇപ്പഴത്തെ വൃക്ഷക്കൂടുതലിന്റെ സ്ഥിതിയേയും ആലോചിച്ചാൽ കരം കുറവുകാണുന്ന ഭൂമിയുടെ ഇനം തന്നെ കരക്കൂടുതലുള്ള വൃക്ഷങ്ങൾക്കും സ്ഥിരപ്പെടുത്തി ഇനം ഒന്നാക്കുന്നതിൽവച്ചു സൎക്കാരിലേക്കു സാരമായനഷ്ടത്തിനു ഇടവരുന്നതല്ലെന്നു പറയാവുന്നതായിരിക്കുന്നുഎന്നും അതിനാൽ കീഴ്ക്കൂറു കുറഞ്ഞകരവും മേൽക്കൂറു കൂടുതൽകരവുംവരുന്നഇനം പതിഞ്ഞിട്ടുള്ളതിനൊക്കയും (കീഴ്ക്കൂറു) തറയുടെഇനത്തെ വൃക്ഷങ്ങൾക്കും സ്ഥിരപ്പെടുത്താമുള്ളതെന്നു വിചാരിക്കുന്നുഎന്നും കീഴ്ക്കൂറു കൂടുതൽകരവും മേൽക്കൂറു കുറഞ്ഞകരവും ഉള്ളതായ വസ്തുക്കൾ തുല്യാം കുറവായിരുന്നാലും ആ വസ്തു ഉടമസ്ഥന്മാരുടെ ഗുണത്തെഉദ്ദേശിക്കുന്നതിൽ തറയുടെ ഇനത്തെ വൃക്ഷങ്ങൾക്കും സ്ഥിരപ്പെടുത്തി ഇനംഒന്നാക്കുന്നതു ആൎക്കു അധികം സങ്കടത്തിനു ഇടയുണ്ടെന്നും കുറഞ്ഞകരംകൊണ്ടിരിക്കുന്ന വൃക്ഷങ്ങളുടെ ഇനത്തെതന്നെ തറയ്ക്കു ഏൎപ്പെടുത്താമെന്നുവച്ചാൽ അതു ഇനംമാററംസംബന്ധിച്ചുള്ള കീഴ്നടപ്പിനു വിരോധമാണെന്നും കാണുന്നതിനാൽ ആവിധമുള്ളവസ്തുക്കളെ സംബന്ധിച്ചുമാത്രം മുൻകണക്കിൽ തറയ്ക്കും വൃക്ഷങ്ങൾക്കും ഏൎപ്പെട്ടിരിക്കുന്ന ഇനങ്ങളെതന്നെ ഇപ്പോഴും സ്ഥിരപ്പെടുത്തേണ്ടതെന്നു തോന്നുന്നു എന്നും മേൽപ്രസ്താവിച്ചതുപോലെ മേൽക്കൂറും കീഴ്ക്കൂറും ഇനങ്ങൾ ഒന്നാക്കപ്പെടുന്നതിനും ഭേദപ്പെടാതെവരുന്നതിലേക്കും ൧൦൪൨ ാമാണ്ടിനു പിന്നീടുള്ള കൈമാററത്തെയും മററും പ്രമാണിച്ചു വൃക്ഷവും തറയും പ്രത്യേകംതിരിഞ്ഞു അനുഭവം സിദ്ധിച്ചിരിക്കുന്നതിലേക്കും ഏതാനും വൃക്ഷവും തറയും ഒരാൾക്കും ഏതാനുംവൃക്ഷംമാത്രം മററൊരാൾക്കും ഒരുവൃക്ഷം വേറെ രണ്ടോ മൂന്നോപേൎക്കും ജന്മാവകാശം ഇരുന്നാലും അവൎക്കെല്ലാം അവരവരുടെ ഉടമസ്ഥതയനുസരിച്ചു ഉരുടക്കൂറിന്റെ വ്യവസ്ഥപോലെ പ്രത്യേകം പ്രത്യേകം പട്ടയംകൊടുക്കാമെന്നുള്ളതാകുന്നുഎന്നും അങ്ങിനെചെയ്യുന്നതുകൊണ്ടു ഉരുടക്കൂറുവസ്തുക്കൾ വിതംക്ലിപ്തപ്പെടുത്തി പലൎക്കും പ്രത്യേകം പട്ടയം കൊടുത്തുവരുന്നതിലധികം കണക്കു കുഴപ്പവും ജോലിവൎദ്ധനയും ഉണ്ടാകുന്നതല്ലെന്നും ഇതിനെപ്പററി ആലോചിച്ചു വേണ്ടഉത്തരവുണ്ടാകണമെന്നും ൩൫൩൯/൩൦ ൭-ാമതു നമ്പരിൽ വൃശ്ചികം ൧൮- എഴുതിയസാധനം എത്തി വസ്തുതമനസിലാകയുംചെയ്തു.

കീഴ്ക്കൂറു കുറഞ്ഞകരവും മേൽക്കൂറു കൂടുതൽകരവുംവരുന്ന ഇനം പതിഞ്ഞിട്ടുള്ള വസ്തുക്കൾക്കു ഒക്കയും മുൻഇനംപോലെ നടത്തേണ്ടതല്ലാതെ ഭേദഗതിയായി ഒന്നുംചെയ്വാൻ ഇടയില്ലാ. ശേഷംഭാഗങ്ങൾക്കു പേഷ്കാർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ നടത്തുന്നതിനു അനുവദിച്ചിരിക്കുന്നു.

ഇച്ചെയ്തിഎല്ലാം പൊന്നുതമ്പുരാൻ വായിച്ചു കണ്ടെഴുത്തു ദിവാൻപേഷ്കാരെ കേൾപ്പിച്ചുവക്കയുംവേണം.

ഇച്ചെയ്തിക്കു സാധനമെഴുതിയ,
ദിവാൻ കെ. കൃഷ്ണസ്വാമിരായർ
ദിവാൻ ബഹദൂർ സി- ഐ- ഇ.

നമ്പ്ര ൨൮൯/൭൯.

൧൦൬൦-ാമാണ്ടു വൃശ്ചികമാസം ൨൭-ാം
൧൮൮൪-ാംവർഷം ഡിസംബർമാസം ൧൧-ാം

ചെങ്കോട്ട.

ഇവിടത്തെ ചെയ്തിആവിതു.

Scheme report of Puthur village Shencottah taluk

ചെങ്കോട്ടതാലൂക്കിൽ പുത്തൂർപകുതിയിൽ ബ്ലാക്കിട്ട സ്റ്റേറ്റമെൻറുക തയ്യാറാക്കി അയയ്പാൻ പ്രൊബെഷണറി സൂപ്പർവൈസരെ ചുമതലപ്പെടുത്തിയിട്ടുള്ളതിൻവണ്ണം ബ്ലാക്കിട്ടസ്റ്റേറ്റമെൻറുകൾ സഹിതം വന്നിട്ടുള്ള സൂപ്പർവൈസരിടെ ൨-ാം നമ്പർ റിപ്പോർട്ടും സ്റ്റേറ്റമെൻറ തരവാരി മുതലായതും ഇതോടൊന്നിച്ചയച്ചിരിക്കുന്നു.

സൂപ്പർവൈസരിടെ റിപ്പോർട്ടിൽ ഇതുസംബന്ധമായ പൂർണ്ണവിവരങ്ങൾ ഉള്ളതായികാണുന്നു. ഈ പകുതി പുളിയറമണിയത്തിലുൾപ്പെട്ടതും ആ മണിയത്തിലെ കരക്കൂട്ടങ്ങളിന്റേയും വസ്തുക്കളുടെ സ്ഥിതിഭേദവും കുറിച്ചു പുളിയറ പകുതിയിലെക്കു അയക്കുന്ന റിപ്പോർട്ടിൽ വിശദമായും പ്രസ്താവിച്ചിട്ടുള്ളതും അതിൽ കൂടുതലായി ഒന്നും ബോധിപ്പിപ്പാനില്ലാത്തതും മുൻ റേട്ടിൻേറയും നാളത്തെ റേറ്റിൻേറയും സാമ്യം അറിയുന്നതിനു പുറവു തിരിച്ചു ഒരു സ്റ്റേറ്റമെൻറ കൂടി തയ്യാറാക്കിച്ചു ഇതോടു ചേർത്തിട്ടുള്ളതും ആകയാൽ വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്തി എല്ലാം സുബ്രഹ്മണ്യയ്യൻ വായിച്ചു രാജശ്രീ കണക്കെഴുത്തു ദിവാൻ പേഷ്ക്കാരവർകളെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

ഇച്ചെയ്തിക്കു സാധനം എഴുതിയ
കണക്കെഴുത്തു അസിസ്റ്റൻറ,
വെങ്കിടേശ്വരയ്യൻ.

നമ്പർ ൧. ഉള്ളടക്കം

൧൦൬൦-ാമാണ്ടു വൃശ്ചികമാസം ൧൫-ാം.

ചെങ്കോട്ട റെഞ്ചു പുത്തൂർ പകുതിയിലെ ബ്ലാക്ക സ്റ്റേറ്റമെണ്ടുകളോടുകൂടി
അയക്കുന്ന റിപ്പോർട്ട്

പുത്തൂർപകുതിക്കു തയ്യാറാക്കിച്ചിട്ടുള്ള നിലം പുരയിടം വക ബ്ലാക്ക സ്റ്റേറ്റമെൻറ കടലാസ എണ്ണം 13-ം തരവാരി ബുക്കുകൾ രണ്ടുപ്രതിവീതം എണ്ണം 4-ം ബ്ലാക്കമാക്ക ചെയ്യപ്പെട്ട പ്ലാൻ ഷീററ 3-ം ഇതിനോടയച്ചുകൊള്ളുന്നു.

ഈ പകുതിയിൽ ബ്ലാക്കവേലയ്ക്കു ആദ്യം ഇവിടെ സൂപ്പർ വൈസർ ആയിരുന്ന വേലുപ്പിള്ള അവർകളേയും അതിൽപിന്നീടു പ്രൊബെഷണറിസൂപ്പർവൈസർ ആയിരുന്ന മാതെവൻപിള്ള അവർകളേയും ഒടുവിൽ ൩൬൭൯/൧൮൮൩-ാമതു നമ്പരായി ൧൦൫൯ മിഥുനം ൧൫-ാം-ഏഴുതിവന്നിട്ടുള്ള ഉത്തരവുംപ്രകാരം എന്നെയും ചുമതലപ്പെടുത്തീട്ടുള്ളതാകുന്നു.

സൂപ്പർവൈസർ വേലുപ്പിള്ള അവർകൾ ഈ പകുതിയിലെ ജമ്പുപുഞ്ച ഒഴിച്ചു ശേഷംപുരയിടങ്ങൾക്കു തരമിട്ടിരുന്നതായും പ്രൊബെഷണറിസൂപ്പർ വൈസർ മാതേവൻപിള്ള അവർകൾ ജമ്പുപുഞ്ചയ്ക്കുകൂടി തരമിട്ടു തരവാരിതീർത്തയച്ചു സംക്ഷമത്തുനിന്നും മുദ്രവച്ചു വന്നിട്ടുള്ള പ്രകാരവും കാണുന്നു. പിന്നീടു പുരയിടങ്ങൾക്കു രാജശ്രീ അസിസ്റ്റൻറവർകൾ തരങ്ങൾ ഭേദപ്പെടുത്തിട്ടുണ്ടു.

ബ്ലാക്കവേലയ്ക്കു എന്നെ ചുമതലപ്പെടുത്തിയുണ്ടായ ഉത്തരവിൽ ഈ പകുതിയിലെ ഉത്തമനമുതലായ വസ്തുക്കൾക്കു മെമ്മൊ അനുസരിച്ചു തരങ്ങൾ ഭേദപ്പെടുത്തി കൊള്ളണമെന്നുകൂടി വിവരിച്ചിട്ടുള്ളതിനാൽ ഉത്തമനകൾക്കും ബ്ലാക്ക യോജിപ്പിനേയും മററും ഉദ്ദേശിച്ചു വേറെ എട്ടു നമ്പർകൾക്കും കൂടുതൽ തരം ഇട്ടിട്ടുള്ളതും തെങ്ങുകളിടെ തരത്തിനു ഞാൻ യാതൊരു ഭേദവും ചെയ്തിട്ടില്ലാത്തതുമാകുന്നു.

നിലം വകയ്ക്കു ഞാൻതന്നെ സ്ഥലത്തുചെന്നു നോക്കിതരമിട്ടിട്ടുള്ളതാണെ.

ഈ പകുതി പുളിയറ മണിയത്തിൽ ഒരുഭാഗമാകുന്നു. പകുതിമൊത്തം സർവെ നമ്പ്ര ൧൩൦-ക്കു റവന്യുനമ്പ്ര ൩൯.

ഈ പകുതിക്കു വടക്കുവശം മലയും പടിഞ്ഞാറു പുളിയറപകുതിയും തെക്കു കക്കടിപകുതിയും കിഴക്കു കക്കടി ചെങ്കോട്ട ഈ രണ്ടുപകുതികളുമാകുന്നു.

പകുതി ഒട്ടുക്കു 1223 ഏക്കർ 20 സെൻറ വിസ്തീർണ്ണമുണ്ടു. അതിൽ 192 ഏക്കർ 95 സെൻറ പുറമ്പോക്കും ശേഷമുള്ളതിൽ 371 ഏക്കർ 46 സെൻറ നിലവും 658 ഏക്കർ 79 സെൻറ പുരയിടവുമാണ്. നിലം പുരയിടം മുതലായതിന്റെ വിസ്തീർണ്ണവിവരം താഴെ പതിച്ചിരിക്കുന്നു.

| നമ്പർ | ഇനം | വിസ്തീർണ്ണം | |
|---|---|---|---|
| | | ഏക്കർ | സെൻറ |
| 1 | ആയക്കെട്ടുംപടി നിലം | 365 | 15 |
| 2 | പുരയിടം കഴിച്ചു നിലം | 3 | 45 |
| 3 | പുതുവൽ നിലം | 2 | 86 |
| 4 | ആയക്കെട്ടുംപടി പുരയിടം | 582 | 45 |
| 5 | നിലം നികത്തി പുരയിടം | 46 | 87 |
| 6 | ഊഴമന | 25 | 79 |
| 7 | പുതുവൽ പുരയിടം | 3 | 68 |
| 8 | പുറമ്പോക്കു | 192 | 95 |
| | ആകെ. | 1,223 | 20 |

ഈ പട്ടികകൊണ്ടു ഈ പകുതിയിൽ നിലത്തെക്കാൾ പുരയിടമാണധികമുള്ളതെന്നു വെളിവാകുന്നു.

ഈ റിപ്പോർട്ടു സഹിതം അയക്കപ്പെടുന്നതു താഴെപറയുന്ന 6 ഇനങ്ങളിലായി 14 കൂട്ടം സ്റ്റേറ്റുമെൻറുകളാകുന്നു.

I. നിലം വകകൾ.

1. തരവും തീർവയും തിരിച്ചു നമ്പർവാരി സ്റ്റേറ്റുമെൻറ.
2. ടി യിൽ നിന്നും തരവും ഇനവും തീർവയും തിരിച്ചു എടുത്തെഴുതിയ സ്റ്റേറ്റുമെൻറ.
3. ടി യിൽ നിന്നും ഇനം തിരിച്ചു എടുത്തെഴുതിയ സ്റ്റേറ്റുമെൻറ.

II. പുരയിടം കഴിച്ചു നിലം വകകൾ മേൽപ്രകാരം മൂന്നു സ്റ്റേറ്റുമെൻറുകൾ.

III. മേലെഴുതിയ രണ്ടിനം നിലങ്ങൾക്കുംകൂടി ആകത്തുകക്കു തരംതിരിച്ചു ഒരു സ്റ്റേറ്റുമെൻറ.

IV. പുരയിടം വകകൾ ഇനം തിരിച്ചു

1. നമ്പർവാരി സ്റ്റേറ്റുമെൻറ.
2. ടി യിൽ നിന്നും ഇനംതിരിച്ചു എടുത്തെഴുതിയ സ്റ്റേറ്റുമെൻറ.
3. ടി യിൽ നിന്നും തരംതിരിച്ചു എടുത്തെഴുതിയ സ്റ്റേറ്റുമെൻറ.

V. നിലം നികത്തി പുരയിടങ്ങൾക്ക മേൽപ്രകാരം മുന്ന സ്റ്റേറമെൻറുകൾ.

VI. ആക നിലം പുരയിടം വകക്ക മൊത്തം സ്റ്റേറമെൻറ.

സ്റ്റേറമെൻറ ഫാറത്തിൽ പുരയിടം വകക്ക മുൻ വൃക്ഷപ്പാട്ടം മുതലായ്ത്ത അറിവാൻ തക്ക കണക്കില്ലാഴികയാൽ ആ കാളങ്ങളിൽ ഒന്നും പതിപ്പിച്ചിട്ടില്ലാ. ജപ്തി പുരയിടങ്ങൾക്ക പത്താണ്ടത്തെ പയിർ ശരാശരി തുകയെ വകരണ്ടിൽ പാട്ടംഎന്ന കാളത്തിലും ജമാബന്തി കണക്കുപ്രകാരമുള്ള തുകയെ റിതിപ്പിൻപടി കരത്തിൻെറ കാളത്തിലും നാളതു ഇനത്തിന ഫാറത്തിൽ കാളമില്ലാത്തതുകൊണ്ടു ആ വിവരം റിമാൿ കാളത്തിലും പതിപ്പിച്ചിരിക്കുന്നു.

പെരുമ്പറ ജപ്തി ഈ ഇനങ്ങൾക്ക കറവുനിക്കിപ്പാട്ടവും ഉഭയ ഉമ്പളത്തിന പ്രൊസീഡിംഗസ് അനുസരിച്ചും ഭട്ടവൃത്തിക്ക അസിസ്റ്റൻറാപ്പീസിലെ തീച്ചപ്പടിയും പണ്ടാരവക കററിയുടെ ക്രമത്തിന ഇറപ്പു വരുത്തിട്ടുണ്ടു.

ഉമ്പളം, മാപ്പം, ദ്വാദശിപ്പം, നന്താവനപ്പം, ദേവദായം, ഈ ഇനങ്ങൾക്ക നാളതു കണ്ടപാട്ടം മുൻ കണക്കിൻപടിയുള്ള തിരിപ്പും ഇറപ്പുംകൂടിയുള്ള തുകയിൽനിന്നും കൂടുതലായി വന്ന വകക്ക തിരിപ്പു നിക്കിയുള്ള പാട്ടത്തിനെ ഇറപ്പായും കറവായിട്ടു വന്നതിലേക്ക തിരിപ്പും ഇറപ്പും വീതം പോലേയും പതിച്ചിട്ടുള്ളതാകുന്നു.

ബ്രഹ്മാദായത്തിന മുൻകരത്തിനെയാണ ഇറപ്പുകാളത്തിൽ പതിച്ചിട്ടുള്ളതു.

പുതുവൽ, നിവത്തൽ, ഈ വകക്ക പാട്ടക്കരം പതിച്ചിട്ടുണ്ടു.

ബ്ലാക്ക സ്റ്റേറമെൻറുകൾ അയക്കുന്നതിനോടുകൂടി നിലം പുരയിടങ്ങൾക്ക തരം നിശ്ചയിച്ച ക്രമത്തെയും മററും കറിച്ചു ഒരു നോട്ടു അയക്കേണ്ടതായിട്ടുള്ളതും അതിലേക്ക പകരമായി ഈ റിപ്പോട്ടു അയച്ചു കൊള്ളുന്നതുമാകുന്നു.

I. നിലങ്ങൾക്ക വിവരം.

ഈ പകുതി ഒട്ടുക്ക കണക്കുംപടി 247 കോട്ട 2 മരയ്ക്കാൽ നിലമുള്ളതായും അതിൽ 28 കോട്ട 10 മരയ്ക്കാൽ 5 പടിനിലം ഇപ്പോൾ പുരയിടമാക്കിയിരിക്കുന്നപ്രകാരവും നിക്കി 218 കോട്ട 12 മരയ്ക്കാൽ 3 പടിനിലം ഉണ്ടെന്നും അതുനാളതു ഏരിയാപ്പടി കോട്ട ഒന്നുക്ക 147 സെൻറ വീതം 248 കോട്ട 7 മരയ്ക്കാൽ 5 പടി നിലമാകുന്നുണ്ടെന്നും കാണുന്നു.

പുരയിടം കഴിച്ചു നിലമായ്ത്ത 3 ഏക്കർ 45 സെൻറ വിസ്തീണ്ണമാകുന്നു. 147 സെൻറ ഒരു കൊട്ടയാകുന്ന ക്രമത്തിന അതു 2 കോട്ട 7 മരയ്ക്കാൽ 3 പടി നിലമായിട്ടുണ്ടു.

പുതുവൽ നിലം 1 കോട്ട 19 മരയ്ക്കാൽ 7 പടിയാണുള്ളതു.

ആക പകുതി മൊത്തം നാളതു 252 കോട്ട 13 മരയ്ക്കാൽ 7 പടി നിലമുള്ളതാകുന്നു.

മേലെഴുതിയ തുക കണക്കുംപടിയുള്ളതിൽ പുരയിടമായ്ത്ത നിക്കിയുള്ള നിലത്തുകയിൽ നിന്നും 34 കോട്ട 1 മരയ്ക്കാൽ 4 പടി കൂടുതലാണ. അതിൽ പുരയിടം കഴിച്ചു നിലമായ്ത്തും പുതുവലും നിക്കി 29 കോട്ട 16 മരയ്ക്കാൽ 2 പടി നിലം വിസ്തീണ്ണത്തിൻപേരിൽ കൂടുതൽ വന്നതാകുന്നു.

ഈ വിസ്തീണ്ണകൂടുതൽ ഈ പകുതിയിൽ 21 പുരവുകൾ ഉള്ളതിൽ രണ്ടു ഒഴിച്ചു ശേഷം എല്ലാ പുരവുകളിലും കൂടി വന്നിട്ടുള്ളതാകുന്നു.

കൂടുതലിൽ 13 കോട്ട 1 മരയ്ക്കാൽ 2 പടി ജപ്തി പുരവുകളിലാണ. ആ പുരവുകളിലെ നിലങ്ങൾക്ക മുന്ന വിസ്തീണ്ണം ബ്രട്ടീഷ് കണക്കുംപടി കോട്ടക്ക 162 സെൻറ വീതം ഉള്ളതും അതുകൾക്ക 147 സെൻറവീതം കണക്കാക്കിയതിൽ കൂടുതലിന ഇടയായതും ആകുന്നു. ശേഷം ഉള്ള കൂടുതലിന വിശേഷകാരണം കാണുന്നില്ലാ.

മൊത്തം സ്റ്റേറമെൻറുപടി നിലത്തിന മുൻകരം 871 കോട്ട 7 മരയ്ക്കാൽ 4 പടിക്ക നാളതു കരം 894 കോട്ട 1 മരയ്ക്കാൽ 3 പടി ആയിട്ടുണ്ടു. മുൻ കരത്തിൽനിന്നും നാളതു 22 കോട്ട 14 മരയ്ക്കാൽ 7 പടി നെല്ലു കൂടുതലുള്ളതാകുന്നു. ഇതു രണ്ടര പെർസെൻററ ആയിട്ടൊള്ളു.

ഈ കൂട്ടതലിൽ 9 കോട്ട 4 മരയ്ക്കാൽ നെല്ലു പുതുവലും നിരത്തലും വകയിലുള്ളതാണ. അതു നീക്കി 13 കോട്ട 10 മരയ്ക്കാൽ 7 പടി നെല്ലു മാത്രമാണ മുൻകരത്തിൽ നിന്നും സാക്ഷാൽ കൂട്ടതലായുള്ളതു.

ഈ പകുതിയിൽ 21 പുരവുകളാണുള്ളതെന്നു ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടു. ആ പുരവുകളുടെ പേരും മുൻ വിസ്തീർണ്ണവും മുൻകരവും നാളത്തെ വിസ്തീർണ്ണം കരം ഇതുകളും മുൻകരത്തിൽ നിന്നും നാളതുണ്ടായിരിക്കുന്ന കൂട്ടതൽ കുറവും കാണിക്കുന്നതിനു ഒരു പട്ടിക താഴെ ചേർത്തിരിക്കുന്നു.

| നമ്പർ | പുരവിന്റെ പേരു | മുൻ വിസ്തീർണ്ണം | | | മുൻകരം | | | നാളത്തെ വിസ്തീർണ്ണം | | | നാളത്തെ കരം | | | മുൻ കരത്തിൽ നിന്നും കൂടുതൽ | | | മുൻ കരത്തിൽ നിന്നും കുറവു | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കോ | മ | പ | കോ | മ | പ | കോ | മ | പ | കോ | മ | പ | കോ | മ | പ | കോ | മ | പ |
| 1 | ആഴ്വമാർത്താണ്ഡപ്പേരി | 19 | 15 | 2 | 72 | 10 | 6 | 23 | 7 | 8 | 77 | 13 | ... | 5 | 2 | 2 | ... | ... | ... |
| 2 | പൊന്നമ്മ തിരുത്തു | 13 | 2 | 2 | 42 | 19 | 4 | 14 | 13 | 5 | 45 | 17 | ... | 2 | 18 | 4 | ... | ... | ... |
| 3 | ആറവ പഴുക | 4 | 6 | 3 | 18 | 11 | 3 | 5 | 6 | 2 | 22 | 5 | 3 | 4 | 4 | .. | ... | ... | ... |
| 4 | മുറംകൊട്ട പുരവു | 33 | 2 | 7 | 113 | 10 | 2 | 38 | 9 | 5 | 123 | 18 | 5 | 10 | 8 | 3 | .. | ... | ... |
| 5 | ഇടിഞ്ചാറ | 5 | ... | 7 | 23 | 9 | 5 | 5 | 7 | 2 | 23 | ... | 7 | ... | . | . | ... | 8 | 6 |
| 6 | നെല്ലിയടിമേട് | 5 | 17 | 3 | 22 | 6 | 7 | 6 | 18 | 2 | 26 | 7 | 4 | 4 | . | 5 | ... | ... | ... |
| 7 | പെരിയ ശാമിപ്പുരി | 10 | 6 | 5 | 40 | 6 | 2 | 10 | 9 | 6 | 38 | 9 | 6 | ... | ... | ... | 1 | 17 | 4 |
| 8 | കോവമ്പാറ | 18 | 17 | 5 | 66 | 20 | 6 | 21 | 2 | 2 | 67 | 18 | 1 | ... | 18 | 3 | ... | ... | |
| 9 | അണ്ണാമലം പിള്ള തിരുത്തു | 3 | 2 | 6 | 9 | 3 | 7 | 2 | 20 | ... | 7 | 12 | 3 | ... | ... | .. | 1 | 12 | 4 |
| 10 | ആഴ്വപ്പേരി | 43 | 20 | 3 | 150 | 6 | ... | 49 | 3 | 5 | 150 | 7 | 7 | ... | 1 | 7 | ... | ... | ... |
| 11 | കോരംകഴി | 2 | 3 | 1 | 4 | 12 | ... | 2 | 18 | 7 | 3 | 19 | 3 | .. | ... | ... | ... | 13 | 5 |
| 12 | ആതിവട്ടം തിരുത്തു | | 19 | 4 | 126 | 11 | . | 28 | 16 | 3 | 125 | 10 | 4 | ... | .. | ... | 1 | ... | 4 |
| 13 | ഇടിഞ്ചാറ മറിച്ചുകെട്ടി | 9 | 7 | 3 | 47 | 11 | 7 | 11 | 18 | 7 | 47 | 6 | 4 | ... | ... | ... | ... | [illegible] | 3 |
| 14 | തിർനാരപ്പപിള്ള തിരുത്തു | 1 | ... | 6 | 5 | 11 | 3 | 1 | 5 | ... | 4 | 20 | 3 | ... | ... | ... | ... | 12 | ... |
| 15 | കരടിപ്പാറ പുരവു | ... | 18 | ... | 5 | ... | 3 | ... | 17 | 7 | 4 | 12 | 4 | ... | ... | ... | ... | 8 | 7 |
| 16 | കട്ടികരടിപ്പാറ | 8 | 13 | ... | 49 | 11 | 6 | 10 | 5 | .. | 46 | 15 | 1 | ... | ... | ... | 2 | 17 | 5 |
| 17 | ഇടിഞ്ചാറകാൽ പുരവു | 1 | 11 | 7 | 8 | 20 | 4 | 3 | 2 | 5 | 14 | 16 | 2 | 5 | 16 | 6 | ... | ... | .. |
| 18 | ആറുമുഖ മുതലിയാർ തിരുത്തു | 1 | 14 | 7 | 8 | 2 | 3 | 2 | 15 | 7 | 5 | 12 | 2 | ... | ... | ... | 2 | 11 | 1 |
| 19 | വീരപ്പനായ്ക്കൻ തിരുത്തു | 2 | 10 | 4 | 3 | 5 | 6 | 2 | 11 | 1 | 6 | 17 | 2 | 3 | 11 | 4 | ... | ... | . |
| 20 | കട്ടിപ്പറയ കൊളം | 1 | 19 | 7 | 9 | 19 | 7 | 2 | ... | 6 | 9 | 11 | 2 | ... | ... | ... | ... | 8 | 5 |
| 21 | കണക്കപ്പറ | 6 | 12 | 1 | 42 | 5 | 3 | 8 | 13 | 4 | 40 | 12 | 4 | ... | ... | ... | 1 | 13 | 7 |
| | ആകെ | 218 | 12 | 3 | 871 | 7 | 4 | 252 | 18 | 7 | 894 | 1 | 8 | 36<br>14 | 19<br>4 | 2<br>S | 14 | 4 | 3 |

ഇതിൽ 1 മുതൽ 11-വരെ നമ്പർ ഇട്ടിരിക്കുന്ന പുരവുകൾ ആയക്കെട്ടിൽ കൊണ്ടതും ശേഷമുള്ളതു അയൻജപ്തിവകയുമാകുന്നു.

മുൻകണക്കംപടി 43 കോട്ട 20 മരയ്ക്കാൽ 3 പടി നിലമുള്ള ആയ്യപ്പെരി പുരവാണു ഈ പകുതിയിലേയ്ക്കു ഏറ്റവും വലിയതെന്നും തീരെ ചെറിയപുരവു 18 മരയ്ക്കാൽ നിലം മാത്രമുള്ള കരടിപ്പാറ പുരവാണെന്നും മേൽപട്ടികകൊണ്ടു കാണപ്പെടുന്നു.

പട്ടികയിൽ 7, 9, 11, 18, ഈ നമ്പരുകളിലുള്ള നാലു പുരവുകളും മലയോടടുപ്പിച്ചു കിടക്കുന്നു. ശേഷമുള്ളതിലും ഏതാനും പുരവുകൾ മലംപ്രദേശത്തു കിടക്കുന്നതാകുന്നു.

9 പുരവുകൾക്കു മാത്രമെ നാളതുകരം മുൻകരത്തിൽ നിന്നും കൂടുതലായിട്ടുള്ളു. അതിൽ രണ്ടു പുരവുകൾക്കുള്ള കൂടുതൽ നിസ്സാരമാണു. നീക്കിയുള്ള ഏഴു പുരവുകളിൽ പത്തു പെർസെൻറിനു മേൽ കൂടുതലുള്ളതു താഴെ പറയുന്ന നാലു പുരവുകൾ മാത്രമാകുന്നു.

| പുരവു നമ്പർ | |
|---|---|
| 3 ആറമപട്ടക | 23 പെർസെൻറ കൂടുതൽ |
| 6 നെല്ലിയടിമേട | 18 പെർസെൻറ കൂടുതൽ |
| 17 ഇടിഞ്ഞാറകാൽ പുരവു | 64 പെർസെൻറ കൂടുതൽ |
| 19 വിരപ്പനായ്ക്കൻ തിരുത്തു | 48 പെർസെൻറ കൂടുതൽ |

3, 6, ഈ നമ്പർ പുരവുകളിൽ വിസ്തീർണ്ണക്കൂടുതൽ നിമിത്തം നാളതു കരം കൂടുതൽ വന്നതാണു.

17-ാമതു നമ്പർ ഇടിഞ്ഞാറകാൽ പുരവിൽ 4 കോട്ട 18 മരയ്ക്കാൽ 1 പടിനെല്ലു പുതുവൽ വകയിൽ കൂടുതലും അതു നീക്കിയുള്ള കൂടുതൽ നിസ്സാരവുമാകുന്നു.

19-ാമതു നമ്പർ വീരപ്പനായ്ക്കൻ തിരുത്തു പുരവിലുള്ള നിലം ജപ്തിഇനമാണു. അതു കററലനാഥസ്വാമി ദേവസ്വം ഉച്ചന്തി കട്ടിളവകയെന്നും അതിലേയ്ക്കു പിററവക ഉൾപ്പടെ കോട്ട ഒന്നിനു 1 കോട്ട 6 മരയ്ക്കാൽ 4 പടി നെല്ലു മാത്രമെ ഇറപ്പൊള്ളു എന്നും കണക്കിൽ കാണുന്നു ഈ നിലം കട്ടിളവകയായിരിക്കുന്ന സ്ഥിതിക്കു അതിലേക്കു തിരിപ്പുണ്ടായിരിപ്പാൻ ഇടയുള്ളതും ആ വിവരം കണക്കു കൊണ്ടറിവാൻ പാടില്ലാതിരിക്കുന്നതുമാകയാൽ വിചാരണയിന്മേൽ തിരിപ്പിന്റെ വിവരം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. ഇപ്പോൾ ഇതിലേക്കു അയലിനൊപ്പം തരമിട്ടു കണ്ടപാട്ടത്തിനെ ഇറപ്പു വരുത്തിയിരിക്കുന്നതും തിരിപ്പു നീക്കി തുക വരുത്തുമ്പോൾ പെർസെൻറെജ് കറയുമെന്നുള്ളതുമാകുന്നു.

12 പുരവുകൾക്കു നാളതുകരം മുൻകരത്തിൽ നിന്നും കുറവാണു. ആ കുറവു സ്വല്പം സ്വല്പമായിട്ടു മാത്രമെയുള്ളു. അതിനാൽ ആ കുറവിനെപ്പററി വിശേഷവിധിയായി ഒന്നും ബോധിപ്പിക്കാനില്ല.

ഇവിടെ നിലത്തിനു തരംനിശ്ചയിച്ചതു ഭൂമിയുടെ കിടപ്പും മൺപാടിന്റെ ഗുണദോഷവും കടകമ്പോളം റോഡ്ഇതുകൾക്കുമായുള്ള ദൂരസാമീപ്യവും നോക്കിയും ഉൽപ്പത്തിയിടെ സ്ഥിതിയെപ്പററി അന്വെഷിച്ചറിഞ്ഞുമാകുന്നു.

ഈ പകുതിയിലെ നിലങ്ങളുടെ മൺപാട്ട അത്രവിശേഷമായിട്ടുള്ളതല്ലാ. മിക്കവാറും നിലം മണലും ചാലും ചേൎന്നതാകുന്നു. ചുവന്ന കളിയും മണലും ചേൎന്നതായും ഏതാനും നിലം കാണ്മാനുണ്ട.

നിലങ്ങൾക്ക ഇവിടെ ൧ മുതൽ ൧൨ വരെ തരമാണിട്ടിട്ടുള്ളതു. ൧ൽക്കൂടുതലായ തരം കൂട്ടിട്ടില്ലാ. ൧൨ ാംതരമിട്ടിട്ടുള്ളതു തരിശും ദുർഭൂമിയുമായി കിടപ്പുള്ള നിവത്തൽ നിലത്തിനാകുന്നു.

തരംനിശ്ചയിച്ചതു മൻകരത്തിന്റെ നിലയെക്കൂടിയോജിപ്പിച്ചും കഴിയുന്നതും ണ്യാക്ക ചേൎത്തുമാണ.

ഈ പകുതിയിൽ ഉൾപ്പെട്ടിരിക്കുന്ന പുളിയറ മണിയത്തിൽ ഈ താലൂക്കിലുള്ള മറ്റു മണിയങ്ങളിലെപ്പോലെ വിരിപ്പ ഏൎപ്പാടുണ്ടായിട്ടില്ലാ. ആയക്കെട്ടുപടിയുള്ള കൂടുതൽകരത്തിനെയാണ തിട്ടിച്ചുവരുന്നതു.

ജപ്തിനിലങ്ങൾക്ക കണക്കിൽ ഇരുപ്പൂവും ഒരുപ്പൂവും കരംകൊണ്ടിട്ടുണ്ടായിരുന്നു. കരക്കൂടുതലിനെപ്പററി പരാതിഉണ്ടായതിന്മേൽ കല്പനപ്രകാരം ൧൦൮൧ ാമാണ്ട ധനുമാസം൧൬ നു-ഹജൂരിൽ നിന്നും ഉണ്ടായഉത്തരവനുസരിച്ച ആവക എല്ലാനിലത്തിനും കോട്ടകന്നിനുഒരുപ്പൂവിൽ കൂടുതൽറേട്ടായ ൫-കോട്ട ൧൪-മരയ്ക്കാൽ ൧ പടിനെല്ലുറീതം തിട്ടിച്ചുവരുന്നു.

ആയക്കെട്ടും പടിയുള്ള നിലങ്ങൾക്ക ആയക്കെട്ട കരത്തിനേയും ജപ്തിനിലത്തിനുമേലെഴുതിയ റേററിനേയും അടിസ്ഥാനമാക്കിയാണ തരം നിശ്ചയിച്ചിട്ടുള്ളതു.

ഈ പകുതിയിലെ ജലാധാരസ്ഥിതി വളരെ മോശമാണ. ഇവിടെയുള്ളതിൽ പ്രധാനമായ ജലമാൎഗ്ഗം ഹരിഹരനദിയാകുന്നു. ഈ നദിപുളിയറ പകുതിയുടെപടിഞ്ഞാറുള്ള മലയിൽനിന്നും ഉത്ഭവിച്ചു ഈ പകുതിയിൽ കൂടി ചെങ്കോട്ട പകുതിക്ക പോകുന്നതാകുന്നു. ഈ നദിയിൽ ഇവിടെ രണ്ടണകൾ ഇട്ടിട്ടുണ്ട. ഒരണയിൽ നിന്നു മെൽപട്ടികയിൽ മൂന്നാമതു നമ്പർ ആററ പടുകപ്പുരവിലേക്കും മററഅണയിൽനിന്നു ഒന്നാംനമ്പർ ആഴ്വമാത്താണ്ഡപ്പേരിപുരവിലെ ഏതാനും ഭാഗത്തിനും വെള്ളംപായുന്നു.

ശേഷമുള്ളതിൽ ൩ ാം നമ്പർ നെല്ലിയടിമേടും ൬ ാം നമ്പർ ഇടിഞ്ഞാറ പുരവും ഒഴിച്ചു മററപുരവുകൾക്ക കുളങ്ങൾഉണ്ട. ആ കുളങ്ങളിലേക്ക മലയിൽ നിന്നുംവരുന്ന ചില്ലറയായ കാലുകൾ വഴി വെള്ളം പായുന്നതാകുന്നു. മേലെഴുതിയ രണ്ടുപുരവുകൾക്കും സമീപമുള്ള അടുത്ത പുരവുകളിലെ കഴിവുവെള്ളവുമാണ ഉപയോഗപ്പെട്ടുവരുന്നതു.

൧ ാം നമ്പർ പെരിയശാമിപ്പേരിപുരവിൽ ഏതാനുംനിലം ഇപ്പോൾ നികന്നു നെൽകൃഷിക്ക ഉപയോഗമില്ലാതെയും കാണുകയാൽ അതിനെ പുരയിടമായി ചേൎത്തിരിക്കുന്നു.

൧൦ ാം നമ്പർ ആഴ്വപ്പേരി പുരവിലേക്ക മൂന്നു കുളങ്ങൾ ഉള്ളതിൽ ഒരു കുളത്തിന്റെ മദ്ധ്യേക്കൂടി റയിൽറോഡ വെട്ടുകയാൽ ആ കുളം ഉടകുളമായി തീരുകയും അതു നിമിത്തം ആ പുരവിൽ ഏതാനും നിലങ്ങൾ തരിശാകയും ചെയ്തിട്ടുണ്ട. ആ നിലങ്ങൾക്ക ഇപ്പോൾ ൧൧-ാംതരം ഇട്ടിരിക്കുന്നു. ആകുളത്തിന്റെ ഒരററത്തു വരമ്പു പിടിപ്പിച്ചു നന്നാക്കുന്നതായാൽ ആനിലങ്ങൾക്ക കൂടുതൽ റേററ ഏൎപ്പെടുത്താവുന്നതാകുന്നു.

ഈ പകുതികളുടെ നിലത്തിനെ ഇനം തിരിച്ചും വിസ്തീൎണ്ണം കരം മുതലായ്തു കാണിച്ചും ഒരുപട്ടിക താഴെചേൎത്തിരിക്കുന്നു.

| നമ്പർ | ഇനം | നാളതു വിസ്തീർണ്ണം | | | മുൻകരം | | | നാളതുകരം | | | മുൻകരത്തിൽനിന്നും കൂടുതൽ | | | മുൻകരത്തിൽനിന്നും കുറവു | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കോട്ട | മരക്കാൽ | പടി | കോട്ട | മരക്കാൽ | പടി | കോട്ട | മരക്കാൽ | പടി | കോട്ട | മരക്കാൽ | പടി | കോട്ട | മരക്കാൽ | പടി |
| 1 | പെരുമ്പാറ | 157 | 18 | 6 | 594 | 5 | 6 | 547 | 9 | 7 | 13 | 4 | 1 | ... | ... | .. |
| 2 | ജപ്തിയും അയനം | 70 | 17 | 2 | 306 | 15 | ... | 302 | 11 | 2 | ... | .. | .. | 4 | 3 | 6 |
| 3 | ഉഭയഉമ്പലം | 6 | 20 | 3 | 20 | 19 | 6 | 21 | 19 | ... | ... | 20 | 2 | ... | .. | .. |
| 4 | ഭട്ടവൃത്തി | 1 | 12 | 3 | 1 | 13 | 2 | 1 | 13 | 2 | .. | . | ... | ... | ... | ... |
| 5 | ഉമ്പലം | 1 | 7 | 4 | 1 | 11 | 3 | 1 | 13 | 5 | ... | 2 | 2 | ... | ... | ... |
| 6 | മഠപ്രം | 1 | 19 | 3 | 1 | 2 | 6 | 1 | ... | 5 | ... | .. | ... | ... | 2 | 1 |
| 7 | ചോദശിപ്രം | 1 | ... | ... | ... | 11 | 2 | .. | 20 | ... | ... | 8 | 6 | ... | ... | ... |
| 8 | നന്തവനപ്രം | 3 | 9 | 1 | 1 | 18 | 6 | 4 | 17 | 4 | 2 | 19 | 6 | ... | ... | . |
| 9 | ദേവാലയം | 4 | 3 | 2 | 2 | 14 | 5 | 2 | 18 | 2 | ... | 3 | 5 | ... | ... | ... |
| 10 | നിരത്തലും വിതിപ്പിൽചേരാത്തവകയും | 1 | 12 | .. | ... | ... | ... | 2 | 11 | 1 | 2 | 11 | 1 | ... | ... | ... |
| 11 | പുതുവൽ | 1 | 19 | 7 | ... | ... | ... | 6 | 13 | 7 | 6 | 13 | 7 | .. | ... | ... |
| | തുക | 252 | 13 | 7 | 871 | 7 | 4 | 894 | 1 | 3 | 26<br>4 | 20<br>5 | 6<br>7 | 4 | | 7 |

22- 14- 7

ഈ പട്ടിക കൊണ്ടു ഈപകുതിയിൽ പെരുമ്പാറനിലമാണ് അധികമുള്ളതെന്നും അതുകഴിഞ്ഞാൽ ജപ്തിനിലം ജാസ്തിയെന്നും മററിനങ്ങളിൽ നിലങ്ങൾ ചുരുക്കമായിട്ടേയുള്ളുഎന്നു കാണപ്പെടുന്നു.

ഇതിൽ ഭട്ടവൃത്തിക്കു മുൻകരവും നാളതുകരവും തുല്യമായിരിക്കുന്നു. ജപ്തിക്കും മററു ത്തിനും സ്വല്പം കുറവുണ്ടു. ശേഷംഇനങ്ങൾക്കു കുറേശ്ശക്കൂടുതലുള്ളതാകുന്നു. കൂടുതൽവകയിൽ നന്തവനപ്രത്തിന്മാത്രമാണു അധികം ജാസ്തിവന്നിരിക്കുന്നതു. ആ ഇനത്തിൽ ൩ നമ്പർകളെയുള്ളു. ആ നമ്പർകൾ ഇടവിട്ടുകിടക്കുന്നതും അതുകൾക്കു ചുററമുള്ള നിലങ്ങളോടൊപ്പം ഏഴും എട്ടും തരങ്ങൾ ഇട്ടിട്ടുള്ളതാകുന്നു.

മൺപാടിന്റെഗുണം നോക്കുംപോൾ ആ നിലങ്ങൾക്കു ഏല്പെട്ടുത്തിയിരിക്കുന്ന തരം കൂടുതലെന്നു പറവാനില്ലാ.

മുൻകരത്തിനെമാത്രം നോക്കി തരമിടുന്നപക്ഷം ഈ ആറ നമ്പർകളെയും ചേർച്ചയില്ലാത്തവിധത്തിൽ നാലുപ്രത്യേകബ്ലോക്കുകളായി തിരിക്കേണ്ടിവരുമെന്നും അപ്രകാരം ചെയ്യുന്നതു ഭംഗിയല്ലെന്നും വിചാരിച്ചു അതുകളിടെതരത്തിനെ ഭേദപ്പെടുത്തിയിട്ടില്ലാത്തതും ഉത്തരവുണ്ടാകുന്നതുപോലെ ഇതിലേക്കു തരം വ്യവസ്ഥപ്പെടുത്തേണ്ടതായിരിക്കുന്നതുമാകുന്നു.

പകുതിക്കു ഉള്ളതിന് ൧൦൩-കോട്ട ൧-മരയ്ക്കാൽ ൭-പടി നിലം ഇരുപ്പൂവായും ൧൪൩-കോട്ട ൬-മരയ്ക്കാൽ ൩-പടിനിലം ഒരുപ്പൂവായിട്ടും മുൻകണക്കുംപടി പതിവുള്ളതായും ഒരുപ്പൂവായിപതിഞ്ഞതിൽ ൧൨൨-കോട്ട ൨൦ മരയ്ക്കാൽ നിലം ഇപ്പോൾ ഇരുപ്പൂവായിട്ടുണ്ടെന്നും കാണുന്നു,

പുതുവലും പുരയിടംകഴിച്ച നിലമായതും ഉൾപ്പെടെ ഇപ്പോൾ ൨൩൦-കോട്ട ൭-പടി നിലം ഇരുപ്പൂവും ൨൨-കോട്ട ൧൩-മരയ്ക്കാൽ നിലം ഒരുപ്പൂവുമാകുന്നു.

ഒരുപ്പൂനിലങ്ങൾ പലപുരവകളിലായി കിടപ്പും അതുകൾ ഇരുപ്പൂകൃഷിക്കു യോഗ്യമല്ലെന്നു പരിശോധനയിൽ കാണപ്പെട്ടിട്ടുള്ളതുമാകുന്നു.

ഒരുപ്പൂ ഇരുപ്പൂവായവകയിൽ ഇപ്പോൾ ൨൭-കോട്ട൭-മരയ്ക്കാൽ ൫ പടിനെല്ലു കൂടുതലുണ്ടു. അതു ൩ പെർസെന്റ ആയിട്ടൊള്ളു.

പുരയിടംകഴിച്ച നിലമായവകയിൽ പെരുമ്പററിൽ ൨-കോട്ട ൪ മരയ്ക്കാൽ ൩ പടിയും ജപ്തിയിൽ ൨-മരയ്ക്കാലും നിലമുള്ളതാകുന്നു. അതിലേക്കു ഇപ്പോൾ ൨-കോട്ട ൧൨ മരയ്ക്കാൽ ൨ പടിനെല്ലു കൂടുതൽകരം വന്നിട്ടുണ്ടു.

## II. പുരയിടംവകക്കുവിവരം.

ഈ പകുതിയിൽ നിലത്തിനെക്കാൾ പുരയിടമാണധികമുള്ളതെന്നു ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടു. ആ വകയിൽ മൊത്തം ൩൭൨ ഏക്കർ ൭൯-സെന്റ വിസ്തീർണ്ണമുള്ളതായി കാണുന്നു.

പുരയിടങ്ങളെ ആയക്കെട്ടുംപടി പുരയിടം, നിലംനികത്തിപുരയിടം, ഊരമന, പുതുവൽ, ഇങ്ങനെ ൪ വിധം ഭാഗങ്ങളായിതിരിച്ച ഓരോവിഭാഗത്തിനും പ്രത്യേകം പ്രത്യേകം നമ്പർവാരി സ്റ്റേറ്റമെന്റ തയ്യാറാക്കിച്ചിട്ടുള്ളതാകുന്നു.

ആയക്കെട്ടുംപടിയുള്ള പുരയിടം ൬൪൨-ഏക്കർ ൪൯ സെന്റ വിസ്തീർണ്ണമുണ്ടു. ഇതിൽ അയൻ, ജപ്തി ഈ ഇനങ്ങളിലെ പുരയിടങ്ങളെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. അയൻജപ്തിപുരയിടങ്ങൾക്കു ൨൪൭-ഏക്കർ ൯൩ സെന്റ വിസ്തീർണ്ണമുള്ളതാകുന്നു. അതുനീക്കി സാക്ഷാൽ ആയക്കെട്ടുംപടി പുരയിടത്തിനു ൩൯൪-ഏക്കർ ൫൬-സെന്റ വിസ്തീർണ്ണമാണുള്ളതു.

ഈ പുരയിടങ്ങളിലെ മൺപാട മിക്കവാറും അധികം ചരലും മണലുംചേൎന്ന ചുവപ്പുമണ്ണാകുന്നു. വൃക്ഷങ്ങൾ വളരെചുരുക്കമാണു. പുരയിടങ്ങളിൽ സാധാരണമായി ചോളം, ഉഴുന്നു, വരക, ചയറ മുതലായ ധാന്യങ്ങൾ കൃഷിചെയ്യുന്നുണ്ടു.

ഈ പുരയിടങ്ങൾക്കു ൫-മുതൽ ൧൧-വരെ തരങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

ഭൂമിയിലെ ഗുണദോഷങ്ങൾ അനുസരിച്ച പുരയിടങ്ങളെ പലതാക്കുകളായി തിരിച്ചാണു തരം ഏർപ്പെടുത്തിയിരിക്കുന്നതു.

ആയക്കെട്ടുപുരയിടംവകയിൽ ഓരോതരത്തിലും ഉൾപ്പെടുന്ന വിസ്തീർണ്ണവിവരം താഴെ ചേൎക്കുന്നു.

| തരം | വിസ്തീർണ്ണം | |
|---|---|---|
| | ഏക്കർ | സെന്റ |
| 5 | ... | 31 |
| 6 | 27 | 67 |
| 8 | 52 | 42 |
| 9 | 164 | 93 |
| 10 | 33 | 77 |
| 11 | 50 | 33 |
| ആകെ | 334 | 49 |

ഒന്നാംതരംവച്ചിരിക്കുന്നതു ആററുതീരത്തിൽ നിലങ്ങളുടെ ഇടയ്ക്കുകിടക്കുന്ന നമ്പർകൾക്കാകുന്നു. രണ്ടാംതരംവച്ചിട്ടുള്ളതും ആററുവാരത്തു ഗുണമുള്ളതായി കാണപ്പെടുന്ന പുരയിടങ്ങൾ തന്നെ. മററതരങ്ങൾ അതതുഭൂമിയിടെ സ്വഭാവമനുസരിച്ചു നിശ്ചയിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു.

ഈ പുരയിടങ്ങൾക്കു മുൻ കരം 1,407 പണം 14 കാശിനു നാളത്തു കരം 1,62[illegible] പണം വന്നിരിക്കുന്നു.

ഈ വകയിൽ 219 പണം 3 ചക്രം 2 കാശു മുൻകരത്തിൽനിന്നും കൂടുതലുണ്ടു. ഇതു 15½ പെർസെൻറ ആകുന്നു.

ജാസ്തി പുരയിടങ്ങൾക്കു താഴെ പട്ടികയിൽ പതിച്ചിരിക്കുന്നതിനൊക്കുമാണ തരം നിശ്ചയിച്ചിരിക്കുന്നതു.

| തരം | വിസ്തീർണ്ണം | |
|---|---|---|
| | ഏക്കർ | സെൻറ |
| 5 | 14 | 58 |
| 6 | 2 | 64 |
| 7 | 65 | 53 |
| 8 | 15 | 34 |
| 9 | 73 | 48 |
| 10 | 20 | 43 |
| 11 | 51 | 83 |
| 12 | 4 | 13 |
| ആകെ | 247 | 96 |

ഈ വകയിൽ മുൻപത്താണ്ടത്തെ ശരാശരിപ്പടി 802 പണം 3 ചക്രം 11 കാശിനു പുള്ളോൾ 1,196 പണം 2 ചക്രം 4 കാശു കരം വന്നിട്ടുണ്ടു. മുൻ ശരാശരിയിൽനിന്നും 393 പണം 2 ചക്രം 9 കാശു കൂടുതലാണ. ഈ കൂടുതൽ 49 പെർസെൻറായിട്ടുണ്ടു. എന്നാൽ ജാസ്തിക്കുമുൻ ജമാബന്തി കണക്കുംപടി 2,498 പണം 3 ചക്രം 15 കാശു കരമുള്ളതായും ആ തുകയിൽനിന്നും നാളത്തുകരം 52 പെർസെൻറവരേ കുറവാണെന്നും കാണുന്നു.

നിലം നികത്തിപുരയിടമായ വകയിൽ ഇവിടെ 46 ഏക്കർ 87 സെൻറ വിസ്തീർണ്ണമുള്ളതായും അതിലേയ്ക്കു മണ്ണാദികനേയും മാറ്റം നോക്കി 1 – 5 – 6 ഠാം മൂന്നുതരങ്ങളാം ഏർപ്പെടുത്തിയിരിക്കുന്നതായിട്ടും കാണുന്നു.

തരത്തുംപടി വിസ്തീർണ്ണവിവരം താഴെ ചേർക്കുന്നു.

| തരം | വിസ്തീർണ്ണം | |
|---|---|---|
| | ഏക്കർ | സെൻറ |
| 1 | 43 | 94 |
| 5 | ... | 82 |
| 6 | 2 | 11 |
| തുക | 46 | 87 |

ഠരം വകയിൽ മുൻകരം 1,560 പണം 2 ചക്രം 13 കാശിന്നു ഇപ്പോൾ 919 പണം 1 കാശു വന്നിരിക്കുന്നു. ഇതു മുൻകരത്തിൽനിന്നും 641 പണം 2 ചക്രം 12 കാശു കുറവാണു.

ഠരം പകുതിയിൽ 4 ഊരിടകളാണുള്ളതു. ആ ഊരിടകളിൽ മൊത്തം 25 ഏക്കർ 79 സെൻറ വിസ്തീർണ്ണമുണ്ടു. ഊർമ്മനക്കു ഉത്തരവുംപ്രകാരം ഒന്നാംതരം വച്ചിരിക്കുന്നു.

ഇവിടെ ഊർമ്മന തറകളിൽ വൃക്ഷം നിൽപ്പുള്ളതുകളെ പണ്ടാരപ്പാട്ടമായി പതിച്ചു കരം മുതൽ വച്ചിട്ടുള്ളതല്ലാതെ മനവരി ഏർപ്പെടുത്തിട്ടില്ലെന്നു കാണുന്നു.

ഠരം വകയിൽ മുൻ വൃക്ഷപ്പാട്ടം 88 പണം 3 ചക്രം 11 കാശുണ്ടു. ഇപ്പോൾ വൃക്ഷപ്പാട്ടം ഉൾപ്പെടെ 469 പണം 4 കാശു കരം വന്നിരിക്കുന്നു. മുൻകരത്തിൽനിന്നും 380 പണം 9 കാശു കൂടുതലാകുന്നു.

ഠരം പകുതിയിൽ പുതുവൽ പുരയിടങ്ങളും വളരെ ചുരുക്കമാണു. ആ വകയിൽ 3 ഏക്കർ 63 സെൻറ വിസ്തീർണ്ണമേയുള്ളു. അതിൽ 73 സെൻറ ഒന്നാംതരത്തിലും ശേഷമുള്ളതു ഒമ്പതും പതിനൊന്നും തരങ്ങളിലും വച്ചിരിക്കുന്നു. ഒന്നാം തരത്തിൽ വച്ചിട്ടുള്ള ഭൂമി നിലം നികത്തിയതിനോടൊപ്പം കിടക്കുന്നതാകുന്നു. ഠരം വകയിൽ 37 പണം 2 ചക്രം 5 കാശു കരംവന്നിരിക്കുന്നു.

ഇവിടെ കരം പതിയ്ക്കാത്തതായി കാണപ്പെട്ടിട്ടുള്ള വൃക്ഷങ്ങളുടെ വിവരവും സംഖ്യയും താഴെ വിവരിക്കുന്നു.

| ജനറൽ നമ്പർ | വൃക്ഷത്തിൻെറ | |
|---|---|---|
| | ഇനം | സംഖ്യ |
| 1 | തെങ്ങു | 1,458 |
| 2 | കവുങ്ങു | 53 |
| 3 | പിലാവു | 65 |
| 4 | പന | 94 |
| 5 | മാവു | 267 |
| 6 | പുളി | 112 |

കൂടുതൽ വൃക്ഷം തെങ്ങാകുന്നു. അധികം തെങ്ങുകളും ആറ, തോടു, ഇതുകൾക്കു സമീപമുള്ള പുരയിടങ്ങളിലും നിലം നികത്തി പുരയിടങ്ങളിലും നില്പാകുന്നു.

തെങ്ങിനു 4-5-6-7-8 ഈ തരങ്ങൾ വച്ചിരിക്കുന്നു.

ആകപ്പാടെ ഈ പകുതി ഒട്ടുക്കു വൃക്ഷപ്പാട്ടം ഉൾപ്പടെ പുരയിടംവകക്കു ൪,൨൭൯ പണം ൧൪ കാശു നാളതുകരം വന്നിരിക്കുന്നു,

ഇതു ജപ്തിവസ്തുക്കൾക്കു ജമാബന്തിപ്പടിയുള്ള കരത്തുകയുൾപ്പടെയുള്ള മുൻ കരത്തിൽ നിന്നും ൧൩,൦൩൩ പണം ൨ ചക്രം ൭ കാശു അതായതു ൨൪ പെർസെൻറു കുറവും ജപ്തിവകക്കു പത്താണ്ടത്തെ ശരാശരിപ്പടിയുള്ള തുക ഉൾപ്പെടെ മുൻകരം കണക്കാക്കി നോക്കുമ്പോൾ ൩൨൪൩ പണം ൧ ചക്രം ൧൩ കാശു അല്ലെങ്കിൽ ൧൦ പെർസെൻറു കൂടുതലുമാണ്.

ഈ കൂടുതൽ കുറവിനെപ്പററിയും വിശേഷമായി ഒന്നും ബോധിപ്പിപ്പാനില്ലാ.

ആക പകുതി മൊത്തം നിലം പുരയിടങ്ങൾക്കു ൨൪,൫൩൨ പണം ൩ ചക്രം ൭ കാശു മുൻകരമുള്ളതിനു ഇപ്പോൾ ൨൩,൭൫൨ പണം ൧ ചക്രം ൧൪ കാശു കരം വന്നിരിക്കുന്നു. ഇതു മുൻകരത്തിൽ നിന്നും ൭,൨൭൯ പണം ൨ ചക്രം ൭ കാശു കൂടുതലാകുന്നു. ഈ കൂടുതൽ നെല്ലിനു മുമ്പുള്ള വിലത്തരത്തിൽ നിന്നും കോട്ട ഒന്നിനു ൩ പണം ൧ ചക്രം ൧൧ കാശു വീതം ഇപ്പഴത്തെ വിലത്തരത്തിൽ കൂടുതലുള്ളതിൽ നിന്നുണ്ടായതാകുന്നു.

ഈ പകുതി പുളിയറ മണിയത്തിലെ ഒരു ഭാഗമായതുകൊണ്ടു തവണ മുടക്കുതുകപ്പടി ഇവിടത്തെക്കു പ്രത്യേകമായി തുക തുല്യമായി അറിവാൻ പാടില്ലാ, ഒഴുകു ഫാറത്തിൻപടിയുള്ള ആകത്തുകയും സെറ്റിൽമെണ്ടിൻ പ്രകാരമുള്ള മുൻ കരത്തുകയും തമ്മിൽ ഗൌരവമായ വ്യത്യാസമില്ലെന്നു കാണുന്നുണ്ടു.

ഈ പകുതി ഉൾപ്പെട്ടിരിക്കുന്ന പുളിയറ മണിയത്തിൽ ഈ താലൂക്കിലുള്ള മററു മണിയങ്ങളിലെപ്പോലെ വീതിച്ചു ഏർപ്പാടു ഉണ്ടായിട്ടില്ലാത്തെയും ആയക്കെട്ടുംപടിയുള്ള കൂടുതൽ കരത്തിനെ തന്നെ തിട്ടിച്ചു വരുന്നോയും അവസ്ഥയെപ്പററിയും മററും അസിസ്റ്റൻറാഫീസിൽ നിന്നു ൧൦൭൯ കുംഭം ൨൯-ന് അയക്കപ്പെട്ട മെമ്മോവിൽ പ്രസ്താവിച്ചിരുന്നതിനു ഈ മണിയത്തിൽ തരം നിശ്ചയിക്കുന്നതു ആ സംഗതിയെ കൂടി പ്രത്യേകം ഗൌനിച്ചു [illegible]ണ്ടതാണെന്നു സെൻട്രൽ ഫീസു സംക്ഷമത്തു നിന്നും ൧൦൮൩ മേ മാസം ൩൦-നു എഴുതിചെന്നിട്ടുള്ള മെമ്മോറാണ്ഡത്തിൽ [illegible]ച്ചിട്ടുള്ളതും ആ ഉത്തരവിനെ അനുസരിച്ചു ഈ പകുതിയിലെക്കു കഴിയുന്നതും താണതരങ്ങൾ നിശ്ചയിച്ചതുമാകുന്നു.

സ്റ്റേറ്റമെണ്ടിലെ തുക വകകളെ അപ്പഴപ്പോൾ രാജശ്രീ അസിസ്റ്റണ്ടവർകളെ ബോധിപ്പെടുത്തുകയും അവിടത്തെ ഉപദേശപ്രകാരം ഈ സ്റ്റേറ്റമെന്റ പൂൎത്തിയാക്കുകയും ചെയ്തിട്ടുള്ളതാകയാൽ ആ വിവരവും ബോധിപ്പിച്ചുകൊള്ളുന്നു.

ചെങ്കോട്ടറെഞ്ച് പ്രൊബെഷണറിസൂപ്പർവൈസർ

സീ. നാരായണപിള്ള

നമ്പ്ര ൨൪൭/൭൭

---

ചെങ്കോട്ട

൧൦൬൯-ാമാണ്ട വൃശ്ചികമാസം ൨൭-നു
൧൮൯൩-ാംവൎഷം ഡിസംബർമാസം ൧൧-നു

റിപ്പോൎട്ട

Scheme report of Puliyara village Shencottah taluk.

ചെങ്കോട്ട താലൂക്ക പുളിയറപകുതിയിൽ നിലംവകയും പുരയിടംവകയും ബ്ലാക്കസ്റ്റേറ്റമെൻറുകൾ എണ്ണം ൧൭൫ ഉം തരവാരി ബുക്ക രജിസ്റ്റ്രാക്കമാക്കചെയ്യപ്പെട്ടതും ഇതിനോടൊന്നിച്ചയച്ചിരിക്കുന്നു.

പുളിയറമണിയത്തെ പുളിയറ, പുതൂർ, ഇങ്ങനെ രണ്ടുപകുതികളായിട്ടാണ തിരിക്കപ്പെട്ടിരിക്കുന്നതു. പുളിയറപകുതിക്ക കിഴക്കവശം കക്കടി, പുതൂർ, ൟ പകുതികളുംശേഷംഭാഗങ്ങൾ എല്ലാം മലയുംആണ.

സൎവ്വെപ്പടിമൊത്തം ബ്ലാക്കനമ്പർ ൩൩൩

അതിലുൾപ്പെട്ട റവന്യൂനമ്പർ ൨,൪൩൭

സൎവ്വെപ്പടിമൊത്തം ഏരിയാ ൭,൨൩൦ ഏക്കർ ൯൯ സെൻറിനു ൧൦ൽ ചതുരശ്രമയിലായിരിക്കുന്നു.

ൟ മണിയംമലംപ്രദേശവും കാടയിടയും ജനപുഷ്ടിയും തുലോം കുറവും ഗതാഗതത്തിനു ശരിയായമാൎഗ്ഗങ്ങൾ ഇല്ലാത്തതും ആണെന്നു കാണുന്നു. ൟ സ്ഥലത്തെ നഞ്ചകൾ ൟ താലൂക്കിൽ മററ സ്ഥലങ്ങളിലുള്ളതിനെക്കാൾ പൊതുവെ ഗുണംകുറഞ്ഞതായും ജലാധാരത്തിനു തക്കതായ കുളം മുതലായതു ഇല്ലാതെയും ഇരിക്കുന്നപ്രകാരവും മല സംബന്ധപ്പെട്ട കിടക്കുന്ന ഹേതുവാൽ മൃഗശല്യം മുതലായ പീഡകളും ഉണ്ടെന്നും മുൻകരം കൂടുതലായിഏൎപ്പെട്ടിട്ടുള്ളതായും വിവരപ്പെടുന്നതും പുരയിടങ്ങൾ മിക്കവാറം മലംപുഞ്ചയും കീഴമേലായും പൊററപ്പുറമായിട്ടും കിടപ്പും മററപകുതികളെപ്പോലെ പുഞ്ചകൃഷിക്ക സാധാരണയായി യോഗ്യതയില്ലാത്തവയും തഴപുഞ്ച ചുരുക്കമായിട്ടുള്ളതും ആകുന്നു.

ൟ താലൂക്കിൽ ൯൯൩-ാമാണ്ട തയ്യാറാക്കപ്പെട്ട ആയക്കെട്ടുംപടിയുള്ള കരം വളരെക്കൂടുതലെന്നു പ്രബലമായ കുടിപരാതി ഉണ്ടായതിന്മേൽ ൯൯൪-ാമാണ്ട വീതിപ്പുഏൎപ്പാടുണ്ടാകയും അതിൽ പുളിയറമണിയംഒഴികെ ശേഷം മണിയങ്ങളിൽ ആയക്കെട്ടുംപടികരത്തെ പലവിധത്തിൽ ക്രമത്തിലധികം ലഘുപ്പെടുത്തി കൊടുക്കയും ചെയ്തിട്ടുള്ളതും ൟ മണിയത്തിൽമാത്രം ആയക്കെട്ടുംപടിയുള്ള കൂടുതൽ കരത്തെതന്നെ നാളതുവരെ തീൎപ്പിച്ചുവരുന്നതും ആകുന്നു.

കരക്കൂടുതലിനെ സംബന്ധിച്ച കുടികൾ തുടൎന്നു സങ്കടം പറഞ്ഞു പോരുന്നതായും കുടികൾ ദീൎഘകാലമായി ഞെരുക്കമായകരംതീൎത്തു ക്ഷീണഗതിയെ പ്രാപിച്ചിരിക്കുന്നതായിട്ടും കാണപ്പെടുന്നു. വസ്തുവിൽനിന്നും കിട്ടിവരുന്ന ആദായംകൊണ്ടു കരംശരിയായി കൊടുക്കുന്നതിനു കഴിഞ്ഞുവരാത്തഹേതുവാൽ അടിക്കടി റവന്യൂ ഡിപ്പാൎട്ടുമെണ്ടിൽനിന്നും കരം മുടക്കത്തിനായി ജപ്തി, ലേലം മുതലായ നടപടികൾ നടത്തിവരാറുണ്ടെന്നും കുടികൾ ഉപേക്ഷിച്ചതിന്മേൽ വസ്തു നിരത്തലിനിടയാകയും പിന്നീട കുറഞ്ഞകരത്തിനു പതിച്ചുകൊടുക്കയും ചെയ്യുന്നതും സാധാരണയെന്നും ൟ വിധമുള്ളനടപടികൾ മററ മണിയങ്ങളിൽ അപൂൎവ്വമെന്നും വിവരപ്പെടുന്നഭാഗവും ൟ മണിയത്തിൽ പൊതുവെ കരക്കൂടുതലെന്നുള്ളതിനെ ബലപ്പെടുത്തുന്നു.

ൟ താലൂക്കിൽ അയൻജപ്തി വകയിൽ അധികം നിലംഉള്ളതു ൟ മണിയത്തിലാണ. ൟ വസ്തുക്കൾ ബ്രിട്ടീഷിൽനിന്നും ൧൦൩൦-ാമാണ്ടിടയ്ക്കു ൟ സംസ്ഥാനത്തെക്ക വന്നിട്ടുള്ളതായും ൟ വസ്തുക്കൾക്കു ബ്രിട്ടീഷ് കണക്കുംപടിയുള്ള കരം വളരെക്കൂടുതലെന്നുള്ളതിനെപ്പററി കുടികൾ സങ്കടംപറഞ്ഞുവന്നതിന്മേൽ ൧൦൪൭-ാമാണ്ടിൽ കരത്തിൽ ഏതാനും അംശം കുറച്ചുകൊടുത്തിട്ടുണ്ടെന്നും പിന്നീട സങ്കടത്തിനു ശരിയായനിവൃത്തിയായിട്ടില്ലെന്നു ൧൦൫൦-ാമാ

ണ്ടിൻ കററാലത്തു എഴുന്നെള്ളിയിരുന്നസമയം കുടികൾ അഭ്യർത്ഥനമൂലം അറിയിച്ചതിൽ ഈ സെററിൽമെൻറിൻ മിതമായ കരങ്ങൾ വ്യവസ്ഥപ്പെടുത്തി കൊടുക്കുന്നതാണെന്നു കല്പിച്ചു ഉണ്ടായപ്രകാരത്തിരിക്കുന്നതായിട്ടും തെളിവായിരിക്കുന്നു. ആ റിക്കാർട്ടുകൾക്കു പകർപ്പുസഹിതം കുടികൾ ഇവിടെ ഹർജിബോധിപ്പിക്കയും സെൻടലാപ്പീസിൽബോധിപ്പിച്ചു എഴുതിവരികയും ചെയ്തിട്ടുള്ളതും ആ ഹർജി മുതലായ റിക്കാർട്ടുകൾക്കു (എ) അക്കംകൊടുത്തു ഇതോടുചേർത്തിരിക്കുന്നതും ആകുന്നു.

ഈ താലൂക്കു സെററിൽമെൻറു സംബന്ധിച്ചു സെൻടലാപ്പീസിൽനിന്നും ഗവർമ്മെണ്ടിലേക്കു അയക്കപ്പെട്ട മെമ്മോറാണ്ടത്തിൽ ഈ മണിയത്തിലെ വസ്തുക്കളുടെ സ്ഥിതിയേയും കൃഷിക്കുള്ള അസൌകര്യംമുതലായ ദുർഘടങ്ങളേയും കൂടുതൽ കരംകൊണ്ടിരിക്കുന്ന അവസ്ഥയേയും കുടികൾ വഹിച്ചുപോരുന്ന ഭാരത്തെ ലഘൂപ്പെടുത്തികൊടുക്കേണ്ട ആവശ്യകതയേയും കുറിച്ചു വിശദമായി പ്രസ്താവിച്ചിട്ടുള്ളപ്രകാരം കാണുന്നതുകൂടാതെ ബ്ലാക്കിടുന്നതുസംബന്ധിച്ചു ആ ആപ്പീസിൽനിന്നും വന്നിട്ടുള്ള മേമാസം ൧൦-ാം-യിലെ മെമ്മോവിലും ഈ പകുതിസംബന്ധിച്ചു തരങ്ങൾ വ്യവസ്ഥപ്പെടുത്തുന്നതിൽ മേൽവിവരിച്ച സംഗതികളെക്കൂടി പ്രത്യേകം ഗൌനിച്ചുവേണ്ടതാണെന്നു വിവരിച്ചിരിക്കുന്നതും ആകുന്നു.

മേൽ വകുപ്പുകളിലെ പ്രസ്താവനകളാൽ മററുപകുതികൾ സംബന്ധിച്ചു നടത്തിവരുന്നതുപോലെ ഈ പകുതിയിൽ മുൻ കരത്തിനെ ആസ്പദമാക്കി ബ്ലാക്കിടുന്നതിനു പാടില്ലെന്നും വസ്തുക്കളുടെ കിടപ്പു, നല്പ്, തില്പ്, വിളവുകിട്ടുന്നതിന്റെ ക്രമം, വെള്ളത്തട്ടു മുതലായ ന്യൂനതകൾ, ഇതുകളെ പ്രത്യേകമായി പര്യാലോചിച്ചും മുൻകരത്തിന്റെ സ്ഥിതിയെ കൂടി കഴിയുന്നതും യോജിച്ചും നെടുനാളായി നില നിൽക്കുന്ന കുടികളുടെ പരാതിക്കു കഴിയുന്നെടത്തോളം ഒതുക്കവും സർക്കാരിലേക്കു അധികമായ മുതൽ നഷ്ടത്തിനിടകൂടാതേയും വരത്തക്ക സ്ഥിതിയിൽ മിതമായ തരങ്ങൾ ഏർപ്പെടുത്തേണ്ടതെന്നുള്ള ഭാഗം വ്യക്തമായിരിക്കുന്നു.

പുരവുകാരരെ കൂടിവച്ചുംകൊണ്ടു വസ്തുക്കളെ ഞാൻ ചുററിനോക്കി ഗുണദോഷാദികളെ അറികയും ഓരോ പുരവിലും ഉള്ള നിലങ്ങളെ നല്പ് തില്പ് അനുസരിച്ചു അവർ തിരിച്ചുകാണിച്ചുതരികയും ഭൂസാരത്തിനു അനുഗുണമായും വഹിക്കത്തക്കതായും ഉള്ള തരങ്ങൾ വച്ചുകൊടുക്കണമെന്നും അതുനിമിത്തം ഓരോ വസ്തു സംബന്ധിച്ചുവരുന്ന കൂടുതൽ കുറവിനെപ്പററി അവർക്കു സങ്കടമില്ലെന്നും തെളിപ്പെടുത്തുകയും ചെയ്കയാൽ ആവിവരത്തിനു മൊഴി വാങ്ങി ആയതു (ബി) അക്കമായി ഇതിൽ ചേർക്കയും ചെയ്തിട്ടുള്ളതാകുന്നു.

ഈ പകുതിയിൽ മുൻ കണക്കുപടി ൫൮ കോട്ട ൭ മരയ്ക്കാൽ ൭ പടി നിലം ഉണ്ടായിരുന്നതിൽ ൧൪ കോട്ട ൩ മരയ്ക്കാൽ ൪ പടി നിലം നികത്തി പുഞ്ചയായിപ്പോകെ മുൻകണക്കുപ്രകാരം ൪൩ കോട്ട ൧൦ മരയ്ക്കാൽ ൩ പടി നിലം ഉണ്ടു.

കണക്കുപടി ൯ പുരവുകൾ കൊണ്ടിരിക്കുന്നതിൽ പെരുമ്പുരവുകൾ ചുരുക്കവും ചില്ലറ പുരവുകൾ അധികവും ആണെന്നു കാണുന്നു. കൂടുതൽ വിസ്തീർണ്ണം അതായതു ൩൧ കോട്ട നിലം ഉള്ളതു അഴകമ്മേനി പുരവാണു. കുറഞ്ഞതു ൩ മരക്കാൽ ൩ പടി നിലം ഉള്ളതു മേലേപ്പുറവു തെക്കു കുട്ടം ഉൾവായാണ്. ശേഷം ഉള്ളതിൽ ൪൦ കോട്ടക്കു മേലുള്ളതായി ൩ പുരവും ൪൦ നു താഴെ ൧൦ കോട്ടക്കു മേലുള്ളതു ൨൧ പുരവും ൨൦ നു മേൽ ൧൦ നു അകം ഉള്ളതായി ൨ പുരവും ൫ കോട്ടയ്ക്കു മേൽ ൨൦ കോട്ടവരെയുള്ളതായിട്ടു ൨൩ പുരവും ൫ കോട്ടയ്ക്കു താഴെയുള്ളതു ൨൬ പുരവും ആകുന്നു.

നിലങ്ങൾ എല്ലാം ഊരിടക്കു ചുററിയും പബ്ലിക്ക് റോഡിനു തെക്കും വടക്കും ഭാഗങ്ങളിലായിട്ടും മിക്കവാറും ശേഖരമായിട്ടും മലയടിവരെ കിടപ്പാകുന്നു.

ഈ പകുതിക്കു ജലാധാരങ്ങളിൽ പ്രധാനമായുള്ളതു ഹരിഹര നദിയാണ്. എന്നാൽ അതു ഈപകുതിയിൽ നാലു പുരവിലുള്ള ൨൦൦ കോട്ടനിലത്തിനുമാത്രമെ ഉപയോഗമുള്ളു. ശേഷം പുരവുകൾക്കു മലകളിൽ നിന്നും വരുന്ന മററു ഓരോ ഓടകൾ വഴി വെള്ളം പാഞ്ഞുവരുന്നു. കുളങ്ങളുടെ സ്ഥിതിയും മോശാവസ്ഥയിൽ തന്നെ ഇരിക്കുന്നു. സാമാന്യം വലിപ്പമുണ്ടെന്നു പറയ

ത്തക്കതായി അഴകമ്മേനി, ശാസ്താൻ പാറ, ൨൦ം കുളങ്ങളേ ഉള്ളു. ശേഷം എല്ലാം കുളം എന്നനാമധേയത്തെ വഹിച്ചിരിക്കുന്നു എന്നല്ലാതെ തക്ക പ്രയോജനം ഇല്ലാത്ത ചിറ്റ കുളങ്ങളം ആണ്. വർഷം ധാരാളമായുള്ള കാലത്തു ജലസമൃദ്ധിയുണ്ടെന്നു വരികിലും തക്കതായ ജലാശയങ്ങളം ഇല്ലാത്തതുകൊണ്ടു വർഷക്കുറവുസമയങ്ങളിൽ ജലത്തിനു തട്ടുപാടുണ്ടാകുന്നതു സാധാരണസ്ഥിതിയായിരിക്കുന്നു.

ആയക്കെട്ടു വകയിലും അയൻ ജപ്തി വകയിലും ഉള്ള നിലങ്ങളെ രണ്ടു ഭാഗമായിതിരിച്ചു സ്സെറ്റിൽമെൻറുകണക്കും തയ്യാറാക്കിക്കയും തുകകളം എടുക്കയും ചെയ്തിട്ടുണ്ട്.

ആയക്കെട്ടു വകയിൽ മുൻകണക്കുപ്രകാരം ൫൭൮ കോട്ട ൧ മരയ്ക്കാൽ ൧ പടി നിലം ഉള്ളതിനു നാളത്തെ സെറ്റിൽമെൻറുപടി ൬൦൧ കോട്ട ൧൨ മരയ്ക്കാൽ ൧ പടി നിലം ഉണ്ടെന്നു കാണുന്നതും മുൻ വിരിപ്പാടിൽനിന്നും നാളത്തെ വിസ്തീർണ്ണം ഗൗനിക്കത്തക്ക കൂടുതൽ കുറവില്ലാത്തതും ആകുന്നു.

ഓരോ ഇനത്തിലും മുൻ വിരിപ്പാടും നാളത്തെ വിസ്തീർണ്ണവും കാണിച്ച തുകവിവരം താഴെ ചേർത്തിട്ടുള്ളതാകുന്നു.

| ജനറൽ നമ്പ്ര | ഇനം | മുൻ വിരിപ്പാട് | | | സെറ്റിൽമെൻറുപടി വിരിപ്പാട് | | |
|---|---|---|---|---|---|---|---|
| | | കോട്ട | മരയ്ക്കാൽ | പടി | കോട്ട | മരയ്ക്കാൽ | പടി |
| 1 | പെരുമ്പാറ | 436 | 5 | 6 | 460 | 5 | 3 |
| 2 | കണ്ടുകൃഷി | 61 | 11 | 6 | 56 | 7 | 5 |
| 3 | ഇറയിലി | 3 | 5 | ... | 3 | 3 | 4 |
| 4 | ഭൂവിരുത്തി | 4 | 13 | 7 | 4 | 9 | 3 |
| 5 | ബ്രഹ്മദായം | 27 | 10 | 6 | 29 | 9 | .. |
| 6 | ദേവദായം | 15 | 7 | ... | 17 | 2 | 5 |
| 7 | മടപ്പുറം | 1 | 19 | 4 | 2 | 12 | 4 |
| 8 | നന്ദവനപ്പുറം | 7 | 10 | 4 | 7 | 16 | 1 |
| 9 | ശാന്തിവിരുത്തി | ... | 11 | 2 | ... | 11 | 2 |
| 10 | അച്ചനവിരുത്തി | ... | 18 | 7 | ... | 16 | 5 |
| 11 | അന്നദാനകട്ടള | ... | 5 | ... | ... | 4 | 3 |
| 12 | പോദേശികടമ | ... | 14 | 5 | ... | 14 | 1 |
| 13 | തണ്ടൽ ഉമ്പളം | ... | 16 | 2 | ... | 15 | 7 |
| 14 | വിതിപ്പിന ചോറാതു | ... | 17 | 2 | ... | 14 | 3 |
| 15 | നിവത്തൽ | 16 | 1 | 6 | 15 | 20 | 5 |
| 16 | പുതുവൽ | ... | ... | .. | .. | 16 | 6 |
| | ആകെ | 578 | 1 | 1 | 601 | 12 | 1 |

ആയക്കെട്ടു വകയിലുള്ളതിൽ മുക്കാൽഭാഗത്തിന്മേൽ പെരുമ്പറമ്പനമാണെന്നും അതിനേക്കാളായി കൂടുതൽ വസ്തു ഉള്ളതു കണ്ടകൃഷി വകയിലെന്നും ശേഷം ഇനങ്ങളിൽ സ്വല്പ വസ്തുക്കളേ ഉള്ളു എന്നും കാണുന്നു.

അയൻ ജപ്തിവകയിൽ മുൻകണക്കുംപടി ൨൫൧ കോട്ട ൪ മരയ്ക്കാൽ ൨ പടി നിലത്തിനു സെററിൽമെൻറുപ്രകാരം ൨൬൨ കോട്ട ൧ മരയ്ക്കാൽ ൪ പടി നിലം ഉണ്ടു. അതിൽ പുതുവൽ വകയിൽ ൯ കോട്ട ൨ മരയ്ക്കാൽ ൯ പടി നിലം ഉള്ളതിനെ കഴിച്ചാൽ ൨൬൨ കോട്ട ൫ മരയ്ക്കാൽ ൧ പടി നിലം വരുന്നതു മുൻ വിരിപ്പാടിൽ നിന്നും ൧൦ കോട്ട ൯ മരയ്ക്കാൽ ൧ പടിനിലം കൂടുതലുള്ളതാകുന്നു. ൧൦൦ വസ്തുക്കൾ ബ്രിട്ടീഷുകണക്കുംപടി മുൻ വിസ്തീർണ്ണം കോട്ട ഒന്നുക്കു ൪൦ സെൻറു വീതം കൊണ്ടതാണ്. ഇപ്പഴത്തെ ക്രമം അനുസരിച്ചു ൪൨ സെൻറുവീതം കണക്കാക്കിയിട്ടുള്ളതാകുന്നു. അതുനിമിത്തവും അളവു ഭേദത്താലും സ്വല്പകൂടുതൽ വന്നിരിക്കുന്നതല്ലാതെ അതു ഗൗനിക്കത്തക്കസ്ഥിതിയിൽ ഇല്ലാ.

ആയക്കെട്ടിലും ജപ്തിവകയിലും ഉള്ള നിലങ്ങൾക്കു മുൻപ്രസ്താവിച്ചതിനുപുറമേ ഭൂസ്ഥിതി ഉൽപ്പത്തിയുടെ ഗുണാഗുണം ജലസൗകര്യം മുതലായവകളെ ചിന്തിച്ചും നിലപ്പതിവു തിരിച്ചും കടികൾ എഴുതിവച്ചിട്ടുള്ളതിനേയോർത്തും മുൻകാരത്തെയും കഴിയുന്നതും ആലോചിച്ചും താലൂക്കുകളായി തിരിച്ചു തരങ്ങൾ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാകുന്നു.

തരത്തുംപടി തുകവിവരം

| തരം | ആയക്കെട്ടു ഇനത്തിൽ ഓരോതരത്തിലും മൊത്തം വിരിപ്പാടു | | | ജപ്തിവകയിൽ ഓരോ തരത്തിലും വിരിപ്പാടു | | |
|---|---|---|---|---|---|---|
| | കോട്ട | മരയ്ക്കാൽ | പടി | കോട്ട | മരയ്ക്കാൽ | പടി |
| 5 | 37 | 1 | 4 | ... | 3 | 1 |
| 6 | 15 | 6 | 7 | ... | 13 | 6 |
| 7 | ... | ... | ... | 8 | 14 | 4 |
| 8 | 105 | 3 | 2 | 128 | 15 | 2 |
| 9 | 119 | 7 | ... | 68 | 16 | ... |
| 10 | 163 | 7 | ... | 22 | 11 | 2 |
| 11 | 66 | 15 | 5 | 30 | 9 | 1 |
| 12 | 73 | 3 | 1 | ... | ... | ... |
| 13 | 14 | 1 | 7 | 2 | 6 | 1 |
| 14 | 1 | 2 | 7 | ... | ... | ... |
| ആകെ | 601 | 12 | 1 | 262 | 5 | 1 |

൫ മുതൽ ൧൦ വരെ തരങ്ങളിലാണ് അധികം വസ്തുക്കൾ ഉൾപ്പെട്ടിരിക്കുന്നതെന്നു കാണപ്പെടാം

TRIVANDRUM



ഈ വസ്തുക്കൾക്കു മുൻ റേറിന്റേയും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തരങ്ങളുടേയും വിവരങ്ങൾക്കു പുരവുതിരിച്ച ആയക്കെട്ടിനും ജപ്തിക്കും പ്രത്യേകം പ്രത്യേകം സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കിച്ചു (സി) അക്കം കൊടുത്തു ഇതിൽ ചേർത്തിട്ടുണ്ട്.

ആയക്കെട്ടുംപടിയുള്ളതിൽ പെരുമ്പാറ വസ്തുക്കൾക്കു തൻകരം കോട്ട ഒന്നുക്കു ൨ മുക്കാലേ അരക്കാൽ കോട്ട്, ൩ മുക്കാലേമുണ്ടാണി കോട്ട, ൩ അരയരയ്ക്കാൽ കോട്ട, ഇങ്ങനെ ൩ റേറുകൾ ഏർപ്പെട്ടിരിക്കുന്നതായും പിറവകഇനത്തിൽ വാശി തൻകരം കോട്ട ഒന്നുക്കു ഒരു മരയ്ക്കാൽ നെല്ലും കൊത്തുപടി ഒരുകോട്ട നിലത്തിനു അരയ്ക്കാൽ കോട്ടയും സ്വാമിവരി അരകോട്ടയും നെല്ലു വീതവും കൊണ്ടിട്ടുണ്ടെന്നും കാണുന്നു. പിറവകയുൾപ്പെടെ കോട്ട ഒന്നുക്കു ൩ മുക്കാലും ൨ മുക്കാലും ൨ അരയരക്കാലും കോട്ട വീതം നിൽക്കുന്നു. കണ്ടുകൃഷി വസ്തുവിനു കോട്ട ഒന്നുക്കു ൭ അരയും ൩ അരയും ൩ കാലേ മുണ്ടാണിയും കോട്ടവീതം കരം കൊണ്ടിരിക്കുന്നതായും ആ ഇനത്തിനു പിറവക കരം ഏർപ്പെട്ടിട്ടില്ലെന്നും കാണുന്നു. മററിനങ്ങളിൽ വസ്തുക്കൾ സ്വല്പമേയുള്ളു എന്നും കണ്ടുകൃഷിയും പെരുമ്പാറം വസ്തുക്കൾക്കു പിറവകയുൾപ്പെടെയുള്ള കരം കൂടുതൽതന്നേയെന്നും വെളിവാകുന്നു.

ഈ മണിയത്തിൽ ഉൾപ്പെട്ടു കിടക്കുന്നതിൽ അഞ്ചു പുരവുകൾക്കുള്ള കരം കക്കാടി മണിയത്തിൽ മുതൽ കൊണ്ടുതീർന്നു വരുന്നതായി കാണുന്നുണ്ട്. ആ വകയിൽ ൯൩ കോട്ട ൩ മരയ്ക്കാൽ ൭-പടി നിലത്തിനു ആയക്കെട്ടും പടി തൻകരം മേൽവിവരിച്ച റേറുകളിൽ ഉൾപ്പെട്ടിരിക്കുന്നതായും പിറവക കരം കക്കാടി മണിയത്തിലെ രീതി അനുസരിച്ചു ൧൦-ഇനം കൊണ്ടിട്ടുണ്ടെന്നും കാണപ്പെടുന്നു. ഇതുകൂടാതെ ചെങ്കോട്ട പകുതിയിൽ കിടപ്പുള്ള ഏതാനും വസ്തുക്കൾക്കു പുളിയറ മണിയത്തിൽ കരം മുതൽ കൊണ്ടുതീർന്നു വരുന്നതായും വിവരപ്പെടുന്നുണ്ട്.

അയൻ ജപ്തി വസ്തുക്കൾക്കു ൧൦൯൧-മാണ്ടു ഉണ്ടായ തീരുമാനത്താൽ കന്നി, കുംഭം, രണ്ടു പൂവിലേക്കു കൊണ്ടിരിക്കുന്നതിൽ ഏതു പൂവിലെ കരം കൂടുതലോ ആ കരത്തിനും ഒരുപ്പൂവായും സ്ഥിരപ്പെടുത്തിയും വിലത്തരപ്പടി പണമായിട്ടു തീർപ്പിക്കുന്നതിനും വ്യവസ്ഥപ്പെട്ടിരിക്കുന്നതായി വിവരപ്പെട്ടിരിക്കുന്നതും അതനുസരിച്ചു തീർവരുന്ന മുൻകരം കോട്ട ഒന്നുക്കു ൬-കോട്ട ൧൧-മരയ്ക്കാൽ ൩-പടി നെല്ലും ൨-കോട്ട ൧൦ മരയ്ക്കാൽ ൩-പടി നെല്ലും വീതം നിൽക്കുന്നതും ആകുന്നു.

മുൻകണക്കു പ്രകാരം ഉള്ളതിൽ ൩൦൧-കോട്ട ൧൦- മരയ്ക്കാൽ ൧ പടി നിലം ഒരുപ്പൂവായി കൊണ്ടിരുന്നതിൽ ഇപ്പോൾ തിട്ടംവരുത്തിയതനുസരിച്ചു ഇരുപ്പൂവിൽ ചേർത്തു ൧൩൦ കോട്ട ൧൨-മരയ്ക്കാൽ ൩ പടി നിലം ഉൾപ്പെടെ സ്റ്റേറ്റുമെന്റു പടി ഇരുപ്പൂവിൽ ൩൩൨-കോട്ട ൩ മരയ്ക്കാൽ ൨-പടി നിലവും ഇപ്പോഴും ഒരുപ്പൂവായി ചേർത്തിട്ടുള്ളതു ൧൭൧-കോട്ട ൭ മരയ്ക്കാൽ ൩ പടി നിലവും ആണെന്നു കാണുന്നു.

സി അക്കം സ്റ്റേറ്റുമെന്റിനാൽ ഇപ്പോൾ തരം വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതു മിക്കവാറും ആയക്കെട്ടും പടിയുള്ള തൻകരത്തെ ആശ്രയിച്ചിരിക്കുന്നതായും ജപ്തി വസ്തുവിനും ഏകദേശം മുൻകരത്തിനു യോജിച്ചിട്ടുണ്ടെന്നും കാണപ്പെടാം.

എന്നാൽ ഭൂസ്ഥിതിയെക്കൂടി ഗൗനിച്ചു തരം വ്യവസ്ഥപ്പെടുത്തിയതിൽ മുൻകരം തീരെ വഹിക്കത്തക്കതല്ലെന്നുംവിശേഷ ദൃഷ്ടങ്ങൾ ഉള്ളതായും കാണപ്പെട്ട നിലങ്ങൾക്കു അതിനു അനുഗുണമായ കുറഞ്ഞതരം വയ്ക്കാനിടയായിട്ടുള്ളതും ആ വിവരവും പുരവു സംബന്ധിച്ച വിവരങ്ങളും (സി) അക്കം സ്റ്റേറ്റുമെന്റിൽ റിമാർക്കു പതിച്ചിരിക്കുന്നതും ആകുന്നു.

ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തരങ്ങളുംപടി ആയക്കെട്ടുവകയിലുള്ള നിലത്തിനു മുൻകരം ൧,൯൯൩-കോട്ട ൧൩ മരയ്ക്കാൽ ൩ പടിനെല്ലിനു നാളതു സ്റ്റേറ്റുമെന്റു പ്രകാരം ൧,൩൧൯ കോട്ട ൩ മരയ്ക്കാൽ ൧-പടി നെല്ലു വന്നിട്ടുള്ളത് മുൻകരത്തിൽ നിന്നും ൭൨-കോട്ട ൧൧ മരയ്ക്കാൽ ൨-പടി നെല്ലും അയൻ ജപ്തി വകയിൽ ൧,൧൦൨-കോട്ട ൧൩-മരയ്ക്കാൽ നെല്ലു മുൻകരത്തിനു സ്റ്റേറ്റുമെന്റുപടി ൩൨൦-കോട്ട ൭ മരയ്ക്കാൽ ൩-പടി നെല്ലു വന്നിരിക്കുന്നതു ൧൨൨ കോട്ട ൬-

മാസ്സാൽ ൮ പടിനെല്ലും ഇതിന്മണ്ണം രണ്ടു ഇനത്തിലും ആയി ൧൯൰-കോട്ട ൧൩ മരയ്ക്കാൽ ൩ പടി നെല്ലു കുറവുവന്നിട്ടുണ്ട്. അതുമൊത്തം മൻകരം ൩,൦൯൰-കോട്ട ൯-മരയ്ക്കാൽ ൫ പടി നെല്ലിനു ൩ പെൎസന്റെ ആയിട്ടൊള്ളു. ഈ പകുതിയുടെ സ്ഥിതിക്ക ഈ സ്വല്പകുറവിനെപ്പറ്റി ചിന്തിപ്പാനില്ല.

ഈ പകുതിയിൽ ആയക്കെട്ടു വസ്തുക്കൾക്ക നൂറവെള്ളപ്പണത്തിനു ൩-കാൽ കോട്ട വീതം നെല്ലായിട്ടും ശേഷം വിലത്തരപ്പടി പണമായിട്ടും അയൻ ജപ്തി വസ്തുക്കൾക്ക മുഴുവനും വിലത്തരപ്പടി പണമായിട്ടും ആണെന്നു കാണുന്നു. ആ ക്രമത്തിനു നെല്ലായിട്ടു തീൎത്തു വരുന്ന ൩ കോട്ട ഒന്നുക്ക കാലെമുണ്ടാണി അരമാഹാണി കോട്ട വീതം വരുന്നു. സെററിൽമെൻറ വ്യവസ്ഥപ്പടി മേലാൽ നാലിലൊന്നു വീതം നെല്ലായിട്ടു തീക്കേണ്ടതായിരിക്കുന്നു. അതിൽ കുടികൾക്ക സ്വല്പസഹായം ഉണ്ടു. എന്നാൽ പണമായിട്ടു തീൎന്നു വരുന്നതിനു ഇപ്പഴത്തെ വിലത്തരം ൮൧-മക്കാലെഅരമാഹാണി പണത്തിൽ നിന്നും മേലാൽ സെററിൽമെൻറ രീതിക്ക ൮൫ മുണ്ടാണി കാമാഹാണി പണം തീക്കേണ്ടതും അതിൽ വരാവുന്ന കൂടുതലിനെ നോക്കിയാൽ ആയക്കെട്ടു നിലം സംബന്ധിച്ചു കുടികൾക്ക സഹായമുള്ളതായി വിചാരിപ്പാനില്ല. മുഴുവനും വിലത്തരപ്പടി പണമായി തീൎത്തുവരുന്ന അയൻ ജപ്തി വസ്തുക്കൾക്കും മേലാൽ നാലിലൊന്നു നെല്ലായിട്ടും ശേഷത്തിനു കൂടുതൽ വിലത്തരവും തീക്കേണ്ടിയിരിക്കുന്ന അവസ്ഥക്ക അതു സംബന്ധിച്ചും ആശ്വാസം ഉള്ളതായി ഊഹിപ്പാനില്ല.

മേൽവകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നതനുസരിച്ചു ൧൯൰ കോട്ട ൧൩-മരയ്ക്കാൽ ൩ പടി നെല്ലു മൻകരത്തിൽ കുറവു വന്നിട്ടുണ്ടെങ്കിലും മേലാലുള്ള വിലത്തരക്കൂടുതൽ അനുസരിച്ചു ഇപ്പഴത്തെ സ്റ്റേററമെൻറം പടിയുള്ള നെല്ലിനു നോക്കിയതിൽ ആയക്കെട്ടു വകയിൽ ൪൭,൩൯൭ പണം ൩-കാശുവരുന്നുണ്ട്, അതു മൻകരം നെല്ലിനു ഇപ്പോൾ തീൎപ്പിച്ചുവരുന്ന വിലത്തരപ്പടിയുള്ളതായ ൪൩,൪൮൮-പണം ൩-ചക്രം ൧൦-കാശിൽ നിന്നും ൪,൯൨൦-പണം ൧൮ കാശും ജപ്തി വസ്തുവിനു മൻവിലത്തരം ൮൪,൦൧൩-പണം ൩-ചക്രം ൯-കാശുള്ളതിനു സ്റ്റേററമെൻറം പ്രകാരം ഇപ്പഴത്തെ കരത്തിനു കൂടുതൽ വിലത്തര പ്രകാരം ൮൪,൭൦൫-പണം ൧-ചക്രം ൧൩-കാശു വരുന്നതുമൻതുകയിൽ നിന്നും ൬൯൧-പണം ൮-ചക്രം ൪-കാശും ഇതിന്മണ്ണം ൫,൬൮൧-പണം ൩ ചക്രം സൎക്കാരിലേക്ക കൂടുതലെ ഒള്ളു എന്നും ഇതുകൂടാതെ പുരയിടം വകയിൽ മൻകരത്തിൽ കൂടുതൽ ഉണ്ടെന്നും കാണുന്നു.

ഇതുകളാൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തരത്തുംപടി കുടികൾക്ക വിശേഷഗുണമൊ സൎക്കാരിലേക്ക മൻതുകയിൽ നഷ്ടമൊ ഉള്ളതായി വിചാരിപ്പാനില്ല.

എന്നാൽ ഞാൻ തരംനിശ്ചയിച്ചിട്ടുള്ളതു ഭൂസ്ഥിതിയെ ആലോചിച്ചു തന്നെ എങ്കിലും ഒട്ടുക്ക ഇപ്പോൾ വസൂലായിവരുന്ന മൻകരത്തിൽ ഗൌനിക്കത്തക്ക കുറവുവന്നു പോകരുതെന്നുള്ളതിനെക്കൂടി മുഖ്യമായി ചിന്തിച്ചു ആണ്. അഴകന്നേനി, ശാസ്താൻപാറ, കോട്ടാവഴി, ആഴ്മാത്താണ്ടപ്പേരി, പെരുമ്പാറക്കോണം, തെക്ക കുറവൻപാറ, മുത്തംതിരുത്തു, ഈ പുരവുകൾക്ക ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തരം സ്വല്പക്കൂടുതൽ തന്നെ എന്നും ഈ പകുതിയിലെ നിലങ്ങളുടേയും മൻകരത്തിന്റെയും സ്വഭാവത്തിനു മേൽവിവരിച്ച പുരവുകൾ സംബന്ധിച്ചു ഓരോതരം താഴ്ത്തി ലഘുപ്പെടുത്തി കൊടുക്കേണ്ടതു വിഹിതമായും കുടികൾക്ക ആശ്വാസകരമായും ഇരിക്കുമെന്നും ശേഷം പുരവുകൾക്ക വച്ചിട്ടുള്ള തരം വഹിക്കത്തക്കതുതന്നെ എന്നും എനിക്ക അഭിപ്രായമായിരിക്കുന്നു. ഈവിവരം സീ അക്കം സ്റ്റേററമെൻറിൽ റിമാൎക്ക എഴുതിയിട്ടുള്ളതും ഈ ഭാഗം മേലാവിൽ നിന്നും പ്രത്യേകം ആലോചിച്ചു ഉത്തരവുണ്ടാകെണ്ടിയിരിക്കുന്നതും ആകുന്നു. അങ്ങനെ ഭേദപ്പെടുത്തുന്ന പക്ഷം ആ വകയിൽ കുറവു വരാവുന്നതിന്റെ തുക നോക്കിച്ചതിൽ സ്റ്റേററമെൻറം പടി തുകയിൽ നിന്നും ൯൭ കോട്ട ൩ മരയ്ക്കാൽ ൩ പടി നെല്ലുകൂടി കുറവു വരുമെന്നും അതുൾപ്പടെ ഒട്ടുക്ക ൮൯൪-കോട്ട ൮൦-മരയ്ക്കാൽ ഒരുപടി നെല്ലു അല്ലെങ്കിൽ ൯-പെൎസന്റെ കുറവു വരികയൊള്ളു എന്നും കാണുന്ന ഭാഗവും സെററിൽമെൻറം പടി വരാവുന്നവിലത്തരക്കൂടുതലിന്റെ അവസ്ഥക്ക ഈ കുറവിനാൽ സൎക്കാരിലെക്ക നഷ്ടം വരാനില്ലെന്നുള്ള വിവരവും മേലാവിലെ ആലോചനക്കായി പ്രത്യേകം ബോധിപ്പിക്കുന്നതാകുന്നു.

പുരയിടംകഴിച്ച നിലംവകയിൽ ന്ന-കോട്ട ൧൩-മരയ്ക്കാൽ ൭-പടിനിലം ഉണ്ട. അതിലേക്ക അതതുതാക്കകളിൽചേൎത്തു തരംവച്ചിട്ടുള്ളതനുസരിച്ച ൧൰-കോട്ട ൪-മരയ്ക്കാൽ ൭-പടിനെല്ലു കരമുള്ളതാകുന്നു.

. നിലംനികത്തി പുരയിടംവകയിൽ ൱൩-ഏക്കർ ൧൰-സെൻറ ഭൂമിയുണ്ട. അതിലേക്ക മുൻകരം ൭൬൦-പണം ൩-ചക്രം ൧൨-കാശിനു നാളതു സ്റ്റേറവമെൻറംപടി ൭൭൯-പണം൬-കാശു വന്നിട്ടുള്ളതു മുൻകരത്തിൽനിന്നും ൧൯൬-പണം ൧൧-കാശു കൂടുതൽ ഉള്ളതാകുന്നു.

ഠരം പകുതിയിൽ ഊരിടകളായിട്ട പുളിയറ, മയിലപ്പപുരം, തെക്കമേട, ഭഗവതിപുരം ഇവകളും അതുകളെചേൎന്ന പറച്ചേരികളും ഉള്ളതായും മയിലപ്പപുരം അയൻജപ്തിവകയിലുംപ്പെട്ടതെന്നും കാണുന്നു. മയിലപ്പപുരത്തിനുമാത്രം ചിലമനകൾക്ക മനവരിയും തൊഴവരിയും കൊണ്ടിട്ടുള്ളതല്ലാതെ മററ ഊരുകൾക്ക മനവരിയും തൊഴവരിയും കൊണ്ടിട്ടുള്ളതായി കാണുന്നില്ലാ. മയിലപ്പപുരത്തിനു മനവരി തൊഴവരിവകയിൽ ൱൬-പണം ൧-ചക്രം ൨-കാശു ഉള്ളതു ആണ്ടുതോറം പിരിവുവരുന്നതായിട്ടും കാണുന്നു. ഊരിടസംബന്ധിച്ചുള്ള പ്രത്യേകവ്യവസ്ഥപ്പടിയും മററപകുതിയിൽ ഊർമനകൾക്കുള്ളരീതി അനുസരിച്ചും തരംവച്ചിട്ടുണ്ട. ഊർമന ഒട്ടുക്ക ൩൦-ഏക്കർ ൩-സെൻറിനു വൃക്ഷപ്പാട്ടംഉൾപ്പടെ ൧൦൭൭-പണം ൩-ചക്രം ൩ കാശു കരമുള്ളതായി കാണപ്പെടുന്നു.

ഠരം സംസ്ഥാനത്തെ പ്രധാനക്ഷേത്രങ്ങളിൽ ഒന്നായ ആൎയ്യങ്കാവുക്ഷേത്രം ഈ പകുതിയിലാണ്. ഇൗ മണിയത്തിലെ വസ്തുക്കൾഎല്ലാം ആ ദേവസ്വംവകയാണെന്നു തിരട്ടുമുതലായകണക്കുകളാൽ വെളിവാകുന്നു.

ഠരം പകുതിയിൽ വൃക്ഷങ്ങൾക്ക മുൻകണക്കുംപടി തെങ്ങിനു കാലെഅരയ്ക്കാലും പ്ലാവു, പുളി, മാവു ഇതുകൾക്ക മുക്കാലെമുണ്ടാണിയും കമുകിനു മുണ്ടാണിയും പനയ്ക്കു മാഹാണിഅരമാഹാണിയും പണംവീതം മുൻറേററകൾ ഏൎപ്പെട്ടിരിക്കുന്നു. ക്ലാസിഫിക്കേഷൻപടി ൨൧൩൯-തെങ്ങും ൩൯-കമുകം ൧൦൱൬-പ്ലാവും ൭൪-പനയും ൱൩൨-പുളിയും ൱൧൩ മാവും ഉള്ളതായും തെങ്ങിനു ൪-മുതൽ ൬-വരെതരങ്ങൾ ഏൎപ്പെട്ടിട്ടുണ്ടെന്നും കാണുന്നു.

തരത്തുംപടി വിവരം.

| തരം | തെങ്ങു |
|---|---|
| ൪ | ൨൦൬ |
| ൫ | ൱൨൯ |
| ൩ | ൯൦൱ |
| ൭ | ൧൱൦ |
| ൬ | ൨൬൯ |
| ആകെ | ൨൧൩൯ |

നിലംനികത്തിയും ഊരിടയുംനീക്കി സാധാരണ പുഞ്ചവകയിൽ ൭൪൫൬-ഏക്കർ ൭൨-സെൻറഉണ്ട. അതിലേക്ക ഇനംതിരിച്ച ഏരിയാവിവരം അടിയിൽ ചേൎത്തിരിക്കുന്നു.

| ഇനം | ഏക്കർ | സെൻറ |
|---|---|---|
| പെരുമ്പററ | ൧൭൱൭ | ൩൬ |
| കണ്ടുകൃഷി | ൫൯ | ൨൪ |
| ബ്രഹ്മദായം | ൫൪ | ൭൪ |
| ദേവദായം | ൨ | ൱൨ |
| നിററത്തൽ | ൧൧൨൪ | ൩൧ |
| പുതുവൽ | ൨൨൭൪ | ൪൪ |
| അയൻജപ്തി | ൨൦൫ | ൩൯ |
| ആകെ | ൭൪൫൬ | ൭൨ |

ഇതിൽ ജപ്തിവകയിലുള്ളതു ൨൦൬-ഏക്കർ ൩൯-സെൻറുഭൂമിയാണ്. ജപ്തിപ്പുഞ്ചകൾ ൨൧ ത്താണ്ടത്തെ പയിർകണ്ടെഴുതിയ കണക്കുപടിയുള്ള ശരാശരിതുകയെ കരമായി വ്യവസ്ഥപ്പെടുത്തണമെന്നു ഗവർമ്മെൻറു പ്രൊസീഡിംഗ്സിൽ വിവരിച്ചിട്ടുണ്ടെങ്കിലും അതുസംബന്ധിച്ചു എഴുതി ബോധിപ്പിച്ചിട്ടുണ്ടായ സെൻട്രലാഫീസിലെ മേമാസം ൨൦ന്-യിലെ മെമ്മോറാണ്ഡസരിച്ചു ഭൂസ്ഥിതിയെ അടിസ്ഥാനമാക്കി തരംവച്ചിട്ടുള്ളതാകുന്നു.

൭൦ വസ്തുക്കൾക്കു ബ്രിട്ടീഷ് ജമാബന്തികണക്കുംപടി ൧൪൩൭ പണം ൭-കാശു ഉള്ളതു ഏക്കർ ഒന്നിനു ൪-ചക്രാൽപണം ൧൧-കാശും പയിർ ശരാശരിതുക ൪൩൩-പണം ൧൩-കാശു ഉള്ളതു ഏക്കർ ഒന്നിനു ൨-പണം ൧൨ കാശുംവരുന്നതായി കാണുന്നുണ്ടു. ഭൂസ്ഥിതിക്കനുസരണമായ തരങ്ങൾ വച്ചിട്ടുള്ളതനുസരിച്ചു സ്റ്റേറ്റുമെൻറുപടി ൧൦൨൭-പണം ൧൧ കാശുവന്നിരിക്കുന്നതു പയിർ ശരാശരിയിൽനിന്നും ൧൪൩-പണം ൩ ചക്രം ൧൨ കാശു കൂടുതലാകുന്നു.

ആയക്കെട്ടുംപടി നിറത്തൽനീക്കിയുള്ള പുഞ്ച ൧൪൬൨ ഏക്കർ ൩൪ സെൻറുണ്ടു. മുൻകണക്കുപടി തഴപ്പുഞ്ച ചുരുക്കവും മലംപുഞ്ച അധികവുമാണ്. ആയക്കെട്ടുംപടി തഴപ്പുഞ്ചകൾ കോട്ടകൾക്കു ൨൧-മുക്കാലെഅരയ്ക്കാൽ വെള്ളപ്പണംവീതം ഏൽപ്പെട്ടിരിക്കുന്നതു ഏക്കർ ഒന്നിനു ൭-അരമണ്ടാണിയും മലംപുഞ്ചകൾ ൨൪-വെള്ളപ്പണംവീതം ഏൽപ്പെട്ടിരിക്കുന്നതു ഏക്കർഒന്നിനു ൩-അരഅരയ്ക്കാലും കലിപണംവീതം നിൽക്കുന്നതായി കാണപ്പെടുന്നു.

ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തരത്തുംപടി ഊർമ്മനയുംപ്പെടെ പുഞ്ചവകയിൽ ൨൭൩൨ പണം ഒരുകാശു വന്നിരിക്കുന്നതു മുൻകരം ൨൨൩൧ പണം ൨-ചക്രം ൪-കാശിൽനിന്നും ൨൯൨ പണം ൧-ചക്രം ൩-കാശു അല്ലെങ്കിൽ ൧൧-പെർസൻറു കൂടുതലുള്ളതായി കാണപ്പെടാം. ഇതു കൂടാതെ പതുവലും നിറത്തലുംവകയിൽ ൩൪൬൦-പണം ൨-ചക്രം ൨-കാശും മുതൽവരാവുന്നതായി കാണുന്നുണ്ടു.

നിലംനികത്തി നീക്കിയുള്ള പുഞ്ചകൾക്കു ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതനുസരിച്ചു ഓരോതരത്തിലും ഉള്ള വിസ്തീർണ്ണത്തിൻെറതുക താഴെചേർത്തിരിക്കുന്നു.

| തരം | ഏക്കർ | സെൻറ |
|---|---|---|
| ൧ | ൬൨ | ൨൨ |
| ൩ | ൧൭ | ൧൯ |
| ൪ | ൧൧൦ | ൯൩ |
| ൯ | ൬൦ | ൨൦ |
| ൧൦ | ൨൩൧ | ൭൬ |
| ൧൧ | ൨൭൪ | ൨൪ |
| ൧൨ | ൩൦൦ | ൨൦ |
| ൧൩ | ൨൨൨൦ | ൩൨ |
| ആക | ൬൮൦൪ | ൪൧ |

൪-ാംതരത്തിലും ൧൦-മുതൽ ൧൩-വരെ തരങ്ങളിലുമാണ് അധികം വിസ്തീർണ്ണമുള്ളതെന്നു കാണപ്പെടാം. ഊരിടയ്ക്കു ൧-ം ൩-ം ൧൦-ം തരങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടു. നിലങ്ങളുടെ ഇടയിലും ഊരിടസംബന്ധപ്പെട്ടും കിടക്കുന്ന തഴപ്പുഞ്ചകൾക്കു ൧൦-വരെ തരങ്ങളും മലയടിവാരത്തിലും ചരുവായും കിടക്കുന്നതും പൊററപ്പുറവും ആയുള്ള കാട്ടുപുരയിടങ്ങൾക്കു ൧൧-മുതൽ തരങ്ങളും വച്ചിട്ടുണ്ടു. ൧൩-ാംതരംവച്ചിട്ടുള്ളതു തീരെമോശപ്പെട്ട ഭൂമികൾക്കു ആകുന്നു.

സ്റ്റേറ്റുമെൻറിൽ കരം ഇറപ്പുവരുത്തിയിട്ടുള്ളതു പെരുമ്പറമ്പ്, കണ്ടകൃഷിയും, അയൻജപ്തിയും വസ്തുക്കൾക്കു കണ്ട പാട്ടവും ഇറയിലി, ബ്രഹ്മദായം, തണ്ടൽ, ഉമ്പളം ഈ ഇനങ്ങൾക്കു മുൻകരവും ഭട്ടവിരുത്തിവസ്തുക്കൾക്കു ഗവർമ്മെൻറു പ്രൊസീഡിംഗ്സിലെ താല്പര്യപ്രകാരം വിചാരണനടന്നു. ഒററിഇനാമാക്കുന്നതിനു തീർച്ചപ്പെട്ടതിന്മണ്ണം ആ ക്രമം അനുസരിച്ചും ആകുന്നു. ദേവദായംമുതലായ ഇനങ്ങൾക്കു കണക്കുപടിയുള്ള തിരിപ്പിനെ തിരിപ്പുകാലത്തിലും

ശേഷത്തിനെ ഇറപ്പുകാലത്തിലും പതിപ്പിച്ചിട്ടുണ്ട. തിരിപ്പിന്റെസംഗതിക്കും ബ്രഹ്മദായം ഇറയിലി മുതലായ ഇനങ്ങളും സംബന്ധിച്ചും എഴുതിബോധിപ്പിച്ചുണ്ടാകുന്ന വ്യവസ്ഥപോലെ ഇറപ്പുകാര്യവും വ്യവസ്ഥപ്പെടുവാനുള്ളതായിരിക്കുന്നു.

ഭട്ടവിരുത്തിവകയിൽ ൩-കോട്ട ൯-മരയ്ക്കാൽ ൩ പടിനിലം ഉള്ളതിനു തിട്ടപ്പടി ഒററ ഇനമാക്കിയവകയിൽ മുൻകരം ൭-കോട്ട ൪൨ മരയ്ക്കാൽ ൬-പടിനെല്ലിനു സ്റ്റേറ്റമെന്റുപടി ൪൦-കോട്ട ൪൦-മരയ്ക്കാൽ ൧ പടിനെല്ലു വന്നിരിക്കുന്നതു മുൻകരത്തിൽനിന്നും ൩-കോട്ട ൪൬-മരയ്ക്കാൽ ൪-പടിനെല്ലു കൂടുതലുള്ളതാകുന്നു.

പകുതിക്കുള്ള ഏരിയാവിൽ നഞ്ച, പുഞ്ച,
പുറമ്പോക്കു തിരിച്ചു വിവരം.

| ഇനം | ഏക്കർ | സെന്റ |
|---|---|---|
| നഞ്ച | ൪൨൧൯ | ൧൪ |
| പുഞ്ച | ൫൫൩൮ | ൯൧ |
| പുറമ്പോക്കു | ൩൦൬ | ൨൪ |
| ആക | ൧൨൮൦ | ൩൯ |

ബ്രഹ്മദായഇനത്തിൽ ഠം പകുതിയിൽ ൨൯ കോട്ട ൯ മരയ്ക്കാൽ നിലവും ൫൩-ഏക്കർ ൧൩-സെന്റ പുഞ്ചയുംഉണ്ട. നിലത്തിനു തൻകരം കോട്ടഒന്നുക്കു രണ്ടുകോട്ട രണ്ടുമരയ്ക്കാൽ നെല്ലും നാലുവെള്ളപണവും പതവും പിറവകഇനത്തിൽ വാശികരം ഒരുകോട്ടക്കു ഒരുമരയ്ക്കാലും കൊത്തുപടിനിലം കോട്ടഒന്നുക്കു മാഹാണികോട്ടയും സ്വാമിവരി അരകോട്ടയും നെല്ലുപതവും മുൻറേറകൊണ്ടിരിക്കുന്നതായും പിറവകളുൾപ്പെടെ മൂന്നുകോട്ടനെല്ലു വരുന്നതായിട്ടും കാണുന്നു. പെരുമ്പററിനത്തെപോലെയാണ് പിറവകകരം കൊണ്ടിരിക്കുന്നതു.

ഠം പകുതിയിൽ ഈ ഇനം സംബന്ധിച്ചു നടന്നടത്തോളം വിചാരണയാൽ ദാനശാസനം മുതലായരേഖകൾ ഉള്ളതായി വെളിവായിട്ടില്ലാ. ഈവകയിൽ ൬-കോട്ട ൭-മരയ്ക്കാൽ ൬-പടിനിലത്തിനു ഒഴുകുമ്പടി ആര്യങ്കാവുദേവസ്വംവക പാട്ടമെന്നും തണ്ടപ്പേരിൽ ബ്രഹ്മദായമെന്നും ഇനംകൊണ്ടിരിക്കുന്നതായി വിവരപ്പെടുകയാൽ അതിലേക്കു നമ്പർവാരിയായി ലിസ്തു തയ്യാറാക്കിച്ചു ഇതോടുചേർത്തിരിക്കുന്നു.

ദാനമാണെന്നുള്ളതിനു റിക്കാർട്ടുകൾ ഒന്നും ഇല്ലാത്തതിനുപുറമെ ഈ മണിയത്തിലെ വസ്തുക്കൾ മുഴുവനും ആര്യങ്കാവുദേവസ്വംവകയെന്നു കാണുന്നേയും ദേവസ്വംവസ്തുക്കൾ ദാനമായികൊടുപ്പാനിടയില്ലാത്തെയും സ്ഥിതിക്കു ദാനമാണെന്നുവിചാരിക്കുന്നതിനു മാർഗ്ഗമില്ലാത്തതും ആകുന്നു.

ഒഴുകുംപടികാണുന്നഇനത്തിൽ ഭേദഗതിയായി തണ്ടപ്പേരിൽ ബ്രഹ്മദായം എന്നുകൊള്ളിച്ചുകാണുന്നതു പിശകിൻപേരിൽ വന്നതായിരിയ്ക്കാം. ആ വസ്തുക്കളെ ഒഴുകുംപടിയുള്ള പാട്ടഇനമായി സ്ഥിരപ്പെടുത്തുകയും അതുപോലെയുള്ള വസ്തുക്കൾ ആയിക്കുടിപകുതി സംബന്ധിച്ചുള്ള ൨൦൩൩/൩൧-ാംനമ്പർ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നതിന്മണ്ണം സാധാരണഇനാംശേഖരത്തിൽ ഗണിച്ചു വിളംബരം ൩-ാംവകുപ്പുപ്രകാരം നടപടിനടത്തുകയും ചെയ്യേണ്ടതെന്നും വേറെ വിശേഷഗതിയിൽ വിചാരിക്കത്തക്കതല്ലെന്നും എനിക്കു അഭിപ്രായമായിരിക്കുന്നു. മേലാവിലും ആലോചിച്ചു വേണ്ടഉത്തരവുണ്ടാകുവാറാകണം.

ഠം മണിയത്തിലെ അയൻജപ്തിവകയിലുള്ളതിൽ ചിലനമ്പരുകളിൽപെട്ട വസ്തുക്കൾ സംബന്ധിച്ചു ഭൂമിയിടെബാദ്ധ്യത കുടിയാനവന്മാർക്കുണ്ടായിരിക്കുന്നതുപോലെ അതിലുള്ള പുളവൃക്ഷങ്ങൾ സർക്കാരിൽനിന്നും കുത്തകപാട്ടംകൊടുത്തു മുതൽവരുത്തിവരുന്നപ്രകാരം കാണുന്നു. ഈ സെററിൽമെന്റിൽ ഇതിലേയ്ക്കു ഒരു ശരിയായ വ്യവസ്ഥചെയ്യേണ്ടതാവശ്യമാണ്. ഭൂമിയിടെബാദ്ധ്യത കുടിയാനവന്മാർക്കു ഇരിയ്ക്കുന്നിടത്തോളം വൃക്ഷങ്ങളേയും വിലയത്ചത്തിന്മേലൊമറെറാ കുടിയാനവന്മാർക്കു പതിച്ചുകൊടുക്കേണ്ടതെന്നു തോന്നുന്നതും ഇതിനെപ്പററി പ്രത്യേകം എഴുതി ബോധിപ്പിച്ചുകൊള്ളാവുന്നതും ആകുന്നു

കണ്ടെഴുത്തു അസിസ്റ്റന്റ,
വെങ്കിടേശൈയ്യൻ.

നമ്പർ ൨൪൯/൭൯ — ൧൦൭൯-ാമാണ്ടു വൃശ്ചികമാസം ൨൯-ാം നം.

ചെങ്കോട്ട

ഇവിടത്തെ ചെഷ്ടി ആവിള

Scheme report of Sambur vadakara village, Shencotta taluk.

ചെങ്കോട്ട താലൂക്കിൽ ശാമ്പൂർ വടകര പകുതിയിൽ ബ്ലാക്കിട്ട സ്റ്റേറ്റമെൻറുകൾ തയ്യാറാക്കിച്ചയക്കുന്നതിനു ചെങ്കോട്ട പ്രൊബേഷണറി സൂപ്പർവൈസരെ ചുമതലപ്പെടുത്തിയിട്ടുള്ളതനുസരിച്ച സ്റ്റേറ്റമെൻറുകൾ സഹിതം വന്നിട്ടുള്ള ൨-ാം നമ്പർ റിപ്പോർട്ട് സ്റ്റേറ്റമെൻറ മുതലായതു സഹിതം അയച്ചിരിക്കുന്നു.

ഈ സംബന്ധമായി പ്രധാനമായ ഇനം വസ്തുക്കൾ സംബന്ധിച്ചതു ഒഴികെ ശേഷം വിവരങ്ങൾ എല്ലാം സൂപ്പർവൈസറുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചു കാണുന്നു.

പ്രധാനമായും വകയിൽ ഈ പകുതിയിൽ ൩൦൨ കോട്ട ൧൯ മരയ്ക്കാൽ ൫ പടി നിലവും ൧൯൮ ഏക്കർ ൪൫ സെൻറ പുഞ്ചയും ൩൮ ഏക്കർ ൭൫ സെൻറ ഇറവത്തൊട്ടവും ഉണ്ട്. ഈ വസ്തുക്കൾ കണക്കിൽ പ്രധാനമായ എന്നു ഇനം കൊണ്ടിരിക്കുന്നതല്ലാതെ ഇന്ന വിധം കൊടുക്കപ്പെട്ടു എന്നു സ്ഥാപിക്കുന്നതിനു റിക്കാർട്ടിനാൽ വിവരപ്പെട്ടിട്ടില്ല. ഇറവത്തൊട്ടം വകയിൽ നിലമാക്കപ്പെട്ടിട്ടുള്ള കരിക്കളം പുരവിൽ കള്ള നിലങ്ങൾക്കു പെരുമ്പററിന്റെ ക്രമത്തിൽ വിതിപ്പു കാലത്തു കരം ഏർപ്പെടുത്തിയിരിക്കുന്നതായും പ്രധാനമായ ഇനത്തിൽ പുരയിടം കുഴിച്ചു നിലമാക്കിയിട്ടുള്ള നഞ്ചകരം പതിച്ചിട്ടുള്ളതിൽ ൫ നമ്പർ വസ്തുക്കൾ ഒട്ട വിതത്തിലായും രണ്ടു നമ്പർ പെരുമ്പററിനത്തിലും പതിച്ചിട്ടുണ്ടെന്നും ഇറവത്തൊട്ടമായിരുന്നു നിലമാക്കിയ വസ്തുവിനു അയൽവസ്തുവൊപ്പം കൂടുതൽ കരം മുതൽവരുത്തി വരുന്നു എന്നും ഇക്കാലത്തു വൃക്ഷം തിട്ടംവരുത്തി കണ്ട പാട്ടം മുഴുവനും വിതിപ്പുംപടിയുള്ള കരത്തിനു പുറമെ സഞ്ചായമായി മുതൽ കൂട്ടിയിരിക്കുന്നു എന്നും റിക്കാർട്ടുകളാൽ വിവരപ്പെട്ടിരിക്കുന്നതും ൩-ാം ഭാഗങ്ങൾ ഞാൻ ൭൯ കുംഭം ൧൭-ാം അയച്ച മെമ്മോവിൽ ൧൫ മുതൽ ൨൩ വരെ വകുപ്പുകളായിട്ടു വിശദമായിപ്രസ്താവിച്ചിട്ടുള്ളതാകുന്നു. ഇതുകളാൽ കരത്തെ സംബന്ധിച്ചു ഇതുവരെ ഈ വസ്തുക്കൾ പെരുമ്പററിനു തുല്യമായി ഗണിക്കപ്പെട്ടു കീഴ് നടപടികൾ നടന്നു പൊന്നിരിക്കുന്നപ്രകാരം വിചാരിക്കേണ്ടതായിരിക്കുന്നു.

ഈ വസ്തുക്കൾ സംബന്ധിച്ചു ൯൯൩ മാണ്ടു കാലംകൊണ്ടും നാഞ്ചിനാട് ഗ്രാമജനങ്ങൾക്കു കൊടുക്കപ്പെട്ട തിരുവെഴുത്തു പകർപ്പു താലൂക്കു റിക്കാർട്ടിൽ നിന്നും വന്നതു നൊക്കിയതിൽ മാനിയമായിട്ടു അനുഭവിച്ചുകൊള്ളണമെന്നു വിവരിച്ചിട്ടുള്ളതല്ലാതെ ദാനം കൊടുത്തതായ വചനം ഇല്ലെന്നു കാണുകയും അതിനു ഒരു പകർപ്പു തെങ്കുടി പകുതിയിലെക്കു അയക്കപ്പെട്ടതായ ൨൦൫/൭൯ ൨-ാം നമ്പർ റിപ്പോർട്ടിൽ ചെർക്കുകയും ചെയ്തിട്ടുള്ളതു കൂടാതെ ഈ ഇനം സംബന്ധിച്ച വിവരങ്ങളും ആ റിപ്പോർട്ടിൽ വിശദമായി ബോധിപ്പിച്ചിട്ടുള്ളതാകുന്നു.

ഇതുകൊണ്ടു ഇനാം ശേഖരത്തിൽ കൊടുക്കപ്പെട്ടതായിരിക്കാമെന്നു വിചാരിക്കാം.

ഈ ഇനത്തിനു കരംകൊണ്ടിരിക്കുന്നതു പെരുമ്പററു മുതലായ ഇനങ്ങളെക്കാൾ കൂടുതൽ കുറവായിട്ടു ആണെന്നും വെളിവാകുന്നുണ്ട്.

കീഴ് നടപടികൾ കൊണ്ടു പെരുമ്പററിന്റെ സ്വഭാവം ഉണ്ടെന്നു വിചാരിക്കാമെങ്കിലും തിരുവെഴുത്തു പകർപ്പിനാലും കണക്കിൽ പ്രധാനമായമെന്നു ഇനം കൊണ്ടിരിക്കുന്നതു കൊണ്ടും പെരുമ്പററിന്റെ ശേഖരത്തിൽ ഉൾപ്പെടുത്തുന്നതു വിഹിതമായിരിക്കയില്ലെന്നും തെങ്കുടി പകുതിയിൽ ഈ ഇനം വസ്തുക്കളെ സംബന്ധിച്ചു അഭിപ്രായപ്പെട്ടിരിക്കുന്നതനുസരിച്ചു ഇനാം ശേഖരത്തിൽ ഗണിച്ചു നടപടി നടത്തുവാനുള്ളതെന്നും എനിക്കു അഭിപ്രായമായിരിക്കുന്നു. മെലാവിലും ആലോചിച്ചു വെണ്ട ഉത്തരവുണ്ടാകുവാറാകണം.

ഈ വകയിൽ ഒരുപ്പൂ ഇരുപ്പൂവായിട്ടുള്ള നിലങ്ങൾ സംബന്ധിച്ചു കരക്കൂടുതൽ ചെയ്യുന്നതു ആക്ഷെപമില്ലാത്ത വിഷയമാണു. അതിനെപ്പററിയും തെങ്കുടിപകുതി സംബന്ധിച്ച റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ മുൻകരത്തിൽ ൧൫ പെഴ്സൻറ വീതം കൂട്ടി ഇട്ടുനൊക്കിയതിൽ ൨൦൨ കോട്ട ൨ മരക്കാൽ ഒരു പടി നെല്ലു കൂടുതൽ വരുമെന്നുകാണുന്നതും അതിലെക്കു നമ്പർ വാരിയായി ഒരു ലിസ്റ്റു കൂടി തയ്യാറാക്കിഅയച്ചിരിക്കുന്നതും ആകയാൽ ആ വസ്തുതയും ബോധിച്ചുകൊള്ളുന്നു.

ഇച്ചെഷ്ടിഎല്ലാം സുബ്രഹ്മണ്യയ്യൻ വായിച്ചു രാജശ്രീ കണ്ടെഴുത്തു ദിവാൻപെഷ്കാരവർകളെ ബോധിപ്പിച്ചുകൊള്ളുകയും വെണം. ഇച്ചെഷ്ടിക്കു സാധനം എഴുതിയ

കണ്ടെഴുത്തു അസിസ്റ്റൻറ,
വെങ്കിടെശയ്യൻ.

നമ്പ്ര വ.

## ചെങ്കോട്ടറെഞ്ചിൽ ശാമ്പവർ വടകര പകുതിയിലെ ബ്ലാക്കു സ്റ്റേറ്റമെൻറുകളോട കൂടി അയക്കുന്ന റിപ്പോർട്ട്.

ശാമ്പവർവടകര പകുതിയിലെയ്ക്കു തയ്യാറാക്കിയിട്ടുള്ള ബ്ലാക്ക സ്റ്റേറ്റമെൻറുകൾ കരലാന്നു നമ്പ്ര തരവാരി ബുക്കുകൾ രണ്ടു പ്രതി വീതം ഷ്ഷം ബ്ലാക്കുമാക്ക ചെയ്യപ്പെട്ട പ്ലാൻഷ്ററ ഇതിനോടയച്ചുകൊള്ളുന്നു.

ഈ പകുതിയിൽ ബ്ലാക്കുവേലയ്ക്കു എന്നെ ചുമതലപ്പെടുത്തി ൧൦൩൩ാമതു നമ്പരിൽ ൧൧൦൩ മിഥുനം ൧൯നു- എഴുതിയ ഉത്തരവു വന്നിട്ടുള്ളതാകുന്നു.

ഇവിടത്തെ ബ്ലാക്കുവേലയ്ക്കു ആദ്യം ഇവിടെ സൂപ്പർവൈസർ ആയിരുന്ന വേലുപ്പിള്ള അവർകളെയും അതിൽ പിന്നീട് ----- സൂപ്പർവൈസർ മാതേവൻപിള്ള അവർകളെയും ചുമതലപ്പെടുത്തീട്ടുണ്ടായിരുന്നു.

സൂപ്പർവൈസർ വേലുപ്പിള്ള അവർകൾ പുരയിടം വകയ്ക്കു ഒരു വിധം തരമിട്ട തരവാരി എഴുതിക്കയും നിലം വകയ്ക്കു ഒക്കെ നോട്ടു കുറിയ്ക്കുകയും ചെയ്തിട്ടുള്ളതല്ലാതെ തരവാരി മേലാവിൽ അയച്ചിട്ടില്ലെന്നും പ്രൊബേഷണറി സൂപ്പർവൈസർ മാതേവൻപിള്ള അവർകൾ ഈ പകുതിയിലെ ബ്ലാക്കുവേലയിൽ പ്രവേശിച്ചിട്ടില്ലെന്നും കാണുന്നു

ബ്ലാക്കുവേലയ്ക്കു എന്നെ ചുമതലപ്പെടുത്തിയുണ്ടായ ഉത്തരവിൽ ഈ പകുതിയിലെ ഊരുമന മുതലായ വസ്തുക്കൾക്ക ഫെയ്മോ അനുസരിച്ചു തരങ്ങൾ ഭേദപ്പെടുത്തി കൊള്ളുന്നതെന്നുകൂടി വിവരിച്ചിട്ടുള്ളതിനാൽ ഉത്തമനകർക്കും മണ്ണപാടിന്റെയും മറവം താരതമ്യത്തെയും ബ്ലാക്ക യോജിപ്പിനേയും നോക്കി, പുരയിടം വകയിൽ അധികം നമ്പരുകൾക്കും ഞാൻ തരം ഭേദപ്പെടുത്തിട്ടുള്ളതും തെങ്ങുകളുടെ തരത്തെ ന അധികം ഭേദപ്പെടുകൾ വരുത്തിട്ടില്ലാത്തതുമാകുന്നു.

ഇവിടത്തെ ഇറവാത്തോട്ടങ്ങൾക്ക രാജശ്രീ അസിസ്റ്റണ്ടു അവർകൾ സ്ഥലംനോക്കി തരമിട്ടിട്ടുണ്ടായിരുന്നതിനാൽ ആ തരങ്ങളെതന്നെ ഉടൻ സ്റ്റേറ്റമെണ്ടു തയ്യാറാക്കിയിരിക്കുന്നു.

നിലം വകയ്ക്കു ഞാൻതന്നെ സ്ഥലത്തു ചെന്നുനോക്കി തരമിട്ടിട്ടുള്ളതാകുന്നു.

ഈ പകുതി ഈ താലൂക്കിന്റെ വടക്ക കിഴക്കുഭാഗത്തു ബ്രിട്ടീഷ് തെങ്കാശി താലൂക്കിനാൽ ചുറ്റപ്പെട്ട കിടക്കുന്നതാകുന്നു ഇതിന്റെ പടിഞ്ഞാറു ഏതാനും ഭാഗംമാത്രം ആയിക്കുടി പകുതി സംബന്ധപ്പെട്ടിട്ടുള്ളു.

ശാമ്പവർ വടകര മണിയം മുഴുവനും ഈ പകുതിയിൽ ഉൾപ്പെട്ടിരിക്കുന്നു.

പുരാണ പുരുഷനായ സാംബ മഹർഷി ഈ സ്ഥലത്തു താമസിച്ചു തപസ്സു ചെയ്തിട്ടുണ്ടായിരുന്നതുകൊണ്ടു ഈ സ്ഥലത്തിനു ശാമ്പവർ വടകരയെന്നു നാമധേയം കല്പിക്കപ്പെട്ടതാണെന്നു ഒരു ഇതിഹാസം ഇവിടങ്ങളിൽ നടപ്പുണ്ടു.

ഈ പകുതിയിൽ തിരുമൂലനാഥസ്വാമി കോവിൽ എന്നു ഒരു ഇടത്തരം സർക്കാർ ക്ഷേത്രവും ആ ക്ഷേത്രത്തിനോടടുത്തു ബ്രാഹ്മണാഗ്രഹാരവും അതു കൂടാതെ അവിടവിടെയായി ഏതാനും ഊരിടകളുമുള്ളതാകുന്നു.

ഈ മണിയം കായംകുളം രാജാവിന്റെ വകയും ആ രാജ്യം ഈ സംസ്ഥാനത്തിൽ ചേർക്കപ്പെട്ടതൊടുകൂടി ഈ സ്ഥലവും ഉൾപ്പെട്ടതുമാണെന്നും ഇവിടെ വിത്തനല്ലൂർ കോട്ട എന്നു പേരായി ഒരു കോട്ടയും അതിനകത്തിൽ കൊട്ടാരവുമുണ്ടായിരുന്നതായും പറയുന്നു. കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പഴും കാണ്മാനുണ്ടു.

ഈ മണിയത്തിനെ ൯൭൦-ാമാണ്ടു അപ്പോൾ ദിവാൻജിയായിരുന്ന വെങ്കിട്ടരായരവർകൾക്ക വലിയ കൊട്ടാരത്തിൽ നിന്നും ദാന കൊടുക്കയും സംഭ്രമകാലം കഴിഞ്ഞുകൂടുമ്പോൾ അദ്ദേഹം തിരിച്ചേല്പിക്കയും ചെയ്തിട്ടുള്ളതായി ചില റിക്കാർട്ടുകളും ഉള്ളതാകുന്നു.

സ്റ്റേറ്റമെണ്ടിൽ നാളതു ജന്മത്തിനു കാളമില്ലാത്തതിനാൽ ആ വിവരം റിമാർക്ക കാളത്തിൽ പതിപ്പിച്ചിരിക്കുന്നു. പുരയിടം വകയ്ക്കു മുൻ വൃക്ഷപ്പാട്ടത്തിന്റെ തുക ഉല്യമായി കണക്കുകൊണ്ടറിവാൻ പാടില്ലായ്കയാൽ മുൻ വൃക്ഷപ്പാട്ടം എന്നുള്ള കാളത്തിൽ ഒന്നും പതിപ്പിച്ചിട്ടില്ല. ഇപ്രകാരം ജന്മത്തിന്റെ കരം നിശ്ചയിക്കേണ്ട ക്രമം വ്യവസ്ഥപ്പെടുത്തിട്ടില്ലാത്തതിനാൽ അതിലേക്ക നാളതു കരത്തിന്റെ കാളത്തിൽ മുൻ കരത്തിനെ തന്നെ പതിപ്പിച്ചിരിക്കുന്നു നാളതു പാട്ടം മുൻ കരത്തിനെക്കാൾ കുറവായി വന്ന വകയ്ക്കു നാളതു പാട്ടത്തിനെ കരമായി പതിപ്പിച്ചിട്ടുള്ളതാകുന്നു.

ഈ പകുതി മൊത്തം ൧൭൪ ഏക്കർ ൧൭ സെൻറു അതായതു ൭ ചതുരശ്രമൈയിൽ വിസ്തീർണ്ണമുണ്ടു പകുതി ഒട്ടുക്ക ൨൨ സർവ്വേനമ്പരുകളും അതുകളിൽ ൩൭൭൭ റവന്യൂ നമ്പരുകളുമുള്ളതാകുന്നു.

പകുതി മൊത്തമുള്ള വിസ്തീർണ്ണത്തെ നിലം പുരയിടം പുറമ്പോക്കം തിരിച്ചു ഒരു സ്റ്റേറ്റുമെൻറു ഇതിനടിയിൽ ചേർത്തിരിക്കുന്നു,

| ഇനം | വിസ്തീർണ്ണം | |
|---|---|---|
| | ഏക്കർ | സെൻറ |
| നിലം | 1221 | 28 |
| പുരയിടം | 2649 | 72 |
| പുറമ്പോക്ക | 623 | 27 |
| ആകെ | 4494 | 27 |

വിസ്തീർണ്ണ ക്രമത്തിനു ഈ പകുതിയിൽ നിലത്തിനെക്കാൾ പുരയിടമാണധികമുള്ളതെന്നു കാണുന്നതിനാൽ ആദ്യം പുരയിടത്തെയും പിന്നീടു നിലത്തെയും പററിയുള്ള വിവരങ്ങൾ ബോധിപ്പിക്കാം.

## I പുരയിടം വകയ്ക്കു വിവരം.

പുരയിടങ്ങളെ ഭൂമിയെ ആയക്കെട്ടുംപടി പുരയിടം, ഇറവത്തോട്ടം, ഊഴമന, പുതുവൽ, നിലം നികത്തിയതു, ഇങ്ങനെ അഞ്ചു വിഭാഗങ്ങളായി തിരിച്ചു ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം സ്റ്റേറ്റുമെൻറു തയ്യാറാക്കിച്ചിട്ടുണ്ടു.

സ്റ്റേറ്റുമെൻറുകളിൽ ഓരോവക പുരയിടങ്ങൾക്കും തരവും പുതുവലൊഴിച്ചു ശേഷത്തിനു ഇനവും തിരിച്ചു വിവരപ്പെടുത്തിട്ടുള്ളതാകുന്നു.

മേലെഴുതിയ അഞ്ചുവക പുരയിടങ്ങളുടെയും വിസ്തീർണ്ണ വിവരം താഴെ ചേർക്കുന്നു.

| നമ്പർ | വിഭാഗം | വിസ്തീർണ്ണം | |
|---|---|---|---|
| | | ഏക്കർ | സെൻറ |
| 1 | ആയക്കെട്ടുംപടി പുരയിടം | 1993 | 27 |
| 2 | ഇറവത്തോട്ടം | 497 | 89 |
| 3 | ഊഴമന | 66 | 21 |
| 4 | പുതുവൽ | 58 | 35 |
| 5 | നിലം നികത്തിയതു | 34 | ... |
| | ആകെ | 2649 | 72 |

## 1. ആയക്കെട്ടുംപടി പുരയിടം

മേൽ പട്ടികയിൽ ൫ മുതൽ ൭ വരെ വിഭാഗങ്ങളിൽ ഉൾപ്പെട്ടതു നീക്കി ശേഷം എല്ലാ പുരയിടങ്ങളും ആയക്കെട്ടുംപടി പുരയിടം എന്ന വിഭാഗത്തിൽ ചേർത്തിട്ടുള്ളതാകുന്നു.

ഈ പുരയിടങ്ങളുടെ മൺപാട് മിക്കവാറും ചുമന്നമണൽ ചേർന്നതാകുന്നു. ചരൽ ഭൂമിയായിട്ട് ഏതാനും സ്ഥലവും പാറക്കെട്ടും ചുണ്ണാമ്പുകല്ലുമുള്ളതായി കുറച്ചു സ്ഥലവും കാണ്മാനുണ്ട്.

ഈ പുരയിടങ്ങളിൽ സാധാരണമായി എള്ള, ഉഴുന്ന, പയറ, മുതിര ഈ വക ധാന്യങ്ങൾ കൃഷിചെയ്തുവരുന്നു.

ഈ പുരയിടങ്ങൾക്കു ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന തരത്തുംപടി വിസ്തീർണ്ണ വിവരം ഇതിനടിയിൽ പതിച്ചിരിക്കുന്നു.

| തരം | വിസ്തീർണ്ണം | |
|---|---|---|
| | ഏക്കർ | സെന്റ |
| 6 | 1 | 16 |
| 8 | 20 | 73 |
| 9 | 490 | 68 |
| 10 | 920 | 87 |
| 11 | 390 | 16 |
| 12 | 109 | 95 |
| 13 | 59 | 72 |
| ആകെ | 1993 | 27 |

ഇതിൽ ൬-ാം തരം വച്ചിട്ടുള്ളതു ഊരമനകൾക്കു ഏറ്റവും സമീപിച്ചു തറവക്കോട്ടത്തിന്റെ സാമീപ്യത്തിൽ കിടക്കുന്ന ഒരു നമ്പരു മാത്രമാകുന്നു. ൮-ാം തരം വച്ചിട്ടുള്ള വസ്തുക്കൾ ഊരിടകം ആറിനും സമീപം കിടക്കുന്നവയാണ്. ശേഷം തരങ്ങളും മൺപാടിന്റെ താരതമ്യം നോക്കി നിശ്ചയിച്ചതാകുന്നു.

പുരയിടങ്ങൾക്കു ഇവിടെ പെരുമ്പാറ, ബ്രഹ്മദായം, ഇങ്ങനെ രണ്ടു ഇനങ്ങൾ മാത്രമെയൊള്ളു.

ഇനം തിരിച്ചു ഈ വക പുരയിടങ്ങളുടെ വിസ്തീർണ്ണവും മുൻകരം നാളത്തെ പാട്ടം കരം മുതലായതും കാണിച്ചു ഒരു സ്റ്റേറ്റുമെന്റു താഴെ ചേർത്തിരിക്കുന്നു.

| ഇനം | വിസ്തീർണ്ണം | | മുൻകരം | | | നാളത്തെ | | | | | | | | | കരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | വൃക്ഷപ്പാട്ടം | | | തറപ്പാട്ടം | | | ആകെപ്പാട്ടം | | | | | |
| | ഏ | സെ | പ | ച | കാ | പ | ച | കാ | പ | ച | കാ | പ | ച | കാ | പ | ച | കാ |
| പെരുമ്പാറ | 665 | 1 | 1265 | 3 | 9 | 797 | 1 | 4 | 1503 | 1 | 4 | 2300 | 2 | 8 | 2300 | 2 | 8 |
| ബ്രഹ്മദായം | 1328 | 26 | 2896 | 1 | 3 | 1628 | ... | 4 | 4212 | 3 | 6 | 5840 | 3 | 10 | 2789 | 1 | 11 |
| ആകെ | 1993 | 27 | 4162 | ... | 12 | 2425 | 1 | 8 | 5716 | ... | 10 | 8141 | 2 | 2 | 5090 | .. | 3 |

പെരുമ്പാറ പുരയിടത്തിനു മുൻകണക്കുപടി (വിതിപ്പുപടി) കോട്ട ൧൱൭ പണം ൨ ചക്രം ൮ കാശും ബ്രഹ്മദായത്തിനു ൧൰ പണം ൨ ചക്രം ൪ കാശും കരംകൊണ്ടു കാണുന്നു.

ഈ വക പുരയിടത്തിന്റെ കോട്ട കണക്കു നഞ്ചനിലത്തിന്റെ കോട്ട കണക്കിൽ നിന്നും നാലുമടങ്ങു കൂടുതലായിരിക്കുന്ന ക്രമത്തിനു മേലെഴുതിയ റേറ്റു പെരുമ്പാറയിലെ ഏക്കർ ഒന്നിനു ഒന്നേകാലും ബ്രഹ്മദായത്തിനു രണ്ടേകാലും പണം വീതം ആയിട്ടുണ്ടു.

നാളതു തറപ്പാട്ടം ഏക്കർ ഒന്നിനു പെരുമ്പാറയിനു ശരാശരി രണ്ടേകാലും ബ്രഹ്മദായത്തിനു മൂന്നും പണം വീതം ആയിരിക്കുന്നു.

മൺപാടിന്റെ സ്വഭാവവും ഉല്പത്തിയുടെ വിലയും പൂർവ്വസ്ഥിതിയിൽ നിന്നും സാമാന്യത്തിലധികം ഗുണപ്പെട്ടും വർദ്ധിച്ചും വന്നിരിക്കുന്ന സ്ഥിതിക്കു നാളതു തറപ്പാട്ടത്തിന്റെ റേട്ടു മുൻകണക്കുപടിയുള്ള റേട്ടിൽനിന്നും സ്വല്പം കൂടുതൽ വന്നു എന്നല്ലാതെ അതിനെപ്പറ്റി വിശേഷമായി ഒന്നും ബോധിപ്പിപ്പാനില്ല.

ബ്രഹ്മദായവസ്തുക്കൾക്കു നാളതു പാട്ടത്തിൽ ഒന്നുപാതിയെ കരമായി എടുക്കുന്നതായാൽ ആ വകയിൽ അധികം കൂടുതൽ വരുവാൻ ഇടയില്ലാത്തതാകുന്നു.

## 2. ഈറവത്തോട്ടങ്ങൾ.

മൺപാടിനു ഗുണം കൂടിയ പുരയിടങ്ങളിൽ അവിടവിടെയായി കിണറുകൾ കുഴിപ്പിച്ചു അവകളിൽ കമല മുതലായതിട്ടു വെള്ളം ഇറയ്ക്കുന്നതിനു സൌകര്യപ്പെടുത്തുകയും ആ പുരയിടങ്ങളെ സമതലമാക്കി വെള്ളം നിറയ്ക്കുന്നതിനു തക്കവണ്ണം അനേകം പാത്തികളായി തിരിച്ചു അതുകളിൽ കരധാന്യങ്ങളും സസ്യാദികളും കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്കയും ആവശ്യം പോലെ കിണറുകളിൽ നിന്നും വെള്ളം ഇറച്ചു ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ടു. ഈ പുരയിടങ്ങളെയാണു ഈറവത്തോട്ടം എന്നു പറയപ്പെടുന്നതു.

ഈ താലൂക്കിലുള്ള മററു പകുതികളെക്കാൾ ഈ ശാമ്പവർ വടകര പകുതിയിലാണു ഈറവത്തോട്ടങ്ങൾ അധികമായിട്ടുള്ളതു.

ഇവിടത്തെ ഈറവത്തോട്ടങ്ങളിൽ ചോളം, കുവരക, വെള്ളുള്ളി, ചുവന്നുള്ളി, മഞ്ഞൾ, ചേമ്പും കിഴങ്ങു കൊള്ളുമുളക, ഇതുകളും എല്ലാവക സസ്യാദികളുമാണു സാധാരണമായി കൃഷിചെയ്യാറുള്ളതു. ചില സന്ദർഭങ്ങളിൽ ഈ തോട്ടങ്ങളിൽ നെൽകൃഷിയും ചെയ്യുമെന്നു പറയുന്നു.

ഈറവത്തോട്ടങ്ങളിൽ സാധാരണമായി ജലദൗർല്ലഭ്യമില്ലാത്തതുകൊണ്ടും അവയിൽ എല്ലാകാലത്തും അതതുകാലത്തെക്കനുരൂപമായ കൃഷികൾ ചെയ്യാവുന്നതിനാലും ആ കൃഷികളുടെ ഫലങ്ങളിൽ നിന്നും നെല്ലിനോടൊപ്പമൊ അതിൽ കൂടുതലൊ ആദായം കിട്ടുമെന്നുള്ളതിനാലും ആ തോട്ടങ്ങളെ സാധാരണ പുരയിടങ്ങളെക്കാൾ ശ്ലാഘ്യങ്ങളെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു.

ഈറവത്തോട്ടങ്ങൾക്കു ബ്രഹ്മദായം, പെരുമ്പാറ, ഈ രണ്ടിനങ്ങൾ മാത്രമെ കാണുന്നൊള്ളു. കണക്കുപടി നഞ്ചനിലം രണ്ടു കോട്ടുകൊണ്ടു ഈറവത്തോട്ടം ഒരു കോട്ടയാകുന്നു. ഈ ക്രമത്തിനു ഈറവത്തോട്ടം ഒരു കോട്ടക്കു ൨ ഏക്കർ ൯൮ സെൻറു വിസ്തീർണ്ണം വരുന്നുണ്ടു.

ഈറവത്തോട്ടങ്ങൾക്കു കോട്ട ഒന്നിനു ൧൨ പണം ൪ കാശു മുതൽ ൧൯ പണം ൩ ചക്രം ൧൧ കാശുവരെ പല റേട്ടുകളിലായി കരം കൊണ്ടിരിക്കുന്നു. ആ റേട്ടുകൾ ഏക്കർ ഒന്നിനു ൭ പണം ൯ കാശു മുതൽ ൧൧ പണം ൪ കാശു വരെ ആകുന്നുണ്ടു. മുൻകരത്തിന്റെ റേട്ടുകൾ ഇനംതിരിച്ചു താഴെ പതിച്ചിരിക്കുന്നു.

| നമ്പർ | ഇനം | കോൽ ഒന്നുക്കു കഴി | | | ഏക്കർ ഒന്നിനു | | |
|---|---|---|---|---|---|---|---|
| | | പ | ച | കാ | പ | ച | കാ |
| 1 | ബ്രഹ്മദായം | 15 | ... | 8 | 5 | ... | 9 |
| 2 | ടി | 30 | ... | 15 | 10 | 1 | 2 |
| 3 | ടി | 31 | ... | 11 | 10 | 2 | 7 |
| 4 | ടി | 37 | 3 | 3 | 12 | 3 | 7 |
| 5 | ടി | 49 | 3 | 9 | 16 | 3 | 14 |
| 6 | ടി | 52 | 3 | 10 | 18 | ... | ... |
| 7 | ടി | 60 | 1 | 14 | 20 | 2 | 4 |
| 8 | ടി | 83 | ... | 9 | 28 | 1 | 3 |
| 9 | ടി | 120 | 3 | 11 | 41 | ... | 8 |
| 1 | പെരുമ്പാറ | 37 | 3 | 3 | 12 | 3 | 7 |
| 2 | ടി | 45 | 1 | 7 | 15 | 1 | 12 |
| 3 | ടി | 60 | 1 | 14 | 20 | 2 | 4 |

മേൽ പട്ടികകൊണ്ടു മുൻകരത്തിൽ ബ്രഹ്മദായ ഇനത്തിലുള്ള ഇറവത്തോട്ടത്തിനു ഒമ്പതും പെരുമ്പാറിനു മൂന്നും റേറ്റുകൾ ഉണ്ടെന്നും ബ്രഹ്മദായത്തിൽ അഞ്ചും പെരുമ്പാറിൽ രണ്ടും റേറ്റുകൾ ഇപ്പോഴത്തെ ഒന്നാംതരത്തിന്റെ റേറ്റിനേക്കാൾ കൂടുതലാണെന്നും വെളിവാകുന്നു.

ഈ പകുതിയിലെ ഇറവത്തോട്ടങ്ങളെ താഴെപ്പറയുന്ന മൂന്നു ക്ലാസ്സുകളായി പിരിക്കേണ്ടിയിരിക്കുന്നു.

അതായതു

൧. തുയക്കെട്ടിറവ, തുയക്കെട്ടിൽ ഇറവയായി പതിഞ്ഞിട്ടുള്ളതു.

൨. ഇടക്കാലത്തിറവ, സാധാരണ പുരയിടങ്ങളെ ഇറവയാക്കിയതിന്മേൽ ഇടക്കാലത്തു ഇറവത്തോട്ടമായി പതിച്ചു കൂടുതൽ കരം മുതൽ വരുത്തിയവ.

൩. സ്വതന്ത്ര ഇറവ, കിണറുവെട്ടി തോട്ട കൃഷി ചെയ്യപ്പെടുന്നതും ഇറവക്കരം കൊള്ളിക്കേണ്ടതുമായ പുരയിടങ്ങൾ.

ഇവിടെ തുയക്കെട്ടിറവയിൽ ഏതാനത്തിനെ ഇപ്പോൾ നിലമാക്കി നെൽകൃഷിക്കു ഉപയോഗപ്പെടുത്തിട്ടുള്ളതിനാൽ അതുകളെ നിലമായി ചേർത്തിട്ടുണ്ടു

ഇതിനുമേലെഴുതിയ മൂന്നുവകയിലുമായി ഈ പകുതിയിലുള്ള ഇറവത്തോട്ടങ്ങളുടെ വിസ്തീർണ്ണം താഴെ ചേർക്കുന്നുണ്ടു.

| നമ്പർ | ഇനം | വിസ്തീർണ്ണം | |
|---|---|---|---|
| | | ഏക്കർ | സെൻറ |
| 1 | ആയക്കെട്ടിറവ | 104 | 33 |
| 2 | ഇടക്കാലത്തിറവ | 56 | 14 |
| 3 | നൂതനഇറവ | 337 | 42 |
| | ആകെ | 497 | 89 |

ഇറവത്തോട്ടങ്ങൾക്കു ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന തരങ്ങൾപടിയുള്ള വിസ്തീർണ്ണ വിവരം താഴെ ചേർത്തിരിക്കുന്നു.

| തരം | വിസ്തീർണ്ണം | |
|---|---|---|
| | ഏക്കർ | സെൻറ |
| 1 | 265 | 67 |
| 2 | 11 | 38 |
| 3 | 15 | 19 |
| 4 | 84 | 30 |
| 5 | 27 | 5 |
| 6 | 94 | 30 |

ആയക്കെട്ടിറവക്കു ഒന്നും മൂന്നും നാലും തരങ്ങളും നൂതന ഇറവക്കു ഒന്നു മുതൽ ആറുവരെ തരങ്ങളുമാണു ഏർപ്പെടുത്തിക്കാണുന്നതു.

ഈ തരങ്ങൾ അനുസരിച്ചു ഓരോ വക ഇറവത്തോട്ടങ്ങൾക്കും വന്നിരിക്കുന്ന പാട്ടം കരം മുതലായതു മുൻകരത്തിൽ നിന്നുമുള്ള കൂടുതൽ കുറവും കാണിച്ചു ഒരു സ്റ്റേറ്റമെൻറു ഇതിനടിയിൽ ചേർക്കുന്നു.

| ഇനം | വിസ്തീർണ്ണം | | മുൻകരം | | | നാളുളപാട്ടം | | | നാളുള ഇറച്ചുകരം | | | കൂടുതൽ | | | കുറവു | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഏ | സെ. | പ | ച | കാ | പ | ച | കാ | പ | ച | കാ | പ | ച | കാ | പ | ച | കാ |
